KOTTAYAM PUBLIC LIBRARY

Call No. 951 Acc. No. 72752

Author ഹത്തീസിംഗ് രാജാ

Title മഹത്തായ സമാധാനം

1166

A

# മഹത്തായ സമാധാനം

കമ്യൂണിസ്റ്റ് ചൈനയെപ്പററി
ഒരു ഏഷ്യാക്കാരൻ നൽകുന്ന
യഥാർത്ഥ റിപ്പോർട്ട്

KOTTAYAM PUBLIC LIBRARY
72752
KOTTAYAM-1

ഗ്രന്ഥകർത്താ:

**രാജാ ഹതീസിംഗ്**

വിവർത്തകൻ:

**എൻ. എം. ഏബ്രഹാം ബി. എ.**

(എഡിററർ, മലയാള മനോരമ, കോട്ടയം)

പ്രസാധകർ:

**മനോരമ പബ്ലിഷിംഗ് ഹൌസ്**

**പി. ബി. 26—കോട്ടയം**

**കേരളം**

വില രൂ. 2.25

M 951
Hut-M

Copy Right 1953, by Raja Hutheesing

# വിഷയവിവരം


## ഒന്നാം ഭാഗം

### മതിൽക്കെട്ടു കൊണ്ടു സംവരണം ചെയ്ത നഗരത്തിലേക്കുള്ള യാത്ര

1. നീതപര്യടനം
2. പീക്കിംഗ്
3. മാവൊസേതുംഗ്
4. ചൗ എൻ-ലായി
5. ചാ പെയി-ഷാ
6. പുതിയ സാമ്രാജ്യത്വദുഷ്പ്രഭുത്വം

## രണ്ടാം ഭാഗം

### ഉൽപ്പാദിപ്പിക്കുക അല്ലെങ്കിൽ നശിക്കുക

1. ഭൂപരിഷ്ക്കാരം
2. ഗ്രാമങ്ങളുടെ പ്രദർശനം
3. ഹ്വായിനദീതടപദ്ധതി
4. തൊഴിലാളികളും മോഡലുകളും
5. വിദേശസഹായം
6. വ്യവസായപുരോഗതി
7. നാണയപ്പെരുപ്പവും മുതലെടുപ്പും
8. ചൈനയുടെ സമ്പൽവ്യവസ്ഥിതി

## മൂന്നാം ഭാഗം

### മഹത്തായ സമാധാനം

1. മസ്തിഷ്കപ്രക്ഷാളനം
2. തൊഴിലിൽക്കൂടെ സംസ്ക്കരണം
3 സാൻഹാൻവുഹാൻ
4. രോഗബീജസമരം
5. സ്വേച്ഛാധിപത്യം

## അനുബന്ധം

പൊതുപരിപാടി

സർവ്വ ഏകച്ഛത്രാധിപതികളും ജനങ്ങളെ സംയോജിപ്പിക്കുന്നു എന്നു പറയുമ്പോൾ അവർ തെററിദ്ധരിപ്പിക്കയാണു്. അതു് അസാദ്ധ്യമാണു്. അവർ സൗമ്യതയോടു കൂടി ജനങ്ങളെ ഭരിക്കുന്നില്ല. എന്നാൽ സ്വാതന്ത്ര്യത്തിനുള്ള ജനങ്ങളുടെ ജന്മാവകാശം അവർ മോഷ്ടിച്ചെടുക്കുകയും അവരെ ഭീതിപ്പെടുത്തുകയുമാണു ചെയ്യുക. മഹത്തായ സമാധാനം എന്നു സർവാധിപത്യഭരണത്തിൽ പറയുന്നതിൽ അധഃപതനത്തിൻെറ വിത്തുകൾ അടങ്ങിയിരിക്കുന്നു.

മൊൺടെസ്കി

K. M. KURIAN
General Secretary
All Kerala Balajana Sakhyam
Manorama, Kottayam.

# ഒന്നാംഭാഗം

---

## മതിൽക്കെട്ടുകൊണ്ടു വലയം ചെയ്ത നഗരത്തിലേക്കുള്ള യാത്ര

# 1

# നീതപര്യടനം

"സംസാരിക്കുന്നവക്ക് ഒന്നും അറിഞ്ഞുകൂടാ,
അറിയാവുന്നവർ മിണ്ടുകയില്ല."
ഈ വാക്കുകൾ, ഞാൻ മനസ്സിലാക്കിയതു്
ലാവൊ-സു പറഞ്ഞിട്ടുള്ളതായിട്ടാണു്.
ലാവൊ-സു തന്നെ അറിവുള്ള ഒരാളെന്നു
നാം വിശ്വസിക്കണമെങ്കിൽ
പിന്നെ എങ്ങനെയാണു് അദ്ദേഹം
അയ്യായിരം വാക്കുകളുള്ള ഒരു പുസ്തകം എഴുതിയതു്?

പൊ-ച്യു-ഐ.

1951 സെപ്റ്റംബർ ആരംഭത്തിലാണു് ചൈനായിലേക്കു പോകുന്നതിനുള്ള ക്ഷണം ഇൻഡ്യ-ചൈനാ സൗഹാർദ്ദസംഘത്തിൽനിന്നു് ലഭിച്ചതു്. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിൻെറ അംഗമെന്ന നിലയിൽ നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ അനേക വർഷങ്ങൾ സോത്സാഹം പങ്കെടുത്തശേഷം ഞാൻ രാഷ്ട്രീയ പ്രവൎത്തനങ്ങൾ വിട്ടു പത്രപ്രവൎത്തനത്തിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. സ്വതന്ത്രഭാരതം ദുർഭരണത്തിനും, മർദ്ദനത്തിനും, ദാരിദ്ര്യത്തിനും എതിരായി സമരം നടത്തുമെന്നു് പ്രതീക്ഷിച്ചു കഴിഞ്ഞ ഇൻഡ്യൻ ജനതയുടെ ഫലശൂന്യതാബോധത്തിലും നൈരാശ്യത്തിലും ഞാൻ പങ്കുകൊണ്ടു. നമ്മുടെ നേതൃത്വത്തിൻെറ കഴിവുകേടുകൾ പ്രകടമായിക്കണ്ടു. ജനലക്ഷങ്ങൾ യാതൊരു ആശ്വയുമില്ലാതെ വിശപ്പിലും അജ്ഞതയിലും തുടൎന്നു പോന്നു. ഏഷ്യയിലെ ജനങ്ങൾക്കു് അവരുടെ വിധിവൈപരീത്യം മാററിക്കിട്ടുവാനുള്ള മാർഗ്ഗങ്ങൾ തേടുന്നതിനു് ചൈന ഒരു പുതിയ പാന്ഥാവു പ്രദാനം ചെയ്യുന്നതായി തോന്നി. ചൈനീസ് ജനതയുടെ നേട്ടങ്ങൾ നേരിട്ടുകാണുവാനുള്ള ജിജ്ഞാസ എനിക്കു വളരെ ആയിരുന്നു.

ഇങ്ങനെ ഒരു സന്ദർഭത്തിനുവേണ്ടി ഞാൻ വളരെ വർഷങ്ങൾ കാത്തിരുന്നതാണു്. എൻെറ, ചൈനയുമായുള്ള സമ്പക്കം 1937-ൽ ആരംഭിച്ചിരുന്നു. അന്നു് ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിൻെറ ചൈനാ സഹായകമ്മിററിയുടെ സെക്രട്ടറി എന്ന

നിലയിൽ ഒരു മെഡിക്കൽ എയിഡ് യൂണിററ് സംഘടിപ്പിക്കുവാൻ ഞാൻ വേണ്ട സഹായങ്ങൾ നൽകിയിരുന്നു. ജപ്പാൻെറ ആക്രമണത്തെ ചെറുക്കുവാൻ ചൈനീസ് ജനത നടത്തിയ സമരത്തിൽ നമ്മുടെ സഹതാപലക്ഷ്യമായിട്ടാണ് ആ മെഡിക്കൽ യൂണിററ് സംഘടിപ്പിച്ചതു്. അന്നുമുതൽ ചൈനാരാജ്യത്തെപ്പററി എന്തെല്ലാം കയ്യിൽ കിട്ടിയിട്ടുണ്ടോ അതെല്ലാം ഞാൻ വായിച്ചിട്ടുണ്ടു്. എഡ്ഗാർസ്നോ, എപ്സ്റ്റെയിൻ, ഗന്തർസ്റ്റെയിൻ എന്നിവരെപ്പോലെയുള്ള എഴുത്തുകാർ, യെനാനിൽ മാവൊസെ–തുംഗിൻെറ നേട്ടങ്ങളെപ്പററി പ്രശംസിച്ചിരുന്നു. അവർ പറഞ്ഞതു് ചൈനായിലെ കമ്യൂണിസ്റ്റുപാർട്ടി സിദ്ധാന്തങ്ങളെ അത്ര കാര്യമാക്കിയിട്ടില്ലെന്നും, രാജ്യത്തെ ഏകീകരിക്കുവാനും പുരോഗമനപരമായ ഒരു ഭരണം ക്രമപ്പെടുത്തുവാനും വേണ്ടി "ഉദാരമായ ഭൂനിയമപരിഷ്കരണ"ത്തിനാണ് അവർ പ്രവർത്തിച്ചതെന്നുമാണ്. സാമ്രാജ്യദുഷ്പ്രഭുത്വവും, അഴിമതിയും നൂററാണ്ടുകളായി ചൈനീസ് ജനതയെ ഞെരുക്കി വീർപ്പുമുട്ടിച്ചിരുന്നു. അവർ ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളും നമ്മൾ ഇൻഡ്യയിലും മററു് ഏഷ്യയിലെ അവികസിത രാജ്യങ്ങളിലും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നവ തന്നെയാണ്.

വിശപ്പും, അജ്ഞതയും, ദാരിദ്ര്യവും, ദുരിതവും ചൈനാക്കാരുടെ ജീവിതത്തെ വിലയിടിഞ്ഞതും, നിറപ്പകിട്ടുകളിൽ ഭ്രമമുള്ളതുമാക്കിത്തീർത്തിട്ടുണ്ടു്. എങ്കിലും അവരുടെ സൗമ്യമായ പുഞ്ചിരിയും, സമാധാനാഭിവാഞ്ഛയും അവർ നിലനിർത്തിയിരുന്നു. രണ്ടായിരം വർഷങ്ങൾ ഇൻഡ്യയും ചൈനയും യാതൊരു ശണ്ഠയും കൂടാത്ത അയൽരാജ്യങ്ങളായി കഴിഞ്ഞുപോന്നു. പൊതുവായ പല സംരംഭങ്ങളിൽ സഹകരിച്ചും, പരസ്പരധാരണയിലും അവർ വർത്തിച്ചിരുന്നു. കല, മതം, തത്വശാസ്ത്രം, സാഹിത്യം എന്നീ വിഷയങ്ങളിൽ അന്യോന്യം ഞങ്ങൾ പഠിച്ചുകൊണ്ടിരുന്നു. ശതാബ്ദങ്ങൾക്കുമുമ്പു് ഹിമാലയാപർവ്വതവും, മദ്ധ്യേഷ്യൻ മരുഭൂമികളും കടന്നു് അങ്ങോട്ടും ഇങ്ങോട്ടും സഞ്ചാരികൾ പ്രചോദനവും ശക്തിയും സംഭരിക്കുവാൻ യാത്രചെയ്യുകയും, അവരുടെ കാൽമുദ്രകൾ തക്ഷശില, ലംഗ്മെൻ, താത്തുംഗ് മുതലായ സ്ഥലങ്ങളിൽ പതിക്കുകയും ചെയ്തിട്ടുണ്ടു്. ചിയാംഗ് കൈഷക്കിൻെറ അധഃപ്പതനത്തോടുകൂടി ചൈന ഇന്നു് ഒരു ഏകീകൃതരാജ്യമായി. വിപുലമായ പരിവർത്തനങ്ങൾ മാവോസെ–തുംഗിൻെറയും കമ്യൂണിസ്റ്റുപാർട്ടിയുടെയും സുദൃഢനേതൃത്വത്തിൽ വന്നുകഴിഞ്ഞിരിക്കുന്നു. ഇൻഡ്യയിലെ കമ്യൂണിസ്റ്റുകാർ അവകാശപ്പെടുന്നതു് ചൈനീസ്ജനതയുടെ ജീവിതനിലവാരം ദിനംപ്രതിയെന്നവണ്ണം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നുവെന്നും, വമ്പിച്ച നദീതടപദ്ധതികൾ രാജ്യത്തിനുവേണ്ടി ഉത്സാഹപൂർവ്വം പ്രവർത്തി

ക്കുന്ന ജനലക്ഷങ്ങളുടെ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രയത്നം മൂലം നിർദ്ദിഷ്ടതീയതിക്കു മുമ്പ് തന്നെ പൂർത്തിയാക്കപ്പെടുന്നുവെന്നും, വിദ്യാഭ്യാസവും, ഭവനനിർമ്മാണവും, വൈദ്യസഹായവും ദ്രുതഗതിയിൽ അഭിവൃദ്ധി പ്രാപിച്ചു വരികയാണെന്നും, അതേസമയം ഇൻഡ്യ ഭക്ഷ്യദൗർലഭ്യത്തിലും, തുണിനിയന്ത്രണത്തിലും കിടന്നു കുഴയുകയാണെന്നുമാണ്.

ജനങ്ങളുടെ ഭരണാധിപത്യത്തിൽ തടങ്കൽ പാളയങ്ങൾ ഇല്ലെന്നും ജനഹിതത്തെ ഭീതിപ്പെടുത്തി വഴക്കുന്നില്ലെന്നും, വ്യക്തിസ്വാതന്ത്ര്യങ്ങളെ അടിച്ചമർത്തുന്നില്ലെന്നും കമ്യൂണിസ്റ്റുകാർ ഊന്നിപ്പറയുന്നു. ജനങ്ങളുടെ ഇച്ഛാനുസരണം പ്രവർത്തിക്കുന്ന യഥാർത്ഥജനാധിപത്യമാണ് അവിടെയുള്ളതെന്നും, സ്വേച്ഛാധിപത്യമുള്ളത് അഴിമതി, സാമ്രാജ്യദുഷ്പ്രഭുത്വത്തിൻെറ ചൂഷണങ്ങൾ, പിന്തിരിപ്പൻശക്തികൾ എന്നിവയുടെ മേൽ മാത്രമാണെന്നും അവർ അവകാശപ്പെടുന്നു. ദേശീയസ്വാതന്ത്ര്യത്തിലും, വ്യക്തിസ്വാതന്ത്ര്യത്തിലും, ഭക്ഷണം, താമസസൗകര്യം, വസ്ത്രം, അവസരസമത്വം എന്നിവയുടെ ജന്മാവകാശത്തിലും വിശ്വസിക്കുന്ന സകലർക്കും നേരിടുന്ന പ്രശ്നങ്ങൾക്കു ചൈന ഉത്തരം നൽകുന്നുയെന്നാണ് അവർ പറയുന്നത്. ചൈനായിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുയെന്നു പല പ്രചരണതന്ത്രജ്ഞരും അവകാശപ്പെടുന്ന "ഫാംഗ്-ഷെൻ" അല്ലെങ്കിൽ ശരീരനവീകരണപ്രസ്ഥാനത്തെ ചോദ്യം ചെയ്യുവാൻ ഞാൻ ആഗ്രഹിച്ചില്ല. ചൈനാക്കാർക്ക് നല്ലതെന്താണെന്ന് അവർ തന്നെയാണ് തീരുമാനിക്കേണ്ടതു്. പുരാതനമായ നമ്മുടെ അയൽരാജ്യം അവിടത്തെ ജനങ്ങൾക്ക് ഐശ്വര്യസൗഭാഗ്യം കൈവരുത്താനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചെങ്കിൽ ഇൻഡ്യാക്കാർക്ക് അതീവ സന്തോഷമേയുള്ളൂ. ഞാൻ അവിടെപ്പോയാൽ എൻെറ സ്വന്തരാജ്യത്തെ സഹായിക്കാനുള്ള പലതും അവിടെനിന്നു പഠിക്കാമെന്നും ഞാൻ വിചാരിച്ചു.

അങ്ങനെ ചൈനായിലെ വിവിധ സംഘങ്ങളുടെ ഒരതിഥി എന്ന നിലയിലും ഇൻഡ്യാ-ചൈനാ സൗഹാർദ്ദസംഘത്തിൻെറ ആഭിമുഖ്യത്തിലും 1951 ഒക്ടോബർ, നവമ്പർമാസങ്ങളിൽ ആറു വാരക്കാലം ചൈനായിൽ ചെലവിടുവാനുള്ള സന്ദർഭം ലഭിച്ചതു് ഞാൻ സസന്തോഷം സ്വീകരിച്ചു. ഞാൻ യാത്രതിരിക്കുന്നതിനുമുമ്പ് ഇൻഡ്യയിലെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാൻ വേണ്ടി ഞാനയയ്ക്കുന്ന റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം സംബന്ധിച്ച് പ്രസ്സ്ട്രസ്റ്റ് ഓഫ് ഇൻഡ്യയുമായി വേണ്ട ഏർപ്പാടുകൾ ചെയ്തു. ഞങ്ങളുടെ യാത്രാപരിപാടിയിൽ 1951 ഒക്ടോബർ 1-ാംതീയതി പീക്കിംഗ് നഗരത്തിൽവച്ച് പീപ്പിൾസ് ഡെമോക്രസി (ചൈനായിലെ ജനകീയ ഭരണം) സ്ഥാപിച്ചതിൻെറ ദ്വിതീയ

വാർഷികാഘോഷം നടത്തുന്നതിൽ സംബന്ധിക്കുവാനും, രണ്ടാഴ്ചകൾ അവിടെ താമസിക്കുവാനും സൌകര്യപ്പെടുത്തിയിരുന്നു. പിന്നീട്ട് മുക്ഡൻ, ടീൻസ്സാൻ, നാങ്കിംഗ്, ഷാംഗ്ഹായ്, കാൻറൺ എന്നീ പ്രദേശങ്ങൾ സന്ദർശിച്ച് നവീന ചൈനായിലെ കാർഷികവും വ്യാവസായികവുമായ നേട്ടങ്ങൾ നേരിട്ട് കാണുവാനുള്ള സൌകര്യം ലഭിച്ചു. ഭൂപരിഷ്കാരപദ്ധതിയിൽപ്പെട്ട ഗ്രാമങ്ങളും, ഒരു ആരോഗ്യകേന്ദ്രമായ ഹാംഗ്ചൌ നഗരവും കാണുവാനുള്ള പരിപാടികളും ഞങ്ങളുടെ യാത്രയിൽ ഉൾപ്പെട്ടിരുന്നു. ആറ് ആഴ്ചകൾ കഴിഞ്ഞ് ഞാൻ നാട്ടിലേക്ക് തിരിച്ചുപോന്നു

ഒരു നഗരത്തിൽനിന്നു മറ്റൊരു നഗരത്തിലേക്കു പോകുമ്പോഴും, സ്ഥാപനങ്ങളും, വ്യവസായയാന്ത്രിക സങ്കേതങ്ങളും സന്ദർശിച്ചപ്പോഴും, ഔദ്യോഗികസ്വീകരണച്ചടങ്ങുകളിൽ സംബന്ധിച്ചപ്പോഴും, സ്വാതന്ത്ര്യസ്ഥാപനത്തിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ രാജ്യത്തിനുണ്ടായിരിക്കുന്ന പല നേട്ടങ്ങളെപ്പററിയുള്ള പ്രസംഗങ്ങൾ ഞങ്ങൾ കേട്ടു. ഡിസ്ത്രിക്ട് ഉദ്യോഗസ്ഥന്മാർ, വ്യവസായശാലാ മാനേജർമാർ, ഗവർമ്മെൻറുദ്യോഗസ്ഥന്മാർ, മന്ത്രിമാർ തുടങ്ങിയവർ, ഒരേ മട്ടിൽ വസ്തുതകളെപ്പററി ദീർഘമായി ചർവ്വിതചർവ്വണം നടത്തിക്കൊണ്ടിരുന്നു. യഥാർത്ഥ വസ്തുതകളല്ല ഞങ്ങൾക്ക് ആ വിവരങ്ങളിൽ നിന്ന് ലഭിച്ചതെന്നും, പ്രസ്തുത പ്രചരണതന്ത്രത്തിനുവേണ്ടിയുള്ള അവകാശവാദങ്ങൾ മാത്രമായിരുന്നു അവയെന്നും പിന്നീട്ട തെളിഞ്ഞു. പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ ഇവയെല്ലാം ഒരേ ചട്ടക്കൂട്ടിലിട്ട ചില പ്രമാണങ്ങളെയും സൂത്രങ്ങളെയുംപററി പ്രതിപാദിച്ചിരുന്നു. അഭിപ്രായവ്യത്യാസങ്ങൾ കാണാനേ ഇല്ല; പ്രത്യാഖ്യാനങ്ങൾ അപ്രത്യക്ഷമായിരുന്നു; പക്ഷാന്തരങ്ങൾ സാദ്ധ്യമായ യാതൊന്നും പ്രതിപാദിക്കപ്പെട്ടിരുന്നില്ല. കർമ്മവിധിപ്രകാരം മാത്രം ഉച്ചരിക്കപ്പെടുന്ന ചില ജപങ്ങൾപോലെ പ്രസിദ്ധീകൃതങ്ങളായ പദ്ധതി ലക്ഷ്യങ്ങൾ കല്പിതമായി നേടിക്കഴിഞ്ഞ പല്ലവിയേ കേൾക്കാനുള്ളു. ഒരു സന്ദർശകനായ ഞാൻ ഒരു മോട്ടോർയന്ത്രം നയിക്കപ്പെടുന്നതുപോലെ ഒരു സ്വേച്ഛാധിപത്യരാജ്യത്തിൻെറ മഹിമകൾ പ്രകീർത്തിക്കുന്ന വസ്തുതകൾ മാത്രം കാണുവാനും മനസ്സിലാക്കുവാനും അങ്ങും ഇങ്ങും പൊയ്ക്കൊണ്ടിരുന്നു. ചൈനായിലെ പുതിയ ദൈവമാണ്—വിശുദ്ധ സർപ്പമാണ് കമ്മ്യൂണിസമെന്നു ഞാൻ മനസ്സിലാക്കി.

മഷിയുടെ നിറംപൂണ്ട് കിടക്കുന്ന കൃഷ്ണകുളത്തിലെ കയത്തിൽ ഒരു വിശുദ്ധസർപ്പം വസിക്കുന്നുണ്ടെന്നാണ് ആളുകൾ പറയുന്നത്. മനുഷ്യരാരും ഒരിക്കലും അതിനെ കണ്ടിട്ടില്ല. കുളത്തിനരികിൽ ഒരു മണ്ഡപം തീർത്തിട്ടുണ്ട്. അധികാരികൾ

അവിടെ കർമ്മാനുഷ്ഠാനങ്ങളും നിയോഗിച്ചിട്ടുണ്ട്. ഒരു സർപ്പം സർപ്പമായി തന്നെ കഴിയും. എന്നാൽ മനുഷ്യക്ക് അതിനെ ഒരു ദൈവമാക്കാൻ കഴിയും.

പോ. ച്ു. ഐ.

ഇൻഡ്യയിൽ തിരിച്ചെത്തിയപ്പോൾ ആറു വാരങ്ങളിലെ യാത്രാസന്ദർശനങ്ങളിൽ എന്റെ മനസ്സിൽതിങ്ങിക്കൂടിയ ആശയ സമൂഹങ്ങളിൽ യഥാത്ഥ വസ്തുതകളേതാണ്, സങ്കല്പകഥകളേതാണ് എന്നു വേർതിരിച്ചെടുക്കുവാൻ വിഷമം തോന്നി. ഒരു അതിഥിക്ക് ആതിഥേയനോടുണ്ടായിരിക്കേണ്ട മര്യാദബാദ്ധ്യതകളൊന്നും കൂടാതെ കഴിയുമെങ്കിൽ തിരിച്ചുപോകാനും, സ്ഥിരീകരണമൊ, പ്രത്യാഖ്യാനമൊ ആവശ്യമുള്ള വിവരങ്ങൾ കണ്ടുപിടിക്കാനോ ഞാൻ ആഗ്രഹിച്ചു. ചൈനായെപ്പററിയുള്ള വാത്തകൾ ഇൻഡ്യൻപത്രങ്ങൾക്ക് നൽകുവാൻവേണ്ടി പീക്കിംഗിൽ ഒരു സ്ഥിരമായ പ്രതിനിധിയെ നിയോഗിക്കുന്ന കായ്യത്തിൽ പ്രസ്സ് ട്രസ്റ്റ് ഓഫ് ഇൻഡ്യക്കുള്ള ഉൽക്കണ്ഠയും എനിക്കറിയാമായിരുന്നു. ഇൻഡ്യാഗവർമ്മെൻറിനും, ചൈനായിൽനിന്നും ഒരു സ്വതന്ത്ര വാത്താവിതരണ ഏജൻസിയുടെ സേവനം ആവശ്യമായി തോന്നിയിട്ടുണ്ട്. രണ്ടു രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിൽ ശരിയായ ധാരണകൾ വർദ്ധിപ്പിക്കുവാൻ അങ്ങനെയൊരു മാഗ്ഗം ആവശ്യമാണെന്നു് ഗവർമ്മെൻറു വിശ്വസിച്ചിരുന്നു. അതുകൊണ്ട് ചൈനായെപ്പററിയുള്ള എൻെറ അഭിപ്രായം ഒന്നും ഞാൻ പുറത്തു പറഞ്ഞില്ല. എൻെറ അഭിപ്രായം എന്തെങ്കിലും വെളിപ്പെടുത്തിയിരുന്നുവെങ്കിൽ അതിനോടെ ചൈനായിലേക്കുള്ള എല്ലാ പ്രവേശന കവാടങ്ങളും എനിക്കെതിരായി അടക്കപ്പെട്ടുമായിരുന്നു എന്നു ഞാൻ അറിഞ്ഞിരുന്നു.

1952 മാർച്ചുമാസത്തിൽ മെയ്ദിനാഘോഷങ്ങളിൽ സംബന്ധിക്കുവാൻതക്കവണ്ണം ചൈനായിലേക്കു് ഒരു ഔദ്യോഗിക സാംസ്കാരിക പ്രതിനിധിസംഘത്തെ അയക്കുന്ന വിവരം ഗവർമ്മെൻറു് പ്രഖ്യാപിച്ചു. ഒരു പത്രലേഖകനെന്നനിലയിൽ ചൈനായുമായുള്ള സമ്പർക്കം അഭിവൃദ്ധിപ്പെടുത്തുന്നതിനു് ചൈനായിലേക്കു പോകുവാൻ സമ്മതമാണോ എന്നു് പ്രസ്സ് ട്രസ്റ്റ് എന്നോടു് ആരാഞ്ഞപ്പോൾ ആ സൌകര്യം ഉപയോഗപ്പെടുത്തുകതന്നെ ചെയ്തു. എൻെറ പ്രഥമയാത്രാപരിപാടിയിൽ ഹ്വായി നദീപദ്ധതിയും, താത്തുംഗിലെ സാംസ്കാരിക സ്മാരകങ്ങളും കൺഫ്യൂഷ്യസ് ക്ഷേത്രവും സന്ദർശിക്കുവാൻ സൌകര്യപ്പെടുത്തി.

ചൈനായിലേക്കു ഞാൻ തിരിച്ചുവന്നതു് ഒരു പത്രലേഖകനായിട്ടാണു്. ഒരു അനൗദ്യോഗിക സന്ദർശകനു്, സഞ്ചാര സൌകര്യം സംബന്ധിച്ചും, താമസത്തിനുള്ള സൗകര്യം ലഭിക്കുന്ന

കാര്യത്തിലും നേരിടാവുന്ന വൈഷമ്യങ്ങളെപ്പററി എനിക്കറിയാമായിരുന്നു. ചുററിസഞ്ചരിക്കുന്നതിന് ഒരു ഐഡൻറിററി (തിരിച്ചറിയാനുള്ള സാക്ഷിപത്രം) കാർഡും, യാത്രയ്ക്കുള്ള പെർമിററുകളും എവിടെയും വേണ്ടിയിരുന്നതിനുപുറമേ താമസിക്കുന്നതിനും നാണയമാററത്തിനും വേണ്ടിയ സൌകര്യങ്ങളും ആവശ്യമായിരുന്നു. അതിനാൽ ഞാൻ ജോലി സ്വീകരിക്കുന്നതിനു മുമ്പുതന്നെ ഈ കാര്യങ്ങൾ സാധിച്ചുകിട്ടുന്നതിന് പീക്കിംഗിലെ ഇൻഡ്യൻ അംബാസഡറോടഭ്യർത്ഥിക്കുവാൻ ഇൻഡ്യൻവിദേശകാര്യാലയത്തെ ഞാൻ സമീപിച്ചു. എന്നെ സ്വാഗതം ചെയ്യുവാൻ ചൈനാക്കാർ സന്നദ്ധരായിരുന്നതുകൊണ്ട് ഈ ക്രമീകരണങ്ങളെല്ലാം അവിടെ ചെയ്തുതരുമെന്ന് എന്നെ അറിയിച്ചു. എന്നാലും ഞാൻ ഇൻഡ്യയിൽനിന്നു യാത്രതിരിച്ചതു് വളരെയധികം ആശങ്കകളോടുകൂടിയാണ്. എനിക്കറിയാമായിരുന്നു ചൈനാക്കാർ കമ്മ്യൂണിസ്റ്റ്പത്രലേഖകന്മാരെ മാത്രമേ യഥാർത്ഥത്തിൽ സ്വാഗതം ചെയ്തിരുന്നുള്ളുവെന്നു്.

എൻെറ അസ്വാസ്ഥ്യത്തിന് മററൊരു കാരണവുമുണ്ടായിരുന്നു. ചൈനായിലെ സ്ഥിതിഗതികളെ സംബന്ധിച്ച് ഞാൻ പ്രധാന മന്ത്രിക്കയച്ച കേവലം വ്യക്തിപരമായ ഒരു കത്തു് ഇൻഡ്യൻ പ്രതിനിധിസംഘത്തിലെ അംഗങ്ങൾക്കെല്ലാം ഒരു സെക്രട്ടറിയുടെ അനവധാനതകൊണ്ട് സർക്കുലേററു് ചെയ്യുവാൻ ഇടവന്നു. ആ കത്തിൽ ആവശ്യം കഴിഞ്ഞു കയററുമതി ചെയ്യത്തക്കവണ്ണം ചൈനായിൽ ഭക്ഷ്യവർദ്ധനവുണ്ടായിട്ടുണ്ടെന്നുള്ള അവകാശവാദം കേൾക്കാറുണ്ടെങ്കിലും അവിടെ സാരമായ സാമ്പത്തികപുരോഗതിയൊന്നുമുണ്ടായിട്ടില്ലെന്ന് പ്രസ്താവിച്ചിരുന്നു. ആ കത്തു് ചൈനാക്കാരുടെ ആരുടെയെങ്കിലും കൈയിൽചെന്നുപെടാൻ ഇടയായെങ്കിൽ എൻെറ നില വളരെ പരുങ്ങലിൽ ആകുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് ആ കത്തു് പിൻപലിക്കുവാൻ ഞാൻ വിദേശകാര്യാലയ അധികൃതരോട് ആവശ്യപ്പെട്ടു. എന്നാൽ ഞാൻ ആവശ്യപ്പെട്ടതു് താമസിച്ചുപോയി.

കാൻറണിൽ ഞാൻ എത്തിയപ്പോൾ ഉണ്ടായ ഒരു സംഭവം എൻെറ വൈഷമ്യം വർദ്ധിപ്പിച്ചു. പ്രതിനിധിസംഘത്തിലെ ഒരംഗത്തിന്, ഒരു പാവപ്പെട്ട കുട്ടി അതിൻെറ ഇളയ കൊച്ചിനെ മുതുകിൽവഹിച്ചുകൊണ്ട് പോകുന്നതിൻെറ ഫോട്ടോ എടുക്കുന്നതിന് അവരെ ശരിയായി നിറുത്തുവാൻ എൻെറ സഹായം ആവശ്യപ്പെട്ടു. അദ്ദേഹം പടം എടുത്തശേഷം ഞാനും ഒന്നുരണ്ടു പടം എടുക്കുവാൻ ക്യാമറ ശരിപ്പെടുത്തി. പെട്ടെന്നു ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ചൈനീസ്ദ്വിഭാഷി അതു തടുത്തു

കൊണ്ടു് ക്യാമറായുടെ ലെൻസു് പൊത്തി. അടുത്ത ദിവസം രാവിലെ ഇൻഡ്യൻ പ്രതിനിധിസംഘത്തിൻെറ സെക്രട്ടറി എന്നെ അറിയിച്ചു ഞാൻ "നിയന്ത്രിതപ്രദേശ"ങ്ങളുടെ ഫോട്ടോ എടുക്കാൻ ശ്രമിച്ചതായി ചൈനാക്കാർ പരാതിപ്പെട്ടിരിക്കുന്നുവെന്നു്. എന്നെ അതു് വിസ്മയ ഭരിതനാക്കി. ഞാൻ എടുത്തഫിലിം അധികൃതരെ ഏൽപ്പിക്കാമെന്നു് ഞാൻ സന്നദ്ധത പ്രദർശിപ്പിച്ചു. അതിനു് എനിക്കു കിട്ടിയ മറുപടി ഒരു വിദേശ പത്രലേഖകൻ എന്ന നിലയിൽ ഫോട്ടോ എടുക്കുവാൻ പ്രത്യേക പെർമിററു് വാങ്ങിച്ചിരിക്കണമെന്നു മാത്രമാണു്. ഈ സംഭവം ചൈനാക്കാരെ സംബന്ധിച്ചിടത്തോളം അവിടെഅവസാനിച്ചുവെന്നാണു് ഞാൻ വിചാരിച്ചതു്.

പീക്കിംഗിൽ വന്നു് എൻെറ അക്രെഡിറേറഷൻ രേഖകൾ സംബന്ധിച്ചു് എംബസ്സി ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ അന്വേഷണം നടത്തി. എൻെറ കാർഡു് ലഭിക്കുവാൻ ചില കടലാസുകളിൽ ഒപ്പിട്ടു കൊടുത്ത ശേഷം ഏകദേശം അര മണിക്കൂറോളം താമസിച്ചാൽ മതിയാകുമെന്നാണു് എന്നോടു പറഞ്ഞതു്. അന്നേരം എനിക്കു മനസ്സിലായില്ല, പ്രസ്തുത കാർഡിനു വേണ്ടി ഞാൻ ഏഴു ദിവസങ്ങൾ താമസിക്കേണ്ടി വരുമെന്നു്. അതിനിടയാക്കിയ കാരണം, ഞാൻ ഒരു അനഭിലഷണീയ വ്യക്തിയാണെന്നു് ഇൻഡ്യൻ അംബാസ്സഡർ ശ്രീ. പണിക്കർ തീരുമാനിച്ചുവെന്നുള്ളതാണു്.

ശ്രീ. പണിക്കർ പൊക്കം കുറഞ്ഞു തടിച്ച ആളാണു്. ആടിൻേറതുപോലെ താടിയ്ക്കു മാത്രമുള്ള ഫ്റഞ്ചുമീശയും വച്ചുള്ള അദ്ദേഹത്തിൻെറ കണ്ണിൽ സ്വന്ത സംസാരചാതുര്യത്തെപ്പററിയുള്ള സ്വാഭിമാനം സ്വയം സ്ഫുരിക്കും. പെട്ടെന്നു കാര്യം ഗ്രഹിക്കുന്ന സമർത്ഥനായ ഒരു സംഭാഷണചതുരനാണദ്ദേഹം. ധിഷണാവൈഭവത്തിൽ ഒരു മുള്ളൻപന്നിയാണെന്നദ്ദേഹത്തെ വർണ്ണിക്കാറുണ്ടു്. ആശയങ്ങളാകുന്ന മുള്ളുകൾ വിജൃംഭിതങ്ങളായി നിന്നു തുള്ളും. അനേക വർഷങ്ങൾ ഇൻഡ്യൻ നാട്ടുരാജാക്കന്മാരുടെ സേവനത്തിൽ കഴിച്ചു കൂട്ടിയതുകൊണ്ടു് അധികാരത്തിലിരിക്കുന്നവരെ തൃപ്തിപ്പെടുത്തി കഴിഞ്ഞുകൂടാനുള്ള ഒരു മനോഗതി അദ്ദേഹം ശീലിച്ചിട്ടുണ്ടു്. എല്ലാവരുടെ അടുക്കലും നല്ല പിള്ള ചമയുന്ന അദ്ദേഹം തന്നിൽ മാത്രമേ വിശ്വാസം അർപ്പിക്കുന്നുള്ളു.

ചിയാങ്ങു് കയിഷക്കിൻെറ കാലത്തു് കുമിന്താങ്ങിൻെറ അജ്ഞതയിൽ ഒരു വിശ്വാസിയായിരുന്നു അദ്ദേഹം. 1948-ൽ നാങ്കിംഗിൽ നിന്നു ഇൻഡ്യാഗവർമെൻറു ചിയാങ്ങുമായി ഒരു പ്രതിരോധസന്ധിയിൽ ഏർപ്പെടണമെന്നു് അദ്ദേഹം ഉപദേശം നൽകിയതാണു്. 1951 ഒക്ടോബർ മാസത്തിൽ പീക്കിംഗിൽവച്ചു്

അദ്ദേഹത്തെ കണ്ടപ്പോൾ പുതിയ ജനായത്തഭരണത്തിന്റെ വൻ നേട്ടങ്ങളെപ്പററിയുള്ള പ്രതിപാദനങ്ങൾ ആണ് ഞാൻ കേൾക്കേണ്ടി വന്നതു്. അദ്ദേഹം നൽകിയ "വസ്തുത"കൾ എല്ലാംതന്നെ ചൈനീസ് കമ്മ്യൂണിസ്റ്റ് പ്രചരണവകുപ്പു നൽകിയവ മാത്രമാണെന്നു ഞാൻ മനസ്സിലാക്കുകയും ചെയ്തു.

ഞാൻ രണ്ടാമത്തെ പ്രാവശ്യം പീക്കിംഗിൽ വന്നപ്പോൾ ഇൻഡ്യൻ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാർട്ടിയെ എതിർത്ത ഒരു പത്രപ്രവർത്തകനാണ് ഞാനെന്നു് അറിയപ്പെട്ടിരുന്നു. കൂടാതെ ചൈനായെപ്പററിയുള്ള എന്റെ കുറിപ്പിൽ ശ്രീ പണിക്കരുടെ അഭിപ്രായങ്ങളെ എതിർക്കുവാൻ ഞാൻ ധൈര്യപ്പെടുകയും ചെയ്തിരുന്നു. അതുകൊണ്ടു് ഒരു പത്രലേഖകൻ എന്നുള്ള നിലയിൽ എന്റെ ചുമതലകൾ നിർവഹിക്കുന്നതിനെ തടസ്സപ്പെടുത്തുവാനും അദ്ദേഹം തീരുമാനിച്ചിരുന്നു. ഒരാഴ്ച മുഴുവനും ഇൻഡ്യൻ എംബസ്സിയിലുള്ള ഒരു ചെറിയ കെട്ടിടത്തിൽ, ഭക്ഷണമോ പണമോ, നഗരത്തിൽ ഇറങ്ങി സ്വാതന്ത്ര്യമായി സഞ്ചരിക്കാനുള്ള പെർമിററൊ ഇല്ലാതെ ഒരു സ്നേഹിതന്റെ കൂടെ ഒരു മുറിയിൽ കഴിച്ചുകൂട്ടി ഇൻഡ്യൻ വിദേശകാര്യവകുപ്പിന്റെ ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ പ്രസ്സ് ട്രസ്റ്റ് ഓഫ് ഇൻഡ്യക്കു കേബിൾ അയച്ചതിനു ശേഷമാണ് എന്റെ അക്രെഡിറേറഷൻ സംബന്ധിച്ചുള്ള കാർഡു കിട്ടിയതു്.

ഈ "കാരാഗൃഹവാസ"കാലത്തു് എന്റെ വൈഷമ്യങ്ങൾ സംബന്ധിച്ചുള്ള കാരണങ്ങൾ എന്നിൽനിന്നു മറയ്ക്കപ്പെട്ടിരുന്നു. പ്രധാനമന്ത്രിക്കു ഞാൻ അയച്ച കത്തിലെ കുറിപ്പു് ചൈനാക്കാർ കൈവശപ്പെടുത്തിയെന്നും, എന്നോടുള്ള പ്രതിഷേധത്തിനു് അതു മതിയായ കാരണമായിരുന്നുയെന്നുമാണ് ശ്രീ. പണിക്കർ എന്നോടു പറഞ്ഞതു്. പിന്നീടു ഞാൻ അറിഞ്ഞതു് ചൈനായെപ്പററിയുള്ള എന്റെ അഭിപ്രായങ്ങൾ സംബന്ധിച്ചു ഇൻഡ്യൻ പ്രതിനിധിസംഘത്തോടു അദ്ദേഹം പരാതിപ്പെട്ടുവെന്നും, വിദേശകാര്യാലയത്തിൽനിന്നു് എന്നെപ്പററി യാതൊരു നിർദ്ദേശവും ലഭിച്ചിട്ടില്ലെന്നു് അദ്ദേഹം പറഞ്ഞുവെന്നുമാണ്. എന്നാൽ വിദേശകാര്യമന്ത്രിക്കു് കാൻറണിൽ വച്ചു നടന്ന ഫോട്ടോഗ്രാഫ് സംഭവത്തെപ്പററി അദ്ദേഹം റിപ്പോർട്ടു ചെയ്യുകയും ചെയ്തിരുന്നു. കൂടുതൽ സമാധാനം ആവശ്യപ്പെട്ടുകൊണ്ടു് വിദേശകാര്യാലയത്തിൽനിന്നു എഴുതിയപ്പോൾ എന്റെ വ്യക്തിപരമായ നില—പത്രപ്രവർത്തകനെന്നുള്ള നിലയല്ല—ചൈനായിൽ അംഗീകരിക്കപ്പെടുന്നതിനു ശ്രമിക്കുകയാണെന്നു് അദ്ദേഹം മറുപടി നൽകി.

അവസാനം അക്രെഡിറേറഷൻ ലഭിച്ചു കഴിഞ്ഞതിനു ശേഷവും ഒരു പുതിയ വാർത്താനിയന്ത്രണ രീതി എനിക്കു തട

സ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ചൈനായ്ക്കു ദോഷകരമായ വിധത്തിലുള്ള റിപ്പോർട്ടുകൾ യാതൊന്നും ഞാൻ അയയ്ക്കുന്നതല്ലെന്നു് ഇൻഡ്യൻ എംബസ്സിയിൽ നിന്നു് ഉറപ്പ് നൽകേണ്ടതായി വന്നുവെന്നും, അതുകൊണ്ടു് ഞാൻ അയയ്ക്കുന്ന എല്ലാ കത്തുകളും ലേഖനങ്ങളും ഇൻഡ്യൻ എംബസ്സിവഴിയായിരിക്കണമെന്നും എന്നോടു പറഞ്ഞു. കൂടാതെ ഇൻഡ്യൻ സാംസ്കാരിക പ്രതിനിധിസംഘത്തിന്റെ പ്രവർത്തനങ്ങൾ മാത്രമേ എനിക്കു് റിപ്പോർട്ടു ചെയ്യുവാൻ സ്വാതന്ത്ര്യമുള്ളെന്നും, അവർ സന്ദർശിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ വച്ചു നടക്കുന്ന ചോദ്യോത്തര വേളകളിൽ ഞാൻ പങ്കെടുക്കരുതെന്നും എനിക്കു നിർദ്ദേശം ലഭിച്ചു. പിന്നീടു ഞാൻ മനസ്സിലാക്കി ഈ വ്യവസ്ഥകളൊന്നും ചൈനീസ് അധികാരികൾ നിഷ്കർഷിച്ചതല്ലെന്നു്. അതുകൊണ്ടു് ഞങ്ങൾ പീക്കിംഗ് വിട്ടശേഷം എനിക്കുബോധിച്ചതുപോലെ ഞാൻ പ്രവർത്തിച്ചുപോന്നു.

സാധാരണഗതിയിൽ എന്നെ തിരിച്ചു വിളിക്കുവാൻ എന്റെ മുതലാളിമാരോടു് ഞാൻ ആവശ്യപ്പെട്ടുമായിരുന്നു. എന്നാൽ എനിക്കു് പരിചയമായിത്തീർന്ന സ്ഥലങ്ങളിൽ ഒന്നുകൂടി യാത്ര ചെയ്യുവാനുള്ള സന്ദർഭം കിട്ടിയതു് കളയാൻ ഞാൻ ആഗ്രഹിച്ചില്ല. ഒരേ സ്വരത്തിൽ പ്രവഹിച്ചുകൊണ്ടിരുന്ന ഔദ്യോഗിക പ്രസ്താവനകൾകേട്ടുകൊണ്ടിരിക്കാൻ ഞാൻ ഒട്ടും ആഗ്രഹിച്ചില്ല. ഞാൻ ആ സമയത്തു് എന്റെ കണ്ണുകൾ ചുററും ഓടാൻ അനുവദിക്കയാണു് ചെയ്തതു്. എന്റെ രണ്ടു സന്ദർശനങ്ങൾക്കിടയിൽ അവിടെ നടന്ന പരിവർത്തനങ്ങൾ മനസ്സിലാക്കുവനും കൂടികഴിഞ്ഞു. എന്റെ മനസ്സിൽ പതിഞ്ഞ ചില ആശയങ്ങൾ ക്രമീകരിച്ചു ശരിപ്പെടുത്താനുമാണു് ഞാൻശ്രമിച്ചതു്.

എന്റെ പ്രഥമ സന്ദർശനത്തിൽത്തന്നെ ഒരു കാര്യം എനിക്കു പഠിക്കുവാൻ കഴിഞ്ഞു. അതായതു് ചൈനായിൽ നടത്തുന്ന ഏതു യാത്രയും ഒരു നീത പര്യടനം (കൺഡക്ടഡ് ടൂർ) മാത്രമായിരിക്കാനേ നിവൃത്തിയുള്ളുവെന്നും, എല്ലാ സംഭാഷണങ്ങളും, യോഗങ്ങളും, സംവക്കങ്ങളും സൂക്ഷ്മ നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന ദ്വിഭാഷിയുടെ കൺമുൻപിലേ നടത്താൻ സാധിക്കയുള്ളുവെന്നുമായിരുന്നു ആ പാഠം ഇംഗ്ളീഷുഭാഷ നല്ല വശമുള്ള ചൈനാക്കാരുപോലും അതു ഉപയോഗിക്കുവാൻ വിസമ്മതിച്ചിരുന്നു. ബ്രിട്ടനിലെയും അമേരിക്കയിലെയും സർവകലാശാലകളിൽ ബിരുദം നേടിയ അനേകം ചൈനീസു പ്രൊഫസർമാരെ അവിടെ ഞാൻ കണ്ടു. ഇംഗ്ളീഷ് നല്ല വശമായിരുന്ന അവർ പോലും ഒരു സ്ഥിരനയമെന്നപോലെ ഇംഗ്ളീഷ് സംസാരിക്കാൻ വിസമ്മതിക്കുകയും ചൈനീസ്ഭാഷയിലേക്കു് പരിവർത്തനം ചെയ്യുന്നതുവരെ എന്റെ ചോദ്യങ്ങൾ മനസ്സിലായി

ല്ലെന്നു ഭാവിക്കുകയും ചെയ്തിരുന്നു. പലപ്പോഴും എന്റെ ചോദ്യങ്ങൾക്കു ശരിയല്ലാത്ത ഉത്തരങ്ങൾ നൽകുമ്പോൾ ദ്വിഭാഷിയുടെ പരിമിതമായ ഇംഗ്ളീഷ്ഭാഷാജ്ഞാനം മൂലം വിവർത്തനത്തിൽ തെററു പററിയതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതെന്നുള്ള വിശദീകരണം സ്വീകരിക്കേണ്ടി വന്നു. ഞാൻ ചോദ്യം ചോദിച്ച ആളിനു് നല്ലവണ്ണം അതിന്റെ അർത്ഥം മനസ്സിലായ സന്ദർഭങ്ങളിലും, വികലമായ ഭാഷാവിവർത്തനത്തെ മാത്രം അടിസ്ഥാനമാക്കിയാണു് ഉത്തരം നൽകപ്പെട്ടിരുന്നതു്.

അമേരിക്കയിൽ അഭ്യസനം കഴിച്ച മാഡംസൺ യാററ്-സെൻ ആദ്യം ഇംഗ്ലീഷിൽ സംസാരിക്കുകയില്ലായിരുന്നു. ആ ഭാഷ മറന്നുപോയെന്നാണു് അവർ അതിനു കാരണം പറഞ്ഞതു്. ഇൻഡ്യൻ സാംസ്കാരികപ്രതിനിധിസംഘത്തിന്റെ നേതൃസ്ഥാനം വഹിച്ചിരുന്ന മിസ്സിസ് പണ്ഡിററു് ഒരു ദ്വിഭാഷിയുടെ സഹായത്തോടുകൂടിയാണു് അവരുമായി സംഭാഷണം നടത്തിയതു്. മാഡംസണ്ണിനെ ഞങ്ങൾ ആദ്യം കണ്ടതു് 1951ഒക്ടോബറിലായിരുന്നു. അവരെ കണ്ടാൽ പ്രായത്തെ സംബന്ധിച്ചു യാതൊരു തെററും തോന്നുമായിരുന്നില്ല. ശരീരം തടിച്ചുവരികയായിരുന്നു. ഒരുകാലത്തു് അവർ വളരെ സൌന്ദര്യവതിയായിരുന്നു എന്നു ഞാൻ കേട്ടിട്ടുണ്ടു്. ഇന്നും അവർക്കൊരു ആകർഷണീയതയും ആഭിജാത്യം തോന്നിക്കുന്ന ആകാരഭംഗിയുമുണ്ടായിരുന്നു. ചൈനീസ് കമ്യൂണിസ്റ്റുകാരുടെ നീല യൂണിഫോം ധരിക്കുന്നതിനു് അവർ വിസമ്മതിക്കുകയാണു് ചെയ്യുന്നതു്. 1951 ഒക്ടോബറിൽ നടന്ന പല സ്വീകരണസൽക്കാരങ്ങളിലും, പിന്നീടു് 1952 മെയ്മാസത്തിൽ ഷാംഗ്ഹെയിൽവച്ചും ഞാൻ അവരെ കണ്ടപ്പോഴെല്ലാം അവർ കറുത്തവസ്ത്രം ഭംഗിയായി ധരിച്ചിരുന്നു. ഇപ്പോഴും കറുത്തതായി തോന്നിച്ചിരുന്ന തലമുടി പുറകോട്ടു് ചീകി പുറകിൽ ഒരു ബൺമാതിരി കെട്ടിവച്ചിരുന്നു. എന്തോ ഒരു ലാളിത്യവും മൃദുത്വവും അവരുടെ നടപ്പിൽ ദൃശ്യമായിരുന്നു. വലിയ കാര്യങ്ങളൊന്നും ചർച്ചചെയ്യാനില്ലാത്ത ഔപചാരിക സന്ദർശനങ്ങളിൽ വിചാരമഗ്നമായ ഒരു മ്ളാനത അവരുടെദൃഷ്ടികളിൽ വീക്ഷിക്കാമായിരുന്നു. ഒരുപക്ഷെ കമ്യൂണിസ്റ്റുപാർട്ടിയുമായുള്ള സഖിത്വത്തിന്റെ പ്രഥമ ഉത്സാഹം മങ്ങിത്തുടങ്ങിയിരിക്കും. വല്ലപ്പോഴുമൊക്കെ ചില പ്രശംസകളും ബഹുമതികളും സൺയാററ്-സെന്നിനു് നൽകുമെന്നല്ലാതെ അദ്ദേഹത്തിനു വലിയ പ്രാധാന്യമൊന്നും കല്പിക്കുന്നതിനു കമ്യൂണിസ്റ്റുകാർ അനുകൂലികളല്ല. നിർഭാഗ്യവശാൽ ഞങ്ങളുടെ സംഭാഷണം മാഡംസണ്ണിനെ ഇൻഡ്യയിലേക്കു ക്ഷണിക്കുന്ന കാര്യത്തെപ്പററി മാത്രം പരിമിതപ്പെടുത്തേണ്ടിവന്നു. എന്തെങ്കിലും ഒരു ചർച്ചയ്ക്കു ഉദ്യമിച്ചപ്പോഴെല്ലാം ജലദോഷമായിരുന്നതുകൊണ്ടു് സംസാരി

ക്കാൻ വിഷമമുണ്ടെന്നു പറഞ്ഞു് അവർ സംഭാഷണം മാററുമായിരുന്നു. ആരംഭത്തിൽ ഞങ്ങളുടെ സംഭാഷണം ഒരു ദ്വിഭാഷിയിൽ കൂടെയായിരുന്നെങ്കിലും സാവധാനത്തിൽ ഒന്നാംതരം ഇംഗ്ലീഷിൽ അവർ സംസാരിച്ചുതുടങ്ങി.

വിദേശകാര്യവകുപ്പിൽ വാർത്താവിതരണഗവേഷണ ഡയറക്ടർ ആയിരുന്ന മാഡംകുംഗ്‌വെനും നല്ലപോലെ ഇംഗ്ലീഷു സംസാരിക്കുമായിരുന്നു. അന്നു സമരപ്രദർശനസമ്മേളനത്തിൽ അവർ എന്നെ പത്തുമിനിട്ടു നേരത്തെ ഒരു വിസ്താരംതന്നെ നടത്തി. പ്രദർശനം സംബന്ധിച്ചുള്ള എൻെറ പ്രത്യാഘാതമെന്താണെന്നറിവാൻ അവർക്കു് ഉൽക്കണ്ഠയുണ്ടായിരുന്നു. എന്നാൽ ഇൻഡ്യൻസാംസ്കാരിക പ്രതിനിധിസംഘത്തിലെ രണ്ടംഗങ്ങൾ വിദേശകാര്യാലയത്തിൽ എത്തി ചൈനായെപ്പററി ചില വിവരങ്ങൾ അറിയുവാൻ അവരെ സമീപിച്ചപ്പോൾ ഇംഗ്ലീഷിൽ സംസാരിക്കുവാൻ വിസമ്മതിക്കയുണ്ടായി.

ഇംഗ്ലീഷു സംസാരിക്കുന്നതിലുള്ള ഈ വൈമനസ്യം ദേശാഭിമാനത്തിൻെറയും, ദേശീയനയത്തിൻെറയും പേരിൽ എൻെറ ഒരു പത്രപ്രവർത്തക സ്നേഹിതൻ ന്യായീകരിച്ചു. എന്നാൽ ഞാൻ വിചാരിച്ചതു് അതിഥികളായി ആഗതരായിരിക്കുന്നവരോടു അവർക്കു മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുന്നതു് കേവലം മര്യാദമാത്രമാണെന്നാണു്. ചൈനായിലെത്തിയ ഈ ഇൻഡ്യൻസന്ദർശകർ ഒരു സൗഹാർദ്ദസംസ്ഥാപന സംരംഭത്തിൽ ഏർപ്പെട്ടിരുന്നവർ മാത്രമാണു്. യാതൊരു നയതന്ത്രപരമായ ആലോചനകളിലും അവർ ഏർപ്പെട്ടിരുന്നില്ല. ഭാഷയുടെ നിഷ്കൃഷ്ടമായ വിനിയോഗം അത്യന്താപേക്ഷിതമല്ലാതിരുന്ന അനൗപചാരികസംഭാഷണങ്ങൾ മാത്രമായിരുന്നു അവരുടേതു്. ഏതു സംഭാഷണവും ഒരു സഹപ്രവർത്തകൻെറ പരിശോധനയും, പുനഃപരിശോധനയും കഴിയാതെ അനുവദിക്കപ്പെട്ടുകയില്ലെന്നാണു് കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചിരിക്കുന്ന നയമെന്നു് ഞാൻ വിചാരിക്കുന്നു. എല്ലാ കമ്യൂണിസ്റ്റുരാജ്യങ്ങളെയും ബാധിക്കുന്ന ഒരു പൊതുനയമാണതെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള സൂസൂക്ഷ്മനിരീക്ഷണത്തിൻെറ ഫലമായി എല്ലാ സംഭാഷണങ്ങളും, പ്രസംഗങ്ങളും, വിവരിക്കുന്ന വൃത്താന്തങ്ങളും വിരസമായ ചർവ്വിതചർവണങ്ങളായിത്തീരുന്നു. സന്ദർശകൻെറ വിജ്ഞാനത്തിനു് യാതൊരു പുതിയ നേട്ടവും ലഭിക്കുന്നുമില്ല. എല്ലാ വസ്തുതകളും, സ്ഥിതിവിവരക്കണക്കുകളും, വിവരണങ്ങളും പലപ്പോഴും എഴുതിത്തയാറാക്കിയിരുന്ന ഒരു രേഖയിൽനിന്നു് വീണ്ടും വീണ്ടും വായിക്കുകയായിരുന്നു. ഒരു കഥ പല പ്രാവശ്യം കേട്ടുകഴിയുമ്പോൾ, ചൈനീസ് ജനതയെപ്പോലെ തന്നെ സന്ദർശകനും, ലഭ്യമായ സകല തെളിവു

കളും ആസ്പദമാക്കി വിശദമാക്കിയ യഥാൎത്ഥവസ്തുതയാണ വയെന്നു വിചാരിച്ചുപോകുന്നു. സത്യസന്ധരും സദ്ദുദ്ദേശത്തോടു കൂടിയവരുമായ അനേകരും ചൈനായിൽനിന്നു തിരിച്ചുവരു മ്പോൾ ഇങ്ങനെ കേട്ട കഥകളെല്ലാം അവരുടെ സ്വന്തം അവ ലോകനങ്ങളിൽനിന്നു ലഭിച്ച വിവരങ്ങളായി റിപ്പോർട്ടുചെയ്യു ന്നതിൽ അത്ഭുതം തോന്നുന്നില്ല.

ഞങ്ങൾക്കു നൽകിക്കൊണ്ടിരുന്ന വിവരങ്ങൾ ഞങ്ങൾ അവിശ്വസിച്ചെങ്കിൽ ഞങ്ങളുടെ കൺമുൻപിൽ കണ്ട വസ്തു തകളെപ്പററി എന്തുപറയുന്നു എന്നൊരു ചോദ്യമുണ്ടാകാം. ചൈനാ സന്ദർശിച്ച ഞങ്ങളിൽ പലരോടും ഞങ്ങളുടെ അനു ഭവങ്ങളെപ്പററി പറയുവാൻ ആവശ്യപ്പെടാറുണ്ട്. ഞങ്ങളെ കാണിച്ചുതരാത്ത എന്തെങ്കിലും ഞങ്ങൾക്കു കാണുവാൻ കഴിയു മായിരുന്നോ? ചൈനാ സന്ദർശിക്കുന്ന ഒരാൾ, തയ്യാറാക്കപ്പെ ട്ടുന്ന പരിപാടിയനുസരിച്ചു മാത്രമേ നയിക്കപ്പെടുകയുള്ളു ആ പരിപാടി സ്വീകരിക്കുവാനോ പരിത്യജിക്കുവാനോ അയാൾക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഏതെങ്കിലും ഒരു സ്ഥലം സന്ദർശി ക്കുവാൻ മുൻകൂട്ടിയുള്ള ക്രമീകരണങ്ങൾ കൂടാതെ സാദ്ധ്യമല്ല. സന്ദർശകനു് ഇഷ്ടമുള്ള ഏതെങ്കിലും സ്ഥലത്തേക്കു പോകണ മെങ്കിൽ അതു തികച്ചും അസാദ്ധ്യമെന്നുതന്നെ പറയണം. പരി പാടിയനുസരിച്ചുള്ള സ്ഥലത്തേക്കു പോകാതിരിക്കാൻ അയാൾക്കു സ്വാതന്ത്ര്യമുണ്ട്. ഭാഷയുടെ വൈഷമ്യം മാത്രമല്ല ഈ കാൎയ്യ ത്തിൽ തടസ്സമായി വരുന്നതു്.

ഒരിക്കൽ ഇൻഡ്യൻ പ്രതിനിധിസംഘത്തിലെ ഒരംഗം പരി പാടിയനുസരിച്ചു സംഘത്തിൻെറ കൂടെ പോകുന്നതിനു പകരം പീക്കിംഗ് സർവകലാശാലയിലെ ഒരു പ്രൊഫസറെ സന്ദർശി ക്കുവാൻ തീരുമാനിച്ചു. അദ്ദേഹത്തെ പരിചയപ്പെടുത്തുന്നതിനു് ഒരു സുഹൃത്തു് പ്രൊഫസർക്കു നൽകിയിരുന്ന കത്തും അയാ ളുടെ കൈവശമുണ്ടായിരുന്നു. അദ്ദേഹത്തെ നയിക്കുന്നതിനു് സാധാരണ ഗതിയിൽ കൂടെപ്പോകുമായിരുന്ന ദ്വിഭാഷിസംഘ ത്തിൻെറ കൂടെ പോകേണ്ടിയിരുന്നു. തനിച്ചു സർവകലാശാലാ മന്ദിരത്തിൽ എത്തിയ ഇദ്ദേഹം പ്രൊഫസരുടെ മേൽവിലാസം എഴുതിയ ഒരു കടലാസും കയ്യിൽ പിടിച്ചു കാണുന്നവരോടെല്ലാം പ്രൊഫസറുടെ അടുക്കലേക്കു നയിക്കുവാൻ അഭ്യൎത്ഥിച്ചു. അദ്ദേഹം കണ്ട ആരും അതിനു തയാറായില്ല. കുറച്ചുകഴിഞ്ഞു് ഇംഗ്ലീഷു് സംസാരിക്കാൻ കഴിവുള്ള ഒരാൾ വന്നു് അദ്ദേഹ ത്തെ വളരെ സൗമ്യമായി അനുസ്മരിപ്പിച്ചു. മുൻകൂട്ടിയുള്ള ക്രമീ കരണങ്ങൾ കൂടാതെ പ്രൊഫസറെ കാണുവാൻ സാദ്ധ്യമല്ലെന്നു്. പ്രതിനിധിസംഘാംഗം സ്നേഹിതനെ കാണുവാൻ സാധി ക്കാതെ ഹോട്ടലിലേക്കു മടങ്ങി. പിന്നീടു് ഒരു നിയന്ത്രിതപ്രദേശ

മായ സർവകലാശാലയിൽ ദ്വിഭാഷിയെക്കൂടാതെ പോയതുതന്നെ തെററായിപ്പോയെന്നു് അധികാരികൾ ശാന്തമായി അദ്ദേഹത്തെ അറിയിക്കയുമുണ്ടായി.

അതിഥികളുടെ അഭീഷ്ടങ്ങളും താല്പര്യങ്ങളും അറിയിക്കുവാൻ അധികാരികൾ ആവശ്യപ്പെട്ടുമെന്നുള്ളതു് വാസ്തവമാണു്. സന്ദർശനങ്ങൾക്കുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ സാദ്ധ്യമാണെങ്കിൽ സന്ദർശകനെ അവിടെ കൊണ്ടുപോകയും ചെയ്യും. അതിനു സാദ്ധ്യമല്ലെങ്കിൽ അങ്ങനെയൊരു സ്ഥലമോ സ്ഥാപനമോ സ്ഥിതിചെയ്യുന്നില്ലെന്നായിരിക്കും മറുപടി. എന്റെ പ്രഥമസന്ദർശനത്തിൽ നാങ്കിംഗ് സർവകലാശാല നടത്തിയ ഒരു പ്രദർശനം കാണുവാൻ പോയി. പ്രദർശനവസ്തുക്കളിൽ ഒന്നു് ഈ സർവകലാശാല സ്ഥാപിക്കുന്നതിനുള്ള അനുവാദം ഒരു അമേരിക്കൻമിഷനു് നൽകിക്കൊണ്ടുള്ള ചാർട്ടറായിരുന്നു. ഈ രേഖകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരുന്നതു് ചൈനീസ് സംസ്കാരത്തെ വിജയിപ്പിക്കുവാൻ അമേരിക്കൻ സാമ്രാജ്യദുഷ്പ്രവൃത്തപം പദ്ധതി തയാറാക്കിയിരുന്നുവെന്നും കാണിക്കയായിരുന്നു. രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം എന്നിവ സംബന്ധിച്ചുള്ള ഇംഗ്ലീഷുഗ്രന്ഥങ്ങളുടെ ചില പേജുകൾ തുറന്നുവച്ചു് ചില വരികൾ ചുവന്ന പെൻസിലുകൊണ്ടു് അടയാളപ്പെടുത്തി പ്രദർശിക്കപ്പെട്ടിരുന്നു. ചൈനീസ് വിദ്യാർത്ഥിയുടെ ദേശീയബോധത്തെ ഹനിച്ചുകളയുവാൻ കരുതിക്കൂട്ടിയുള്ള ശ്രമമുണ്ടായിരുന്നുവെന്നു തെളിയിക്കുവാനാണു് അങ്ങനെ ചെയ്തിരുന്നതു്. ഈ സർവകലാശാലയിൽ ലക്ഷക്കണക്കിനു് അമേരിക്കൻഡോളർ ചെലവാക്കിയിരുന്നു എന്നെനിക്കറിയാമായിരുന്നു. അതുകൊണ്ടു് എന്റെ രണ്ടാം സന്ദർശനത്തിൽ ഇൻഡ്യൻ പ്രതിനിധിസംഘത്തോടു് സന്ദർശനപരിപാടിയിൽ ഈ സർവകലാശാല കൂടെ ഉൾപ്പെടുത്താൻ ചൈനീസധികൃതരോടാവശ്യപ്പെടണമെന്നു് ഞാൻ അഭിപ്രായപ്പെട്ടു. സംഘാംഗങ്ങളിൽ ഏതാനും പേർ ഇൻഡ്യൻ വിദ്യാഭ്യാസലോകത്തു് സുപ്രശസ്തരും ആയിരുന്നു. ഡെലിഗേഷൻ സെക്രട്ടറി ഈ അപേക്ഷ നൽകിയപ്പോൾ ലഭിച്ച മറുപടി നാങ്കിംഗിൽ അങ്ങനെയൊരു സർവകലാശാല സ്ഥിതിചെയ്യുന്നേയില്ലെന്നാണു്. പ്രകടമായിട്ടു് അതൊരു ഓർമ്മപ്പിശകായിരുന്നു. അവസാനം ഒരു സന്ദർശനം ക്രമപ്പെടുത്തിയപ്പോൾ സംഘത്തിലെ ഒരംഗത്തിനു മാത്രം അവിടെ എത്തിച്ചേരാനും രണ്ടോ പ്രൊഫസ്സന്മാരെ കാണുവാനും, ഏതാനും വിദ്യാർത്ഥികൾ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതു് സന്ദർശിക്കുവാനും സൗകര്യം അനുവദിച്ചു.

അതുപോലെയുള്ള അനേകസന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയെല്ലാം ഇവിടെ എടുത്തുപറയുന്നതു് വിരസമായ ഒരു ജോലിയായിരിക്കും. അനേകം പേർ നിഷേധിക്കുന്ന ഒരു വസ്തുത

യാണ് ഞാൻ ഈ പറയുന്ന ആരോപണം എന്ന് എനിക്കറിയാം. ഒരു പക്ഷേ തങ്ങളുടെ ആതിഥേയരോട്ടു കാണിക്കുന്ന ഒരു പമര്യാദയാണ് തങ്ങൾ ആഗ്രഹിച്ച സ്ഥലങ്ങളെല്ലാം സന്ദർശിക്കുവാൻ സൗകര്യം നൽകിയില്ലെന്നു പറയുന്നതെന്നുള്ള ഒരു തോന്നൽ കൊണ്ടായിരിക്കാം അവർ അങ്ങനെ ചെയ്യുന്നത്. എന്നാൽ നമ്മുടെ ജനങ്ങളോട്ട് ഉള്ളതു തുറന്നുപറയുവാൻ നമുക്കൊരു ബാദ്ധ്യതയുണ്ടെന്നാണ് എനിക്കു തോന്നുന്നത്. പ്രത്യേകിച്ച്, ഇൻഡ്യയിലെ സ്വാതന്ത്ര്യത്തിൻെറയും ജനായത്തഭരണത്തിൻെറയും നേരെ തുരങ്കം, വയ്ക്കുവാനും കമ്മ്യൂണിസ്റ്റുമാർഗ്ഗം മാത്രമാണ് പുരോഗതിക്കുള്ള ഉപാധിയെന്നു തെളിയിക്കുവാനും നമ്മുടെ ഉപചാരപൂർവമായ അംഗീകരണ പ്രസ്താവനകൾ വിനിയോഗിക്കപ്പെട്ടുകാണുമ്പോൾ അതു് അത്യാവശ്യമായി തോന്നുന്നു.

ഇങ്ങനെ പരിമിതമായ പ്രവർത്തനങ്ങൾ മാത്രമാണ് ഒരു സന്ദർശകനു് അനുവദിക്കപ്പെട്ടുന്നതെങ്കിലും സുസ്പഷ്ടവും എന്നാൽ ക്ഷണികവുമായ ചില അനുഭവപാഠങ്ങൾ വല്ലപ്പോഴുമൊക്കെ ചില വസ്തുതകളിൽ പ്രകാശം വീശി. അങ്ങനെ ഒരു കാഴ്ച്ചപ്പാട്ടു രൂപവൽക്കരിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞു. അങ്ങനെയുള്ള ഒരു വീക്ഷണസൗകര്യം സാമ്പത്തികവും വ്യാവസായികവുമായി ചൈനാ മുൻകാലത്തു് നേടിയിരുന്ന പുരോഗതിയെപ്പററിയുള്ള അറിവുമായി കൂട്ടിക്കലർത്തിയപ്പോൾ അടുത്തകാലത്തു് എന്താണവിടെ നടന്നുകൊണ്ടിരുന്നതെന്നു് മനസ്സിലാക്കുവാൻ സഹായിച്ചു. എല്ലാററിലുമധികം വസ്തുനിഷ്ഠമായ ഒരന്വേഷണബുദ്ധിയാണാവശ്യം. പ്രചരണങ്ങളുടെ ബാഹുല്യത്തിനിടയിൽകൂടെ യാഥാർത്ഥ്യത്തെ അന്വേഷിക്കുന്ന ഒരു മനസ്സും, തെളിവുകൾ ലഭിക്കുന്നതുവരെ വാസ്തവസ്ഥിതി സ്വീകരിക്കയൊ, ഉപേക്ഷിക്കയൊ ചെയ്യാതിരിക്കയുമാണ് വേണ്ടതു്.

യാഥാർത്ഥ്യങ്ങൾ അറിയാനുള്ള പ്രയത്നം ചൈനായിൽ കുറെക്കൂടെ വൈഷമ്യം കുറഞ്ഞതാണ്. കമ്മ്യൂണിസ്റ്റു് അടവുകളിൽ ചൈനാ അത്രതന്നെ പുരോഗമിച്ചു കഴിഞ്ഞിട്ടില്ല. അന്നന്നത്തെ ദിഷ്ടതിയുടെ പ്രശ്നങ്ങളിൽ മുഴുകിക്കഴിയുന്ന ജനലക്ഷങ്ങളാണവിടെ അധികവും. അതേ സമയം ഒരു കെട്ടുറപ്പുള്ള ഏകീകൃതരാജ്യമായി ചൈനാ ഇനിയും സംവിധാനപ്പെട്ടുകഴിഞ്ഞിട്ടില്ല. ചൈന ഏകഭരണത്തിൻ കീഴിൽ വന്നുകഴിഞ്ഞെങ്കിലും പീക്കിംഗിൽനിന്നുള്ള ഉത്തരവുകൾക്കു മുക്ഡൻ മുതൽ കാൻറൺ വരെയും, സിയാൻ മുതൽ ഷാംഗ്ഹായി വരെയും പ്രാബല്യമുണ്ടെങ്കിലും ഒരുപൊതുഭരണക്രമം ഇനിയും കെട്ടിപ്പട്ടുക്കേണ്ടതായും സ്വേച്ഛാധികാരത്തിൻെറ പിടിമുറുക്കലുകൾ സംപൂർണ്ണമായി ജനങ്ങളുടെ ജീവിതത്തെ ബാധിച്ചുകഴിയേണ്ടതായുമാണിരിക്കുന്നതു്. "വിമോചനം" പ്രായേണ ആധുനികമായ ഒരു നേട്ട

K. M. KURIAN
General Secretary
All Kerala Balajana Sakhyam
Manorama, Kottayam

മാണ്. എന്നാൽ ചൈനാ നേരിടുന്ന പ്രശ്നങ്ങൾ വളരെ പഴക്കം ചെന്നതും അതിഭീമവുമാണ്. ഞാൻ കേട്ട സംഭാഷണങ്ങളിലെ സ്വരഭേദങ്ങളും പദങ്ങളുടെ അതിസൂക്ഷ്മമായ ഉപയോഗവ്യത്യാസങ്ങളും ഞാൻ സശ്രദ്ധം നിരീക്ഷിച്ചു കൊണ്ടിരുന്നു. ഒരേചോദ്യം വളരെപ്പേരോടു ഞാൻ വീണ്ടും വീണ്ടും ചോദിച്ചു. ഇങ്ങിനെ ഞാൻ ആവർത്തിച്ചുകൊണ്ടിരുന്ന ചോദ്യങ്ങൾ സന്ദർശകരുടെ ക്ഷേമാന്വേഷണത്തിനു ചുമതലപ്പെട്ടത്തിയിരുന്ന ഉദ്യോഗസ്ഥന്മാരിൽ മുറുമുറുപ്പും, അപമര്യാദയും തന്നെ ഉളവാക്കിയെങ്കിലും രസകരമായ പല വിവരങ്ങളും താഴെപ്പറയുന്നപോലെയുള്ള പ്രസ്താവനകളിൽ നിന്ന് എനിക്കു ലഭിക്കയുണ്ടായി, "മഞ്ചൂറിയായിൽ നിന്നു സകല യന്ത്രങ്ങളും റഷ്യാക്കാർ കൊണ്ടുപോയി. അവയിൽ വളരെ കുറച്ചുമാത്രമേ തിരിച്ചു തന്നുള്ളു" "ഉത്തരകൊറിയാക്കാർ അക്ഷമരായിരിക്കുകയാണ്."

എൻെറ പ്രഥമസന്ദർശനം കഴിഞ്ഞു് അധികം താമസിയാതെ തന്നെ വീണ്ടും ചൈനായിലേക്കു വരുവാൻ ഇടയായതിൻെറ പ്രയോജനവും എനിക്കു ലഭിച്ചു. പുരോഗതിയെപ്പററി ഉന്നയിച്ചുകേട്ട അവകാശവാദങ്ങളിൽ എത്രമാത്രം കഴമ്പുണ്ടെന്ന് ഞാൻ സന്ദർശിച്ച രണ്ടു കാലഘട്ടങ്ങളെ: താരതമ്യപ്പെട്ടത്തി വിലയിരുത്താൻ സാധിച്ചു. എൻെറ രാഷ്ട്രീയ ജീവിതാനുഭവങ്ങളും 1939 മുതൽ 1942 വരെ ഇൻഡ്യൻനാഷനൽ പ്ളാനിംഗ് സെക്രട്ടറിയെന്ന നിലയിൽ ലഭിച്ച സാമ്പത്തികപരിശീലനവും മൂലം അവികസിത രാജ്യങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയിൽ അന്തർഭവിച്ചിരുന്ന വിവിധ വശങ്ങളെ ശരിയായി മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞിരുന്നു. മർദ്ദിതരും ക്ഷുത്പീഡിതരുമായ ഒരു ജനതയുടെ പ്രാഥമികാസക്തി വ്യക്തിപരവും ദേശീയവുമായ സ്വാതന്ത്ര്യത്തിനും ആവശ്യത്തിനുള്ള ആഹാരവും, വസ്ത്രവും, താമസസൗകര്യവുമുള്ള മനുഷ്യജീവിതത്തിൻെറ പൗരാവകാശത്തിനും വേണ്ടിയാണെന്നുള്ള വാസ്തവം എനിക്കറിയാം. ഇവയുടെ സംതൃപ്തിക്കുവേണ്ടിയുള്ള തൃഷ്ണ ഏഷ്യയിലെയും, ആഫ്റിക്കയിലെയും നിരാശാതപ്തരായ ജനങ്ങളെ കമ്മ്യൂണിസത്തിലേക്കു തള്ളിവിടുന്നതായി ഞാൻ കണ്ടിട്ടുണ്ട്.

ചൈനീസ് ജനതയെപ്പററി വളരെ മതിപ്പാണ് എനിക്കെന്നും തോന്നിയിട്ടുള്ളതു്. സ്വാതന്ത്ര്യത്തിനും സമാധാനത്തിനും വേണ്ടിയുള്ള അവരുടെ സമരം നമ്മുടെ രണ്ടു രാജ്യങ്ങളുടെയും പൊതുവായ ലക്ഷ്യങ്ങളുടെയും പോരാട്ടത്തിൻെറയും ഭാഗമാണെന്ന് എനിക്കറിയാം. നമ്മുടെ ലക്ഷ്യങ്ങൾ സാധിക്കുന്നതിന് നാം തമ്മിലുള്ള സൗഹാർദ്ദവും പരസ്പരധാരണകളും വളരെ സഹായിക്കുകയും ചെയ്യും. എന്നാൽ സ്വേച്ഛാധിപത്യഭരണം

ജനങ്ങളെ അടിമത്വത്തിലേയ്ക്കു നയിക്കുകയും. സമാധാനവും,പുരോഗതിയും അപകടത്തിലാക്കുകയും ചെയ്യുമെന്നും എനിക്കറിയാം. നമ്മെ സംബന്ധിച്ചുപറയുകയാണെങ്കിൽ ചൈനായിൽ എന്തു ഭരണമാണ് നടക്കുന്നതെന്നുള്ളതു് നമുക്ക് ഉൽക്കണ്ഠയ്ക്കു കാരണമൊന്നുമല്ല. അവർ കമ്മ്യൂണിസ്റ്റു ഭരണംകൊണ്ടു് സംതൃപ്തരായിരുന്നെങ്കിൽ അതു മതിയാകുമായിരുന്നു. അവരുമായി സൗഹാർദ്ദത്തിലും സഹകരണത്തിലും തുടർന്നു പോരാനും പ്രയാസമുണ്ടാകയില്ല. ഞാൻ അവിടെ കണ്ടതു് അതേപടി ഞാൻ എഴുതുന്നതു് രാജ്യാന്തരകമ്മ്യൂണിസം ഏഷ്യൻ രാജ്യങ്ങളിലെ സ്വാതന്ത്ര്യം താറുമാറാക്കാൻ ശ്രമിക്കുന്നതുകൊണ്ടാണു്; ചൈനായിലെ സ്ഥിതിഗതികളെപ്പററി അവാസ്തവങ്ങളായവിവരങ്ങൾ നൽകി ഭക്ഷണത്തിനും വീടിനും വിശന്നുദാഹിച്ചിരുന്ന യാളുകളെ അവരുടെ സ്വന്തജനങ്ങളുടെ നേരെ ഇളക്കിവിടുന്ന ശ്രമങ്ങൾ നടക്കുന്നതുകൊണ്ടാണു്.

ഇൻഡ്യയിലെ തെരഞ്ഞെടുപ്പുകാലങ്ങളിൽ കമ്മ്യൂണിസ്റ്റുകാരുടെ അവകാശവാദങ്ങൾ ഇൻഡ്യൻ സമ്മതിദായകരെ എങ്ങനെ സ്വാധീനപ്പെടുത്തുന്നുവെന്നു ഞാൻ കണ്ടറിഞ്ഞിട്ടുള്ളതാണു്. എൻെറ കൂടെ പ്രഥമ സന്ദർശനത്തിൽ ചൈനായിൽ വന്ന പലരും കമ്മ്യൂണിസ്റ്റു് സഹയാത്രക്കാരും, ഞങ്ങൾ കണ്ടതെല്ലാം പ്രശംസിച്ചുകൊണ്ടിരുന്നവരുമാണു്. പരമ്പരാഗതമായി ഇൻഡ്യയും ചൈനായും തമ്മിലുള്ള സൗഹാർദ്ദബന്ധം, ഇവരുടേതുപോലെയുള്ള പ്രചരണങ്ങളെ അപ്പടിവിശ്വസിപ്പിക്കുകയും ജനങ്ങളിൽ സ്വാധീനം ചെലുത്തുകയും ചെയ്യാൻ സഹായിച്ചു. ഇൻഡ്യൻ സാംസ്കാരികപ്രതിനിധി സംഘത്തിലെ പല അംഗങ്ങളും മര്യാദ പരിഗണിച്ചു മൂകത അവലംബിക്കയും ചെയ്തിരുന്നു. അതുകൊണ്ടു് പുരോഗതിയെപ്പററിയുള്ള ഈ അവകാശവാദങ്ങൾ ഏഷ്യയിലെ അനേകലക്ഷം ജനങ്ങളിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കയാണു്. ഈ ജനലക്ഷങ്ങൾ അറിയുന്നില്ല സ്വാതന്ത്ര്യത്തിൻെറയും, സമാധാനത്തിൻെറയും, പുരോഗതിയുടെയും പേരിൽ അവർ അഭിലഷിക്കുന്ന കാര്യങ്ങൾ തന്നെ അവർക്കു നിഷേധിക്കുന്ന സ്വേച്ഛാധിപത്യഭരണത്തിലേക്കു സാവധാനമായി അവരെ നയിച്ചുകൊണ്ടു പോകുകയാണെന്നു്.

വിപുലമായ ഒരു രാജ്യത്തിൻെറ അതിർത്തികളിൽ മാത്രമേ ഞാൻ എത്തിയിട്ടുള്ളു എന്നെനിക്കറിയാം. ചൈനാക്കാരുടെ അഭിപ്രായത്തിൽ അന്യർ കാണുന്നതിനു് അനുവദിക്കാവുന്ന കാര്യങ്ങളെ ഞാൻ കണ്ടിട്ടുള്ളു. എൻെറ നിരൂപണങ്ങൾ പലതും നീതീകരിക്കത്തക്കതോ അതിശയോക്തിപരങ്ങളോ ആയിപ്പോകാം. എന്നാൽ ഞാൻ കണ്ട കുറച്ചുകാര്യങ്ങൾ മററുള്ളവ

രോട്ടം പറയേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് എനിക്കു തോന്നുന്നു. സാധാരണക്കാരൻെറ സ്ഥിതി നന്നാക്കുവാനുള്ള വ്യഗ്രതയിൽ നമ്മുടെ ദേശീയസ്വാതന്ത്ര്യത്തിൻെറയും ജനായത്തഭരണത്തിൻെറയും അടിസ്ഥാനം മാന്തുന്ന ജോലിയിൽ ഏർപ്പെട്ടു പോകുന്ന സ്വജനങ്ങളോടു ഞാൻ കണ്ടതു പറയുന്നതു് ആവശ്യം തന്നെയാണു്.

ഗാന്ധിജിയുടെ കീഴിൽ, മാർഗ്ഗങ്ങൾ ഉത്തമമായിരിക്കേണ്ടതിൻെറ പ്രാധാന്യത്തെപ്പററി ഞാൻ പഠിച്ചിട്ടുണ്ടു്. എന്നാൽ അതിൻെറ സിദ്ധാന്തപരമായ വശങ്ങളെപ്പററി ഞാൻ അത്ര തല്പരനായിരുന്നില്ല. വിശപ്പുകൊണ്ടു് വലയുന്ന ജനതയോടു് അവരുടെ ആവശ്യങ്ങൾ നേടുവാൻ ഉത്തമമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതുവരെ ക്ഷമാപൂർവ്വം താമസിക്കണമെന്നു് പറയുന്നതു് മടയത്തരമാണെന്നു് എനിക്കറിയാം. എന്നാൽ ഞാൻ ചൈനായിൽ കണ്ട കാര്യങ്ങൾ എന്നെ ബോദ്ധ്യപ്പെടുത്തിയ ഒരു സംഗതി തെററായ മാർഗ്ഗങ്ങൾ വിജയത്തിൽ എത്തിക്കുന്നെങ്കിൽ തന്നെ ആ വിജയം താൽക്കാലികം മാത്രമായിരിക്കുമെന്നുള്ളതാണു്. ഈ മാർഗ്ഗങ്ങളിൽ അവകൊണ്ടു നേടണമെന്നുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നശിപ്പിക്കുന്നതിനുള്ള വിത്തുകൾ അന്തർലീനമായി സ്ഥിതിചെയ്യുന്നുണ്ടു്.

മാവോസെ-തുംഗിൻെറ പുതിയ ജനായത്ത സ്വേച്ഛാധിപത്യത്തിൽ ചൈനീസ്ജനത സ്വാതന്ത്ര്യവും, യഥാർത്ഥജനായത്തഭരണരീതിയും സമ്പാദിച്ചുവൊയെന്നു കാണുവാനാണു് ഞാൻ ചൈനായിൽ പോയതു്. നിഷ്ഠുരമായ ഒരു വർഗ്ഗസമരം നടത്തിക്കൊണ്ടിരുന്ന ഒരു ഗവർമ്മെൻറിനെ ഞാൻ അവിടെ കണ്ടു.

കമ്യൂണിസംകൊണ്ടു് എത്രമാത്രം പുരോഗതി പ്രാപിച്ചുയെന്നു കാണുവാനാണു് ഞാൻ ചൈനായിൽ പോയതു്. സത്യം അറിയുന്ന ഏകമാർഗ്ഗമെന്നവകാശപ്പെടുന്ന ഒരു മതംതന്നെയാണു കമ്യൂണിസം എന്നെനിക്കറിയാം. അതിനെപ്പററി എന്തെങ്കിലും സംശയങ്ങൾ ഉന്നയിക്കുന്നതുതന്നെ വേദവിപരീതമാണു്. മതവിശ്വാസം പ്രായേണ അത്ഭുതങ്ങളെയടിസ്ഥാനപ്പെടുത്തിയാണു് വളത്തിക്കൊണ്ടുവരുന്നതു്. സാമ്പത്തികവും, സാംസ്കാരികവും ശാസ്ത്രീയവുമായ അനേക അത്ഭുതപുരോഗമനങ്ങൾ കമ്യൂണിസം അവകാശപ്പെടുന്നു. ഞാൻ വിശ്വസിക്കുന്നതു് പുരോഗമനം സാദ്ധ്യമാകുന്നതു് സംശയങ്ങൾ ചോദിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യമനസ്സിലുള്ളപ്പോൾ മാത്രമാണെന്നാണു്. ഭീതികൂടാതെ കാര്യങ്ങളിൽ പ്രവേശിക്കാനുള്ള സാഹസികത്വവും, സംശയങ്ങളുടെ നേരെ തുറന്ന മനസ്സും ഉള്ളിടത്താണു് പുരോഗതി.

സാങ്കേതികമായ ജ്ഞാനക്കുറവിൻെറ ഫലമായി വ്യവസായ നിശ്ചലതപോലും തന്നെ ഞാൻ അവിടെ ദർശിച്ചു. ചൈനായിൽ സാങ്കേതിക വിജ്ഞാനമുള്ള കുറച്ചുപേരേത്തന്നെ പീഡിപ്പിക്കുകയും, മസ്തിഷ്കപ്രക്ഷാളനമൊ, "അദ്ധ്യാനത്തിൽക്കൂടെയുള്ള നവീകരണ"മൊ നടത്തുന്ന ഒരുവക സംസ്കരനനടപടിയിൽ ബദ്ധപ്പെടുത്തുകയോ ചെയ്യുകയാണ്.

ഭൂപരിഷ്കാരം കർഷകക്ക സംതൃപ്തിയാണ് ജനിപ്പിച്ചിരിക്കുന്നതെന്നും, സമാധാനകാലത്തുള്ള കൃഷി മുമ്പു സാധാരണയായി കിട്ടിക്കൊണ്ടിരുന്ന വിളവ് നൽകുന്നുവെന്നും ഞാൻ മനസ്സിലാക്കി. എന്നാൽ ഇങ്ങനെ വശീകരിച്ച കർഷകരുടെ തീക്ഷ്ണവികാരങ്ങൾ കമ്യൂണിസ്റ്റ്‌സ്വേച്ഛാധിപത്യത്തിൻെറ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും സാധിക്കുവാൻ ശരിക്കു് ഉപയോഗിക്കയാണ് ചെയ്യുന്നതു്.

ഹ്യൂയിസു, ചുവാംഗ്സുവിനോടു പറഞ്ഞു; "വികാരരഹിതമായ ഒരു നിലപ്രാപിക്കുവാൻ ഒരു മനുഷ്യനു കഴിയുമൊ."

ചുവാംഗ്സു പറഞ്ഞു "കഴിയും."

ഹ്യൂയിസു:—"വികാരങ്ങളില്ലാത്ത ഒരു മനുഷ്യനെ മനുഷ്യനെന്നു വിളിച്ചുകൂടാ."

ചുവാംഗ്സ്:—"താവൊ മനുഷ്യനു് സാരാംശം നൽകി. സ്വർഗ്ഗം അവനു് ആകൃതി നൽകി. പിന്നെ അവനെ മനുഷ്യനെന്നു വിളിക്കാതിരിക്കുന്നതെങ്ങനെയാണ്."

ഹ്യൂയിസു്:—"അവൻ ഒരു മനുഷ്യനാണെന്നു സമ്മതിച്ചാൽ തന്നെ, അവൻ എങ്ങിനെയാണ് വികാരരഹിതമായിരിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്."

ചുവാംഗ്സു്-"ഞാൻ പറയുന്നതു് നിങ്ങൾക്കു മനസ്സിലാകുന്നില്ല. വികാരരഹിതമെന്നു് ഞാൻ പറയുമ്പോൾ ഞാൻ അർത്ഥമാക്കുന്നതു് സ്നേഹമൊ വിദ്വേഷമൊ അവൻെറ ഉള്ളിൽ ഹാനി വരുത്തുവാൻ അനുവദിക്കുകയില്ലെന്നാണ്. സംഗതികളുടെ സംഭവഗതിയനുസരിച്ചു് അവൻ സ്വയം നയിക്കുകയും, ജീവിതത്തെ ചൂഷണം ചെയ്യാതിരിക്കയും ചെയ്യും."

ഹ്യൂയിസു പറഞ്ഞു:—അവൻ ചൂഷണം ചെയ്യുന്നില്ലെങ്കിൽ അവനു് ഒരു ശരീരം ഉള്ളതുകൊണ്ടു് എന്തു, പ്രയോജനമാണ്." *

---

* "ചുവാംഗ്സു" ആർതർ വെയിലിയുടെ പരിഭാഷ.

ഒരു മഹാജനതയെ ഒരു പുതിയ പ്രത്യാശ നൽകി തട്ടിയുണർത്തിയതിൻെറ ഫലമായി അവക്ക് ഉന്മേഷം പൂണ്ടതായി ഞാൻ കണ്ടു. എന്നാൽ അതല്പനേരത്തേക്കു മാത്രമേ നിലനിന്നുള്ളൂ. ഉരുണ്ടുകൂടിവരുന്ന അന്ധകാരത്തിൻെറ കാററിൽ അവർ വീണ്ടും കുടുങ്ങി. ആ ജനതയുടെ വികാരാഗ്നിയെ തട്ടിക്കെടുത്തുന്നതിനാണ് അന്ധകാരം ശ്രമിക്കുന്നതു്. ആ ജനതയുടെ മനുഷ്യത്വം, സൗമ്യത, സഹിഷ്ണുത, വിജ്ഞാനതൃഷ്ണയെന്നിവയെല്ലാം അതു കെടുത്തും. ചൈനായിലെ നാല്പതുകോടി ജനങ്ങളെ ഒരു സ്വേച്ഛാധിപത്യത്തിൻെറ സേവനാൎത്ഥം വികാരരഹിതമായ നിശ്ചലതയിലേക്ക് അടിച്ചുതാഴ്ത്തിക്കൊണ്ടിരിക്കുന്നു. ഭക്ഷിക്കുവാനുള്ള അവരുടെ അവകാശത്തിനു് അവരുടെ മനുഷ്യത്വമാണ് പണയം വച്ചിരിക്കുന്നതു്.

2

# പീക്കിംഗ്

ഗവർമ്മെൻറിൻെറ ഒരു ബഹുമാന്യാതിഥിയെന്ന നിലയിൽ ചൈനായിൽ സഞ്ചരിക്കുന്നതു് ഹൃദ്യമായ ഒരനുഭവമാണു്. വിമാനസർവ്വീസുകൾ ഒന്നുമില്ല. അതിഥിയുടെ ഉപയോഗത്തിനു് ഒരു സൈനികവിമാനം വിട്ടുകൊടുത്താൽ മാത്രമേ വിമാനയാത്ര സാദ്ധ്യമാകയുള്ളു. എന്നാൽ തീവണ്ടികൾ നല്ല വൃത്തിയുള്ളതും കൃത്യസമയങ്ങളിൽ ഓടുന്നവയുമാണു്. അതിഥികൾക്കു പ്രത്യേക റെയിൽവേ കോച്ചുകൾ സൗകര്യപ്പെടുത്തിയിരിക്കും. ജനായത്ത രാജ്യങ്ങളിലെ തീവണ്ടിസ്റ്റേഷനുകളിൽ കാണുന്ന തിക്കും തെരക്കുമൊന്നും അവിടെ കാണുകയില്ല. ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു പോകുവാനുള്ള പ്രത്യേകാവകാശം സമ്പാദിച്ചവരെ വളരെ അടക്കത്തിലും ചിട്ടയിലുമാണു് വണ്ടിയിൽ ഇരുത്തിയിരിക്കുന്നതു്.

എൻെറ പ്രഥമസന്ദർശനത്തിൽ ഞാൻ ചൈനായിൽ പ്രവേശിച്ചതു് ഹോങ്കോംഗിൽനിന്നു് കാൻറണിലേക്കുള്ള ഏതാനും മണിക്കൂർനേരത്തെ യാത്രകഴിഞ്ഞാണു്. നേരിട്ടുള്ള തീവണ്ടികൾ ഇല്ലായിരുന്നു. കസ്റ്റംസ് അതിർത്തിയിൽ ഏകദേശം ഒരു ഫർലോംഗ് നടന്നുപോരേണ്ടിയിരുന്നു. അതിർത്തികൾ എത്ര കരുതലോടുകൂടിയാണു് കാക്കപ്പെട്ടിരുന്നതെന്നു് അപ്പോൾ എനിക്കു മനസ്സിലായി. നല്ല ഒരു എക്സറേ പരിശോധനപോലെ നിഷ്കൃഷ്ടമായ പരിശോധനകൾ കഴിഞ്ഞേ ചൈനീസ്‌യാത്രക്കാരനു ഉള്ളിൽ കടക്കുവാൻ അനുവാദം ലഭിക്കയുള്ളു. പെട്ടിയും സാമാനങ്ങളുമെല്ലാം തീവണ്ടിയിൽ വച്ചു് അനേകം പ്രാവശ്യം ആയുധപാണികളായ കാവൽക്കാർ പരിശോധിക്കും. സ്റ്റെൻ തോക്കുകൾ തന്നെ കൈവശമുള്ള ഭടന്മാരായിരുന്നു ഈ പരിശോധകർ. പ്രചരണപ്രസംഗങ്ങളും, യൂത്ത്‌ലീഗ്‌അംഗങ്ങൾ നടത്തിയ ലഘുലേഖവില്പനകളും തീവണ്ടിയിൽ തുടർന്നുകൊണ്ടിരുന്നു. എല്ലാ സ്റ്റേഷനുകളിലും ആയുധപാണികളായ ഭടന്മാർ കാവൽ നിന്നിരുന്നു. കാൻറണിൽ എത്തിയപ്പോൾ പുഷ്പങ്ങൾ കയ്യിൽ ഏന്തി വരിവരിയായിനിന്ന ആൺകുട്ടികളും പെൺകുട്ടികളും ഞങ്ങൾക്കു ഗംഭീരമായ ഒരു സ്വീകരണം നൽകി. ഇവരുടെ അപ്പുറത്തായ

വിവിധ സംഘടനകളുടെ പ്രതിനിധികൾ അണിനിരന്നു നിന്നിരുന്നു. അവരുമായി ഹസ്തദാനം കഴിഞ്ഞു ഞങ്ങൾ പുറത്തേയ്ക്കു പോകുകയും അവിടെ തയാറായിനിന്ന കാറുകളിൽ ക്ഷണത്തിൽ ഞങ്ങളെ അതിഥി മന്ദിരത്തിലേക്ക് ആനയിക്കയും ചെയ്തു. അവിടെവച്ചു കാൻറണിലെ പ്രാദേശിക ആതിഥേയന്മാർ ഞങ്ങളെ സ്വീകരിച്ചു. ഞങ്ങളെ ഓരോരുത്തരായി പ്രത്യേകം പ്രത്യേകം പരിചയപ്പെടുത്തിയശേഷം ഞങ്ങളുടെ മുറികൾക്കായി കാത്തുനിന്നയവസരത്തിൽ ഞങ്ങൾക്കു ചായയും പഴങ്ങളും നൽകുകയുണ്ടായി. വൈകുന്നേരം ഒരു ഡിന്നർ സൽക്കാരം നടത്തപ്പെട്ടു. സ്വാഗതപ്രസംഗങ്ങൾ നടക്കുകയും അവയ്ക്കു മറുപടിയായി ഇൻഡ്യൻ ജനതയ്ക്കു് ചൈനാക്കാരുടെനേർക്കുള്ള സൗഹാർദ്ദത്തെയും അനുഭാവത്തെയും ഞങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. ഞങ്ങൾ പിന്നീടു പോയിടത്തെല്ലാം ഇതേപരിപാടി തന്നെ ആവർത്തിക്കപ്പെട്ടു.

അന്നു വൈകുന്നേരം, യുദ്ധംകൊണ്ടു ക്ഷീണിച്ച ചൈനാരാജ്യത്തിലാണു് ഞാൻ നിൽക്കുന്നതെന്നുള്ള ഒരനുസ്മരണ എനിക്കുണ്ടായി. കുളികഴിഞ്ഞു ഞാൻ ഡിന്നറിനുവേണ്ടി വസ്ത്രം മാറുകയായിരുന്നു. പെട്ടെന്നു്, ആസന്നമായ വിമാനാക്രമണത്തെ സൂചിപ്പിക്കുന്ന സൈറൺ ഊതുകയും നഗരം മുഴുവൻ അന്ധകാരാവൃതമാകുകയും ചെയ്തു. ഇങ്ങനെയൊരു വിമാനാക്രമണ പരിശീലനം നൽകുന്ന കരുതൽ നടപടികളുടെ ആവശ്യമെന്താണെന്നോ, ആരുടെ നേർക്കാണെന്നോ എനിക്കു മനസ്സിലായില്ല. കുറെക്കഴിഞ്ഞു് ഇതിനെപ്പററി ഞാൻ അന്വേഷിച്ചപ്പോൾ ആർക്കും അതിനൊരു വിശദീകരണം നൽകുവാൻ കഴിഞ്ഞില്ല. ഫോർമോസാ വലിയ ദൂരെയല്ലെന്നും, ദക്ഷിണ ചൈനയിൽ ചിയാങ്ങിൻെറ ഏജൻറന്മാർ വളരെ ജാഗ്രതയായി പ്രവർത്തനം നടത്തുന്നുണ്ടെന്നും മാത്രം ഒരു സമാധാനം ലഭിച്ചു. കാൻറണിൽ നാലു ദിവസം താമസിച്ചതിനിടയിൽ ഈ മുൻകരുതലുകൾ മൂന്നു പ്രാവശ്യം ആവർത്തിക്കപ്പെട്ടു. അവിടത്തെ ഒരു സാധാരണ നടപടിയാണിതെന്നു തോന്നി.

കാൻറൺനഗരം ഒരൊററ വലിയ കമ്പോളമാണു്. എല്ലാ തെരുവുകളും തുടന്നു തുടന്നു പോകുന്ന ഷോപ്പുകളെക്കൊണ്ടു് നിബിഡമാണു്. അവയിലെല്ലാം സാമാനങ്ങൾ നിറഞ്ഞിരുന്നതായി കണ്ടു. മുൻപു ശേഖരിച്ചുവച്ചിരുന്ന സാധനങ്ങൾ പുറത്തുവന്നതായിട്ടാണു് അവയെ വിചാരിക്കേണ്ടതു്. ഗവർമ്മെൻറു വക ഡിപ്പാർട്ടുമെൻറു് സ്റ്റോറുകളിലല്ലാതെ വാങ്ങുവാൻ ആളുകൾ തിങ്ങിക്കൂടിയ ഒരു സ്ഥലവും കണ്ടില്ല. തെരുവുകൾ വെറുപ്പു തോന്നത്തക്കവിധം വികൃതരൂപമുള്ളതാണു്. ഷോപ്പുകളുടെ പേരുകൾ വലിയ ചൈനീസു് അക്ഷരത്തിൽ എഴുതിയ ബോർഡു,

കളാണ് അവിടത്തെ ഏക അലങ്കാരം. വാഹനഗതാഗതം ഇല്ലെന്നു തന്നെ പറയാം. അങ്ങുമിങ്ങും റിക്ഷാകൾ മാത്രം പോകുന്നതു് കാണാം. എന്നാൽ സൈക്കിൾ ഘടിപ്പിച്ചതായ ഈ റിക്ഷാകൾ അനേകായിരമായി വേലകാത്തു് അവയുടെ ചുവപ്പു നിറംമങ്ങിയ ശീലയുമായി വഴിയരികിൽ നിരത്തിയിട്ടിരിക്കുന്നതും കാണാൻ കഴിയും. ഞങ്ങൾ സഞ്ചരിച്ച കാറുകൾ ഈ റോഡുകളിൽക്കൂടെ ചീറിപ്പോകുന്ന വേഗത്തിൽ എലക്ട്രിക്ക് ഹോണിൻെറ ശബ്ദം നിറുത്താതെ പാഞ്ഞുകൊണ്ടിരുന്നു.

പേൾ നദിയിലും, തോട്ടുകളിലും അനേകായിരം കുടുംബങ്ങൾ ഒരു തരം ചീനക്കപ്പലുകളിൽ താമസിച്ചിരുന്നു. ഒരു ദിവസം രാവിലെ നദിയുടെ കരയിൽക്കൂടെയുള്ള റോഡിൽ നടന്നുപോയപ്പോൾ, അത്ര വളരെയൊന്നും നിഷ്ഠുരത പാലിച്ചിട്ടില്ലാത്ത അവരുടെ ജീവിതരീതി കാണുവാൻ ഇടയായി. വർണ്ണശബളമായ ഒരു കാഴ്ചയായിരുന്നു അതു്. ഞാൻ ചൈനായിൽ മററു സ്ഥലങ്ങളിൽ കണ്ടിട്ടുള്ള സൗന്ദര്യവതികളായ സ്ത്രീകളുടെ സംഖ്യ എല്ലാം കൂടെ കൂട്ടിയാലും ഈ ചെറിയ കപ്പലുകളിൽ താമസിച്ചിരുന്ന അത്രയും ലാവണ്യം തികഞ്ഞ സ്ത്രീകളെയും കുഞ്ഞുങ്ങളെയും കണ്ടില്ല. അവരുടെ ദേഹത്തിൽ ഒതുങ്ങിക്കിടന്ന കേവലം സാധാരണമായ നീലയോ, കറുത്തതോ ആയ ഉടുപ്പുകളും, അവരുടെ കറുത്ത മുടികൾ നീണ്ടുകിടക്കുന്നതു് ചീകിക്കൊണ്ടു നിന്നപ്പോഴുള്ള തിളക്കവും, ബദാംകുരുവിൻെറ നിറത്തോട്ടുകൂടിയുള്ള മുഖകമലങ്ങൾ റോസാപുഷ്പത്തിൻെറ നേരിയ അരുണിമയോട്ടുകൂടി വിളങ്ങുന്നതുമെല്ലാം മറക്കുവാനാവാത്ത ഒരു കാഴ്ചയാണ് എനിക്കു നൽകിയതു്. എന്നാൽ, നീളം കുറച്ചു വെട്ടിയ തലമുടിയും, ജീർണ്ണിച്ച സൺയാററു്—സെൻ ഉടുപ്പുകളുമായി പ്രത്യക്ഷപ്പെട്ടുന്ന അവരുടെ മുഖത്തു് പുഞ്ചിരികൾ മങ്ങിമറഞ്ഞു്, ഒരു രൂക്ഷതയും ഉഗ്രതയും കരിനിഴൽ വീശിയതു് നിർഭാഗ്യകരമായിത്തോന്നി.

നഗര മദ്ധ്യത്തിൽ ഒരു പഴയ കെട്ടിടത്തിൻെറ സ്മാരകാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്നു. ഒഴിഞ്ഞ ഒരു കക്കാത്തോട്ടമാതിരി അതവിടെനിന്നു. അതിൻെറ കൽത്തൂൺ നിരകൾ എക്സിബിഷൻ മൈതാനത്തെ ഭരിച്ചുനിൽക്കുന്നതായിത്തോന്നും. ജപ്പാൻകാരുമായുള്ള ദീർഘസമരത്തിൽ ചൈനീസ് ജനത അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടെ സ്മാരകമായിട്ടാണ് ആ കെട്ടിടം നിൽക്കുന്നതു്. നഗരത്തിൻെറ മറെറാരു മുക്കിൽ, മുമ്പു ബ്രിട്ടീഷുകാർക്ക് സൗജന്യമായനുവദിച്ചിരുന്ന സ്ഥാനവും, നഗരവും തമ്മിൽ യോജിപ്പിച്ച പാലത്തിനു സമീപം വേറൊരു സ്മാരകം നിൽപ്പുണ്ടു്. "ഷൊക്കീ കൂട്ടക്കൊല" നടന്നതിൻെറ സ്മാരകം

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രകടനക്കാക്കെതിരായി ബ്രിട്ടീഷ് ഫ്രഞ്ചു സൈന്യങ്ങൾ വെടിവച്ചതിന്റെ സ്മാരകമായിരുന്നു അതു്.

ഇന്നു ജനകീയ വിമോചന സൈന്യത്തിലെ ഭടന്മാർ ഈ പാലത്തിൽ റോന്തുചുററുന്നുണ്ടു്. ഒരു ചൈനീസ് പോർട്ടർ തലയിലൊരു ഭാണ്ഡവുമായി പാലത്തിൽ നടന്നുപോകുന്നതു് ഞാൻ കണ്ടു. തോളിൽ ഒരു തോക്കു് തൂക്കിയിട്ടിരുന്ന ഒരു ഭടൻ അവനെ അലസമായി സൂക്ഷിച്ചുനോക്കി നിന്നിരുന്നു. പോർട്ടർ അടുത്തുചെന്നപ്പോൾ തോക്കെടുത്തു് അയാളുടെ വിലങ്ങെ മാർഗ്ഗ തടസ്സമായി നീട്ടിക്കൊണ്ടു് ചോദിച്ചു "തന്റെ കാർഡ് എവിടെ" എന്നു്; ശാന്തമായി ആ സാധു ഭാണ്ഡം താഴെ ഇറക്കി ഭദ്രമായി ഉടുപ്പിനുള്ളിൽ എവിടെയോ സൂക്ഷിച്ചിരുന്ന ഒരു ചുവന്ന ഐഡൻറിററികാർഡു് തപ്പി എടുത്തു കാണിച്ചു. ഇതാണു് നവീന ചൈനാ.

72752

കാൻറണിൽനിന്നു ഹാങ്കോവഴി ഞങ്ങൾ പീക്കിംഗിലേക്കു വിമാനമാർഗ്ഗം തിരിച്ചു. ഒരു ഡക്കോട്ടാ വിമാനത്തിലാണു് ഞങ്ങൾ യാത്ര ചെയ്തതു്. ഞങ്ങളുടെ ഉദ്ദിഷ്ടസ്ഥലത്തെത്തുവാൻ എട്ടുമണിക്കൂർനേരത്തെ വിമാനയാത്ര വേണ്ടിവന്നു. കാൻറണിലും, ഹാങ്കോവിലും കണ്ട വിമാനത്താവളങ്ങളുടെ സ്ഥിതി അതിശോചനീയമായിരുന്നുയെന്നു പറയാം. വിമാനത്താവളങ്ങൾ കുണ്ടും കുഴിയുമായി കിടന്നിരുന്നു. എവിടെയെങ്കിലും ഇരിക്കാനോ, യാത്രാസമയം കാത്തു നിൽക്കാനോ സൗകര്യമുണ്ടായിരുന്നില്ല. എന്നാൽ യാംഗ്സി നദിയുടെ മുകളിൽക്കൂടെയുള്ള യാത്ര നയനാഭിരാമമായ ഒന്നായിരുന്നു. വിസ്തൃതമായി നീണ്ടുകിടന്ന നദീജലപ്പരപ്പു് നദി കരകവിഞ്ഞൊഴുകിയിരുന്നുവെന്നു് വ്യക്തമാക്കി. അനേക മൈൽ ദൂരം ഓരോ ഇഞ്ചു സ്ഥലവും കൃഷിചെയ്തിരുന്നു. തട്ടുകൾ ഉണ്ടാക്കിയുള്ള കൃഷി രീതി ചൈനായിൽ അജ്ഞാതമായിരുന്നില്ല. ഞങ്ങൾ പറന്നുകൊണ്ടിരുന്നപ്പോൾ ചൈനീസ് കർഷകരുടെ കഠിനാദ്ധ്വാനത്തിനുള്ള പാരമ്പര്യത്തെപ്പററി ഞാൻ അനുസ്മരിച്ചു. ചൈനായുടെ ഏതോ ഒരു ഭാഗത്തു് ചൈനീസ് കർഷകൻ ഭൂലോകവും സ്വർഗ്ഗവും തമ്മിലുള്ള ബന്ധത്തിൽ മദ്ധ്യവർത്തിയായി വർത്തിക്കുന്നുയെന്നു സ്വയം പരിഗണിക്കുന്നതായി കേട്ടിട്ടുണ്ടു്. വെള്ളപ്പൊക്കവും, ക്ഷാമവും അവന്റെ പ്രതിദിന വിധിഫലമായി അവൻ അംഗീകരിച്ചുകഴിഞ്ഞുപോന്നു. എന്നാൽ അവർ ഓമനിച്ചു സൂക്ഷിച്ചു വന്ന ഭൂമിയിൽ അവൻ അക്ഷീണമായ അദ്ധ്വാനം നടത്തിയിരുന്നു.

അങ്ങനെ പുരാതനമായ മതിൽക്കെട്ടും മഞ്ചുവംശജരുടെ മഞ്ഞനിറത്തിലുള്ള ഓടുകൾമേഞ്ഞ സുന്ദരമായ കൊട്ടാരങ്ങളും കാണുന്ന അധീശനഗരമായ പീക്കിംഗിൽ ഞങ്ങൾ വന്നെത്തി. അനേകംരാജവംശങ്ങളുടെ ഭരണതലസ്ഥാനമായിരുന്ന പീക്കിംഗ്

തനി ചൈനീസ് മാതൃകയിലുള്ള ഒരു നഗരമാണ്. ജാകറന്ത് ലാബർണം എന്നീ മരങ്ങൾ വിസ്താരമേറിയ പ്രധാന തെരുവിന്റെ രണ്ടു പാർശ്വങ്ങളിലും നിരന്നുനിൽക്കുന്നു. ഈ തെരുവ് "നിരോധിതനഗര"ത്തിന്റെ കിഴക്കേ മതിൽക്കെട്ടിനരികിൽ കൂടെ പോകുന്നു. "തിയെൻ ആൻ മാൻ" അഥവാ സ്വർഗ്ഗീയ സമാധാനത്തിന്റെ പടിവാതിൽ, മോസ്കോവിലെ റെഡ്സ്ക്വയറിന്റെ തനിപ്പകർപ്പായിത്തോന്നി. അതിന്റെ ഗംഭീര്യമായ ഈസ്റ്റുംഗേററിന്റെ ചുവന്ന തൂണുകളും, മഞ്ഞ ഓടുകൾമേഞ്ഞ പുരകളും ചുവന്ന ചൈനാസിൽക്കുകൾകൊണ്ടുള്ള ബലൂൺ വിളക്കുകളും എല്ലാം നവീന ചൈനായിലെ ജീവിതത്തെ നിയന്ത്രിക്കുന്ന കേന്ദ്രമാണതെന്നു് വിളിച്ചുപറഞ്ഞു. ഈ സ്ക്വയറിൽവച്ചാണ് രണ്ടു കൊല്ലങ്ങൾ മുമ്പ്, ഈ "നിരോധിത നഗര"ത്തിലേക്കു നയിക്കുന്ന ആറു മാർബിൾ പാലങ്ങളുടെ നേക്കുള്ള ഗേററിന്റെ ബാൽക്കണിയിൽ നിന്നുകൊണ്ടു് മാവൊസേതുംഗ് ഇങ്ങനെ പ്രസ്താവിച്ചതു്. "ചൈനായിലെ ജനകീയ ഗവൺമെൻറു് ഇന്നു് പീക്കിംഗിൽ അധികാരം ഭരമേൽക്കുന്നു" ആ പ്രഖ്യാപനം കഴിഞ്ഞു് രണ്ടു കൊല്ലങ്ങൾക്കുശേഷം ഈ സ്ക്വയറിൽവച്ചു് 1951 ഒക്ടോബർ ഒന്നാംതീയതി കൂമിന്താങ്ങ് സൈന്യത്തിൽനിന്നു് പിടിച്ചെടുത്ത അമേരിക്കൻ യുദ്ധസാമഗ്രികളും വഹിച്ചു് വിമോചന സൈന്യം മാർച്ചുചെയ്തു പോയപ്പോൾ ജനകീയ സംഘടിതശക്തിയുടെ പ്രാബല്യം ഞാൻ കണ്ടു. ആ സൈനികപ്രകടനം ആറുമണിക്കൂർ നേരത്തേക്കുണ്ടായിരുന്നു. മോസ്കോയിൽ സാധാരണ ഈദൃശ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന കൊടികളും, വലിയ ചിത്രങ്ങളും, പുഷ്പവർഷവും നൃത്തക്കാരും എല്ലാം ഇവിടെയും കാണാമായിരുന്നു.

എഡ്ഗാർസ്നൊ, പീക്കിംഗിനെ വിവരിക്കുന്നതു് എന്തോ ഇനിയുംസംഭവിക്കാനുള്ള ഒരു നഗരമെന്നാണ്. അദ്ദേഹം "ഏഷ്യയ്ക്കുവേണ്ടിയുള്ള സമരം" എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു:– "പീക്കിംഗ് ഒരു വിധി വിരോധമെന്ന നിലയിൽ വർത്തിക്കുന്നു. അതിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുകയാണ്. മദ്ധ്യകാല സംസ്കാരം ഇന്നും അവിടെ അതിജീവിക്കുന്നു. ആ നഗരത്തിന്റെ ഗഹനമായ ഭിത്തികൾക്കുള്ളിൽ ശതാബ്ദങ്ങളിൽ നടത്തിയ കൊള്ളയുടെ സംഭരണത്തിന്റെയും, പ്രതാപത്തിന്റെയും ഇടയ്ക്കു് പത്തുലക്ഷത്തിലധികം ജനങ്ങൾ വസിക്കുകയാണ്...ഉദ്യോഗത്തിൽനിന്നു് വിരമിച്ച രാജസേവകന്മാരുടെയും, സാമ്രാജ്യസൈനിക ഉദ്യോഗസ്ഥന്മാരുടെയും, ജന്മികളുടെയും, സന്ന്യാസികളുടെയും, ശില്പിവ്യാപാരികളുടെയും, സംസ്കാരം പ്രദ്യോതിപ്പിക്കുന്ന ഭാഷ സംസാരിക്കുന്ന റിക്ഷാക്കാരുടെയും നഗരമാണ് പീക്കിംഗ്. ആഭിജാത്യം പ്രകടിപ്പിക്കുന്ന സംവിധാനവും,

നിർമ്മാണവും കഴിഞ്ഞ നഗരമാണതു്;കലയുടെ ഭണ്ഡാരം, പ്രശ്ലക്കന്മാരുടെ ജന്മസ്ഥലം; അധഃപതനത്തിൻെറയും, ഉന്മാദജനകമായ ഭക്ഷണം കഴിഞ്ഞുനടക്കുന്ന രാഷ്ട്രീയ ഉപജാപങ്ങളുടെയും നഗരം. സ്വഭാവ മഹിമയെക്കാൾ ഉല്ലാസങ്ങളുടെ ആകർഷണീയതാണവിടെ. തനി ദുഷ്ടതയേക്കാൾ അധികം വഞ്ചകത്വമുള്ള ഒരു പട്ടണം; അവിടെ, നല്ല തെളിവും ചൂട്ടുമുള്ള വസന്തകാലത്തിൻെറയും, ഇരുണ്ട ശരൽക്കാലത്തിൻെറയും, മഞ്ഞുപെയ്യു മരങ്ങളും, കട്ടിയായിത്തീന്ന തടാകങ്ങളും ശീതകാലത്തെ സൂര്യപ്രഭയിൽ മിന്നിത്തിളങ്ങുന്നതിൻെറയും സ്ഥിതിവ്യത്യാസങ്ങൾ കാണാം. തിന്മയുമായുള്ള നിത്യമായ ഒത്തുതീർപ്പുകളുടെ നഗരമാണു് പീക്കിംഗ്. വിലയില്ലാത്ത ചിരിയും വിശ്രമവും,കുടുംബപ്രേമവും, അവിടെ ഉണ്ടു്. ദാരിദ്ര്യത്തിൻെറ ദുരന്തദുഃഖങ്ങളുടെ ഈ നഗരത്തിൽ വൃത്തിഹീനതയെ സംബന്ധിച്ചു് ഒരലക്ഷ്യതയാണുള്ളതു്. ഇങ്ങനെയൊക്കെയാണെങ്കിലും അപ്രതീക്ഷിതമായ അക്രമങ്ങളുടെ ഒരു നഗരമാണതു്. ഇവിടെയാണു് പുനരുജ്ജീവനം ലഭിച്ച വിദ്യാർത്ഥികൾ ഒരു ജനതയുടെ സമരശ്ലോകങ്ങൾ രചിച്ചതു്. ഗോബിമരുഭൂമിയിൽ നിന്നൂതുന്ന മംഗോളിയൻ കൊടുങ്കാററുകൾ കണ്ണിൽപൊടിനിറച്ചു അന്ധതവരുത്തുന്ന ഈ നഗരത്തിൽ അവശേഷിക്കുന്നതു്, ജീവിതത്തിൻെറ ഏററവും പുരാതനമായ ധൂളികൾ തൂകിയ മനോഹരമായ ക്ഷേത്രങ്ങളും, സ്വർണ്ണനിർമ്മിതമായ കൊട്ടാരമേല്പുരകളും ആണു്.

ഇന്നു് പീക്കിംഗ് നഗരത്തിനെന്തോ സംഭവിച്ചിട്ടുണ്ടു്. അവിടത്തെ പൊടി തുടച്ചുമാററിയിരിക്കുന്നു. മനസ്സിൽനിന്നു വിട്ടുപോകാത്ത ക്ഷേത്രഭംഗിയും, കൊട്ടാരമേല്പുരകളുടെ പ്രഭയും ഇന്നും അവിടെ നിലനിൽക്കുന്നുണ്ടെങ്കിലും, വിലയില്ലാത്ത പൊട്ടിച്ചിരികളൊന്നും അവിടെ കേൾക്കാനില്ല. കലയും, കുലീനത്വമുള്ള ജീവിതവും അവിടെനിന്നു് അപ്രത്യക്ഷമായി. അവയുടെ സ്ഥാനത്തു് ദാരിദ്ര്യവും, വിരസികത്വവും കാട്ടുന്ന പുരുഷന്മാരെയും സ്ത്രീകളെയുമാണു് ദർശിക്കുക. സ്ത്രീകൾ അവരുടെ നീല യൂണിഫോറങ്ങളിൽ ഒരേ ജീവിതമാതൃകയിലേയ്ക്കു് വാർത്തെടുക്കപ്പെടുകയാണു്. പണ്ഡിതന്മാരും വിദ്വാന്മാരും അവിടെനിന്നു് പോയിരിക്കയാണു്. പകരം അവിടെ മുദ്രാവാക്യങ്ങൾ വിളിച്ചു നടക്കുന്ന ചെറു കർഷകനെ കാണാം. പുരാതനമായ നഗരഭിത്തികൾക്കുള്ളിൽ പുതിയ നിരോധിത നഗരങ്ങൾ പണിതു കഴിഞ്ഞിരിക്കുന്നു. റിക്ഷാകൂലിക്കാർമാത്രം ഇന്നും അവിടെയുണ്ടു്. വണ്ടിയിൽ കയറാൻ വരുന്നവരെ കാത്തു് പുകയുംവലിച്ചു് അവർ അവിടെ ഇരിക്കുന്നതു് ഇന്നും കാണാം.

പീക്കിംഗ് ശുചിത്വമുള്ള നഗരമായി മാറിയിട്ടുണ്ടു്. കഠിനാദ്ധ്വാനവും ശിക്ഷണവും അവിടെ ദർശിക്കാം, പുനരുജ്ജീ

വനം പ്രാപിച്ച വിദ്യാർത്ഥികളെ ഇന്നിവിടെ കാണുകയില്ല. അതിനുപകരം മസ്തിഷ്ക്കപ്രക്ഷാളനത്തിനും, അഭ്യസനത്തിനും നിഷ്ക്കർഷമായ ഒരു പദ്ധതിക്കു വിധേയരാക്കിയ യുവജനങ്ങളെ കാണാം. സുപ്രസിദ്ധമായ അവിടത്തെ ഭക്ഷണശാലകൾ എല്ലാം അപ്രത്യക്ഷമായി. കാരണം മദ്യാസക്തരും തീററിക്കാരും അവിടെ ഇല്ലെന്നുള്ളതാണ്. റിപ്പബ്ളിക്ക് ദിനാഘോഷത്തോടനുബന്ധിച്ചു നടത്തപ്പെട്ട സ്റ്റേററു വിരുന്നു സൽക്കാരത്തിൽ നൽകിയ ഭക്ഷണത്തേക്കാൾ മോശമായ ഒരു ഭക്ഷണത്തിനു ഞാൻ ഇരുന്നിട്ടില്ലതന്നെ. സുഖലോലുപത്വം വെടിഞ്ഞ ഉഗ്രജീവിതവും, സ്വയത്യാഗവും, വിശപ്പുമാണ് ഞാൻ അവിടെ മണത്തറിഞ്ഞതു്.

വേനൽക്കാല കൊട്ടാരങ്ങളിലും ശീതകാലകൊട്ടാരങ്ങളിലും ഉള്ള ഇടനാഴികൾ സാധാരണ വസ്ത്രങ്ങൾ ധരിച്ച ചെറു കർഷകരെയും, ഡിസ്ത്രിക്ട് സന്ദർശകന്മാരെയും കൊണ്ടു നിറഞ്ഞിരുന്നു. സൈനികപ്രകടനങ്ങൾ കാണാൻ വന്നവരാണവർ. സിൽക്കുവസ്ത്രങ്ങളുടെ ലോലാരവമൊ കനവുപട്ടുകളുടെ പകിട്ടൊ ഒന്നും അവിടെയില്ല. സാധാരണക്കാരൻ അവന്റെ അവകാശങ്ങൾ പിടിച്ചെടുത്തുയെന്നാണവർ പറയുന്നതു്. ഒരുപക്ഷേ സാധാരണക്കാരൻ വിമോചന സൈന്യത്തിൽ സേവനമനുഷ്ഠിക്കുകയായിരിക്കും. എന്നും വൈകുന്നേരം തിയെൻ-ആൻമാൻ സ്ക്വയറിൽ നൃത്തം ചെയ്യാനും, കൂത്തുകളിക്കാനും തിങ്ങിക്കൂട്ടുന്ന ഈ ഭടന്മാർ രാത്രി വളരെ ഇരുട്ടിയെ അവരുടെ വിനോദം അവസാനിപ്പിക്കാറുള്ളു. നിഷേധിത നഗരമെന്നു് വിളിക്കപ്പെടുന്ന പീക്കിംഗിന്റെ മതിൽക്കെട്ടിനുള്ളിലുള്ള പാർക്കിൽ പിയോണി ചെടികൾ വളരുന്നു. ഭംഗിയിലും സൗരഭ്യത്തിലും ഇവിടെ കാണുന്ന പിയോണിപുഷ്പങ്ങളെ വെല്ലുവാൻ ലോകത്തിലെ മററധികം പുഷ്പങ്ങൾക്കു സാധിക്കുകയില്ല. സ്വർഗ്ഗലോകത്തിലെ ക്ഷേത്രം, തടാകങ്ങൾ, ഒൻപതു സർപ്പഭിത്തികളും പീക്കിംഗിലെ ശരൽകാലസൂര്യപ്രഭയിൽ മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. ഒരു സായാഹ്നത്തിൽ ചൈനീസ്ഭാഷാ വിദഗ്ദ്ധനായ ഒരു ഫ്രഞ്ചുകാരനും അദ്ദേഹത്തിന്റെ മോഹനാംഗിയായ ഭാര്യയുമൊരുമിച്ചു് ഡിന്നർ കഴിഞ്ഞു് ഞാൻ രാത്രി വൈകിയപ്പോൾ തിരിച്ചുപോന്നതോർക്കുന്നു. ഞാൻ ഒരു സൈക്കിൾറിക്ഷായിലാണു് പോന്നതു്. സുന്ദരമായ ഒരു വസന്തകാലരാത്രി; റിക്ഷായുടെ ഡ്രൈവർ സംഭാഷണത്തിനു് ആനുകൂല്യവും കാണിച്ചു. അയാളുടെ മുറി ഇംഗ്ലീഷിൽ പഴയ പീക്കിംഗിനെക്കുറിച്ചും, വിദേശ എംബസികൾ സ്ഥാപിച്ചിരുന്ന തെരുവിനെപ്പററിയും അയാൾ സംസാരിച്ചു. ഒരു കെട്ടിടം ചൂണ്ടിക്കാണിച്ചു്, ചൈനായുടെ സാമ്രാജ്യപ്രതാപകാലത്തു് അവിടെ താമസിച്ചിരുന്ന വിദേശീയരെപ്പററി അയാൾ

വിവരിച്ചു. ഇന്നിവിടെ ചില ഗവർമ്മെൻറാഫീസുകളാണു് സ്ഥാനം പിടിച്ചിരിക്കുന്നതെന്നു്, അല്പം താല്പര്യം പ്രദർശിപ്പിച്ചു പറഞ്ഞു. പഴയകാലത്തെ സല്ക്കാരസദസ്സുകളെയും, അത്ഭുതകരമായ പാചകശേഷിയെയും അയാൾ അനുസ്മരിച്ചു. എന്നെ റിക്ഷായിൽനിന്നിറക്കിയപ്പോൾ അയാൾക്കു് കൊടുക്കാൻ ചില്ലറ എൻെറ കൈവശമില്ലായിരുന്നു. ഇരുപതിനായിരം യെന്നിൻെറ ഒരു നോട്ടു് ഞാൻ അയാൾക്കു വച്ചുനീട്ടി. അയാൾ ചിരിച്ചുകൊണ്ടുപറഞ്ഞു:—"ഞാൻനിങ്ങൾക്കു് തരാനുള്ള ബാക്കികൊണ്ടു് നിങ്ങളെന്തു് കാണിക്കാനാണു്". ഞാൻ അയാളെ അങ്ങനെ വിട്ടുപോന്നു.

പീക്കിംഗ് ആണു് ചൈന. ചൈനായുടെ ഭാവിയെ കരുപ്പിടിപ്പിക്കുന്ന ആളുകൾ അവിടെയുണ്ടു്. എന്നാൽ എനിക്കു് പ്രാധാന്യമർഹിക്കാത്ത ഡിന്നറുകളുടെയും, ആതിഥേയരും, അതിഥികളും ഉരുവിട്ട ഒരേതരം പ്രസംഗങ്ങളുടെയും വിരസതയാണു് തോന്നിയതു്. പരസ്പരം മൈത്രിയും, സൌഹാർദ്ദവും രണ്ടായിരം മൈൽ നീളമുള്ള പൊതു അതിർത്തിയിലും, രണ്ടായിരം കൊല്ലങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പകർന്നുകൊണ്ടിരുന്ന സംസ്കാരവും, ലോകസമാധാനവും, സർവലോക ഐക്യവും, ഞങ്ങളുടെ ദ്വിഭാഷികൾ വഴിയായി നടത്തിക്കൊണ്ടിരുന്ന കഴമ്പില്ലാത്ത പ്രസംഗങ്ങളിലും സംഭാഷണങ്ങളിലും എപ്പോഴും പ്രതിപാദിക്കപ്പെട്ടു. ഞങ്ങളുടെ ഇടത്തും വലത്തും ആസനസ്ഥരായിരുന്ന പ്രസിദ്ധ നേതാക്കന്മാരുമായി സംഭാഷണത്തിനിടയ്ക്കു് മുന്തിരിച്ചാറും, കടുപ്പംകൂടിയ മദ്യവും കുടിച്ചുകൊണ്ടിരുന്നു. ഗൌരവമായി ഏതെങ്കിലും സംസാരിക്കണമെന്നു് ആഗ്രഹിച്ചെങ്കിൽ ഒററയായി ഈ ചൈനാക്കാരെ കിട്ടുവാൻ വിഷമമായിരുന്നു. അവർക്കെപ്പോഴും ജോലിത്തിരക്കാണു്. ഞങ്ങളുടെ സംഘത്തിലെ ഒരു സുഹൃത്തു് ചൌ എൻ–ലായിയോടു ഭൂപരിഷ്കാരത്തെപ്പററി ചോദിക്കുവാൻ മുതിർന്നു. ആദ്യമേ ഗ്രാമപ്രദേശം കണ്ടശേഷം പിന്നെ വന്നു് ചൗവിനോടു് സംസാരിക്കാനൊരു നിർദ്ദേശമായിരുന്നു മറുപടി. അങ്ങനെ ഒരു സന്ദർഭം ഒരിക്കലും വന്നുചേർന്നില്ല. കാഴ്ചകൾ കാണാനുള്ള ഒരു വിനോദയാത്രാകേന്ദ്രമായിരുന്നു ഒരു സന്ദർശകനു് പീക്കിംഗ് നഗരം. പുരാതന പ്രസിദ്ധമായ സ്മാരകസ്തംഭങ്ങളും, പ്രസംഗങ്ങൾ കഴിഞ്ഞു നൽകുന്ന അച്ചടിച്ച ഔദ്യോഗിക പ്രസ്താവനകളും ഇടകലർന്നുള്ള സ്മരണയാണു് സന്ദർശകൻെറ മനസ്സിൽ നിലനിൽക്കുന്നതു്.

എൻെറ രണ്ടു സന്ദർശനങ്ങളിലും രണ്ടാഴ്ചകൾ വീതം ഞാൻ പീക്കിംഗിൽ താമസിച്ചു. ചൈനീസ് നാടകശാലകളിൽ ഞങ്ങളുടെ വിനോദത്തിനുവേണ്ടി പ്രത്യേകം നടത്തിയ സംഗീതപ്രകടനം ഞാൻ കണ്ടു. റഷ്യൻവിപ്ളവഗാനങ്ങളുടെ മാതൃകയിൽപുതു

തായിരചിച്ച ചൈനീസ്ഗീതങ്ങൾ ഞാൻ കേൾക്കുകയുണ്ടായി. നൃനപക്ഷത്തിൻെറ നൃത്തപ്രകടനങ്ങളും കണ്ടു. ചൈനായിലെ ഏററവും പ്രശസ്ത നാട്യ കലാവിദഗ്ദ്ധൻ മെയിലാൻ-ഫാംഗ് അദ്ദേഹത്തിൻെറ വിശ്രമസങ്കേതത്തിൽ നിന്നു വന്ന് സ്ത്രീവേഷ നാട്യത്തിൽ അദ്ദേഹത്തിൻെറ സമ്പൂർണ്ണമായ കഴിവും, ലാവ ണ്യത്തികവും, മനോജ്ഞതയും പ്രദർശിപ്പിച്ച് ഞങ്ങളെ അത്ഭുത പരതന്ത്രരാക്കി. സുന്ദരമായ സിൽക്കുവസ്ത്രങ്ങളുടെ മൃദുലാരവവും, ചൈനീസ് വസ്ത്രങ്ങളുടെ പ്രസിദ്ധമായ ലോലതയും നാടകവേദി യിൽ മാത്രമേ കാണാറുള്ളു. എപ്പോഴും അവിടെ പ്രയത്നമാണ്. വീരന്മാരുടെ ഒരു ദേശം കെട്ടിപ്പണിയുവാനുള്ള കഠിനപ്രയത്നം! നിഷ്ഠുരമായ ഇപ്പോഴത്തെ മൂകതയിൽ നിന്ന് പുതിയ ഒരു ശക്തി ഉദയം ചെയ്തേക്കാം. മനുഷ്യൻെറ ജീവന് നിസ്സാരമായ ഒരു വില കല്പിക്കുന്ന ഒരു മൂർത്തിയായിരിക്കും ആ ശക്തി.

ഞാൻ സർവ്വകലാശാലകൾ സന്ദർശിച്ചു. ഭൂപരിഷ്കാരത്തെയും നാണ്യവർദ്ധനവിനെയും സംബന്ധിച്ച പ്രസംഗങ്ങൾ ഞാന വിടെ കേട്ടു. പീക്കിംഗ്നഗരാതൃത്തിയിലുള്ള ഗ്രാമീണരുടെ ഇട യിൽ ഒരു ദിവസം ഞാൻ ചെലവഴിച്ചു. വിദേശരാജ്യങ്ങളുടെ എംബസ്സികൾ സന്ദർശിച്ചു; അവരുമായി സംഭാഷണം നടത്തി. എന്നാൽ എൻെറ സ്മരണയിൽ മായാത്ത ചിത്രം സൃഷ്ടിച്ച ഒരു സംഭവം ചി പെയി-ഷീയുടെ സ്റ്റുഡിയൊ സന്ദർശനമാണ്. ഏതാനും മണിക്കൂറുകൾ ഞാൻ അവിടെ ചെലവിട്ടതിനിടയിൽ എൻെറ അഭ്യർത്ഥനയനുസരിച്ച് ഒരു ചിത്രവും അദ്ദേഹം വരച്ചു, ചൈനായിലുള്ള ഒരു സാധാരണ ഗൃഹത്തിൽ ഞാനോ മററു ഇൻഡ്യൻ സന്ദർശകരോ പ്രവേശിക്കുവാൻ അനുവദിക്കപ്പെട്ടി രുന്ന ഏകഭവനമാണത്. ഞാൻ കുവൊമോ-ജോയുടെ വീട്ടിൽ ഒരു അനൗപചാരികസന്ദർശനത്തിനു പോയിട്ടുണ്ട്. അതു പോലെ മാഡം സൺ യാററ്-സെന്നിൻെറ കൂടെ ഒരിക്കൽ ചായയും കഴിച്ചു. എന്നാൽ ഇവ രണ്ടും ഔപചാരികസന്ദർശന ങ്ങൾപോലെ ഔദ്യോഗികചിട്ടയിലാണ് നടന്നതു്. ചൈനാ യിലെ പത്രങ്ങൾ ഞങ്ങളുടെ ചുററും കണ്ട ജനതയുടെ ജീവിത ത്തെ സംബന്ധിച്ച് യാതൊരു ഗ്രാഹ്യവും ഞങ്ങൾക്കു നൽകി യില്ല. പലപ്പോഴും പീക്കിംഗിലെ ജനലക്ഷങ്ങളുടെ ഇടയ്ക്ക് ഒരു ഏകാന്തതയാണ് ഞങ്ങൾക്കനുഭവപ്പെട്ടതു്. അനേകം ചൈനാ ക്കാരുടെ ബുദ്ധിമണ്ഡലത്തിലുള്ള ശൂന്യതയെ എന്തെങ്കിലും കൊണ്ട് നിറയ്ക്കേണ്ട ആവശ്യകതയെ അവർ നേരിട്ടുന്നതി നെപ്പററി എനിക്കു ഭാവന ചെയ്യുവാൻ കഴിയും. പുതിയ ആശയ വിത്തുകൾ പാകാൻ ഫലഭൂയിഷ്ഠമായ ഭൂതലമായിരുന്നു അവരുടെ ബുദ്ധി. ഒരുപക്ഷെ, മനുഷ്യമനസ്സ്, അതിനുതന്നെ കഴിയുന്ന ഭക്ഷണം കഴിച്ചുകഴിയാൻ കൂട്ടിൽ പിടിച്ചിട്ടുന്നതുപോലെ നിയ

ന്നിച്ചാൽ അധികദിവസം കഴിയുന്നതിനുമുമ്പ് ആ നിലയെ എതിർത്തുതുടങ്ങുമെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും കമ്യൂണിസ്റ്റുകൾ പ്രവർത്തിക്കുന്നതു്. ആത്യന്തികമായി ബുദ്ധിപരമായ അതിൻെറ കാവൽശൃംഖലകൾ അയച്ചു്, കിട്ടുന്നതു് അംഗീകരിക്കാൻ നിർബന്ധിതമാകും.

1951-ൽ ഞാൻ പീക്കിംഗിൽ കഴിച്ച രണ്ടു വാരങ്ങൾ ഒരു പൂർണ്ണപദ്ധതിയനുസരിച്ചാണു് ചെലവിട്ടതു്. "കൌതുകകര"മെന്നു് നിർദ്ദേശിക്കപ്പെട്ട സ്ഥലത്തേക്കു്ഓരോ ദിവസവും ഞാൻ പൊയ്ക്കൊണ്ടിരുന്നു. ഞങ്ങളെ ഏതെങ്കിലും അധികാരി സ്വീകരിച്ചു് ഹസ്തദാനം ആദിയായ ചടങ്ങുകൾ കഴിഞ്ഞാൽ ഞങ്ങളെ ഒരു മുറിയിലേക്കു് ആനയിക്കും. അവിടെ ചായയും, പഴങ്ങളും നിശ്ചയമായും നിരത്തിവച്ചിരിക്കും. ഉടനെ ആ സ്ഥാപനത്തെപ്പററി അതിൻെറ അദ്ധ്യക്ഷൻ എഴുന്നേററു് ഒരു പ്രസംഗം നടത്തും. ദേശീയ "വിമോചന"ത്തിനു മുമ്പും പിമ്പുമുള്ള കാലഘട്ടത്തിൽ ഉണ്ടായ പുരോഗതിയെപ്പററി ചില വിശദവിവരങ്ങളും, സ്ഥിതിവിവരക്കണക്കുകളും, ശതമാനക്കണക്കു കൂട്ടിയുള്ള അഭിവൃദ്ധിയുമായിരിക്കും ആ പ്രസംഗം. ചിലപ്പോഴെല്ലാം ചോദ്യങ്ങൾ ചോദിക്കാൻ ഞങ്ങളോടാവശ്യപ്പെട്ടു. മററു ചില സന്ദർഭങ്ങളിൽ സ്ഥാപനം കണ്ടുകഴിഞ്ഞശേഷം ചോദ്യങ്ങൾ ചോദിക്കാമെന്നു് ഒരു പ്രഖ്യാപനം മാത്രം നടക്കും. സന്ദർശനംകഴിഞ്ഞു് ചായയും പഴങ്ങളും തരും. കുറച്ചു ചോദ്യോത്തരങ്ങളും നടക്കും. സർവ്വകലാശാലകളിൽ വിദ്യാർത്ഥികളെ ഞങ്ങൾ അപൂർവ്വമായിട്ടേ കണ്ടുള്ളു. അവിടത്തെ ഗ്രന്ഥശാലയും, ഞങ്ങൾക്കുവേണ്ടി പ്രത്യേകം തയാറാക്കിയിരുന്ന ശാസ്ത്രീയമോ ചരിത്രപരമോ ആയ ചില പ്രദർശനങ്ങളും കാണുകയായിരിക്കും അവിടത്തെ പ്രധാന സന്ദർശനപരിപാടി.

ഞങ്ങളുടെ യാത്രാപരിപാടിയിൽ വിവിധ ജനകീയസംഘടനാകേന്ദ്രങ്ങൾ കാണാൻ സൗകര്യപ്പെടുത്തിയിരുന്നു. അവിടെയും സ്വീകരണോപചാരങ്ങൾ കഴിഞ്ഞു സംഘടനകളുടെ പ്രവർത്തനങ്ങളെപ്പററി പറയും. അങ്ങനെ ഭൂപരിഷ്കാരം, നാണയപ്പെരുപ്പം, സമാധാനകൗൺസിലുകൾ, തൊഴിലാളി ഫെഡറേഷൻ എന്നിവയെപ്പററിയെല്ലാം ഞങ്ങൾ കേട്ടു. ചർച്ചകൾ ഒരിടത്തും നടത്തപ്പെട്ടില്ല; പ്രസംഗങ്ങളും ഏതാനും ചില ചോദ്യങ്ങളും മാത്രം നടക്കും. വൈകുന്നേരം വിരുന്നുസൽക്കാരങ്ങളും പ്രസംഗങ്ങളും പ്രതിദിനപരിപാടികളായിരുന്നു. ചുരുക്കം ചില ദിവസങ്ങളിൽ സംഗീതപ്രകടനങ്ങളോ, പാട്ടുകച്ചേരിയോ, ചില ചിത്രപ്രദർശനങ്ങളോ ഹോട്ടലിൽവച്ചുതന്നെയോ ബാങ്കററിംഗ്ഹോളിലോ നടന്നെന്നുവരും. ഞങ്ങൾക്കു് ഇഷ്ടംപോലെ ചെലവിടാനുള്ള സമയം ഇല്ലായിരുന്നുയെന്നുതന്നെ പറയാം. എങ്കിലും ഞാൻ

പലപ്പോഴും നിർദ്ദിഷ്ടയാത്രാപരിപാടി വലയത്തിൽ നിന്നു പുറത്തു ചാടി ചൈനായിൽ താമസമാക്കിയിരുന്ന പല വിദേശിയരെ സന്ദർശിച്ചു സംഭാഷണം നടത്തുമായിരുന്നു.

ഇങ്ങനെയുള്ള സന്ദർശനാവസരങ്ങൾ ഞാൻ സകൗതുകം നോക്കിപ്പാർത്തിരുന്നു. അവരിൽനിന്നാണു് ചൈനായിൽ പ്രതിദിനം സംഭവിച്ചുകൊണ്ടിരുന്ന വിവരങ്ങൾ ഞാൻ മനസ്സിലാക്കിയതു്. ഇവിടത്തെ ഇൻഡ്യൻ അംബാസിഡറേയും, മററുപല ഉദ്യോഗസ്ഥന്മാരെയും എനിക്കു നേരത്തെ പരിചയമായിരുന്നു. അവരുടെ സഹായത്തോടുകൂടെ ബ്രിട്ടീഷ് എംബസ്സിനേതാവിനേയും, സ്വിസ്മന്ത്രി മി: റെസ്റ്റോണിക്കോയേയും, ഇൻഡൊനേഷൻ പ്രതിനിധി മി. മാധ്വിയേയും മററു പലരേയും ഞാൻ സന്ദർശിച്ചു. പ്രഥമസന്ദർശനത്തിലെപ്പോലെ നയിക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രം പോകാതെ എൻെറ അഭീഷ്ടമനുസരിച്ചും ചില പരിപാടികൾ ഞാൻ സ്വീകരിച്ചു. ഇവരുമായി ഞാൻ ചിലവിട്ട സായാഹ്നങ്ങൾ എൻെറ വസ്തുനിഷ്ഠമായ വീക്ഷണഗതിയും യാഥാർത്ഥ്യബോധവും എനിക്കു വീണ്ടെടുത്തുതന്നു. മനുഷ്യമനസ്സിനെ ബന്ധനത്തിൽ നിറുത്തുവാൻ പ്രയത്നിക്കുന്ന മർദ്ദനസാഹചര്യങ്ങളെപ്പററി എനിക്കെപ്പോഴും ഭീതിയാണുള്ളതു്. പര്യ്വിതചര്യ്വണത്തിൻെറ ക്രൂരമർദ്ദനങ്ങളിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗം സ്വാതന്ത്ര്യത്തോടുകൂടി സംഭാഷണം നടത്തുവാൻ കഴിയുന്ന കൂട്ടുകാരെ കിട്ടുകയാണു്. ജോർജ്ജ് ഓർവെൽ ഭാവന ചെയ്യുന്ന 1984 എന്തുപോലെയിരിക്കുമെന്നു് ഇപ്പോൾ എനിക്കു് അറിയാം.

ഒക്ടോബറിൽ നടന്ന ഒരു വിചിത്രസംഭവം എൻെറ മനസ്സിൽ വരുന്നു. അനൗപചാരിക ഇൻഡ്യൻ സൗഹാർദ്ദസംഘത്തിലെ ഒരംഗമായി പീക്കിംഗിൽ ഞാൻ എത്തിയതിൻെറ രണ്ടാംദിവസമാണു് അതു സംഭവിച്ചതു്. രണ്ടുകോടി യെൻ (ഏകദേശം 90 ഡോളർ) വച്ചു് ഒരു പൊതിക്കെട്ടു് എൻെറ കയ്യിൽ തന്നു. ഞാൻ വിസ്മയഭരിതനായി കണ്ണു മിഴിച്ചുനിന്നു. കുറേക്കൂടെ കാര്യജ്ഞാനമുണ്ടെന്നു ഗണിക്കപ്പെടുന്ന കൂട്ടുകാരോടു കാരണം അന്വേഷിച്ചു. അവർ പറഞ്ഞതു് മുതലാളിത്തരാജ്യങ്ങളിൽനിന്നു വരുന്ന സ്നേഹിതന്മാരെല്ലാം പാവങ്ങളാണെന്നു് ജനകീയരാജ്യത്തിലുള്ളവർ വിശ്വസിക്കുന്നതാണിതിൻെറ അർത്ഥമെന്നാണു്. അതുകൊണ്ടു് നാട്ടിലേക്കു തിരിച്ചുപോകുമ്പോൾ വല്ല സമ്മാനങ്ങളുമൊക്കെ ഇവിടെനിന്നു വാങ്ങിച്ചു സ്വജനങ്ങൾക്കു നൽകാനാണീ ധനസഹായമെന്നു് അവർ പറഞ്ഞുതന്നു. ഞാൻ അതു സ്വീകരിച്ചില്ലെങ്കിൽ ദാതാവിനെ ആക്ഷേപിക്കയായിരിക്കുമോ എന്നൊരു സംശയം തോന്നി. എന്നാൽ എന്നെയാണു് ആക്ഷേപിച്ചിരിക്കുന്നതെന്നു് എനിക്കു തോന്നുകയാൽ എന്തെ

ങ്കിലും ചെയ്യുന്നതിനുമുമ്പ് ഞാൻ ഒരു എംബസ്സിഉദ്യോഗസ്ഥനു മായി ആലോചിച്ചു. പണം തിരിച്ചുകൊടുക്കുകയാണ് വേണ്ട തെന്ന് അദ്ദേഹവും ഉപദേശിക്കയാൽ ഞാൻ അങ്ങനെതന്നെ ചെയ്തു.

മെയ്മാസത്തിൽ ഞാൻ ചൈനായിലേക്കു വീണ്ടും വന്ന പ്പോൾ എൻെറ അഭീഷ്ടമനുസരിച്ചു പ്രവൎത്തിക്കുവാൻ എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. നിർദ്ദിഷ്ടപരിപാടികൾക്കൊന്നും ഞാൻ വിധേയനായിരുന്നില്ല. എൻെറ മെയിഡൻറിററിപത്രങ്ങളും മററും ലഭിക്കുവാൻവേണ്ടി പീക്കിംഗിൽ താമസിക്കേണ്ടിവന്ന പ്പോൾ ഞാൻ വായനയിൽ കഴിച്ചുകൂട്ടി. എനിക്ക് അപൂൎവ്വകൗതുക വസ്തുക്കളിൽ അതിയായ താല്പൎയ്യമുണ്ടായിരുന്നതറിഞ്ഞുകൊണ്ട്, അങ്ങിനെയുള്ള വസ്തുക്കൾ വില്പന നടത്തുന്ന വ്യാപാരികൾ പല നിധികളുമായി എന്നെ സമീപിച്ചു. പുരാതനചൈനായിലെ സുന്ദരവസ്തുക്കളുടെ മദ്ധ്യേ ഞാൻ ആ ആഴ്ച കഴിച്ചു.

പെർമിററ് കിട്ടിയപ്പോൾ, മുമ്പു ഞാൻ യാത്ര ചെയ്ത സ്ഥല ങ്ങളിലൂടെയെല്ലാം ഇൻഡ്യൻ പ്രതിനിധിസംഘത്തിൻെറകൂടെ വീണ്ടും ഞാൻ യാത്രചെയ്തു. തനിച്ചു യാത്ര ചെയ്യുവാൻ ഞാൻ അനുവദിക്കപ്പെട്ടുമായിരുന്നുവെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ സായാഹ്നങ്ങൾ എൻെറ സ്വന്തമായിരിക്കാൻ ഞാൻ തീരു മാനിച്ചു. എംബസ്സി സൎവ്വീസിലുള്ള എൻെറ പഴയ സുഹൃത്തുക്കളു മായി ഞാൻ ആ സമയം ചെലവിട്ടു. പ്രഥമസന്ദർശനത്തേതി ലേക്കാൾ കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി അവർ എന്നോടു സംസാരിച്ചു.

മി. റസ്റ്റോണിക്കോ എനിക്കൊരു നിത്യ ആനന്ദം തന്നെ യായിരുന്നു. അദ്ദേഹത്തിൻെറ കുടുംബപാരമ്പൎയ്യത്തിൻെറ ഒരു വശത്തു കാസനോവായിൽനിന്നും മറെറാരു പാർശ്വത്തിൽ പോപ്പിൻെറ വശത്തുനിന്നും പിന്തുടർച്ചാവകാശമുള്ളതായി അദ്ദേഹം സ്വയം വിവരിക്കുമായിരുന്നു. സുന്ദരമായ ഒരു ഭവനവും, സംഭാഷണചതുരതയും അദ്ദേഹത്തിനുണ്ടായിരുന്നു. സ്വിസ് മന്ത്രിക്ക് വിഷമംപിടിച്ച ഉത്തരവാദിത്വമാണുണ്ടായിരുന്നതു്! കഴിഞ്ഞ പതിമൂന്നു മാസങ്ങളായി പല ദുരിതങ്ങളിൽകൂടെ കടന്നു പോയ്ക്കൊണ്ടിരുന്ന റോമൻകത്തോലിക്ക് മിഷ്യൻ സംഘങ്ങൾ അദ്ദേഹത്തിൻെറ മേൽനോട്ടത്തിലായിരുന്നു. ബ്രിട്ടീഷ് മന്ത്രി മിസ്റ്റർ ലാംബും, അദ്ദേഹത്തിൻെറസഹായി മി. ഗിലെററും അവ രുടെ പത്നിമാരും വിവിക്തത്വം അനുഭവിച്ച നാലു കൂട്ടുകാരായി വൎത്തിച്ചു. ചൈനായിൽ അവർ വളരെ പഴക്കം ചെന്നവരും ചൈനായുടെ പ്രശ്നങ്ങൾ നല്ലവണ്ണം അറിയാവുന്നവരുമാണ്. ഇപ്പോൾ അവർ ജനസമ്പൎക്കത്തിൽനിന്നു പൂൎണ്ണമായി വേർ

തിരിക്കപ്പെട്ടിരിക്കയാണ്. ബ്രിട്ടീഷ് എംബസ്സിയുടെ സുന്ദരമായ ഉദ്യാനം അവരുടെ കാരാഗൃഹം തന്നെയായിരുന്നു.

പീക്കിംഗ് രൗദ്രതയും, മന്ദതയും, മൂകതയും ബാധിച്ച നഗരമായിരുന്നു. എന്നാൽ ചൈനായിൽ എന്തെങ്കിലും നിലയുള്ളവരെല്ലാം അവിടെയാണു് താമസിച്ചതു്. ഏഷ്യയുടെ ജാതകം മാററിക്കുറിക്കുവാൻ അവർ പ്രയത്നിക്കുകയാണ്. അവരെ ഒരു നോക്കു കാണുവാൻ കിട്ടുന്നതൊ, അവരിൽനിന്നു് എന്തെങ്കിലും കുറച്ചു വാക്കുകൾ കേൾക്കുവാൻ സാധിക്കുന്നതൊ ആയ അവസരങ്ങൾ, നമ്മുടെ എല്ലാം മുകളിൽ തൂങ്ങിക്കിടക്കുന്ന അജ്ഞാതഖഡ്ഗത്തെ സംബന്ധിച്ചു് എന്തെങ്കിലും പുതിയ വെളിച്ചം നൽകുവാൻ പര്യാപ്തമായേക്കാം. അവരെപ്പററി വളരെയധികമൊന്നുമറിയുവാൻ നമുക്കു സാധിക്കുകയില്ലായിരിക്കും. എന്നാൽ അവരെ അവഗണിക്കുന്നതു് അപകടകരമാണ്.

3

# മാവോ സെ–തുംഗ്

പീക്കിംഗ് നഗരത്തിലുള്ള ഞങ്ങളുടെ താമസത്തിനിടയ്ക്ക്, മാവോ സെ–തുംഗിന് ചുററും പടന്ന് പന്തലിച്ചുവരുന്ന പല കല്പിതകഥകളെപ്പററി ഞാൻ കേൾക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ട്. സമുദ്ധരിക്കുന്ന താരം, രാഷ്ട്രപിതാവ്. കമ്യൂണിസ്റ്റ്കാരെ വിജയത്തിലേക്കു നയിച്ച വിജ്ഞാനസംപൂർണ്ണൻ, എന്നിങ്ങനെ പലതും അദ്ദേഹത്തെപ്പററി കേൾക്കാം. മാവോയിസം ഒരു പുതിയ മതം തന്നെയായി വളരുകയാണ്. അതിനെ വിമർശിക്കാനോ, ചോദ്യം ചെയ്യുവാനോ പാടില്ല. ഒരു കാലത്തു പത്രലേഖകന്മാരെ കാണുന്നതും അവരുടെകൂടെ സമയം ചെലവഴിക്കുന്നതും അദ്ദേഹത്തിന് പ്രിയതരമായിരുന്നു. സാധാരണ കൃഷിക്കാരും തൊഴിലാളികളുമായി അദ്ദേഹം സ്വതന്ത്രമായി ഇടപെടുകയും, അവരുടെ മനോഗതികൾ നേരിട്ടു മനസ്സിലാക്കുകയും ചെയ്ത ഒരു കാലമുണ്ടായിരുന്നു. യെനാനിലുള്ള അദ്ദേഹത്തിൻെറ എളിയവസതിയിൽ നൂറുകണക്കിന് ജനങ്ങളെ സ്വീകരിക്കയും, അനേകായിരം എഴുത്തുകൾക്ക് സ്വന്തം കൈപ്പടയിൽ മറുപടി എഴുതുകയും ചെയ്തിരുന്നു. എന്നാൽ സ്വർഗ്ഗരാജ്യം വന്നതോടുകൂടി നിരോധനഗരത്തിൽ തന്നെയാണോ, പശ്ചിമഭാഗത്തുള്ള കുന്നുകളിൽ സ്ഥിതിചെയ്യുന്ന ഒരു ക്ഷേത്രത്തിലാണോ അദ്ദേഹം താമസിക്കുന്നതെന്ന് ആക്കും അറിഞ്ഞുകൂടാ. ജനങ്ങളുമായി സമ്പക്കം ചെയ്യുന്ന പതിവ് തീരെ നിന്നു. സ്വന്ത പ്രശ്നങ്ങളെ വിവരിച്ചു ചെറുകർഷകരും തൊഴിലാളികളും അദ്ദേഹത്തിനയയ്ക്കുന്ന കത്തുകൾക്ക് മറുപടി എഴുതുവാനോ, അവരെ കാണുവാനോ അദ്ദേഹത്തിനു നേരമില്ല. പൊതുസമ്മേളനങ്ങളിലും ചടങ്ങുകളിലും അദ്ദേഹം പ്രത്യക്ഷപ്പെടാറില്ല. മെയ്ദിനത്തിലോ ഒക്ടോബർ ഒന്നിൽ നടക്കുന്ന സൈനിക പ്രകടനങ്ങളിലോ നടക്കുന്ന ഔപചാരിക സ്വീകരണങ്ങളിൽ മാത്രം അദ്ദേഹത്തെ കണ്ടുവെന്നുവരാം. അങ്ങനെയുള്ള അവസരങ്ങളിൽ തന്നെ അദ്ദേഹം പങ്കെടുക്കുന്ന പരിപാടി ഏതാനും മിനിററുകൾ മുമ്പു മാത്രമേ പ്രഖ്യാപിക്കാറുള്ളു. മാവോ ഏതോ ദിവ്യരഹസ്യമായോ, ഒരു പുതിയ ദേവനായി തന്നെയോ ചിത്രീകരിക്കപ്പെട്ടുകയാണ്,

എവിടെപ്പോയാലും, ഭവനങ്ങളിലും, ആഫീസുകളിലും, തെരുവുകളിലും, റെയിൽവെസ്റ്റേഷനുകളിലും,മാവോയുടെ ചിത്രം തലഉയർത്തിപ്പിടിച്ച്, യുവത്വം തുളുമ്പുന്ന പുഞ്ചിരിയോടുകൂടി പ്രതിഷ്ഠിച്ചിരിക്കുന്നതു കാണാം. മാവോ പറഞ്ഞിട്ടുണ്ട്. "ജനങ്ങൾ ഭരിക്കണം. ജനങ്ങളില്ലാത്ത ഒരു ഭരണവുമില്ല". എന്നാൽ ജനങ്ങൾ അവിടെയെങ്ങുമില്ല. നേതാവുമാത്രം. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ "മാവോയുടെ ചിന്തകൾ" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്. മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ തത്വസംഹിതകൾ പുനരാവർത്തിക്കയാണു് അദ്ദേഹം ആ പുസ്തകത്തിൽ ചെയ്തിരിക്കുന്നതു്. അദ്ദേഹത്തിൻെറ തിരുസന്നിധിയിൽ എന്നെപ്പോലെയുള്ള ഒരു വെറും മൃത്യുവശഗനായ സാധാരണക്കാരനു പ്രവേശം ലഭിക്കയൊ? അതും അഭ്യർത്ഥനയനുസരിച്ചുള്ള ഒരു സന്ദർശനത്തിനു് അദ്ദേഹത്തെ ദൂരെ നിന്നു് രണ്ടു പ്രാവശ്യം കാണ്മാൻ സാധിച്ചതുതന്നെ വലിയ കാര്യമായി കരുതേണ്ടിയിരിക്കുന്നു.

1951 സെപ്റ്റംബർ 30—ാം തീയതി നടന്ന രാജകീയ വിരുന്നിൽ അദ്ദേഹത്തിനു് ഏതാനും അടികൾ മാത്രം ദൂരെ നിന്നു്, നവീന ചൈനക്കു ഞാൻ പാനോപചാരം നടത്തി. ആ സമയം ഇൻഡ്യൻ പ്രതിനിധി സംഘത്തെ സ്വാഗതം ചെയ്യുന്ന ഏതാനും വാക്കുകൾ ചുണ്ടനക്കി ഒന്നു പിറുപിറുത്തു. റോബർട്ട് പെയിൻ അദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നതിങ്ങനെയാണു്. തടിച്ച ശരീരം, വിസ്തൃതമായ തോളുകൾ, സിംഹത്തിൻെറ തല, നീലക്കറുപ്പുള്ള തലമുടി, നീളംകൂടി ചരിവുള്ള നെററിത്തടം, മടിഞ്ഞുചുരുട്ടിയ ചുണ്ടുകൾ, വിശാലമായ കണ്ണുകൾ, ഇവയാണു് മാവോയുടെ ശരീരഭാവം. ഒരു ഔപചാരിക സൽക്കാരവേളയിൽ ചൂ-ടെ, ചൌഎൻ ലായി ആദിയായ നേതാക്കന്മാർ മാവോയുടെ ചുററും നിൽക്കുകയായിരുന്നു. നീല സർജ് തുണികൊണ്ടുള്ള സൺയാററ്-സെൻസൂട്ടിൽ നിൽക്കുന്ന അദ്ദേഹത്തെ ഞാൻ കണ്ടപ്പോൾ പടങ്ങളിൽ കാണാറുള്ള നല്ല തടിച്ച ശരീരമുള്ള ആളായി തോന്നി. വളരെ ദയയും സ്നേഹവും തികഞ്ഞ ഒരു പിതാവു് ഒരു പുഞ്ചിരിയോടുകൂടി മക്കളെ ഈ ഉൽസവാഘോഷങ്ങളിലേക്കു സ്വാഗതം ചെയ്യുന്ന രീതിയിലാണു് അദ്ദേഹത്തെ കണ്ടതു്. അദ്ദേഹത്തിൻെറ മുഴത്ത കണ്ണുകൾ സന്ദർശകൻെറ മുഖത്തു് നേരെ പതിഞ്ഞു് ഉള്ളിലേക്കു കടന്നു. ഹസ്തദാനം ചെയ്യുമ്പോൾ ആ കൊച്ചുതടിച്ച കൈകൊണ്ടു് അദ്ദേഹം മുറുക്കിപ്പിടിക്കയും സൗഹാർദ്ദാതിരേകം പ്രകടിപ്പിക്കയും ചെയ്തു. ഔപചാരികമായ ടോസ്റ്റ് പ്രസംഗങ്ങൾക്കു ശേഷം ഓരോ മേശക്കരികിലും വന്നു മംഗളാശംസകൾക്കു മറുപടി പറയുകയും വീണ്ടും ഹസ്തദാനം ചെയ്യുകയും ചെയ്തു. സ്റ്റേററ് ബ്യാങ്കു

ററിംഗ് ഹോളിൽ ആയിരത്തിഎഴുനൂറു കർഷകനേതാക്കളും തൊഴിലാളി വീരന്മാരും തടിച്ചുകൂടിയിരുന്നു; തങ്ങളുടെ രക്ഷകൻ അല്പനേരമെങ്കിലും തങ്ങളുടെ കൂടെ സ്വാതന്ത്ര്യമായി ചുററിനടന്നതിൽ അവർ സസന്തോഷം പുളകം കൊണ്ടു. ഒക്ടോബർ ഒന്നിനുള്ള സൈനികാഘോഷങ്ങളിൽപങ്കുകൊള്ളുവാൻരാജ്യത്തിൻെറ നാനാഭാഗത്തുനിന്നു പ്രാതിനിധ്യ പദവിയിൽ വന്നെത്തിയവരാണവർ. മാവോ ഹോളിൽ ചുററിനടന്നുകൊണ്ടിരുന്നപ്പോൾ ജനക്കൂട്ടം ഗാനാലാപനം നടത്തി.

"തുംഗ് ഫ്ാംഗ് ഹംഗ് തായി-യാംഗ് ഷെംഗ്
ചുംഗ്-കുവൊ ചു-ലായി ഐ-ഗെ മാവോ സേ-തുംഗ്.
സൂര്യൻ ചെങ്കതിർ വീശി കിഴക്കു് ഉദയം ചെയ്യുന്നു.
ചൈനാ ഒരു മാവോ സേതുംഗിനെ അവതരിപ്പിച്ചു.
അദ്ദേഹം ചൈനീസ് ജനതയുടെ ക്ഷേമത്തിനു പ്രയത്നിക്കുന്നു.
അയ്യയ്യോ—അദ്ദേഹം ജനങ്ങളുടെ മഹാനായ രക്ഷിതാവാണു്.
മാവോ സേ-തുംഗ് വാൻ ഷുയി! മാവോ സേ-തുംഗ് വാൻ ഷുയി!
മാവോ സേ-തുംഗ് പതിനായിരം കൊല്ലങ്ങൾ ജീവിച്ചിരിക്കട്ടെ!"

അടുത്ത ദിവസവും ഞാൻ അദ്ദേഹത്തെ കണ്ടു. അന്നു് അദ്ദേഹം തിയെൻ ആൻ-മേൻ സ്ക്വയറിൽ സൈനികസല്യൂട്ട് സ്വീകരിക്കയായിരുന്നു. ഉന്നത പീഠത്തിൽ നിന്ന അദ്ദേഹത്തിനു ചുററും പോളിററ്ബ്യൂറോ അംഗങ്ങൾനിന്നിരുന്നു. നിബിഡമായി വളർന്നു നിന്ന പുരികവുമായി സുമുഖനായ ചൗ എൻ-ലായി അവിടെയുണ്ടു്. അദ്ദേഹത്തിനടുത്തു് നിന്നതു് പാർട്ടിയുടെ തലച്ചോറെന്നു പരിഗണിക്കപ്പെടുന്ന ലിയു ഷാവൊ-ചി ആയിരുന്നു. അദ്ദേഹത്തിൻെറ വിഷമം പിടിച്ച ജോലി മാവോയിസം സ്റ്റാലിനിസത്തിലേക്കും മറിച്ചും പരിവത്തനം ചെയ്യുന്നതാണു്. മാഡംസെന്നും അവിടെയുണ്ടായിരുന്നു. ദുർല്ലഭമായി മാത്രം ദേശീയ നേതാക്കന്മാരോടൊന്നിച്ചു് ബഹുമാന്യസ്ഥാനത്തു് പൊതുജനങ്ങൾക്കു് ആ മഹതിയെ കാണാൻ കഴിയുന്ന ഒരു സന്ദർഭമായിരുന്നു അതു്. സ്ഥാനവും സ്വാധീനവുമനുസരിച്ചു് ആ നേതൃനിര അങ്ങനെ നീണ്ടുനിന്നതിൻെറ മദ്ധ്യത്തിൽ മാവോ നിശ്ചലനും എന്നാൽ സൂക്ഷ്മനിരീക്ഷണം ചെയ്തും നിന്നിരുന്നു. കുറിയാനായിരുന്നചൂ-ടെ അനേകസമരങ്ങളിൽ സംബന്ധിച്ചു് കാററും വെയിലും കൊണ്ടമുഖവുമായി ഒരു ജീപ്പിൽ പരേഡ് നയിച്ചു. അദ്ദേഹത്തെ ചൈനായുടെ സായുധശക്തി അനുഗമിച്ചു.

മാവോ വീണ്ടും അദ്ദേഹത്തിൻെറ നീല സൂട്ടിലാണ് പ്രത്യക്ഷപ്പെട്ടതു്. ഒരു മുടിവെച്ച തൊപ്പിയും അദ്ദേഹം ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ ഉന്നത പീഠത്തിനു് അല്പം താഴെയായി മാവോയുടെ ചിത്രം തൂങ്ങി കിടന്നിരുന്നു. ചിത്രത്തിൽ സ്ഥൂലകായനായി തലയെടുത്തു് ഉദയസൂര്യനെ നോക്കി അദ്ദേഹം നിൽക്കുന്നുണ്ടു്. രാവിലെ പത്തുമണി മുതൽ മൂന്നുമണിവരെ ആ നില്പിൽ അദ്ദേഹം നിന്നു. അങ്ങനെയിരിക്കുമ്പോൾ കൈയൊന്നുപൊക്കി ആശീർവാദമട്ടിൽ സല്യൂട്ട് നടത്തും. ആരാധകരെ ആശീർവദിക്കുന്ന ഒരു മഹാപുരോഹിതൻെറ പ്രതീതിയാണു് അപ്പോൾ തോന്നുക. ആ സമയം താഴെ നിൽക്കുന്ന അനേകായിരം കാണികൾ "മാവോ സെ-തുംഗ് വാൻഷുയി" എന്നു മുറയിടും. അദ്ദേഹത്തിൻെറ ഗ്രാമീണകർഷകമുഖം ചിലപ്പോൾ ഒരു പുഞ്ചിരിതൂകി പ്രകാശിക്കുന്നതു കാണാം. കണ്ണുകൾ അപ്പോൾ ചുളിഞ്ഞു് ഒരിടുങ്ങിയ വിള്ളൽ മാത്രമായി തോന്നും. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ആ വിസ്തൃത സ്കയറിൽ വ്യാപിച്ചു നിൽക്കുകയാണു്. അവിടെ ആഗതരായ മഹാലക്ഷങ്ങളുടെ മനസ്സും ഹൃദയവും ഒരു ദൃഢനിശ്ചയത്തോടുകൂടെ കൈകൾ അമർത്തിപിടിച്ചിരുന്നതുപോലെ അദ്ദേഹത്താൽ നിയന്ത്രിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ വായിൽനിന്നു വീഴുന്ന വാക്കുകൾക്കു നിയമത്തിൻെറ പ്രാബല്യം മാത്രമല്ലയുള്ളതു്; ജ്ഞാനവും സത്യവും കൂടി കലർന്നതാണു്. അദ്ദേഹത്തോടു വിയോജിക്കുന്നതു് ദൈവദൂഷണമാണു്. അദ്ദേഹത്തിൻെറ അനുയായികളെ സംബന്ധിച്ചെങ്കിലും നൃശംസമാനവും അങ്ങനെ തന്നെയാണു്.

മാവോയിക്കു് ഇന്നു് അറുപതു് വയസ്സുണ്ടു്. സുദീർഘവും വിശ്രമരഹിതവുമായ യെനാനിലെ ജീവിതം അദ്ദേഹത്തിൻെറ ആരോഗ്യത്തെ സാരമായി ബാധിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ നാലാമത്തെ ഭാര്യയുമായുള്ള കുടുംബജീവിതം ഒരു നിഗൂഢവിഷയമായിട്ടാണു് അറിയപ്പെടുന്നതു്. യുവത്വം തോന്നിക്കുന്ന മുഖഭാഗം ഇന്നും അദ്ദേഹത്തിനുണ്ടെങ്കിലും തലയിലെ കറുത്ത തലമുടി ഉള്ളവയസ്സിൽ കുറച്ചാണു് അദ്ദേഹത്തിനു് പ്രായം കല്പിക്കുന്നതിനു് ഇടയാക്കുന്നതെങ്കിലും സൈനികപരേഡുകളിൽ ദീർഘസമയം ഇങ്ങനെ നിൽക്കുന്നതു് അദ്ദേഹത്തിനു് വളരെ ക്ഷീണമാണെന്നു പറയപ്പെടുന്നു. അതുകൊണ്ടു് സാധാരണ ആറുമണിക്കൂർ നേരം നടത്തപ്പെടുന്ന പ്രകടനങ്ങൾ ഇപ്പോൾ മൂന്നായി കുറച്ചിട്ടുണ്ടു്.

ഇൻഡ്യൻ ജനതയുടെ പേർക്കു് ഔദ്യോഗിക ഇൻഡ്യൻ പ്രതിനിധിസംഘം അദ്ദേഹത്തിനു് വിലപിടിച്ച പല സമ്മാനങ്ങൾ നൽകിയപ്പോൾ അവയുടെ നേർക്കു കണ്ണോടിക്കപോലും ചെയ്യാതെ അവ എടുത്തുമാറ്റുവാൻ ആംഗ്യംകാണിക്കുകയാണു്

ചെയ്തതു്. സംഘത്തിലെ അംഗങ്ങൾക്കു് ഇതൊരു നിരാശയായിരുന്നു; ഈ സമ്മാനങ്ങൾ വേണ്ട വിധത്തിൽ അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിച്ചില്ലെന്നും അഭിനന്ദനരൂപത്തിൽ അദ്ദേഹത്തിൽ നിന്നു് ഒരു വാക്കുപോലും ലഭിക്കുവാനിടയായില്ലെന്നുമുള്ള വസ്തുത അവക്കു് അസ്വാസ്ഥ്യജനകമായിരുന്നു. കുറെക്കഴിഞ്ഞു് അവർ കലാപ്രദർശനത്തിൽ സംബന്ധിച്ചു. സംഘാംഗങ്ങളിൽ പെട്ട ഒരാളുടെ ഇൻഡ്യൻ നൃത്തപ്രകടനവും പരിപാടിയിൽ ഉൾപ്പെട്ടിരുന്നു മാവോ ഒരു മദ്ധ്യനിരയിൽ ഇരുന്നു് ഈ പ്രകടനത്തെ വീക്ഷിച്ചു. മറെറാരു ഇൻഡ്യൻ സംഘാംഗം മാവോയുടെ മുഖത്തു് ഈ ഇൻഡ്യൻ കലാപ്രദർശനം ഉളവാക്കിയ ഭാവഭേദങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കയുണ്ടായി. യാതൊരു വ്യത്യാസവും ആ മുഖത്തു് പ്രത്യക്ഷപ്പെട്ടുകണ്ടില്ല. മുക്ഡൻ ഹോട്ടലിൻെറ സന്ദർശനശാലയിൽ അദ്ദേഹത്തിൻെറ ഒരു ചിത്രം വച്ചിരുന്നതു ഞാനോക്കുന്നു. സ്റ്റാലിൻെറയും മാവോയുടെയും പൂർണ്ണമായ ചിത്രമായിരുന്നു അതു്. ക്രെംലിൻെറ അനേകം തൂണുകളുള്ള ഒരു ഇടനാഴിയിൽ കൂടെ അവർ രണ്ടുപേരും നടന്നുവരുന്നതായുള്ള ഒരു ചിത്രമായിരുന്നു അതു്. മൊളോട്ടോവും ചൗഎൻ—ലായും പുറകിൽ നടക്കുന്നു. മുമ്പു് അവിടെ സ്റ്റാലിൻെറ ഒരു പൂർണ്ണമായ ചിത്രവും വച്ചിരുന്നു. സോവിയററു് സൈന്യങ്ങൾ മഞ്ചൂറിയായിൽ താവളമടിച്ചു കിടന്ന കാലത്തു് ലഭിച്ച ഒരു ചിത്രമായിരുന്നു അതെന്നാണു് തോന്നുന്നതു്. എന്നാൽ ഞാൻ 1952 മെയ് മാസത്തിൽ വീണ്ടും മുക്ഡനിൽ എത്തിയപ്പോൾ ആ ചിത്രം അവിടെ കണ്ടില്ല. പകരം മറെറാരു ചിത്രം ചൈനാ–സോവിയററു് സൗഹാർദ്ദത്തെ ചിത്രീകരിച്ചു് അവിടെ തൂക്കിയിരുന്നു. കലാകാരൻ രണ്ടു ചൈനീസു് നേതാക്കന്മാരുടെയും, അവരുടെ സമനിലയുള്ള റഷ്യൻ നേതാക്കന്മാരെക്കാൾ ഉയരംകൂടിയവരായി വരയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതെനിക്കു് ഒരു വിനോദമായിത്തോന്നി. കാരണം ഇതേ ചിത്രം റഷ്യൻ പെയിൻറിംഗിൽ ഞാൻ കണ്ടിട്ടുണ്ടു്. അതിൽ റഷ്യൻ നേതാക്കന്മാരെ ചൈനീസ് നേതാക്കന്മാരെക്കാൾ ഉയരം കൂടിയവരായി വരച്ചിരുന്നു. ഓരോ കൂട്ടർക്കും തങ്ങളുടെ ജനങ്ങളെ ആരാണീമൈത്രീബന്ധത്തിൽ വലിയ ചേട്ടൻ എന്ന ബോദ്ധ്യപ്പെടുത്താൻ ആവശ്യമായിരുന്നു.

സ്റ്റാലിൻ മരിക്കുന്നതുവരെ മാവോയും സ്റ്റാലിനും തമ്മിൽ വലിയ സ്നേഹമായിരുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. ചൈനയുടെ ആഭ്യന്തരസമരത്തിൽ സോവിയററു റഷ്യാ മാവോയെ പരിപൂർണ്ണമായി അവഗണിച്ചിരുന്നു. മഹായുദ്ധകാലത്തിനുശേഷവും, ചിയാങ്ങിനെ ചൈനീസു് കമ്യൂണിസ്റ്റുകാർ ഇത്ര വേഗം പരാജയപ്പെടുത്തുമെന്നു് അവർ പ്രതീക്ഷിച്ചില്ല. 1927

മുതൽ കോമിൻേറണിനും, സ്റ്റാലിനും പ്രതിപക്ഷമായി വർത്തിച്ച ഒരു നിലയാണ് മാവോയിക്കുണ്ടായിരുന്നതു്. ഭൂമി പിടിച്ചെട്ടുക്കുന്നതും നഗരങ്ങളിൽ സായുധ സമരത്തിന് സാധാരണക്കാർ തയാറാകുന്നതും പരിമിതമായ തോതിൽ മാത്രമേ പാട്ടുള്ളുവെന്നു് സ്റ്റാലിനും കോമിൻേറണും നിഷ്ക്കർഷിച്ചിരുന്നു. ബൊറോഡിൻ, റോയി എന്നിവർ തിരിച്ചുപോയതിനുശേഷം ഈ നയത്തിൻെറ പ്രാതിനിധ്യം വഹിച്ചതു് ലൈലൈ-സാൻ ആയിരുന്നു. അയാൾ മോസ്ക്കോയിൽ പരിശീലനം ലഭിച്ച ഒരു സാഹസികനായിരുന്നു. 1949-ൽ മോസ്ക്കോയിൽ പോകുന്നതുവരെ ചൈനായിക്കു വെളിയിൽ സഞ്ചരിച്ചിട്ടില്ലായിരുന്നമാവോയുടെ ശക്തി സംഭരിച്ചതു് അദ്ദേഹത്തിൻെറ കർഷകവർഗ്ഗബന്ധവും, ആ വർഗ്ഗത്തിലുള്ള ജനനവുമാണ്. കർഷകന് ഭൂമിക്കുവേണ്ടിയുള്ള ആവേശം അദ്ദേഹത്തിനു ശരിക്കറിയാമായിരുന്നു. സാധാരണ കർഷകൻെറ സഹായം കൂടാതെ കമ്യൂണിസ്റ്റുകാരുടെ പ്രതിരോധ സംരംഭം പരാജയമടയുമെന്നും അദ്ദേഹം അറിഞ്ഞു. ഈ പ്രസ്ഥാനത്തിന് അവൻെറ ഉത്സാഹപൂർവ്വമായ സഹകരണം നേടിയാൽ മാത്രം മതി. മാവൊ വളരെ കാലം കഴിഞ്ഞു് ഇങ്ങനെ എഴുതിയിട്ടുണ്ട് "പ്രതിരോധത്തിനുള്ള സമരം സാക്ഷാൽ കർഷകൻെറ സമരമാണ്".

1939-ൽ "ചൈനീസ് വിപ്ളവവും ചൈനയിലെ കമ്യൂണിസ്റ്റ് പാർട്ടിയും" എന്ന ഗ്രന്ഥത്തിൽ മാവോ ചൈനയിലെ വിപ്ലവത്തെ സംബന്ധിച്ച് അദ്ദേഹത്തിനു സ്വന്തമായുള്ള സിദ്ധാന്തത്തെ ഇങ്ങനെ വിശകലനം ചെയ്തിട്ടുണ്ട്.

"ഇങ്ങനെയുള്ള ശത്രുക്കളെ അഭിമുഖീകരിക്കുമ്പോൾ വിപ്ലവ സൈന്യങ്ങളുടെ പ്രത്യേക താവളങ്ങൾ എവിടെ ആയിരിക്കണമെന്നുള്ള പ്രശ്നങ്ങൾ ഉദിക്കുന്നു. സാമ്രാജ്യദ്വേഷ്പ്രഭുത്വവൻശക്തികളും അവരുടെ സഖ്യത്തിൽപ്പെട്ട ചൈനായിലെ പിൻതിരിപ്പൻ സൈന്യശേഖരങ്ങളും പ്രധാനപ്പെട്ട ചൈനീസ് നഗരങ്ങളിൽ താവളമുറപ്പിക്കുന്നതായിട്ടാണു കാണുന്നതു്. വിപ്ലവസൈന്യങ്ങൾ അവരുടെ ശക്തി സംഭരിച്ചു വളരുകയും, സുശക്തമായ സൈന്യങ്ങളുമായി നേരിട്ടു നിശ്ചിതമായ യുദ്ധങ്ങളിൽ നിന്നു കഴിയുന്നതും മാറിനിൽക്കുകയും ചെയ്യണമെങ്കിൽ സ്വന്തശക്തി എത്ര മാത്രമുണ്ടെന്നു് നിശ്ചയമാകുന്നതുവരെ, ഉൾപ്രദേശങ്ങളിലേക്കു മാറി, അങ്ങനെയുള്ള സ്ഥാനങ്ങൾ സൈനികവും, രാഷ്ട്രീയവും, സാമ്പത്തികവും സാംസ്കാരികവുമായ വൻവിപ്ലവ ആസ്ഥാനങ്ങളാക്കിത്തീർക്കുകയാണു വേണ്ടതു്. അങ്ങനെയുള്ള പ്രബല കേന്ദ്രങ്ങളിൽ നിന്നു്, നഗരങ്ങൾ ആസ്ഥാനമാക്കിക്കൊണ്ടു ഗ്രാമപ്രദേശങ്ങളിലേക്കു തിരിയുന്ന അവരുടെ ദ്രോഹികളായ ശത്രുക്കളെ ഓടിക്കാൻ സാധിക്കും. കൂടാതെ ഈ പ്രബല സങ്കേതങ്ങ

ളിൽ നിന്നു്, സ്ഥിരപരിശ്രമത്തോടു കൂടി ദീർഘകാലം സമരം നടത്തിയാൽ, ക്രമേണ പരിപൂർണ്ണ വിജയം നേടുവാനും കഴിയും. അങ്ങനെയുള്ള പരിതസ്ഥിതികളിലും, ചൈനായിലെ സാമ്പത്തിക പുരോഗതിയുടെ സമീകൃതഭാവം കൊണ്ടും (ഗ്രാമീണ സാമ്പത്തികസ്ഥിതി നാഗരിക സാമ്പത്തികസ്ഥിതിയോടു പൂർണ്ണമായി ബന്ധപ്പെട്ടു കഴിയുകയല്ല) ചൈനാരാജ്യത്തിന്റെ ഭൂവിസ്തൃതി കൊണ്ടും (വിപ്ലവ സൈന്യങ്ങൾക്കു് മാറിനിൽക്കുവാൻ സീമാതീതമായ വിസ്താരമാണു് ചൈനയ്ക്കുള്ളതു്) വിപ്ലവസൈന്യവിരോധികളുടെ ഇടയിലുള്ള അനൈക്യവും തമ്മിൽതമ്മിലുള്ള മത്സരവും കൊണ്ടും ചൈനീസ് വിപ്ലവസൈന്യത്തിലെ സുപ്രധാനഘടകം ചൈനീസ് കർഷകജനതയായതുകൊണ്ടും, ആ ജനത കമ്മ്യൂണിസ്റ്റ്നേതൃത്വത്തിലായതുകൊണ്ടും, ചൈനീസ് വിപ്ലവം പ്രഥമമായി ഗ്രാമപ്രദേശങ്ങളിൽ വിജയിക്കുവാനുള്ള സാദ്ധ്യതയാണു തെളിഞ്ഞുകാണുന്നതു്. അങ്ങനെ ചൈനീസ് വിപ്ലവം തികച്ചും അസമത്വപരമായ ഒരു മണ്ഡലത്തിൽകൂടെ അതിന്റെ പര്യവസാനത്തിലേക്കു പ്രയാണം ചെയ്യുവാൻ നിർബന്ധിതമായിരിക്കുന്നു. അതു നമ്മുടെ വൈഷമ്യങ്ങൾ വർദ്ധിപ്പിക്കുകയും, വിപ്ലവത്തിന്റെ കാലദൈർഘ്യം കൂട്ടുകയും ചെയ്യുന്നു.''

വളരെ മർമ്മപ്രധാനമായ ഒരു സമീപനവ്യത്യാസമാണു് ഈ വിപ്ലവധാരണയിൽ ദർശിക്കുന്നതു്. ഇങ്ങനെയുള്ള ഒരു പാഷണ്ഡോപദേശവുമായി കോമിൻേറൺ യാതൊരുബന്ധവും പുലർത്തുകയില്ല. ചൈനാക്കാർ കോമിൻേറണിന്റെ സഹായമൊന്നും കൂടാതെ സ്വന്തശക്തിയിൽ അവരുടെ ലക്ഷ്യത്തിലെത്തിച്ചേരാൻ വിടുകയാണു് റഷ്യ ചെയ്തതു്. എന്നാൽ ചിയാംഗ് കൈഷക്കു് കമ്മ്യൂണിസ്റ്റുകാരെ ചൈനായിൽ നിന്നു പാടേ നിർമ്മാജ്ജനം ചെയ്യുവാൻ നടത്തിയ അഞ്ചു വൻസൈനികാക്രമണങ്ങളിൽകൂടെ മാവോയുടെ വിശകലനം ആണു് ശരിയായിരുന്നതെന്നു് കമ്മ്യൂണിസ്റ്റുകാർപഠിച്ചു. കമ്മ്യൂണിസ്റ്റ്മതത്തിന്റെ അപ്പസ്തോലിക പ്രധാനാചാര്യ സമിതിയിൽ ചൈനീസ് കമ്മ്യൂണിസ്റ്റുപദേശം ഇന്നു് അംഗീകരിക്കപ്പെട്ടിരിക്കയാണു്. മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ പിന്തുടർച്ചാവകാശം നേരെ മാവോയിൽ പതിഞ്ഞതായി പരിഗണിക്കപ്പെടുന്നു. കമ്മ്യൂണിസത്തിന്റെ പശ്ചിമശാഖയുടെ പ്രാതിനിധ്യം റഷ്യയ്ക്കാണു്; പൂർവ്വശാഖ മാവോയിസ്സവുമാണു്. റഷ്യയും മാവോയും സഖ്യത്തിലാണു്. പക്ഷെ പരസ്പരം സംശയാലുക്കളായി കഴിയുകയാണു്. എന്നാൽ പാശ്ചാത്യരാജ്യങ്ങളുമായി സംപൂർണ്ണമായി വിച്ഛേദിക്കപ്പെട്ടു കഴിയുന്ന മാവോയും കമ്മ്യൂണിസ്റ്റ് ചൈനയും കൂടുതൽ കൂടുതൽ സൈനികവും, സാങ്കേതികവും, സാമ്പത്തികവു

മായ സഹായങ്ങൾക്ക് റഷ്യയെ കൂടുതൽ ആശ്രയിക്കേണ്ടി വരുന്നുണ്ട്. റഷ്യയുടെ ആധിപത്യത്തിനു് ഒരു പ്രതിവിധിയെന്ന നിലയിൽ ഇൻഡ്യയുമായുള്ള സൗഹാർദ്ദം മാവോ ഭാവന ചെയ്യുന്നു. ഒരുപക്ഷെ, ഈ വസ്തുതയായിരിക്കും ഇൻഡ്യയുമായി കൂടുതൽ ബന്ധം സുദൃഢമാക്കുവാൻ ചൈന അഭിലഷിക്കുന്നതിൻെറ കാരണം.

ഞാൻ മാവോയെ പിന്നീടു കണ്ടില്ല എന്നാൽ ഇൻഡ്യൻ സാംസ്കാരികസംഘംമാവോയെ സന്ദർശിക്കുവാൻ പോയപ്പോൾ ഞാൻ പീക്കിംഗിൽ തന്നെയുണ്ടായിരുന്നു. ആദ്യമേ മിസ്സിസ് പണ്ഡിററും പിന്നീട് ഏതാനും മിനിററുകൾ കഴിഞ്ഞു മററു സംഘാംഗങ്ങളും അദ്ദേഹത്തിൻെറ സന്നിധിയിലേക്ക് ആനയിക്കപ്പെട്ടു. ചൈനാക്കാരും ഇൻഡ്യക്കാരും ചാംപെയിൻ ഉപയോഗിച്ച് പാനോപചാരങ്ങൾ നടത്തിക്കൊണ്ടിരുന്നതിനിടയിൽ മാവോയുമായി സംഭാഷണം നടത്തുവാൻ മിസ്സിസ് പണ്ഡിററിനു് സൗകര്യം ലഭിച്ചില്ലെന്നുതന്നെ പറയാം. അദ്ദേഹം ഹസ്തദാനം ചെയ്യുന്നതിനിടയിൽ സംഘാംഗങ്ങളിൽ ആരോ തങ്ങൾ ചൈനായിൽ വരുവാൻ ഇടയായതിൽ സന്തോഷമുണ്ടെന്നോ എന്തോ പിറുപിറുത്തുവെന്നു പിന്നീടു ഞാൻ അറിഞ്ഞു. മാവോ ഇപ്രകാരം അതിനു് മറുപടി പറഞ്ഞതായിട്ടാണു് ഞാൻ കേട്ടതു്. "സമാധാനത്തിനുവേണ്ടി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. നിർമ്മാണപരമായ കാര്യങ്ങളിൽ നമുക്കു സഹകരിച്ചു പ്രവർത്തിക്കാം." മാവോയുടെ "ഏഷ്യൻ മനോഭാവ"ത്തിൻെറ ഒരു പ്രകടനമായി ചിലർ ഇതിനെ വ്യാഖ്യാനിക്കാറുണ്ട്. ഇതിൻെറ അർത്ഥമെന്താണെന്നുള്ളതിനെപ്പററി എനിക്ക് അത്ര നിശ്ചയംപോരാ. ഏഷ്യ ചൈനായുടെ സ്വാധീനശക്തി പ്രയോഗിക്കാനുള്ള മണ്ഡലമാണെന്നു മാവോ കരുതുന്നു എന്നു മാത്രമേ എനിക്കു തോന്നുന്നുള്ളു.

അടുത്തകാലത്തു് മാവോയിക്കു് ഇൻഡ്യയോടുള്ള മനോഭാവം അദ്ദേഹത്തിൻെറ ഈ സിദ്ധാന്തംകൊണ്ടു വന്ന മാററങ്ങൾ പ്രത്യക്ഷമാക്കുന്നുണ്ട്. മുമ്പ് അദ്ദേഹം എപ്പോഴും പറയുമായിരുന്നതു് "സോവ്യററു റഷ്യയുടെ സഹായമില്ലാതെ ചൈനായുടെ അന്തിമ വിജയം സാദ്ധ്യമല്ല" എന്നായിരുന്നു. പീപ്പിൾസ് പൊളിററിക്കൽ കൺസൽട്ടേററീവ് കൗൺസിലിൻെറ പ്രഥമ ദേശീയ കമ്മിററിയുടെ മൂന്നാമത്തെ യോഗത്തിൽ പിന്നെയും റഷ്യയോടുള്ള ബന്ധത്തെപ്പററി അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചു "രാജ്യാന്തരമണ്ഡലങ്ങളിൽ നമ്മൾ ആശ്രയിച്ചതു്, സോവിയററു യൂണിയൻെറ നേതൃത്വത്തിലുള്ള സമാധാനത്തിൻെറയും ജനായത്തഭരണരാജ്യങ്ങളുടെയും സഖ്യത്തിലും ലോകമാസകലമുള്ള ജനതകളുടെ സൗഹാർദ്ദത്തിലുമാണ്." മൂന്നുകൊല്ലം റഷ്യയുമായി അടുത്തതിൻെറ അനുഭവത്തിൽനിന്നു് ഇന്നദ്ദേഹത്തിൻെറ ഭരണ

ത്തിൻകീഴിലിരിക്കുന്ന സാമ്രാജ്യത്തിൽ റഷ്യൻ ആധിപത്യസാദ്ധ്യതയെ ഭയപ്പെട്ടുവാനും അദ്ദേഹം പഠിച്ചു. അതുകൊണ്ടു് 1951 ഒക്ടോബറിൽ ചൈന മുഴുവൻ ഒരു പുതിയ നിർദ്ദേശം പ്രചരിപ്പിച്ചു. അതായതു് ഇൻഡ്യൻ ജനതയുമായി സൗഹാർദ്ദം സ്ഥാപിക്കുവാൻ ശ്രമിക്കണമെന്നായിരുന്നു ആ നിർദ്ദേശം. ആ ആണ്ടിലെ ഒക്ടോബർ സൈനികപരേഡിൽ ഉപയോഗിക്കുവാൻ തയ്യാറാക്കിയിരുന്ന മുദ്രാവാക്യപ്പട്ടികയിൽ "ഏഷ്യൻ ജനങ്ങളുടെ ഐക്യം നീണാൾ വിജയിക്കട്ടെ" എന്നുള്ള വാക്യം പ്രഥമമായി സ്ഥലംപിടിച്ചിരുന്നു. ചൈനായിൽ എത്തിയ ഇൻഡ്യൻ സന്ദർശകരോടു് ഇൻഡ്യയുടെ പ്രതിനിധികൾ എന്ന നിലയിൽ കൂടുതൽ ആതിഥ്യമര്യാദകൾ പ്രകടിപ്പിക്കുവാനും, ടോസ്റ്റ് പ്രസംഗങ്ങൾ നടത്തുവാനുമുള്ള ഒരു വ്യഗ്രത ദൃശ്യമായിരുന്നു. എങ്കിലും ഇൻഡ്യയിലെ ഗവൺമെൻറിനെപ്പററിയോ, പ്രധാനമന്ത്രിയെപ്പററിയോ, ഒരക്ഷരംപോലും ഒരിടത്തും പറഞ്ഞുകേട്ടില്ല. ഈ നയം മാററത്തിൻെറ പൊരുൾ എന്തായിരിക്കും? മാവോ ഇപ്പോൾ ചൈനീസ് ജനതയുടെ കേന്ദ്രഗവൺമെൻറിൻെറ ചെയർമേനാണു്. ജനങ്ങളുടെ വിപ്ളവ സൈനിക കൗൺസിലിൻെറ പരമാദ്ധ്യക്ഷനുമാണു്. വിജയം അദ്ദേഹത്തെ ഒരു സ്വേച്ഛാധിപതിയായി മാററി. അദ്ദേഹത്തിൻെറ ഇച്ഛ രാജ്യത്തെ നിയമമായി. അധികാരം കൈവശപ്പെട്ടുത്താനുള്ള മോഹം കഴിഞ്ഞ കാലങ്ങളിൽ മാവോയിക്കു പ്രേരകമായിരുന്നു. എന്നാൽ അന്നു് അദ്ദേഹം ഒരു സാധാരണ കർഷകനായിരുന്നു അദ്ദേഹത്തിൻെറ പാർട്ടിയുടെ വിജയാപജയങ്ങളോടു് അദ്ദേഹം ബന്ധപ്പെട്ടിരുന്നു. ഇന്നദ്ദേഹം സംരക്ഷകതാരമാണു്. അനിയന്ത്രിതമായി അദ്ദേഹം സ്വാധീനമാക്കിയിരിക്കുന്ന അധികാരം ഏഷ്യൻരാജ്യശക്തികളുമായുള്ള സഖ്യത്തിൽ വർദ്ധിക്കുകയേയുള്ളു. സോവിയററുയൂണിയനോടുള്ള ഉപചാരവിധേയത്വത്തിൽ അതു സാദ്ധ്യമല്ല.

വിദൂരമായ ചൈനീസ്പ്രദേശങ്ങളിൽ അദ്ദേഹത്തിൻെറ സ്വാധീനശക്തി ജനങ്ങളുടെ ജീവിതത്തിൽ ചെലുത്തുന്ന പ്രേരണയുടെ മാറററിയുവാൻ എനിക്കിടയായി കാവോകാംഗ് ഉത്തരപൂർവ്വഭാഗത്തുള്ള ഒരു ഗ്രാമമാണു്. അവിടെ സ്ത്രീകൾ ഞങ്ങൾക്കു ഹസ്തദാനം ചെയ്യുവാൻ തിരക്കു കൂട്ടുന്നതു ഞങ്ങൾ കണ്ടു. മാവോയുടെ ഹസ്തങ്ങൾ സ്പർശിച്ച കൈകളായിരുന്നു ഞങ്ങളുടേതെന്നുള്ളതായിരുന്നു ഈ തിരക്കിനു കാരണം. തങ്ങളുടെ കഷ്ടപ്പാടുകൾ വിവരിച്ചു മാവോയിക്കെഴുതിയ കത്തുകളും, അവയ്ക്കു ലഭിച്ച മറുപടികളുമായിരുന്നു ഞങ്ങളുമായി അവർ നടത്തിയ സംസാരവിഷയം. കൊഞ്ചിപ്പറഞ്ഞുതുടങ്ങുന്ന പിഞ്ചുപൈതങ്ങളെ മുതൽ "തുംഗ് ഫാംഗ് ഹംഗ്" എന്നുള്ള ഗാനം പഠിപ്പിക്കും. ഷാംഗ്ഹായിൽ ഒരു വൃദ്ധസ്ത്രീ ഞങ്ങളെ കാണുവാൻ പ്രത്യേക താല്പര്യ

ത്തോട്ട കൂടിവന്നു. അതിനു കാരണം ഒക്ടോബർ പരേഡിൽ സംബന്ധിക്കുവാൻ പീക്കിംഗിൽ എത്തിയ അവസരത്തിൽ മാവോ അവരോട്ട പറഞ്ഞു. "ഇൻഡ്യയാണു നമ്മുടെ ഏററവും പ്രാധാന്യമർഹിക്കുന്ന അയൽരാജ്യം. ഇൻഡ്യയെ കൂട്ടതൽ അറിവാൻ ശ്രമിക്കണം" എന്നു്. പ്രതിരോധസമരത്തിലെ സ്ത്രീസംഘടനയുടെ അദ്ധ്യക്ഷയായിരുന്ന ചാംഗ്മാമായിരുന്നു ആ വൃദ്ധ. കുമിന്താങ്ങ് സൈന്യങ്ങൾ നിഗ്രഹിച്ചു കുന്നുപോലെ മറിച്ചിട്ടിരുന്ന മൃതശരീരങ്ങളുടെ കൂട്ടത്തിൽ അവരും ചത്തുകിടന്നതായി വിചാരിച്ചു് അവരെ വിട്ടിട്ടു് പോയതാണു്.

ചൈനയുടെ പൂർവ്വചരിത്രത്തിൽ ആർക്കും നേടാൻ കഴിയാത്ത അധികാരശക്തി ഇന്നു മാവോയിക്കുണ്ടു്. അദ്ദേഹത്തെപ്പററിയുള്ള കെട്ടുകഥകൾക്കു് അദ്ദേഹവും കീഴ്പ്പെട്ടുകയാണോ?

# 4

# ചൗ യെൻ-ലായി

സ്ഥലങ്ങൾ സന്ദർശിക്കുന്നതിലുള്ള രസത്തെക്കാൾ എനിക്കു കൂടുതൽ താല്പര്യം ആളുകളിലും, അവർക്കെന്തു സംഭവിക്കുന്നുയെന്നതിലുമാണു്. എന്നാൽ ഒരു സന്ദർശകനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കു് ഒന്നും സംഭവിക്കുന്നതേയില്ലെന്നു വേണം പറയുവാൻ. അവരെല്ലാം പുതിയ ജനായത്ത ഭരണം വിജയിപ്പിക്കുവാൻ ബുദ്ധിമുട്ടി പ്രവർത്തിക്കയാണു്. എല്ലാം പരിപാടിയനുസരിച്ചു നിർവഹിക്കപ്പെടുന്നു. നിർദ്ദിഷ്ടപദ്ധതികൾ സമയത്തിനു മുമ്പു ചെയ്തുതീർക്കുന്നു. ലക്ഷ്യങ്ങളിൽ കവിഞ്ഞ ഉല്പാദനം നടക്കുന്നു. പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ സംഭാവന ചെയ്ത ജനങ്ങളുടെ വീരാരാധനാപാത്രങ്ങളായ നേതാക്കന്മാർ സകല റെക്കാർഡുകളേയും ഭേദിക്കയാണു്. പത്രങ്ങളിൽ സന്ദർശകർക്കു നൽകിയ സ്വീകരണങ്ങളുടെയും, അവിടെ നടന്ന പ്രസംഗങ്ങളുടെയും സൗഹാർദ്ദപരമായ അന്തരീക്ഷത്തെയുംപററിയുള്ള റിപ്പോർട്ടുകളല്ലാതെ മറെറാന്നുമില്ല. കൊറിയൻ സന്ധിയാലോചനകളെപ്പററിയുള്ള റിപ്പോർട്ടുകളും ഇങ്ങനെ പറഞ്ഞതു തന്നെ വീണ്ടും പറഞ്ഞുള്ള വിരസമായ വിവരണങ്ങളായിരുന്നു. നഗരങ്ങളിൽ വസിച്ചിരുന്നവർക്കു നഗരാതിർത്തിക്കു വെളിയിലുള്ള ലോകം അജ്ഞാതമായിരുന്നു. എനിക്കു കാണിച്ചുതരുന്നതു മാത്രം കാണാനാണെങ്കിലും ഞാൻ ഇത്ര ദൂരം യാത്ര ചെയ്തു വരേണ്ട ആവശ്യമില്ല. എനിക്കു തരുന്ന ലഘുലേഖകൾ വായിക്കുകയും ചിത്രങ്ങൾ കാണുകയും മാത്രം മതിയായിരുന്നു.

ഞാൻ ചൈനയിൽ വന്നതു സജീവരായി വർത്തിക്കുന്ന ആളുകളെ കാണുവാനും കേൾക്കുവാനുമാണു്. അല്ലാതെ ചരടു വലിച്ചു കളിപ്പിക്കുന്ന പാവകളെ കാണാനല്ല. സ്റ്റേജിനു പുറകിൽ പോയി അവിടെ ആളുകളുമായി സംസാരിക്കുവാനും അവരുടെ മാനസികപ്രത്യാഘാതങ്ങൾ മനസ്സിലാക്കുവാനും ഞാൻ ആഗ്രഹിച്ചു. ഇവിടെ പീക്കിംഗ് നഗരമുണ്ടു്. ചരിത്രഗതിയെ മാററിമറിച്ച വീരപുരുഷന്മാർ എല്ലാം ഇവിടെയാണു താമസം. അവരോടാരോടും ഒരു ചോദ്യം പോലും ചോദിക്കുവാൻ എനിക്കു് അവസരം കിട്ടിയില്ല. എല്ലാം വിരസവും നിരാശാജനകവുമായി എനിക്കു തോന്നി.

ഞാൻ പ്രധാന ദ്വിഭാഷിയോടുചെന്നു് പറയും, എനിക്കു മാവോ സെ-തുംഗ്, ചൗ എൻ ലായി, ലിയുഷാവൊ-ചി മുതലായവരെ സന്ദർശിക്കണമെന്നു്. വീണ്ടും വീണ്ടും ആ അഭ്യർത്ഥന ഞാൻ ആവർത്തിച്ചുകൊണ്ടിരുന്നു. എപ്പോഴും എനിക്കു കിട്ടിയ മറുപടി "നിങ്ങളുടെ അപേക്ഷ അയച്ചുകൊടുത്തിട്ടുണ്ടു്" എന്നായിരുന്നു. സന്ദർശകസംഘങ്ങളെ സ്വീകരിക്കുന്നതിൻെറ പ്രധാന ചുമതല കൾ വഹിക്കുന്ന ഉദ്യോഗസ്ഥനെ കാണണമെന്നു് ഞാൻ അവസാനം ആവശ്യപ്പെട്ടു. ഞാൻ അയാളെ പറഞ്ഞു മനസ്സിലാക്കി, എൻെറ അഭ്യർത്ഥനയിൽ അസാധാരണമായി യാതൊന്നുമില്ലെന്നു്. ഇൻഡ്യൻ വർത്തമാനപ്പത്രങ്ങളുടെ പ്രതിനിധിയെന്ന നിലയിലാണു് ഞാൻ സംസാരിക്കുന്നതെന്നും, ചൈനായിലെ നേതാക്കന്മാക്കു പറയാനുള്ള കാര്യങ്ങൾക്കു് ഇൻഡ്യയിൽ ഏററവും വിപുലമായ പ്രസിദ്ധീകരണം ലഭിക്കുന്നതാണെന്നും ഞാൻ അറിയിച്ചു. ഞങ്ങൾകണ്ടതുമാത്രം എഴുതിയാൽപോരാ എന്നു ഞാൻ വിശദീകരിച്ചു. ചൈനീസ്സനേതാക്കന്മാരുടെ സ്വന്തം വാക്കുകളിൽ നവീനചൈനയുടെ പിന്നിൽ പ്രവർത്തിക്കുന്ന പ്രചോദനശക്തികളെപ്പററി ഇൻഡ്യൻ ജനത അറിയണം. എൻെറ അടിയന്തിരമായ അഭ്യർത്ഥനക്കു് ഏതാണ്ടൊരു ഫലമുണ്ടായെന്നു തോന്നുന്നു. എനിക്കു ചോദിക്കാനുള്ള ചോദ്യങ്ങൾ എഴുതി ഏല്പിക്കുവാൻ അയാൾ ആവശ്യപ്പെട്ടു. പ്രസ്തുത കടലാസ്സു് വിദേശകാര്യാലയത്തിലേക്കു് അയക്കാമെന്നു് അയാൾ ഭരമേററു. അതിൽ കൂടുതൽ ഒന്നും അയാൾക്കു പറയാൻ കഴിഞ്ഞില്ല.

ഒരു സന്ദർശനത്തിനാവശ്യപ്പെട്ടുകൊണ്ടുള്ള എൻെറ അഭ്യർത്ഥനയെ സംബന്ധിച്ചു പിന്നെ ഞാൻ ഒന്നും കേട്ടില്ല. പീക്കിംഗിലുള്ള ഞങ്ങളുടെ താമസം അവസാനിക്കാറായിരുന്നു. ഞാൻ സത്യം പറഞ്ഞാൽ നിരാശാഭരിതനായി. എൻെറ ഭഗ്നോത്സാഹത്തെപ്പററിയും മറുപടി കിട്ടാത്തതിലുള്ള എൻെറ നീരസത്തെപ്പററിയും അറിഞ്ഞ പ്രധാന ദ്വിഭാഷി മാഡം ലിയു എന്നെ ഒരു ദിവസം വന്നുകണ്ടു്, ചൈന പത്രപ്രതിനിധി സന്ദർശനങ്ങളിൽ വിശ്വസിക്കുന്നില്ലെന്നറിയിച്ചു. എങ്കിലും ഒരു സ്വീകരണയോഗത്തിൽവച്ചുപ്രധാനമന്ത്രി ചൗ-എൻ-ലായിയെ കാണുവാൻസാധിച്ചേക്കുമെന്നു് അവർ പ്രത്യാശിക്കുന്നതായി പറഞ്ഞു. അങ്ങനെയൊരു വമ്പിച്ച ആൾക്കൂട്ടത്തിൽവച്ചു് അദ്ദേഹത്തെ കണ്ടതുകൊണ്ടു് പത്രങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രയോജനവുമില്ലെന്നും, എൻെറ ചോദ്യങ്ങളെ ആസ്പദമാക്കി എനിക്കു തനിച്ചൊരു സന്ദർശനം അനുവദിക്കാൻ നിവത്തിയില്ലെങ്കിൽ ഒരു പ്രസ്സ്കോൺഫറൻസ്സു വിളിച്ചുകൂട്ടി എല്ലാവക്കും ചോദ്യം ചോദിക്കാൻ സൗകര്യമുണ്ടാക്കാമല്ലോയെന്നും ഞാൻ അഭി

പ്രായപ്പെട്ടു. വീണ്ടും എൻെറ അഭ്യർത്ഥന ശൂന്യാകാശത്തിൽ ലയിച്ചുപോയതായിട്ടാണു് തോന്നിയതു്.

ഞങ്ങൾ പീക്കിംഗ് വിട്ടുപോരുന്നതിനു് മൂന്നു ദിവസം മുമ്പു് ഇൻഡ്യൻ കൗൺസിലർ ഒരു അനൗപചാരിക ഡിന്നറിനു് ഇൻഡ്യൻ സൗഹാർദ്ദസംഘത്തെ ക്ഷണിക്കുകയുണ്ടായി. അന്നുച്ചകഴിഞ്ഞു ഞങ്ങൾക്കു പെട്ടെന്നൊരു അറിവു് ലഭിച്ചു. ഡിന്നർ കഴിഞ്ഞു രാത്രി 9 മണിക്കു ഞങ്ങൾ തിരിച്ചുവന്നു് ചൈനീസ് വിദേശകാര്യാലയത്തിൽ നടത്തപ്പെടുന്ന ഒരു സ്വീകരണത്തിൽ,പീക്കിംഗിലുണ്ടായിരുന്ന എല്ലാ സംഘാംഗങ്ങളും സംബന്ധിക്കണമെന്നു ഞങ്ങളെ അറിയിച്ചു. അവിടെവച്ചു പ്രധാനമന്ത്രിയെ കാണുവാനുള്ള സൗകര്യം എനിക്കു ലഭിക്കുമെന്നുള്ള സൂചനയും ലഭിച്ചു. ആ സായാഹ്നത്തിലെ സാദ്ധ്യതകളെ സംബന്ധിച്ചു വലിയ ആവേശമൊന്നും എനിക്കു തോന്നിയിരുന്നില്ല. എങ്കിലും ഞാൻ മുമ്പു കുറിച്ചുകൊടുത്ത പ്രശ്നാവലിയുടെ ഒരു പ്രതി കയ്യിൽ കരുതിയിരുന്നു.

ഞങ്ങൾ ഈ സ്റ്റേററ് സ്വീകരണത്തിൽ സംബന്ധിക്കുവാൻ കൃത്യം 9-30-നു എത്തി. എല്ലാ എംബസ്സി പ്രതിനിധികളും അവിടെ ഹാജരായിരുന്നു. പൂർവ്വയൂറോപ്യൻരാജ്യങ്ങൾ, റഷ്യ, ഇൻഡോനേഷ്യ, ബർമ്മ, പാക്കിസ്ഥാൻ, ഇൻഡ്യ, ഇവയുടെയെല്ലാം പ്രതിനിധികളെ അവിടെ കണ്ടു. ഞങ്ങൾ ഒരു യന്ത്രാകണക്കെ ഹസ്തദാനങ്ങൾ നടത്തി. ഇരിക്കാനുള്ള മുറിയിലേക്കു നടന്നു. കഴിഞ്ഞ ബാങ്ക്വററുകളിലെല്ലാം നടന്ന പ്രസംഗങ്ങളും പ്രതീക്ഷിച്ചു് അവിടെ ഇരിപ്പായി. ഏതാനും നിമിഷങ്ങൾ കഴിഞ്ഞു മാഡം ലിയു പ്രധാനമന്ത്രിയെ അനുഗമിച്ചു് അവിടെ ആഗതയായി. ഞങ്ങളെ അദ്ദേഹത്തിനു് പരിചയപ്പെടുത്തി. അപ്പോഴാണു് വാതിക്കൽനിന്നു ഞങ്ങളെ സ്വീകരിച്ച ആൾ പ്രധാനമന്ത്രിയായിരുന്നുവെന്നുള്ള കഥ വിസ്മയപൂർവ്വം ഞങ്ങൾ മനസ്സിലാക്കിയതു്. ഞങ്ങൾക്കു സുപരിചിതമായിരുന്ന ന്യൂഡെൽഹിയിലെ സാമ്രാജ്യപദവിയിലുള്ള പ്രോട്ടോക്കോൾ രീതികളിൽനിന്നു് ഇതു തികച്ചും വിഭിന്നമായിരുന്നു. പിന്നീടു ഡൈനിംഗ് ഹോളിലേക്കുപോയി ഇഷ്ടമുള്ളിടത്തു സ്ഥാനം പിടിക്കുവാൻ ഞങ്ങളോടാവശ്യപ്പെട്ടു. പ്രധാനമേശയ്ക്കരികിൽക്കൂടെ ഞാൻ പോയപ്പോൾ ഞാൻ മുമ്പെഴുതിയ ചോദ്യങ്ങൾ ഉള്ള ആ കടലാസു മേശപ്പുറത്തു് പ്രധാനമന്ത്രിയുടെ കസേര ഇട്ടിരിക്കുന്നിടത്തു് ഇരിക്കുന്നതു് കണ്ടു. ഏകദേശം ഇരുന്നൂറു അതിഥികൾ സംബന്ധിച്ച ആ വിരുന്നിൽ ഈ ചോദ്യങ്ങൾ എല്ലാം ചോദിക്കുന്നതിനേപ്പററി എനിക്കാശ്ചര്യവും, പരിഭ്രമവും തോന്നി. പല ചോദ്യങ്ങളും അവരിൽ പലർക്കും താല്പര്യമില്ലാത്തവയായിരുന്നു എന്നെനിക്കറിയാം. എങ്കിലും, മററുള്ളവർക്കു് അവരുടെ ചോദ്യങ്ങൾ

ചോദിക്കാൻ ലഭിക്കുന്ന ഈയവസരത്തെ ഞാൻ മുഴുവനായി കവർന്നെടുക്കുന്നുവെന്നുള്ള പരാതി പലക്കും തോന്നിയാൽ തന്നെ, എനിക്കു കിട്ടുന്ന അവസരം മുറസ്സുപയോഗിക്കുവാൻതന്നെ ഞാൻ തീരുമാനിച്ചു.

കാര്യമാത്രപ്രസക്തമായ ഒരു ബിസ്സിനസ്സ്സമ്മേളനമായിരുന്നു അതു്. ചൗ–എൻ–ലായി എഴുന്നേററു് ഒരു പ്രസംഗംചെയ്തു. ഞങ്ങളെയെല്ലാം ചൈനായിലേക്കു സ്വാഗതം ചെയ്യുകയും, ഞങ്ങൾക്കാവശ്യമുള്ളതെല്ലാം കാണുവാൻ സൗകര്യം ലഭിച്ചുവെന്നു് അദ്ദേഹം പ്രത്യാശിക്കയും ചെയ്തു. പല വീഴ്ചകളും കുറവുകളും കണ്ടേക്കാമെങ്കിലും നവീനചൈന രണ്ടു വയസ്സുമാത്രം പ്രായമുള്ള ശിശുവാണെന്നു് അദ്ദേഹം അനുസ്മരിച്ചു. അതിഥികൾക്കു പല കാര്യങ്ങളും എന്നിൽനിന്നറിയുവാൻ ആഗ്രഹമുണ്ടായിരിക്കുമെന്നും. അങ്ങനെയുള്ള ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ അദ്ദേഹം തയാറാണെന്നും അറിയിച്ചു. അഞ്ചു മിനിററുനേരം മാത്രം നീണ്ടുനിന്ന ഒരു ചെറിയ പ്രസംഗമായിരുന്നു അതു്. പ്രസംഗം ഇംഗ്ലീഷിലും, റഷ്യൻഭാഷയിലും വിവൎത്തനംചെയ്തു. പരിഭാഷകൾ തീൎന്നയുടനെ, ചൗ–എൻ-ലായി ചോദ്യങ്ങൾ പ്രതീക്ഷിക്കുന്ന രൂപത്തിൽ ഒരു നിമിഷം നിന്നശേഷം എന്റെ നേരെ തിരിഞ്ഞു. ഞാൻ എഴുന്നേററുനിന്നു് എന്റെ ചോദ്യങ്ങൾ അവതരിപ്പിക്കുമെന്നു് അദ്ദേഹംപ്രതീക്ഷിച്ചു.

ചൗ–എൻ ലായിയെ അടുത്തുകാണുവാൻ എനിക്കു ലഭിച്ച പ്രഥമസന്ദർഭമായിരുന്നു അതു്. ഇൻഡ്യയുടെ നെഹ്റുവിനെപ്പോലെ, അദ്ദേഹവും വളരെ സുമുഖനാണു്. സൺ യാററ്–സെൻ യൂണിഫാറത്തിൽ സാധിക്കാവുന്നതിൽ ഏററവും സുഭഗമായി അദ്ദേഹം വസ്ത്രധാരണം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ സൂട്ടു് ഒന്നാന്തരം തയ്യൽക്കാരൻ തയിച്ചതാണു്. സ്വന്തം സുഭഗതയിലുള്ള ആത്മവിശ്വാസത്തോടുകൂടെ ചൈനീസ് പ്രഭുത്വത്തിന്റെ ആർദ്രതയും, മനോജ്ഞതയും ഇണങ്ങിച്ചേൎന്നപ്പോൾ, അനഹങ്കാരമായ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തെപ്പററി സാധാരണക്കാരായ ഗ്രാമീണജനതയിൽ മതിപ്പു തോന്നിപ്പിക്കുവാൻ അതു പര്യാപ്തമായിരുന്നു. നല്ല സ്വരഭംഗിയുള്ള ശബ്ദവും, സംസ്കാരം തുളുമ്പുന്ന ചേഷ്ടകളും യുവസഹജവും, സാംക്രമികവുമായ ചിരിയും, മിന്നിത്തിളങ്ങുന്ന കണ്ണുകളും, പ്രേക്ഷകനെ മാന്ത്രികമായ അദ്ദേഹത്തിന്റെ ആകർഷണീയതയാൽ വശീകരിച്ചു നിറുത്തുമായിരുന്നു. ലോകത്തെപ്പററി അദ്ദേഹത്തിനറിയാം; ഫ്രെഞ്ചുഭാഷയും ജർമ്മനും സരസമായി സംസാരിക്കും. അദ്ദേഹം ഫ്രാൻസിൽ ഒരു വിദ്യാർത്ഥിയായിരുന്നു. അന്നു ലൈലൈ-സാനും. ലോമാനും ചേൎന്നു് ചൈനായിലെ കമ്യൂണിസ്റ്റുപാർട്ടി അദ്ദേഹം സ്ഥാപിച്ചു. കുമിന്താങ്ങുമായുള്ള സഹകരണകാല

വിഷമഘട്ടത്തിൽ യെനാൻെറ പ്രാതിനിദ്ധ്യം ചുങ്കിംഗിൽ വഹിച്ചതു് അദ്ദേഹമാണു്. വർത്തമാനം പറയുവാൻ കൊള്ളാവുന്ന ഏക കമ്യൂണിസ്റ്റു് ചൗ-എൻ-ലായി ആയിരുന്നുവെന്നു് ചിയാങ്ങ കൈഷക്കു് വിചാരിച്ചിരുന്നതായി പറയപ്പെടുന്നു.

യെനാനിലും പിന്നീടു് ചുങ്കിംഗിലും വിശ്രമരഹിതമായ ഒരു ജീവിതം നയിച്ചിട്ടും ചൌ-എൻ-ലായുടെ യുവത്വം, അദ്ദേഹത്തെ വിട്ടുപിരിഞ്ഞതായി തോന്നിയില്ല. ഹസ്തദാനം ചെയ്യുന്നതു് ഒരു ദൃഢതയോടുകൂടിയായിരുന്നു. മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും അദ്ദേഹം വിഹരിച്ചതു് ചുറുചുറുക്കോടെയാണു്. അദ്ദേഹത്തിൻെറ കറുത്തു് ഇടതിങ്ങിനിന്ന പുരികം അദ്ദേഹത്തിൻെറ സ്നേഹാതിശയത്തെയും, അദ്ദേഹം സ്വീകരിച്ച പ്രസ്ഥാനത്തിലുള്ള തീക്ഷ്ണതയേയും പ്രസ്പഷ്ടമാക്കിയിരുന്നു. വർത്തമാനം പറയുന്നതു് അദ്ദേഹത്തിനു് ഇഷ്ടമാണു്. അദ്ദേഹത്തിൻെറ സംസാരവിഷയത്തിലുള്ള സുചിന്തിതവും, പണ്ഡിതോചിതവുമായ സമീപനരീതി ശ്രോതാക്കളെ ആകർഷിക്കുന്നുണ്ടെന്നും അദ്ദേഹത്തിനു് ബോദ്ധ്യമായിരുന്നു. 1952-ൽ അദ്ദേഹത്തെവീണ്ടും ഇൻഡ്യൻ കലാപ്രദർശനം ഉൽഘാടനം ചെയ്ത അവസരത്തിൽ കണ്ടപ്പോൾ, ഏത്രയും അധികം ചിത്രങ്ങൾ ചുററിനടന്നു കാണുവാൻ അദ്ദേഹം ബുദ്ധിമുട്ടിയതിൽ എനിക്കത്ഭുതം തോന്നി. സാവധാനത്തിൽ ചുററിനടന്നു് ഓരോചിത്രത്തെപ്പററിയും അദ്ദേഹം വിമർശനം നടത്തിക്കൊണ്ടിരുന്നു. വിമർശനങ്ങൾ കലാപരമായി അദ്ദേഹം അത്രയധികമൊന്നും അറിഞ്ഞിരുന്നില്ല എന്നു് വെളിപ്പെടുത്തി. ചിത്രകലയുടെ സാങ്കേതികവശങ്ങളെ സ്പർശിക്കാതെ ചിത്രങ്ങളുടെ വിഷയത്തെപ്പററിയാണു് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നതു്. എനിക്കു തോന്നിയതു്, അദ്ദേഹം മനപ്പൂർവ്വം കലയെപ്പററി മനസ്സിലാക്കുവാൻ ശ്രമിച്ചതു് ഒരു സംസ്കാരം ചെന്ന ആളായി അദ്ദേഹം പരിഗണിക്കപ്പെടണമെന്നു് ആഗ്രഹിച്ചതുകൊണ്ടാണെന്നാണു്.

സെൻട്രൽ കമ്മിററിയംഗമാണെങ്കിലും പാർട്ടി ഭരണയന്ത്രവുമായി ചൗവിനു വലിയ ബന്ധമൊന്നുമില്ല. അദ്ദേഹത്തിൻെറ വ്യക്തിപരമായ ജനസ്വാധീനത്തെ നിദാനമാക്കിയാണു് അദ്ദേഹത്തിൻെറ സ്ഥാനം തുടർന്നുകൊണ്ടുപോകുന്നതു്. പൗരസ്ത്യ പ്രദേശങ്ങളിൽ ഒരാളുടെ സൗമുഖ്യതയും, സുഭഗതയും, ആഭിജാത്യത്തിൻെറ അന്യൂനത്വവും അയാൾക്കു് വളരെ സ്വാധീനശക്തി നൽകുന്നതപൂർവ്വമല്ല; ആർജ്ജവത്വമോ, ബുദ്ധിശക്തിയോ വലിയതായി അയാൾക്കുണ്ടായിരിക്കണമെന്നില്ല. നെഹറുവിനു് ഇൻഡ്യയിലും, ജിന്നായിക്കു് പാക്കിസ്ഥാനിലുമുള്ള അപാരമായ ജനസ്വാധീനത്തിനു കാരണം, അവരുടെ ബുദ്ധിപരമായ കഴിവുകൾ പോലെതന്നെ അവരുടെ വ്യക്തിപരമായ ആകർഷണീയതയും,

അവരുടെ സമുന്നതമായ സാമൂഹ്യനിലയുമാണ്. എവിടെയും ദുരിതവും. വൈരുപ്യവും കാണുന്നിടത്തു് ഇങ്ങനെയുള്ള വ്യക്തികൾ സൗന്ദര്യാവബോധത്തിലേക്കെത്തിനോക്കാൻ അല്പമായെങ്കിലും പ്രത്യാശ നൽകുകയാണ്.

ഞാൻ പതിനാറു ചോദ്യങ്ങളാണുന്നയിച്ചിരുന്നതു്. അവ ഓരോന്നും ഒന്നിൽനിന്നു് ഒന്നിലേക്കു കടക്കത്തക്കവിധത്തിൽ ക്രമീകരിച്ചു് പ്രധാന പോയിൻറുകൾ ഉത്തരങ്ങളിൽ സൂത്രത്തിൽ മാററാനിടയാകാത്തവണ്ണം ഞാൻ ശരിപ്പെടുത്തിയിരുന്നു. എന്നാൽ ഇത്രയുമധികം പേർ കൂടിയിരുന്ന ഒരവസരത്തിൽ അവയെ അപ്പടി ആശ്രയിക്കാൻ പ്രയാസമായിരുന്നു. നൂററിയമ്പതു് വിദേശരാജ്യ പ്രതിനിധികൾ കൂടാതെ, ഉപപ്രധാനമന്ത്രിമാരായിരുന്ന തുംഗ് പൈ-വു, കുവോ മോജ്ജോ, കേന്ദ്രഗവണ്മെൻറിന്റെ സെക്രട്ടറി ജനറൽ ലിൻചോ-ചു, ഉപവിദേശകാര്യമന്ത്രി വാംഗ്- ചിയാ-സിയാംഗ് എന്നിവരും സന്നിഹിതരായിരുന്നു. കൊറിയൻ യുദ്ധത്തെപ്പററിയും ശരിയായ സന്ധിയാലോചനകളുടെ സാദ്ധ്യതകളെപ്പററിയും പെട്ടെന്നു ചോദിക്കുന്നതു് ആതിഥേയരോടു കാണിക്കുന്ന അപമര്യാദമായി ഗണിക്കപ്പെട്ടുമെന്നു തോന്നിയതിനാൽ ഞാൻ അതിനു തയാറായില്ല. അങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കാൻ സ്വാതന്ത്ര്യം തോന്നുന്നവിധത്തിൽ നടപടികൾ പുരോഗമിക്കുമോയെന്നു് ഞാൻ ക്ഷമാപൂർവ്വം കാത്തിരിക്കാൻ തീരുമാനിച്ചു.

ഒരുസന്ദർഭംകിട്ടിയതു ശരിക്കുപയോഗിക്കുവാനുള്ള ഉൽക്കണ്ഠയിൽ ഞാൻ പെട്ടെന്നെഴുന്നേററുനിന്നു. ഒരുദ്വിഭാഷി എൻെറയരുകിൽ ഓടി എത്തി ചൗവോയോടുതന്നെ നേരിട്ടു്എന്താണു ചോദ്യം ചോദിക്കുന്നതിനനുവാദം തേടിയതു് ലോകത്തിൽ പല തെററിദ്ധാരണകളും ഉള്ളതുകൊണ്ടാണെന്നു ഞാൻ വിശദീകരിച്ചു. ഇൻഡ്യയിലുള്ള ഞങ്ങൾ സമാധാനത്തെപ്പററി കേൾക്കാറുണ്ടു്. എന്നാൽ ലോകം ഒരു സംഘട്ടനസ്ഥിതിയിലാണു് കഴിയുന്നതു്. സമാധാനത്തെപ്പററി ചൈനായ്ക്കുള്ള ധാരണ സദയം വിശദീകരിക്കുമോ എന്നു് പ്രധാനമന്ത്രിയോടു ഞാൻ ചോദിച്ചു എങ്ങിനെയാണു് ആദർശങ്ങളിൽ വൈരുദ്ധ്യമുള്ള രണ്ടു തത്വസംഹിതകൾ സഹവർത്തിത്വത്തിൽ കഴിയുന്നതെന്നു് അദ്ദേഹം വിശദീകരിക്കുമോ?

ചൗ ചെയ്ത ചെറിയ പ്രസംഗം കഴിഞ്ഞു് ആ ഹോളിൽ വ്യാപിച്ച മൂകത ഞാൻ ഭഞ്ജിച്ചു. പ്രതിഷേധസൂചകമായ നോട്ടങ്ങൾ എൻെറ ചുററിൽനിന്നും എൻെറ നേർക്കു തിരിഞ്ഞു. എന്തെന്നാൽ എൻെറ ചോദ്യത്തിൽ കമ്മ്യൂണിസ്റ്റ് സമാധാനമുന്നണിശ്രമങ്ങളിലും സമാധാന ഉടമ്പടികളിലുമുള്ള സംശയം അന്തർഭവിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പ്രലാപങ്ങളിൽ മുഴകിയിരുന്ന ഒരു

ജനതതിയുടെനടുവിലായിരുന്നല്ലോ ഞാൻനിന്നിരുന്നതു്. എന്നാൽ ചൗ-എൻ-ലായി എൻെറ നേരെ പുഞ്ചിരിതൂകി. എൻെറ ഇംഗ്ലീഷു ചോദ്യം അദ്ദേഹം മനസ്സിലാക്കിയെന്ന എനിക്കു് കാണാമായിരുന്നു. എങ്കിലും ദ്വിഭാഷി ചോദ്യം ചൈനീസ് ഭാഷയിലേക്കും റഷ്യൻഭാഷയിലേക്കും വിവൎത്തനം ചെയ്തു തീരുന്നതുവരെ അദ്ദേഹം കാത്തുനിന്നു. അദ്ദേഹം ഇങ്ങനെ മറുപടി നൽകി. "ഒന്നാന്തരം ഒരു ചോദ്യമാണു് നിങ്ങൾ ഉന്നയിച്ചിരിക്കുന്നതു്. സമാധാനം രാജ്യാന്തരമണ്ഡലങ്ങളിൽ ഒരു കേന്ദ്രപ്രശ്നമായിരിക്കയാണു്. ചൈനായിലെ ജനങ്ങൾ സമാധാനകാംക്ഷികളാണു്. ചൈനീസ് ജനകീയ റിപ്പബ്ളിക്കിൻെറ വിദേശനയത്തിലെ അടിസ്ഥാനതത്വം, രാജ്യത്തിൻെറ സ്വാതന്ത്ര്യവും, രാജ്യാതൃത്തി, രാജ്യത്തിൻെറ പരമാധികാരം എന്നിവയുടെ സംരക്ഷണവും, എല്ലാ രാജ്യങ്ങളിലെ ജനങ്ങളുമായി രാജ്യാന്തരപരമായ സമാധാനവും, സൗഹാർദ്ദസഹകരണത്തിൻെറ പാലനവും, സാമ്രാജ്യദൃഷ്പ്രവൃത്ത്വ ആക്രമണത്തിൻെറയും യുദ്ധത്തിൻെറയും നയത്തിനു് നേരെയുള്ള പ്രതിഷേധവുമാണു്. കേന്ദ്രജനകീയ ഗവർമ്മെൻറു സംസ്ഥാപിച്ച സുദിനത്തിൽ ലോകത്തോടു മാവോ-സേ-തൂംഗ് പ്രഖ്യാപിച്ചു, സമത്വം, പരസ്പരമായുള്ള പ്രയോജനം, രാജ്യാതിൎത്തിയും പരമാധികാരവും സംബന്ധിച്ച പരസ്പരസമ്മതം എന്നിവ അടിസ്ഥാനപ്പെടുത്തി ഏതു വിദേശഗവർമ്മെൻറുകളോടും നയതന്ത്രപരമായ ബന്ധം ഏർപ്പെടുത്തുവാൻ ചൈനീസ് ജനകീയ റിപ്പബ്ളിക്ക്സന്നദ്ധമാണെന്നു്. സോഷ്യലിസ്റ്റായാലും ജനാധിപത്യരാജ്യങ്ങളായാലും, മുതലാളിത്തരാജ്യങ്ങളായാലും അവരുമായി സമാധാനപരമായ സഹവൎത്തിത്വം സാദ്ധ്യമാണെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ സാമ്രാജ്യദുർമ്മോഹികളായ രാജ്യക്കാർ സമാധാനപരമായ സഹവൎത്തിത്വത്തിനു് ഇഷ്ടപ്പെടുന്നില്ല. സമാധാനപൂൎവ്വമായ മത്സരത്തെപ്പററി അവൎക്കു ഭയവുമാണു്. ഈ സാമ്രാജ്യദൃഷ്പ്രവൃത്ത്വരാജ്യങ്ങൾ അവരുടെ ആക്രമണനയം വിദേശങ്ങളിൽ തുടരുന്നതിൽ നിന്നു പിന്മാറുവാനോ അവരുടെ സമരതന്ത്രങ്ങൾ ഉപേക്ഷിക്കുവാനോ വൈമനസ്യമുള്ളവരാണു്. അവരെ ഞങ്ങൾക്കു് എതിൎക്കാതിരിക്കുവാൻ സാദ്ധ്യമല്ല. ഞങ്ങൾ വിശ്വസിക്കുന്നതു് ശാശ്വതമായ സമാധാനം സ്ഥാപിക്കുന്നതു് ലോകത്തിലെ എല്ലാ ജനങ്ങളുടെയും ഉത്തമതാല്പര്യങ്ങൾക്കു് ആവശ്യമാണെന്നാണു്. അതുകൊണ്ടു് ആ സമാധാനം നേടുവാൻ സാദ്ധ്യവുമാണു്. സാമ്രാജ്യദുർമ്മോഹികളുടെ നയം പരാജയപ്പെടുത്തുവാനും സാധിക്കും. അതായതു് ലോകത്തിലെ സാമാന്യജനങ്ങൾ സമാധാനത്തിനു വേണ്ടി സമരം ചെയ്താൽ, സുസ്ഥിരമായ സമാധാനം

ആക്രമണപരമായ യുദ്ധങ്ങളെ തുരത്തി വിജയാഘോഷം നടത്തുകതന്നെ ചെയ്യും.''

ഈ പ്രസംഗം ചൗ-എൻ-ലായുടെ സെക്രട്ടറി പു ഷൗ-ച്ചാംഗ് ആണ് ഞങ്ങൾക്കു വിവൎത്തനം ചെയ്തതു്. പു ഒരു സന്തത സഹചാരിയായി ചൗവ്വിൻെറ കൂടെയുണ്ടായിരുന്നു. ഞാൻ 1952 മെയ്മാസത്തിൽ വീണ്ടും പ്രധാനമന്ത്രിയെ കണ്ടപ്പോഴും പു കൂടെയുണ്ടു്. അദ്ദേഹം നല്ല ഇംഗ്ലീഷ് സംസാരിക്കും. ഹാർവാർഡ് സർവകലാശാലയിൽചേന്നു് ധനതത്വശാസ്ത്രം അദ്ദേഹം പഠിച്ചിട്ടുണ്ടു്. ചൈനായുടെ വിമോചനസമരം കഴിഞ്ഞു സ്വന്തനാട്ടിൽ തിരിച്ചെത്തിയ ചൈനാക്കാരിൽപെട്ടയാളാണ് അദ്ദേഹം. സ്വരാജ്യസേവനത്തിനു് കമ്യൂണിസം ഒരു മാർഗ്ഗമായി അംഗീകരിച്ചവരുടെ ഗണത്തിൽ അദ്ദേഹംപെടും. അദ്ദേഹത്തെ കണ്ടു പരിചയപ്പെട്ടതിൽനിന്നു് അദ്ദേഹം ഒരുകാലത്തു് ഇപ്പോഴത്തേതിൽനിന്നു സുഖപ്രദമായ ജീവിതസൗകൎയ്യങ്ങൾ ആസ്വദിച്ചിരുന്ന ആളാണെന്നു് എനിക്കു മനസ്സിലായി. എന്നാൽ ഇന്നു് ചൈനായിലെ കമ്യൂണിസ്റ്റുജീവിതരീതിയിലെ അസുഖപ്രദമായ കഷ്ടപ്പാടുകളെ അദ്ദേഹം സന്തോഷപൂർവം സ്വീകരിക്കയാണ് ചെയ്തിരിക്കുന്നതു്. മററു പല യുവാക്കളെയും ഞാൻ അവിടെ കണ്ടതുപോലെ. ഇപ്പോഴത്തെ ഭരണാധികാരത്തിൻ കീഴിൽ രാജ്യസേവനം നടത്തുന്നതിൽ എന്തോ ഒരു ആദ്ധ്യാത്മികസംതൃപ്തി അദ്ദേഹത്തിനും ഉള്ളതായി ഞാൻ മനസ്സിലാക്കി. ചൗവിനുള്ള പല സ്വഭാവവിശേഷങ്ങളും രീതികളും പു യിക്കുമുണ്ടു്. തൻെറ യജമാനനോടുള്ള ഭക്തിയും അദ്ദേഹത്തിലുണ്ടെന്നു കാണുവാൻ പ്രയാസമുണ്ടായിരുന്നില്ല.

ഈ ഉത്തരം ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. എന്നാൽ സാധാരണ കമ്യൂണിസ്റ്റുകാർ ഉരുവിടാറുള്ള "സാമ്രാജ്യദുർമ്മോഹവും, കമ്യൂണിസ്റ്റുലോകത്തിലെ സമാധാനകാംക്ഷികളായ ജനങ്ങളും'' എന്ന പ്രലപനത്തിൽ കവിഞ്ഞു് എന്തെങ്കിലും അദ്ദേഹം പറയുമെന്നു് ഞാൻ ആശിച്ചു. ഞാൻ അറിയാൻ ആഗ്രഹിച്ചതു് സമാധാനം എന്നതിൻെറ അടിസ്ഥാനപരമായ ആശയം എന്താണെന്നും, ആ ആശയം വിഭിന്നമായ അഭിപ്രായഗതികൾ ഉള്ള ജനവിഭാഗങ്ങൾ ഒരുമിച്ചു കഴിഞ്ഞുകൂടുന്നതിനെ ആദരിക്കുന്നുണ്ടോയെന്നുമായിരുന്നു. ചൈനീസ്ജനതയ്ക്കു് സമാധാനപരമായ സഹവൎത്തിത്വത്തിൽ ജീവിക്കുന്നതിനുള്ള കലാവാസന സ്വായത്തമാക്കിയ സുദീർഘ പാരമ്പര്യമുണ്ടു്. ആ പാരമ്പര്യം അദ്ദേഹത്തിൻെറ പിന്നിൽ നിന്നിരുന്നതുകൊണ്ടു് കൺഫ്യൂഷ്യസിൻെറയും ബുദ്ധൻെറയും പുരാണപ്രസിദ്ധമായ വിജ്ഞാനം പ്രദ്യോതിപ്പിക്കുന്ന എന്തെങ്കിലും കൂടെ പറയുമെന്നു ഞാൻ ആശിച്ചിരുന്നു. എന്നാൽ വെറും വ്യർത്ഥമായ ഒരു ആശയായി

രുന്നു അതു്. സമാധാനം വിജയിക്കണമെങ്കിൽ അതു് സ്വാതന്ത്ര്യത്തിലും, അക്രമരാഹിത്യത്തിലും കൂടെ വിഭാവനം ചെയ്യാതെ സാദ്ധ്യമല്ലെന്നുള്ളതു് എനിക്കു പരമബോദ്ധ്യമുള്ള ഒരു വസ്തുതയാണു്. അങ്ങിനെയുള്ള സമാധാനം, ഒരുവൻെറയോ ഒരുവളുടെയോ, ഇഷ്ടംപോലെയുള്ള ജീവിതം നയിക്കുന്നതിനുള്ള സ്വാതന്ത്ര്യം അംഗീകരിക്കുന്നതുകൊണ്ടു് അതു പ്രവർദ്ധമാകുക തന്നെ ചെയ്യും. ആ സമാധാനത്തിനു് നിലനിൽക്കാൻ കഴിയും. എന്തുകൊണ്ടെന്നാൽ കൂടുതൽ ബലംകൊണ്ടു് സ്വയം മററുള്ളവരുടെമേൽ അടിച്ചേല്പിക്കുകയല്ല അതു ചെയ്യുന്നതു്. പിന്നെയൊ, എല്ലാ അനീതിപരമായ അവകാശവാദങ്ങളെയും എതിർക്കുവാനുള്ള നിശ്ചയദാർഢ്യംകൊണ്ടാണതു് പ്രബലപ്പെടുത്തുന്നതു്. ത്യാഗങ്ങൾ സഹിക്കുവാനുള്ള സന്നദ്ധതയാണു് മനുഷ്യർക്കു വേണ്ടതു്. അല്ലാതെ മൃഗീയശക്തികൊണ്ടു് തങ്ങളുടെ ഇംഗിതങ്ങൾ മററുള്ളവരുടെ മേൽ അടിച്ചേല്പിക്കുകയല്ല. അനേകായിരം ഇൻഡ്യാക്കാർ സഹിച്ച വേദനകളിൽനിന്നു്ഉടലെടുത്ത ഇൻഡ്യൻ സ്വാതന്ത്ര്യം അവസാനം ഇൻഡ്യയും ബ്രിട്ടനുമായുള്ള സൗഹാർദ്ദവേഴ്ചയിലേക്കാണു് നയിച്ചതെന്നു് എനിക്കറിയാം. സ്വാതന്ത്ര്യത്തിൻെറയും സമാധാനത്തിൻെറയും സംരക്ഷണത്തിൻെറ പേരിൽ നടന്ന രണ്ടു ലോകമഹായുദ്ധങ്ങൾ, രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനത്തിലേക്കല്ല നയിച്ചതെന്നു നാം കണ്ടു.

ചൗ നൽകിയ ഉത്തരം വളരെയധികം പറയാതെ വിട്ടു. എന്നാൽ ചോദിച്ച പ്രശ്നത്തിൽനിന്നു വഴുതിപ്പോകാതെ അതിൽ തന്നെ അദ്ദേഹത്തെ നിർത്തുവാനുള്ള എൻെറ അടുത്ത ചോദ്യത്തിനു് പെട്ടെന്നു് ഞാൻ ചിന്തിച്ചു രൂപം കൊടുക്കേണ്ടിവന്നു. എന്നാൽ അതു ഞാൻ ദ്രുതഗതിയിൽ നിർവഹിക്കുന്നതിനിടയ്ക്കു് ദ്വിഭാഷി മറെറാരു സുഹൃത്തിൻെറ അടുക്കലേക്കു മാറി. അദ്ദേഹം അഭിപ്രായപ്പെട്ടു, ഏഷ്യൻരാജ്യങ്ങൾ തമ്മിലുള്ള സൗഹാർദ്ദം സംസ്ഥാപിക്കുന്നതിനു വേണ്ടി ചൈനാ ഒരു ഏഷ്യൻ സൗഹാർദ്ദസമ്മേളനം വിളിച്ചുകൂട്ടണമെന്നു്. അദ്ദേഹത്തിൻെറ ആ ചോദ്യം ഏഷ്യൻജനതകൾ തമ്മിലുള്ള ഐക്യം സമാധാനം സുശക്തമാക്കാനും, അവരെ ആക്രമണത്തിൽനിന്നു് സംരക്ഷിക്കുവാനും പര്യാപ്തമാകുമോയെന്നു ചോദിക്കുവാൻ എനിക്കു സന്ദർഭം ലഭിച്ചു. അങ്ങനെയൊരു ഐക്യം ഒരു പ്രാദേശികകൂട്ടുകെട്ടായി പരിഗണിക്കപ്പെടുകയില്ലയെന്നും, അതു സമാധാനത്തിൻെറ നേരെയുള്ള ഒരു ഭീഷണിയായി കണക്കാക്കപ്പെടുകയില്ലേയെന്നും ഞാൻ ചോദിച്ചു, ഞാൻ ആ ചോദ്യം ചോദിച്ചപ്പോൾ ഒക്ടോബർ ഒന്നാംതീയതിയിലെ സൈനികപരേഡിൽ പ്രഖ്യാപിക്കപ്പെട്ട ഏഷ്യൻ ഐക്യമെന്ന മുദ്രാവാക്യം എൻെറ മനസ്സിൽ ഉണ്ടായിരുന്നു. കമ്യൂണിസ്റ്റുസമരതന്ത്രത്തിൽ ഇതിനു്

എന്തു് സ്ഥാനമാണുള്ളതെന്നാണു് എനിക്കറിയേണ്ടിയിരുന്നതു്. പ്രധാനമന്ത്രി ഇങ്ങനെ മറുപടി പറഞ്ഞു:—

"ചൈന, ഇൻഡ്യ, ബർമ്മ, ഇൻഡോനേഷ്യ, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളിലെ ജനങ്ങളും ജപ്പാൻകാർ ഉൾപ്പെടെയുള്ള മറെറല്ലാ ഏഷ്യൻജനതയും അവരുടെ ഐക്യം സുശക്തമാക്കുകയും സമാധാനത്തിനുവേണ്ടി സമരം നടത്തുകയും ചെയ്താൽ, നിശ്ചയമായും അമേരിക്കയിൽനിന്നും മററു സാമ്രാജ്യദുഷ്പ്രവൃത്തരാജ്യങ്ങളിൽനിന്നുമുള്ള ആക്രമണത്തെ നേരിടാൻ അവക്കു കഴിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെയുള്ള ഐക്യം ശക്തിപ്പെടുത്തുന്നതു് ലോകത്തിലുള്ള എല്ലാ ജനങ്ങളുടെ ഐക്യത്തിനുംവേണ്ടിയുള്ള ഒരു സംഭാവനയായിരിക്കും. ഒരുവിധത്തിലും അതിനൊരുതടസ്സമായിരിക്കയില്ല. ഏഷ്യൻജനതയുടെ ഈ ഐക്യം ലോകസമാധാനം സംരക്ഷിക്കാൻ വേണ്ടിയും ആക്രമണപരമായ യുദ്ധങ്ങളെ എതിരിടാൻ വേണ്ടിയുള്ള ഉദ്ദേശത്തോടുകൂടി ഏഷ്യൻ ജനതയുടെ ഐക്യം ഞങ്ങൾ ആവശ്യപ്പെടുന്നതുകൊണ്ടു് ലോകസമാധാനത്തിനു് അതൊരു ഭീഷണിയായിത്തീരാൻ സാദ്ധ്യതയില്ല. ഏഷ്യൻ ജനതയുടെ ഐക്യം ലോകസമാധാനത്തിനു് ഒരു ഭീഷണിയാണെന്നു പറയുന്നതു് തന്നെ അമേരിക്കയും മററു സാമ്രാജ്യദുർമ്മോഹികളുമാണു്. അവരാണു് ഏഷ്യയിൽ സൈനികആസ്ഥാനങ്ങൾ നിർമ്മിച്ചും, ജപ്പാൻെറ പുനരായുധീകരണം സാധിച്ചും, ആക്രമണപരമായ അവരുടെ യുദ്ധശ്രമങ്ങൾ വിപുലപ്പെടുത്തിയും ഏഷ്യയിലെ സമാധാനത്തെ ഭീഷണിപ്പെടുത്തുന്നതു്." കമ്മ്യൂണിസ്റ്റ് ആശയഗതിയിൽ ഐക്യം എന്നു പറയുന്നതു് പശ്ചിമരാജ്യങ്ങൾക്കെതിരായുള്ള ഐക്യമാണു്. സമാധാനം എന്നു പറയുന്നതു് കമ്മ്യൂണിസ്റ്റും സമാധാനവുമാണു്. ഏഷ്യയിലെ പുതിയ രാഷ്ട്രങ്ങൾ പോലും സ്വതന്ത്രഗവർമെൻറുകളായി അംഗീകരിക്കപ്പെടുന്നില്ല. ആ രാജ്യങ്ങളിലെ ജനങ്ങളോടുമാത്രമാണു് ഈ ഐക്യാഭ്യർത്ഥന നടത്തുന്നതു്. ഇൻഡോചൈനാ, തായ്ലാൻഡ്, മലയാ എന്നീ രാജ്യങ്ങളെ ഏഷ്യൻ ലിസ്റ്റിൽ ഉൾപ്പെടുത്തി പറയാഞ്ഞതു തന്നെ ശ്രദ്ധേയമാണു്.

ഒരു സാമ്പത്തികവിദഗ്ദ്ധനെന്നു സ്വയം വിളിച്ചിരുന്ന മറെറാരു സംഘാംഗത്തിനു് ചോദ്യം ചോദിക്കാനുള്ള സന്ദർഭമായിരുന്നു പിന്നത്തേതു്. ഒരു ചോദ്യം ചോദിക്കുന്നതിനു പകരം ഒരു പ്രസംഗമാണു് അദ്ദേഹം നടത്തിയതു്. ചൈനയിലെ സാമൂഹ്യഘടനയിൽ വിവിധ വർഗ്ഗങ്ങളുൾപ്പെട്ട കൂട്ടുപാടിനെയും, തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൽ വിവിധ പാർട്ടികൾ ഉൾപ്പെട്ട രാഷ്ട്രഘടനയേയും പററിയായിരുന്നു അദ്ദേഹത്തിൻെറ പ്രതിപാദനം. അദ്ദേഹം പ്രസംഗം സമാപി

പ്പിച്ചതു് ചൈനീസു് ജനായത്ത ഭരണം ഒരു സോഷ്യലിസ്റ്റു് സ്റ്റേറായി പരിവർത്തനം ചെയ്യുവാൻ എത്രകാലമെടുക്കുമെന്നും മുതലെടുപ്പു്, വാണിജ്യം സാങ്കേതികവകുപ്പിൽപ്പെട്ട ജോലിക്കാർ, ജനസംഖ്യ എന്നിവ സംബന്ധിച്ചുള്ള സാമ്പത്തിക പരിപാടി എന്താണെന്നും ചോദിച്ചുകൊണ്ടാണു്. ചൈനായുടെ സാമ്പത്തിക വ്യവസ്ഥിതി ഒരു സങ്കീർണ്ണ വ്യവസ്ഥിതിയാണെന്നുള്ളതു് ചൗ നിഷേധിച്ചുകൊണ്ടു് ഇപ്രകാരം മറുപടി നൽകി. "ചൈനായുടെ സാമ്പത്തികാഭിവൃദ്ധിയുടെ ഭാവി, വ്യവസായങ്ങളുടെ ഉടമ സ്റ്റേയിററിനായിരിക്കയും, കൃഷി കൂട്ടുടമയിലാക്കുകയുമാണു്. എന്നാൽ വളരെക്കാലം കൊണ്ടേ ഇതു സാധിക്കു. ചൈനീസു് ജനതയുടെ ആലോചനയോടും അനുവാദത്തോടും കൂടിയായിരിക്കും ഞങ്ങൾ സോഷ്യലിസത്തിലോട്ടു പ്രവേശിക്കുന്നതു്. ഓരോ കാൽവയ്പും നിശ്ചയം വരുത്തി മാത്രമേ മുമ്പോട്ടു വയ്ക്കു"

ചൈനായുടെ സാമ്പത്തികനിലയുടെ അസ്വസ്ഥതയാലോചിച്ചാൽ, വിദേശസഹായവും, സാങ്കേതിക സാമർത്ഥ്യവും സ്വാഗതം ചെയ്യുകയില്ലേ എന്നു ചോദിക്കുവാൻ ചൗവിൻെറ ഉത്തരം എനിക്കു സന്ദർഭം നൽകി. "ഞങ്ങളുടെ രാജ്യം വ്യവസായീകരിക്കുന്ന വിഷയത്തിൽ പല വൈഷമ്യങ്ങളും നേരിടേണ്ടതായിട്ടുണ്ടു്. എന്നാൽ ആ വൈഷമ്യങ്ങൾ ഞങ്ങളുടെ സ്വന്തം ശക്തികൊണ്ടു് തന്നെ പരിഹരിക്കാൻ കഴിയുമെന്നു ഞങ്ങൾക്കു വിശ്വാസമുണ്ടു്. എന്നിരുന്നാലും ഞങ്ങളോടു സൗഹാർദ്ദപൂർവ്വം വർത്തിക്കുന്ന രാജ്യങ്ങളിൽ നിന്നും ഞങ്ങളുടെ ലക്ഷ്യങ്ങളോടു സഹതാപമുള്ള ജനതകളിൽ നിന്നും സഹായങ്ങൾ ഞങ്ങൾ സ്വാഗതം ചെയ്യും. യന്ത്രസാമഗ്രികളും, സാങ്കേതിക സാമർത്ഥ്യവും സംബന്ധിച്ചു സോവിയററു് യൂണിയനിൽ നിന്നും; പൂർവ്വജർമ്മനിയിൽ നിന്നും പൂർവ്വയൂറോപ്യൻ രാജ്യങ്ങളിൽ നിന്നും ഗണ്യമായ സഹായങ്ങൾ ഞങ്ങൾക്കു ലഭിച്ചിട്ടുണ്ടു്. കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി അസംസ്കൃതസാധനങ്ങൾ കൈമാററം ചെയ്യുന്നതിൽ ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങൾ വളരെ സഹായകമായിരുന്നു. ഉദാഹരണമായി റെയിൽവെ അഡ്മിനിസ്ട്രേഷൻ ഞങ്ങൾ പഠിച്ചതു് സോവിയററു് റഷ്യയിൽ നിന്നാണു്".

ജനസംഖ്യ പ്രശ്നത്തെ പരാമർശിച്ചുകൊണ്ടു് ചൗ നൽകിയതു് മാർക്സിസ്റ്റുകൾ സാധാരണകൊടുക്കാറുള്ള മറുപടിയാണു്. ഒരു ഗ്രന്ഥകാരനായിരുന്ന ആൾ സന്ദർഭത്തിനൊത്തു സാമ്പത്തിക വിദഗ്ദ്ധനായി മാറിയ ദേഹമാണു് കുവോമോ-ജോ അദ്ദേഹം 1949—ൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. "ചൈനായിലെ ഭക്ഷ്യപ്രശ്നം അമിതമായ ജനവർദ്ധന

കൊണ്ടു് ഉണ്ടായിട്ടുള്ളതല്ല. അമിതമായ സാമ്പത്തികചൂഷണം, വിദേശമുതലാളിത്വം ചൈനായിൽതന്നെയുള്ള കൊള്ളരുതാത്ത വരുമായി ചേർന്നു നടത്തിയതിൻെറ ഫലമാണു്. ഇങ്ങനെ ചൂഷണം നടത്തിയവരുടെ നേർക്കുള്ള തിരിച്ചടി ചൈനീസ് ജനത ഇപ്പോൾ നടത്തുകയാണു്. ജനസംഖ്യ വീണ്ടും വർദ്ധിക്കു മെങ്കിലും സമീപഭാവിയിൽ തന്നെ ചൈനായിൽ യാതൊരു ഭക്ഷ്യപ്രശ്നവും അവശേഷിക്കുകയില്ല.'' ചൗ ഈ സന്ദർഭ ത്തിൽ പറഞ്ഞതിപ്രകാരമാണു് ''ഞങ്ങൾക്കു വിസ്തൃതമായ ഭൂമിയാണുള്ളതു്. ഇനിയും കൃഷിചെയ്യാതെ കിടക്കുന്ന പ്രദേശം വളരെയുണ്ടു്. ഞങ്ങളുടെ നദീതടപദ്ധതികൾക്കും ജലസേചന സംരംഭങ്ങൾക്കും ധാരാളം തൊഴിലാളികളെ ആവശ്യമുണ്ടു്. ജനസംഖ്യയുടെ പ്രശ്നം അതുകൊണ്ടു് സ്ഥിതിചെയ്യുന്നില്ല തന്നെ.'' അവികസിതരാജ്യങ്ങളിലെ ഏറ്റവുമധികം കൂലികുറഞ്ഞ തൊഴിലാളികളാണു്. ഇവിടെ ഉന്നയിച്ച മാർക്സിയൻ സിദ്ധാന്തം വ്യവസായത്തിനുള്ള മുതൽമുടക്കു കണ്ടെത്തുകയെന്ന ല്ലാതെ, ജനങ്ങളുടെ ജീവിതത്തോതുയർത്തുന്ന പ്രയത്നങ്ങളി ലല്ല ശ്രദ്ധപതിക്കുന്നതു്.

കൊറിയൻ യുദ്ധവും, സന്ധിയാലോചനകളും സംബന്ധിച്ചു് ഒരു ചോദ്യം ചൗവിനോടു ചോദിക്കുവാൻ ഞാൻ കാത്തിരിക്കു യായിരുന്നു. സമയം ദ്രുതഗതിയിൽ പാഞ്ഞുകൊണ്ടിരുന്നു. ഈ ചോദ്യം ചോദിക്കാതെ വിട്ടാൽ ഈ പൊതുസന്ദർശനത്തിൻെറ കഥയിൽ കാര്യമായ എന്തെങ്കിലും നടന്ന പ്രതീതി ജനിപ്പിക്കു യില്ലെന്നു തോന്നും ഞാൻ ഈ ആശയം മനസ്സിൽ കൂടെക്കൂടെ തട്ടിക്കളിച്ചുകൊണ്ടിരുന്നു. അവസാനം ഞാൻ സംഭാഷണം ഈ വിഷയത്തിലേക്കു് അടുപ്പിച്ചുകൊണ്ടുവരാൻ തന്നെതീരുമാനിച്ചു. പെട്ടെന്നു് ഈ ചോദ്യത്തിലേക്കു കടന്നതായി തോന്നിക്കരുതല്ലോ. അതുകൊണ്ടു് എൻെറ ചോദ്യം ഇങ്ങനെയായിരുന്നു. പ്രജായത്ത ഭരണരീതി അല്ലെങ്കിൽ ഡെമോക്രസിയിൽ ഒരു വ്യക്തിക്കു അവൻെറ നന്മ എന്താണെന്നു വച്ചാൽ അതു് തെരഞ്ഞെടുക്കാൻ അവനു് സ്വാതന്ത്ര്യമുണ്ടു്. സ്വേച്ഛാധിപത്യത്തിൽ നേരെ മറിച്ചു വളരെപ്പേരുടെ നന്മയെന്താണെന്നു് തെരഞ്ഞെടുക്കാനുള്ള അവ കാശം ഒരു വ്യക്തിക്കോ, ഒരു സംഘത്തിനോ നൽകുന്നു. ഈ രണ്ടു ആശയങ്ങൾ കൂടെ ചേർത്തിണക്കുവാനുള്ള ഒരു പരിശ്രമ മാണു് പ്രജായത്തസ്വേച്ഛാധിപത്യമെന്നും അഥവാ ഡെമോക്രാ റ്റിക്ക് ഡിക്റ്റേറ്റർഷിപ്പ് എന്ന പേരിൽ ചൈന നടത്തു ന്നതു്. ഇതു് എങ്ങനെ സാധിക്കും? ആ പേരുതന്നെ പരസ്പര വിരുദ്ധമായ രണ്ടു ആശയങ്ങൾ ഉൾക്കൊള്ളുന്നതാണു്.

ഈ ചോദ്യം കേവലം താത്വികമായ ഒന്നാണെന്നും, അതിനു ചൗവ്വിൻെറ മറുപടി എന്തായിരിക്കുമെന്നും എനിക്കറി

യാമായിരുന്നു. എന്നാൽ ഒരു കമ്മ്യൂണിസ്റ്റു രാജ്യത്തു പ്രജായത്ത് ത്തെപ്പറ്റി പറയുന്നതെല്ലാം അപ്പടിസ്വീകരിക്കുവാൻ ഞാൻ തയാറില്ലായിരുന്നുവെന്ന് അദ്ദേഹത്തെ അറിയിക്കുന്നതിന്റെ മാർഗ്ഗമായിരുന്നു ഈ ചോദ്യം. അദ്ദേഹം പറഞ്ഞ വാക്കുകൾ അതേ രൂപത്തിൽ അദ്ദേഹം വീണ്ടും വായിച്ചു ബോദ്ധ്യപ്പെട്ട നിലയിൽ എന്റെ പക്കൽ ഇല്ല. എന്നാൽ ഞാൻ കുറിച്ചെടുത്ത നോട്ടുകൾ ഒരു വിധം സംപൂർണ്ണമായിരുന്നു. വ്യത്യാസങ്ങൾ ഒന്നും ഇല്ലാത്ത വിധത്തിൽ ഉദ്ധരിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ചൌ ഇങ്ങനെ മറുപടി നൽകി: "പ്രജായത്ത ഭരണരീതിയും, സ്വേച്ഛാധിപത്യവും ചൈനായിലെ രാഷ്ട്രീയാധികാരത്തിന്റെ രണ്ടു വശങ്ങളാണ്. ചെറുകർഷകർ, തൊഴിലാളികൾ, ഇടത്തരക്കാരായ ബൂർഷ്വാസികൾ, ദേശീയബൂർഷ്വാസികൾ, ഇവരെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലാണ്. ഈ വർഗ്ഗക്കാർക്കെല്ലാം പ്രജായത്ത പരമായ അവകാശങ്ങൾ ഉണ്ട്. അവർക്ക് എല്ലാ സ്വാതന്ത്ര്യങ്ങളുമുണ്ട്—പ്രസംഗസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, മതവിശ്വാസ സ്വാതന്ത്ര്യം, ഇവയെല്ലാമുണ്ട്. അവരാണ് ഗവർമെന്റിനെ തെരഞ്ഞെടുക്കുന്നതു്. ജനങ്ങളുടെ ഡെമോക്രസി എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്. ചൈനായിലെ ഈ ജനങ്ങൾ പരാജിതരായ മററു വർഗ്ഗക്കാരുടെ മേൽ സ്വേച്ഛാധിപത്യം നടത്തുന്നു. വലിയ ഭൂഉടമകൾ, അധികാരപ്രമത്തരായ മുതലാളികൾ, കുമിന്താങ്ങ് എന്നിവരെല്ലാം ആ വിഭാഗത്തിൽ പെടുന്നു. ഈ വർഗ്ഗങ്ങളിൽ പെട്ട വ്യക്തികൾക്കു് സ്വയം പരിവർത്തനം ചെയ്യാനുള്ള സന്ദർഭസൗകര്യങ്ങൾ നൽകുന്നുണ്ട്. അങ്ങനെ ജനങ്ങൾക്കു ജനാധിപത്യസ്വാതന്ത്ര്യമുണ്ട്, മററുള്ളവരുടെ മേൽ സ്വേച്ഛാധിപത്യവും. ഈ രണ്ടും പരസ്പരവിരുദ്ധങ്ങളല്ല. അവ ഏകീഭവിച്ചു വർത്തിക്കുന്നു."

സ്വന്തം ഇഷ്ടംപോലെ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം കമ്മ്യൂണിസ്റ്റ് നേതൃത്വം വകവയ്ക്കുന്നില്ലെന്നു വാദിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. എന്നാൽ ചൌ മറുപടി പറഞ്ഞുകൊണ്ടിരുന്നപ്പോൾ എന്റെ മനസ്സിൽ കൊറിയൻ പ്രശ്നത്തെപ്പററിയുള്ള ചോദ്യം കഴിവുള്ളിടത്തോളം മാർദ്ദവപ്പെടുത്തി ചോദിക്കാൻ ഞാൻ തയാറാകുകയായിരുന്നു. ഞാൻ എഴുതിക്കൊടുത്ത പ്രശ്നാവലിയിൽ പകുതി ചോദ്യങ്ങളും കൊറിയായെപ്പററിയായിരുന്നു. എന്നാൽ ഇത്ര വളരെ ആളുകൾ സംബന്ധിച്ച ഒരു സദസ്സിൽ എപ്പോഴും മററു ചോദ്യക്കാരുടെ വിഘ്നങ്ങളുടെയിടയിൽക്കൂടെ ഒരിക്കൽ മാത്രം ഈ വിഷയം കൊണ്ടുവരാൻ എനിക്കു കഴിഞ്ഞുള്ളു. എന്റെ ചോദ്യം ഇതായിരുന്നു. കൊറിയായിൽ ചൈന സംസ്ഥാപിക്കുവാൻ

ഉദ്ദേശിക്കുന്നതെന്താണ്? യു. എൻ സൈന്യങ്ങൾ 38-ാം സമാന്തര രേഖയിലേക്കു പിൻവാങ്ങുന്നതു്, കൊറിയായിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള ഒരു പ്രാഥമിക നടപടിയായി ചൈന വിചാരിക്കുന്നുണ്ടോ? ഇങ്ങനെ പിൻമാറിയാൽ, ഉത്തര ദക്ഷിണ കൊറിയായുടെ സമാധാനപരമായ സംയോജനം സാധിക്കുന്നതുവരെ, അവ തമ്മിലുള്ള അതിർത്തിരേഖയായി 38-ാം സമാന്തര രേഖ ഗണിക്കപ്പെട്ടുമെന്നുള്ളതിനു് ചൈന ഉറപ്പുനൽകുമോ? പൂർവ്വേഷ്യൻ പ്രശ്നങ്ങളുടെ ആകെക്കൂടിയുള്ള പരിഹാരത്തിൽ നിന്നു വേർതിരിച്ചു്, കൊറിയൻ പ്രശ്നത്തെപ്പററി പര്യാലോചിച്ചു് എത്രയും വേഗം കൊറിയൻ ജനതയുടെ കഷ്ടപ്പാടുകൾക്കു് ഒരു അറുതി വരുത്താൻ സാദ്ധ്യമല്ലെ?

ഈ ചോദ്യം 1951 ഒക്ടോബറിലാണു് നടന്നതു്. സന്ധിസംഭാഷണങ്ങൾക്കു് ഒരു അവസാനം കാണാതെ അപ്പോഴും തുടരുകയാണു്. ചൗ-എൻ-ലായി ശരിയായി ഈ ചോദ്യങ്ങൾക്കു് ഉത്തരം നൽകിയിരുന്നെങ്കിൽ, ആ മറുപടിക്കു് ഈ സാഹചര്യത്തിൽ വളരെ പ്രാധാന്യം ഉണ്ടാകുമായിരുന്നു. എന്നാൽ അദ്ദേഹം വെറുതെ അമേരിക്കയ്ക്കു് എതിരായി പറയുന്ന ആക്രമണാരോപണങ്ങളും, ചൈനായുടെ സമാധാനകാംക്ഷയും ആവർത്തിച്ചു പറയുകമാത്രമേ ചെയ്തുള്ളു. " നീതിപൂർവകവും ന്യായയുക്തവുമായ ഒരു തീരുമാനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സന്ധിസംഭാഷണങ്ങൾ വഴിയായി വേഗം തന്നെ ഉണ്ടാകുമെന്നാണു ചൈനായിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നതു്. വെടിവയ്പു നിറുത്തുകയും, യുദ്ധവിരാമവുമാണു് കൊറിയൻ പ്രശ്നപരിഹാരത്തിനുള്ള പ്രഥമ നടപടി. ഈ പ്രഥമ നടപടിക്കുശേഷം മാത്രമേ കൊറിയൻ പ്രശ്നം സംബന്ധിച്ചും പൂർവേഷ്യയിലുള്ള മററു പ്രശ്നങ്ങൾ സംബന്ധിച്ചുമുള്ള സമാധാനപരമായ പരിഹാരമാർഗ്ഗങ്ങളിലേക്കു നമുക്കു കടക്കുവാൻ കഴിയൂ. അമേരിക്കൻ സാമ്രാജ്യപ്രവർത്തകർ ഈ വഴിയെ പോകാൻ വിസമ്മതിക്കുമെന്നു ഞങ്ങൾക്കറിയാം. എന്നാൽ ഈ മാർഗ്ഗം വെട്ടിത്തുറക്കാൻ, ചൈനീസ് ജനതയുടേയും, കൊറിയൻ ജനതയുടേയും, ലോകമൊട്ടുക്കുള്ള ജനങ്ങളുടേയും സംയുക്തവും നിരന്തരവുമായ പ്രയത്നംകൊണ്ടു് സാധിക്കുമെന്നു് ഞങ്ങൾക്കു വിശ്വാസമുണ്ടു്.

നേരം രാത്രി 2 മണി കഴിഞ്ഞു. എന്റെ ചോദ്യങ്ങൾ അവസാനിപ്പിക്കയാണു് യുക്തമെന്നു് എനിക്കു തോന്നി. ആ മുറിയിലുണ്ടായിരുന്ന മററുള്ളവരുടെ നേക്കു് തിരിഞ്ഞു ചൗ ചോദ്യങ്ങൾ ക്ഷണിച്ചു. ഇൻഡോനേഷ്യയിൽ നിന്നുവന്ന ഒരു പ്രതിനിധി അതുവരെ മൗനമായി അവിടെ ഇരിക്കുകയായിരുന്നു. അദ്ദേഹം എഴുന്നേററുനിന്നു്, മാന്യതയും പ്രശാന്തതയും സ്ഫുരിക്കുന്ന ഭാവത്തോടുകൂടി പത്തു മിനിററുനേരം സ്വന്തം ഭാഷയിൽ സംസാ

രിച്ചു. അദ്ദേഹം നല്ല ഒരു വാഗ്മിയായിരുന്നു. ഇൻഡൊനേഷ്യൻ ഭാഷയ്ക്കു് ഒരു ശക്തിയും ഗാംഭീര്യവുമുണ്ടു്. പ്രസംഗം പരിഭാഷപ്പെടുത്തിക്കഴിഞ്ഞയുടനെ എല്ലാവൎക്കും തോന്നി എന്തോ സംഭവിച്ചുവെന്നു്. ഗാഢമായ ഒരു മൂകത അവിടെ വ്യാപിച്ചു. ഇൻഡോനേഷ്യക്കാരൻ ചോദിച്ചതിതാണു് "ദക്ഷിണ പൂൎവേഷ്യൻ രാജ്യങ്ങളിൽ പലയിടത്തും അധിവസിക്കുന്ന ചൈനാക്കാരെ സംബന്ധിച്ചു ചൈനായുടെ നയമെന്താണു്? അവർ താമസിക്കുന്ന രാജ്യങ്ങളിലെ പൗരത്വം സ്വീകരിച്ചു തദ്ദേശീയരായി കഴിയുകയാണോ അതോ ചൈനായുടെ സാമ്രാജ്യ വിപുലീകരണത്തിനുള്ള ഒരു മാൎഗ്ഗമായി അവരെ കരുതുകയാണോ?"

കമ്മ്യൂണിസവും. സാമ്രാജ്യ ദുഷ്പ്രവൃത്തിത്വവും ഒന്നിച്ചു പ്രവൎത്തിക്കുന്ന ഒരു സ്ഥിതിയാണു് ഏഷ്യയിലും, പൂൎവ യൂറോപ്പിലും വാസ്തവത്തിൽ നിലവിലിരിക്കുന്നതു്. ചോദ്യം പരുഷവും ആക്ഷേപകരവുമായിരുന്നു. ചൗ അതെ രൗദ്രതയോടുകൂടി ആദ്യം പ്രത്യാക്രമണം നടത്തിയെങ്കിലും, വളരെ ആതിഥേയമര്യാദയുള്ള ഒരാളായിരുന്നതുകൊണ്ടു് അധിക നേരം സ്വയം മറന്നു സംസാരിക്കുവാൻ കഴിഞ്ഞില്ല. ക്ഷോഭത്തിൻെറ അനുനിമിഷമായ ഒരു പ്രസ്ഫുരണം കയ്യുടെ സുന്ദരമായ ചലനത്തിലും സ്വരത്തിൽ പ്രത്യക്ഷപ്പെട്ട ഒരു പരുഷതയിലും മാത്രം എരിഞ്ഞടങ്ങി. എന്നാൽ ആ കോപം രണ്ടുത്തരങ്ങൾ ആ ചോദ്യത്തിനു് ലഭിക്കുവാൻ എനിക്കവസരം നൽകി. ഒന്നു ഞാൻ തന്നെ കുറിച്ചെടുത്ത ഉത്തരമായിരുന്നു. മറേറതു് എൻെറ കുറിപ്പു് ഔദ്യോഗികമായ തിരുത്തലുകൾക്കു് സമൎപ്പിച്ച ശേഷം തിരിച്ചു കിട്ടിയ ഉത്തരമായിരുന്നു. ഈ പ്രസ്സ് കോൺഫറൻസിൻെറ റിപ്പോൎട്ടുകൾ ഞങ്ങളുടെ ഫയലിൽ സൂക്ഷിക്കുന്നതിനു് വിരോധമില്ലെന്നു് ചൗ ഞങ്ങളെ അറിയിച്ചിരുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതിനു മുമ്പു് "അതിൻെറ ഒരു പ്രതി ഔദ്യോഗികമായ തിരുത്തലിനു് അയയ്ക്കണമെന്നും, സംഭാഷണം പരിഭാഷപ്പെടുത്തുമ്പോൾ പല തെറുകളും സംഭവിക്കാമെന്നും" അദ്ദേഹം പറഞ്ഞു. ഈ രണ്ടു രൂപങ്ങൾ തമ്മിലുള്ള വ്യത്യാസം ചൈനായുടെ നയത്തിലേക്കു വെളിച്ചം വീശി. എൻെറ കുറിപ്പിൽ ഞാൻ എഴുതിയ ഉത്തരം ഇങ്ങനെയാണു്.

"ദേശീയതയുടെ പ്രശ്നം അടുത്തകാലത്തുമാത്രം ഉദിച്ചുവന്ന ഒന്നാണു്. ദക്ഷിണ പൂൎവേഷ്യൻ രാജ്യങ്ങളിൽ ചിലതു് ദേശീയ പൗരത്വം സംബന്ധിച്ചു് അവരുടെ സ്വന്തമായ നിയമങ്ങൾ നടപ്പാക്കിയിട്ടുണ്ടു്. മററുള്ള രാജ്യങ്ങളുമായി ഈ പ്രശ്നം സംബന്ധിച്ചു് ചൎച്ചകൾ നടത്താൻ ഞങ്ങൾ ഒരുക്കമാണു്, വിമോചനത്തിനുവേണ്ടിയുള്ള സമരത്തിൽ ഏൎപ്പെട്ടിരിക്കുന്ന ജനത പുറത്തുനിന്നു വരുന്ന സ്വാധീനശക്തികളെ സംശയത്തോടുകൂടി

യാണ് വീക്ഷിക്കുന്നതെന്നു് ഞങ്ങൾ മനസ്സിലാക്കുന്നു. എന്നാൽ നാം സത്യത്തിൽ വിശ്വസിക്കണം. നിങ്ങൾ ഇപ്പോൾ മൂന്നാഴ്ചകൾ ചൈനായിൽ താമസിച്ചു് ഇവിടത്തെ സ്ഥിതിഗതികളുടെ കറുത്തവശവും വെളുത്തവശവും നേരിട്ടുകണ്ടു. നാം കണ്ട കാര്യങ്ങളെ സംബന്ധിച്ചുള്ള അറിവു് നമുക്കുണ്ടായിരിക്കണം. ഡച്ചുകാരുമായി ഇൻഡൊനേഷ്യാ നടത്തുന്ന സമരത്തിൽ ഞങ്ങൾക്കു സഹതാപമാണുള്ളതു്. ഇപ്പോൾ അമേരിക്കൻ സാമ്രാജ്യ ദുഷ്പ്രഭുത്വത്തിനെതിരായി അവർ നടത്തുന്ന സമരത്തിലും ഞങ്ങൾക്കു സഹതാപമുണ്ടു്. ജപ്പാന്റെ ആക്രമണത്തിന്റെ ഫലമായും ഇൻഡോനേഷ്യാ ദുരിതങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ടു്. അതുപോലെയുള്ള കഷ്ടപ്പാടുകൾ ചൈനയും സഹിക്കേണ്ടി വന്നിട്ടുണ്ടു്. നമ്മുടെ രണ്ടു രാജ്യങ്ങളും വിദേശീയരുടെ സാമ്രാജ്യ ദുർമ്മോഹത്തിനു് ഇരയായിട്ടുണ്ടു്. അതുകൊണ്ടു് നമ്മൾ തമ്മിൽ പരസ്പരം മനസ്സിലാക്കുവാൻ സാധിക്കേണ്ടതാണു്. നിങ്ങൾ ചൈനീസ് ജനതയെ മനസ്സിലാക്കണം. കൊറിയൻജനതക്കും വിയററ്നാമിലെ ജനങ്ങൾക്കും എതിരായി ഞങ്ങളുടെ പൂർവന്മാർ നടത്തിയിട്ടുള്ള ആക്രമണങ്ങളെ ഞങ്ങൾ നീതീകരിക്കുന്നില്ല. അവയെ ഞങ്ങൾ പ്രതിഷേധിക്കുകയാണു് ചെയ്യുന്നതു്. അങ്ങനെയുള്ള അബദ്ധങ്ങൾ ഇനിയും കാണിക്കയില്ലെന്നു് ഞങ്ങൾ പ്രതിജ്ഞ ചെയ്യുകയാണു്. ചൈനീസ് ജനാധിപത്യം ഒരിക്കലും സാമ്രാജ്യ ദുഷ്പ്രഭുത്വപരമായിരിക്കയില്ല. ഞങ്ങൾ ആക്രമണത്തെ ചെറുക്കുന്നതുകൊണ്ടു് ഞങ്ങൾ തന്നെ മററുള്ളവരുടെ നേർക്കു് ആക്രമണം അഴിച്ചുവിടുകയില്ല. സാമ്രാജ്യ ദുർമ്മോഹികൾ ഞങ്ങൾക്കു്എതിരായി കിംവദന്തികൾ പ്രചരിപ്പിച്ചു് അവരുടെ ആക്രമണപരമായ ഉദ്ദേശങ്ങൾ സാധിക്കാനും നമ്മുടെ ഐക്യം ശിഥിലപ്പെടുത്താനും ശ്രമിക്കയാണു്" ഔദ്യോഗിക റിപ്പോർട്ടു് ഇങ്ങനെയാണു്.

സാമ്രാജ്യ ദുഷ്പ്രഭുത്വത്തിന്റെ മർദ്ദനങ്ങൾ സഹിച്ചിരുന്നവരോ, സഹിച്ചുകൊണ്ടിരിക്കുന്നവരോ ആയ രാജ്യക്കാരായതുകൊണ്ടു് നാം തമ്മിൽ പരസ്പരം മനസ്സിലാക്കേണ്ടതാണെന്നു് ഞാൻ വിചാരിക്കുന്നു. ഇൻഡോനേഷ്യൻ പ്രതിനിധി സംഘത്തിൽ പെട്ട മഹമ്മദ് താമ്പ്രാനി അതുകൊണ്ടു് മനസ്സിലാക്കണം ചൈനീസ് ജനത എത്രമാത്രം സഹതാപംബുദ്ധിയോടുകൂടിയുള്ളവരാണെന്നു്. വളരെക്കാലം അവർതന്നെ മർദ്ദനമനുഭവിച്ചശേഷം ലോകത്തിലെ എല്ലാ മർദ്ദിത ജനങ്ങൾക്കുവേണ്ടിയും, പ്രത്യേകിച്ചു്ഏഷ്യയിലുള്ള മർദ്ദിതക്കുവേണ്ടിയും അവർ നിലകൊള്ളുകയാണു്. ഞങ്ങളുടെ ചരിത്രത്തിലെ സാമന്ത സമ്പ്രദായ ഭരണകാലത്തു് ഞങ്ങളുടെ പൂർവികന്മാർ കൊറിയാ വിയററ്നാം തുടങ്ങിയ ഏഷ്യയിലെ ഞങ്ങളുടെ സഹോദര രാജ്യങ്ങ

ളുടെ നേക്കു ആക്രമണംനടത്തിയിട്ടുള്ള വസ്തുത ഞങ്ങൾ നിഷേധി ക്കുന്നില്ല. എന്നാൽ അതു് സാമന്ത ദുഷ്പ്രഭുത്വകാലത്തു് അവർ ചെയ്ത ഒരു അപരാധമാണു്. ചൈനായിലെ അന്നത്തെ ആധി പത്യത്തിൻെറ പാതകകൃത്യമാണതു്. ഇവയെല്ലാംഞങ്ങൾ പ്രതി ഷേധിച്ചു കഴിഞ്ഞിട്ടുള്ളതാണു്. സാമ്രാജ്യ ദുർമ്മോഹികളെ ഞങ്ങൾ ഇവിടെനിന്നും ഓടിച്ചു കഴിഞ്ഞു; സാമന്തശക്തികളെ നിർമ്മാജ്ജനം ചെയ്തു. പുതിയജനകീയചൈന ഒരു വിധത്തിലും അങ്ങനെയുള്ള ഒരു കാര്യം ചെയ്യുകയില്ലെന്നുറപ്പു, പറയാം. ഈ സായാഹ്നത്തിൽ ഇൻഡോനേഷ്യയിൽ നിന്നു വന്ന സ്നേഹിത ന്മാരുൾപ്പെടെ ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാവരും പീക്കിം ഗിലും, ഇനിയും നിങ്ങൾ സന്ദർശിക്കുന്ന സ്ഥലങ്ങളിലും എത്ര സൗഹാർദ്ദപൂർവ്വം, ഉൽസാഹപൂർവ്വം ആണു് നിങ്ങളെ ചൈനാ യിലെ ജനങ്ങൾ സ്വാഗതം ചെയ്യുന്നതെന്നു് നിങ്ങൾ കാണു മെന്നു ഞാൻ വിശ്വസിക്കുന്നു. പുതിയ ചൈന ആക്രമണത്തെ എതിക്കുന്നു. അന്യരുടെ നേക്കു് ഞങ്ങൾ തന്നെ അതു് ആരംഭിക്ക യില്ല. അവസാനമായി സാമ്രാജ്യവാദികൾ ഞങ്ങൾ മററുള്ളവ രുടെ നേക്കു് ആക്രമണം ആരംഭിക്കുമെന്നു് കിംവദന്തികൾ പ്രച രിപ്പിച്ചു വരുന്ന സംഗതിയും ഞാൻ നിങ്ങളെ അനുസ്മരിപ്പി ക്കട്ടെ. നിങ്ങൾക്കതു വിശ്വസിക്കാൻ സാധിക്കുമോ? നമ്മിൽ പരസ്പര സംശയങ്ങളും മൽസരങ്ങളുംഇളക്കിവിട്ടു് അവരുടെ ആക്രമണപരമായ ഉദ്ദേശ്യങ്ങൾ സാധിക്കാനാണു് അവർ ആശി ക്കുന്നതു്. സമാധാന പ്രേമികളായ നാം യോജിച്ചു നിൽക്കണം. സാധാരണ പറയുന്ന ഈ മുന്നറിവു നാം മനസ്സിൽ വയ്ക്കേണ്ട താണു്. "പോക്കററടിക്കാരെ സൂക്ഷിക്കണം".

ഞാൻ എൻെറ പ്രസ്സ്റിപ്പോർട്ടിൻെറ പ്രതി തിരുത്തലി നായി അടുത്ത ദിവസം തന്നെ അയച്ചു. മൂന്നു ദിവസങ്ങൾ കഴി ഞ്ഞാണു് അതു് തിരിച്ചുകിട്ടിയതു്. വളരെയധികം ചുവന്ന പെൻ സിലുകൊണ്ടുള്ള വെട്ടുകളും തിരുത്തലുകളും അതിലുണ്ടായിരുന്നു. ഈപ്രതിയുടെ കൂടെ ചർച്ചകളുടെ ഔദ്യോഗിക റിപ്പോർട്ടിൻെറ പ്രതിയും അയച്ചുതന്നു. ഔദ്യോഗിക പ്രസ്താവനയിൽ ഏതെ ങ്കിലും ഭാഗംഎനിക്കു് ഇഷ്ടമുള്ളവിധം ഉപയോഗിക്കാവുന്നതാ ണെന്നും എന്നോടു പറഞ്ഞു. എൻെറ റിപ്പോർട്ടു തിരുത്തലുകൾ കഴിഞ്ഞു് തിരിച്ചു വരാൻ കാത്തിരുന്നപ്പോൾ മററുള്ളവർ ആരെ ങ്കിലും, ഈ ചർച്ചകളെപ്പററിയുള്ള റിപ്പോർട്ടുകൾ എന്നെക്കാൾ മുമ്പു് ഉപയോഗിക്കുന്നതിനെപ്പററി എനിക്കു് ഉൽക്കണ്ഠയുണ്ടായി രുന്നു. പാബ്‌ളൊനെരുഡാ, ഇലിയയെറെൻ ബർഗ്എന്നിവർ പ്രത്യേക അതിഥികളായി ഈ സമ്മേളനത്തിൽ സംബന്ധിച്ചു. യെറെൻ ബർഗ് ഇരുന്നതുതന്നെ പ്രധാന മന്ത്രിക്കു സമീപം

അതി മാന്യമായ സ്ഥാനത്തായിരുന്നു. പത്രപ്രതിനിധികളായി സംബന്ധിച്ച മററുള്ളവരെല്ലാം കമ്മ്യൂണിസ്റ്റുകളായിരുന്നു.

എൻെറ റിപ്പോർട്ടിൽ വരുത്തിയ തിരുത്തലുകൾ എല്ലാം തന്നെ പദങ്ങളിലുള്ള വ്യത്യാസമായിരുന്നു എൻെറ ചോദ്യങ്ങൾ പല ദിവസങ്ങളായി പ്രധാനമന്ത്രിയുടെ പക്കൽ ഇരുന്നതാണ്. അദ്ദേഹത്തിൻെറ മേശമേൽ കണ്ട ചില കടലാസുകൾ അദ്ദേഹം അതിനു തയാറാക്കിയ ഉത്തരങ്ങൾ ആയിരിക്കണം. സമ്മേളനത്തിൽ എൻെറ ചോദ്യങ്ങൾ പലതും ചോദിക്കയുണ്ടായില്ല. കുറെ ചോദ്യങ്ങൾക്കു് അദ്ദേഹം ഉത്തരം നൽകിയതുമില്ല 38—ാംസമാന്തരരേഖ സംരക്ഷിക്കുന്ന കാര്യത്തെപ്പററിയുള്ള ചോദ്യം അതുപോലെ ഉത്തരം നൽകാത്തതിൽ പെടുന്നു. എന്നാൽ ഇൻഡോനേഷ്യൻ പ്രതിനിധിയുടെ ചോദ്യം നിനച്ചിരിയാതെ വന്നതും വളച്ചുകെട്ടൊന്നുമില്ലാതെ നേരെ ചോദിച്ചതുമായിരുന്നു. വിപുലമായ പല പ്രശ്നങ്ങളും ആ ചോദ്യത്തിൽ അന്തർഭവിച്ചിട്ടുണ്ടു്. ദക്ഷിണപൂർവേഷ്യൻ രാജ്യങ്ങളിലെല്ലാം ചൈനാക്കാരായ വിദേശികൾ ആ രാജ്യങ്ങളുടെ സ്വാതന്ത്ര്യവും, നിലനിൽപ്പും ഭീഷണിപ്പെടുത്തത്തക്കവിധത്തിൽ, വളരെ ഗൗരവമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കയാണു്. ചൌവിൻെറ നേരെ വന്ന വെല്ലുവിളി പെട്ടെന്നു തോന്നിയ ക്ഷോഭത്തിൽ നിരാകരിക്കുവാനും ഈ പ്രശ്നത്തിനു് സമാധാനപൂർവമായ പരിഹാരം കാണുന്നതിനു ചൈനായിക്കുള്ള അഭിലാഷം ഉറപ്പിച്ചു പറയാനും അദ്ദേഹം ആഗ്രഹിച്ചതായിരുന്നു. എന്നാൽ പക്വമായ പരിചിന്തനയിൽ ചൈനായ്ക്കു നിറവേററുവാൻ ഉദ്ദേശമില്ലാത്ത ഒരു വാഗ്ദാനമാണു് താൻ നൽകുവാൻ പോകുന്നതെന്നു വ്യക്തമായി കണ്ടു. കൂടാതെ ഇൻഡോനേഷ്യ ഇപ്പോഴും സ്വതന്ത്രമല്ലെന്നു പറഞ്ഞു് ഇൻഡോനേഷ്യൻെറ നേരെ ഒരു കുത്തു വാക്കും അദ്ദേഹം പ്രയോഗിച്ചു. അമ്മേരിക്കൻ സാമ്രാജ്യദുഷ്പ്രഭുത്വത്തിൻെറ അടിമത്വത്തിൽ നിന്നു് ഇപ്പോഴും ഇൻഡോനേഷ്യ വിമോചനം പ്രാപിക്കേണ്ടിയിരിക്കുന്നുവെന്നും, ചൈനായിൽ അദ്ദേഹംകണ്ടകാര്യങ്ങൾ ഒന്നും മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ലെന്നുമാണു് പ്രധാന മന്ത്രി ആരോപിച്ചതു്. ആക്രമണത്തെ സംബന്ധിച്ചുള്ള നിഷേധം ആവേശത്തോടുകൂടിയതും, അന്തിമവുമായിരുന്നു. ഇതെല്ലാം ഔദ്യോഗിക റിപ്പോർട്ടിൽ മയപ്പെടുത്തേണ്ടതാവശ്യമായിരുന്നു.

അഞ്ചുമണിക്കൂർ നേരത്തെ ചർച്ചകൾ വിഫലം ആയിരുന്നില്ല. ചൗവിൻെറ പെരുമാററത്തിലുള്ള സുഭഗത്വവും അനായാസവും എന്നെ ആകർഷിച്ചു. സ്വയം ആത്മനിയന്ത്രണത്തിനുള്ള അദ്ദേഹത്തിൻെറ കഴിവും എനിക്കു മനസ്സിലായി. പല സന്ദർഭങ്ങളിൽ ക്ഷണികമായ ക്ഷോഭത്തിനു നെഹ്റു വിധേയ

കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ കുറച്ചു നേരത്തേക്കു മെൻറ ആത്മനിയന്ത്രണത്തിനു കഴിവില്ലാതെ നിന്നുപോകും. പിന്നെ ആ ക്ഷോഭശീലത്തിനു് ഒരു ക്ഷമാപണമെന്നരീതിയിൽ ഒരു പുഞ്ചിരി തൂകുകയാണു് പതിവു്. ചൌവിൻെറ കോപം നേരെ മറിച്ചു്, അദൃശ്യമായി അദ്ദേഹത്തിൻെറ സൌഹാർദ്ദാതിരേകത്തിലേക്കു വഴുതി മാറുകയാണു് ചെയ്യുന്നതു്. അദ്ദേഹത്തെ ക്ഷോഭാതീതനാക്കുന്നതിനു കാരണമുണ്ടാക്കിയ ശ്രോതാവിനാണു് പശ്ചാത്താപം ഉണ്ടാകുന്നതു്.

പിന്നെയും അനേകം പ്രാവശ്യം ചൌവിനെ പല സ്വീകരണസൽക്കാരങ്ങളിലും, വിരുന്നുകളിലും ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ അദ്ദേഹത്തോടു ചോദ്യം ചോദിക്കാൻ മറെറാരവസരം കിട്ടിയില്ല എൻെറ ദ്വിതീയ സന്ദർശനത്തിൽ ഒരിക്കൽ ലയിസൺ ഓഫീസ് വഴിയായി, ഇൻഡോനേഷ്യൻ പ്രശ്നത്തെ സംബന്ധിച്ചു് അദ്ദേഹം ചെയ്ത പ്രസ്താവനകളെ ആസ്പദമാക്കി ചില ചോദ്യങ്ങൾ അയച്ചുകൊടുത്തു. കുറെ ദിവസങ്ങൾ കഴിഞ്ഞു ഒന്നുകിൽ എനിക്കൊരു സന്ദർശനം അനുവദിക്കാമെന്നും അല്ലെങ്കിൽ ഞാൻ ചൈനാവിടുന്നതിനുമുമ്പു് ഉത്തരം രേഖാമൂലം തരാമെന്നും എന്നെ അറിയിച്ചു. ഇവരണ്ടും നടന്നില്ല.

ഇൻഡ്യൻ കലാപ്രദർശനം ഉൽഘാടനം ചെയ്ത അവസരത്തിലും പിന്നീടു് ചുററിനടന്നു പ്രദർശനവസ്തുക്കൾ കണ്ടു് ചിത്രങ്ങളെപ്പററി നിരൂപണം ചെയ്തുകൊണ്ടിരുന്നപ്പോഴും ഞാൻ ചൌവിനെ സൂക്ഷിച്ചു. അദ്ദേഹം വളരെ ചോദ്യങ്ങൾ ചോദിക്കുകയും പല അവസരങ്ങളിലും ഇൻഡ്യയിലെ രംഗങ്ങൾക്കു് ചൈനായിലേതിനോടുള്ള സാമ്യത്തെപ്പററി എടുത്തു പറയുകയും ചെയ്തുകൊണ്ടിരുന്നു. അവസാനത്തിൽ അദ്ദേഹത്തിൻെറ നിരൂപണങ്ങൾ റജിസ്റ്ററിൽ അദ്ദേഹം എഴുതി. ആ അവസരത്തിൽ അടുത്തുനിന്നിരുന്ന കുവൊമോ—ജോയിക്കു തന്നെക്കാൾ വളരെ നന്നായി ഈ കൃത്യം ചെയ്യുവാൻ കഴിയുമെന്നു പറയുകയുണ്ടായി. ചൈനീസു നേതാക്കന്മാർ അവരുടെ കമ്മ്യൂണിസ്റ്റ് ഏകാഗ്രത മറന്നു് ഒരു ഫലിതം പറഞ്ഞു ചിരിച്ചുകണ്ട ഏക അവസരമായിരുന്നു അതു്.

---

# 5

# ചി പെയി-ഷി

പീക്കിംഗിലെ എന്റെ പ്രഥമസന്ദർശനം എന്റെ സ്മരണയിൽ മായാത്തചിത്രം വരച്ചതു് പ്രധാനമന്ത്രി ചൗ എൻ-ലായിയുടെ സ്വീകരണസൽക്കാരവേളയിൽ നടന്ന സുദീർഘമായ സായാഹ്നചർച്ചകളായിരുന്നു. ദ്വിതീയസന്ദർശനത്തിൽ അതുപോലെ അവിസ്മരണീയമായി നിൽക്കുന്ന സംഭവം ചി പെയി-ഷിയുടെ സ്റ്റുഡിയോയിൽ ചെലവഴിച്ച ഒരു സുപ്രഭാതമാണു്. ചൈനായുടെ ''വിമോചന''ഘട്ടത്തിനു മുമ്പു് ഇരുപതുവർഷക്കാലം ലോകപ്രസിദ്ധിയാർജ്ജിച്ചു കഴിഞ്ഞ ചിത്രകലാകാരനായ വയോവൃദ്ധനാണു് ചി പെയി-ഷി. വിപ്ളവത്തിനുശേഷം അദ്ദേഹം പുതിയ നേതൃത്വത്തിന്റെ അപ്രീതിക്കു പാത്രമായി സ്ഥാനഭ്രഷ്ടനായി. ഇലിയ എറെൻബർഗ് അടുത്തകാലത്തു നടത്തിയ ശുപാർശപ്രകാരം അദ്ദേഹം വീണ്ടും സ്ഥാനസ്ഥിതനായി അപ്രതീക്ഷിതമായിട്ടാണു് ഞാൻ ചി പെയി-ഷിയെ കാണാൻ പോയതു്. എന്റെ ഒരു സ്നേഹിതനും ചൈനീസ്ഭാഷാവിദഗ്ദ്ധനുമായ ഒരു ഫ്രഞ്ചുകാരനും, അദ്ദേഹത്തിന്റെ ഭാര്യയുമൊരുമിച്ചാണു് ഞാൻ പോയതു്. ഞാൻ ചൈനായിൽ വന്നെത്തിയശേഷം പെർമിററുകൾ കാത്തു താമസിച്ചിരുന്നപ്പോൾ ചൈനായിലെ കലാപരമായ നിധികളെപ്പററി താല്പര്യപൂർവം പഠിക്കുന്നതു് എന്റെ ഒരു വിനോദമായിരുന്നു. കൗതുകവസ്തുവിൽപ്പനക്കാർ അവ എന്റെ മുറിയിൽ കൊണ്ടുവന്നു. ചിയുടെ പല ചിത്രങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഒരുദിവസം വൈകുന്നേരം ഈ ചിത്രങ്ങൾ എന്നെ വളരെയധികം സന്തോഷിപ്പിച്ചതായി എന്റെ ഫ്രഞ്ചുസ്നേഹിതനോടു സന്ദർഭവശാൽ പറയാനിടയാകുകയും അതു കേട്ടു്, ഒന്നുരണ്ടു ദിവസത്തിനകം ചിയുടെ സ്റ്റുഡിയോ സന്ദർശിക്കുവാൻ അദ്ദേഹം പോകുവാൻ വിചാരിച്ചിരിക്കുന്ന വിവരം എന്നെ അറിയിക്കുകയുമുണ്ടായി. എന്നെക്കൂടെ കൊണ്ടുപോകണമെന്നു ഞാൻ കെഞ്ചി അപേക്ഷിക്കയാണു് ചെയ്തതു്. അങ്ങനെ ഒരുദിവസം രാവിലെ ഒരു റിക്ഷാവണ്ടിയിൽ പീക്കിംഗിന്റെ ദക്ഷിണപശ്ചിമഭാഗത്തേക്കു സാമാന്യം ദീർഘമായ ഒരു യാത്ര തന്നെ നടത്തി.

ഫ്രഞ്ച്യദമ്പതിമാർ അവരുടെ സൈക്കിളിൽ എൻെറ കൂടെ ചവുട്ടിപ്പോന്നു. നഗരത്തിൻെറ മുൻ ഫാഷ്യൻകേന്ദ്രങ്ങളിൽ നിന്നു വളരെ ദൂരത്തേക്കാണു ഞങ്ങൾ യാത്രചെയ്തതു്.

വസന്തകാലത്തെ സുന്ദരമായ ഒരു പ്രഭാതമായിരുന്നു അതു്. വിസ്തൃതമായ ആ നഗരവീഥിയിൽ ഞങ്ങളെ ആശ്ളേഷിച്ച ശീതളശുദ്ധമായ വായുവിൽ ജാകരന്തപുഷ്പത്തിൻെറ സൗരഭ്യം എവിടെയും തീക്ഷ്ണമായി നാസികാരന്ധ്രങ്ങളിൽ തട്ടി. പുരാതന പീക്കിംഗിൻെറ ശ്വാസങ്ങൾ എന്നെ അതിൻെറ സുഭഗമായ ഇളംചൂടുകൊണ്ടു് ആവരണം ചെയ്യുന്നതായി തോന്നി. വളരെ ഇടുങ്ങിയ കുടിലുകളുടെ ഇടയ്ക്കുള്ള വൈഷമ്യങ്ങൾ തരണം ചെയ്തു ഞങ്ങൾ ചി പെയി—ഷിയുടെ ഭവനത്തിൽ എത്തി. പുറത്തുനിന്നു നോക്കുമ്പോൾ അതു വളരെ ചെറുതായും ഇടിഞ്ഞുപൊളിഞ്ഞു കിടന്നതായും തോന്നി. എന്നാൽ പുറം മാത്രം കണ്ടുകൊണ്ടു് ഒരു വീടിനെപ്പററി വളരെയൊന്നും പറയാൻ സാദ്ധ്യമല്ല. ഒരു ഷണ്ഡൻ വന്നു് ഞങ്ങൾക്കു വാതിൽ തുറന്നു തന്നു. നവീനചൈനായിൽ അയാളുടെ സ്ത്രീസഹജമായ ശബ്ദം വളരെ വിചിത്രമായി തോന്നി. എന്നാൽ ഞങ്ങളുടെ പിമ്പിൽ വാതിൽ അടച്ചു് ഞങ്ങൾ ഉള്ളിൽ പ്രവേശിച്ചപ്പോൾ ഇതാണു് യഥാർത്ഥചൈന എന്നു് എനിക്കു മനസ്സിലായി. അലറിക്കൊണ്ടിരിക്കുന്ന ഭിത്തിപ്പരസ്യങ്ങൾക്കും, ശബ്ദമുഖരിതമായ മുദ്രാവാക്യങ്ങൾക്കും മാററുവാൻ കഴിയാത്ത യഥാർത്ഥചൈനയാണു് ഞാൻ കണ്ടതു്. ദാരിദ്ര്യവും ഇല്ലായ്മയും, വിശപ്പും അവിടെ ദർശിക്കാമായിരുന്നു.

ഒരു ചെറിയ മുററം കടന്നു, ഞങ്ങളെ ഒരു മുറിയിലേക്കു ആനയിച്ചു. താമസവും, സ്റ്റുഡിയോയും, മററെല്ലാ ഉപയോഗങ്ങളും കൂടിച്ചേർന്ന ഒരു മുറിയായിരുന്നു അതു്. ഔദ്യോഗികമായി യാതൊരു സന്ദർശകനും ഇവിടെ വരാൻ അനുവദിക്കാത്തതിൻെറ കാരണം എനിക്കു മനസ്സിലായി. കമ്യൂണിസം മുഖത്തിൻെറ ഒരു വശം മാത്രമേ പ്രദർശിപ്പിക്കാറുള്ളു. അതിൽ വിശ്വസിക്കുന്ന ഒരാൾ വിരൂപമായ മറേറവശം കണ്ടു ഞെട്ടലുണ്ടാകാതിരിക്കുന്നതിനാണു് അങ്ങനെ ചെയ്യുന്നതു്. മുതലാളിത്തത്തിലും കമ്യൂണിസത്തിലും, സൗന്ദര്യം സൃഷ്ടിക്കുന്നതു് മനുഷ്യദുരിതങ്ങളിൽ നിന്നാണു്. വൃത്തികേടായിക്കിടക്കുന്ന ഈ സ്റ്റുഡിയോയിൽ ആധുനികചൈനായിലെ ഏററവും കലാസുന്ദരമായ ചിത്രങ്ങൾ പല ആണ്ടുകളിലായി വന്നടിഞ്ഞു വീണ പൊടിപടലത്തിനടിയിൽ ചുരുണ്ടുകിടക്കുന്നു. നാലു് ഒടിഞ്ഞ കസേരകളും, ഒരു ററീപോട്ടും മുറിയുടെ ഒരുഭാഗം അലങ്കരിക്കുന്നു. മററെ ഭാഗത്തു് ഒരു നീളംകൂടി ഉയർന്ന മേശ പച്ച ഫ്ളാനൽ തുണികൊണ്ടു് മൂടിയിട്ടിട്ടുണ്ടു്. കലാചാര്യൻെറ ചിത്രം വരയ്ക്കുന്ന ചട്ടക്കൂടാണതു്.

മങ്ങിയ തവിട്ടുനിറത്തിലുള്ള ഒരു ചൈനീസ് കുപ്പായം ധരിച്ച് ഗുരു ഒരു ഡെക്കകസേരയിൽ ഇരുന്നിരുന്നു. ഞങ്ങൾ അദ്ദേഹത്തിൻെറ ചുററും ഇരുന്നു. 92 വയസ്സു പ്രായമുണ്ടദ്ദേഹത്തിനു്. എങ്കിലും വാർദ്ധക്യം അദ്ദേഹത്തിൻെറ നിർമ്മാണാത്മകമായ പ്രതിഭയെ വാട്ടി ഉണക്കിക്കളഞ്ഞിട്ടില്ല. അദ്ദേഹം നിശ്ചലനായി അവിടെ ഇരുന്നു. കൺഫ്യൂഷ്യസിൻെറപോലെ നീണ്ട മുഖവും, വളരെദൂരെ ദൃഷ്ടിപതിച്ചിരുന്ന കണ്ണുമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. കൃശവും, തൂവെള്ളയുമായിരുന്ന അദ്ദേഹത്തിൻെറതാടിമീശ മാത്രമേ ജീവചൈതന്യമുള്ളതായി അദ്ദേഹത്തിൽകണ്ടുള്ളു. നീണ്ട, അസ്ഥിദാർഢ്യമുള്ള അദ്ദേഹത്തിൻെറ സ്ഫടികസദൃശമായ കൈകൾ കസേരയുടെ രണ്ടുകൈകളിലും വിശ്രമംകൊണ്ടു. ഹുണനീസ് ദേശ്യഭാഷ മാത്രമേ അദ്ദേഹം സംസാരിച്ചിരുന്നുള്ളു. മൻഡാറിൻ ഭാഷ അദ്ദേഹത്തിനു വശമില്ലായിരുന്നു. എൻെറ ഫ്രഞ്ച്സ്നേഹിതൻ മററൊരു ചൈനാക്കാരനേയും കൂടെ കൊണ്ടുവന്നിരുന്നു. അയാൾ കല പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനായിരുന്നു. മഞ്ചുചക്രവർത്തിവംശജനായിരുന്ന അയാൾക്കു് ഇംഗ്ലീഷ് അറിഞ്ഞുകൂടാ. അതുകൊണ്ടു് രണ്ടു ഭാഷാന്തരങ്ങൾ മുഖേന നടന്ന സംഭാഷണം കൂടുതൽ വിഷമകരമായിരുന്നു.

കഴിഞ്ഞ യാത്രയിൽ ചി പെയി—ഷിയെ ഒരു സ്റ്റേററു് സൽക്കാരവേളയിൽ ഞാൻ കാണുകയുണ്ടായി. അദ്ദേഹത്തിൻെറ നീണ്ട കറുത്തകുപ്പായവും ഉയരംകൂടിയ വെൽവെററു് തൊപ്പിയുമായി സാവധാനത്തിൽ തൻെറ വിശ്വസ്തപരിചാരികയുടെ കയ്യിൽ പിടിച്ചു നട കയറിവന്നു. ഇത്രയും വയസ്സായിട്ടും അവരെ വിവാഹം ചെയ്യണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. മററെ കയ്യിൽ ചുവന്ന വാർണിഷ് ഇട്ട ഒരു നീണ്ടവടി പിടിച്ചിരുന്നു. നീല യൂണിഫാറത്തിൽ സന്നിഹിതരായിരുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും ഇടയ്ക്കു് അദ്ദേഹം സ്ഥാനംതെററി അവിടെ വന്നപോലെ കാണപ്പെട്ടു. പുരാതനമായ കൺഫ്യൂഷ്യൻ വിജ്ഞാനയുഗത്തിൽനിന്നു് ഒരു മഹാമുനികണക്കെ, ജനങ്ങളെ പിതൃഭക്തിയിലേക്കും, പൂർവ്വികന്മാരെയുള്ള ആരാധനയിലേക്കുംതിരിച്ചുവിളിക്കാൻ അദ്ദേഹം നടന്നുവരുന്നതായി തോന്നി. ഇന്നു് അദ്ദേഹത്തെ കണ്ടപ്പോൾ മനുഷ്യാത്മാവിനു വേണ്ടിയുള്ള അദ്ദേഹത്തിൻെറ സമരം പരാജയപ്പെട്ടതായും, വിശ്രമമല്ലാതെ തനിക്കു മററൊന്നും ആവശ്യമില്ലാത്തതായുമാണു തോന്നിയതു്.

ചി പെയി—ഷി നവീന ചൈനായുടെ ഏററവും വലിയ കലാകാരനാണു്. എന്നാൽ അദ്ദേഹം കലയിൽ പഴയ പാരമ്പര്യത്തിലുള്ള വിഭാഗത്തിൽപ്പെടുന്നു. ഇന്നു് അതൊന്നും കലയായി പരിഗണിക്കപ്പെടുന്നില്ല. കല കലയ്ക്കുവേണ്ടിയെന്ന പ്രമാണ

ത്തിൽ കമ്യൂണിസം വിശ്വസിക്കുന്നുമില്ല. ചി വരയ്ക്കുന്നതു് പുഷ്പങ്ങൾ, പക്ഷികൾ, വരാൽമീൻ, ഞണ്ടു് എന്നിവയുടെയൊക്കെ പടമാണു്. രാഷ്ട്രീയഭിത്തപ്പരസ്യങ്ങൾ അദ്ദേഹം പെയിൻറു ചെയ്യാറില്ല. വിപ്ളവത്തിനു ശേഷം അദ്ദേഹം വിസ്മൃതിയിലേക്കു മാറിപ്പോയെടത്തു നിന്നു് എറൻബർഗ് ആണു് അദ്ദേഹത്തെ കണ്ടുപിടിച്ചു തിരിച്ചുകൊണ്ടുവന്നതു്. എന്നാൽ ആ മഹാചിത്രകലാകാരനു് അംഗീകരണം ലഭിച്ചതല്ലാതെ, ദാരിദ്ര്യത്തിൽ നിന്നുള്ള വിടുതൽ അതുകൊണ്ടു വന്നില്ല. ലളിതസൗകുമാര്യം തികഞ്ഞ അദ്ദേഹത്തിൻെറ ചിത്രങ്ങൾ ആക്കുംവേണ്ട. അതുകൊണ്ടു് ആ വൃദ്ധൻ പടങ്ങൾ വരച്ചു വരച്ചു ചുരുട്ടിക്കൂട്ടിയിടുകയാണു്. ജനകീയ ചൈന അദ്ദേഹത്തിൻെറ പടങ്ങളുടെ അച്ചടിച്ച പ്രതികൾ ഉൾക്കൊള്ളുന്ന ഒരു വാല്യം വളരെ പണം ചെലവുചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പ്രശാസ്താതിഥികൾ വരുമ്പോൾ അവക്കു് സമ്മാനിക്കാൻ വച്ചിരിക്കുന്ന ഒരു കൗതുകവസ്തുവാണതു്. എന്നാൽ ആ ചിത്രങ്ങളുടെ മൂലചിത്രങ്ങൾ നിസ്സാരവില കൊടുത്താൽ ആർട്ട്ഷോപ്പുകളിൽ നിന്നു കിട്ടും.

എനിക്കുവേണ്ടി ഒരു പടംവരച്ചുതരണമെന്നു ചീയോടു ആവശ്യപ്പെടണമെന്നു് എനിക്കുതോന്നി. അദ്ദേഹം ജോലി ചെയ്യുന്ന രീതി കാണുവാൻ മാത്രമായിരുന്നു അതു്. അതു് രണ്ടു ഭാഷാവിവത്തനങ്ങൾ കഴിഞ്ഞുള്ള സംഭാഷണമായിരുന്നതുകൊണ്ടു് ആ ചോദ്യം ചോദിക്കുവാൻ ഞാൻ ബുദ്ധിമുട്ടി. എന്നാൽ ശാന്തമായി ഞങ്ങൾ കാത്തിരുന്നപ്പോൾ ആ വൃദ്ധൻെറ കൂട്ടുകാരി ചൈനായിൽ എപ്പോഴും പതിവുള്ള വിധം ഞങ്ങൾക്കു ചായ ഒഴിച്ചുതന്നു. പക്ഷെ ഗുരുവിൻെറ കപ്പിൽമാത്രം തേയില യിട്ടിരുന്നതും ഞങ്ങൾക്കു വെറും ചൂടുവെള്ളം ഒഴിച്ചുതന്നതും കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. തൻെറ അതിഥികൾക്കു ചായ നൽകാനുള്ള തേയിലവാങ്ങാൻ ധനസൗകര്യം അദ്ദേഹത്തിനില്ലായിരുന്നുയെന്നു ഞാൻ മനസ്സിലാക്കി. അതുകൊണ്ടു് ഞാൻ എൻെറ അപേക്ഷ ഉടനെ സമർപ്പിച്ചു. അദ്ദേഹം ചിത്രം വരയ്ക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നതായി മനസ്സിലാക്കിയപ്പോൾ അദ്ദേഹം ഉന്മേഷം പൂണ്ടു. ഒരു ജീവൻ വന്നതുപോലെ വേല ചെയ്യാനുള്ള ഉൽക്കണ്ഠ അദ്ദേഹം പ്രദർശിപ്പിച്ചു. ആ പരിവത്തനം പെട്ടെന്നു സംഭവിച്ചതു സമ്പൂർണ്ണവുമായിരുന്നു.

ഷർട്ടിൻെറ കൈമടക്കി തിരുകിവച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു "ഞാൻ നിങ്ങൾക്കുവേണ്ടി നിശ്ചയമായും പടം വരയ്ക്കാം. എന്നാൽ ഒരു ചതുരശ്രഅടിയ്ക്കു നാല്പതിനായിരം യുവാൻസ് നിങ്ങൾക്കു ചെലവാകും." ഇതു് ഏകദേശം രണ്ടു ഡോളർ (പത്തു രൂപാ) മാത്രമായിരുന്നതുകൊണ്ടു് മടി കൂടാതെ സമ്മതിച്ചു.

"എന്തിൻെറ ചിത്രമാണു് നിങ്ങൾക്കു് വേണ്ടതു്? പുഷ്പങ്ങ ളാണോ? അതോ പക്ഷികളോ ഞണ്ടോ മതിയോ?" അദ്ദേഹം ചോദിച്ചു.

"നിങ്ങൾക്കു് ഇഷ്ടമുള്ളതു്; ഈ സമയം നിങ്ങളുടെ ഭാവന യിൽ എത്തുന്ന എന്തിൻെറയെങ്കിലും പടം മതി" ഞാൻ മറുപടി നൽകി. അദ്ദേഹത്തെപ്പററി ഒരു ലേഖനമെഴുതുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടെന്നും അദ്ദേഹത്തിൻെറ കലാവാസനയെ സംബ ന്ധിച്ചു് എൻെറ സ്വദേശത്തുള്ളവക്കു് മനസ്സിലാക്കുവാൻ അതു സഹായിക്കുമെന്നും ഞാൻ പറഞ്ഞു. ഇൻഡ്യൻ സാംസ്ക്കാരിക പ്രതിനിധിസംഘം ഇപ്പോൾ ചൈനായിൽ പര്യടനം നടത്തുന്ന അവസരമായതുകൊണ്ടു് രണ്ടു രാജ്യങ്ങൾ തമ്മിലുള്ള പൗരാണിക മായ സൗഹാർദ്ദബന്ധത്തെയും, കലാപരമായി പരസ്പരം നടന്നുവന്ന സമ്പക്കത്തെയും സൂചിപ്പിക്കുന്ന എന്തെങ്കിലും ചിത്ര മായാൽ സന്ദർഭോചിതമായിരിക്കുമെന്നും ഞാൻ അഭിപ്രായ പ്പെട്ടു. എന്നാൽ എൻെറ വാക്കുകൾക്കൊന്നും വലിയ അത്ഥമു ണ്ടെന്നു് വൃദ്ധനു് തോന്നിയതായി കണ്ടില്ല. അദ്ദേഹത്തിൻെറ ചോദ്യം വീണ്ടും ആവത്തിക്കമാത്രമാണു് അദ്ദേഹം ചെയ്തതു്. അദ്ദേഹം പെയിൻറുചെയ്യുന്നതു് ഇന്നതിൻെറ ചിത്രമായിരി ക്കണമെന്നു ഞാൻ നിർദ്ദേശിക്കുവാൻ ആഗ്രഹിച്ചില്ല. എൻെറ പ്രതീക്ഷ അദ്ദേഹത്തിനു സ്വയം തോന്നുന്ന എന്തെങ്കിലും സൃഷ്ടി ക്കണമെന്നുള്ളതായിരുന്നു. അതുകൊണ്ടു് ഞാൻ പറഞ്ഞു "ഒരു പ്രകൃതിചിത്രമായിരിക്കട്ടെ. പുഷ്പങ്ങൾ വിഷയമാക്കിക്കൊണ്ടുള്ള നിങ്ങളുടെ അനവധി ചിത്രങ്ങൾ ഞാൻ കണ്ടുകഴിഞ്ഞു." അല്പം ശങ്കിച്ചുനിന്നു വൃദ്ധൻ എൻെറ നേരെ തുറിച്ചുനോക്കി, ദ്വിഭാഷി യുടെ നേരെ കൈകൊണ്ടു് ആംഗ്യം കാണിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. "അദ്ദേഹത്തോടു പറയു—അതിനു് ഇരട്ടി വിലയാകു മെന്നു്."

ഞാൻ സമ്മതിച്ചു. വളഞ്ഞ കണക്കുകൂട്ടലുകൾ നടത്തിയ വൃദ്ധനിൽ വിനോദം തോന്നിയെങ്കിലും, അദ്ദേഹത്തിൻെറ പണ ത്തിനുവേണ്ടിയുള്ള ദാരുണമായ ബുദ്ധിമുട്ടു് എനിക്കു മനസ്സിലാ ക്കാമായിരുന്നു. ആർട്ട്ഷോപ്പുകളിൽ മൂന്നു് അടി ചതുരശ്രമായി ട്ടുള്ള അദ്ദേഹത്തിൻെറ ചിത്രങ്ങൾ നാല്പതിനായിരം യുവാൻ കൊടുത്താൽ എനിക്കു കിട്ടുമായിരുന്നു. എന്നാൽ ഇപ്പോൾ എനിക്കു അദ്ദേഹം ചിത്രം വരയ്ക്കുന്നതു് കാണണമായിരുന്നു. പെയിൻറു ചെയ്യുവാൻ ആവശ്യം തോന്നിയിട്ടുതന്നെയല്ല, തൻെറ സ്വന്ത ഇഷ്ടംപോലെ വരയ്ക്കുവാൻ ആവശ്യപ്പെട്ടപ്പോൾ എങ്ങനെയാണു് അദ്ദേഹം പെയിൻറു ചെയ്യുന്നതെന്നു കാണാനുള്ള പുതുമയും എനിക്കു തോന്നി. ഷർട്ടിൻെറ കയ്യു് ചുരുട്ടിവച്ചു താഴെപ്പോരാ തിരിക്കാൻ മൊട്ടുസൂചി കുത്തി ഉറപ്പിച്ചു. കൂട്ടുകാരി അലമാരയി

ലിരുന്ന ഘനംകുറഞ്ഞ കടലാസ് എടുത്തുകൊണ്ടുവന്നു. അവൾ ചായം കട്ടയായിരുന്നതു് പൊടിച്ചു തയാറാക്കി. അദ്ദേഹം കുറച്ചു നേരം മേശയ്ക്കരികിൽ കടലാസ് നിവർത്തുപിടിച്ചുകൊണ്ടു നിന്നു. ഒരു കയ്യിൽ ബ്രഷുപിടിച്ചും മററെ കൈ കൊണ്ടു് കടലാസിൻെറ നേർമ്മ പരിശോധിച്ചും. അങ്ങനെ ഏതാനും മിനിററുകൾ കഴിഞ്ഞു. പെട്ടെന്നു കടലാസിൽ ഒരു സ്ഥാനത്തു് വിരൽ പതിച്ചു് പെയിൻറു ചെയ്യുവാൻ തുടങ്ങി. തിരിഞ്ഞു് എന്നെ നോക്കി ഇപ്രകാരം പറഞ്ഞു. "വളരെ ലളിതമായ ഒരു പടം ഞാൻ വരയ്ക്കാം; കാരണം നല്ലതായിട്ടുള്ളതൊക്കെയും ലളിതമായിരിക്കും." നാല്പതു മിനിററു നേരം അദ്ദേഹം ജോലിചെയ്തു. ഇടയ്ക്കിടെ കറുത്ത പെയിൻറിൻെറ വിവിധ രൂപം കിട്ടാൻ ചായം വെള്ളവും കൂട്ടി ചാലിച്ചുകൊണ്ടിരുന്നു.

അവസാനം എൻെറ മുമ്പിൽ ഒരു പുൽമൈതാനത്തിൻെറ പടംവച്ചു. രണ്ടു പശുക്കൾ വസന്തകാലത്തെ മങ്ങിയ സൂര്യപ്രഭയിൽ വിശ്രമിക്കുന്നുണ്ടായിരുന്നു. കറുപ്പും വെളുപ്പും വർണ്ണത്തിൽ മാത്രമുള്ള ചിത്രങ്ങൾ ചൈനീസ് വീക്ഷണഗതിയിൽ കലയുടെ ഒരു സത്യാഭാസമായിട്ടാണു് പരിഗണിക്കാറുള്ളതെന്നു് എനിക്കറിയാം. എന്നാൽ ഈ ചിത്രത്തിൽ കണ്ട സമ്പൂർണ്ണലാളിത്യം എന്നെ അല്പം നിരാശപ്പെടുത്തുകയാണു് ചെയ്തതു്. ഒരു വാക്കുപോലും ഉച്ചരിക്കാതെ ഷർട്ടിൻെറ കൈകൾ അഴിച്ചിട്ടു പെയി-ഷി വീണ്ടും കസേരയിൽ സ്ഥാനമുറപ്പിച്ചു. അദ്ദേഹത്തിൻെറ സഖി ചിത്രം എടുത്തു് ഒരു ചരടിൽ ഉണങ്ങുവാൻ തൂക്കിയിട്ടു. എൻെറ അജ്ഞതയിൽ ഞാൻ മൂകത അവലംബിച്ചിരുന്നു. ഒരു ആർട്ടുഷോപ്പിൽ നിന്നു ചി പെയി-ഷിയുടെ ഇതിനേക്കാൾ നല്ല ചിത്രങ്ങൾ ഇതിൽ കുറഞ്ഞ വിലയ്ക്കു കിട്ടുമായിരുന്നല്ലോ എന്നുപോലും ഞാൻ ചിന്തിച്ചു. എന്നാൽ ഈ സന്ദർശനത്തിൽ കൂടെ ഒരു യഥാർത്ഥ കഥ കണ്ടെത്തുവാൻ ഞാൻ തീരുമാനം ചെയ്തു. അതുകൊണ്ടു് ഞാൻ ഒരു സംഭാഷണം ആരംഭിക്കുകയും, ഒരു മഹാ കലാകാരൻെറ അന്തഃസത്തയേയും, ചൈനായുടെ പുരാണപ്രസിദ്ധമായ ചിന്താഗതിയേയും തുറന്നുകാട്ടുവാൻ അതു സഹായിക്കുകയും ചെയ്തു.

രണ്ടു പശുക്കളെ എന്തിനാണു് ചിത്രത്തിൽ വരച്ചതെന്നും, അതിൽ ഒന്നു് അവിടെ കിടക്കുകയും മറേറതു് എതിർവശത്തോട്ടു തിരിഞ്ഞു ദൂരെ ദൃഷ്ടിപതിപ്പിച്ചു നിൽക്കുകയും ചെയ്യുന്ന വിധത്തിൽ ഭാവന ചെയ്യാൻ കാരണമെന്താണെന്നും പറയുവാൻ ഞാൻ അദ്ദേഹത്തോടഭ്യർത്ഥിച്ചു. "ഈ രണ്ടു പശുക്കളും ചൈനായുടെയും ഇൻഡ്യയുടെ ഭിന്നസംസ്കാരങ്ങളെ പ്രതിബിംബിക്കുകയാണോ? അതിനെന്തെങ്കിലും അർത്ഥമുണ്ടോ?"

വൃദ്ധൻ നിഷേധരൂപത്തിൽ തലകുലുക്കി. അദ്ദേഹം പറഞ്ഞു "പടത്തിൽ യാതൊരു പ്രത്യേക അർത്ഥവും ഞാൻ കല്പിച്ചിട്ടില്ല. ഞാൻ ഒരു രാജ്യതന്ത്രജ്ഞനല്ല. അവ് രണ്ടു മൃഗങ്ങൾ ആണ്, അതുമാത്രം."

"എന്നാൽ എന്തുകൊണ്ടു രണ്ടു പശുക്കളെ വരച്ചു. മറ്റേതെങ്കിലും അല്ലാതെ."

ചി പെയി-ഷി മറുപടി പറഞ്ഞു. "രണ്ടു പശുക്കളെ വരയ്ക്കണമെന്ന് എന്തുകൊണ്ടോ എനിക്കു തോന്നി." മുഖത്ത് അല്പം പ്രകാശം വീശിയതുപോലെ തോന്നി. അദ്ദേഹം തുടന്നു "ആ പശുക്കൾ എന്റെ ബാല്യകാലം അനുസ്മരിപ്പിക്കയാണ്. പന്ത്രണ്ടു വയസ്സുവരെ ഞാൻ കന്നുകാലികളെ മേയിച്ചുനടന്ന ഒരു ചെറുക്കനായിരുന്നു എന്നു നിങ്ങൾക്കറിയാമോ? എന്റെ ചിത്രങ്ങളിൽ അപൂർവ്വമായിട്ടേ പശുക്കളെ വരയ്ക്കാറുള്ളു. ഇന്നു ഞാൻ എന്റെ ബാല്യകാലം ഓർത്തു.

"അങ്ങയുടെ ബാല്യകാലം സൗഭാഗ്യകരമായിരുന്നോ?"

"ഞാൻ വളരെ ദരിദ്രമായ ഒരു കർഷകകുടുംബത്തിലാണ് ജനിച്ചതു്. ഒരു ദരിദ്രകർഷകൻ സൗഭാഗ്യത്തെപ്പററി ചിന്തിക്കാറില്ല."

"അങ്ങു ചിത്രകല അഭ്യസിച്ചതെവിടെയാണ്? ചിത്രങ്ങൾ പെയിൻറു ചെയ്യണമെന്ന് ആഗ്രഹം തോന്നിയതെന്നാണ്?"

"എനിക്കു പന്ത്രണ്ടുവയസ്സായിരുന്നപ്പോൾ എന്റെ ജീവിതഭാവിയെ തിരിച്ചുവിട്ട ഒരു സംഭവം ഉണ്ടായി. ഒരു ദിവസം ഞാൻ പശുക്കളെ വീട്ടിൽ തിരിച്ചു കൊണ്ടുവന്നപ്പോൾ എന്റെ പിതാമഹനു് മനസ്സിലായി ഞാൻ ഒരു പശുവിനെ കുറച്ചാണ് വീട്ടിൽ കൊണ്ടുവന്നതെന്ന്. ഒരു പശു എവിടെ നടന്നു പൊയ്ക്കഴിഞ്ഞുവെന്നു ഞാൻ മനസ്സിലാക്കിയില്ല. പിതാമഹൻ എന്നെ നല്ലതുപോലെ പ്രഹരിക്കുകയും, ക്രൂരമായി പെരുമാറുകയും ചെയ്തതുകൊണ്ട് ഞാൻ വീടുവിട്ടോടി. സമീപമുള്ള ഒരു ഗ്രാമത്തിൽ താമസിച്ചിരുന്ന ഒരു ആശാരി കുടുംബത്തിൽ ആശാരിപ്പണിയിൽ ശിഷ്യത്വംസ്വീകരിച്ചു താമസമായി."

ചിത്രത്തിലെ പശുക്കൾ എന്തിനെയാണ് സൂചിപ്പിക്കുന്നതെന്ന് എനിക്കു പിടികിട്ടി. തന്നെ വിട്ടു ദൂരെപ്പോയ പശുവായിരുന്നു അതു്. ആ പശുവാണ് അദ്ദേഹത്തിനു് നിർഭാഗ്യം വരുത്തിവച്ചതു്. അദ്ദേഹത്തിന്റെ നിർമ്മാണകലാവാസന മൊട്ടിട്ടതപ്പോഴാണ്. ദാരിദ്ര്യപീഡയനുഭവിച്ച ബാല്യകാലത്തിന്റെ ശോകസംപൂർണ്ണമായ പ്രതീതി എനിക്കപ്പോൾ അനുഭവവേദ്യമായിരുന്നു. അദ്ദേഹം എനിക്കു വേണ്ടി വരച്ചുതന്ന ചിത്രത്തിൽ ചൈനായുടെ വിവിധഭാഗങ്ങളിൽ നയിച്ച എൺപതു

കൊല്ലത്തെ സുദീർഘ ജീവിതത്തിനു് പിന്നിലുള്ള ശൈശവ കാലത്തെ ഗ്രാമത്തിലേയ്ക്കു് അദ്ദേഹം നടന്നുചെല്ലുകയാണു്. ആ ഗ്രാമീണ പ്രകൃതി സൗന്ദര്യമൊഴിച്ചാൽ അദ്ദേഹമൊരു സൗഭാഗ്യവും അറിഞ്ഞിട്ടില്ല. അവിടെ കുട്ടിക്കാലത്തു് സൗഭാഗ്യമെന്തെന്നോ സന്താപമെന്തെന്നോ അന്വേഷിക്കാതെ അദ്ദേഹം ഓടിനടന്നു, അദ്ദേഹം എനിക്കു വരച്ചുതന്ന ചിത്രത്തിനു വേണ്ടി എൻെറ ഹൃദയം കൃതജ്ഞതാ നിർഭരമായി.

"അങ്ങു് എങ്ങനെ പീക്കിംഗിൽ വന്നുചേർന്നു?." ഞാൻ വീണ്ടും ചോദിച്ചു. ഇവിടെ വിജയവും സൗഭാഗ്യവും അങ്ങു കണ്ടെത്തിയില്ലെ?"

"50 വയസ്സായപ്പോഴാണു് ഞാൻ പീക്കിംഗിൽ വന്നെത്തിയതു്. 30 കൊല്ലങ്ങൾ ഞാൻ ഗ്രാമങ്ങൾ തോറും സഞ്ചരിച്ചു് കൊത്തുപണി, ലേഖനശില്പം, പെയിൻറിംഗു് എന്നിവ പഠിച്ചുകൊണ്ടിരുന്നു. ഞാൻ എൻെറ സ്വന്തം ഗ്രാമം വിട്ടു് ഹൂണാനീസു് ഗ്രാമപ്രദേശങ്ങളിലെ പ്രകൃതിസൗന്ദര്യം ആസ്വദിച്ചു. മൂന്നു ഗുരുക്കന്മാരുടെ കീഴിൽ ഞാൻ പെയിൻറിംഗ് അഭ്യസിച്ചിട്ടുണ്ടു്. എൻെറ ഗുരുക്കന്മാർ ആരും കുലീനവംശജരോ, പൗരാണിക കലാവിഭാഗത്തിൽ പെട്ടവരോ ആയിരുന്നില്ല."

പിന്നെയും ഞാൻ ചോദിച്ചു, പീക്കിംഗിൽ അദ്ദേഹം വന്നതെന്തിനാണെന്നു്. "ഞാൻ ഉൽക്കർഷേച്ഛാഭരിതനായിരുന്നു." അദ്ദേഹം മറുപടി പറഞ്ഞു. "ജീവിതത്തിൽ എന്തെങ്കിലും സാധിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. പീക്കിംഗിൽ എൻെറ ചിത്രങ്ങൾ വിൽക്കുന്നതിൽ ഞാൻ വിജയം വരിച്ചു. ചൈനീസു പ്രഭുക്കന്മാർ അലങ്കാരപ്രദമായ കല ഇഷ്ടപ്പെട്ടിരുന്നുയെന്നു ഞാൻ അറിഞ്ഞിരുന്നു. അതുകൊണ്ടു് വിൽക്കുവാൻ സാധിക്കുന്ന ചിത്രങ്ങൾ ഞാൻ വരച്ചു."

ഇതിനകം അദ്ദേഹത്തിൻെറ പൗത്രൻ ഞങ്ങളുടെ കൂടെ വന്നുചേർന്നിരുന്നു. അയാൾ ഇടയ്ക്കുകയറി പറഞ്ഞു "എൻെറ വലിയച്ഛൻ ഒരു ബൂർഷ്വ അല്ല. അദ്ദേഹത്തിനു് എന്തെങ്കിലും ജീവിതത്തിൽ നേടണമെന്നു പറഞ്ഞതിൻെറ അർത്ഥം അദ്ദേഹത്തിനു് ജനങ്ങളെ സേവിക്കണമെന്നു മാത്രമാണു്."

ഈ യുവാവു് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഒരു ബാഡ്ജ് ധരിച്ചിരുന്നതു് ഞാൻ കണ്ടു. അയാളും ഒരു കലാകാരനായിരുന്നു. എന്നാൽ അയാൾ വരച്ച ചിത്രങ്ങൾ ആധുനിക ചൈനായിൽ ആവശ്യമുള്ളതായിരുന്നു. മാവോ സെ-തുംഗിൻെറ ചിത്രങ്ങൾ അയാൾ വരച്ചിരുന്നുവെന്നു ഞാൻ അനുമാനിച്ചു. എൻെറ സംശയപൂർവമായ പുഞ്ചിരി കണ്ടു് അയാൾ ഒരു കഥ എന്നോടു പറഞ്ഞതു് അതേ രൂപത്തിൽ ഇവിടെ പകർത്തുകയാണു്.

"മഞ്ചുവംശജരുടെ ഭരണകാലത്തും എൻെറ വലിയച്ഛൻ ഒരു സാധാരണക്കാരനായി സാധാരണക്കാരുടെ ഇടയിൽ കഴിയുവാൻ ആഗ്രഹിച്ചു. ഒരു പ്രഭുവായി അദ്ദേഹത്തെ ഉയർത്താമെന്നു് ചക്രവത്തി പറഞ്ഞതാണു്. കൊട്ടാരത്തിൽ അദ്ദേഹത്തിൻെറ പടങ്ങൾ അത്യധികം ഇഷ്ടപ്പെട്ടിരുന്നു. ആ പദവി വലിയച്ഛൻ നിരസിക്കയാണു് ചെയ്തതു്. കൊട്ടാരത്തിൽ നിന്നു് നിർബന്ധം പിടിച്ചാൽ താൻ ഗ്രാമപ്രദേശങ്ങളിലേക്കു താമസം മാററുമെന്നും തനിക്കു പരിചിതമായ സാഹചര്യങ്ങളിൽ തുടർന്നു ജീവിക്കുമെന്നും അദ്ദേഹം ഭീഷണി നൽകി. വലിയച്ഛൻ എപ്പോഴും സാമാന്യജനങ്ങളുടെ കൂടെയായിരുന്നു. ഇപ്പോഴും അങ്ങനെ തന്നെ."

"സാധാരണ ജനങ്ങൾക്കു്", പുഷ്പങ്ങളുടെയും, പക്ഷികളുടെയും മൽസ്യങ്ങളുടെയും, ഞണ്ടുകളുടെയും ചിത്രങ്ങൾക്കു പ്രത്യേക അർത്ഥമുണ്ടോയെന്നെനിക്കറിഞ്ഞുകൂടാ. നവീന ചൈനായിലെ കലാപ്രദർശനത്തിലൊ, കലാമന്ദിരങ്ങളിലൊ, ചിപെയി–ഷിയുടെ ചിത്രങ്ങൾ തൂക്കിയിട്ടിരുന്നതായി ഞാൻ കണ്ടില്ല. ഒരു കവിയും രാജ്യതന്ത്രജ്ഞനുമായിരുന്ന കുവോമോ–ജോയുടെ ഇരിപ്പുമുറിയിൽ ചുവന്നതും വെള്ളയുമായ ധാലിയാപുഷ്പങ്ങളുടെ ഒരു വലിയ പടം മാത്രം ഞാൻ കണ്ടു. മഹാനായ ഈ ചൈനീസു കലാകാരനു് തൻെറ അതിഥികൾക്കു് ചായ നൽകാനുള്ള പണം പോലും ഇല്ലായിരുന്നു. അദ്ദേഹത്തിനു് ബഹുമതിമാത്രമുണ്ടിപ്പോൾ. അതുതന്നെ ഒരു റഷ്യൻ പത്രപ്രവത്തകനു് അദ്ദേഹത്തിൻെറ ചിത്രങ്ങളിൽ കൗതുകം തോന്നിയതുകൊണ്ടു് മാത്രമാണു്.

ഇനിയും കൂടുതൽ താമസിക്കുന്നതുകൊണ്ടു് ചിപെയി–ഷീയിൽനിന്നു് എന്തെങ്കിലും ലഭിക്കുവാൻ സാദ്ധ്യമായിരുന്നില്ലെന്നു ഞാൻ മനസ്സിലാക്കി, പൗത്രനാണു് പിന്നീടു് സംഭാഷണച്ചുമതല ഏറെറടുത്തതു്. വൃദ്ധൻ മൗനമായിരുന്നതേയുള്ളു. അദ്ദേഹം ക്ഷീണിതനായും കണ്ടു. എനിക്കുവേണ്ടി വരച്ച പടവും ചീ നൽകിയ സന്ദേശവും എടുത്തു ഞങ്ങൾ അവിടെനിന്നു പോന്നു.

# പുതിയ സാമ്രാജ്യ ദുഷ്പ്രഭുത്വം

"ചൈനാ-സോവിയററു് സഖ്യഉടമ്പടിക്കു് ഒപ്പുവച്ചതു് ജപ്പാൻകാരോ അവരുടെ സഖ്യത്തിൽ പെട്ടവരോ, ഞങ്ങൾക്കെതിരായി ഒരു ആക്രമണം നടത്തുന്നതിനെ തടയുന്നതിനുവേണ്ടിയാണു്" എന്നു് ഉപപ്രധാനമന്ത്രിയായ കുവൊമൊ-ജോ എൻെറ ഒരു ചോദ്യത്തിനു മറുപടി നൽകി. "ഉത്തര അററ്ലാൻറിക്കു് ഉടമ്പടി സഖ്യത്തിൽ നിന്നു് അതു് വിഭിന്നമാണു്. അററ്ലാൻറിക്കു് ഉടമ്പടി യുദ്ധാക്രമണത്തിനു് വേണ്ടിയുള്ള ഒരു സഖ്യമാണു്. നേരേറാ വധിക്കുന്നതിനു് ഓങ്ങുന്ന വാളാണു്. ഞങ്ങൾ പ്രതിരോധത്തിനുവേണ്ടി മാത്രമാണു് വാൾ പിടിക്കുന്നതു്". ഈ വാൾ പിടിക്കാൻ ചൈനാ സോവിയററു് റഷ്യയെ വളരെ ആശ്രയിച്ചു നിൽക്കുകയാണു്. ആദർശപരമായ താല്പര്യങ്ങളും സാമ്പത്തികമായ പരാധീനതയും കമ്മ്യൂണിസ്റ്റു് ചേരിയിലേക്കു് ഉറപ്പിച്ചു നിറുത്തുവാൻ ചൈനായിക്കു പ്രേരണ നൽകുന്നു. രാഷ്ട്രീയവും, സാമ്പത്തികവുമായ പുനരുദ്ധാരണ സംരംഭങ്ങളിൽ സംബന്ധിച്ചു് അതിഭീമമായ പ്രശ്നങ്ങൾ നവീന ചൈന നേരിടുകയാണു്. കാര്യക്ഷമമായ ഒരു ഭരണയന്ത്രം വിസ്തൃതമായ ഒരു രാജ്യം മുഴുവൻ ഭരിക്കുവാനും, വ്യക്തിസ്വാതന്ത്ര്യവും, സഹിഷ്ണുതയും, പരസ്പരധാരണയും പരിചയിച്ചു കഴിഞ്ഞ ഒരു വമ്പിച്ച ജനവിഭാഗത്തെ മുഴുവൻ കമ്മ്യൂണിസ്റ്റു് സ്വേച്ഛാധിപത്യത്തിൽ അടക്കി വഴ്ത്തുവാനും ചൈനായ്ക്കു് ആവശ്യമാണു്. ചൈനായുടെ വ്യാവസായികവും, സാമ്പത്തികവുമായ നിവൃത്തിമാർഗ്ഗങ്ങൾ കുഴഞ്ഞു താറുമാറായിരുന്നു. ദാരിദ്ര്യവും വിശപ്പും രാജ്യത്തു നടമാടി. വിദേശചൂഷണവും, വിദേശസൈന്യത്താവളങ്ങളും, സമരദുർമ്മോഹികളായ പ്രഭുക്കന്മാരും, രാജ്യത്തെ അശക്തമാക്കിയിട്ടാണു് വിട്ടതു്. പുതിയ ആക്രമണത്തിനും, സൈനിക പുനരധിവാസത്തിനും ചൈനാ തുറന്നു കിടക്കുകയാണു്. ചൈനീസു് കമ്മ്യൂണിസ്റ്റുകാർക്കു് രാജ്യത്തെ ഏകീകരിക്കാനും, ജനങ്ങളുടെ ജീവിതത്തോതുയർത്തുവാനും സമയവും സഹായവും വേണ്ടിയിരുന്നു.

നിർഭാഗ്യവശാൽ അമേരിക്കയുടെ കുഴഞ്ഞതും പ്രമാദസംപൂർണ്ണവുമായ നയം ചൈനാക്കാരിൽ വളരെ അമർഷവും കൈയ്പും ഉളവാക്കിയിട്ടുണ്ടു്. യുനൈറെറഡു് സ്റ്റേററ്സും, യു എൻ ആർ എ യും, യു എൻ പോലും ചൈനാക്കാർ സംശയ

ത്തോടെ വീക്ഷിക്കുന്നു. രാജ്യത്തു് അസമാധാനവും, അഴിമതിയും പുനരുദ്ധരിക്കാൻ ശ്രമിക്കുകയാണു് ഇവർ ചെയ്യുന്നതെന്നു് അവരുടെ മനസ്സിൽ കയറിയിട്ടുണ്ടു്. സോവിയററു് യൂണിയൻെറ സഹായം തേടുകയല്ലാതെ മാവോയിക്കു ഗത്യന്തരമില്ലായിരുന്നു. 1945 വരെയും ചൈനായിൽ ഐക്യവും സുസ്ഥിരമായ ഒരു ഗവർമെൻറും കൈവരുത്താൻ റഷ്യാക്കാർ ആശ്രയിച്ചതു് ചിയാങ്ങിനെയാണു്. മാവോ തൻെറ സ്വന്ത "നക്ഷത്ര"ത്തെ പിൻതുടരുകയായിരുന്നു. വിമോചനത്തിനുള്ള തുറന്ന സമരം ആരംഭിക്കുന്നതിൻെറ നാന്ദിയായി ഒരു കർഷക വിപ്ളവം സംഘടിപ്പിക്കയായിരുന്നു മാവോ അന്നു ചെയ്തതു്. വനാന്തരത്തിൽ ഇരുപത്തിമൂന്നു വർഷങ്ങൾ അദ്ദേഹം അലഞ്ഞുതിരിഞ്ഞു കഷ്ടപ്പെട്ടു. പ്രതിരോധസമരങ്ങൾ സ്വന്തമായി നടത്തുകയാണു് അദ്ദേഹം ചെയ്തതു്. റഷ്യ സഹായം അന്നു നിഷേധിച്ചു. കോമിൻേറൺ മാവോയെ "അവസര സേവകൻ" എന്നു വിളിച്ചു. ചൈനീസ് പർവത വനാന്തരങ്ങളിൽ "അയാളുടെ കല്പിത സുഖമയമായ സോവിയററു് റിപ്പബ്ളിക്കു്" രൂപവല്ക്കരിക്കുവാൻ വിട്ടുകകയാണു് ചെയ്തതു്. തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ളവ പ്രസ്ഥാനത്തിനു് യാതൊരു നേതൃത്വവും കോമിൻേറൺ നൽകിയില്ല. മാവോ അന്നു അനേക സമരങ്ങൾ നടത്തുക തന്നെയല്ല, ചൈനീസ് കമ്യൂണിസ്റ്റുകാർക്കു് അവരുടെതായ ഒരു വിപ്ളവ തത്വവും അദ്ദേഹം നൽകി. ഇന്നു മാവോയിക്കു റഷ്യൻ സഹായം ആവശ്യമായിരുന്നു.

1949 ജൂലൈ മാസത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി "വിദേശരാജ്യങ്ങളുടെ കാര്യത്തിൽ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളുടെ പൊതുവായ സമരത്തിൽ നാം ഐക്യപ്പെടണം. നമ്മളെ സമത്വനിലയിൽ കരുതുന്ന രാജ്യങ്ങളുമായും നാം ഐക്യബന്ധം പാലിക്കണം. ഇതിൻെറ അർത്ഥം നാം സോവിയററു് യൂണിയനുമായും, എല്ലാ പുതിയ ജനായത്ത രാജ്യങ്ങളുമായും. എല്ലാ തൊഴിലാളിവർഗ്ഗങ്ങളുമായും, ഏതുരാജ്യത്തുമുള്ള സാമാന്യജനങ്ങളുമായും നാം ഐക്യം സൃഷ്ടിക്കണമെന്നാണു്. അതായതു് രാജ്യാന്തരപരമായ ഒരു ഐക്യമുന്നണി സൃഷ്ടിക്കണം". ഇദ്ദേഹത്തിൻെറ അഭിപ്രായം മാറുവാൻ എന്തു കാര്യങ്ങളാണു് സംഭവിച്ചതു്. ചൈനായെ ഒരു ഏകഘടകമായി കൊണ്ടുവരാനും ഒരു സംയുക്തഭരണം രൂപവൽക്കരിക്കാനുമുള്ള അമേരിക്കൻ പ്രയത്നം പരാജയപ്പെട്ടതിനു പ്രധാന കാരണം ചിയാങ്ങിൻെറ സൈന്യങ്ങൾക്കു് അമേരിക്ക സൈനിക സഹായം തുടൎന്നു നൽകിക്കൊണ്ടിരുന്നതാണു്. ഈ സഹായം കമ്മ്യൂണിസ്റ്റുകാരെ തകക്കാനാണു് ചിയാങ്ങു് വിനിയോഗിച്ചതു്. 1949 ജൂലൈ ആയിട്ടും രാജ്യം ഒന്നാക്കാനുള്ള യത്നം ഫലിക്കാതിരുന്നു. കൂമിന്താങ്ങു് സൈന്യം

ദക്ഷിണ ചൈനയിൽ സ്ഥാനമുറപ്പിച്ചു. 1948 നവമ്പർ മാസത്തിൽ മാവോ ഇപ്രകാരം പ്രസ്താവിച്ചു. "കമ്മ്യൂണിസ്റ്റുകാരുടെ പ്രത്യേക കൃത്യം രാജ്യത്തിനുള്ളിലുള്ള എല്ലാ വിപ്ളവ ശക്തികളെയും ഒന്നിച്ചു കൊണ്ടുവരികയാണ്. അങ്ങനെ അമേരിക്കൻ സാമ്രാജ്യ ദുഷ്ഭൂതത്തെയും, ക്വമിന്താങ്ങിൻെറ പിന്തിരിപ്പൻ ഭരണത്തെയും ഓടിച്ച് ഇവിടെ ഒരു ജനകീയ റിപ്പബ്ളിക്ക് സോവിയററ് യൂണിയനുമായുള്ള സഖ്യത്തോടുകൂടി സ്ഥാപിക്കണം."

ഇതൊരു പൂർണ്ണമായ മാററമാണ്. അദ്ദേഹം ഭരണമാററകൃത്യം നിർവഹിച്ചശേഷം സഹായത്തിനു് സോവിയററ് യൂണിയൻെറ നേക്കു തിരിഞ്ഞു. അതിഭീമമായ പല പ്രശ്നങ്ങളേയും നേരിടുവാനുണ്ടെന്നും, അവയെ വിജയപൂർവം അഭിമുഖീകരിക്കണമെങ്കിൽ ആഭ്യന്തരമായ സമാധാനം സുരക്ഷിതമാക്കുകയും, ചിയാങ്ങ് തിരിച്ചുവരാനുള്ള ഏതു ശ്രമത്തേയും പ്രതിരോധിക്കാനുള്ള തൻേറടം ഉണ്ടായിരിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഒരു വിശ്വാസവും ഉറപ്പും നൽകേണ്ടതാവശ്യമാണെന്നും അദ്ദേഹം അറിഞ്ഞു. 1949 ഡിസമ്പറിൽ ഇദംപ്രഥമമായി മാവോ മോസ്ക്കോ സന്ദർശിച്ചു. പല ആഴ്ചകൾ നടത്തിയ ചർച്ചകളുടെയും വിലപേശലിൻെറയും ഫലമായി ചൈനാ–സോവിയററ് സൗഹാർദ്ദ ഉടമ്പടിയും പരസ്പര സഹായം വാഗ്ദാനം ചെയ്യുന്ന സഖ്യവും പൂർത്തിയാക്കികൊണ്ടു് അദ്ദേഹം തിരിച്ചുവന്നു. മറെറാരു ഉടമ്പടിമൂലം അഞ്ചുകൊല്ലങ്ങൾകൊണ്ടു് തന്നുതീക്കത്തക്കവിധത്തിൽ കേവലം മുപ്പതു കോടി ഡോളറിൻെറ സാമ്പത്തിക സഹായവും അദ്ദേഹം സമ്പാദിച്ചു. ഈ സഖ്യത്തെപ്പററിയുള്ള പ്രഖ്യാപനം പെട്ടെന്നു് രാജ്യത്തിനുള്ളിൽ അതിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ ഫലം ഉളവാക്കി. ചൈനായെ ആക്രമിക്കണമെങ്കിൽ ഒരു അഖിലലോക യുദ്ധത്തിലേക്കുതന്നെ ചാടാതെ നിവൃത്തിയില്ലെന്നുള്ള നിലയാണു് ഈ സഖ്യം വരുത്തി വച്ചതു്.

സമന്മാർ തമ്മിലുള്ള ഒരു സഖ്യം അല്ലിതു്. ചൈനായ്ക്കു വിസ്തൃതമായഭൂമിയും, വമ്പിച്ചജനസംഖ്യാശക്തിയുമുണ്ടെങ്കിലും ഇന്നു് സൈനികവും സാങ്കേതികവുമായ കാര്യത്തിൽ അവൾ പരിപൂർണ്ണമായി സോവിയററ് റഷ്യയുടെ ആശ്രിതയാണ്. മാവോയിക്ക് അതറിയാം; യാഥാർത്ഥ്യബോധമുള്ള ഒരു ആളായതുകൊണ്ടു് അദ്ദേഹത്തിൻെറ പരിമിതികളെപ്പററിയും അദ്ദേഹത്തിനറിയാം. ആധുനിക യുദ്ധസാമഗ്രികളോടുകൂടിയ ഒരു സൈന്യമായി തൻെറ സൈന്യത്തെ സജ്ജമാക്കണമെങ്കിൽ സൈനികസാമഗ്രികൾ അദ്ദേഹത്തിനു വാങ്ങിയേ തീരൂ. ഒക്ടോബർ ഒന്നാം തീയതിയിലെ പരേഡിൽ ചൈനീസ് സൈന്യവിഭാഗങ്ങളിൽ നിന്നു പ്രത്യേകം തെരഞ്ഞെടുത്ത കരസൈന്യത്തിലേയും വിമാ

നസൈന്യത്തിലേയും റെജിമെൻറുകൾ ക്രമീന്താങ്ങിൽനിന്നും പിടിച്ചെടുത്ത അമേരിക്കൻ സൈനിക യന്ത്രസാമഗ്രികളുമായി മാർച്ച് ചെയ്യുകയുണ്ടായി. എന്നാൽ അങ്ങനെയുള്ള യന്ത്രസാമഗ്രികൾ പഴഞ്ചൻ മാതൃകയായി മാറിപ്പോകുന്നതുകൊണ്ട് ഏററവും പുതിയതരം സാമഗ്രികൾ കിട്ടിക്കൊണ്ടിരിക്കാൻ ചൈനായ്ക്ക് വശമുണ്ടായിരിക്കണം. പൂർവദേശ അതിർത്തികൾ സംരക്ഷിക്കുവാൻ അവിടെയൊരു പ്രബല സൈന്യത്തെ വച്ചുകൊണ്ടിരിക്കുന്ന സംഗതിയിൽ റഷ്യയ്ക്കും താല്പര്യമുണ്ട്. ശത്രുവിനെ രണ്ടു സൈനിക മേഖലകളിൽ വിഭജിച്ചുനിറുത്തി റഷ്യയുടെ വിസ്തൃതമായ രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ അതിർത്തികൾ സംരക്ഷിക്കയാണ് ആ താല്പര്യം. അതുകൊണ്ട് നല്ല പരിശീലനം ലഭിച്ചതും റഷ്യൻ യുദ്ധസാമഗ്രികളോടുകൂടിയതുമായ ഒരു വിമാനസൈന്യത്തെ ഇന്നു ചൈനായിൽ നാം കാണുന്നു.

ഭൂമിയിലുള്ള സമ്മർദ്ദംനീക്കുവാൻചൈനായിൽ വ്യവസായവൽക്കരണം ആവശ്യമായി. അവർക്കുണ്ടായിരുന്ന വ്യവസായങ്ങൾ പുനരുദ്ധരിക്കുകയും, പുതിയ ഘനവ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടിയിരുന്നു. സോവിയററ് റഷ്യയ്ക്കു ഘനസാധനങ്ങളോ, സാങ്കേതിക സഹായമോ ആവശ്യം കഴിഞ്ഞു് അധികമായി ചൈനായ്ക്കു നൽകാൻ സാധ്യമായിരുന്നില്ല. ഉത്തര ചൈനായിലും, മഞ്ചൂറിയായിലും മാവോയുടെ ചിത്രങ്ങൾ തൂക്കിയിട്ടിരുന്നിടത്തെല്ലാം സ്റ്റാലിൻെറ ചിത്രവും ഒരു സന്തത അനുസ്മരണ എന്ന വിധത്തിൽ പ്രദർശിപ്പിച്ചിരുന്നു. റെയിൽവേസ്റ്റേഷനുകളിലും, ഹോട്ടലുകളിലും, തീയേററുകളിലും രണ്ടുഭാഷകളിലും പേരെഴുതിവച്ചിരിക്കുന്ന ബോർഡുകളാണു കാണുന്നതു്. ദക്ഷിണ ചൈനയിൽ ഈ റഷ്യൻസ്വാധീന ലക്ഷണങ്ങൾ അത്ര ശ്ശുതന്നെ കാണാറില്ല. അവിടെയുള്ള ചിത്രങ്ങൾ മാർക്സിൻെറതു് മുതൽ സ്റ്റാലിൻെറയും മാവോയുടേയും വരെ കമ്യൂണിസത്തിലേക്കുള്ള പാഥ വളരെദീർഘമാണെന്നു് പ്രേക്ഷകർക്കു് അനുസ്മരണ നൽകത്തക്കവിധം വിവിധ നേതാക്കന്മാരുടെആയിരുന്നു.

സ്കൂളുകളിലും കോളജുകളിലും ഇംഗ്ലീഷു ഭാഷയുടെ സ്ഥാനം റഷ്യൻ ഭാഷ അപഹരിച്ചുകഴിഞ്ഞു. ബുക്ക്ഷോപ്പുകൾ മുഴുവൻ റഷ്യൻ പുസ്തകങ്ങൾ, മാസികകൾ, ലഘുലേഖകൾ മുതലായവയെക്കൊണ്ടു് നിറഞ്ഞു. ഇംഗ്ലീഷു പുസ്തകങ്ങൾ അവിടെയെങ്ങുംതന്നെ കിട്ടാതായിത്തീർന്നിട്ടുണ്ടു്. ലിയു ഷാവോ-ചി കമ്യൂണിസ്റ്റുപാർട്ടിയുടെ ഭാഷാവിദഗ്ദ്ധനാണു്.മാവോയിസം സ്റ്റാലിനിസ്റ്റത്തിൻെറ മാർഗ്ഗങ്ങളിലല്ലം മറിച്ചും ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുന്നതിൽ അദ്ദേഹം എപ്പോഴും വ്യാപൃതനാണു്. ചൈനീസു വിപ്ലവത്തിൻെറ ചരിത്രം തന്നെ റഷ്യ ചൈനായിക്കു നൽകിയ വിലയേറിയ ഉപദേശങ്ങളും സഹായങ്ങളും ചിത്രീക

രിക്കുന്ന വിധത്തിൽ മാററിയിരുന്നു. ആ പ്രവർത്തനഗതിയിൽ കൂടെ തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തെപ്പററിയും അതു ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യത്തെപ്പററിയും വളരെ ഉൽബോധനം നടക്കുന്നുമുണ്ട്.

റഷ്യയോടുള്ള പരാധീനതയെക്കുറിച്ചും വർദ്ധിച്ചു വരുന്ന റഷ്യൻ അധികാരശക്തിയെക്കുറിച്ചും മാവോ തികച്ചും ബോധവാനാണ്. റഷ്യൻ കരടിയുടെ കയ്യിലേക്കു ചൈനയെ വലിച്ചെറിഞ്ഞ പാശ്ചാത്യശക്തികൾ മൂലം, അദ്ദേഹത്തിന്ന് അതല്ലാതെ മററു പോംവഴികളൊന്നുമില്ല. അദ്ദേഹത്തിനു ചുററും ഇടതുപക്ഷത്തേക്കു സുശക്തമായ നില സ്വീകരിച്ചുകൊണ്ടും ചൈനായെ സോവിയററുവൽക്കരിക്കണമെന്നു ശഠിച്ചുകൊണ്ടും ലിയുഷോവോ—ചി, വെംഗ്ചെൻ, കാവോ കാംഗ് എന്നിവർ നിൽക്കുന്നതു് അദ്ദേഹം കാണുന്നു. സൈനികകേഡററുകളിലും സ്കൂളുകളിലും കോളേജുകളിലും റഷ്യൻ സംപ്രദായങ്ങളിലും റഷ്യൻ സ്വാധീനത്തിലും പരിശീലിച്ച ഒരു പുതിയ തലമുറ ഉയൎന്നുവരികയാണ്. രാജ്യത്തിനുള്ളിൽ അധികാരത്തിനുവേണ്ടി നടക്കുന്ന ഏതു വടംവലിയും റഷ്യയുടെ സ്വാധീനശക്തിയും ആനുകൂല്യവും നിർണ്ണായകമായ പങ്കുവഹിക്കുന്നു. എന്നാൽ മാവോ—യുടെ കൂട്ടുകെട്ട് നിലനിൽക്കുന്നിടത്തോളം കാലം മാവോയുടെ ഇച്ഛാശക്തിക്കെതിരായി ഒന്നും സംഭവിക്കാൻ പോകുന്നില്ല.

ഇൻഡ്യൻ അംബാസഡറോടു മാവോ മോസ്കോയിലായിരുന്നപ്പോൾ, ഒരു വിമാന നിർമ്മാണശാല സന്ദർശിച്ച വസ്തുത അനുസ്മരിച്ചുകൊണ്ട് ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. "നിങ്ങളുടെ രാജ്യവും എൻേറതും നാം തന്നെ സ്വന്തമായി അതു് നിർവഹിക്കാൻ പ്രാപ്തമാകുന്നതുവരെ നിർണ്ണായകമായി നമുക്ക് ഒന്നും പ്രവർത്തിക്കാൻ സാധ്യമല്ല. അതുവരെ നാം സാവധാനത്തിൽ പോകേണ്ടിയിരിക്കുന്നു. അങ്ങനെ സാവധാനമായി അദ്ദേഹം നീങ്ങുകയാണ്. എന്നാൽ സുനിശ്ചിതമായി അങ്ങനെ ചെയ്യുന്നുമുണ്ട്. മാവോ ഒരിക്കലും ടിറേറായും ആയി മാറുകയില്ല. ചരിത്രവും ആദർശപരമായ ഐക്യവും സോവിയററ് റഷ്യയുമായി ഒരു ധാരണയിൽ കഴിയുവാൻ അദ്ദേഹത്തെ ബന്ധിച്ചു നിറുത്തുന്നു. എന്നാൽ അതേ സമയം ഏഷ്യൻ രാജ്യങ്ങളും, പ്രത്യേകിച്ച് ഇൻഡ്യയുമായി ഒരു ധാരണയിൽ എത്തുവാനും അദ്ദേഹം കാൽവച്ചു മുമ്പോട്ടു ഗമിക്കുന്നുണ്ട്. ഈ സംരംഭത്തിൽ ചൈനാക്കാർക്കു പാരമ്പര്യമായിത്തന്നെ വിദേശ്യരോടുള്ള വിരോധം മാവോയ്ക്കു് അനുകൂലമായി വർത്തിക്കുന്നു. റഷ്യാക്കാരും ഒരു കാലത്തു "വിദേശ ചെകുത്താന്മാർ" ആയിരുന്നു. സാധാരണക്കാരായ ചൈനാക്കാർ റഷ്യാക്കാരെ വിളിച്ചിരുന്നതു "വലിയ മൂക്കൻമാർ" എന്നായിരുന്നു.

1951 ഒക്ടോബർ ഒന്നാം തീയതി മാവോ ഇദംപ്രഥമമായി ഏഷ്യൻ ഐക്യമെന്ന മുദ്രാവാക്യം മുഴക്കി. അന്നത്തെ ആഘോഷച്ചടങ്ങുകളിൽ സോവിയററു് പ്രതിനിധി സംഘം ഒഴിച്ചാൽ പിന്നത്തെ മാന്യസ്ഥാനം ഇൻഡ്യൻ പ്രതിനിധി സംഘത്തിനാണു് നൽകിയതു്. 1952 സെപ്തംബറിൽ പുതിയതായി നിയമിക്കപ്പെട്ട ഇൻഡ്യൻ അംബാസഡറെ സ്വാഗതം ചെയ്തുകൊണ്ടു് മാവോ ഇങ്ങനെ പ്രസ്താവിച്ചു. "നമ്മുടെ രണ്ടു രാജ്യങ്ങളിലെ ജനങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തെ കൂടുതലായി ദൃഢപ്പെടുത്തുകയും ഏകീകരിക്കയും ചെയ്യുമെന്നും ഏഷ്യയിലും ലോകത്തിലെല്ലായിടത്തും സമാധാനം സംസ്ഥാപിക്കുവാനുള്ള നമ്മുടെ പൊതു ലക്ഷ്യം പ്രാപിക്കുവാൻ അതു പ്രയോജനപ്പെടുമെന്നും എനിക്കു വിശ്വാസമുണ്ടു്." മാവോയുടെ ഈ വാക്കുകൾ ജനഹൃദയങ്ങളിൽ മാറെറാലിക്കൊണ്ടു. എൻെറ രണ്ടു സന്ദർശന വേളയിലും ഞങ്ങളുടെ മേൽ സ്നേഹ സൗഹാർദ്ദപ്രകടനങ്ങൾ അവർ വർഷിക്കയാണു ചെയ്തതു്. അതു് സോവിയററു് റഷ്യയ്ക്കു് ഒരു മുന്നറിവും സൂചനയുമായിരുന്നു. പാശ്ചാത്യശക്തികളുടെ അധികാരത്തിൻ കീഴിൽ കഷ്ടപ്പാടുകൾ സഹിച്ച ഏഷ്യയിലെ ജനങ്ങളുടെ ഫലപ്രദമായ പിന്തുണ ചൈനായിക്കുണ്ടെന്നു് മാവോ കാണിച്ചുകൊടുക്കുകയായിരുന്നു. കഴിഞ്ഞ രണ്ടു കൊല്ലങ്ങൾ തെളിയിച്ചതു് റഷ്യൻ കമ്മ്യൂണിസം പരാജയപ്പെട്ടിടത്തു് ചൈനീസ് കമ്മ്യൂണിസം വിജയിച്ചു എന്നാണു്.

ഞാൻ ചൗ-എൻ-ലായ് —ജോയെ കണ്ടപ്പോൾ മാവോയുടെ "ഏഷ്യൻ പ്രജ്ഞ" യെ സംബന്ധിച്ച് എന്തെങ്കിലും പറയുമെന്നു ഞാൻ ആശിച്ചിരുന്നു. ഏഷ്യൻ ഐക്യമെന്നും ഏഷ്യൻ സമാധാനമെന്നും ഒക്കെ പറയുന്നതു് പ്രാദേശികമായ ഒരു സംയുക്ത സുരക്ഷിതത്വം സാധിക്കാനാണെന്നുള്ളതിനെപ്പററി എനിക്കു യാതൊരു സംശയവുമില്ല. പൂർവ രാജ്യങ്ങളുടെ നേരെയും പശ്ചിമ രാജ്യങ്ങളുടെ നേരെയും ആ സുരക്ഷിതനിര പ്രബലമാക്കണം. സോവിയററു് റഷ്യയുമായി സമത്വനില സുദൃഢമാക്കുകയും അങ്ങനെ പശ്ചിമ ഭാഗത്തു സമാധാനം സ്ഥാപിക്കയും ചെയ്യുന്നതു് മാവോയുടെ ഒരു നയമാണു്. കുവൊമോ—ജോ ഇങ്ങനെ മറുപടി പറയുകയുണ്ടായി "ഞങ്ങൾ ഏഷ്യൻ ഐക്യം കാംക്ഷിക്കുന്നതു് പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെ പുരോഗതിക്കുവേണ്ടിയാണു്.

ഏഷ്യൻരാജ്യങ്ങൾക്കു സ്വാതന്ത്ര്യത്തിനുംസ്വയനിർണ്ണയാധികാരത്തിനുമുള്ള അവരുടെ അവകാശം സ്ഥാപിക്കുവാൻ വേണ്ടി ശ്രമിക്കുകയാണു്. ഏഷ്യയ്ക്കു ഒരുമോൺറൊത്വംഞങ്ങൾ ആവിഷ്ക്കരിക്കുകയല്ല. ഏഷ്യൻജനതയ്ക്കുള്ളസ്വയംനിർണ്ണയാവകാശം മാത്രം ഞങ്ങൾ തേടുകയാണു്. ഏഷ്യ ഞങ്ങൾക്കു വേണമെന്നു

ഞങ്ങൾ ആവശ്യപ്പെടുകയല്ല. പാശ്ചാത്യ സാംസ്ക്കാരത്തെ ഞങ്ങൾ തിരസ്ക്കരിക്കുന്നില്ല. ലോക ഐക്യത്തിനുവേണ്ടിയുള്ള ഒരു നടപടിമാത്രമാണ് ഏഷ്യൻ ഐക്യം.''

പൂർവരാജ്യങ്ങൾക്കും പശ്ചിമരാജ്യങ്ങൾക്കും ഇടയ്ക്കു് ഒരു മൂന്നാമത്തെ ശക്തിയായി ഏഷ്യൻ രാജ്യങ്ങൾ വർത്തിക്കാതെ ഏഷ്യൻഐക്യം ലോകഐക്യത്തിലേക്കും സമാധാനത്തിലേക്കും നയിക്കുമോയെന്നു് വിശദീകരിക്കുവാൻ ഞാൻ കുവോമോ-ജോയെ നിർബന്ധിച്ചു. ശരിയായ ഒരു ഐക്യരാഷ്ട്രസംഘടന, സമാധാനത്തിനുവേണ്ടി ഇതിനേക്കാൾ വളരെ നല്ല ഉറപ്പായിരിക്കയില്ലേ? ''ഏഷ്യൻ ഐക്യം സമാധാനം സുരക്ഷിതമാക്കും'' അദ്ദേഹം മറുപടിപറഞ്ഞു. ''ലോകത്തിൽ രണ്ടുതരം ശക്തികളേ ഉള്ളു. സമാധാനത്തിൻെറ ശക്തികളും, യുദ്ധത്തിൻെറ ശക്തികളും. മൂന്നാമതൊരു ശക്തിയില്ല. ഏഷ്യൻ ഐക്യം സമാധാനത്തിൻെറ ശക്തിവർദ്ധിപ്പിക്കും. എല്ലാ പാശ്ചാത്യശക്തികളും സാമ്രാജ്യദുർമ്മോഹികളാണെന്നു പറയുകയല്ല. പാശ്ചാത്യരാജ്യങ്ങളിലെ ഭൂരിഭാഗം ജനങ്ങളും സമാധാനം ആഗ്രഹിക്കുന്നു. നമ്മൾ സമാധാനത്തിൻെറ വശത്തേക്കു ചാഞ്ഞുനിൽക്കുകയാണു്. രണ്ടു ശക്തികൾ തമ്മിലുള്ള സമരം രൂക്ഷതരമായി വരികയാണു്. സമാധാനത്തിനുവേണ്ടിയുള്ള ഏകപ്രത്യാശ സമാധാനത്തിൻെറ വശത്തെ ശക്തിപ്പെടുത്തുക മാത്രമാണു്. ഇടയ്ക്കതിനു മറെറാരു വഴിയില്ല. അതുകൊണ്ടു് ഏഷ്യൻ ഐക്യം ലോകസമാധാനവും ലോകഐക്യവും നേടുന്നതിനുള്ള ഒരു നടപടിയാണു്.''

മാവോ 1949ൽ പറഞ്ഞതു് ഞാൻ അനുസ്മരിച്ചു. അന്നു അദ്ദേഹം ഇപ്രകാരം എഴുതിയിട്ടുണ്ടു്:

''സൺയാറ്റ്സെന്നിൻെറ നാൽപ്പതു കൊല്ലത്തെയും ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ ഇരുപത്തിയെട്ടു കൊല്ലത്തേയും അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി വിജയം വരിക്കാനും, അതു സുദൃഢമാക്കാനും ഞങ്ങൾ ഒരു വശത്തേക്കു ചാരിനിൽക്കണമെന്നുള്ളതു് ഞങ്ങൾക്കു ബോദ്ധ്യം വന്നിരിക്കയാണു്. ഈ അനുഭവങ്ങൾ പഠിപ്പിക്കുന്നതു് ഒന്നുകിൽ ചൈനീസു ജനത സാമ്രാജ്യദുഷ്പ്രഭുത്വപക്ഷത്തോടു ചേർന്നു നിൽക്കണം അല്ലെങ്കിൽ സോഷ്യലിസത്തിൻെറ പക്ഷത്തോടു ചേരണം എന്നുള്ളതാണു്. ഈ തത്വത്തിനു വിഭിന്നമായി യാതൊരു സന്ദർഭവും ഉണ്ടാകുന്നതല്ല. വേലിയിൽ കയറിയിരുന്നു് അങ്ങോട്ടോ ഇങ്ങോട്ടോയെന്നു ശങ്കിച്ചു കഴിയാൻ സദ്ധ്യമല്ല. മൂന്നാമതൊരു മാർഗ്ഗമില്ലതന്നെ. നിഷ്പക്ഷതഒരു കൃത്രിമംമാത്രമാണു്: മൂന്നാമതൊരുമാർഗ്ഗം സ്ഥിതിചെയ്യുന്നില്ല.''

യാഥാർത്ഥ്യബോധമുള്ള മാവോ മതതത്വങ്ങളിലെന്നപോലെ വളരെ നിശ്ചയദാർഢ്യത്തോടുകൂടിയാണ് അന്നു അങ്ങനെ പറഞ്ഞതു്. ലോകം ഒന്നുകിൽ കറുത്തതു്, അല്ലെങ്കിൽ വെളുത്തതു്, അതിനിടയ്ക്കൊരു നിറമില്ല. എന്നാൽ വേദാന്ത തത്വങ്ങളെ പററി മാവോ തന്നെ പറഞ്ഞിട്ടുണ്ടു്. "അവ ചാണകത്തെക്കാൾ നിരുപയോഗങ്ങളാണ്. ചാണകം വളമായിട്ടെങ്കിലും ഉപയോഗപ്രദമാണ്. ഇപ്പോൾ മാവോ അഭിപ്രായം മാററിവരികയാണ്. ഒരിക്കൽ സാമ്രാജ്യദുഷ്പ്രഭുത്വത്തിൻെറ വേട്ടപ്പട്ടികൾ എന്നു അദ്ദേഹം വിളിച്ച രാജ്യങ്ങളുമായിട്ടാണ് ഏഷ്യൻ ഐക്യത്തെപ്പററി അദ്ദേഹം പറയുന്നതു്. സോവിയററുമായുള്ള സഖ്യം മൂലം അദ്ദേഹത്തിൻെറ യഥാർത്ഥനിലയെന്താണെന്ന് വേഗം മനസ്സിലാക്കുവാൻ കഴിഞ്ഞിരിക്കണം. അദ്ദേഹത്തിൻെറ തത്വപ്രലപനസ്വഭാവം മാറിവരികയാണ്.

ഒരു പക്ഷേ കൊറിയൻ യുദ്ധമായിരിക്കണം വിദേശരാജ്യബന്ധം സംബന്ധിച്ച് ഒരു പുതിയ വീക്ഷണഗതി നൽകിയതു്. കൊറിയായും ഇൻഡോചൈനയും ചൈനായുടെ സ്വാധീനവലയത്തിൽ നിൽക്കുന്ന രാജ്യങ്ങളാണെന്നു ചരിത്രപരമായ കാരണങ്ങളാൽ ചൈനാ വിചാരിച്ചു വന്നുയെന്നതു് പരമാർത്ഥമാണ്. പാരമ്പര്യമായി, ചൈനായെ അക്രമിച്ചു കീഴ്പ്പെടുത്തുന്നതിനുള്ള വാതിൽ മാർഗ്ഗം കൊറിയ ആയിരുന്നു. ഇൻഡോചൈന, ചൈനായുടെ നെല്ലറയിൽ ഒരു ഭാഗമാണ്. ദക്ഷിണ ചൈനായിക്കു് അവിടെനിന്നു നെല്ലു കിട്ടിക്കൊണ്ടിരിക്കുന്നു. ഈ രണ്ടു രാജ്യങ്ങളിലെ അധികാരികൾ ചൈനായോടു സൗഹാർദ്ദമായി വർത്തിക്കുന്നവരായിരിക്കണമെന്നുള്ള കാര്യം ചൈനായുടെ ഒരാവശ്യമാണ്. എന്നിരുന്നാലും യുദ്ധംകൊണ്ടു തളർന്നുവശായിരുന്ന ചൈനാ അവളുടെ ഒഴിഞ്ഞ ഭണ്ഡാരത്തെ വീണ്ടും ഞെരുക്കുവാൻ ഉദ്യുക്തമാകുമായിരുന്നില്ല. അതിനു തയാറായെങ്കിൽ ഈ യുദ്ധം വേഗം വിജയപര്യവസായി ആയിത്തീരുമെന്നുള്ള ഒരു ഉറപ്പും, സൈനികവും സാമ്പത്തികവുമായ സഹായവാഗ്ദാനങ്ങളും ലഭിച്ചിരിക്കണം. യുദ്ധംകൊണ്ടുള്ള തളർച്ചയുടെ കൂടെ ഉഗ്രമായ നിരാശയും ചൈനായെ ബാധിച്ചിരുന്നതായി ഞാൻ കണ്ടു. അതിനു കാരണം വാഗ്ദാനങ്ങൾ പ്രതീക്ഷിച്ചിരുന്നിടത്തോളം വന്നുചേർന്നിരുന്നില്ലെന്നുള്ളതാണ്.

ആരംഭത്തിൽ, സൈന്യത്തിൻെറ പുനസ്സംഘടനക്കും, നവീനയുദ്ധസമ്പ്രദായങ്ങളിൽ സൈന്യത്തിനു പരിശീലനം ലഭിക്കുന്നതിനും ഈ യുദ്ധം സഹായകമായിരുന്നു. യുദ്ധപരിതസ്ഥിതിയുടെ സമ്മർദ്ദം മൂലം വ്യവസായം പുനസ്സംഘടിപ്പിക്കുവാനും, ജനങ്ങളുടെ വ്യവസായസംരംഭങ്ങളെ ഉത്തേജിപ്പിക്കുവാനും കഴിഞ്ഞു. ദേശീയ പ്രതിരോധനത്തിൻെറ പേരിൽ വമ്പിച്ച

ത്യാഗങ്ങൾ ജനങ്ങളുടെ മേൽ കെട്ടി വയ്ക്കാൻ ചൈനായ്ക്കു സാധിച്ചു. നിർബന്ധിത സംഭാവനകൾക്കും, ഗവർമെൻറിനോടെ തിർത്തുനിന്നവരുടെ ബഹിഷ്കരണങ്ങൾക്കും, കഠിനമായ ജീവിതസുഖപരിവജ്ജനങ്ങൾക്കും ജനങ്ങൾ വഴങ്ങി, വിലക്കയററവും, കഠിനാദ്ധ്വാനങ്ങളും സ്വാഭാവികമായ ഫലമാണെന്നു് അംഗീകരിച്ചു. യുദ്ധമെന്ന തിന്മയിൽ കൂടെ നന്മയിലേക്കു തിരിയുവാൻ ഒരുമാർഗ്ഗമായി. എന്നാൽ ഈ സഹനശക്തിക്കും ഒരതിരുണ്ടു്.

വിമർശനങ്ങളുടെ പൊറുപൊറുക്കൽ അങ്ങുമിങ്ങും കേൾക്കാം. സമാധാനകാലത്തെ നിർമ്മാണപ്രവർത്തനങ്ങളിലേക്കു തിരിച്ചുവരാൻ ജനങ്ങൾ ഇച്ഛിച്ചു. സിംഗ്മാൻ റീയുടെ പിന്നിൽ ജനങ്ങളില്ലെന്നു ചൈനാക്കാർ പറയാറുണ്ടു്. എന്നാൽ പിന്നെ ദക്ഷിണകൊറിയാക്കാർ ഉത്തരകൊറിയ ആക്രമിച്ചതെന്തുകൊണ്ടാണെന്നു് ഞാൻ വീണ്ടും വീണ്ടും ചോദിച്ചിരുന്നു. അവസാനം ഒരു ഉന്നതകമ്യൂണിസ്റ്റുനേതാവു് പറഞ്ഞതിങ്ങനെയാണു്. "സിംഗ്മാൻ റീയുടെ കൂലിപ്പട്ടാളക്കാരെ നിഷ്പ്രയാസം ഉത്തരകൊറിയായ്ക്കു് പരാജയപ്പെടുത്താമായിരുന്നു. വിപുലമായ തോതിലുള്ള ഒരു യുദ്ധത്തിലേയ്ക്കു് അതിനു പ്രവേശിക്കേണ്ടിയിരുന്നില്ല. എന്നാൽ അവർ അക്ഷമരായിരുന്നു." പാൻമുൻജോൺ കൂടിയാലോചനകളുടെ വിവരങ്ങൾ പത്രങ്ങളിൽ വന്നുകൊണ്ടിരുന്നതു് വളരെ വിദ്വേഷത്തോടുകൂടിയായിരുന്നു. രോഗാണുക്കൾ ഉപയോഗിച്ചുള്ള സമരരീതിയെപ്പററി പരാതിപ്പെടേണ്ടതു് ചൈനായിക്കു് മനഃപൂർവം ചെയ്യേണ്ട ഒരാവശ്യമായിവന്നുയെന്നാണു് എനിക്കു തോന്നിയതു്. ക്ഷീണിച്ചുവന്ന ജനങ്ങൾക്കു വീണ്ടും വാശി ജനിപ്പിക്കാൻ അതു് ഒരു മാർഗ്ഗമായിരുന്നു. കൂടുതൽ കഠിനതരമായ ത്യാഗങ്ങളിലേക്കു ജനങ്ങളെ പ്രേരിപ്പിക്കാൻ യുദ്ധത്തിൻെറ നിഷ്ഠൂരമായ കഥകൾ വളരെ പ്രയോജനപ്പെടുത്താവുന്നതാണു്.

കൊറിയൻ യുദ്ധം അവസാനിപ്പിക്കണമെന്നുള്ള ചൈനായുടെ അഭിലാഷം വളരെ ആത്മാർത്ഥമായ ഒന്നാണു്. എന്നാൽ ജനങ്ങളുടെ മുമ്പിൽ മുഖം മങ്ങലിക്കുവാൻ ഇടയാക്കുന്നതു് ചൈനായിക്കു് അനുവദിക്കാവുന്ന ഒരു കാര്യമല്ല. ദേശാഭിമാനത്തിൻെറയും ഐക്യത്തിൻെറയും പേരിൽ ജനങ്ങൾ ദീർഘനാളുകളായി ദുരിതങ്ങൾ അനുഭവിച്ചു വരികയാണു്. കൊറിയായിലെ സ്തംഭനാവസ്ഥ ഉരുക്കുകൾ കൊണ്ടുള്ള യുദ്ധസാമഗ്രികളുടെനേരെ ചൈനീസ്സ്ജനതയുടെ രക്തം പൊരുതി നേടിയ ഒരു വിജയമായിട്ടാണു് വർണ്ണിക്കപ്പെട്ടുന്നതു്. വേട്ടക്കാരൻെറയും കടുവായുടെയും ഒരു പഴയ കഥ ആവർത്തിച്ചാവർത്തിച്ചു ജനങ്ങളോടു പറയുമായിരുന്നു. അമേരിക്കൻ ഐക്യനാടുകളാകുന്ന വേടൻ ചൈനായാകുന്ന കടുവായുടെ വായിൽ കൊണ്ടു കൈ ഇട്ടു.

ഇപ്പോൾ ആ കൈ എടുക്കാൻ കട്ടവാ അനുവദിച്ചാൽ അതിനു തന്നെ ആപത്തായിത്തീരും. എന്നാൽ നിർഭാഗ്യവശാൽ കട്ടവായിക്കു് ആ കൈ വിഴുങ്ങാൻ സാദ്ധ്യമല്ലെന്നുള്ളതാണു് സ്ഥിതി. തന്മൂലം ഏഷ്യൻ ഐക്യത്തിനുവേണ്ടിയുള്ള ആഹ്വാനം കൊണ്ടു് ചൈനാ സോവിയററു്സഖ്യത്തിലെ കക്ഷികൾ തമ്മിലുള്ള അസമത്വം പരിഹരിക്കമാത്രമല്ല ഉദ്ദേശം. കൊറിയായിൽ ചൈനായിക്കു ജളത്വം പററാതിരിക്കാൻ വേണ്ടി നടത്തുന്ന ഒരു സഹായാഭ്യർത്ഥനകൂടെയാണു്.

കമ്യൂണിസ്റ്റുകാരനായ മാവോ ഇപ്പോൾ മുതലാളിത്തരാജ്യങ്ങളും അവരുടെ കൂടെ "ഓടുന്ന നായാട്ടപട്ടികളു"മായി സഹവർത്തിത്വം ആകാമെന്നു പറയുന്നുണ്ടു്. ചൗ അതു തന്നെ എന്നോടു ആവർത്തിച്ചു പറയുകയുണ്ടായി. "സോഷ്യലിസ്റ്റായാലും, പ്രജായത്തരാജ്യങ്ങളായാലും, മുതലാളിത്തരാജ്യങ്ങളായാലും സമാധാനപരമായ സഹവർത്തിത്വം സാദ്ധ്യമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ കമ്യൂണിസ്റ്റുചൈനായുടെ അഭിമതപ്രകാരം മാവോയുടെ കരങ്ങൾ ഏഷ്യൻ ഐക്യം സുശക്തമാക്കുകയും, ചൈനാ-സോവിയററു് സഖ്യത്തിനു് ലോകം വണങ്ങുവാൻ നിർബന്ധിതരാകയും ചെയ്താൽമാത്രമേ സമാധാനപരമായ സഹവർത്തിത്വം സാദ്ധ്യമാകയുള്ളു.

ഈ ഒരു ഉദ്ദേശ്യസാദ്ധ്യത്തിനു് ദക്ഷിണപൂർവ്വേഷ്യയിൽ പല ഭാഗങ്ങളിലായി അധിവസിക്കുന്ന ഒരു കോടിയോളം ചൈനാക്കാരെ വിനിയോഗിക്കാമെന്നു് ചൈനാ ആശിക്കുന്നു. ഈ ചൈനാക്കാർ മറെറാരു രാജ്യത്തെയും പൗരത്വം സ്വീകരിക്കാതെ ചൈനീസ്പൗരത്വം തന്നെ പാലിച്ചുകൊള്ളണം. ഒരബദ്ധത്തിൽ മററുള്ള രാജ്യങ്ങളുമായി ഈ ചീനരുടെ പൗരത്വപ്രശ്നം ചർച്ച ചെയ്യുവാൻ സന്നദ്ധമാണെന്നു് ചൗ എൻ-ലായി പ്രസ്താവിച്ചുവെങ്കിലും ആ തെററു പിന്നീടു തിരുത്തി. ഇൻഡോ ചൈനായിലും, തായ്ലാണ്ടിലും, മലയായിലും, ബർമ്മായിലും, ഇൻഡ്യയിലും പല തലമുറകളായി അധിവസിച്ചുവരുന്ന ചൈനാക്കാർ ആരും ചൈനായിക്കു നഷ്ടപ്പെടുവാൻ ഒരുപ്രകാരത്തിലും അനുവദിക്കപ്പെടുകയില്ലെന്നുള്ള കാര്യത്തിൽ എനിക്കു യാതൊരു സംശയവും തോന്നുന്നില്ല. 1952 ആരംഭത്തിൽ ഇൻഡോനേഷ്യയിൽ നിന്നു കുറെ ചീനവിദ്യാർത്ഥികൾ അവരുടെ രാജ്യത്തെ പാസ്പോർട്ടുമായി ചൈനായിൽ വന്നിറങ്ങി. ഈ വിദ്യാർത്ഥികളുടെ പാസ്പോർട്ടുകൾ ചൈനീസ്ഗവർമ്മെൻറു കണ്ടുകെട്ടിയശേഷം ചൈനായുടെ പാസ്പോർട്ടുകൾ ഇവരുടെ കയ്യിൽ ഇരിക്കണമെന്നു് അനുശാസിക്കയാണുണ്ടായതു്. ഇൻഡോനേഷ്യൻ അംബാസഡർ പല പ്രതിഷേധനടപടികളും ഈ കാര്യത്തിൽ നടത്തി. യാതൊരു ഫലവുമുണ്ടായില്ല.

മറെറാരു സന്ദർഭത്തിൽ ഇൻഡ്യൻ അംബാസഡർ പ്രധാന മന്ത്രി ചൗവിനോട്ട് ചൈനായിൽ പാർപ്പിച്ചിരിക്കുന്ന എഴപതു വിദേശത്തടവുകാരെ മനുഷ്യത്വപരമായ കാരണങ്ങളാൽ മോചിപ്പിക്കണമെന്നു് അഭ്യർത്ഥിച്ചു. ചൗ ഇങ്ങനെമറുപടിപറഞ്ഞതായി റിപ്പോർട്ടു് ചെയ്യപ്പെട്ടിട്ടുണ്ടു്. "മലയായിൽ പതിന്നാലായിരം ചീനരെ തടവുകാരാക്കിയിരിക്കുന്ന കാലത്തോളം ഈ കുററവാളികളെ വിമോചിപ്പിക്കുവാൻ എന്നെ നിർബന്ധിക്കരുതു്." പീപ്പിൾസ് പൊളിററിക്കൽകൺസൽട്ടേററീവ്കൗൺസിലിൽ വിദേശങ്ങളിൽ താമസിക്കുന്ന ചീനരുടെ പ്രതിനിധികളായി പതിനാറു അംഗങ്ങൾ ഉണ്ടു്. അങ്ങനെ ചൈനായിക്കു വെളിയിൽ അനേക തലമുറകളായി അധിവസിച്ചുവന്ന ചീനരുടെ സ്വദേശത്തോടുള്ള ബന്ധം വിട്ടുകളയുവാൻ ചൈനായിക്കു യാതൊരുദ്ദേശവുമില്ലെന്നു വ്യക്തമാക്കിയിരിക്കയാണു്. കൽക്കട്ടായിൽ പതിനായിരത്തോളം ചീനർ താമസിക്കുന്നുണ്ടു്. ഇവരുടെ ഇടയിൽക്കൂടെ കമ്യൂണിസ്റ്റു കാരെകടത്തിവിടാനും, തത്വങ്ങൾ പ്രചരിപ്പിക്കുവാനുമുള്ള സകല തന്ത്രങ്ങളും ഉപയോഗിക്കുന്നുണ്ടു്. അതിനോടു നിസ്സഹകരണം നടത്തിയാൽ ഉണ്ടാകാവുന്ന ഭയാനകമായ വിപത്തുകളെപ്പററി ഭീഷണിപ്പെടുത്തി നിർബന്ധിച്ചുകൊണ്ടു് സമ്മതത്തിലേക്കു് അവരെ കൊണ്ടുവരികയാണു് ചെയ്യുന്നതു്. ഒരു ചീന അദ്ധ്യാപകൻ ഭാര്യയുടെയും, ഭാര്യാമാതാവിൻെറയും ഭീഷണികൾ സഹിക്കവയ്യാതെ ആത്മഹത്യ ചെയ്യുവാനിടയായ ഒരു സംഭവം ഉണ്ടായി.

വിദേശങ്ങളിൽ താമസിച്ചുകൊണ്ടിരിക്കുന്ന ചീനരെ ഉപയോഗിച്ചു ദക്ഷിണപൂർവ്വേഷ്യയെ വിദേശസാമ്രാജ്യദുഷ്പ്രഭുത്വത്തിൽനിന്നു വിമോചിപ്പിക്കുവാനും, ഏഷ്യൻ ഐക്യം സംസ്ഥാപിക്കുവാനുമാണു് ചൈനാ ഉദ്ദേശിക്കുന്നതു്. ഈ ഗൂഢോദ്ദേശ്യങ്ങൾ സാധിക്കുവാൻ ജനങ്ങളുടെ സാമ്പത്തികമായ കഴിവുകേടും, പൗരത്വത്തെപ്പററിയുള്ള അനിശ്ചിതനിലപാടും തർക്കങ്ങളും തക്കത്തിൽ ചൈനാ മുതലെടുക്കുകയാണു്. ഇൻഡോചൈനായിൽ ഹോ ചീമിൻ ചൈനാക്കാരുടെ സഹായത്തോടു കൂടി ഒരു കഠിനസമരം തന്നെ നടത്തിക്കൊണ്ടിരിക്കുന്നു. ചൈനാ തുറന്നു് സമരത്തിൽ പ്രവേശിക്കയുമില്ല. തായ്‌ലാണ്ടിൽ അമേരിക്കയും ബ്രിട്ടനും തമ്മിൽ നടക്കുന്ന നയതന്ത്ര വടംവലിയിൽ അഴിമതിക്കും കൈക്കൂലിക്കും വിധേയരായ തായ്‌ലാണ്ടു് രാഷ്ട്രീയ നേതാക്കന്മാർ ചൈനീസ്തന്ത്രങ്ങൾക്കു പററിയ ഇരയാണു്. അതേ സമയം തായ്‌ലാണ്ടിലെ ഏകജനസമ്മതനായ നേതാവെന്നു പരിഗണിക്കപ്പെടുന്ന പ്രിഡി,ഷാംഗ്ഹായിൽ അവസരം കാത്തു താമസിക്കയുമാണു്. ഏഷ്യൻരാജ്യങ്ങൾ ഒരു വിമോചകനു പകരം ഒരു പുതിയ സാമ്രാജ്യദുർമ്മോഹമാണു് തങ്ങളെ വലയം

ചെയ്യുന്നതെന്നു് മനസ്സിലാക്കി പ്രവർത്തിച്ചില്ലെങ്കിൽ ഈ സ്ഥിതി തുടരുകതന്നെ ചെയ്യും.

ദക്ഷിണപൂർവ്വേഷ്യയിലുള്ള ഏതു സംഭവവികാസങ്ങളിലും നിർണ്ണായകമായി സ്ഥിതിചെയ്യുന്ന ഒരു സുപ്രധാനഘടകം ചൈനായും ഇൻഡ്യയുമായുള്ള ബന്ധമാണു്. അതിൻെറ കാരണം ഇൻഡ്യക്കു വെളിയിൽ താമസിക്കുന്ന ഇൻഡ്യാക്കാരുടെ പ്രധാന സാമ്പത്തിക താൽപ്പര്യങ്ങളും, രാഷ്ട്രീയസ്വാധീനശക്തിയും ചൈനായിക്കു് എതിർശക്തിയായി വർത്തിക്കുന്നുവെന്നുള്ളതാണു്. ചൈനായുടെ നയത്തിനു് നേരെ വിരുദ്ധമായി ഇൻഡ്യാക്കാർ ഏതേതു രാജ്യങ്ങളിൽ അധിവസിക്കുന്നുവോ അവിടത്തെ പൗരത്വം സ്വീകരിച്ചുകൊള്ളണമെന്നാണു് ഇൻഡ്യയുടെ നിർദ്ദേശം. അതു് പ്രാധാന്യമർഹിക്കുന്ന ഒരു വ്യത്യാസമാണു്. പുറമേ "രണ്ടായിരം കൊല്ലത്തെ പഴക്കമുള്ള സൗഹാർദ്ദ"ത്തെപ്പററിയും പരസ്പരമുള്ള സാംസ്കാരികസമ്പർക്കത്തെപ്പററിയും ചൈന വളരെ പ്രശംസിക്കുക പതിവാണു്. എന്നാൽ ഇൻഡ്യൻഗവർമ്മെൻറിൻെറയോ, ഇൻഡ്യൻതാൽപ്പര്യങ്ങളെയോ ചൈനാ അത്ര കാര്യമായി കരുതുന്നില്ലെന്നുള്ളതാണു് പരമാർത്ഥം.

ചൈനീസുകമ്യൂണിസ്റ്റുകളുടെ അഭിപ്രായത്തിൽ ഇൻഡ്യ ഒരു സ്വതന്ത്രരാജ്യമേയല്ല. ചൈനീസ്ഗവർമ്മെൻറിൻെറ നിയന്ത്രണത്തിലുള്ള പത്രങ്ങൾ ഇൻഡ്യൻ തെരഞ്ഞെടുപ്പുകളെയും, നെഹറുവിനെയുംപററി അവജ്ഞ ജനിപ്പിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു "സ്വാതന്ത്ര്യവും സ്വതന്ത്രമായ തെരഞ്ഞെടുപ്പുകളും അവിടെയുണ്ടെങ്കിലും ബ്രിട്ടീഷുകാരും, അവരെക്കാൾ കൂടുതൽ അമേരിക്കരും ഇൻഡ്യൻ സാമ്പത്തികനിലയെ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണു്. ഉത്തരകൊറിയയാണു് ആദ്യമേ ആക്രമണം നടത്തിയെന്നുള്ള ഐക്യരാഷ്ട്രസമിതിയുടെ പ്രമേയത്തെ അനുകൂലിച്ചതിനു് ഇൻഡ്യയെ സാമ്രാജ്യത്തിൻെറ കൂടെയോടുന്ന വേട്ടപ്പട്ടിയെന്നു് വിളിച്ചതാണു്. കാവൊകാംഗ്, ഷാംഗ്ഹായിലെ മേയർ ചെൻയി ആദിയായവർ മിസ്സിസ് പണ്ഡിററിനോടു് ഇൻഡ്യയിൽ ഇപ്പോഴും ബ്രിട്ടീഷുകാരുടെ ഇടപെടൽ നടക്കുന്നതിനെയും ഇൻഡ്യൻവിദേശനയത്തിൽ കോമൺവെൽത്തിൻെറ സ്വാധീനശക്തിയേയും കുറിച്ച ചോദ്യവർഷം നടത്തിയെന്നു ഞാൻ കേട്ടു. ഇൻഡ്യയുടെ പൂർണ്ണവിമോചനം ഇനിയും സാധിക്കേണ്ടിയിരിക്കുന്നുവെന്നു തുറന്ന സൂചനകളും നടക്കാതിരുന്നില്ല.

ഞാൻ പങ്കെടുത്ത രണ്ടു പ്രതിനിധിസംഘങ്ങളോടും ചൈനായുടെ വർത്തനാരീതി പ്രത്യക്ഷമായിത്തന്നെ ഭിന്നമായിരുന്നു. ഒന്നൊരു അനൗദ്യോഗിക ജനപ്രതിനിധിസംഘമായിരുന്നു. അതിനും മററവക്കു നൽകിയ ചുവന്നപരവതാനി വിരിച്ച

സ്വീകരണങ്ങൾ തന്നെയാണ് നൽകിയതെങ്കിലും, സ്വീകരണത്തിൽ കൂടുതൽ ജനകീയസൗഹാർദ്ദവും ആഹ്ലാദവും പ്രകടമായിരുന്നു. ഇൻഡ്യാഗവർമ്മെൻറിൻെറ പ്രതിനിധിസംഘത്തിന് ലഭിച്ച സ്വീകരണം കേവലം ഔപചാരികമായ ചടങ്ങു നിർവഹണം മാത്രമായിട്ടാണ് കണ്ടതു്. അവരെ സ്വാഗതം ചെയ്യുവാൻ ജനക്കൂട്ടങ്ങൾ തടിച്ചുകൂടിയിരുന്നില്ല. അവർക്കു നൽകിയ വിവരങ്ങളും പരിമിതമായിരുന്നു. ആദ്യത്തെ പ്രതിനിധിസംഘത്തേക്കാൾ, "നീതസ്വഭാവ"മുള്ള ഒരു യാത്രാപരിപാടിയാണ് ഔദ്യോഗികസംഘത്തിന് അനുസരിക്കേണ്ടിയിരുന്നതു്.

ടിബററിൽ ഇദംപ്രഥമമായി ഇൻഡ്യയും ചൈനയും ഒരു സംഘട്ടനത്തിൽ വന്നെത്തി. വർഗ്ഗീയമായി ടിബററുകാർ ചൈനാക്കാരോടു ബന്ധപ്പെട്ടിരുന്നെങ്കിലും ടിബററു് എന്നും രാഷ്ട്രീയമായി സ്വതന്ത്ര്യയായിരുന്നു. ചൈനായുടെ സ്വാധീനമേഖലയിലും, സംരക്ഷണയിലുമാണ് ടിബററും കഴിഞ്ഞുകൂടിയതെന്നു പറയാം. എന്നാൽ ചൈനായുമായുള്ള ടിബററിൻെറ ബന്ധം അത്ര സുദൃഢമായിരുന്നില്ല. ടിബററിൻെറ മേൽ അധികാരകർതൃത്വം പാലിക്കത്തക്കവിധത്തിൽ ചൈന അത്ര സുശക്തവുമായിരുന്നില്ല. ഇരുപതാംശതാബ്ദത്തിൻെറ ആരംഭത്തിൽ മാത്രമാണ് ഇൻഡ്യയിലെ ബ്രിട്ടീഷുകാരും റഷ്യയും ആ രാജ്യത്തിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ ഉദ്യമിച്ചതു്. മതം, ഭാഷ എന്നിവകൊണ്ടു് ടിബററിന് ഇൻഡ്യയോടാണ് ചൈനായേക്കാൾ കൂടുതൽ ബന്ധമുള്ളതു്. ആഭ്യന്തരമായസ്വാതന്ത്ര്യം ടിബററു പാലിക്കേണ്ടതു് ഇൻഡ്യയ്ക്കു താല്പര്യമുള്ള സംഗതിയാണ്. ചൈനായിക്ക് അധീശകർതൃത്വസ്ഥാനം വല്ലതും നൽകുന്നതിൽ ഇൻഡ്യയ്ക്കു വിരോധവുമില്ല. എന്നാൽ ഈ അടുത്തകാലത്തു് ചൈനായിക്ക് സമാധാനപരമായ ഉദ്ദേശങ്ങൾ മാത്രമാണ് ടിബററിലുള്ളതെന്നു് ഇൻഡ്യൻ അംബാസഡർക്കു് ഉറപ്പു നൽകിയശേഷം, സൈനികശക്തി ഉപയോഗിച്ചു് ടിബററിൽ പ്രവേശിക്കയും ആ രാജ്യത്തിൽ സ്ഥാനമുറപ്പിക്കയുമാണ് ചെയ്തതു്. ഇന്ന് ഇൻഡ്യയും, അവളുടെ അയൽരാജ്യങ്ങളായ നീപ്പാളും ഭൂട്ടാനും അവരുടെ കാര്യങ്ങളിൽ കമ്യൂണിസ്റ്റുസംക്രമസാദ്ധ്യതയെ നേരിട്ടുകൊണ്ടിരിക്കയാണ്.

ഇൻഡ്യയും ചൈനായും തമ്മിൽ രണ്ടായിരംമൈൽ നീളത്തിൽ സ്ഥിതിചെയ്യുന്ന അതിർത്തിയിൽ സുശക്തമായ ഒരു സൈന്യം നിലകൊള്ളുകയാണ്. ആക്രമിക്കാനല്ലായിരിക്കാം. ആക്രമണം അത്ര സാദ്ധ്യമായ കാര്യമല്ലാത്തതുകൊണ്ടാണ് ആക്രമണത്തിനല്ലായിരിക്കാം എന്നു പറയുന്നതു്. എന്നാൽ നിശ്ചയമായും ഇൻഡ്യയുടെ "വിമോചന"ത്തിന് പ്രേരണചെലുത്താനും സഹായിക്കാനും ആ സൈന്യകേന്ദ്രീകരണത്തിനുദ്ദേശമുണ്ടു്.

രാഷ്ട്രീയമായി സ്വഹസ്തങ്ങൾ ശക്തിപ്പെടുത്തുക മാത്രമല്ല മാവോയിക്ക് ഇൻഡ്യമൂലം സാധിക്കേണ്ടതു്. റഷ്യയിൽനിന്നു ലഭിക്കുന്ന തുച്ഛമായ സാമ്പത്തികസഹായത്തെ പരിപോഷിപ്പിക്കുവാൻ ഒരു സാമ്പത്തിക സഖി ആയും ഇൻഡ്യയെ മാവോ കരുതുന്നുണ്ട്. ഔദ്യോഗിക ചൈന ഇൻഡ്യയോടു സൗഹാർദ്ദപരമായി വർത്തിക്കുന്നു. എന്നാൽ അതേ സമയം ഇൻഡ്യൻ ജനതയുടെ "വിമോചന" സമരത്തിലും വേണ്ട സഹായങ്ങൾ ചൈനാ നൽകിക്കൊണ്ടാണിരിക്കുന്നതു്.

അങ്ങനെ ഏഷ്യൻ ഐക്യം പുരോഗമിപ്പിക്കുവാൻ മാവോ പരിശ്രമം ചെയ്യുമ്പോൾ റഷ്യ ചൈനായുടെ മണ്ണിൽ സ്ഥാനമുറപ്പിച്ചിരിക്കയാണു്. നിയന്ത്രിതതോതിൽ സഹായങ്ങൾ റഷ്യ നൽകുന്നുണ്ട്. വളരെ സൗഹാർദ്ദമായ പെരുമാററമാണെങ്കിലും എല്ലാ കാര്യത്തിലും റഷ്യ ഇടപെടുന്നുണ്ട്. മര്യാദ പൂർവമാണെങ്കിലും നിശ്ചയദാർഢ്യത്തോടുകൂടിയാണു് റഷ്യ അവിടെ നിൽക്കുന്നതു്. ചൈനായുടെ വിപുലമായ ജനശക്തിയും വിഭവങ്ങളും അടുത്തു വരുന്ന സമരത്തിനു് റഷ്യക്കാവശ്യമുണ്ട്. അതിനു് ക്ഷമാപൂർവം കാത്തുനിൽക്കുന്നതിനു് റഷ്യ സംതൃപ്തയാണു്. ഈ യവസരത്തിൽ ചൈനായെ അതൃപ്തിപ്പെടുത്തുന്ന യാതൊന്നും റഷ്യ ചെയ്യുകയില്ല. ചൈനായിലെ സാധാരണക്കാരായ ജനലക്ഷങ്ങൾ റഷ്യ ഒരു പാശ്ചാത്യശക്തിയാണെന്നുള്ള ധാരണയിൽ കഴിയുന്നുവെന്നു റഷ്യക്കുതന്നെയറിയാം. "വിദേശ ചെകുത്താന്മാ"രുടെ പാരമ്പര്യമായ അധിനിവേശ വ്യഗ്രതയും, ചൂഷണവും റഷ്യക്കു മുള്ളതായി അവർ പരിഗണിക്കുന്നുണ്ട്. ചൈനായിലെ ആഭ്യന്തര ഭരണകാരങ്ങളിൽ ഇടപെടുന്നതായി വ്യാഖ്യാനിക്കപ്പെടാവുന്ന ഏതു കാര്യത്തിൽ നിന്നും പീക്കിംഗിലെ റഷ്യൻ എംബസ്സി ഒഴിഞ്ഞുമാറിക്കളയും. ഈ പരിതസ്ഥിതിയിൽ ഈ ജോലി നിർവഹിക്കാൻ മററുള്ളവരെ നിയോഗിക്കയാണു് റഷ്യ ചെയ്യുന്നതു്.

പീക്കിംഗിലെ ഇൻഡ്യൻ അംബാസഡർ അവകാശപ്പെടുകയുണ്ടായി. "റഷ്യക്കു ചൈനായുടെ മേൽ സ്വാധീനമോ അധികാരമോ ഉണ്ടെന്നു" വിചാരിക്കുന്നതു് തെററാണെന്നു്. ഈ നിഗമനത്തിനു് ഉപോദ്ബലകമായി ചൈനായുടെ ഉൾപ്രദേശങ്ങളിലെ വിടെയോവച്ചു് ഒരു റഷ്യാക്കാരനെ അറസ്റ്റു ചെയ്തതായ ഒരു കഥ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. "സോവിയററു് എംബസ്സി ചൈനീസ് വിദേശകാര്യാലയവുമായി ഒരു സോവിയററു പൗരന്റെ ഈ അറസ്റ്റു് സംബന്ധിച്ചു തുടർച്ചയായ അന്വേഷണം നടത്തിയിട്ടും യാതൊരറിവും അവിടെ നിന്നു നൽകിയില്ല. അവസാനം ഈ കാര്യത്തിൽ ഞാൻ വ്യക്തിപരമായി ഇടപെടണമെന്നു് എംബസ്സി എന്നോടാവശ്യപ്പെട്ടു. ഞാൻ ആ കാര്യത്തിൽ

പ്രവേശിക്കയും തുടർച്ചയായി നടത്തിയ എൻെറ നിവേദന ഫലമായി ഈ സോവിയററു് പൗരൻെറ മോചനം സാധിച്ചു കൊടുക്കയും ചെയ്തു.''

ചൈനായിൽ റഷ്യാക്കാരുടെ പെരുമാററങ്ങൾ ഏററവും ശ്രദ്ധാപൂർവമാണു് നടത്തുന്നതെന്നുള്ളതിനു് ഞങ്ങളുടെ ദ്വിഭാഷിയുടെ താഴെപ്പറയുന്ന സംഭാഷണം തന്നെ മതിയായ തെളിവാണു്. എൻെറ സതീർത്ഥ്യരിൽ ഒരാൾ ചാംഗിനോടു് ഇങ്ങനെ പറഞ്ഞു. ''ഇൻഡ്യാ ഒരു അർദ്ധ ഉപനിവേശരാജ്യമാണെന്നു നിങ്ങൾ കരുതുന്നു. ഞങ്ങൾ ഇപ്പോഴും ബ്രിട്ടീഷ് സ്വാധീനശക്തിയിൽ പെട്ടു കിടക്കുന്നതായി നിങ്ങൾ വിചാരിക്കുന്നു. ഞങ്ങൾ ചിന്തിക്കുന്നതു് നിങ്ങൾ റഷ്യയുടെ സ്വാധീന ശക്തിയിൽ വളരെയധികം പെട്ടുകിടക്കുന്നുവെന്നാണു്.''

ചാംഗിൻെറ മറുപടി വളരെ ക്ഷോഭത്തോടുകൂടിയായിരുന്നു. ''അതെ! ഞങ്ങൾക്കു സാങ്കേതികമായ ഉപദേശങ്ങൾക്കും സഹായങ്ങൾക്കും ഞങ്ങൾ റഷ്യയെ ആശ്രയിക്കുന്നു. ഞങ്ങൾ അതു ഒളിച്ചുവച്ചിട്ടില്ല. എന്നാൽ ഒരു ചൈനാക്കാരൻ റഷ്യാക്കാരൻെറ ഉത്തരവു് അനുസരിച്ചു് വായും പൊത്തിക്കിടക്കുന്നതെവിടെയെങ്കിലും കണ്ടോ?''

ഇല്ല. ഒരു റഷ്യാക്കാരൻ ചൈനാക്കാരനു് ഉത്തരവിടുന്നതു് ഞാൻ കണ്ടിട്ടില്ല. അതിനു് അവനാവശ്യമില്ല. അവൻെറ വൃത്തികെട്ട ജോലി ചെയ്യുവാൻ മാറുള്ളവരെ അവൻ കണ്ടുപിടിക്കയാണു്.

# ഭാഗം രണ്ടു്

---

## ഉൽപ്പാദിപ്പിക്കുക അല്ലെങ്കിൽ നശിക്കുക

# 1

# ഭൂനിയമപരിഷ്ക്കാരം

ഏതെങ്കിലും ഒററ സംഭവം പഴയ ചൈനായുടെ രൂപം മാററുവാനും ഫ്യൂഡൽ സ്വേച്ഛാധിപത്യത്തിൻ കീഴിൽ ഞെരുങ്ങി ശ്വാസം മുട്ടിക്കഴിഞ്ഞ ജനങ്ങൾക്കു് പുതിയ ജീവനും ഉന്മേഷവും നൽകുവാനും ഇടയാക്കിയെന്നു് പറയാമെങ്കിൽ അതു ഭൂനിയമപരിഷ്ക്കാരമാണു്. "ചൈനായുടെ ആത്യന്തികമായ വിജയം നാങ്കിംഗോ മറേറതെങ്കിലും വൻനഗരമോ, ആകർഷണ കേന്ദ്രമായി വർത്തിച്ചു സാധിക്കുന്ന ഒരു കാര്യമല്ലെന്നുള്ള പരമാർത്ഥം" ചിയാങ്ങ് കൈഷക്കും അംഗീകരിച്ചിരുന്നു. രാജ്യമാസകലമുള്ള ജനങ്ങളുടെ ഹൃദയശക്തിയാണു് അതിനു് അടിസ്ഥാനം. എന്നാൽ ചിയാങ്ങിൻെറ ശക്തി സാമന്തപ്രഭുക്കന്മാരായ വൻ ഭൂവുടമകളെയും നഗര 'കൊമ്പ്റദോർ' മാരേയും (വിദേശസ്ഥാപനങ്ങളിലെ നാട്ടുകാരായ ജീവനക്കാരുടെ ക്ഷേമാന്വേഷണാർത്ഥം നിയോഗിക്കപ്പെട്ടുന്ന ഉദ്യോഗസ്ഥന്മാർ) ആശ്രയിച്ചാണു് നിന്നിരുന്നതു്. യഥാർത്ഥ ചൈനാ അവിട്ടത്തെ ബഹുഭൂരിപക്ഷമായ ചെറുകിട കർഷകരാണു്. അവരുടെ വിശ്വാസം സമാർജ്ജിക്കുവാൻ ചിയാങ്ങിനു കഴിഞ്ഞിരുന്നില്ല. മാവോ സെ–തുംഗ് നേരെമറിച്ചു് മുഴുവനായി ആശ്രയിച്ചതു് ഈ ചെറുകിടകർഷകരെയാണു്. അദ്ദേഹം ഇങ്ങനെ എഴുതി. "പ്രതിരോധസമരം യഥാർത്ഥത്തിൽ കർഷകരുടെ സമരമാണു്. ഈ പ്രതിരോധസമരത്തിൽ ഞങ്ങൾ ഉപയോഗിക്കുന്നതെല്ലാം, ഞങ്ങൾ ആഹരിക്കുന്നതെല്ലാം തന്നെ കർഷകർ ഞങ്ങൾക്കു തന്നിട്ടുള്ളവയാണു്." മറെറാരിടത്തു് വീണ്ടും അദ്ദേഹം എഴുതി "ഗ്രാമങ്ങളും ഗ്രാമപ്രദേശങ്ങളും വൻ നഗരങ്ങളെയും, പട്ടണങ്ങളെയും തോല്പിച്ചു."

"ചൈനീസ്‌വിപ്ളവവും കമ്മ്യൂണിസവും" എന്ന പുസ്തകത്തിൽ ചൈനീസ് ജനതയുടെ സാമൂഹ്യഘടനയെപ്പററി ഇപ്രകാരം വിശകലനം നടത്തിയിട്ടുണ്ടു്.

"നമ്മുടെ സാമൂഹ്യഘടന ഇന്നു് അധിനിവേശപരവും, അർദ്ധഅധിനിവേശപരവു, അർദ്ധസാമന്തസമ്പ്രദായത്തിലുമുള്ളതാകയാൽ ചൈനീസ്‌വിപ്ളവത്തിൻെറ ഏററവും പ്രധാനമായ ശത്രുക്കൾ സാമ്രാജ്യവാദികളും ഫ്യൂഡൽശക്തികളുമാണു്. അതുകൊണ്ടു ചൈനായിലെ വിപ്ളവത്തിൻെറ പ്രകൃതരൂപം ഒരു തൊഴിലാളിസോഷ്യലിസ്റ്റ് വ്യവസ്ഥിതിയേയല്ല പ്രതിബിംബിപ്പിക്കുന്നതു്. അതൊരു ബൂർഷ്വാപ്രജായത്ത രീതിയാണു്.

.. രാഷ്ട്രീയമായി പറയുകയാണെങ്കിൽ അതു പല വിപ്ളവ വർഗ്ഗങ്ങൾ ഉൾപ്പെട്ട ഒന്നാണ്. അവ സംയോജിപ്പിച്ച സാമ്രാജ്യവാദികളുടെയും, രാജ്യദ്രോഹികളുടെയും, പിന്തിരിപ്പന്മാരുടെയും മേൽ ഒരു സ്വേച്ഛാധിപത്യം തന്നെ സ്ഥാപിക്കുകയും ഒരു ബൂർഷ്വാ സ്വേച്ഛാധിപത്യമായി ചൈനായിലെ സാമൂഹ്യസ്ഥിതി പരിവർത്തനം ചെയ്യുന്നതിനെ എതിർക്കുകയുമാണ് ചെയ്യുന്നതു്. സാമ്പത്തികമായി പറയുന്നപക്ഷം എല്ലാ വൻമുതലാളി താല്പര്യങ്ങളെയും, സാമ്രാജ്യവാദികളുടെയും രാജ്യദ്രോഹികളുടെയും. പിന്തിരിപ്പന്മാരുടെയും, വിപുലസംരംഭങ്ങളെയും, ദേശവൽക്കരിക്കുവാൻ ഈ വിപ്ളവം ശ്രമിക്കുകയാണ്. അവ ചെറുകർഷകരുടെ ഇടയിൽ വിതരണം ചെയ്യപ്പെടുന്നു. ഇടത്തരവും ചെറുതുമായ സ്വകാര്യവ്യവസായങ്ങളെ അതു പ്രോത്സാഹിപ്പിക്കുന്നു. ധനികരായ കർഷകരുടെ സാമ്പത്തികനിലയെ നശിപ്പിക്കുവാൻ ഈ വിപ്ളവം ശ്രമിക്കുന്നുമില്ല.

ഈ നില സാക്ഷാൽ വിശ്വാസ വിപരീതമാണ്. ഒരു മാർക്സിസവിശ്വാസി വിപ്ളവത്തിൻെറ ആയുധമായി ചെറുകിട കർഷകരെ പരിഗണിക്കുകയെന്നതു് ഒരു പുത്തരിയാണ്. എന്നാൽ, മാവോ സിദ്ധാന്തങ്ങളിലൊന്നുംകടിച്ചു തൂങ്ങിനിൽക്കുന്ന ആളല്ല. ചൈനായിലെ തൊഴിലാളികൾ എന്നു പറയുന്നവർ ഒരു ന്യൂനപക്ഷമാണെന്നു് മാവോ കണ്ടു. ഉള്ളവർതന്നെ വൻ നഗരങ്ങളിൽ താമസിക്കുന്നവരും, അവിടെയുള്ള വിദേശ വൻ തോക്കുകളുടെ പിടിയിൽ പെട്ടവരുമാണെന്നു് അദ്ദേഹം അറിഞ്ഞു. അധികാരം പിടിച്ചെടുക്കുന്നതിനു് മാവോയും ചിയാങ്ങും തമ്മിലുള്ള മത്സരത്തിൻെറ സാരമായ വശം കർഷകരുടെ വിശ്വാസം സമാർജ്ജിക്കുകയെന്നുള്ളതായിരുന്നു. അതിൽ മാവൊ വിജയിച്ചു. അതു സാധിച്ചതു് ഭൂനിയമ പരിഷ്ക്കാരം കൊണ്ടു് കർഷകരുടെ ഹൃദയങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിക്കു് സ്ഥിര പ്രതിഷ്ഠ നൽകികൊണ്ടാണ്.

ചൈനീസ് കർഷകൻെറ ദാരിദ്ര്യത്തെപ്പററി ഊഹിക്കാൻ പോലും വിഷമമാണ്. 41 കോടി ജനസംഖ്യയുള്ള കാർഷിക പ്രധാനമായ ഒരു ജനതയിൽ പത്തിലൊന്നു് ആളുകൾ മാത്രം 60 മുതൽ 70 വരെ ശതാംശം ഭൂമിയുടെ ഉടമസ്ഥരാണ്. പിന്നെയുള്ളതിൽ 60 ശതമാനം ആളുകൾ ദരിദ്രരായ കർഷകരാണ്. അവർ ഭൂഉടമകളല്ലാത്ത കർഷകത്തൊഴിലാളികൾ മാത്രമാണ്. അവക്കു് സ്വന്തമായി ഭൂമി ഇല്ലെന്നു തന്നെ പറയാം. ഒന്നുകിൽ അവർ കൃഷിഭൂമിയിൽ അടിമവേല ചെയ്യുന്നവരാണ്. അല്ലെങ്കിൽ വളരെ ദുർവഹമായ പാട്ടത്തിനു് ചെറിയ തുണ്ടു് ഭൂമികൾ പാട്ടത്തിനെടുത്തു് കൃഷി ചെയ്തു ദയനീയമായ വിധത്തിൽ കാലക്ഷേപം നടത്തുന്നവരാണ്. വിളവിൻെറ 50

മുതൽ 70 ശതമാനം വരെ ജന്മിമാക്ക് അവർ പാട്ടം കൊടുത്തു വരുന്നതായി ശരാശരി കണക്ക് എടുത്തിട്ടുണ്ട്. ചില സമയങ്ങളിൽ വിളവു മുഴുവൻ തന്നെ പാട്ടമായി എടുത്തു കൊണ്ടുപോകുന്ന പതിവുമുള്ളതായി പറയപ്പെടുന്നു. പട്ടിണിയുടെ തോതിലുള്ള ജീവിതമാണ് അവർ നയിക്കുന്നതു്; അതുകൊണ്ട് ദീനങ്ങൾക്കും സാംക്രമിക രോഗങ്ങൾക്കും അവർ വേഗം വിധേയരാകുന്നു. കൊള്ള ചെയ്യുന്നതിനു് ഒരു സംഘത്തലവനോ, യുദ്ധക്കുതുകിയായ ഒരു ഇടപ്രഭുവോ വിളിച്ചാൽ അവരുടെ കൂടെ ചേരുന്നതിനു് എത്ര ആളെ വേണമെങ്കിലും കിട്ടുന്ന ഒരു ദുഃസ്ഥിതിയാണിതു്. അങ്ങിനെ ജീവിതത്തിനും മരണത്തിനും ഇടക്കു കഴിച്ചു കൂട്ടുന്ന ഒരു ജനതക്കു്, ഭൂമിയില്ലാത്തവർക്കു് വൻ ഭൂഉടമകളുടെ ഭൂമിപിടിച്ചെടുത്തു് വിതരണം ചെയ്യുന്ന ഭൂനിയമ പരിഷ്കാരം വരുത്തിയാൽ എത്രമാത്രം ശക്തമായ വികാരാവേശമാണുണ്ടാകുകയെന്നതു് നിഷ്പ്രയാസം മനസ്സിലാക്കാൻകഴിയും.

കർഷകനോടു മാവോ ചെയ്തിരുന്ന വാഗ്ദാനം അദ്ദേഹം നിറവേററുകതന്നെ ചെയ്തു. ഇന്നുവരെ ഏകദേശം 31 കോടി ജനങ്ങൾ വസിക്കുന്നയിടത്തെല്ലാം ഭൂനിയമപരിഷ്ക്കാരം നടപ്പാക്കിക്കഴിഞ്ഞു. ബാക്കിയും ഉടനെ ചെയ്തുതീക്കുന്നതാണ്.

1950 ജൂൺമാസത്തിൽ നടന്ന ചൈനീസ് പീപ്പിൾസ് കോൺസൽറേററീവ് കോൺഫറൻസിൻെറ നാഷനൽ കമ്മിററിയിലേക്കു് ലിയു ഷാവൊ–ചി സമർപ്പിച്ച റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. "ഭൂനിയമപരിഷ്ക്കാരത്തിൻെറ മർമ്മം ജന്മിവർഗ്ഗത്തിൻെറ ഭൂമി മുഴുവൻ കണ്ടുകെട്ടി ഭൂമിയില്ലാത്തവക്കോ, ഭൂദാരിദ്ര്യമുള്ളവക്കോ വിതരണം നടത്തുകയെന്നതാണ്; അങ്ങനെ ജന്മികളെന്നുള്ള വഗ്ഗമേ നിഷ്കാസനം ചെയ്യപ്പെടുന്നു. ഫ്യൂഡൽ സമ്പ്രദായത്തിലുള്ള ചൂഷണരീതിമാററി കർഷകരുടെ ഉടമയിലുള്ള ഭൂ വ്യവസ്ഥിതി സൃഷ്ടിക്കുകയാണ് ഇതുമൂലം ചെയ്തിരിക്കുന്നതു്.

കാർഷികനിയമാവലി അവകാശപ്പെടുന്നു, ഭൂനിയമപരിഷ്ക്കാരം നടപ്പിലാക്കിയതു് "ഗ്രാമത്തെ ഉൽപ്പാദനശക്തികൾ സ്വതന്ത്രമാക്കി കാർഷികവിഭവങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അങ്ങനെ നവീന ചൈനായുടെ വ്യവസായവൽക്കരണത്തിനു മാർഗ്ഗം തെളിക്കുവാനും" ആണെന്നു്. ഉൽപ്പാദനം പ്രധാന ഉദ്ദേശമായിരുന്നതുകൊണ്ട് കാർഷികനിയമം ധനികരായ കർഷകരെയോ, ഇടത്തരക്കാരെയോ സ്പർശിക്കുവാൻ ഉദ്യമിച്ചില്ല. മാവോ ഇങ്ങനെ പ്രഖ്യാപിച്ചിരുന്നു: "അധികമുള്ള ഭൂമിയും കർഷകധനികരുടെവസ്തുവകയും ഇനിയും നാം പിടിച്ചെടുക്കുവാൻ ഉദ്യമിച്ചുകൂടാ. നമ്മുടെ കർഷകധനികന്മാരുടെ സാമ്പത്തികസ്ഥിതി നിലനിറുത്തേണ്ടതു് നമ്മുടെ ആവശ്യമായിത്തീന്നി

രിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ഉൽപ്പാദനം പുനരുദ്ധരിക്കുന്നതിനെക്കാൾ അത്യാവശ്യമായ മററൊരു സംഗതി നമുക്കില്ല" ധനികരായ കർഷകർ എന്നു നിർവചിക്കപ്പെടുന്നതു് ഭൂമി ഉടമസ്ഥതയിലൊ, പാട്ടവ്യവസ്ഥയിലൊ കൈവശമുള്ളവരും ആ ഭൂമിയിൽ അവരും അവർ കൂലിക്കു നിയോഗിക്കുന്ന തൊഴിലാളികളും പണിയെടുക്കുന്നവരുമായ ആളുകളെയാണു്. ഇടത്തരക്കാരായ കർഷകർ കുറച്ചു ഭൂമിക്കു് ഉടമാവകാശമൊ, പാട്ടഅവകാശമൊ ഉള്ളവരാണു്. അവൻെറ സ്വന്തമായ വേലയേയും പ്രയത്നത്തേയും മാത്രമാണു് അവൻെറ കാലക്ഷേപത്തിനു് ആശ്രയിക്കുന്നതു്. സാമാന്യമായി പറയുന്നപക്ഷം ഇങ്ങനെയുള്ള കർഷകധനികരുടെയും ഇടത്തരക്കാരുടെയും ഭൂമി പിടിച്ചെടുത്തിട്ടില്ല.

അടിസ്ഥാനപരമായി ചൈന ജന്മിത്തം അവസാനിപ്പിച്ചു വലിയ ഭൂഉടമകളുടെയും, ക്ഷേത്രങ്ങളുടെയും, പള്ളികളുടെയും, പുണ്യസ്ഥാനങ്ങളുടെയും ഭൂമിയും ഉൽപ്പാദനമാർഗ്ഗങ്ങളും, വ്യവസായികളും വ്യാപാരികളുമായവരുടെ ഉടമസ്ഥതയിൽ കിട്ടുന്ന ഭൂമിയും കൈവശപ്പെടുത്തി, ഭൂമി ഇല്ലാത്തവരും, അല്പ ഭൂമിയുള്ളവരും, മററു് ഉൽപ്പാദനമാർഗ്ഗങ്ങൾ ഇല്ലാത്തവരുമായവർക്കു് അവ വിതരണംചെയ്തുകൊണ്ടാണു്. ചൈനായുടെ സാമ്പത്തിക പരിമിതികൾമൂലം കർഷകധനികരെയും, മുതലാളിവർഗ്ഗത്തെയും തങ്ങളുടെ സുഹൃത്തുക്കളായി പരിഗണിക്കുവാൻ കമ്യൂണിസ്റ്റുകാർ നിർബന്ധിതരായി. രാജ്യത്തെ ഉൽപ്പാദനം നിലനിറുത്തുവാൻ അവ രണ്ടും ആവശ്യമാണു്. എന്നാൽ പുതിയ ജനായത്ത ഭരണത്തിൻെറ സ്ഥാനത്തു് തൊഴിലാളിവർഗ്ഗത്തിൻെറ സ്വേച്ഛാധിപത്യം സ്ഥാപിച്ചുകഴിയുമ്പോൾ ഈ രണ്ടു കൂട്ടക്കും യാതൊരു സ്ഥാനവുമില്ലാത്ത ഭാവിയാണു് അവരെ തുറിച്ചുനോക്കുന്നതു്.

പുനർവിതരണ പരിപാടിയിൽ ചൈനായിലെ 24 കോടി ഏക്കർ കൃഷി ചെയ്യുന്ന ഭൂമിയിൽ പകുതിയും വീതിച്ചുകഴിഞ്ഞു. വ്യക്തിയെ കണക്കാക്കി വിതരണം നടത്തുന്നതുകൊണ്ടു് ഒരു കർഷകനു ലഭിക്കുന്ന ഭൂമി അവൻെറ കുടുംബത്തിലെ അംഗങ്ങളുടെ സംഖ്യയെ അനുസരിച്ചിരിക്കും. അവൻ താമസിക്കുന്ന പ്രദേശത്തിൻെറ ഭൂസ്ഥിതിയും വലിപ്പത്തിൻെറ കാര്യത്തിൽ പരിഗണിക്കപ്പെടും. ഓരോ കുടുംബത്തിനും ലഭിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം ഡിസ്ത്രിക്ടുതോറും അതുകൊണ്ടു് വ്യത്യസ്തപ്പെട്ടിരിക്കും. ഉത്തരഭാഗത്തും ദക്ഷിണപ്രദേശങ്ങളിലും അതു ഭിന്നമായിരിക്കുന്നതാണു്. മുക്ഡനു സമീപമുള്ള ഉത്തരപൂർവ്വപ്രദേശത്തു് ഒരാൾക്കു് 2.7 മൗ ഭൂമി കിട്ടും: പീക്കിംഗിനു് സമീപം ഒരാൾക്കു് 1.9 മൗ ആണു് ശരാശരി ആളോഹരി. ദക്ഷിണ പ്രദേശത്തു് അതു് 1.3 മൗ ആയി കുറഞ്ഞിട്ടുണ്ടു്. (6 മൗ കിട്ടുന്നതു് ഒരു ഏക്കർ ആണു്) ഇത്ര ചെറിയ തുണ്ടു ഭൂമികൾ ഭൂദാനം ശമിപ്പി

ക്കുന്നതിനു് പര്യാപ്തമായേക്കാം. എന്നാൽ അവ സാമ്പത്തിക ദൃഷ്ട്യാ അനാദായകരവും, കൂടുതൽ ഉൽപ്പാദനത്തിനും, തൊഴിൽ വർദ്ധനവിനും പ്രോത്സാഹനം നൽകാത്തതുമായിരിക്കും.

കർഷകൻെറ ദാരിദ്ര്യംമൂലം ചൈനായിൽ ദീർഘകാലമായി നിലവിലിരുന്നതു ചെറിയ ഉദ്യാനത്തോതിലുള്ള കൂട്ടംകൃഷിസമ്പ്രദായമാണു്. ഭൂനിയമപരിഷ്കാരംകൊണ്ടുമാത്രം ഉൽപ്പാദനം കാര്യമായവിധത്തിൽ വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുവാൻ ന്യായമില്ല. അതുകൊണ്ടു് ദരിദ്രനെ സഹായിക്കുവാൻ തക്കവണ്ണം അതുസംവിധാനം ചെയ്യപ്പെട്ടതായി വിചാരിച്ചുകൂടാ. വലിയ പാട്ടനിരക്കിൽ നിന്നും അവ പിരിച്ചെടുക്കുവാൻ ജന്മികൾ ഉപയോഗിക്കുന്ന മർദ്ദനപരമായ നടപടികളിൽനിന്നും ദരിദ്രകർഷകർക്കു് ആശ്വാസം ലഭിക്കുന്നുണ്ടെന്നേയുള്ളൂ. എന്നാൽ ഇതിൻെറ സ്ഥാനത്തു് വിളവിൻെറ 18 ശതമാനം അതതു് സാധനങ്ങളായിത്തന്നെ ഗവർമ്മെൻറിനു് നികുതിയിനത്തിൽ നൽകുന്നു. (ഈ നികുതിനിരക്കിനെപ്പററി സൂക്ഷ്മവിവരങ്ങൾ ലഭ്യമല്ലെന്നുള്ള സംഗതി ഞാൻ എടുത്തു പറയേണ്ടിയിരിക്കുന്നു. പീക്കിംഗിലും മററു സ്ഥലങ്ങളിലും 13ശതമാനംമാത്രമേ നികുതി നിരക്കുള്ളുവെന്നു് ഞാൻ കേട്ടു. എന്നാൽ കമ്യൂണിസ്റ്റ്നയത്തെപരിപൂർണ്ണമായി അനുകരിക്കുന്ന രണ്ടു് അമേരിക്കർ നടത്തുന്നചൈനാ പ്രതിമാസറിവ്യൂ എന്ന മാസികയിൽ ഈ നികുതിനിരക്കു് 27 ശതമാനമാണെന്നു പ്രസ്താവിച്ചുകാണുന്നു.) നിശ്ചിതമായ നികുതിനിരക്കു എന്തായിരുന്നാലും കുഗ്രാമങ്ങളിലെ കർഷകർ കൂടുതൽ സന്തോഷമുള്ളവരായും പണ്ടത്തേതിനേക്കാൾ നന്നായി ഭക്ഷണവും വസ്ത്രവും ലഭിക്കുന്നവരായും കാണപ്പെടുന്നുണ്ടു്. അതുകൊണ്ടു് മുമ്പു ഉൽപാദനത്തിൻെറ അംശം അവനു കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതൽ ഇപ്പോൾ കിട്ടുന്നുണ്ടെന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു.

ദാരിദ്ര്യത്തിൻെറ പ്രശ്നം അവസാനമായി പരിഹരിക്കണമെങ്കിൽ കാർഷിക വിഭവങ്ങളുടെ ഉൽപാദനം വളരെ വർദ്ധിപ്പിക്കാതെയും, നവീന ചൈനായുടെ വ്യവസായവൽക്കരണം സാധിക്കാതെയും, രാജ്യമാസകലം ജീവിതനിലവാരം ഉയർത്താതെയും, ചൈനാ സോഷ്യലിസത്തിലേയ്ക്കു പ്രയാണം ചെയ്യാതെയും സാദ്ധ്യമല്ലെന്നു കമ്യൂണിസ്റ്റുകാർ സമ്മതിക്കുന്നു. പുതിയ വളങ്ങളും, യാന്ത്രികമായ കൃഷി ആയുധങ്ങളും ഉപയോഗിക്കാതെ കാർഷികോല്പാദനം അസാദ്ധ്യമാണു്. എന്നാൽ കർഷകത്തൊഴിലാളിയെ ഇപ്പോൾ ഒരു ചെറു തുണ്ടു ഭൂമിയുടെ ഉടമസ്ഥനാക്കി മാററിയതുകൊണ്ടു് ആ തരത്തിലുള്ള കൃഷിക്കു ആവശ്യമായ സാമ്പത്തിക കഴിവോ, ഉപകരണങ്ങളോ ലഭിക്കുകയില്ല. അങ്ങനെയുള്ള കൂട്ടംകൃഷി സാദ്ധ്യമാകണമെങ്കിൽ ചെറിയ കൃഷി സ്ഥലങ്ങൾ സംയോജിപ്പിച്ചു വിസ്തൃതമായ

കാർഷികത്തോട്ടങ്ങളായി സഹകരണസംഘങ്ങൾ വഴിയായോ, കൂട്ടകൃഷിമാർഗ്ഗമായോ മാറേറണ്ടിയിരിക്കുന്നു. എന്നാൽ കർഷകനു ഭൂമിയോട്ട് ഇത്രയധികം പ്രതിപത്തിയുള്ള ഒരു രാജ്യത്തു് ഈ മാർഗ്ഗങ്ങൾ അത്ര സുസാദ്ധ്യമാണോ?

ചൈനായിലെ സാമൂഹ്യജീവിതത്തിൽ വരുത്തിയിരിക്കുന്ന ഫലങ്ങൾ പരിഗണിച്ചാൽ ഭൂനിയമപരിഷ്ക്കാരത്തിൻെറ രാഷ്ട്രീയ പരിണാമങ്ങൾ വിദൂരഫലദായകമാണെന്നു പറയാം. ഈ പരിഷ്ക്കാരത്തിനു വിനിയോഗിച്ച സാങ്കേതിക വിദ്യകൾ കർഷകനു ഗ്രാമത്തിലുണ്ടായിരുന്ന അവൻെറ ഭരണാധിപന്മാരുടെ നേരെ അനാസ്ഥമായിക്കഴിഞ്ഞ നിലയിൽനിന്നു് തുറന്ന എതിർപ്പിനും നിയമലംഘനത്തിനും അവനെ സന്നദ്ധമാക്കുന്ന രീതിയിലായിരുന്നു. "ആരോപണം" "അവഹേളനപൂർവമായ സംസാരം" "സമരയോഗങ്ങൾ" എന്നിവയിൽ കൂടെ ഭൂനിയമപരിഷ്ക്കാരത്തിനു പ്രത്യേകം പരിശീലനം നൽകിയ സംഘങ്ങൾ കർഷകർ പുരാതനമായി അടിച്ചമർത്തി വച്ചിരുന്ന അവരുടെ വികാരങ്ങൾ പുറത്തേക്കു് ഒഴുക്കിവിടുകയാണു്. അവരുടെ ജന്മിമാരെ അവർ അധിക്ഷേപിച്ചു. ജന്മിമാരുടെ ദേവന്മാരെ അവർ വെല്ലുവിളിച്ചു. അവരുടെ ദുർവിധിയെ മൂകമായി സഹിക്കയല്ലാതെ ഗത്യന്തരമില്ലെന്നു വിശ്വസിക്കാൻ പഠിപ്പിച്ച ജന്മിമാരെ തന്നെ അവർ അവഹേളിച്ചു. ഈ പ്രവർത്തനപരിപാടിയിൽ രക്തപ്പുഴകൾ തന്നെ നിർമ്മിക്കപ്പെട്ടു. ഈ രോഷത്തിൽ നിന്നു ചുരുക്കം ചില ഭൂഉടമകൾ, അവർ വളരെ നിഷ്ഠൂരമർദ്ദനങ്ങൾ ചെയ്തിട്ടില്ലെന്നകാരണത്താൽ രക്ഷപ്രാപിച്ചിട്ടുണ്ടു്. അങ്ങനെ രക്ഷപ്പെട്ടവർക്കു് ഭൂമിയില്ലാതിരുന്ന തൊഴിലാളികൾ കൊടുത്ത അത്രയും ഭൂമി നൽകി. വേല ചെയ്തു് അവർ നന്നാകുവാനത്രേ ഇത്രയും ഭൂമി അവർക്കു നൽകിയതു്. രാജ്യമാസകലം കർഷകസംഘങ്ങൾ സംഘടിപ്പിച്ചു് അവയിൽകൂടെ രാജ്യത്തെ ഭരണാധികാരം മുമ്പൊരിക്കലും ചൈനായുടെ ചരിത്രത്തിൽ സാധിച്ചിട്ടില്ലാത്ത വിധത്തിൽ പീക്കിംഗിൽ കേന്ദ്രീകരിക്കാൻഗവർമെൻറിനു സാധിച്ചു. കർഷകൻ ദീർഘനാളുകൾ സ്വപ്നം കണ്ടിരുന്ന കാര്യംസാധിച്ചതോടുകൂടി കമ്മ്യൂണിസ്റ്റുപാർട്ടിയെ വിശ്വസിച്ചും ആശ്രയിച്ചും അവൻ കഴിയുകയാണു്. പാർട്ടിയുടെ ഏതു് അഭിലാഷവും സാധിച്ചുകൊടുക്കാൻ അവൻ സന്നദ്ധനാണു്.

ഭൂനിയമ പരിഷ്ക്കാരത്തിൻെറ ഉദ്ദേശം ഉൽപാദനം വർദ്ധിപ്പിക്കുന്ന വിധത്തിൽ കൃഷിസമ്പ്രദായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളതായിരുന്നു. അങ്ങനെ വ്യവസായവൽക്കരണത്തിനും, ജനലക്ഷങ്ങളുടെ ജീവിതത്തോതു് ഉയർത്തുവാനുംമാർഗ്ഗം തെളിയിക്കണം. ഈ ലക്ഷ്യം സാധിക്കുന്നുണ്ടെന്നു കാണിക്കാൻ തുടർച്ചയായി ഗവർമെൻറു് ഉൽപാദന വർദ്ധനവു് അവകാശ

പ്പെടാറുണ്ട്. കൃഷിസാധനങ്ങൾ കൂടുതൽ ഉൽപ്പാദിപ്പിച്ചു വേണം വ്യവസായത്തിനു ആവശ്യമുള്ള പണം ഉണ്ടാക്കാൻ. ഗവർമെൻറു ഉൽപ്പാദനവർദ്ധനവിനെ സാധൂകരിച്ചുള്ള കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. എന്നാൻ പ്രസ്തുത കണക്കുകൾ മുമ്പുണ്ടായിരുന്ന ഉൽപ്പാദനത്തിൻെറ ഇത്ര ശതമാനം കൂടിയെന്നുള്ള ഒരു താരതമ്യവിശദീകരണം മാത്രമാണ്. അതിനാൽ എന്തുമാത്രം ഉൽപ്പാദനം യഥാർത്ഥത്തിൽ നടന്നു എന്നു കണക്കു കൂട്ടിയെടുക്കാൻ അസാദ്ധ്യമാണ്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാനുള്ള ഭരണയന്ത്രം ഇല്ലാത്ത ഒരു രാജ്യത്തു്, കണക്കുകൾതരാനുള്ള ശ്രമം കേവലം ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ചൈനായെ സംബന്ധിച്ചു താദൃശസ്ഥിതിവിവരങ്ങൾക്കു് ഒരു രാഷ്ട്രീയോദ്ദേശം കൂടെയുണ്ട്. ഗവർമെൻറിൽ കൂടെ മാത്രമേ പുരോഗമനം സാദ്ധ്യമാകുയെന്നു് ജനങ്ങൾക്കു തെളിയിച്ചു കൊടുക്കാൻ കൂടെ ഈ സ്ഥിതിവിവരക്കണക്കുകളുടെ പ്രസിദ്ധീകരണം ഉപകരിക്കണം. ഒരു ഇൻഡ്യാക്കാരൻ എന്നുള്ള നിലയ്ക്കു് ഈ കണക്കുകളിൽ എനിക്കു പ്രത്യേക താൽപ്പര്യമുണ്ടായിരുന്നു. ഏഷ്യൻ രാജ്യങ്ങളിലെ പട്ടിണിക്കാരായ ജനലക്ഷങ്ങൾക്കുള്ള രക്ഷാമാർഗ്ഗം കമ്മ്യൂണിസ്റ്റ്രീതി സ്വീകരിക്കുകയാണെന്നുള്ള വാദവും ഈ കണക്കു പ്രസിദ്ധീകരണംകൊണ്ടു് സമർത്ഥിക്കുന്നതിനാലായിരുന്നു എനിക്കു താൽപ്പര്യം തോന്നിയതു്.

പീക്കിംഗിലെ മേയർ പെംഗ് ചെൻ ചൈനായിലെ ത്രിമൂർത്തികളിൽ മാവോയും ചൂടേയും കഴിഞ്ഞുള്ള് മൂന്നാംസ്ഥാനാർഹനായ പാർട്ടിയുടെ ശിക്ഷണാധികാരം വഹിക്കുന്ന ജിതേന്ദ്രിയനായിരുന്നു. മുഖക്ഷൗരം ഭംഗിയായി നടത്തുന്നതിൽ അദ്ദേഹം നിഷ്കർഷയായി ശ്രദ്ധിക്കും. നല്ല തടിച്ചു് ഉറച്ച ശരീരം. സംസാരത്തിൽ ആത്മസംയമന നിഷ്ഠ പാലിക്കുന്ന സ്റ്റോയിക്ക്തത്വജ്ഞാനിയുടെ ദൃഢസ്വരം പ്രകടമാണ്. മാർക്സിസത്തിലും ലെനിനിസത്തിലുമുള്ള പരിപൂർണ്ണ വിശ്വാസവും ഭക്തിയും അദ്ദേഹത്തിൻെറ ഓരോ വാക്കിലും ദർശിക്കാം. പീക്കിംഗിലെ മേയർ എന്നുള്ള നിലയിൽ ചൈനീസ് ഗവർമെൻറിലെ മർമ്മപ്രധാനമായ ഒരു സ്ഥാനമാണ് അദ്ദേഹം വഹിക്കുന്നതു്. വിഷമകരമായ പല ജോലികൾ നിർവഹിക്കാനുള്ളപ്പോൾ അദ്ദേഹത്തെയാണു് പലപ്പോഴും നിയോഗിക്കാറുള്ളതു്. സംഘടനാപരമായ ശിക്ഷണസന്ദർഭങ്ങളും ആജ്ഞാശക്തി പ്രയോഗിക്കേണ്ട അവസരങ്ങളും വരുമ്പോൾ അദ്ദേഹമാണു് അതിനു് നിയോഗിക്കപ്പെടുക. ഉത്തരചൈനായിലെ ഭൂനിയമപരിഷ്ക്കാരം നടപ്പിൽ വരുത്താനുള്ള ചുമതല വഹിച്ചതു് പെംഗ്ചെൻ ആയിരുന്നു. 1952 ഫെബ്രുവരിയിൽ സാൻഫാൻ വുഫാൻ ശുദ്ധീകരണസംരംഭത്തിൻെറ നേതൃത്വം വഹിച്ചതും അദ്ദേഹമാ

യിരുന്നു. ഗവർമെൻറിലും, വ്യവസായങ്ങളിലുമുള്ള അഴിമതികൾ ദൂരീകരിക്കുന്ന പ്രയത്നമായിരുന്നു അതു്.

ചൈനാസന്ദർശിച്ച വിദേശസംഘങ്ങളോടു് അദ്ദേഹം ചെയ്ത അതി ഗംഭീരമായ ഒരു പ്രസംഗത്തിൽ ഭൂനിയമപരിഷ്ക്കാരം മൂലം ചൈനായിക്കു കയററുമതി ചെയ്യാൻ തക്കവിധത്തിൽ ഭക്ഷ്യോൽപാദനം വർദ്ധിച്ചിട്ടുണ്ടെന്നു് അവകാശപ്പെട്ടു: കഴിഞ്ഞ എഴുപത്തിമൂന്നു വർഷങ്ങളായി ചൈനാ ഭക്ഷ്യകാര്യത്തിൽ ഒരു കമ്മിപ്രദേശമായിരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പ്രഥമ വർഷത്തിൽ 14 ശതമാനവും ദ്വിതീയ വർഷത്തിൽ 8 ശതമാനവും ഉൽപാദനം വർദ്ധിച്ചു. 22 ശതമാനം ഉൽപാദനം വർദ്ധിച്ചപ്പോൾ കമ്മി രാജ്യമായിരുന്ന ചൈനാ ഭക്ഷ്യസാധനങ്ങൾ കയററുമതി ചെയ്യുന്ന ഒരു രാജ്യമായി മാററിയിരിക്കയുമുണ്ടു്.

പ്രകൃത്യാതന്നെ ഞാൻ ഒരു സംശയാലുവാണു്. ഒന്നിനെപ്പററിയും വലിയ തീക്ഷ്ണതയോ, അമിതോത്സാഹമൊ എനിക്കു തോന്നാറില്ല. എൻെറ സ്വന്ത നാട്ടിൽ ദാരിദ്ര്യം ഞാൻ കണ്ടറിഞ്ഞിട്ടുണ്ടു്. ചൈനായുടെ ഈ അവകാശവാദങ്ങൾ അപ്പടി സ്വീകരിക്കുവാൻ എനിക്കു് ആഗ്രഹം തോന്നി കാരണം ഏഷ്യയിലെ പട്ടിണിപ്പാവങ്ങൾ ആശയ്ക്കു മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നവയായിരുന്നു അവ. എന്നാൽ നാണ്യപ്പെരുപ്പനിയന്ത്രണത്തെപ്പററി നാൻഹാൻ- ചെൻ പറഞ്ഞപ്പോൾ പ്രസ്താവിച്ചതു ഞാൻ ഓർത്തു. നാണ്യപ്പെരുപ്പകാലത്തു് കാർഷികോൽപ്പാദനങ്ങൾ 30 ശതമാനം കുറഞ്ഞുപോയിയെന്നും ഇപ്പോൾ കറൻസിക്കു് ഒരു സ്ഥിരത നൽകിയിരിക്കുന്നതുകൊണ്ടു് ഉൽപ്പാദനത്തിൽ 22 ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതിൽ അസാധാരണത്വമൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു. പീപ്പിൾസ് ബാങ്കിൻെറ ഗവർണ്ണർ എന്നുള്ള നിലയിൽ യഥാർത്ഥവിവരങ്ങൾ അദ്ദേഹത്തിനു കൂടുതൽ അറിയാമായിരിക്കണം. അദ്ദേഹത്തിൻെറ 'അറിവനുസരിച്ചു 1951- ലെ ഉൽപ്പാദനം 1936-ലേതിൻെറ 92 ശതമാനമായിരുന്നു. 1936-ലെ ഉൽപ്പാദനം സാധാരണയുള്ളതിൽ വളരെ കൂടുതലായിരുന്നു. മഞ്ചൂറിയായിലെ കാർഷികവിഭവങ്ങളും ആ കണക്കിൽ ഉൾപ്പെട്ടുത്തിയിരുന്നു. 1936-ൽ ചൈനാഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്തിരുന്നില്ല. ഓരോ ഇനത്തിലുമുള്ള ഉല്പാദനത്തിൻെറ കണക്കു താഴെപ്പറയുന്ന പ്രകാരമാണു്.

| | | | | |
|---|---|---|---|---|
| നെല്ലു് | 1951-ൽ | 99.4— | 1936-ൽ | 100 |
| ഗോതമ്പു് | ,, | 85.5— | ,, | 100 |
| പഞ്ഞി | ,, | 133.0— | ,, | 100 |
| പുകയില | ,, | 130.5— | ,, | 100 |
| ചണം | ,, | 227.1— | ,, | 100 |

ഈ കണക്കുകളിൽ നിന്നു ചൈനായിലെ ഭക്ഷ്യോല്പാദനം കയററുമതി ചെയ്യത്തക്കവണ്ണം ആവശ്യത്തിൽ കവിഞ്ഞു വർദ്ധിച്ചിരുന്നില്ലെന്നു് കാണാം. നേരെ മറിച്ച് 1936-നും 1951-നും ഇടയ്ക്കുള്ള ജനസംഖ്യാവർദ്ധനവു് കണക്കാക്കുന്ന പക്ഷം, ഭക്ഷ്യസാധനങ്ങളുടെ കുറവു് മുമ്പിലത്തെക്കാൾ ഗുരുതരമായിരിക്കണമെന്നു മനസ്സിലാക്കാം. അതുകൊണ്ടു് ചൈനാ ഭക്ഷ്യധാന്യങ്ങൾ കയററുമതി ചെയ്യുവാൻ സാധിക്കുന്നതെങ്ങനെയാണെന്നു് അത്ഭുതപ്പെട്ടുകയാണു്. 1951—ൽ 5 ലക്ഷം ടൺ നെല്ലും ചാമയും ചൈനാ ഇൻഡ്യയിലേക്കു കയററുമതി ചെയ്തു. 1952—ൽ അതു് ഒന്നര ലക്ഷം ടൺ ആയിരുന്നു. ഈ കയററുമതികൾ ചൈനായിൽ ഉപഭോക്താവിൻെറ ആവശ്യത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയ കാൽവയ്പാണെന്നു പരിഗണിക്കപ്പെടുന്നു. ചൈനായുടെ പല ഭാഗങ്ങളിലും ഭക്ഷ്യക്ഷാമം നടമാടുമ്പോൾ ചൈനാ ഇൻഡ്യയിലേക്കു ഭക്ഷ്യസാധനങ്ങൾ കയററുമതി ചെയ്യുകയാണെന്നുള്ള പത്രവാർത്തകൾ ഹോങ്കോങ്ങിൽ പ്രചരിച്ചിരുന്നു.

യഥാർത്ഥ സ്ഥിതികൾ എന്തായിരുന്നാലും ഞാൻ സന്ദർശിച്ച അനവധി നഗരങ്ങളിൽ എല്ലാം ധാരാളം ഭക്ഷ്യധാന്യങ്ങൾ സുലഭമായിരുന്നുവെന്നു് എനിക്കു തോന്നി. റേഷനോ മററു ഭക്ഷ്യസാധന നിയന്ത്രണങ്ങളോ അവിടെയെങ്ങും കണ്ടില്ല. ഓരോ സ്ഥലത്തും ധാന്യങ്ങളുടെ വില വ്യത്യസ്തപ്പെട്ടിരുന്നു. എന്നാൽ ആ വ്യത്യാസങ്ങൾ ട്രാൻസ്പോർട്ടു് സംബന്ധിച്ച പരിമിതികളേയും പ്രാദേശികമായ സാമ്പത്തിക പര്യാപ്തത പാലിക്കാനുള്ള ശ്രമങ്ങളേയും കാരണമാക്കിയുള്ളതായിരുന്നു.

കയററുമതി ചെയ്ത ധാന്യങ്ങൾ ഗവർമെൻറു നികുതിയായി പിരിച്ചെടുക്കുന്നതിൽ ചെലവുകഴിഞ്ഞു മിച്ചം വരുന്നതായിരുന്നു. ഭൂ നികുതി പിരിക്കുന്നതു് കൃഷിയുൽപാദനങ്ങളായിട്ടാണു്. ഈ സാധനങ്ങൾ കാർഷിക പ്രദേശങ്ങളിൽ നിന്നു മാറി സ്ഥിതിചെയ്യുന്ന നഗരങ്ങളുടെ ആവശ്യത്തിനാണുപയോഗിക്കുന്നതു്. ഉദാഹരണമായി 1950—ൽ ഗവർമെൻറു് എട്ടു കോടി ആളുകൾക്കു ഭക്ഷ്യധാന്യങ്ങൾ നൽകേണ്ടഭാരം വഹിക്കേണ്ടിവന്നു. 1949-ൽ 2 കോടി ഏക്കർ പ്രദേശം ക്ഷാമബാധിതമെന്നു് കണക്കാക്കിയിരുന്നതു് 1952—ൽ 70 ലക്ഷമായി കുറച്ചതുകൊണ്ടു് ഗവർമെൻറിൻെറ ഭാരം വളരെ കുറയ്ക്കുവാൻ കഴിഞ്ഞു: ഭക്ഷ്യ സാധനങ്ങളുടെ ഉപയോഗത്തിൽ പിശുക്കും നിയന്ത്രണങ്ങളും പാഴ്ചെലവുകളുടെ കർശനമായ നിരോധനങ്ങളുംമൂലം ഭക്ഷ്യനില ഗണ്യമായി അഭിവൃദ്ധിപ്പെട്ടു. ഗവർമെൻറിൻെറ ബാദ്ധ്യതകൾ എല്ലാം നിർവഹിച്ചശേഷം ബാക്കിയുള്ളതു് കയററുമതി ചെയ്തു.

ഒരു കാർഷിക ഗ്രാമം ഞാൻ സന്ദർശിച്ചതിൽ നിന്നു് ഒരു കാര്യം എനിക്കു ബോദ്ധ്യമുണ്ടു്. കാർഷിക ഉൽപാദനം അവിടെ വർദ്ധിക്കുവാനുള്ള മുഖ്യ കാരണം ഇപ്പോൾ ചൈനായിൽ നിലവിലിരിക്കുന്ന രാഷ്ട്രീയമായ പ്രശാന്ത നിലയാണെന്നാണു് എനിക്കറിയാൻ കഴിഞ്ഞതു്. സമാധാനവും ക്രമവും അവിടെയുണ്ടു്. കൊള്ളക്കാരും യുദ്ധകുതുകികളായ ഇടപ്രഭുക്കന്മാരുടെ സായുധഭടന്മാരും ഗ്രാമപ്രദേശങ്ങളെ ആക്രമിക്കുന്നില്ല. രഹസ്യ സംഘടനകൾ അവിടെയൊരു ഭീഷണിയായി തുടരുന്നില്ല. കർഷകനു് കൊലപാതകമോ ബലാൽ സംഗമോ സംബന്ധിച്ചുണ്ടായിരുന്ന ഭീതി മാറി. അതുകൊണ്ടു് അവനു് നിർബാധമായി ജോലി ചെയ്യാം. അവൻെറ സ്വന്തമെന്നു് കരുതാവുന്ന സാധനങ്ങൾ അവനു കൂടുതലായുണ്ടു്. കാരണം അവൻ തൊഴിൽ ചെയ്തുണ്ടാക്കുന്ന ഉൽപാദനങ്ങളുടെ കുറഞ്ഞ ഒരു ഓഹരിമാത്രമേ ഗവർമെൻറു വസൂലാക്കുന്നുള്ളു. കഴിഞ്ഞ കാലത്തേക്കാൾ കുറച്ചുകൂടെ വസ്ത്രങ്ങൾ അവനു് ധരിക്കുവാൻ ലഭിക്കുന്നു. അവൻെറ തീററിക്കുള്ള ഭക്ഷ്യസാധനങ്ങൾ മുമ്പിലത്തേക്കാൾ കൂടുതൽ അവനുണ്ടു്. അവൻ അതുകൊണ്ടു് സംതൃപ്തനാണു്.

ഒരിക്കൽ അവൻ ആരാധിക്കയും ഭയപ്പെടുകയും ചെയ്ത ദേവന്മാരെ അവൻ ഇപ്പോൾ ഭയപ്പെടുന്നില്ല, ദരിദ്രനായി തുടരണമെന്നുള്ളതു് മാററുവാൻ കഴിയാത്ത ഒരു ദുർവിധിയായി അവൻ കരുതുന്നില്ല. ശതാബ്ദങ്ങളായി ബുദ്ധൻ അവനു നിഷേധിച്ചതു് അവൻെറ പ്രയത്നങ്ങൾ അവനു സമ്പാദിച്ചുകൊടുത്തിരിക്കുന്നു. പഴയ ക്ഷേത്രങ്ങളും ബിംബങ്ങളും പരിത്യജിക്കപ്പെട്ടിരിക്കുന്നു. അവയുടെ സ്ഥാനത്തു് കമ്മ്യൂണിസ്റ്റുപാർട്ടിയോടുള്ള ഭക്തി കുടികൊള്ളുന്നു. അവനു് പുതുജീവൻ നൽകി ജീവിതത്തിൽ പ്രത്യാശ ഉദിപ്പിച്ചതു് ആ പാർട്ടിയാണു്. ഈ നേട്ടം സമ്പാദിക്കുവാൻ സാക്ഷാൽ ഉള്ള പ്രവൃത്തികളിൽ കൂടുതൽ പ്രയത്നങ്ങളൊന്നും വേണ്ടിവന്നില്ല. ഭൂപരിഷ്കാരത്തിൻെറ പ്രയോജനങ്ങൾ അവൻ കണ്ണുകൊണ്ടു് കണ്ടറിഞ്ഞു. അവൻ ചെന്നു് ക്ഷേത്രങ്ങളിൽ കുടിയിരുന്ന വിഗ്രഹങ്ങളെ എടുത്തു മാററി. ക്ഷേത്രങ്ങൾ സ്കൂളുകളായും സാമൂഹ്യ പ്രവർത്തന കേന്ദ്രങ്ങളായും അവൻ രൂപാന്തരപ്പെടുത്തി

വസ്തുവകകൾ സംബന്ധിച്ച പുതിയ ക്രമവും ബന്ധവും ചൈനായിൽ വരുത്തിയ വിപ്ലവകരമായ പരിവർത്തനം ഒരുത്തനു കാണുവാൻ കഴിയും. കൽക്കരി ഖനികൾ ഉള്ള താത്തുംഗ് നഗരത്തിൽ സ്ഥിതിചെയ്ത ഒരു പഴയ ക്ഷേത്രത്തിൽ ഞാൻ ചെന്നു. വളരെ പുരാതനമായ ഒരു കെട്ടിടമായിരുന്നു അതു്. വർണ്ണങ്ങളും ഗിൽററുപണികളും കൊണ്ടു് അലംകൃതമായ സാധാരണ ചൈനീസ് ക്ഷേത്രങ്ങൾപോലെ ഇതും അലങ്കരിക്കപ്പെട്ടിരുന്നു, ഇവി

ടെയുള്ള സന്യാസിമഠത്തിൽ താമസിച്ചിരുന്ന പുരോഹിതന്മാർ എണ്ണത്തിൽ ചുരുക്കമായിരുന്നു. എല്ലാ കർമ്മങ്ങളും അവരാണു് നിർവഹിച്ചിരുന്നതു്. ഈ പുരോഹിതന്മാർ എന്നോടു പറഞ്ഞു ആരും അവിടെ ഇപ്പോൾ ആരാധനയ്ക്കു ചെല്ലുക പതിവില്ലെന്നു. അവരുടെ നിത്യവൃത്തി കഴിച്ചുപോന്നതു് മഠം വകയായി അനുവദിച്ചിരുന്ന ചെറിയ പറമ്പിൽ വേലചെയ്തും ഗവർമെൻറു് അവർക്കു കൊടുത്തുകൊണ്ടിരുന്ന വേതനം കൊണ്ടുമാണു്. മററു പല ക്ഷേത്രങ്ങളും അന്യ ഉപയോഗങ്ങൾക്കായി മാററിയിരുന്നു. താത്തുംഗിലെ ക്ഷേത്രം പതിനൊന്നാം ശതാബ്ദം മുതലുള്ള ഒരു ചരിത്ര സ്മാരകവസ്തുവായിരുന്നതു കൊണ്ടു് അതു് അങ്ങനെ തന്നെ തുടരുവാൻ അനുവദിക്കയാണു് ചെയ്തതു്.

താത്തുംഗ് ക്ഷേത്രത്തിൽ സുഗന്ധധൂപത്തിനു് കത്തിച്ചിരുന്ന കോലുകളുടെ പല അവശിഷ്ടങ്ങൾ ധൂപക്കുററിയിൽ കിടക്കുന്നതു് ഞങ്ങൾക്കു കാണാമായിരുന്നു. ശ്രീബുദ്ധനെ ആരാധിക്കുന്നതു് ഇപ്പോഴും അനുവദിക്കപ്പെട്ടിരുന്നതു് ഞങ്ങളെ അത്ഭുതപ്പെടുത്തി. ഒരു സന്യാസിയോടു ഞങ്ങൾ ചോദിച്ചു, വളരെപ്പേർ ക്ഷേത്രത്തിൽ വരാറുണ്ടോയെന്നു്. അദ്ദേഹം അല്പം ശങ്കാധീനമായ സ്വരത്തിൽ മറുപടി പറഞ്ഞതു് പ്രാത്ഥനകൾ നടത്തുവാൻ വളരെ കുറച്ചുപേർ മാത്രമേ വരിക പതിവുള്ളുവെന്നും, മററുള്ളവർ വരാത്തതു് ഭയം മൂലമാണെന്നുമാണു്. പെട്ടെന്നു് ഞങ്ങളുടെ ദ്വിഭാഷി ഞങ്ങളുടെ സമീപത്തേയ്ക്കു വരുന്നതു് അയാൾ കണ്ടു. ഇതുവരെ ഞങ്ങളുടെ സംഭാഷണം വിവത്തനം ചെയ്തിരുന്നതു് ഞങ്ങളുടെ കൂടെത്തന്നെയുണ്ടായിരുന്നവരിൽ ചൈനീസ്ഭാഷ അല്പം വശമുള്ള ആളായിരുന്നു. സന്യാസിയുടെ കഥകൾക്കെല്ലാം ഒരു മാററം സംഭവിച്ചു. അയാൾ പറഞ്ഞു, ഒററ ഒരുത്തൻപോലും ക്ഷേത്രാരാധനയ്ക്കു വരികപതിവില്ലെന്നും, ധൂപം കത്തിക്കുന്നിടത്തു കണ്ട ചെറിയ കോലുകളെല്ലാം അയാളുടെ പ്രാർത്ഥനകൾക്കു ഉപയോഗിച്ചതായിരുന്നുവെന്നും.

ഭൂഉടമാപ്രഭുത്വം മാറിയതിനോടുകൂടെ പഴയ പല പാരമ്പര്യങ്ങൾക്കും മാററം സംഭവിച്ചു. മാതാപിതാക്കന്മാരോടു് കുട്ടികൾക്കുണ്ടായിരുന്ന അനുസരണവും, സ്ത്രീകളുടെ മേൽ പുരുഷന്മാക്കുണ്ടായിരുന്ന അധികാരകർത്തൃത്വവും ഇപ്പോൾ കാണാനില്ല. മററുള്ളടത്തെല്ലാം മററു കാരണങ്ങളായിരിക്കാം കുടുംബബന്ധശിഥിലീകരണത്തിനു് നിദാനമായിരുന്നതു്. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ ഈ കുടുംബശൃംഖലയുടെ കണ്ണികൾ പൊട്ടിച്ചതു് ഭൂനിയമപരിഷ്കാരമാണു്. സാഹിത്യവിഷയങ്ങൾ പഠിക്കുന്നതിനും മററും സ്ത്രീകൾ ക്ലാസ്സുകളിൽ പോകുകയും, കുട്ടികളെപ്പോലെ അവരുടെ അറിവു് മററുള്ളവക്കു കാണിച്ചു കൊടുക്കുവാനുള്ള കൗതുകം

പ്രദർശിപ്പിക്കയും ചെയ്യുവരുന്നു. സന്ദർശകരായ ഞങ്ങളുടെ ചുററും എത്തിക്കൂടിയ ജനക്കൂട്ടത്തിനിടയിൽ സ്ത്രീകൾ തങ്ങളുടെ നേട്ടങ്ങളെപ്പററി പറഞ്ഞുകേൾപ്പിക്കാൻ ഉത്സാഹംകൊള്ളുന്നതു കണ്ടു. വളരെ പഴയ ഒരു ചൊല്ലുണ്ടു്. "ഒരു ദരിദ്രനു് സംസാരിക്കുവാൻ അവകാശമില്ല" എന്നാണതു്. എന്നാൽ നവീന ചൈനാ ദൃഷ്ടികൾ ഉയർത്തി നോക്കുകയും സംസാരിക്കുകയും ചെയ്തു പോരുന്നു. ഉൽപാദനം വർദ്ധിച്ചുവെന്നും, അഭിവൃദ്ധി കാണാൻ തുടങ്ങിയെന്നുമുള്ള അവകാശവാദങ്ങളെക്കാൾ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണിതു്. "ഉല്പാദനം ഗ്രാമപ്രദേശങ്ങളിൽ പുനരുദ്ധരിക്കുന്ന" കാര്യമേ മാവൊ പറഞ്ഞുള്ളു. എന്നാൽ കാർഷിക നിയമപരിഷ്കാരത്തിൻെറ ലക്ഷ്യം വ്യവസായവൽക്കരണത്തിനു് വഴിതെളിക്കുന്നതിനുവേണ്ടി കാർഷികോല്പാദനം വർദ്ധിപ്പിക്കണമെന്നായിരുന്നു അവകാശപ്പെട്ടിരുന്നതു്. ചൈനാക്കാർ നൽകിയ കണക്കുകൾ ആസ്പദമാക്കിക്കൊണ്ടുതന്നെ, ചൈനായുടെ വ്യവസായവൽക്കരണത്തിനു സഹായിക്കത്തക്കവിധത്തിൽ ദേശീയ മിച്ചം കൈവരുത്തുവാൻ കാർഷികോൽപ്പാദനം ആവശ്യത്തിലധികമായി വർദ്ധിച്ചിട്ടില്ലെന്നു് കാണിക്കുവാൻ ഞാൻ ശ്രമിക്കയായിരുന്നു. ഭൂപരിഷ്കാരം രാഷ്ട്രീയമായുംവിപ്ളവകരവുമായുള്ള ഒരു ശക്തിയെന്നല്ലാതെ സാമ്പത്തികമായ ഒരു മാററമാണു് അതു വരുത്തിയതെന്നു കണക്കാക്കാൻ സാദ്ധ്യമല്ല. സഹകരണാടിസ്ഥാനത്തിലുള്ള കൃഷി, പ്രത്യേകിച്ചു് കൃഷിസ്ഥലങ്ങൾ ചെറിയ ചെറിയ തുണ്ടുകളായിരിക്കുന്ന ദക്ഷിണ പ്രദേശങ്ങളിൽ വളരെ പരിമിത തോതിൽ മാത്രമേ നടപ്പായുള്ളു. ചെറിയ കർഷകൻെറ വ്യക്തിത്വബോധവും, ശതാബ്ദങ്ങളായി ഭൂമിയോടുള്ള അവൻെറ ദൃഢപ്രേമവും വൻതോതിലുള്ള കൃഷിപരിവർത്തനത്തിലേയ്ക്കുള്ള മാററം വളരെ മന്ദഗതിയിലും വൈഷമ്യം നിറഞ്ഞതുമാക്കാനേ ഇടയാക്കിയുള്ളു.

വർദ്ധിച്ചുവരുന്ന ചെറിയ ഭൂഉടമസമ്പ്രദായം ആപൽക്കരമാണെന്നു് ചൈനീസ് നേതാക്കന്മാക്കറിയാം. എന്നാൽ കർഷകൻതന്നെ യന്ത്രസഹായത്തോടുകൂടെ കൃഷി നടത്തുന്നതിൻെറ പ്രയോജനം മനസ്സിലാക്കുമെന്നും അങ്ങയെ കൂട്ടകൃഷിസമ്പ്രദായത്തിൻെറ ആവശ്യം അവനുതന്നെ ബോദ്ധ്യമാകുമെന്നും നേതാക്കന്മാർ പ്രതീക്ഷിച്ചു കഴിയുകയാണു്. പീപ്പിൾസ് ബാങ്കിലെ നാൻ ഹാൻ—ചെൻ വ്യവസായവൽക്കരണത്തിനു് ആവശ്യമായ മുതൽമുടക്കു് യന്ത്രസഹായത്തോടുകൂടിയുള്ള കൃഷിസമ്പ്രദായംമൂലം സാധിക്കുമെന്നു് വിശ്വസിക്കുന്ന ഒരാളാണു്. എന്നാൽ മുടക്കുമുതൽ ശേഖരിക്കത്തക്കവിധം കൃഷിഉല്പാദനത്തിൽനിന്നൊരു മിച്ചം ഇതുവരെ ഉണ്ടായിട്ടില്ല. ഇൻഡ്യയിലേക്കു കയററുമതി ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ എത്ര തുച്ഛമായ ഒരു തോതി

ലാണ്. അതുവച്ചുകൊണ്ട് കാർഷിക ഉൽപ്പാദനത്തിൽവരുന്ന മിച്ചത്തെപ്പററി ഒരു നിർണ്ണയം ചെയ്യുന്നതു് ഒട്ടും നീതികരിക്കത്തക്കതല്ല.

ഭൂപരിഷ്ക്കാരം സാമ്പത്തികമായ അതിൻെറ ഉദ്ദേശം നേടിയില്ലെങ്കിലും സാമൂഹ്യമായ ഒരു പരിവർത്തനം, കർഷകൻെറ പ്രാഥമികമായ ഒരു അഭിവാഞ്ഛ സാധിച്ചുകൊടുത്തു. അവൻെറ ആവശ്യങ്ങൾ എല്ലാം സാധിക്കുന്നതിനുള്ള വിഭവങ്ങൾ ഒന്നും ഇല്ലായിരിക്കാം. മുമ്പിലത്തേതിലേക്കാൾ അവൻെറ കഞ്ഞിക്കലം അല്പം കൂടെ മാത്രമേ വലുതായികാണുകയുള്ളു. എങ്കിലും ശതാബ്ദങ്ങളായി അവൻ സ്വപ്നം കണ്ടുകൊണ്ടിരുന്ന ഒരു കാര്യം സാധിച്ചു അതുകൊണ്ട് ചൈനായിലെ കർഷകർക്ക് ഒരു പുതിയ ചൈതന്യവും ആത്മവിശ്വാസവും ഉണ്ടായിട്ടുണ്ട്. അതാണ് മാവോയുടെ ഗവർമ്മെൻറിൻെറ പിന്നിൽ ആണിക്കല്ലായി നിൽക്കുന്ന ശക്തി.

ഒരു ഭരണാധികാരിക്കുണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട മൂന്നു ഗുണങ്ങൾ എന്തെന്നു പറയുവാൻ കൺഫ്യൂഷ്യസിനോട്ഒരിക്കൽ ആവശ്യപ്പെട്ടു. ആ മഹാമുനി ഇപ്രകാരം മറുപടി പറഞ്ഞു. “ഭക്ഷ്യകാര്യത്തിൽ പര്യാപ്തത, സൈനികമായ പര്യാപ്തത, ഭരണാധികാരിയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിൻെറ പര്യാപ്തത”.

ഇവയിൽ രണ്ടുകാര്യമേ സാദ്ധ്യമാവു എന്നു വന്നാൽ ഏതാണ് വിട്ടുകളയുന്നതെന്ന് അദ്ദേഹത്തോടു വീണ്ടും ചോദിച്ചു. “സൈനികശക്തി വിട്ടുകളയൂ” എന്നദ്ദേഹം മറുപടി നൽകി. വീണ്ടും അദ്ദേഹത്തോടു ചോദിച്ചു ഒന്നു മാത്രമേ കഴിയുയെങ്കിൽ അതേതായിരിക്കുമെന്ന്, കൺഫ്യൂഷ്യസ് പറഞ്ഞു. “ജനങ്ങൾ അവരുടെ ഭക്ഷണം നഷ്ടപ്പെടുത്തിക്കൊള്ളട്ടെ എന്നാലും ഭരണാധികാരിയിലുള്ള അവരുടെ വിശ്വാസം നഷ്ടപ്പെടാതിരിക്കട്ടെ”.

ചൈനായിലെ ജനങ്ങൾക്ക് ആ വിശ്വാസം ഉണ്ട്, ഇപ്പോഴത്തേക്കെങ്കിലും.

2

# ഗ്രാമങ്ങളുടെ പ്രദർശനം

ഭൂനയപരിഷ്ക്കാരം ഗ്രാമപ്രദേശത്തെ സാമ്പത്തികവ്യവസ്ഥിതിയിൽ രണ്ടു വിഭിന്നരൂപത്തിൽ വരുത്തിയ പുരോഗമനം കണ്ടു മനസ്സിലാക്കുവാൻ ഞാൻ രണ്ടു ഗ്രാമങ്ങൾ സന്ദർശിച്ചു. ഇവയിൽ ഒന്നു പീക്കിംഗിനു് സമീപവും, മറേറതു് ഉത്തര പൂർവ്വപ്രദേശത്തുള്ള മുക്ഡൻ നഗരത്തിനു് സമീപവുമായിരുന്നു. എൻെറ ഈ രണ്ടു സന്ദർശനങ്ങളിലും ഒരു വസ്തുത പ്രകടമായിരുന്നു. പുതിയ സാമ്പത്തികവ്യവസ്ഥിതിയുടെ പുരോഗതി പ്രദർശിപ്പിക്കുവാനുള്ള രണ്ടു പ്രദർശനഗ്രാമങ്ങളായിരുന്നു ഇവ. ആദ്യത്തേതിനു് ഏതാനും മൈൽ ദൂരം മാത്രമേ പീക്കിംഗിൽ നിന്നുണ്ടായിരുന്നുള്ളു; നഗരത്തിൽ സസ്യാദികൾ നൽകുന്ന ഒരു ഗ്രാമമായിരുന്നു അതു. വയലുകൾക്കു മദ്ധ്യേക്കൂടെ പോകുന്ന ഒരു പൊടിപിടിച്ച റോഡിൽക്കൂടെയാണു് ഞങ്ങൾ പോയതു്. ഞങ്ങളെ സ്വീകരിക്കുവാൻ ഗ്രാമവാസികളുടെ ഒരു വലിയ സംഘം തന്നെ അട്ടത്തുകൂടി. ഞങ്ങൾ വണ്ടിയിൽനിന്നു് ഇറങ്ങിയപ്പോൾ ഗ്രാമീണർ കൈകൊട്ടി. അതാണു് ചൈനാക്കാരുടെ സ്വാഗതാശംസ നൽകുന്നതിനുള്ള സാധാരണരീതി. അവർ ഞങ്ങളുടെ ചുററും വന്നു ഞങ്ങൾക്കു ഹസ്തദാനം ചെയ്തു. ഞങ്ങളെ കണ്ടതിലുള്ള അവരുടെ സന്തോഷം അവരുടെ പുഞ്ചിരികൾ വ്യക്തമാക്കി. ഞങ്ങൾക്കു നൽകിയ സ്വാഗതത്തിനു് മറുപടിയായി ഞങ്ങളും കൈകൊട്ടണമായിരുന്നു. പക്ഷെ ഞങ്ങൾക്കതു ചെയ്യുവാൻ അല്പം നാണം തോന്നിയതിനാലും, ആ ദേശീയമര്യാദ പഠിച്ചുതുടങ്ങാത്തതിനാലും ആ ചടങ്ങിൽ എന്തോ ഒരു അവലക്ഷണം തോന്നിയമാതിരി ഞങ്ങൾ ഒന്നും ചെയ്യാതെ നിന്നു. ഈ ജനക്കൂട്ടത്തിലെ പുരുഷന്മാർ നീലവസ്ത്രം ധരിച്ചിരുന്നു. സ്ത്രീകൾ അവരുടെ പഴയ പ്രിൻറ്ചെയ്ത പഞ്ഞിനൂൽ വസ്ത്രങ്ങൾ തന്നെ ധരിക്കുന്നതിൽ നിർബന്ധം കാണിച്ചു. "യുവമുന്നോടികൾ" എന്നു വിളിക്കപ്പെടുന്ന പുതിയ കമ്യൂണിസ്റ്റു ചെറുപ്പക്കാർ ധരിക്കാറുള്ള ചുവന്ന കണ്ഠവസ്ത്രം കുഞ്ഞുങ്ങൾ കഴുത്തിനു് ചുററിയിരുന്നു.

ഈ കർഷകജനങ്ങളുമായി അധികനേരം സംസാരിച്ചു നിൽക്കാൻ ഞങ്ങളെ അനുവദിച്ചില്ല. അവക്കു ഞങ്ങളോടു് സംസാരിക്കുന്നതിനു് വളരെ സന്തോഷമായിരുന്നിട്ടും അതിനു് സാധിച്ചില്ല. ഞങ്ങളെ കർഷകസംഘം ആഫീസിലേയ്ക്കു്

വേഗം നയിക്കുകയാണു് ചെയ്തതു്. മുൻകൂട്ടി ഏതോ പരി പാടി ഉണ്ടായിരുന്നപോലെ ജനങ്ങൾ ഓരോരുത്തരായി ഞങ്ങളെ വിട്ടുപോയി. കുറെ കുട്ടികൾ മാത്രം ഞങ്ങളെ തുറിച്ചു നോക്കിക്കൊണ്ടുനിന്നു. ഞങ്ങളെപ്പറ്റി കൂടുതൽ അറിഞ്ഞാൽ കൊള്ളാമെന്നുള്ള ഒരു മോഹം ആ നോട്ടത്തിൽ കാണാമായിരുന്നു. ഞങ്ങളിൽ ഒന്നു രണ്ടു പേർ ആപ്പീസുമുറിയുടെ മൂടി ക്കെട്ടിയ അന്തരിക്ഷത്തിൽ നിന്നുമാറി പുറത്തെ സൂര്യപ്രകാശം ആനന്ദിക്കുവാൻ ഇഷ്ടപ്പെട്ടതുകൊണ്ടു് ഞങ്ങൾ ഈ കുഞ്ഞുങ്ങളുടെ അടുക്കലേക്കുപോയി. എന്തെങ്കിലും അവരുമായി സംസാരിക്കാൻ കഴിയുമെന്നു ഞങ്ങൾ ആശിച്ചു. അവർ പാട്ടു പാടാനും നൃത്തം ചെയ്യാനും ആരംഭിച്ചപ്പോഴേക്കും അധികൃതർ വന്നു് അവരെ തടസ്സം ചെയ്തതിനാൽ അവരും അവിടെനിന്നു അപ്രത്യക്ഷരായി.

ചൈനീസു് കുട്ടികൾ ലോകത്തിലെ ഏററവും ആകർഷണീയരായ കുട്ടികളാണെന്നു് ഒരു വിധത്തിൽ പറയാം. ചോരുതിന്നു് ചെള്ളവിത്ത മുഖവും, പതുങ്ങിയ മൂക്കും പ്രകാശിക്കുന്ന കണ്ണുകളും, മിക്കവക്കും ഉണ്ടായിരുന്ന അനാരോഗ്യകരമായ അവരുടെ ശരീരത്തെയും, അവരുടെ അപൂർണ്ണമായ ആഹാരനിലയേയും ഒളിച്ചുവയ്ക്കുമായിരുന്നു. സ്നേഹപ്രകടനങ്ങൾക്കും പരസ്പര സൗഹാർദ്ദത്തിനും അവക്കുള്ള കൊതി ദൃശ്യമായിരുന്നു. എന്നാൽ ഒരു വിദേശീയനോടു സാഹോദര്യത്വം സ്ഥാപിക്കുന്നതു് അവിടെ അനുവദനീയമായിരുന്ന ആനന്ദത്തിൽ പെട്ടുന്നില്ല. പെട്ടെന്നു് ഈ കുട്ടികൾ അവിടെനിന്നു മാറിക്കളെയുവാൻ അവരെ ഭയപ്പെടുത്തിയതെന്തായിരുന്നുവെന്നു് എനിക്കു മനസ്സിലായില്ല. ഞങ്ങളുടെ ദ്വിഭാഷികളുമായി സംസാരിക്കാൻ ഞങ്ങളെ വിട്ടിട്ടു അവർ പോയി. നവീനചൈനായിലെ സന്തോഷസൗഭാഗ്യങ്ങളെപ്പററിയുള്ള റിപ്പോർട്ടുകളാണു് ദ്വിഭാഷികളിൽനിന്നു കേൾക്കുന്നതു്. ജനങ്ങളും ഞങ്ങളും തമ്മിൽ അദൃശ്യമായി നിന്നിരുന്ന മറ കടന്നു പരസ്പരം മനസ്സിലാക്കുവാൻ വിഷമമായിരുന്നു

ഈ ഗ്രാമത്തിലെ ജനസംഖ്യ 2050 ആയിരുന്നു. അവിടെ അധിവസിച്ചിരുന്ന 430 കുടുംബങ്ങൾക്കു 2190 മൗ അല്ലെങ്കിൽ 365 ഏക്കർ ഭൂമിയുണ്ടായിരുന്നു. ശരാശരി ഒരു ആളിനു് 1.7 മൗ സ്ഥലമുണ്ടു്. ഭൂപരിഷ്ക്കാരത്തിനുമുമ്പു് വൻഭൂഉടമകൾ എന്നു ഗണിക്കപ്പെട്ടിരുന്ന 20 കുടുംബങ്ങൾ 1435 മൗ ഭൂമി കൈവശം വച്ചിരുന്നു. ഇന്നു് അവരിൽ ചിലക്കു് മററു കർഷകരുടെ ഒപ്പം ഭൂമിയുണ്ടു്. മററുള്ളവർ സമസ്യഷ്ടങ്ങളെ വളരെക്കാലം മർദ്ദിച്ചുകൊണ്ടിരുന്ന കുററത്തിനു് ശിക്ഷിക്കപ്പെട്ടി

രിക്കയാണു്. ഗ്രാമീണക്കു് 12.6 കോടി യുവാൻ ഗവർമെൻറു കടമായി നൽകിയിട്ടുണ്ടു്. പത്തുലക്ഷം യുവാൻ 45 ഡോളർ അഥവാ 16 പവനു് സമമാണു്.

1950 ആരംഭത്തിൽ ഭൂപരിഷ്ക്കാരം ഗ്രാമങ്ങളിൽ നടപ്പാക്കി. ഞാൻ സന്ദർശിച്ച അനേകം കർഷകകുടുംബങ്ങളിൽ അതിൻെറ ഫലങ്ങൾ ഞാൻ കാണുകയുണ്ടായി. വീട്ടുകളിൽ ടൈംപീസുകൾ ഉണ്ടായിരുന്നു. ചില പഴയ പിഞ്ഞാണങ്ങളും അവിടെ കണ്ടു. മുമ്പു് ഭൂഉടമകളായി കഴിഞ്ഞവരുടെ വസ്തുവകകൾ എടുത്തു വിതരണം ചെയ്തപ്പോൾ കിട്ടിയതായിരിക്കണം ഈ സാധനങ്ങൾ. ഒരു കുടുംബത്തിൽ ഈയർ ഫോൺ ഘടിപ്പിച്ച ഒരു ക്രിസ്റ്റൽ റേഡിയോയുമുണ്ടായിരുന്നു.

ഡിസ്ത്രിക്റ്റ് ഉദ്യോഗസ്ഥന്മാർഅവകാശപ്പെട്ടുകൊണ്ടിരുന്നതു് കൂടുതൽ ഉല്പാദനം ഭൂനയപരിഷ്ക്കാരത്തിനുശേഷംഉണ്ടെന്നാണു്. കർഷകർ കൂടുതൽ ഉത്സാഹപൂർവ്വം പണിയെടുക്കുകയും ജലസേചന പദ്ധതികൾ മൂലം ആവശ്യത്തിനുള്ള വെള്ളം എത്തിച്ചുകൊടുക്കുകയും ചെയ്തതാണു് ഇതിനു കാരണമായി പറയുന്നതു്. വണ്ടികളും വണ്ടി വലിക്കുന്ന അനവധി മൃഗങ്ങളെയും ഈ ഗ്രാമം വാങ്ങിയിരുന്നു. പുതിയ കിണറുകൾ പല സ്ഥലങ്ങളിലും കുഴിച്ചു. വിമോചനത്തിനുശേഷം ഇവിടെ ഒരു പ്രൈമറിസ്കൂൾ സ്ഥാപിച്ചിട്ടുണ്ടു്. അതിൽ 160 കുട്ടികൾ പഠിക്കുന്നു. പ്രായം ചെന്ന 420 പേർ ഈ പള്ളിക്കൂടത്തിൽ ഭാഷാപരമായ അദ്ധ്യയനം നടത്തുന്നു. ദേശാഭിമാനബോധം വളർത്തുവാൻ ഉപകരിച്ച ഒരു പണപ്പിരിവു് അവിടെ നടന്നു. ഗ്രാമീണർ 5.45 കോടി യുവാൻ കൊറിയായുടെ സഹായാർത്ഥവും അമേരിക്കൻ സഹായത്തെ പ്രതിരോധിക്കുവാനും സംഭാവനചെയ്തു. പ്രതിവർഷം ഒരു ഗ്രാമീണ കുടുംബം ഇപ്പോൾ 2കോടി യുവാൻ സമ്പാദിക്കുന്നു.

കുടുംബത്തിൻെറ ആദായത്തെപ്പററിയുള്ള മേൽപ്പറഞ്ഞ കണക്കുകൾ വിശ്വസിക്കാൻ വിഷമമായിരുന്നു. ചൈനാക്കാരൻ സാധാരണ 100,000 പത്തുലക്ഷമെന്നു വായിക്കാറുണ്ടു്. അതുകൊണ്ടു് 2 കോടിയെന്നു് അവർ പറയുന്നതു് 20 ലക്ഷമായിരിക്കണം. ഈ സംഖ്യ കുറെക്കൂടെ യഥാർത്ഥമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇൻഡ്യയിൽ ഇതുപോലെ സമീപമുള്ള ഒരു ടൗണിൽ കൃഷിസാധനങ്ങൾകൊണ്ടുപോയി വിററു് ഉപജീവനം നടത്തുന്ന ഒരു ഗ്രാമീണനൻെറ ജീവിതത്തോതിനെക്കാൾതാണ ഒരു നിലവാരമാണു് ഇവിടത്തെ ഗ്രാമീണ കർഷകനുണ്ടായിരുന്നതു്.

ഗ്രാമീണ വസതികളിൽ പലതും രണ്ടു മുറികൾ ഉള്ള കെട്ടിടങ്ങൾ ആയിരുന്നു. രണ്ടു കുടുംബങ്ങളും അധിവസിച്ചിരുന്നു. ഒരു മുറിയിൽ രണ്ടു മണ്ണുടുപ്പുകൾ ഓരോ കുടുംബത്തിൻെറയും ആവശ്യത്തിനു് ഉണ്ടാക്കിയിരുന്നു. കിടപ്പുമുറി മറേറതാണു്.

അതിൽ രണ്ടു കാംഗുകൾ ഉണ്ട്. കാംഗ് എന്നു പറഞ്ഞാൽ ഭിത്തിയോടു ചേർത്തു നിർമ്മിച്ചിരുന്ന ഒരു പ്ളാററ്ഫോറം അല്ലെങ്കിൽ പീഠം ആണ്. മുറിയുടെ എതിർവശങ്ങളിൽ ഭിത്തിയോടു ചേർന്നാണ് കാംഗുകൾ ഉണ്ടായിരുന്നതു്. വസ്ത്രോല്പകൾകൊണ്ടു് നിർമ്മിച്ച പായ് കാംഗിൽ വിരിച്ചിരുന്നു. പകൽ സമയത്തു് കുടുംബത്തിൻെറ എല്ലാ സാധനങ്ങളും കാംഗിൻെറ ഒരു ഭാഗത്തു് ഭംഗിയായി അടുക്കിവച്ചിരിക്കും. ഒരു കാംഗ് ഒരുകുടുംബത്തിൻെറ ആവശ്യത്തിനുപയോഗിക്കുന്നതാണ്. രാത്രിയിൽ കാംഗിൻെറ മുകളിൽ കുടുംബാംഗങ്ങൾ എല്ലാം ഉറങ്ങുന്നു. മഞ്ഞുകാലത്തു് ഈ കാംഗിനടിയിൽ നെരിപ്പോടുവച്ച് ചൂടാക്കാനുള്ള സൗകര്യമുണ്ടു്.

സ്ഥിതിസമത്വം സ്ഥാപിക്കാനുള്ള നിരപ്പാക്കൽ സംരംഭം മൂലം അനേകരുടെയും ജീവിതനിലവാരത്തിൽ അല്പമൊരുയർച്ച വന്നിട്ടുണ്ടെന്നുള്ളതു് പ്രത്യക്ഷമാണ്. എന്നാൽ യുദ്ധകാലത്തു് ചൈനായിലെ കാർഷികോല്പാദനം 30 ശതമാനം കുറയുകയാണ് ചെയ്തിട്ടുള്ളതെന്നു് ഓർക്കണം. ഉല്പാദനവർദ്ധനവുസംബന്ധിച്ച പല കണക്കുകളും ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാർ ഞങ്ങൾക്കു കാണിച്ചുതന്നു. എന്നാൽ രാജ്യമാസകലമുള്ള ഉൽപ്പാദനത്തോതിനെസംബന്ധിച്ച പീക്കിംഗിൽ അവകാശപ്പെട്ടിരുന്ന കണക്കുകൾ ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാർ തന്നതിൽ കുറവായിരുന്നു. ഗ്രാമങ്ങളിലെ കണക്കുകളെക്കാൾ അവ ഒരു പക്ഷെ യാഥാർത്ഥ്യവുമായി കുറച്ചുകൂടെ പൊരുത്തപ്പെട്ടിരിക്കണമെന്നു വിചാരിക്കണം. ഗ്രാമീണരിൽതന്നെ രണ്ടു പ്രമാണികൾ ഞങ്ങൾക്കു വിവരങ്ങൾ പറഞ്ഞുതരാൻ നിയോഗിക്കപ്പെട്ടിരുന്നു. അവർ രാജ്യത്തിൻെറ വിമോചനത്തിനു് മുമ്പും പിമ്പുമുള്ള വസ്തുതകളെപ്പററി പറഞ്ഞു. എന്നാൽ അവർ നൽകിയ പലവിവരങ്ങളും യുദ്ധകാലത്തെയും ഇപ്പോഴത്തെയും സ്ഥിതികൾ താരതമ്യപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു. നവീന ചൈനായുടെ ചരിത്രരേഖകൾ 1946—47-നു് അപ്പുറമുള്ള ആണ്ടുകളെ സ്പർശിക്കുന്നതേയില്ല.

ഞാൻ മറെറാരു ഗ്രാമം സന്ദർശിച്ചു. ഉത്തരപൂർവ്വപ്രദേശത്തുള്ള മുക്ഡൻ നഗരത്തിൽനിന്നു് പതിനഞ്ചുമൈൽ ദൂരെയാണ് ഈ ഗ്രാമം. നാലു കൊല്ലങ്ങൾക്കുമുമ്പ് ഭൂപരിഷ്ക്കാരം ആരംഭിച്ചതുതന്നെ ഉത്തരപൂർവ്വപ്രദേശങ്ങളിലാണ്. അതുകൊണ്ടു് ഈ പ്രദേശങ്ങളിൽ ഏററവും കൂടുതൽ ആ പരിഷ്ക്കാരത്തിൻെറ ഫലം കാണേണ്ടതാണ്. നവീനചൈനായുടെ പുരോഗതിക്കു് ഏററവും ഉത്തമമായ സാക്ഷ്യം വഹിക്കുന്നതു് ഉത്തരപൂർവ്വദേശത്തെ ഗ്രാമങ്ങളാണ്. എൻെറ രണ്ടു സന്ദർശനങ്ങൾക്കിടയിലുള്ള ഏഴുമാസക്കാലംകൊണ്ടുതന്നെ കാര്യമായ പരിവർത്തനങ്ങൾ ഞാൻ അവിടെ കണ്ടു.

പതിവുപോലെ സ്നേഹപ്രകടനങ്ങൾകൊണ്ടു് ഗ്രാമീണർ ഞങ്ങളെ സ്വീകരിച്ചു. ഈ പ്രാവശ്യം ഗ്രാമീണർ ഞങ്ങളെ വിട്ടുപോകാതെ ഞങ്ങളുടെ സന്ദർശനസമയം മുഴുവൻ കുറെക്കൂടെ സ്വാതന്ത്ര്യമായി ഞങ്ങളുടെകൂടെ ചെലവഴിച്ചു. പുരുഷന്മാരിൽ ഭൂരിപക്ഷവും ധരിച്ചിരുന്നതു് വെള്ളഷർട്ടും, നീല കാൽച്ചട്ടയും, കാക്കി പുൾഓവറുമായിരുന്നു. ചിലർ ഫെൽററ് ഹാററുകളും ധരിച്ചിരുന്നു. ദക്ഷിണചൈനായിലുള്ളവരെക്കാൾ ഉയരംകൂടിയവരാണവർ. കൂടെക്കൂടെ അദ്ധ്വാനശീലരുമാണു്. എല്ലാസ്ത്രീകളും നീലവസ്ത്രങ്ങൾ ധരിച്ചിരുന്നു. ഞങ്ങൾക്കു മുട്ടയും, അതിൽതന്നെ പുഴുങ്ങിയ കോണും (ഒരുവക ചോളം) പുഴുങ്ങിയ പീനട്ടും (പട്ടാണിപ്പയർ) തിന്നുവാൻ തന്നു. അവ തിന്നില്ലെങ്കിൽ ഞങ്ങൾ അതു് താമസസ്ഥലത്തേയ്ക്കു കൊണ്ടുപൊയ്ക്കൊള്ളണമെന്നു് സ്ത്രീകൾ നിർബന്ധിച്ചു. പീക്കിംഗിനു സമീപമുള്ള ഗ്രാമത്തിൽ ചെന്നപ്പോൾ ലഭിച്ചതിൽ ഭിന്നമായിരുന്നു ഈ സ്വാഗതം. അവിടെ എന്റെ പ്രഥമസന്ദർശനത്തിൽ ഒക്ടോബർ മാസത്തിൽ ചെന്നപ്പോൾ ഗ്രാമീണർ പല സസ്യവർഗ്ഗങ്ങളും ഞാൻ ഹോട്ടലിലേയ്ക്കു കൊണ്ടുപോകാൻതന്നു. രണ്ടാമതു് ഔദ്യോഗികപ്രതിനിധിസംഘത്തിന്റെകൂടെ മെയ് മാസത്തിൽ ചെന്നപ്പോൾ പ്രഥമസന്ദർശനാവസരത്തിൽ കണ്ട സമ്മാനദാനങ്ങൾ ഒന്നും അവർ നടത്തിയില്ല.

ഉത്തരപൂർവപ്രദേശത്തു് സന്ദർശിച്ച ഈ ഗ്രാമത്തിന്റെ പേർ കാവോകാംഗ് എന്നാണു്. ആ പ്രദേശത്തെ ഭരണാധിപന്റെ പേരിനോടു് അനുബന്ധിച്ചായിരിക്കണം ആ വില്ലേജിനു നാമകരണം ചെയ്യപ്പെട്ടതു്. എന്റെ പ്രഥമ സന്ദർശനത്തിൽ ഞങ്ങൾ ഒരു കർഷകന്റെ കുടിലിനു് മുമ്പിലുള്ള മുററത്തു് ഞങ്ങളുടെ ആവശ്യത്തിനു് പെട്ടെന്നു കൊണ്ടുവന്നിട്ട ബെഞ്ചിലാണിരുന്നതു്. അവിടെ ഡിസ്ട്രിക്ട് ഉദ്യോഗസ്ഥനു് ഉല്പാദനവർദ്ധനവിനെപ്പററിയുള്ള വിവരങ്ങൾ നൽകുവാൻ പ്രയാസമായിരുന്നു. ഞങ്ങൾ തന്നെ കർഷകരോടു് ചോദിച്ചു മനസ്സിലാക്കേണ്ടിവന്നു. രണ്ടാമത്തെ സന്ദർശനത്തിൽ ഒരു പുതിയ ഡിസ്ട്രിക്ടാപ്പീസ് കെട്ടിടം ഗ്രാമത്തിൽ നിന്നു് ഏകദേശം രണ്ടു മൈൽ അകലെയായി പണിതിരുന്നു. അവിടെ ഞങ്ങൾക്കു എല്ലാ "വിവരങ്ങളും" തന്നു ഗ്രാമത്തിൽ ഞങ്ങൾക്കു സ്വാതന്ത്ര്യമായി സംസാരിക്കുവാൻ അവസരം നൽകി. ദ്വിഭാഷികൾ അതിനു ഞങ്ങളെ സഹായിച്ചുകൊണ്ടിരുന്നു.

കാവോകാംഗ് ഗ്രാമത്തിൽ 168 കുടുംബങ്ങൾ അധിവസിച്ചിരുന്നു. 742 ആണു് അവിടത്തെ ആകെ ജനസംഖ്യ. 2473 മൗ ഭൂമി അവിടെ ഉള്ളതിൽ ഭൂരഹിതരായ ഓരോ ആൾക്കും 2.7 മൗ വീതം ലഭിച്ചു. ഇടത്തരം ഗ്രാമീണനു് 3 മൗ വീതവും

ഉണ്ടായിരുന്നു. വിമോചനത്തിനു മുമ്പ് 2413 മൗ 10 കുടുംബ ങ്ങളുടെ വകയായിരുന്നു. ആ കുടുംബങ്ങളിൽ രണ്ടെണ്ണമേ ഇപ്പോൾ അവിടെ ശേഷിച്ചുള്ളു. അവക്കു സാധുക്കളായ മററു ഗ്രാമീണരെപ്പോലെയുള്ള ഭൂമിയുണ്ട്. മറേറ എട്ടു കുടുംബങ്ങളും ആ ഗ്രാമം "വിട്ടുപോയി." ഗ്രാമീണൻെറ ജീവിതത്തോതു് അഭി വൃദ്ധിപ്പെട്ടുവെന്നതിൽ യാതൊരു സംശയത്തിനുമവകാശമില്ല. അവനെ കണ്ടാൽ മുമ്പിലത്തേതിനെക്കാൾ കൂടുതൽ ഭക്ഷണവും, കൂടുതൽ വസ്ത്രങ്ങളും അവനുണ്ടെന്നു തോന്നും. എന്നാൽ കാർഷിക ഉല്പാദനം വർദ്ധിച്ചുവെന്നു കാണിക്കാൻ യാതൊരു തെളിവും കാണാനില്ലായിരുന്നു. വല്ല അഭിവൃദ്ധിയുമവിടെയുണ്ടെങ്കിൽ അനേക വർഷങ്ങളിലെ സൈനികാധിവാസത്തിനു ശേഷം സ്ഥിതിഗതികൾ ശാന്തമായിവന്നതിൻെറ വ്യത്യാസം കൊണ്ടു സാധാരണയുള്ള ഉല്പാദനം നടന്നുകൊണ്ടിരുന്നുയെന്നു മാത്രമേ യുള്ളു.

എൻെറ പ്രഥമ സന്ദർശനത്തിൽ കാവോകാംഗ് ഗ്രാമം നട ത്തിക്കൊണ്ടിരുന്ന ഒരു ഗവേഷണസംരംഭം മൂലം ശ്രദ്ധാർഹമായ ഒരുസ്ഥാനമായി കാണപ്പെട്ടിരുന്നു. ഭൂമിയുടെ വിതരണം കഴിഞ്ഞു കുറെ കർഷകർ ഒരു പരസ്പരസഹായപദ്ധതിയിൽ സംഘ മായി ചേർന്നു. മററു ചിലർ തൊഴിലാളികളെ അന്യോന്യം അയച്ചുകൊടുക്കുന്ന ഗ്രൂപ്പുകളിൽ ചേർന്നു. ഇങ്ങനെ പതിനാലു ഗ്രൂപ്പുകളുണ്ടായിരുന്നതിൽ 40 കുടുംബങ്ങൾ സഹകരിച്ചു. 40 പുരുഷന്മാരും 13 സ്ത്രീകളും ഈ കുടുംബങ്ങളിൽ നിന്നു് സംഘ ങ്ങളിൽ അംഗങ്ങളായി ചേർന്നിരുന്നു. പരസ്പരസഹായ ഗ്രൂപ്പിൽ തൊഴിൽ, കാർഷികപണിയായുധങ്ങൾ, കാലിമൃഗ ങ്ങൾ എന്നിവ പൊതുപ്രയോജനത്തിനു സംഭരിക്കുകയും അവ യുടെ പ്രായം, സാമത്ഥ്യം, ജോലിചെയ്യാനുള്ള കഴിവ് എന്നിവ ആസ്പദമാക്കി കൂലിനിശ്ചയിക്കുകയും ചെയ്യുരുന്നു. നേരെ മറിച്ചു തൊഴിലാളി പരസ്പരസഹായ ഗ്രൂപ്പിൽ എല്ലാ തൊഴി ലാളികളുടെയും കൂലി ഒരേ നിലയിൽ മതിച്ചിരുന്നു. ഗ്രാമത്തിലെ എല്ലാ കർഷകരും തന്നെ ഇവയിൽ ഏതെങ്കിലും ഗ്രൂപ്പിൽ ചേരാൻ നിർബന്ധിതമായ ഒരു പരിത:സ്ഥിതിയാണു് അവിടെ ഉണ്ടായിരുന്നതെന്നു ഞാൻ മനസ്സിലാക്കി. ഒരു കുടുംബത്തിലെ അംഗങ്ങൾ മാത്രം ജോലി ചെയ്യാൽ തീരുന്നതിൽ കൂടുതൽ ഭൂമി ഓരോ കുടുംബത്തിനുമുണ്ടായിരുന്നതാണ് അതിനു കാരണം. എന്നാൽ ഈ വസ്തുത സമ്മതിക്കാൻ വില്ലേജ് ഉദ്യോഗസ്ഥന്മാർ വൈമനസ്യം കാണിച്ചു: ഗ്രാമങ്ങളിൽ സഹകരണമനോഭാവം വളരുന്നതിൻെറ ലക്ഷണമായിട്ടാണു് ഈ സംഘങ്ങളുടെ രൂപ വൽക്കരണത്തെ സംബന്ധിച്ച് അവർ അവകാശപ്പെട്ടിരുന്നതു്. എന്നെ ആ കാര്യം ഉൽബോധിപ്പിക്കുന്നതിൽ അവർ ഉൽക്ക

ണ്ടയും പ്രദർശിപ്പിച്ചു. എന്നാൽ ഗ്രാമവാസികളുടെ അഭിപ്രായം നേരിട്ടറിയുന്നതിനാണ് എനിക്കു താല്പര്യമുണ്ടായിരുന്നത്. അതു കൊണ്ട് ഓരോരുത്തരോടും ചോദ്യം ചെയ്യുന്ന കാര്യത്തിൽ ഒരു വക നിർബന്ധം തന്നെ ഞാൻ പ്രദർശിപ്പിച്ചു. എന്റെ ചോദ്യങ്ങൾക്ക് അവർ നൽകിയ ഉത്തരങ്ങൾക്കിടയിൽ കയറി വില്ലേജ് ഉദ്യോഗസ്ഥനും ഞങ്ങളുടെ ദ്വിഭാഷികളും അവരോട് ചില തെല്ലാം പറയുകയും, അവരുടെ ദീർഘ ചർച്ചകൾക്കു ശേഷം വരുന്ന ഉത്തരങ്ങൾക്കു ഞാൻ കാത്തിരിക്കുകയും ചെയ്യേണ്ടിവന്നു. ഒരു കമ്മ്യൂണിസ്റ്റ് രാജ്യത്തിൽ യഥാർത്ഥ വസ്തുതകൾ ഗ്രഹിക്കുന്നതിന് ഒരേ ചോദ്യം എത്രയും അധികം ആളുകളോടു ചോദിക്കുകയാണ് മാർഗ്ഗം. ഉത്തരങ്ങൾ എല്ലാം ഒന്നു തന്നെയാണെങ്കിലും ചെറിയ ചെറിയ വ്യത്യാസങ്ങൾ വിശദാംശങ്ങളിൽ ദർശിക്കുവാൻ കഴിയും. അങ്ങനെക്രമേണ തത്തയെപ്പോലെ ഉരുവിട്ടുകൊണ്ടിരുന്ന ഔദ്യോഗിക വിവരങ്ങളിൽ കൂടുതൽ ചില തെല്ലാം ഗ്രഹിക്കുവാൻ ഒരുത്തനു് കഴിയുന്നതാണ്.

വളരെ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളായിരുന്നതുകൊണ്ട് ഓരോകുടുംബത്തിനുംതനിച്ചു കൃഷിചെയ്യാവുന്നതിൽ കൂടുതൽ ഭൂമി കൊടുത്തിരുന്നു. അങ്ങനെ തനിയെ കൃഷി ചെയ്യാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടാണ് ഇതുപോലെയുള്ള പരസ്പര സഹായ ഗ്രൂപ്പുകളിൽ കർഷകർ ചേർന്നതെന്നു ഞാൻ മനസ്സിലാക്കി. ഈ കുടുംബങ്ങളിലെ സ്ത്രീജനങ്ങൾ ഒന്നുകിൽ രോഗികളായിരിക്കും. അല്ലെങ്കിൽ കൃഷി സ്ഥലങ്ങളിൽ പണിയെടുക്കാൻ സാധിക്കാത്തവിധത്തിൽ മററുകാരണങ്ങൾ ഉണ്ടായിരിക്കും. ഈ പരസ്പര സഹായഗ്രൂപ്പുകളിൽ ചേർന്നവർ അവരവരുടെ ഉൽപ്പാദനങ്ങൾ ഒരു പൊതു സംഭരണത്തിൽ കൊണ്ടുവന്നിട്ട് മുമ്പു തീരുമാനം ചെയ്തിട്ടുള്ള ഒരു വിലയും കണക്കുംവച്ചു് ഓരോരുത്തക്കും വീതിച്ചുകൊടുക്കുകയല്ല ചെയ്യുന്നതെന്നും ഞാൻ മനസ്സിലാക്കി. ഓരോ കർഷകനും അവന്റെ കൃഷിസ്ഥലത്തെ ഉല്പാദനം ശേഖരിക്കുന്നതിൽ നിന്നു് മററുള്ളവർ ചെയ്തു തന്ന സഹായത്തിനുള്ള പ്രതിഫലം നൽകുകയാണ് പതിവ്. വില്ലേജ് ഉദ്യോഗസ്ഥനും, ഞങ്ങളുടെ ദ്വിഭാഷികളും ഞങ്ങളോടു പറഞ്ഞതു് കർഷകരുടെ ഉൽപ്പാദനങ്ങൾ ഒരു പൊതുശേഖരണമായി ഒന്നിച്ചു സംഭരിക്കുമെന്നാണ്. എന്നാൽ കർഷകർ എല്ലാവരും അങ്ങനെയല്ല കാര്യങ്ങൾ നടക്കുന്നതെന്നു് ഉറപ്പിച്ചു പറഞ്ഞു. അതുകൊണ്ടു് പരസ്പര സഹായ ഗ്രൂപ്പുകൾ എന്ന പേരിൽ നടക്കുന്നതു്, അവരവരുടെ കൃഷിസ്ഥലങ്ങളിൽ കൂടുതൽ തൊഴിൽ സഹായം ആവശ്യമുള്ളതിനു് ഈ സംഘത്തിൽ പെട്ടവരെ ഉപയോഗിക്കുകയും, അവക്ക് ഉടമസ്ഥൻ ഉഭയ സമ്മതപ്രകാരമുള്ള കൂലി നൽകുകയുമാണ്, ഒരു വിധത്തിൽ ഈ

സംഘങ്ങളെ എംപ്ളോയിമെൻറു് എക്സ്ചേഞ്ച് എന്നു വേണമെങ്കിൽ പറയാം. സഹകരണത്തിൻെറ യഥാർത്ഥ തത്വം ഈ സംഘടനയിൽ ഇല്ലെന്നു തന്നെ വിചാരിക്കണം.

എൻെറ രണ്ടു സന്ദർശനങ്ങൾക്കിടയിലുള്ള ഏഴു മാസങ്ങൾ ഈ ഗ്രാമത്തിൽ വലിയ പരിവർത്തനം വരുത്തിയിരുന്നു. ആദ്യമുണ്ടായിരുന്ന സഹകരണ ഗ്രൂപ്പുകൾ മാറി ഒരു വലിയ കൂട്ടകൃഷി സംരംഭമായി ആ ഗ്രാമം മാറിയിരുന്നു മുമ്പുണ്ടായിരുന്ന ചെറിയ ചെറിയ കൃഷിസ്ഥലങ്ങളുടെയും അതിരുകളും വേലികളും ഒന്നും ഇപ്പോൾ കാണാനില്ല. അതിനു പകരം 450 ഏക്കർ വിസ്താരമുള്ള ഒററ തോട്ടം തോതിലുള്ള കൃഷിസ്ഥലമാണു് അവിടെ കണ്ടതു്. ഈ ഭൂമിയുടെ ഉടമസ്ഥത പുതിയ സഹകരണ പ്രസ്ഥാനം അംഗീകരിച്ചിട്ടുണ്ടു്. എന്നാൽ മാനേജ്മെൻറു് ഒരു ഏകീകൃത ഘടനയിലാണു് നടക്കുന്നതു്. ഈ കൃഷിസ്ഥലത്തിൻെറ ഓരോഭാഗത്തും എന്തൊക്കെയാണു് കൃഷി നടത്തേണ്ടതെന്നു തീരുമാനിക്കുന്നതു് പൊതു സംഘമാണു്. ഓരോ കർഷകനും അവൻെറ പ്രയത്നവും, പണിയായുധങ്ങളും ഭൂമിയും ആ പ്ളാൻ അനുസരിച്ചു സംഭാവന ചെയ്യും. ആകെയുണ്ടാകുന്ന ഉൽപ്പാദനം ശേഖരിച്ച് നിർദ്ദിഷ്ട തോതിൽ വീതിക്കും. നികുതിക്കും, അടുത്ത കൃഷിക്കുള്ള വിത്തിനും മാററിവെച്ചശേഷമാണു് ഇങ്ങനെ വീതം നടത്തുന്നതു്. ഉൽപ്പാദനത്തിൻെറ അറുപതു ശതമാനം വേലകൾക്കുള്ള കൂലിക്കു് വീതിക്കും. 30 ശതമാനം ഭൂമിക്കും, 10 ശതമാനം കന്നുകാലിക്കും പണിആയുധങ്ങൾക്കുമായി നൽകും. ഓരോ കർഷകനും അങ്ങനെ പൊതു സംഭരണത്തിലേയ്ക്കു സംഭാവന ചെയ്തതനുസരിച്ചു അവൻെറ ഓഹരി കിട്ടുന്നു.

ഈ പുതിയ പദ്ധതിപ്രകാരം കാലിവർഗ്ഗങ്ങൾ വലിക്കുന്ന ആധുനികമായ ചില പുതിയതരം കൃഷി ആയുധങ്ങൾ തവണ സമ്പ്രദായമനുസരിച്ചു ഗവർമ്മെൻറിൻെറ സഹായത്തോടുകൂടെ വാങ്ങുവാൻ ഗ്രാമത്തിനു സാധിച്ചിട്ടുണ്ടു്. ഇങ്ങനെ വാങ്ങുന്ന ആയുധങ്ങൾക്കു് ആദ്യത്തെ കൊല്ലം വിലയുടെ 25 ശതമാനവും, അടുത്ത കൊല്ലം 35 ശതമാനവും ബാക്കിയുള്ളതു് മൂന്നാമത്തെ കൊല്ലവും അടച്ചുതീക്കണം. ഈ പുതിയതരം പണി ആയുധങ്ങൾ കാണിച്ചു തരുവാൻ എന്നെ കൃഷിസ്ഥലത്തുള്ള കളത്തിലേയ്ക്കു കൊണ്ടുപോയി. ഈ ആയുധങ്ങളുടെ ഉടമസ്ഥത ഗ്രാമക്കാർക്കു തന്നെയാണോ എന്നതിനെപ്പററി ഞാൻ അൽപ്പം സംശയാലുവായിരുന്നു. ആധുനികമായ കൃഷി ആയുധങ്ങൾ ഒന്നും സ്റ്റേററിൻെറ വകയായുള്ള കൃഷിസ്ഥലങ്ങളിൽ പോലും ഞാൻ കാണുകയുണ്ടായില്ല. ഓരോ ഗ്രാമങ്ങൾക്കും വിൽക്കുവാൻ തക്കവണ്ണം ആ രീതിയിലുള്ള ആയുധങ്ങൾ ചൈനായ്ക്കു് ഇല്ലതാനും.

പരീക്ഷണത്തിനു തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങൾ ആയാൽ കുററ ലഭിച്ചുവെന്നു വന്നേക്കാം. അൽപ്പ സമയത്തേയ്ക്കു് എൻെറ മനസ്സിൽ ഒരു വിചാരം ഉദിക്കാതിരുന്നില്ല. ഈ ഗ്രാമത്തിൽ കണ്ട ആയുധങ്ങൾ ഞങ്ങളുടെ സന്ദർശനത്തിനു മാത്രം അവിടെ കൊണ്ടുവരപ്പെട്ടതായിരുന്നു എന്നായിരുന്നു ആ ചിന്ത. അതു ശരിയായിരിക്കാം, തെററായിരിക്കാം, എന്നാൽ ഒന്നു പരമാർത്ഥമാണു്. കൃഷിസ്ഥലങ്ങൾ വിസ്തൃതമായ ഒററ വൻബ്ളോക്കായി അവിടെ കണ്ടു. ഓരോ കർഷകൻേറയും കൃഷിഭൂമിയുടെ ചെറിയ ചെറിയ അതിരുകൾ അവിടെ കാണാനില്ല. മറെറാരു കാര്യവും അതുപോലെ പരമാർത്ഥമാണു്. ആ ഡിസ്ട്രിക്ടിൽ സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യപ്പെട്ടുന്നതു് കാവൊ കാംഗ് എന്ന ആ ഏക ഗ്രാമത്തിൽ മാത്രമാണു്.

ഈ പുരോഗതി ശരിയായ ലക്ഷ്യത്തിലേയ്ക്കാണെന്നു പറയാം. എന്നാൽ ഈ പ്രസ്ഥാനം രാജ്യമാസകലം വ്യാപകമാകുമ്പോൾ തൊഴിൽ സംബന്ധിച്ച അനേകം പ്രശ്നങ്ങളെ സൃഷ്ടിക്കുമെന്നുള്ളതിനു സംശയമില്ല. ആധുനിക കൃഷി സമ്പ്രദായങ്ങളെ ഉൽപ്പാദന വർദ്ധനവിനു വേണ്ടി ഉപയോഗിക്കണമെങ്കിൽ, വിപുലമായ തോതിൽ കൃഷിഭൂമികൾ സൗകര്യപ്പെട്ടുത്തണം. ചൈനായിലെ അപകടം തലമുറകളായി അവിടെ സംഭവിച്ചു കൊണ്ടിരിക്കുന്ന കൃഷിഭൂമിയുടെ വിഭജനമാണു്. കൃഷിയെ ആശ്രയിച്ചു കഴിയുന്നവരുടെ സംഖ്യ കുറച്ചു മറേറതെങ്കിലും തൊഴിലിലേയ്ക്കു മാററാത്ത പക്ഷം ഇനിയും ഈ വിഭജനം തുടർന്നു് അനാദായകരമായ ചെറുതുണ്ടു ഭൂമികളായി കൃഷിസ്ഥലങ്ങൾ അവശേഷിക്കും. ഈ പരസ്പര സഹായ പ്രസ്ഥാനം ഒരു പ്രഥമ നടപടിയായി നടപ്പാക്കുവാൻ ചൈനീസ് ഗവർമ്മെൻറു് ഉൽസാഹിക്കയാണു്. കർഷകനെ ആ കാര്യത്തിൽ ഗവർമെൻറു നിർബന്ധിച്ചുകൊണ്ടിരിക്കയാണു്. കർഷകർ ഇന്നു പ്രദർശിപ്പിക്കുന്ന ഭൂപ്രതിപത്തി മൂലം ചിലപ്പോൾ പെട്ടെന്നു കൂട്ടുകൃഷിസമ്പ്രദായം നടപ്പാക്കുന്നതുകൊണ്ടു് ഒരു എതിർപ്പിനു തന്നെ അവരെ പ്രേരിപ്പിച്ചേക്കാം. അതുകൊണ്ടു് ഈ പ്രേമം കുറഞ്ഞു് അവൻ നിയന്ത്രണാധീനരായി കഴിയുമ്പോൾ കൂട്ടുകൃഷിസമ്പ്രദായം സ്വാഭാവികമായി നടപ്പിലാക്കാൻ കഴിയും. 1952-ൽ വിദേശസന്ദർശകരോടു് പീക്കിംഗിലെ മേയർ പെംഗ്ചൻ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. "കൂട്ടുകൃഷിസമ്പ്രദായം കർഷകൻ തന്നെ മുൻകൈ എടുത്തു പ്രവർത്തിക്കുമ്പോഴെ നടപ്പിലാകൂ. കർഷകരെ നിർബന്ധിച്ചു് ആ കാര്യത്തിൽ പ്രവേശിപ്പിക്കുന്നതു് ഗവർമെൻറിൻെറ തന്നെ തിരോധാനത്തിനിടയാക്കും. കർഷകഭൂമിയുടെ വിഭജനം അതിൻെറ

പരമാവധിയിലെത്തിക്കഴിഞ്ഞു. കൂട്ടകൃഷിസമ്പ്റദായം ഇന്ന് സാമ്പത്തികമായ ഒരത്യാവശ്യമായിത്തീർന്നിട്ടുണ്ട്.

സഹകരണഗ്രാമമായ കാവോ കാംഗിലുള്ള കർഷകർ അവർക്കു സ്വന്തമായുണ്ടായിരുന്ന ഭൂമിയോടുള്ള അവരുടെ ഹൃദയബന്ധത്തെപ്പററി തുടർച്ചയായി പ്രഖ്യാപിച്ചുകൊണ്ടിരുന്നു ആ ഭൂമി അവരുടെതാണെന്നും, അതിൽനിന്നു് അവർക്കു് വാങ്ങുവാൻ സാധിച്ച തുണി, അവരുടെ സ്വന്തമെന്നു് വിളിക്കാവുന്ന പന്നി, കോഴിക്കുഞ്ഞുങ്ങൾ, അവരുടെ പാർപ്പിടങ്ങൾ, എന്നിവയെല്ലാം അവരെ ആ ഭൂമിയോടു കൂടുതൽ ബന്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നും അവർ പ്രസ്താവിച്ചു. മററു ചില തൊഴിലുകളിൽ കൂടെ അവർക്കു സമ്പാദിക്കാൻ കഴിഞ്ഞ പണത്തെപ്പററി അഭിമാനപൂർവം അവർ വിസ്തരിച്ചു. കർഷകർക്കു് അവരുടെ ഭൂമികളുടെ ആധാരം ലഭിച്ചുകഴിഞ്ഞപ്പോൾ സ്വന്തമെന്നു് വിളിക്കാവുന്ന ഭൂമിയെ നോക്കി ആനന്ദിക്കുവാൻ രാത്രിയിൽ ഉറക്കത്തിൽ നിന്നെഴുനേററു് അവർ പോകുമെന്നും മററുമുള്ള കഥകൾ ഞാൻ കേട്ടു. അഭിമാനത്തോടുകൂടിത്തന്നെ പല കമ്മ്യൂണിസ്റ്റുകാരും ഇത്തരം കഥകൾ എന്നോടു പറഞ്ഞു.

രണ്ടു മുറികളുള്ള ഒരു കുടിലിൽ മറെറാരു കുടുംബത്തോടുകൂടി താമസിക്കുന്ന ഒരു കർഷകകുടുംബത്തെ ഞാൻ സന്ദർശിച്ചു. മൂന്നംഗങ്ങളുണ്ടായിരുന്ന ആ കുടുംബത്തിൽ. വെയിലും കാററുംകൊണ്ടു നിറം മാറിയിരുന്ന ആ കർഷകൻെറ മുഖത്തു നീണ്ട പല ചുളികളും രേഖകളും കാണാമായിരുന്നു. ഭൂപരിഷ്ക്കാരത്തിനു മുമ്പു ഭൂരഹിതനായിരുന്നു അയാൾ. ഇന്നു് അയാൾ ഒൻപതു മൗ വിസ്തീർണ്ണമുള്ള കാർഷികഭൂമിയുടെ മാതൃകാകർഷക ഉടമയാണു്. അയാളുടെ ഭാര്യ ഞങ്ങൾ ഇരുന്നതിനു സമീപമുള്ള ഒരു കാംഗിൽ ഇരുന്നിരുന്നു. സ്വാതന്ത്ര്യം പ്രാപിച്ച മററു വനിതകൾക്കുണ്ടായിരുന്നതുപോലെ അവരുടെ തലമുടിയും നീളം കുറച്ചു വെട്ടിയതായിരുന്നു. കൈരണ്ടും കെട്ടി ഇരുന്നിരുന്ന ആ സ്ത്രീയോടു, തൻെറ വിവരണങ്ങൾക്കിടയിൽ സംസാരം ശരിയാണോ എന്നു് ഉറപ്പു വരുത്താൻ ആ കർഷകൻ ചോദിക്കുമായിരുന്നു. ചിലപ്പോൾ ഭാര്യ ഭർത്താവു പറഞ്ഞതു തിരുത്തിപ്പറകയോ, നേരെ വിപരീതമായ വിവരണം നൽകുകയൊ ചെയ്തിരുന്നു. ആദായം സംബന്ധിച്ചുള്ള കണക്കുകൾ ഭാര്യക്കായിരുന്നു ഭർത്താവിനെക്കാൾ നിശ്ചയമുള്ളതായിക്കണ്ടതു്. ഒൻപതു വയസ്സു പ്രായമുണ്ടായിരുന്ന അവരുടെ പുത്രി പുറത്തും അകത്തും ചാടിക്കളിച്ചുനടന്നിരുന്നു. ചൈനയിലെ മററു കുട്ടികളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഈ പെൺകുട്ടി ഒരു അരസികയായി തോന്നി. അവളുടെ തലമുടിയും ചീകിക്കെട്ടാതെ അലക്ഷ്യമായിട്ടിട്ടിരുന്നു.

അര മണിക്കൂർ നേരം അയാൾക്കു ലഭിച്ച മഹാ ഭാഗ്യത്തെപ്പററിത്തന്നെ അയാൾ പറഞ്ഞുകൊണ്ടിരുന്നു. "തിനയും കാവോളിയാംഗും ഞാൻ എൻെറ വയലിൽ കൃഷി ചെയ്യു. കഴിഞ്ഞ കൊല്ലം പരസ്പരസഹായ ഗ്രൂപ്പിൽ ഞാൻ ചേർന്നതുകൊണ്ട് എനിക്കു കൂടുതൽ വിളവു കിട്ടി. കുറെ പന്നികളെയും ഞാൻ വളർത്തി. സഹകരണ സ്റ്റോറിലേക്കോ, ടൗണിലേക്കോ എൻെറ കൃഷിവിഭവങ്ങൾ ഞാൻ ഒരു വണ്ടിയിൽ വലിച്ചുകൊണ്ടുപോയി. മററു് ഉപജോലികൾ ചെയ്യാനും എനിക്കു നേരം കിട്ടി. മുപ്പതു ലക്ഷത്തിൽ പരം യുവാൻ എനിക്കു സമ്പാദിക്കാൻ കഴിഞ്ഞു."

ഞാൻ പറഞ്ഞു "ഇപ്പോൾ പരസ്പരസഹായ തൊഴിൽ ഗ്രൂപ്പുകൾ ഇല്ലല്ലോ. സഹകരണസംഘത്തിലെ ഒരംഗമാണു് നിങ്ങളിപ്പോൾ. നിങ്ങളുടെ ഭൂമി നിങ്ങളുടെ സ്വന്തം തന്നെ ആയിരിക്കുമോ?"

അയാൾ ഭാര്യയെ നോക്കി. അവർ തമ്മിൽ ഒരു സംവാദം തന്നെ നടന്നു. എനിക്കു് ആ സംവാദമെന്താണെന്നറിയാൻ കഴിഞ്ഞില്ല. ആ തക്കത്തിൽ ഞങ്ങളുടെ ദ്വിഭാഷിയും പങ്കെടുത്തിരുന്നു.

സാവധാനത്തിൽ വിക്കിവിക്കി അയാൾ മറുപടി പറഞ്ഞു "ഇപ്പോൾ എനിക്കു തിനയുടെയും കാവോളിയാംഗിൻെറയും കൂടുതൽ നല്ല ഒരു വിളവുകിട്ടും. ഭൂമി എൻേറതു തന്നെയായിരിക്കും."

"ഒരു പക്ഷെ നിങ്ങൾക്കിനിയും കാവോളിയാംഗ് വിളയിക്കാൻ സാധിച്ചില്ലെന്നുവരാം. കോഓപ്പറേററീവുകാർ ഇവിടെ കൃഷി ചെയ്യാനുദ്ദേശിക്കുന്നതു് മറെറാന്നായിരിക്കും. അപ്പോഴും നിങ്ങൾ വിചാരിക്കുന്നതു് ഭൂമി നിങ്ങളുടേതുതന്നെയാണെന്നാണോ?"

കർഷകൻ എൻെറ നേരെ നോക്കി. മറുപടി പറയാൻ അയാൾ കുഴങ്ങുന്നതായി തോന്നി.

"ഞാൻ എൻെറ ഭൂമിയും, വണ്ടിയും കോഓപ്പറേററീവിൽ നിക്ഷേപിച്ചിരിക്കുകയാണു്. കാവോളിയാംഗു് തിനയുമായിരിക്കും ഇനിയും ഇവിടെ കൃഷി ചെയ്യുന്നതു്. ഭൂമി എൻേറതാണു്, വണ്ടിയും എൻേറതാണു്. എൻെറ വണ്ടിക്കു ഒരോഹരി നൽകപ്പെട്ടുമെന്നാണു് എന്നോടു പറഞ്ഞിട്ടുള്ളതു്. കഴിഞ്ഞകൊല്ലം കിട്ടിയതിൽ കൂടുതൽ എനിക്കു കിട്ടുന്നതാണു്."

"മററുള്ളവർക്കുവേണ്ടി ഇങ്ങനെ ബുദ്ധിമുട്ടി ജോലി ചെയ്യാൻ നിങ്ങൾക്കിഷ്ടമാണോ?" ഞാൻ വീണ്ടും ചോദിച്ചു. "പരസ്പരസഹായ തൊഴിൽസംഘം ഏർപ്പെട്ടുത്തിയിരുന്നപ്പോൾ നിങ്ങൾ മററാക്കെങ്കിലും ചെയ്തുകൊടുത്ത വേലയ്ക്കു നിങ്ങൾക്കു പ്രതിഫലം കിട്ടുമായിരുന്നു. ഭൂമി നിങ്ങളുടെ കൈവശം ഇരുന്നി

തന്നു. നിങ്ങളുടെ ഭൂമിയുടെ അതിർത്തി ഇപ്പോൾ എവിടെയാണ്?''

''പരസ്പരസഹായം നല്ലതായിരുന്നു. എന്റെ ജോലികൾക്കും സഹായം ലഭിച്ചിരുന്നു. എന്നാൽ കോഓപ്പറേററീവിൽനിന്ന് എനിക്കു കൂടുതൽ ആദായം ലഭിക്കും. ഞാൻ എന്റെ ഭൂമിയും, വണ്ടിയും മാത്രമാണ് നിക്ഷേപിച്ചിട്ടുള്ളതു്. ഭൂമി എന്റേതു തന്നെയായിരിക്കും.''

ജോലിക്കു ഉത്സാഹവും, കർഷകന്റെ നിലയിൽ വന്നിരിക്കുന്ന വ്യത്യാസത്തെപ്പററിയുള്ള പ്രത്യക്ഷമായ അഭിമാനവും ഇവിടെ തെളിഞ്ഞു കാണാമായിരുന്നു. എന്നാൽ നൂററാണ്ടുകാലത്തെ കഷ്ടപ്പാടുകളുടെ ഫലമായി അവരവക്ക് സ്വന്തമായി വന്നുചേർന്ന വസ്തുവകകൾ തുടർന്നു കൈവശം വയ്ക്കാനുള്ള ഒരു ദൃഢനിശ്ചയവും ദർശനീയമായിരുന്നു. കൂട്ടുകൃഷി സമ്പ്രദായത്തിലുള്ള ചൈനീസ് ഗവർമെൻറിന്റെ എല്ലാ പദ്ധതികളിലും ഈ പരിമിതിയെപ്പററിയുള്ള ബോദ്ധ്യം നിഴലിച്ചുകാണാം. കാര്യമായി അവശേഷിക്കുന്ന ഒരു പ്രശ്നമാണിതു്. കർഷകൻ അവന്റെ വസ്തുവകകൾ പൊതുനന്മയ്ക്കായി വിട്ടുകൊടുക്കുവാൻ അവനെ പ്രേരിപ്പിക്കുന്നതിൽ ഗവർമെൻറു് വിജയിക്കുമോ? അതോ ഗവർമെൻറു നിർബന്ധം ചെലുത്തി ശക്തി ഉപയോഗിച്ച് ആ കാര്യം നിർവ്വഹിക്കേണ്ടിവരുമോ?

## 3

# ഹ്വായി നദീതടപദ്ധതി

ഹ്വായിനദിയുടെ വിസ്തൃതമായ വെള്ളപ്പരപ്പിൽ ഞങ്ങൾ കയറിയ വിനോദയാത്രാബോട്ട് വളഞ്ഞും തിരിഞ്ഞും മന്ദഗതിയിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. ചൈനായുടെ ഉൾപ്രദേശത്തുള്ള വിശാലമായ മൈതാനപ്രദേശങ്ങളെ പോഷിപ്പിച്ചുകൊണ്ടും, എന്നാൽ പലപ്പോഴും അവയെ ആശ്രയിച്ചുകഴിയുന്ന ജനലക്ഷങ്ങളെ അഗാധമായ വേദനയിൽ താഴ്ത്തിക്കൊണ്ടും പ്രവഹിച്ചുകൊണ്ടിരിക്കുന്ന മൂന്നു മഹാനദികളാണ് ഹ്വായിയും യാംഗ്സെയും യെല്ലോയും. അവിടെ അധിവസിച്ചുകൊണ്ടുവന്ന പുരാതന ജനസമുദായത്തിന് ദുരിതത്തിന്റെയും ദാരിദ്ര്യത്തിന്റെയും നടുവിൽ ജീവിക്കുന്നതിനുള്ള മൃദുലകല നല്ലവശമാണ്. ആ സാഹചര്യം ഇന്നും അവിടെ തുടരുകയാണ്, ഇപ്പോൾ ഒരു പുതിയ മാരുതൻ അവിടെ വീശിക്കൊണ്ടിരിക്കുന്നു. യുഗാന്തരങ്ങളിലെ പൊടിപടലം തുത്ത് വാരിക്കളഞ്ഞു സൗഭാഗ്യത്തിനുവേണ്ടി ആരാഞ്ഞുനടക്കുന്ന മനുഷ്യാത്മാവിന്റെ ആവരണം മാററിക്കാണിക്കുകയാണ് ആ മാരുതൻ.

സ്വന്തം ജീവിതത്തിന് മറെറാരു രൂപം കൊടുത്തുകൊണ്ടിരിക്കുന്ന ഒരു ജനതയുടെ വീര്യം എനിക്കു നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞു. പുതിയ ഗാനങ്ങളുടെ താളത്തിനൊത്തു മാർച്ചു ചെയ്തുകൊണ്ടിരുന്ന അനേകം യുവജനങ്ങളുടെ ഉത്സാഹം എനിക്കു കാണുവാൻ കഴിഞ്ഞു. വേല ചെയ്യുവാനും, നിർമ്മാണം സാധിക്കുവാനുമുള്ള അവരുടെ ദൃഢനിശ്ചയം ഞാൻ കണ്ടു. എന്തൊരന്തിമലക്ഷ്യത്തിലേക്കാണീ ബുദ്ധിമുട്ടുകളെന്ന് ഞാൻ വിസ്മയം പൂണ്ട് സ്വയം ചോദിച്ചു. വിശപ്പിൽനിന്നുള്ള സ്വാതന്ത്ര്യം മാത്രമാണോ ഒരു മനുഷ്യജീവിയുടെ ആവശ്യം. സംതൃപ്തമായ ഒരു വയറുകൊണ്ട് എന്തു പ്രയോജനമാണുള്ളത്, നിങ്ങളുടെ മനസ്സിന് പ്രപഞ്ചത്തിന്റെ അജ്ഞാത വീഥികളിലേയ്ക്കു പറന്നെത്തുവാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ. നിങ്ങളുടെ കണ്ണുകൾക്ക് പുതിയ രൂപങ്ങൾ കാണാനും പുതിയ സൗന്ദര്യം ആസ്വദിക്കാനും കഴിവില്ലെങ്കിൽ എനിക്ക് ആ പ്രശ്നത്തിന്

ഉത്തരം നൽകാൻ സാദ്ധ്യമല്ല. കാരണം ഞാൻ വിശപ്പെന്താണെന്നറിഞ്ഞിട്ടില്ല. എന്നാൽ വിശപ്പ് വനാന്തരത്തിലെ നിയമമാണെന്നെനിക്കറിയാം.

ഹ്വവായിനദിതീരങ്ങളിലും, പീക്കിംഗിൽനിന്ന് അനേകം മൈൽ വിദൂരമായി സ്ഥിതിചെയ്യുന്ന മററു പ്രദേശങ്ങളിലും ഈ മഹാരാജ്യത്ത് അധിവസിക്കുന്ന ജനലക്ഷങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തെ കാണുവാനും, അവരെ ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളെ അറിയുവാനും കഴിയും. അവരെയെല്ലാം ഞങ്ങൾക്കു ചുററും കാണാം. ചിലർ അവരുടെ ചീനക്കപ്പലുകളിൽ താമസിക്കുകയും അദ്ധ്വാനിക്കുകയും ചെയ്യുന്നു. മററുള്ളവർ അവരുടെ ചെറിയ കൃഷിഭൂമികളിൽ പണിയെടുക്കുന്നു. ലോകത്തിൽ മറെറാരിടത്തും കാണാത്തവണ്ണം അവർ ബുദ്ധിമുട്ടി വേല ചെയ്യുന്നു. കൊച്ചുകുട്ടികൾ നദീതീരത്തുകൂടെ അവരുടെ ശക്തി മുഴുവൻ ഉപയോഗിച്ച് നദിയിൽ കിടക്കുന്ന ചീനത്തോണികൾ വലിച്ചുകൊണ്ടുപോകുന്നത് കാണാം. തോണിയിൽ കെട്ടിയിട്ടുള്ള കയറിൻെറ മറെറ അററം ഒരു തടിക്കമ്പിൽ കെട്ടിയിരിക്കും. ആ തടിക്കമ്പിൽ കുട്ടികൾ കുനിഞ്ഞുപിടിച്ചുവലിക്കുകയാണ്. ഒരു പുരുഷനും അയാളുടെ മകനും കരണ്ടുകണ്ട വയലിൽ കലപ്പ വലിക്കുന്നതു കാണാം. ആ വയലിൽനിന്നുള്ള ഉല്പാദനമാണ് ആ വയലിനപ്പുറത്തു കാണുന്ന ഗ്രാമവാസികളുടെ ജീവനെയോ, മരണത്തെയോ നിർണ്ണയിക്കുന്നത്. ഇതായിരുന്നു ചൈന. പുതിയ വിപ്ളവം ജനലക്ഷങ്ങളെ ദാരിദ്ര്യത്തിലേക്കു് ബന്ധിച്ചുനിറുത്തുന്ന നുകം അഴിച്ചുകളയാൻ പര്യാപ്തമാകുന്നില്ലെങ്കിൽ ചൈനാ എന്നും ഈ സ്ഥിതിയിൽ തന്നെ തുടരും.

ആയിരം കൊല്ലങ്ങളിലധികം ഈ ദുർവഹമായ ഭാരത്തിൽനിന്നു് മുക്തിനേടുവാനുള്ള പ്രത്യാശകൾ ഒന്നും കാണാതെ കഴിഞ്ഞുകൂടി. ഭൂമി ഫലഭൂയിഷ്ടമായിരുന്നു. സുശക്തമായ മഹാ നദികൾ അവയെ പരിപോഷിപ്പിച്ചു വന്നതോടെ ഒരു വെല്ലുവിളിയെന്ന നിലയിലും വർത്തിച്ചു. മററുള്ള ജനങ്ങളിൽ നിന്നു് വേർപെട്ട്, പുറത്തെ ലോകത്തു നടക്കുന്ന പരിവർത്തനരൂപാന്തരങ്ങളുടെ സ്വാധീന വലയത്തിൽനിന്നെല്ലാം മാറി അവർ കഴിഞ്ഞുകൂടി. അവരുടെ സാമൂഹ്യജീവിതം നിശ്ചലമായിനിന്നു. മനുഷ്യൻ അവൻെറ ഭൂതകാലത്തെ കെട്ടിപ്പിടിച്ച് സമാധാനവും, ഭദ്രതയും നേടിക്കഴിഞ്ഞു. രാജവംശങ്ങൾ വന്നും പോയുമിരുന്നു. ചൈനീസ്കർഷകനും ഇതിലൊന്നും ഒരു കാര്യവുമില്ലാത്തതുപോലെ, അലക്ഷ്യമായ അലസതയിൽ ജീവിച്ചു. പൂർവ്വികന്മാരെയുള്ള ആരാധനയിലും, പിതൃഭക്തിയിലും, ഭരണാധികാരികളെ കൺഫ്യൂഷ്യസിൻെറ സിദ്ധാന്തപ്രകാരം

ഉള്ള അനുസരണത്തിലും കർഷകൻ ബന്ധിതനായിരുന്നു. എ. ഡി. നാലാം ശതകത്തിലും, അഞ്ചാംശതകത്തിലും രാജ്യമാസകലം വ്യാപിച്ച ബുദ്ധമതം ജനങ്ങളുടെ ജീവിതരീതിയെ മാററാൻ അപര്യാപ്തമായി ഭവിച്ചു. സ്വയനിർവാണം പ്രാപിക്കാൻ ഇറങ്ങിത്തിരിച്ച രാജകുമാരനായ ശ്രീ ബുദ്ധൻ ഈശ്വരൻെറ അനന്തമായ പ്രഭാഗോളമായിത്തീർന്നു. കൺഫ്യൂഷ്യസിൻെറ തീവ്രമായ ധർമ്മസംഹിതകൾക്ക് ശ്രീ ബുദ്ധൻ ശക്തി പ്രദാനം ചെയ്തു. പൂർവ്വന്മാരുടെ യാഗപീഠത്തിൽ ആത്മാർപ്പണം നടത്തുവാനാണ് കൺഫ്യൂഷ്യസ് പഠിപ്പിച്ചത്. സർവ്വജനങ്ങളുടെയും പരമപിതൃസ്ഥാനം രാജാവിനു ലഭിച്ചു. അനേകലക്ഷങ്ങൾ പ്രഭുക്കന്മാരുടെ അടിമത്വം അംഗീകരിച്ച് ഭൂമിയിൽ വേലയെടുത്ത് ജീവിച്ചുപോന്നു. സർവ്വ രാഷ്ട്രീയാധികാരങ്ങളും ഈ ഇടപ്രഭുക്കന്മാരിലാണ് നിക്ഷിപ്തമായിരുന്നത്. പഴഞ്ചനായിത്തീർന്ന പാരമ്പര്യങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും വിമുക്തമാകുവാൻ കഴിയാതെ ജനങ്ങൾ നിസ്സഹായതയിൽ കഴിഞ്ഞുപോന്നു.

എന്നാൽ നവീന ചൈനാ ഈ നിലയെല്ലാം മാററി. ഭൂതകാലത്തെ ചങ്ങലകളിൽനിന്നും കർഷകൻ വിമോചിതനായി. സാമൂഹ്യജീവിതം ആകമാനം ഉടച്ചുവാർക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ജാക്ക്ബെൽഡൻ പറയുന്നതുപോലെ "ഭൂഉടമ ബന്ധം തട്ടിമറിച്ചുകൊണ്ടുള്ള ചൈനായിലെ പുതിയ സംഭവകഥകൾ ഈ പുരാതന രാജ്യത്ത് ഉദയംചെയ്തിരിക്കുന്ന ഒരു നവീന യുഗത്തിൻെറ വിജ്ഞാന സമ്പന്നമായ ഉദാഹരണങ്ങളാണ്." ഒരു കഷണം ഭൂമിയുടെ ഉടമസ്ഥത ലഭിച്ചതിലുള്ള കർഷകൻെറ ആനന്ദവും ഈ പരിവർത്തനം സാദ്ധ്യമാക്കിയ കമ്മ്യൂണിസ്റ്റ് പാർട്ടിയിലുള്ള അവൻെറ വിശ്വാസവും അഭിമാനവും എനിക്ക് സ്പർശിച്ചറിയാവുന്നതുപോലെ സുവ്യക്തമായിരുന്നു. അവൻെറ നട്ടെല്ല് വളയാതെയാണ് അവൻ നടന്നത്. നിങ്ങളുടെ നേരെ അവൻ നോക്കുമ്പോൾ അവൻെറ കണ്ണുകൾ തിളങ്ങി. അവൻെറ ഭാര്യയും, മകളും ഈ പ്രതാപബോധത്തിൽ പങ്കാളികളായിരുന്നു. അവരുടെ വീട്ടിനുള്ളിൽ ഗ്രാമപ്രഭുവിൻെറ കാമാന്ധമായ ദൃഷ്ടികളിൽനിന്ന് തങ്ങളുടെ ശരീരങ്ങളെ ഒളിച്ചു വയ്ക്കുവാൻ അവർ മൂലകളിൽ ഒളിച്ചു കഴിയേണ്ട കാര്യമൊന്നുമില്ല ഇപ്പോൾ. ദുർഗ്രാഹ്യമായ ഒരു ബുദ്ധൻെറ മുമ്പിൽ മഞ്ഞക്കുപ്പായ ധാരികളായ പുരോഹിതർ സുഗന്ധദ്രവ്യങ്ങൾ പുകക്കുന്ന പതിവ് ക്ഷേത്രങ്ങളിൽനിന്നും അപ്രത്യക്ഷമായി. നവീന ചൈനാ അവളുടെ ഭാഗധേയത്തെ നിർണ്ണയിക്കുവാൻ നവീന നേതാക്കന്മാരോടുകൂടിയാണ് രംഗപ്രവേശം ചെയ്തിരിക്കുന്നത്. യുഗാന്തരങ്ങളിൽ തറച്ചുകൂടിയ

കീടം തകർത്തു മാററുന്നതു വളരെ ശ്രമകരമായ ഒരു കൃത്യമായിരുന്നിരിക്കണം.

ചൈനായിലെ ജനലക്ഷങ്ങൾക്കു ഭൂമിവികാരനിർഭരത്വം പ്രദാനം ചെയ്യുന്ന ഒരു സമ്പാദ്യവസ്തുവാണു്. അതെന്തുകൊണ്ടാണെന്നു മനസ്സിലാക്കുവാൻ വിഷമമുള്ളതല്ല. വസന്തകാലത്തെ മഴയുള്ള ഒരു ദിനത്തിൽ ഞാൻ ഈ വിനോദയാത്രക്കപ്പലിൽ ഇരുന്നപ്പോൾ ഒരു തണുത്ത കാററു് ചക്രവാളം കാണുവാൻ കഴിയാത്ത ആ മൈതാനപ്രദേശത്തു് ഊതിക്കൊണ്ടിരുന്നു. വളഞ്ഞുതിരിഞ്ഞൊഴുകിക്കൊണ്ടിരുന്ന നദി ഒരു ജലക്കയററിൻെറ പ്രതീതിയാണു് ഈ പ്രകൃതിചിത്രത്തിനു് നൽകിയതു്. അങ്ങുമിങ്ങുമുള്ള ഭൂശകലങ്ങളെ കെട്ടിയിണക്കിയിരിക്കുന്ന കയറു് ഞങ്ങളുടെ ചെറിയ നദീവാഹനം ജനിപ്പിച്ച കല്ലോല തല്ലജങ്ങൾ നദീജലവും കരയും യോജിക്കുന്ന അതിർത്തിപ്രദേശങ്ങൾക്കു രൂപഭേദംവരുത്തി. ഭൂമി ഉറപ്പിൻെറ ചിഹ്നമായിരുന്നതുകൊണ്ടു് ജീവനും പ്രത്യാശയും ജനതക്കു പ്രദാനം ചെയ്തു. ജീവിതത്തോടുള്ള പ്രിയവും, മരണത്തെക്കുറിച്ചുള്ള ഭയവും ഭൂമിയെ പററിപ്പിടിച്ചു കിടക്കുവാൻ കർഷകനു പ്രേരണനൽകി. ഭൂമിയുടെ ഉറപ്പിൽ കാലൂന്നിക്കൊണ്ടു് അതിനുവേണ്ടി സമരം ചെയ്യുവാൻ അവനു കഴിഞ്ഞു. അവൻെറ ജീവിതരീതിക്കു പരിവർത്തനം ഉണ്ടായി. എന്നാൽ അവൻെറ ചെറിയ ഗ്രാമത്തിൻെറ അതിർത്തികൾക്കപ്പുറം സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണെന്നുള്ളതിനെപ്പററി അവനു് ബോധമുണ്ടാകത്തക്കവിധം അവൻെറ മനോഭാവത്തിന് മാററമുണ്ടായോയെന്നു് ഞാൻ സംശയിക്കുന്നു. അന്നന്നത്തെ ദിവസത്തിനുവേണ്ടിയാണു് അവൻ ജീവിച്ചുവന്നതു്. രാഷ്ട്രീയക്കാരും, പുരോഹിതന്മാരും വാഗ്ദാനം ചെയ്യുവാൻ ഉൽക്കണ്ഠകാണിക്കുന്ന അനേക "നാളെ" സംബന്ധിച്ചു് അവനു യാതൊരു വിശ്വാസവും ഉണ്ടായിട്ടില്ല. ആരും ഉപദ്രവിക്കാതെ തനിയെ വിട്ടേക്കണമെന്നു മാത്രമാണു് അവനു് ആവശ്യമുണ്ടായിരുന്നതു്. ഇപ്പോൾ അവനു് പ്രിയപ്പെട്ടിരുന്ന ഭൂമി അവൻെറ കൈവശം വന്നുചേർന്നതുകൊണ്ടു് അവനു മററെന്താണു് മോഹിക്കാനുള്ളതു്? നാലായിരം കൊല്ലങ്ങൾക്കുമുമ്പു് ഒരു ചൈനീസ് കവി ഇങ്ങനെ എഴുതി.

പ്രഭാതം മുതൽ
അസ്തമനസൂര്യൻെറ അരുണിമവരെ
ഞാൻ അദ്ധ്വാനം ചെയ്യുന്നു.
എൻെറ കിണറു ഞാൻ കുഴിക്കുന്നു.
എൻെറ വയൽ ഞാൻ ഉഴുന്നു.
എൻെറ ഭക്ഷണം ഞാൻ സമ്പാദിക്കുന്നു.
കുടിക്കാനുള്ളതും.

എന്തിനു് ഞാൻ വിചാരപ്പെടണം
ആരു ഭൂമി ഭരിക്കുന്നുവെന്നു്,
എനിക്കു
സ്വൈരത ഉണ്ടായിരിക്കുമെങ്കിൽ.

അനേക ശതാബ്ദങ്ങളായി ചൈനീസ് കർഷകനെ ഇട പ്രഭുക്കന്മാരുടെ ദുരാഗ്രഹങ്ങൾക്കു് വിധേയനായി വിട്ടിരിക്കയായിരുന്നു. ഇന്നാകട്ടെ അവനു സ്വൈരതവേണമെങ്കിൽ അവന്റെ ഭരണകർത്താക്കൾ കെട്ടിപ്പണിയുവാൻ ബദ്ധപ്പെടുന്ന സാമൂഹ്യ വ്യവസ്ഥിതിയെ തകിടംമറിക്കുന്ന അപകടത്തിലേക്കു മാറേണ്ടിവരും. ഘോഷയാത്രകളിൽ അവൻ മാർച്ചു് ചെയ്തുപോകാൻ ഉത്തരവു കിട്ടുമ്പോൾ പൊയ്ക്കൊള്ളണം. പഞ്ചനക്ഷത്രങ്ങൾ പതിച്ച ചെങ്കൊടി വീശാൻ ആജ്ഞാപിക്കപ്പെടുമ്പോൾ വീശണം. മന്ദമായിട്ടാണെങ്കിലും സുനിശ്ചിതമായിട്ടു കറങ്ങിക്കൊണ്ടിരിക്കുന്ന കമ്യൂണിസമാകുന്ന വൻപല്ലുചക്രത്തിലെ ഒരു പല്ലായി സ്ഥിതിചെയ്യാനുള്ള മുറകൾ എല്ലാം അവൻ അഭ്യസിക്കുകയാണു്. പൊതുനന്മ എന്നു വിളിക്കപ്പെടുന്ന എന്തിനോ വേണ്ടി മററു പല ചുമതലകളും വഹിക്കുവാൻ അവൻ സന്നദ്ധനായിരിക്കണം. അവനും അവന്റെ കുടുംബാംഗങ്ങൾ മുഴുവനും മണിക്കൂറുകൾ ഘോഷയാത്രകളിൽ മാർച്ചുചെയ്തുകൊണ്ടു പോകുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. മുഷിഞ്ഞു് ഒടിഞ്ഞുമടങ്ങിയ കുറെ കറൻസിനോട്ടുകളും അവന്റെ കയ്യിൽ പിടിച്ചിരിക്കും. "കൊറിയാ സഹായ"ഫണ്ടിനോ "അമേരിക്കൻ നിരോധ"ഫണ്ടിനോ ഉള്ള അവന്റെ സംഭാവനയാണതു്. ഈ കഷ്ടപ്പാടെല്ലാം സഹിക്കുന്നതു് അവനു കയ്യിൽ കിട്ടിയ ഒരുതുണ്ടു ഭൂമിയെപ്പററിയുള്ള അവന്റെ ആനന്ദത്തിനുവേണ്ടി പ്രത്യുപകാരമായിട്ടാണു്. ജനങ്ങളുടെ വിമോചനസമരത്തിൽച്ചേർന്നു അവൻ തോക്കെടുത്തു് സമരകങ്കണനായി. അവൻ എന്നും ഒരു കടപ്പാടിലാണു്. അവന്റെ വയലിലേക്കു് അവൻ ദൃഷ്ടിപതിക്കുമ്പോൾ ഒരു കട്ട മണ്ണു് അവൻ കയ്യിലെടുക്കുകയാണു്. അതിന്റെ തരികൾ അവന്റെ കയ്യിൽ സ്പർശിക്കുമ്പോൾ അവൻ ആനന്ദതുന്ദിലനാകുന്നു. അവന്റെ ഭൂമി അവനു് സ്വന്തമാക്കിത്തന്ന ആളുകൾക്കു വേണ്ടി അവൻ എന്തുംചെയ്തുകൊടുക്കാൻ സന്നദ്ധനാണു്. എന്നാൽ ഈ കൃതജ്ഞതാബോധം എത്രനാൾ നീണ്ടുനിൽക്കും. കർഷകൻ പ്രകൃത്യാ വ്യക്തിസിദ്ധാന്തക്കാരനാണു്. എന്നാൽ ഇനിയും മററുപദ്രവങ്ങൾ ഒന്നുമില്ലാതെ സ്വൈരമായി കഴിഞ്ഞുകൂടാൻ അവനു് സാദ്ധ്യമല്ല.

ഞാൻ ഹുവായി നദിയിൽക്കൂടെ സഞ്ചരിച്ചതു് കൈവശാവകാശബോധത്തിന്റെ തിരത്തള്ളലിൽ പ്രേരിതമായ ഒരു ബഹുജനപ്രസ്ഥാനത്തെ നേരിട്ടു കണ്ടറിയുവാനായിരുന്നു. ഈ താഴ്വര

കളിൽ അധിവസിക്കുന്ന ജനലക്ഷങ്ങളെ ഉദ്ധരിക്കുന്നതിനു് പര്യാപ്തമായ ഒരു വൻപദ്ധതിയിൽ സഹകരിക്കുവാൻ സ്ത്രീപുരുഷന്മാരായി 20 ലക്ഷം ആളുകളാണു് മുമ്പോട്ടു വന്നിരിക്കുന്നതു്. ഒരു വിവിധോദ്ദേശസംരംഭമായിരുന്നു് ഇതു്. ചൈനായിലെ മഹാനദികൾ ഒട്ടും അസൂയാർഹമല്ലാത്ത പേരു സമ്പാദിച്ചിട്ടുണ്ടു്. ചൈനായുടെ മഹാദുഃഖമെന്നു. ഇവയെ നിയന്ത്രണത്തിലാക്കി അവയുടെ ജലം, കാർഷികവ്യവസായസംരംഭങ്ങൾക്കു വിനിയോഗിക്കാനുള്ള പദ്ധതിയായിരുന്നു അതു്. ഞങ്ങളുടെ കൂടെ ഈ പദ്ധതിയുടെ മുഴുവൻ ചാർജ്ജ് വഹിച്ചിരുന്ന ഒരുവനിത ഉണ്ടായിരുന്നു. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയരായിരുന്നു അവർ. പീക്കിംഗിൽവച്ചു ഗവർമെൻറിൽ വളരെ ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്ന അനേകം സ്ത്രീകളെ ഞാൻ കണ്ടുമുട്ടി. ആരോഗ്യവകുപ്പുമന്ത്രിയും, നീതിന്യായവകുപ്പ് ഡെപ്യൂട്ടിമന്ത്രിയും സ്ത്രീകളായിരുന്നു. വിമോചിതരായ ചൈനീസ് വനിതാലോകത്തിൻെറ പ്രശസ്ത മാതൃകകളായി ശോഭിച്ചിരുന്ന മററനേകം മഹതികളെയും ഞാൻ കണ്ടിരുന്നു. ചാരവർണ്ണത്തിലുള്ള താഴ്ന്നതരം പഞ്ഞിവസ്ത്രങ്ങൾകൊണ്ടുള്ള സൺയാററു് സെൻസൂട്ടിലാണു് അവർ നടന്നിരുന്നതു്. വെട്ടിനിറുത്തിയ അവരുടെ തലമുടി ചീകി പുറകോട്ടു വച്ചു് ബോബ് ക്ലിപ്പുകൾ കൊണ്ടു് ഉറപ്പിച്ചിരുന്നു. കൃത്രിമങ്ങളായ ശോഭവർദ്ധനദ്രവ്യങ്ങളൊന്നും ആനക്കൊമ്പിൻെറ നിറമുള്ള അവരുടെ ചർമ്മത്തിൽ പുരട്ടിയിരുന്നില്ല. ഉഗ്രമായ ഭാവവും, കർത്തവ്യ നിർവഹണത്തിലുള്ള ഉൽസാഹവും. കാര്യം സാധിക്കാനുള്ള വ്യഗ്രതയും അവരുടെ പോക്കിൽ ദൃശ്യമായിരുന്നു.

ഞങ്ങളെ അനുഗമിച്ചിരുന്ന സ്ത്രീകളായ മൂന്നു ദ്വിഭാഷികളും, പ്രതിനിധി സംഘത്തിൻെറ കൂടെ സഞ്ചരിച്ചിരുന്ന വിദേശ കാര്യാലയത്തിലെ ചെറുകിട ഉദ്യോഗസ്ഥകളും എല്ലാം വളരെ ഗൗരവഭാവത്തോടു കൂടിയാണു് അവരുടെ കൃത്യനിർവഹണം നടത്തിക്കൊണ്ടിരുന്നതു്. അപൂർവമായിട്ടു പോലും ഒരു പുഞ്ചിരി തൂകുവാൻ അവർ സ്വയം അനുവദിച്ചിരുന്നില്ല. അവർ ചെറിയവരായിരുന്നു. കോട്ടൺ തുണികൾകൊണ്ടുള്ള സൂട്ടാണു് അവരും ധരിച്ചിരുന്നതു്. പുറംകുപ്പായത്തിൻെറ ബട്ടൻ ഇടാതെ തുറന്നിട്ടിരുന്നതുകൊണ്ടു് അവരുടെ ലളിതമായ ഷർട്ടുകൾക്കു പൊടിപിടിച്ച മററു കുപ്പായങ്ങളേക്കാൾ ആകർഷണീയത തോന്നി. അവരുടെ മുഖം വിളറിയും ഉഗ്രഭാവത്തോടു കൂടിയും, അവരുടെ തലമുടി പുറകോട്ടു ചീകി ബോബ്പിൻ കുത്തിയും ഇരുന്നതിനാൽ കർത്തവ്യ നിഷ്ഠയുടെ ഒരു രൗദ്രത തോന്നിച്ചു. ദുർലഭമായി ചിലപ്പോൾ നിറമുള്ള ഒരു സിൽക്കു തൂവാല കഴുത്തിൽ ചുററിയതു് ചൈനീസു് വനിതകൾ പണ്ട

ത്തെപ്പോലെ തന്നെ ഇപ്പോഴും അവരുടെ വർണ്ണമോഹനമായ സിൽക്കു തുണികൾ ഇഷ്ടപ്പെട്ടുവെന്നു് അനുസ്മരിപ്പിച്ചു. എൻെറ പ്രഥമ സന്ദർശനത്തിൽ എൻെറ ദ്വിഭാഷിയായി സഞ്ചരിച്ച ഒരു സ്ത്രീയെപ്പററി ഞാൻ ഓക്കുന്നു. അവർ വളരെ ഗൗരവഭാവമുള്ള ഒരു യുവതി ആയിരുന്നു. നല്ല ഭംഗിയുള്ള വസ്ത്രങ്ങളിലോ, മററു വിനോദങ്ങളിലൊ യാതൊരു ശ്രദ്ധയും അവൾ പ്രദർശിപ്പിച്ചു കണ്ടില്ല. ഒരിക്കൽ ഞാൻ അവളോടു ചോദിച്ചു, അവക്കു് ആകർഷണീയമായ വസ്ത്രങ്ങൾ ധരിക്കാൻ ഇഷ്ടമില്ലെയെന്നു്. അവളുടെ മറുപടി ചുറുക്കുള്ളതും സമർത്ഥവുമായിരുന്നു. "ഞങ്ങളുടെ രാജ്യത്തിനു് കഴിവുണ്ടാകുന്ന അവസരത്തിൽ ഞങ്ങൾ ഭംഗിയുള്ള വസ്ത്രം ധരിക്കും". ഷാംഗ്ഹായിൽ വച്ചു് ഒരിക്കൽ ഒരു സുഖവും ഉല്ലാസവും തോന്നിയ സമയം അവളുടെ നേരെ തിരിഞ്ഞു് ഒരു നൃത്തപ്പാട്ടിൻെറ രാഗം മൂളി. ചൈനാക്കാക്കു് നൃത്തത്തിൽ വളരെ കൗതുകമുണ്ടെന്നു് എനിക്കറിയാമായിരുന്നു. വളരെ ഉദാസീനമായ ഒരു നോട്ടമായിരുന്നു അവരുടെ മറുപടി. ബൂർഷ്വാ രസങ്ങളൊന്നും ചൈനാക്കാർക്കു് ഇഷ്ടപ്പെട്ടുന്നില്ലെന്നുള്ള ഒരു ലളിതമായ അനുസ്മരണയായിരുന്നു അവരുടെ ഭാവം. ഞാൻ മൂളിപ്പാട്ടു നിറുത്തി മൂകത അവലംബിക്കേണ്ടിവന്നു. സ്ത്രീകൾക്കു സഹജമായുള്ള മൃദുലതയും, ലജ്ജയും ചൈനായിൽ നിന്നു് അപ്രത്യക്ഷമായിരിക്കയാണു്. ഒരു മാർദ്ദവമായ ഹൃദയത്തെപ്പോലും കട്ടപ്പമുള്ളതാക്കിത്തീർക്കുവാൻ ഒരു വിപ്ളവസംരംഭത്തിനു കഴിയണം. അല്ലെങ്കിൽ അതു് പരാജയപ്പെടുക തന്നെ ചെയ്യും.

എന്നാൽ ഈ സ്ത്രീ എഞ്ചിനീയർ ഒരു ആജ്ഞാശക്തിയും ഭരണശേഷിയും പ്രകടിപ്പിച്ച ഒരു വ്യക്തിയായിരുന്നു. അവളുടെ അധികാരത്തിൻ കീഴിൽ ആയിരക്കണക്കിനു് ആളുകൾ പ്രവൃത്തി ചെയ്തിരുന്നു. അവരെയെല്ലാം സംഘടിപ്പിക്കയും നിയന്ത്രിക്കയും ചെയ്തതു് ആ സ്ത്രീ ആയിരുന്നു. ഒരു പഴയ പാർട്ടിപ്രവത്തകയുടെ ആത്മവിശ്വാസവും അധികാര ബോധവും അവൾക്കുണ്ടായിരുന്നു. ചിയെൻ ചിൻ—യെംഗ് 1941—ൽ കമ്യൂണിസ്റ്റു് പാർട്ടിയിൽ ചേർന്നതാണു്. ഷാംഗ്ഹായിൽ അന്നവൾ ഒരു വിദ്യാർത്ഥിനി ആയിരുന്നു. അവിടെ നിന്നു 1942—ൽ വിമോചിത പ്രദേശത്തേയ്ക്കു് അവൾ രക്ഷപ്പെട്ടു. ജപ്പാൻകാരുമായുള്ള യുദ്ധത്തിൽ പങ്കെടുക്കാനാണവൾ പോയതു്. ആറുമൈൽ ഞങ്ങൾ സഞ്ചരിച്ച ആ ബാർജിലെ രണ്ടു ദിവസത്തെ മുഷിഞ്ഞ യാത്രയിൽ ഈ സ്ത്രീയുടെ പുരുഷമായ ശബ്ദത്തിൻെറ ശക്തിയാണു് നിരുന്മേഷതയിൽ നിന്നു് എന്നെ തടഞ്ഞു നിറുത്തിയതു് ബാർജിലെ ഇടനാഴികളിൽ കൂടെയെല്ലാം ഒരു അനായാസതപം പ്രകടിപ്പിച്ചുകൊണ്ടു് അവൾ നടന്നിരുന്നു. പുരുഷന്മാർ ഉപ

KOTTAYAM PUBLIC LIBRARY, KOTTAYAM

യോഗിക്കുന്ന തരത്തിലുള്ള അവളുടെ ചെരിപ്പുകൾ വർണ്ണപ്പകിട്ടുള്ളതും പരുപരുത്തതുമായ കമ്പിളി സോക്ക്സിൻെറ പുറമെ പററിപ്പിടിച്ചിരുന്നു. അവളുടെ നീല കോട്ടൻ ട്രൗസർ ഇട്ടുപ്പിൽ ബന്ധിച്ച് മുഴച്ചു നിന്നു. കണങ്കാൽ ഭാഗത്ത് ട്രൗസറിൻെറ അററം അസാധാരണമായ വിധം നീളം കുറഞ്ഞതാണ് കണ്ടതു്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അവളെപ്പററിയുള്ള മതിപ്പും ആദരവും പ്രകടമായിക്കണ്ടു. അവളുടെ ചുററും അവർ കൂടി അവൾ പറയുന്നതെല്ലാം സേവപിടിക്കുന്ന മാതിരി കണ്ണുകൾ മിഴിച്ചു ശ്രദ്ധിച്ചു കേൾക്കുന്നതു് കാണാം. അഴകിൻെറ ഭാവമൊന്നും അവളിൽ ദൃശ്യമായിരുന്നില്ല. അവളുടെ ചെകിട്ടത്തെ എല്ലു പൊങ്ങിയ മുഖവും മുള്ളൻ തലമുടിയും, പുറത്തേയ്ക്കു് ഉന്തിനിന്ന പല്ലും വിസ്താരമുള്ള വായും നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നെങ്കിൽ അവളുടെ ശങ്കാരഹിതമായ ആത്മവിശ്വാസം കൊണ്ടുമാത്രമാണു്. ചിരിയുടെയും, കോപത്തിൻെറയും ലാഞ്ഛനകൾ അവളുടെ കണ്ണുകളിൽ മാറി മാറി പ്രത്യക്ഷപ്പെടും. കമ്മ്യൂണിസ്റ്റും വിശ്വാസത്തിലുള്ള ദൃഢബോദ്ധ്യത്തിൽ നിന്നുൽഭവിച്ച അവളുടെ ഔദ്ധത്യം മൂലം അവൾ കേവലം ഒരു സാധാരണക്കാരിയോ, ഒരു എഞ്ചിനീയറോ മാത്രമല്ലെന്നു തോന്നിക്കുമായിരുന്നു. ഞാൻ ജിജ്ഞാസാഭരിതനായി.

ഒരു ദിവസം ഏഴുമണിക്കൂർ തുടർച്ചയായി ഹ്വവായി നദി പദ്ധതിയെപ്പററി അവൾ ഞങ്ങളോടു സംസാരിച്ചു. ഉച്ചഭക്ഷണത്തിനും, ചായയ്ക്കും മാത്രം ഏതാനും സമയത്തെ വിരാമമുണ്ടായിരുന്നു. അവൾ പറഞ്ഞു "പിന്തിരിപ്പന്മാരായ കുമിന്താങ്ങിൻെറ ഒൻപതുകൊല്ലത്തെ ഭരണത്തിൽ ഈ പ്രദേശത്തെ ജനങ്ങൾ ഭയങ്കരമായ ജലപ്രളയനാശങ്ങൾ സഹിച്ചുകൊണ്ടിരുന്നു. അമ്പതു ലക്ഷം ആളുകൾ മൃതിയടഞ്ഞു. ഈ അത്യാഹിതം തടഞ്ഞു നിറുത്താനുള്ള ഒരു ആത്മാർത്ഥമായ പ്രയത്നം മാവോ സെ-തുംഗിൻെറയും കമ്മ്യൂണിസ്റ്റുപാർട്ടിയുടെയും നേതൃത്വത്തിൽ മാത്രമേ നടത്താൻ കഴിഞ്ഞുള്ളു. 1938-ൽ ഈ പിന്തിരിപ്പന്മാർ എല്ലാ നദിയിലുമുണ്ടായിരുന്ന ചിറകൾ പൊളിച്ചുവിടുകയായിരുന്നു ചെയ്തതു്. ആ നദിയുടെ ഒഴുക്ക് മറെറാരു വശത്തേയ്ക്കു മാറി വെള്ളം ഹ്വവായി നദിയിൽ വന്നുകൂടി. ഹ്വവായിൽ വെള്ളം നിറഞ്ഞു കവിഞ്ഞു. യെല്ലോ നദിക്കും ഹ്വവായിക്കും മദ്ധ്യേയുള്ള പ്രദേശം മുവഴവൻ വിസ്തൃതമായ ഒരു തടാകമായി മാറി."

പിന്തിരിപ്പന്മാരോടു വെറുപ്പും വിദ്വേഷവും വിവരം കുറഞ്ഞവരുടെ മനസ്സിൽ സൃഷ്ടിക്കാൻ ഇങ്ങനെയുള്ള പ്രസ്താവനകൾ കൊണ്ടു് എളുപ്പം സാധിക്കുമായിരുന്നു. നിർലജ്ജം യഥാർത്ഥ സ്ഥിതിഗതികളെ മറച്ചുവയ്ക്കുന്ന പ്രസ്താവനകളായിരുന്നു അവ. എന്നാൽ ചൈനായിലെ അടുത്ത കാലത്തെ ചരിത്രത്തെപ്പററി

അറിവുള്ളവരെന്നു് ഗണിക്കപ്പെടേണ്ട ഒരു വിദേശ സന്ദർശക സംഘത്തെ ഇങ്ങനെയുള്ള പ്രസ്താവനകൾ കൊണ്ടു് മയക്കിവിടാനുള്ള പ്രയത്നത്തിലാണു് എനിക്കു താല്പര്യം ജനിച്ചതു്. ചരിത്രത്തിൻെറ ഈ വിധത്തിലുള്ള വിവർത്തനങ്ങൾ പലതും ഞങ്ങൾക്കു കേൾക്കേണ്ടിവന്നു. ഞങ്ങളോടു പറഞ്ഞുതന്ന കാര്യങ്ങളെപ്പററി ശരിയായ നിഗമനങ്ങളിലെത്തണമെങ്കിൽ ഞങ്ങൾ അത്യധികം ജാഗ്രതാവസ്ഥയിൽ തന്നെ കഴിയേണ്ടിയിരുന്നു. യഥാർത്ഥമെന്തായിരുന്നു. പതിനാലാം ശതാബ്ദം മുതൽ 935 വെള്ളപ്പൊക്കവും വരൾച്ചയും, സാധാരണ ഗതിയിൽ സ്വച്ഛന്ദമായി ഒഴുകിക്കൊണ്ടിരിക്കുന്ന നദിയുടെ തീരങ്ങളിൽ താമസിക്കുന്ന ജനലക്ഷങ്ങളെ കഷ്ടപ്പെടുത്തിയിട്ടുണ്ടു്. "യുവകുമാരി" എന്നാണു് ഈ നദിയെ ജനങ്ങൾ വിളിക്കുന്നതു്. ലോകത്തിലൊരു നദിയേയും ജനങ്ങൾ ഇത്രയധികം സ്നേഹിക്കുന്നില്ലെന്നാണു് പറയേണ്ടതു്. "ഞങ്ങൾ എവിടെ പോയാലും എത്ര ദൂരം പോയാലും ഹ്വവായിപോലെ മറെറാരു സ്ഥലം കാണുകയില്ല" എന്നാണവർ പാടുന്നതു്. എന്നാൽ ഈ നദി അനേക ദുരിതങ്ങളും ദുഃഖങ്ങളും അവർക്കു വരുത്തിയിട്ടുണ്ടു്. അഞ്ചുകോടി ജനങ്ങളുടെ ക്ഷേമം ഈ നദീതീരത്തോടു ബന്ധിച്ചാണു് സ്ഥിതി ചെയ്യുന്നതു്. ചൈനായിൽ ഏററവുമധികം ജനസാന്ദ്രതയുള്ള ഒരു പ്രദേശമാണതു്. അതിൻെറ സമുദ്ധാരണം, ജനങ്ങളുടെ സഹാനുഭൂതിയിലും, സഹകരണത്തിലും അഗാധമായ വേരുകൾ ഉറപ്പിക്കണമെന്നു് ആഗ്രഹിക്കുന്ന ഏതു ഗവർമെൻറിനും, അതിനു് ഒന്നാന്തരം സന്ദർഭം നൽകുകയാണു്. കമ്മ്യൂണിസ്റ്റുകാർ ആ അവസരം ശരിക്കു ഉപയോഗിച്ചു. 1949—ൽ ചൈനീസ് റിപ്പബ്ളിക്കിൻെറ സ്ഥാപനം കഴിഞ്ഞ ഉടനെ മാവോ സെ—തുംഗ് "ഹ്വവായി നദിയെ നിയന്ത്രിക്കണം." എന്നു പ്രഖ്യാപനം നടത്തി.

ഹ്വവായി നദീപദ്ധതി ആധുനിക ചൈനായുടെ എല്ലാ ശക്തികളെയും ബലഹീനതകളേയും തികച്ചും വെളിപ്പെടുത്തുന്നുണ്ടു്. തൊഴിൽചെയ്യാൻ ആളുകളുടെകാര്യത്തിൽ ചൈനാ സമ്പന്നയാണു്. എന്നാൽ സാങ്കേതികസാമർത്ഥ്യമുള്ളവരുടെകാര്യത്തിൽ ദരിദ്രവുമാണു്. ചിറയും തോടുകളും ആണ്ടുതോറും നിർമ്മിച്ചു ജലസേചനം നടത്തുന്ന സമ്പ്രദായമായിരുന്നു ചൈനീസ് കർഷകൻ അവലംബിച്ചു വന്നതു്. ഒരിക്കൽ ചിറപൊട്ടിക്കഴിഞ്ഞാൽ നദി തന്നെ അതിൻെറ തടം ഊതി എടുത്തും എക്കൽകലക്കിയും, ഗ്രാമപ്രദേശങ്ങൾ പ്രളയത്തിനടിയിലാക്കി ഒഴുകി നാശം ചെയ്യുന്നു. കർഷകൻ അവൻെറ നിസ്സഹായതയുടെ ഇരയായി നോക്കിനിൽക്കയല്ലാതെ ഗത്യന്തരമില്ലായിരുന്നു. പൊട്ടിയ ഒരു ചിറ വീണ്ടും ശരിപ്പെടുത്തിക്കൊണ്ടുവരണമെങ്കിൽ ലക്ഷക്കണക്കിനു് ആളുകളെ സംഘടിപ്പിച്ചു് ആ ജോലിയിൽ സഹകരിപ്പി

KOTTAYAM PUBLIC LIBRARY KOTTAYAM

ക്കേണ്ടിയിരുന്നു. അതു സാധിക്കുവാൻ കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞു. അമ്പതിനായിരം കമ്മ്യൂണിസ്റ്റു പാർട്ടി അംഗങ്ങളും ഒരു ലക്ഷം യുവജനസംഘനേതാക്കന്മാരും, ഈ സംരംഭത്തിൽ ആളുകളെ സംഭരിച്ചു സംഘടിപ്പിക്കുവാൻ വിവിധ പ്രദേശങ്ങളിലായി പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. യോഗങ്ങളും, മുദ്രാവാക്യങ്ങളും ഘോഷയാത്രകളും സംഘടിപ്പിച്ചു് നടത്തി ജപ്പാൻകാരുടെയോ തദ്ദേശജന്മപ്രഭുക്കന്മാരുടെയോ ചൂഷണമർദ്ദനങ്ങൾക്കു വിധേയരായിരുന്ന കർഷകരെ പ്ളാറ്റ്ഫോറത്തിൽ കയററി പ്രദർശിപ്പിച്ചു. ഇപ്പോൾ അവക്കു ഭൂമി നൽകിയ ഗവർമെൻറിനെപ്പററി അനുസ്മരിപ്പിക്കുവാനായിരുന്നു അതു്. ഇനിയും അവക്കു ഭൂമി നൽകാൻപ്രയത്നിച്ച ഈ സൈനികഉദ്യോഗസ്ഥസംഘങ്ങൾക്കു വേണ്ടി എല്ലുമുറിയെ പണി എടുക്കേണ്ട കൃതജ്ഞതാഭാരമാണു് അവക്കുള്ളതു്. "കഠിനാദ്ധ്വാനത്തിൽസൗഭാഗ്യം" "കയ്പെങ്കിലും മധുരമായതു്" എന്നൊക്കെ കർഷകരുടെ ചെവിയിൽ മുദ്രാവാക്യങ്ങൾ പതിഞ്ഞു. അവർ ശ്രദ്ധിച്ചു.

72752

ചൌ-ഷാൻ നാൽപ്പത്തിയെട്ടു വയസ്സുള്ള ഒരു ഗ്രാമീണപ്രവർത്തകനായിരുന്നു. മയമില്ലാത്ത ശരീരവും, അദ്ധ്വാനശീലവുമുള്ള ആളാണു് ചൌ-ഷാൻ. കഴിഞ്ഞ മഞ്ഞുകാലത്തു് ഹ്വവായി നദീപദ്ധതി പ്രചാരക സംഘത്തോടുകൂടി അവൻ സഞ്ചരിച്ചു. ആ പദ്ധതിക്കു തൊഴിലാളികളെ ശേഖരിക്കുവാനുള്ള ഒരു സംഘത്തിൽ അവൻ ഗ്രാമങ്ങൾ തോറും യാത്ര ചെയ്തു. കർഷകരുടെ ഒരു യോഗത്തിൽ അവൻ പ്രസംഗിച്ചതിങ്ങനെയാണു് "മുമ്പു നമ്മൾ കഠിനമായ നികുതി ഭാരങ്ങൾക്കു വിധേയമായിരുന്നു. നദികളിലെ ചിറകൾക്കു നാം പണിയെടുത്തതു് ഭൂപ്രഭുക്കന്മാരുടെ വക ഭൂമി സംരക്ഷിക്കാനായിരുന്നു. ഇന്നാകട്ടെ മാവോ നമുക്കു ഭൂമി തന്നിരിക്കുന്നു. എൻെറ കുടുംബത്തിനു് ഇരുപത്തിയൊന്നു മൗ ഭൂമിയുടെ ഉടമസ്ഥതയാണു് ലഭിച്ചിരിക്കുന്നതു്. അതുകൊണ്ടു ഹ്വവായി നദിയിൽ പണി എടുത്തു നമ്മുടെ ഭൂമിയെ സംരക്ഷിക്കണം."

ചിൻഷൂ—ലിംഗ് ഒരു സാധുകർഷകൻെറ മകളായിരുന്നു. അവൾക്കു് ഒൻപതു വയസ്സുമാത്രം പ്രായമുള്ളപ്പോൾ അവളുടെ അച്ഛൻ ജപ്പാൻകാരാൽ വധിക്കപ്പെട്ടു. ഭൂപരിഷ്ക്കാരമനുസരിച്ചു് അവൾക്കു കുറെ ഭൂമി ലഭിച്ചു. അവളുടെ പ്രധാന ജോലി അവളുടെ ഗ്രാമത്തിലുള്ള പുരുഷന്മാരും സ്ത്രീകളുമായ ജോലിക്കാരെ ശേഖരിച്ചുകൊണ്ടു വരുകയായിരുന്നു. അവളും അവളെപ്പോലെ അനേകരും കമിന്താങ്ങിൻെറയും, ഭൂപ്രഭുക്കന്മാരുടെയും മർദ്ദനങ്ങൾക്കു് ഇരയായവരാണു്. ഇപ്പോൾ പുതിയ ഭരണാധിപന്മാരുടെ സജീവ പ്രചാരണപ്രവർത്തകരായി അവർ തീർന്നിരിക്കുന്നു. അവരുടെ സഹായത്തോടുകൂടി 2,200,000 സ്ത്രീപുരുഷന്മാരെക്കൂലിപ്പണിക്കുശേഖരിക്കുവാൻകഴിഞ്ഞു. ഇവരിൽമിക്കവരും

അവരുടെ സ്വന്തം തുമ്പാകൊണ്ടു പണിയെടുത്തിരുന്നു. ശരത്ക്കാലത്തെ കൊയ്ത്തിനും, വസന്തകാലത്തെ കൃഷിയിറക്കിനും ഇടയ്ക്കുള്ള വിശ്രമകാലത്താണ് ഈ പണിയെടുക്കലിനു് അവർ കൂടി വന്നതു്. അവക്കു താമസിക്കാനുള്ള സൗകര്യവും മെഡിക്കൽ ശുശ്രൂഷയും സൗജന്യമായി ലഭിക്കുന്നതിനു പുറമെ നാലു കട്ടി അരിയും പ്രതിദിനം കൂലി ലഭിക്കും. (ഒരു കട്ടി=1.1 റാത്തൽ) ശരാശരി 80 ദിവസം, പ്രതിവർഷം ഇങ്ങനെ പണിയെടുക്കും. കഴിഞ്ഞ രണ്ടു കൊല്ലക്കാലംകൊണ്ടു് 1370 മൈൽ ചിറ അവർ തീർത്തു. കൂടാതെ 540മൈൽ നദീതടം കുഴിച്ചു് ആഴം കൂട്ടി.

എന്നാൽ നദിയുടെ ഗതി വീണ്ടും തുറക്കുക മാത്രമായിരുന്നില്ല അവിടത്തെ ആവശ്യം. ഒഴുകുന്ന വെള്ളം നിയന്ത്രിക്കയും ശേഖരിച്ചു നിർത്തുകയും ആവശ്യമായിരുന്നു. ഹ്വവായിനദിയിൽ വെള്ളം കൊണ്ടുവന്നു് വിടുന്ന ഇരുന്നൂറിലധികം പോഷകനദികൾ ഉണ്ടു്. ഈ പോഷകനദികൾ ആരംഭിക്കുന്ന ഗിരിപ്രദേശങ്ങളിൽ ഇരുപത്തിയൊന്നു റിസർവോയർ പണിതു് അവയിലെ വെള്ളം ശേഖരിക്കണം. മദ്ധ്യതാഴ്‌വരപ്രദേശങ്ങളിൽ ഒരു അണക്കെട്ടു തീർത്തു കഴിഞ്ഞു. തന്മൂലം 13,000 ഘനഗജം വെള്ളം ഒരു സെക്കണ്ടിൽ ഒഴുകിക്കൊണ്ടിരുന്നതു് 6500ഘനഗജമായി കുറഞ്ഞിട്ടുണ്ടു്. ജലശേഖരണസാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ മദ്ധ്യപ്രദേശത്തും, താന്ന പ്രദേശങ്ങളിലും പതിനേഴു തടാകങ്ങൾ കുഴിച്ചു് ആഴം വരുത്തികൊണ്ടിരിക്കുന്നു. വിസ്തൃതമായ ഹംഗ്ചാതടാകവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. അണക്കെട്ടുകൾ, സ്ളീയിസ്‌വാതില്പകൾ, കലുങ്കുകൾ എന്നിങ്ങനെ സാങ്കേതികസാമർത്ഥ്യം ആവശ്യമായിരിക്കുന്ന ഒരു പദ്ധതിയാണിതു്. സാങ്കേതികപരിശീലനമുള്ള 16,000പേർ ഈ പദ്ധതിയിൽ ജോലി എടുക്കുന്നതായി പറയപ്പെടുന്നു. ഇവരിൽ ഫോർമാൻമ്മാർ, എഞ്ചിനീയറിംഗ്‌വിദ്യാർത്ഥികൾ, മേലേകിടയിലുള്ള എഞ്ചിനീയർമാരും ഉൾപ്പെടുന്നു. ഭരണപരമായ ഉദ്യോഗങ്ങൾക്കും മററുമായി ഇവരെ കൂടാതെ 40,000പേർ വേറെയും ജോലി ചെയ്യുന്നുണ്ടു്. ഈ കണക്കുകൾ വിശ്വസിക്കാൻ വിഷമം തോന്നുന്നുണ്ടു്. ഒരു ഒററപദ്ധതിക്കുതന്നെ ഇത്രയും ആളുകളെ നിയോഗിക്കത്തക്കവണ്ണം സാങ്കേതികപരിശീലനം കഴിഞ്ഞവർ ചൈനായിലില്ലെന്നുള്ളതാണു് ആ വൈഷമ്യത്തിനു കാരണം. എന്നാൽ ഒരു "മാതൃകായോഗ്യനായ ജോലിക്കാരനു് "ഏകദേശമായി എഞ്ചിനീയരുടെ സ്ഥാനംതന്നെ നൽകുവാൻ ചൈനായിൽ വലിയ പ്രതിപത്തി കാണുന്നുണ്ടു്. 1950 അവസാനത്തിൽ ഇങ്ങനെയുള്ള "മോഡൽ വർക്കർ"മാരുടെ സംഖ്യ 24,672 ആയിരുന്നുവെന്നും, ഇവരെല്ലാം ഹ്വവായി നദി പദ്ധതിയിൽവച്ചു തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും കാണുന്നു.

സ്ത്രീ ഡെപ്യൂട്ടി എഞ്ചിനിയറായ ചിൻ—യെംന്ത്തന്നെ ഒരു എഞ്ചിനീയർ ബിരുദംനേടിയ ആൾ ആയിരുന്നില്ല. ഷാംഗ് ഹായ് സർവകലാശാലയിൽ അവളുടെ ഡിഗ്രിപരിശീലനകാലത്തിലെ മൂന്നാം കൊല്ലം അവൾ "വിമോചിത പ്രദേശത്തേയ്ക്ക്" ഓടിപ്പോന്നു. എന്നാൽ മാന്ത്രികമായ അവളുടെ സംഭാഷണത്തിൽ ലയിച്ചുപോയ ഞാൻ, അവൾ വിവരിച്ച വിവിധോദ്ദേശ്യ പദ്ധതികളുടെ വിവരങ്ങൾ എല്ലാം യാഥാർത്ഥ്യത്തെക്കാൾ കൂട്ടതലായി പ്രചരണ കഥകളായിരുന്നുവെന്ന് മനസ്സിലാക്കിയില്ല. ജംഗ്ഹൊാപിയിൽ ഉള്ള അണക്കെട്ട കണ്ടപ്പോഴാണ് ഈ യാഥാത്ഥ്യത്തിലേയ്ക്ക് ഞാൻ ഉണർന്നതു്. ഈ അണക്കെട്ടാണ് ഹ്വവായിനദീതീരപ്രദേശങ്ങളുടെ കേന്ദ്രനിയന്ത്രണസ്ഥാനമായി അവസാനം രൂപമെടുക്കുന്നതെന്ന് അറിയുവാൻ കഴിഞ്ഞു.

ഒഴുക്കു കയററി നദിയിൽ കൂടെയുള്ള ഈ യാത്ര അനേക നൈരാശ്യങ്ങൾ ഞങ്ങൾക്കു പ്രദാനം ചെയ്തു. എങ്കിലും ഒരു ഭാരതീയനു് ജീവൽപ്രധാനമായ പല പാഠങ്ങളും ഈ യാത്രയിൽ പഠിക്കുവാൻ കഴിഞ്ഞു. എൺപതു ലക്ഷം ഏക്കർ ഭൂമിയിൽ ജലസേചനം നടത്തുകയും, നൂററിഎഴുപതു ലക്ഷം ജനങ്ങൾക്കു് പ്രയോജനം വരുത്തുകയും, അഞ്ഞൂറുലക്ഷം ആളുകൾക്കു തന്മൂലം ഭക്ഷ്യസുരക്ഷിതത്വം നൽകുകയും ചെയ്യുവാനുദ്ദേശിക്കപ്പെട്ടുന്ന ഒരു സംരംഭം നിശ്ചയമായും അതിഭീമമായ ഒന്നാണെന്നാണ് ഭാവനയിൽവരിക. കൂടാതെ പ്രാദേശികമായി ഈ പദ്ധതിയിൽ ഏപ്പെട്ടിരിക്കുന്നവരുടെ ജനസംഖ്യയും വേഗം പണി പൂർത്തിയാക്കാൻ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യയും കണക്കാക്കിയാൽ പുതിയ ജനകീയ ഭരണത്തിലെ ഏററവും വലിയ സംസാരവിഷയം ഈ പദ്ധതിയായിരിക്കുമെന്നുള്ളതിനു് സംശയമില്ല. അതുകൊണ്ടു് ഈ നദീതടപദ്ധതി കാണുവാൻ ഞാൻ മാത്രമായിരുന്നില്ല അത്യധികം ഉത്സാഹഭരിതനായിരുന്നതു്. ഞാൻ അനുഗമിച്ച ഇൻഡ്യൻ പ്രതിനിധിസംഘത്തിലെ ഓരോ അംഗവും ഈ പദ്ധതിയിൽനിന്നു് ഇൻഡ്യാക്കാരെ ഇന്നു് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഇതുപോലെയുള്ള പ്രശ്നപരിഹാരങ്ങൾക്കു പ്രയോജനപ്പെട്ടുന്ന പാഠങ്ങൾ പഠിക്കുവാൻ ഉത്സുകരായിരുന്നു. ചൈനീസ് പ്രധാനമന്ത്രിയുടെ പ്രത്യേക അഭിലാഷമനുസരിച്ച് ആറു മൈൽ ഞങ്ങളെ ഈ നദിയിൽ കൂടെ യാത്രാസൗകര്യം നൽകിക്കൊണ്ടുപോകുകയായിരുന്നു. മറെറാരു സന്ദർശകർക്കും ഇതുപോലെയുള്ള ഒരു സുലഭസന്ദർശനസൗകര്യം നൽകപ്പെട്ടിട്ടില്ലെന്നും എന്നോടു പറയുകയുണ്ടായി. ഞങ്ങളുടെ ചെറിയ ബാർജിലെ അസൗകര്യങ്ങൾ എല്ലാം

സഹിച്ച് ഈ യാത്ര പൂർത്തിയാക്കാൻ അവർ വളരെ താല്പര്യവും പ്രദർശിപ്പിച്ചുകണ്ടു. എന്നാൽ വിഫലമായ ഒരു യാത്രയായിരുന്നു അതെന്നാണ് പിന്നീടു തെളിഞ്ഞത്.

നദിയുടെ രണ്ടു കരകളിലുമുള്ള അനേക ഗ്രാമങ്ങൾ ഞങ്ങൾ കടന്നുപോയി. എന്നാൽ അവിടെയെല്ലാം ആളുകൾ അവരുടെ നിത്യപ്രയത്നങ്ങളിലും ജോലികളിലും കഴിയുന്നതായി കണ്ടു. ഒരു മഹാപദ്ധതിയുടെ വൻപ്രവർത്തനങ്ങളിൽ ദർശിക്കാവുന്ന ബഹളങ്ങളും, തെരക്കും അവിടെയെങ്ങും കണ്ടില്ല. ചിറകളും ചാലുകളും പണിതീർന്നുവെന്നു തോന്നുന്നു. നദി അതിൻെറ തടത്തിൽതന്നെ ഒഴുകിക്കൊണ്ടിരുന്നു. ചിലപ്പോഴെല്ലാം കുഞ്ഞുങ്ങൾ അവിടവിടെയായി ചെങ്കൊടിയും പിടിച്ചു ഘോഷയാത്ര നടത്തിയതായി കണ്ടു. എന്നാൽ അവയും മൂകമായ സാധാരണപരിപാടിയിൽപെട്ട ഘോഷയാത്രകളായിരുന്നു. പാട്ടും മുദ്രാവാക്യങ്ങളുടെ ഘോഷവും ഒന്നും കേട്ടില്ല. മൂന്നു രാത്രികൾ ആ ബാർജിൽ ഞങ്ങൾ ഉറങ്ങിയെങ്കിലും ഒരിക്കൽപോലും കർഷകരുടെ യാംഗ്-കൊ നൃത്തത്തിൻെറയൊ മെണ്ടയുടെയൊ, കൈമണികളുടെയൊ ശബ്ദം കേൾക്കുവാൻ ഞങ്ങൾക്കു സാധിച്ചില്ല.

യാംഗ്-കൊ ഒരു പഴയ ഗ്രാമീണനൃത്യസമ്പ്രദായമായിരുന്നു. എന്നാൽ തീവ്രസദാചാരവാദികളായ ഗ്രാമീണർ ആ നൃത്തകലയുടെ പ്രചാരത്തെ തടഞ്ഞിരുന്നു. മാവോ അതു പുനരുജ്ജീവിപ്പിച്ച് അദ്ദേഹത്തിൻെറ വ്യക്തിപരമായ അനുഭാവം നൽകി പ്രോത്സാഹിപ്പിച്ചു. ഇന്നതു് കമ്യൂണിസ്റ്റുകാരുടെ കലാപ്രസ്ഥാനത്തിൻെറ ഒരു ഭാഗമായിത്തീർന്നിട്ടുണ്ട്. നഗരങ്ങളിലും ഗ്രാമങ്ങളിലും ജനങ്ങളുടെ സ്വാതന്ത്ര്യാഭിവാഞ്ഛയെ പ്രകടിപ്പിക്കുവാനും, രസിക്കുവാനും ആഹ്ലാദിക്കുവാനും പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഈ നൃത്തത്തിൽ പങ്കുകൊണ്ടു. ഒരു പ്രാചീനജനകീയനൃത്തകലയാണതു്. കൊയ്ത്തുകാലവുമായി ബന്ധപ്പെട്ട ഈ നൃത്തത്തിനു് പ്രത്യേകനിബന്ധനകളൊന്നുമില്ല. കൂടെ ഇത്രപേരു വേണമെന്നോ വൃത്തമൊ മററു ലൈൻമാതൃകകൾ പാലിക്കണമെന്നോ ഒരു ചട്ടവുമില്ല, നർത്തകൻെറ കഴുത്തിൽ അരവരെ തൂങ്ങിക്കിടക്കുന്ന ചെറിയ മദ്ദളങ്ങളും കൈമണികളും സംഗീതവുമുണ്ട്. താളമത്ര വിഷമമുള്ളതല്ല. വേഗം വശമാക്കാവുന്നതാണ്. എന്നാൽ ഒരേതരത്തിൽ ദീർഘനേരം തുടരുന്ന താളം ചവിട്ട് വിരസമായിത്തോന്നാം. യാംഗ് കൊ നൃത്തത്തിനു് ചൈനാക്കാർ പാടിയ ഒരു പഴയ പാട്ട് ഇപ്രകാരമായിരുന്നു.

എല്ലാ കൊല്ലവും കൊയ്ത്തുണ്ട്-ഒരു കൊല്ലവും ഒന്നുമില്ല.
എല്ലാ കൊല്ലവും കടംവാങ്ങുക; ഏതുകൊല്ലവും കടത്തിൽ
തുന്നെ

പൊളിഞ്ഞ കുടിലുകൾ, ചെറിയ ചരുവങ്ങൾ, വളഞ്ഞ
പാത്രങ്ങൾ

അര ഏക്കർ സ്ഥലം, അഞ്ചു ശവകുടീരങ്ങൾ.

കർഷകനായ ചിന്നിൻെറ കുടുംബത്തിനു് അഞ്ചു ശവകുടീരങ്ങളും അര ഏക്കർ സ്ഥലവും. ഇന്നും അവനു് അര ഏക്കർ സ്ഥലമേയുള്ളു. യാംഗ്-കൊ ഇപ്പോൾ ആണ്ടു മുഴവൻ നടത്തുന്ന ഒരു ദേശീയനൃത്തമാണു്. ഒക്ടോബർ ഒന്നാംതീയതിയിലെ സൈനികപ്രകടനങ്ങളിലും, സ്കൂൾ കുട്ടികളുടെ വിനോദയാത്രകളിലും ഈ നൃത്തം ഒരു പ്രധാന പരിപാടിയായിരിക്കും.

എന്നാൽ ഇപ്പോൾ ഹുവായിപ്രദേശത്തു് വസന്തകാലമായിരുന്നു. കർഷകനു വളരെ ജോലിത്തിരക്കുള്ള സമയമായതുകൊണ്ടു് അവനു നൃത്തത്തിനു നേരമില്ല. ഒരു പഴയ മോഡലിലുള്ള മണ്ണുമാന്തിക്കപ്പൽ അടിയിൽനിന്നു ചെളിമണ്ണു വാരി മറിക്കുമ്പോൾ ചങ്ങലകൾ കിങ്ങിണിശബ്ദം പുറപ്പെടുവിച്ചതല്ലാതെ ഞാനൊന്നും കേട്ടില്ല ഈ "യുവകന്യക"യെ നിയന്ത്രണാധീനമാക്കുന്ന മഹാസംരംഭത്തിൻെറ പ്രത്യാഘാതങ്ങൾ ഇവിടെയുള്ള ഗ്രാമീണപ്രശാന്തതയിൽ യാതൊരു ചലനവും ജനിപ്പിച്ചതായി കണ്ടില്ല. എന്നാൽ ജംഗ്ഹോചിയിലെ വൻ അണക്കെട്ടു സമീപിക്കുമ്പോഴെങ്കിലും ജനങ്ങളുടെ അത്യുത്സാഹപ്രകടനങ്ങൾ കാണുമെന്നു് ഞാൻ പ്രത്യാശിച്ചുകൊണ്ടിരുന്നു. അനേക ലക്ഷങ്ങളെ പ്രോൽസാഹിപ്പിച്ചു ദൃഢമമായ അനവധിവൈഷമ്യങ്ങളെ നേരിടേണ്ടിവരുന്ന മഹാപദ്ധതിയിൽ മനുഷ്യകരങ്ങൾകൊണ്ടു് തന്നെ വിജയം വരിക്കാനുള്ള പ്രയത്നം കാണുവാൻ ഞാൻ പ്രതീക്ഷിച്ചു.

അനേകം ചെറിയ ചീനക്കപ്പലുകളിൽ പുരുഷന്മാരെയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും കയററിക്കൊണ്ടു പോകുന്നതു് ഞങ്ങൾ കാണുകയുണ്ടായി. ആ കപ്പലുകൾ ഒരു നിശ്ചിത ലക്ഷ്യമൊന്നുമില്ലാതെ ഒഴുകി പൊയ്ക്കൊണ്ടിരുന്നതായി തോന്നി. ഈ പഴഞ്ചൻ കൊച്ചു പത്തേമാരികളായിരുന്നു പലരുടെയും യഥാർത്ഥ വീടു്. ചൈനായിലെ ശീഘ്രഗതിയിൽ പെരുകിക്കൊണ്ടിരിക്കുന്ന ജനലക്ഷങ്ങൾക്കു് ഒരു സ്ഥിരജീവിതവും, അവരുടെ ഉണങ്ങി ക്ഷീണിച്ച ശരീരങ്ങൾക്കു മേൽപ്പുരയും ഉണ്ടാകണമെങ്കിൽ ഇനിയും എത്രയോ ആണ്ടുകൾ കാത്തിരിക്കണം. നാൽപത്തിയെട്ടു മണിക്കൂർ നേരത്തെ മന്ദവും മുരഞ്ഞതുമായ യാത്രയ്ക്കുശേഷം ഞങ്ങൾ ജംഗ്ഹോചിയിൽ എത്തി. നവീന ചൈനായുടെ വൻനേട്ടങ്ങളെ കാണുവാനും അവയുടെ ഉൽസാഹത്തിൽ ഭാഗഭാക്കാകാനും ഞങ്ങൾക്കു് അത്യാകാംക്ഷയുണ്ടായിരുന്നു. പക്ഷെ ആ മോഹന പ്രതീക്ഷകൾ വീണ്ടും ഞങ്ങളെ തെററിമാറി;

ഭഗ്നാശയമായ വിസ്മയത്തോട്ടുകൂടി ഞാൻ ആ കാഴ്ചയെ നോക്കിക്കൊണ്ടുനിന്നു. ഈപദ്ധതിയെപ്പററിയും,കഴിഞ്ഞ കൊല്ലം മൂന്നു മാസംകൊണ്ടു് "ജനകീയശക്തിയുടെയും ബുദ്ധിയുടെയും" പ്രയോഗംകൊണ്ടു് ഈ പണി തീർന്നതിനേപ്പററിയും എന്തുമാത്രം വിവരണങ്ങൾ ആണു് ഞങ്ങൾ കേട്ടതു്. ഞങ്ങളുടെ മുമ്പിൽ കണ്ടതു് ഒരു അണ ആയിരുന്നില്ല. മൂന്നു വിഭാഗങ്ങൾ ഉള്ള കേവലം ഒരു ചിറമാത്രമായിരുന്നു അതു്. നദീജലത്തിൻെറ ഒഴുക്കു നിയന്ത്രിക്കുവാൻ മാത്രം അതു് ഉപകരിച്ചിരുന്നു. ആദ്യത്തെ ഭാഗം തുറന്ന നദീതടമായിരുന്നു. രണ്ടാമത്തേതു് ഏകദേശം മൂന്നൂറു ഗജം നീളത്തിൽ എട്ടു ചീപ്പുകളോടു (സ്ളൂയിസ് ഗേററു്) കൂടിയ ഒരു ഭാഗമാണു്. മൂന്നാമത്തെ വിഭാഗത്തിനു് നാലു ചീപ്പുകൾ ഉണ്ടു്. തടാകപ്രദേശമെന്നു വിളിക്കപ്പെട്ടുന്ന താണ പ്രദേശങ്ങളിലേക്കു വെള്ളം തിരിച്ചു വിടുന്നതു് ഈ മൂന്നാമത്തെ ഭാഗത്തുകൂടിയാണു്. ഈ പണിക്കു വേണ്ടിവന്ന കൂലിക്കാരുടെ സംഖ്യയും, സാധനങ്ങളുടെ കണക്കും സംബന്ധിച്ചു എത്ര എത്ര സ്ഥിതിവിവരക്കണക്കുകളാണു് ഞങ്ങളോടു വിവരിച്ചിരുന്നതു്. എന്നിരുന്നാലും ഈ ചിറയിലോട്ടു് നോക്കാൻ പോലും എനിക്കു തോന്നാത്തവിധം അത്രയ്ക്കു ലഘുവായ ഒരു പണിയായിരുന്നു അതു്. ഞങ്ങളുടെ നേതാവും, ആതിഥേയയുമായിരുന്ന ഡെപ്യൂട്ടിചീഫ് എഞ്ചിനീയർ എൻെറ മുഖത്തു പ്രകടമായിരുന്ന നിരാശ കണ്ടു മനസ്സിലാക്കി. ഉൽസാഹപൂർവം പണിയെടുത്തലക്ഷക്കണക്കിനുള്ള ഗ്രാമീണവേലക്കാരെയെങ്ങുംഅവിടെ കണ്ടില്ല. അവരെ മൂന്നു മാസം താമസിപ്പിക്കുന്നതിനു് ആവശ്യമായ താമസസൗകര്യങ്ങൾ ചെയ്തതായി അവിടെ യാതൊരു ലക്ഷണവും ഉണ്ടായിരുന്നില്ല. ഏതാനും ചെറിയ കുടിലുകൾ മാത്രം തടാകപ്രദേശത്തു സ്ഥിതി ചെയ്തിരുന്നു. മൂന്നാംവിഭാഗത്തിൻെറ പണിതന്നെ ഇനിയും പൂർത്തിയായിട്ടില്ല. ജലപ്രളയനിന്ത്രണസിദ്ധാന്തം മുഴുവൻ വലിയ ഫലഭൂയിഷ്ഠമല്ലാതിരുന്ന മേലോരപ്രദേശങ്ങളിൽ പ്രളയം സൃഷ്ടിക്കുകയും അങ്ങനെ താണപ്രദേശങ്ങളിൽ വെള്ളത്തിൻെറ ഒഴുക്കു ലഘൂപ്പെടുത്തുകയും ചെയ്യുന്ന പരിപാടിമാത്രമായിരുന്നു. ഡെപ്യൂട്ടിചീഫ് എഞ്ചിനീയർ ഇതു സമ്മതിക്കുക തന്നെ ചെയ്തു. എന്നാൽ ഈ പദ്ധതിയെ അവൾ പിന്നെയും നീതീകരിച്ചുകൊണ്ടിരുന്നു. കൂടുതൽ ഫലഭൂയിഷ്ഠമായ താഴ്ന്ന പ്രദേശങ്ങളെ അമിതമായ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കേണ്ടിയിരിക്കുന്നുയെന്നതായിരുന്നു അവളുടെ ആധാരം. വാസ്തവത്തിൽ അവളുടെ അഭിമാനത്തിനു് ക്ഷതം വന്നതായി കാണാമായിരുന്നു. എന്നാൽ ആ അഭിമാനം പുലർത്തുവാനുള്ള ശ്രമം അവൾ തുടന്നുകൊണ്ടിരുന്നു. ചൈനീസ് ജനങ്ങളുടെ പ്രയത്നഫലമായിരുന്നു ഈ അണക്കെട്ടു മുഴുവൻ എന്നാ

യിരുന്നു അവരുടെ വാദം. "സ്ളൂയിസ് ഗേററുകൾ, കോൺക്രീററു ചാലിക്കുന്ന യന്ത്രം മുതലായി ഇവിടെ കാണുന്നതെല്ലാം ചൈനായിൽ നിർമ്മിച്ചതാണ്. 1,350,000ടൺ അരിയുടെ വിലയ്ക്കു സമമായ പണം മുഴവൻ ഈ പദ്ധതിക്കുവേണ്ടി ഞങ്ങൾ ചെലവിട്ടു. തുറന്നു കിടക്കുന്ന നദീഭാഗത്തു് ഇനിയും ലോക്കു് ഞങ്ങൾ പണിതു തീക്കും" എന്നിങ്ങനെ അവർ ദൃഢസ്വരത്തിൽ പറഞ്ഞു. നദിയുടെ മുകൾഭാഗത്തു കുറെ ദൂരം അകലെ ഫ്ർട്സ്ളിംഗ് എന്ന സ്ഥലത്തു് ഇതു സംബന്ധിച്ച വൻ പണികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും, ചൈനായുടെ പ്രയത്നങ്ങൾ നേരിട്ടു കാണണമെങ്കിൽ അവിടെയാണ് ഞാൻ പോകേണ്ടിയിരുന്നതെന്നും അവർ പറയുകയുണ്ടായി. കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലെല്ലാം ഇതാണ് പതിവു്. താൽപ്പര്യം തോന്നുന്ന കാര്യങ്ങൾ കാണണമെങ്കിൽ അവിടെ ചെന്നെത്താൻ പ്രയാസമാണെന്നാണു പറയുക. സംഖ്യയില്ലാത്ത ഔദ്യോഗിക പ്രസ്താവനകളിലും ലഘുലേഖകളിലും നിന്നു കിട്ടുന്നതുകൊണ്ടു് ഒരു സന്ദർശകൻ തൃപ്തിപ്പെട്ടുകൊള്ളണം.

എന്നിരുന്നാലും ഹ്വവായിനദിയിലെ ജംഗ്ഹോചി സന്ദർശിച്ചതു്പലവിധത്തിൽ ഉപകാരപ്രദമായിരുന്നു. മററു രാജ്യങ്ങളിൽ നദീതടപദ്ധതികൾ അധികാരികൾക്കു് നൽകിക്കൊണ്ടിരിക്കുന്ന ദുർഘട പ്രശ്നങ്ങൾ പലതും ഇവിടെ ഭൂപരിഷ്ക്കാരം പരിഹരിച്ചിരിക്കയാണ്. ജലം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ താമസിച്ചിരുന്നവക്കുനഷ്ടപരിഹാരം നൽകുന്നതും അവരെ മാററി താമസിപ്പിക്കുന്നതും ഒന്നും ഇവിടെ ഒരു വൈഷമ്യവുമുണ്ടാക്കിയില്ല. ഭൂവിതരണം നടത്തുന്ന മറെറവിടെയെങ്കിലും അവർക്കും ഒരോഹരിയിൽ ഭാഗഭാക്കാകാം.

ആസന്നമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനം ദൃശ്യമായിരുന്നു. ചൈനായിൽ തന്നെ ലഭ്യമായ സാങ്കേതിക സാമർത്ഥ്യങ്ങളും, സാധനസാമഗ്രികളും കൊണ്ടു് നേടാവുന്ന പുരോഗതിയോ, പരിഹാരങ്ങളോ മാത്രമേ അവർ തേടുന്നുള്ളു. ജനലക്ഷങ്ങളെ സംഘടിപ്പിച്ചു പണിയെടുപ്പിക്കാൻ അവക്കു കഴിയുന്നു. ലക്ഷക്കണക്കിനുള്ള തൊഴിലാളികൾ ബുദ്ധിമുട്ടി പണിയെടുക്കാതെ ഹ്വവായിലെ ചിറകൾ ആവശ്യപ്പെട്ട സമയംകൊണ്ടു് തീരുന്നതല്ല. പുരാതനമായ ഈ രാജ്യത്തതിൻെറ പ്രകൃതിഭാവംതന്നെ മാററി മറിച്ചുകൊണ്ടിരിക്കുന്നു എന്നവകാശപ്പെടുന്ന ഈ മഹാ വിപ്ളവത്തിൻെറ പിന്നിൽ വർത്തിക്കുന്ന പ്രേരണാശക്തിയുടെ കാററുകളൊന്നും വീശിക്കാണാൻ എനിക്കു കഴിഞ്ഞില്ല. ഔദ്യോഗികപ്രസിദ്ധീകരണങ്ങൾ കർഷകൻെറ വീക്ഷണഗതിയിൽ ഭൂപരിഷ്ക്കാരം വരുത്തിയിരിക്കുന്ന മാററത്തെ

പ്പററി വിവരിച്ചു കാണാറുണ്ട്. "ചരിത്രത്തിൽ പ്രഥമമായി കർഷകക്ക് ഭൂമി സ്വന്തമായി പാട്ടവും കടവും കൂടാതെ ലഭിച്ചു" യെന്നാണ് അവയുടെ വിവരണം. ഇപ്പോൾ കർഷകൻ അവനു വേണ്ടിത്തന്നെയാണ് പണിയെടുക്കുന്നതെന്നു് അവനു് ബോദ്ധ്യമുള്ളതായി പറയപ്പെടുന്നു. ഇങ്ങനെയൊരു പരിവർത്തനം ചൈനായുടെ വ്യവസായവൽക്കരണത്തിനു് ആവശ്യമായ സൃഷ്ടിപരമായ പ്രയത്നങ്ങൾക്കു കൂടിയേതീരൂ. ഉടമസംബന്ധിച്ചുള്ള കർഷകൻെറ ഈ ബോദ്ധ്യം ഞാൻ ചൈനായിൽ മററു സ്ഥലങ്ങളിൽ കണ്ടു. ജീവിതത്തിനും മരണത്തിനും മദ്ധ്യേ പ്രത്യാശ നൽകുന്ന ഒരു സങ്കേതരൂപമാണ് ഭൂമി. പ്രത്യാശക്കു് ചൈനായെ അഭിമുഖീകരിക്കുന്ന വൈഷമ്യമലകൾ മാററുവാൻ കഴിയും. എന്നാൽ ഉടമയില്ലുള്ള ആസ്വാദ്യതയും, സോഷ്യലിസംകൊണ്ടു വരുത്തുന്ന പൊതുനന്മയും രണ്ടു വിഭിന്ന വികാരങ്ങളാണ്.

# 4

# തൊഴിലാളികളും "മോഡലുകളും"

"ജനങ്ങളുടെ അമർഷമാണ് പ്രധാനമായും ചിയാംഗ്കൈ ഷക്കിനെ ഗ്രസിച്ചു പരാജയപ്പെടുത്തിയത്. ജ്വലിച്ചുവന്ന പ്രത്യാശയും, കൊലപാതകത്തിനുതന്നെ സന്നദ്ധമായ വിദ്വേഷവും. വിപ്ളവത്തിൻെറയും യുദ്ധത്തിൻെറയും രംഗങ്ങളിൽ ചൈനീസ് കർഷകജനത നിർലോഭം തുറന്നുവിട്ടതു് വികാരപരമായി ഒരു അണുബോംബിൻെറ ശക്തിയോടുകൂടി പൊട്ടിത്തെറിച്ചു് ശക്തിയുടെ ഒരു പ്രളയംതന്നെ ചൈനായിലെ സാമൂഹ്യജീവിതത്തിനുള്ളിൽ സൃഷ്ടിക്കുകയും, അങ്ങനെ അതു ഭഞ്ജിക്കപ്പെടുകയുമാണുണ്ടായതു്!" എന്നു് ജാക്ക് ബെൽഡൻ എഴുതിയിട്ടുണ്ടു്. പരമ്പരാഗതമായി ഉദാസീനതയിൽ കഴിഞ്ഞ കർഷകരുടെ വികാരങ്ങൾ കഠിനമായ നിരാശയുടെയും, അവരെ മർദ്ദിച്ച പ്രഭുക്കന്മാരുടെ നേരെയുള്ള വിദ്വേഷത്തിൻെറയും ഫലമായി രണ്ടാം ലോകമഹായുദ്ധകാലത്തു് പ്രക്ഷുബ്ധമായതാണു്. "നമ്മുടെ രക്തം ഊററിക്കുടിക്കുന്ന ഭൂപ്രഭുക്കന്മാരെ നശിപ്പിക്കുക" എന്നവർ സമരാട്ടഹാസം മുഴക്കിയതു് കമ്യൂണിസ്റ്റുകളുടെ മുദ്രാവാക്യമായി. പാട്ടം കുറയ്ക്കണമെന്നേ ഇതുവരെ കമ്യൂണിസ്റ്റുകൾ ആവശ്യപ്പെട്ടിരുന്നുള്ളു. ജന്മിത്വം അവസാനിപ്പിക്കുമെന്നും, കർഷകരുടെ ഇടയിൽ ഭൂമിവിതരണം ചെയ്യുമെന്നും ഉള്ള വാഗ്ദാനങ്ങളുടെ മേൽ സവാരി ചെയ്തു് കമ്യൂണിസ്റ്റുകൾ അധികാരത്തിലേയ്ക്കു മുന്നേറി. ചൈനായിലെ വിപ്ളവം പ്രധാനമായും കർഷകരുടെ വിപ്ളവം ആയിരുന്നു. അതുകൊണ്ടു് കർഷകരുടെ സ്വാധീനശക്തി ഭരണകൂടത്തിൽ പ്രബലപ്പെട്ടിരിക്കുമെന്നുള്ളതു് പ്രതീക്ഷിക്കാമായിരുന്നു. വർഗ്ഗസമരം സംബന്ധിച്ചുള്ള കമ്യൂണിസ്റ്റുസിദ്ധാന്തമനുസരിച്ചു് തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വവും സ്വേച്ഛാധിപത്യവും, സോഷ്യലിസം കെട്ടിപ്പടുക്കുവാൻ അത്യന്താപേക്ഷിതമാണു്. ചൈനീസ് തൊഴിലാളിവർഗ്ഗത്തിൽ ഏകദേശം ഇരുപതുലക്ഷം വ്യവസായത്തൊഴിലാളികൾ ഉണ്ടു്. അവർ വിപ്ളവാത്മകമായ സാദ്ധ്യതകൾ ഉള്ളവരായിരുന്നെങ്കിലും ദുർബ്ബലരായിരുന്നു. അതുകൊണ്ടു് കമ്യൂണിസ്റ്റു പാർട്ടിയുടെ ലക്ഷ്യം ഈ തൊഴിലാളി വിഭാഗത്തിനെ പ്രധാന

മായും വ്യക്തിഗതവും. യാഥാസ്ഥിതികവുമായ വാസനകൾ ഉള്ള കർഷകരുടെ നേരെ സംഘടിപ്പിച്ചു ശക്തിപ്പെടുത്തുകയാണു്. കർഷകൻെറ ഭൂദാഹം ശമിപ്പിച്ചാൽ പിന്നെ അവനെ ആരും ഉപദ്രവിക്കരുതെന്നുള്ള ഒരു സമാധാനാഭിലാഷത്തിൽ കഴിയുക യേയുള്ളു. കർഷകനും തൊഴിലാളിയും തമ്മിലുള്ള സംഘർഷാവസ്ഥയാണു് അചിരേണ ചൈനായിലെ കമ്യൂണിസത്തിൻെറ ഭാവിയെന്തായിരിക്കുമെന്നു് നിർണ്ണയിക്കാൻ പോകുന്നതു്.

ഈ വൈരുദ്ധ്യത്തെപ്പററി കമ്യൂണിസ്റ്റുകൾക്കു നല്ലവണ്ണം അറിയാം. അതുകൊണ്ടു് കർഷകരെ അവരുടെ ഭൂമിയുമായി വിട്ടിരിക്കയാണു്. കഴിഞ്ഞ അദ്ധ്യായങ്ങളിൽ സഹകരണാടിസ്ഥാനത്തിലുള്ള കൃഷി ആരംഭിക്കുന്നതിനു് ഏററവും മന്ദമായും കരുതലോടുകൂടിയുമുള്ള നടപടികളാണു് എടുത്തുകൊണ്ടിരുന്നതെന്നു നാം കണ്ടു. അതേസമയംതന്നെ, തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തെപ്പററി ജനങ്ങളെ അനുസ്മരിപ്പിക്കയും, അങ്ങനെ ആശയപരമായി സുശക്തവും ഏകീകൃതവുമായ ഒരു തൊഴിലാളിസംഘത്തെ കെട്ടിപ്പടുക്കുകയുമാണു് ചെയ്തുകൊണ്ടിരിക്കുന്നതു്. കമ്യൂണിസ്റ്റ്പാർട്ടി യാതൊരു കലവറയും കൂടാതെ തന്നെ ഒരു സ്വേച്ഛാധിപത്യത്തിലേക്കു് ഒരുക്കങ്ങൾ കൂട്ടിക്കൊണ്ടിരിക്കയാണു്.

തൊഴിലാളിപ്രസ്ഥാനം ചൈനീസു് ഗവർമ്മെൻറിൻെറ ജീവൽപ്രധാനമായ ഒരു ഉപകരണമാണു്. പാർട്ടിയിൽ നിന്നു് ഉദാരമായ ധനസഹായവും, മററു സൗകര്യങ്ങളും അതിനുലഭിച്ചുകൊണ്ടിരിക്കുന്നു. ഇതിനു് പ്രതിഫലമായി തൊഴിലാളിവർഗ്ഗം ഗവർമ്മെൻറിൻെറ നയപരിപാടികൾ അനുകൂലിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കണം. അവരെ നിയന്ത്രിക്കുന്ന കമ്യൂണിസ്റ്റുപാർട്ടിയുടെ ശക്തിവർദ്ധിപ്പിക്കാനുള്ളതെല്ലാം അവർ ചെയ്യുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. ട്രേഡ്യൂണിയൻ നിയമമനുസരിച്ചു് തൊഴിലാളികളെ സംബന്ധിച്ചുള്ള ചട്ടങ്ങളും, ശാസനകളുമെല്ലാം വ്യവസായഭാരവാഹികൾ നിഷ്കൃഷ്ടമായി പരിപാലിക്കുന്നുണ്ടോയെന്നു് പരിശോധിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ചുമതല ട്രേഡ് യൂണിയനുകൾക്കാണു് നൽകിയിരിക്കുന്നതു്. സ്റ്റേററുടമയിലുള്ള വ്യവസായങ്ങളിൽ അവർ നേരിട്ടുതന്നെ ഉൽപാദനത്തിലും മാനേജ്മെൻറിലും ഫാക്ടറി ഭരണ കമ്മിററികളിൽക്കൂടെ ഭാഗഭാക്കാകുന്നു. ഈ ഒരു രീതിമൂലം എല്ലാ തൊഴിലാളികളെയും യൂണിയൻെറ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടു്. സാങ്കേതികമായി ട്രേഡ്യൂണിയനിൽ ചേരുന്നതിനോ ചേരാതിരിക്കാനോ തൊഴിലാളികൾക്കു സ്വാതന്ത്ര്യമുണ്ടെന്നാണു് വയ്പ്പു്. ഇന്നു് അഖില ചൈനാ തൊഴിലാളി ഫെഡറേഷനിൽ അറുപതു ലക്ഷം അംഗങ്ങളുണ്ടു്. വ്യവസായങ്ങളിലും തപാൽ, കമ്പിത്ത

പാൽ, റെയിൽവേ, ട്രാൻസ്പോർട്ട്, വിദ്യാഭ്യാസം, പത്രപ്രവർത്തനം, അച്ചടി മുതലായ ശാഖകളിലും ജോലിചെയ്യുന്ന തൊഴിലാളികൾ ഈ ഫെഡറേഷനിൽ ഉൾപ്പെടുന്നു.

ഫാക്ടറി ഭരണകമ്മിററികളെ നിയോഗിച്ചിരിക്കുന്നതു്, ജനാധിപത്യപരമായ മാനേജ്മെൻറു് എന്നുപറയപ്പെടുന്ന അവകാശം തൊഴിലാളികൾക്കു നൽകുവാനാണ്. എന്നാൽ പൊതുമേഖലയിലുള്ള ഫാക്ടറിയിലെ കമ്മിററി ഗവർമെൻറിൻെറ ഇൻഡസ്ട്രിയൽ അഡ്മിനിസ്ട്രേറ്റീവ് ബ്യൂറോയുടെ നിയന്ത്രണത്തിലാണ്. ഈ ബ്യൂറോയാണ് ഉൽപാദന വേഗം വർദ്ധിപ്പിക്കാനുള്ള ഉത്തേജനം നൽകുന്നതിനു് ഏർപ്പെടുത്തപ്പെട്ടിരിക്കുന്നതു്. ഉൽപാദന പദ്ധതികളും നിർദ്ദേശങ്ങളും ബ്യൂറൊ കമ്മിററിയുടെ കയ്യിൽ ഏല്പിക്കും. ആ പദ്ധതികൾ നടപ്പാക്കുകയാണ് കമ്മിററിയുടെ ജോലി. കൂലിവ്യവസ്ഥയോ തൊഴിലാളി ക്ഷേമത്തിനുള്ള മററു കാര്യങ്ങളൊ സംബന്ധിച്ചു ബ്യൂറൊ പറയുന്ന നിർദ്ദേശങ്ങളിൽ കവിഞ്ഞൊന്നും കമ്മിററി ചെയ്യുന്നില്ല. സ്വകാര്യ വ്യവസായങ്ങൾ ഗവർമെൻറിലേക്കു് എടുത്തുകഴിയുമ്പോൾ കുറഞ്ഞ കൂലിനിരക്കു് സ്വീകരിക്കുവാൻ തൊഴിലാളികൾ നിർബന്ധിതരായ ഉദാഹരണങ്ങൾ ഉണ്ടു്. സ്വകാര്യ ഉടമയിലുള്ള വ്യവസായങ്ങളിൽ ഈ കമ്മററികൾ അനവധി സംവാദങ്ങൾക്കും, വഴക്കുകൾക്കും കാരണമാക്കിയിട്ടുണ്ടു്. ഷാംഗ്ഹെയിലുള്ള പല വ്യവസായികളും യാതൊരു പ്രയോജനവുമില്ലാത്ത അവസാനമില്ലാത്ത സംവാദങ്ങൾ നടത്തി സമയം പാഴാക്കുകയാണു് ഈ കമ്മിററികളെക്കൊണ്ടുള്ള പ്രയോജനമെന്നു് പ്രസ്താവിക്കയുണ്ടായി. കൂലി, അധികമുള്ള ജോലിക്കാരെ പിരിച്ചുവിടുക തുടങ്ങിയ അനവധി പ്രശ്നങ്ങളെ തുടർന്നുകൊണ്ടിരിക്കുമ്പോൾ അങ്ങിനെയുള്ള പ്രശ്നങ്ങൾ ഗവർമ്മെൻറു ലേബർ ബ്യൂറോയുടെ പര്യാലോചനക്കു സമർപ്പിക്കുക പതിവാണു്. അവർ ഇടപെടുന്നതെപ്പോഴും തൊഴിലാളികളുടെ വശം പറഞ്ഞു സഹായിക്കാനാണു്. അതേ പ്രശ്നങ്ങൾ തന്നെ ആ വ്യവസായം ഗവർമെൻറിലേക്കെടുത്തു കഴിയുമ്പോൾ ഉടമയുടെ വശത്തേക്കു പ്രയോജനമുള്ള തീരുമാനങ്ങൾ ഉടനെചെയ്യുന്നതും അപൂർവ്വമല്ല. കൂലിനിരക്കുകൾ ക്രമീകരിക്കുന്നതിനുള്ള മാനേജ്മെൻറിൻെറ അവകാശങ്ങളും ജോലികൾ വേലക്കാർക്കു നൽകാനും, ജോലിക്കാരെ പിരിച്ചുവിടാനും, ഉൽപാദനം നയിക്കാനുമെല്ലാമുള്ള അധികാരങ്ങളും കടലാസ്സിൽ ഉണ്ടു്. തുന്നിനെയ്ത്തു വ്യവസായമൊഴികെ മററു പല സ്വകാര്യ വ്യവസായങ്ങളും തുടർച്ചയായി കുറഞ്ഞുവരുന്ന ലാഭത്തെ അഭിമുഖീകരിക്കുകയാണു്. ഉൽപാദനച്ചെലവു്, വിലയുമായി യാതൊരു ബന്ധവുമില്ലാത്തനിലയിലാണു് നിയന്ത്രണാധികാരികൾ ക്രമീകരിച്ചുകൊണ്ടിരിക്കുന്നതു്.

ഗവർമ്മെൻറിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനുള്ള ഏജൻസികളായിട്ടാണ് ട്രേഡ് യൂണിയനുകൾ വർത്തിക്കുന്നതു്. ചൈനായിലെ വിവരങ്ങൾ നൽകുന്ന ഒരൗദ്യോഗിക പ്രസിദ്ധീകരണമായ ഗൈഡ്ബുക്കിൽ അഖില ചൈനാ തൊഴിലാളി ഫെഡറേഷൻെറ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്നവയും ഉൾപ്പെടുന്നു. "കൂടുതൽ ഉൽപാദനത്തിനുവേണ്ടിയുള്ള മത്സരസംരംഭങ്ങൾ സംഘടിപ്പിക്കുക, വ്യവസായങ്ങളിലെ അപകടനിവാരണമാർഗ്ഗങ്ങളും, ആരോഗ്യ നടപടികളും പരിഷ്കരിക്കുക, സാംസ്കാരിക കേന്ദ്രങ്ങളും ക്ലബുകളും സ്ഥാപിച്ച് തൊഴിലാളികളുടെ ഇടയിലുള്ള അക്ഷരാഭ്യാസമില്ലായ്മയും, അജ്ഞതയും നീക്കുക അങ്ങനെ മാർക്സിസവും, ലെനിനിസവും ചൈനീസുവിപ്ലവത്തിനെപ്പററിയുള്ള മാവോ-സെ-തുംഗിൻെറ സിദ്ധാന്തവും പഠിപ്പിക്കുക."

കൊറിയൻ യുദ്ധത്തിൻെറ പേരുപറഞ്ഞു തൊഴിലാളികൾ കൂടുതൽ മണിക്കൂറുകൾ ജോലി ചെയ്യാനും, കൊറിയാസഹായക ഫണ്ടിനുവേണ്ടി "ദേശാഭിമാന സംഘങ്ങളിൽ" ചേർന്നു് കൂടുതൽ ജോലിസമയം സംഭാവന ചെയ്യാനും നിർബന്ധിക്കപ്പെട്ടു. അനേകം ഫാക്ടറികളും പ്രതിദിനം ഒന്നോ രണ്ടോ മണിക്കൂറുകൾ കൂടുതൽ ജോലിചെയ്തു് എട്ടു മണിക്കൂർ ജോലിസമയമെന്നല്ല പത്തും പതിനൊന്നും മണിക്കൂറുകളാണ് പ്രതിദിനം അവർ ജോലിചെയ്യേണ്ടിവരുന്നതു്. നാങ്കിങ്ങിൽ വച്ച് ഒരു വളംനിർമ്മാണ ഫാക്ടറിയിൽ വൈകുന്നേരം ജോലി അവസാനിപ്പിക്കുന്നതിനുള്ള വിസിൽ ഊതുന്നതു ഞാൻ കേട്ടു. പക്ഷെ ഒരൊററ തൊഴിലാളിയും സ്വഗൃഹത്തിലേക്കു മടങ്ങാൻ ഇറങ്ങി വരുന്നതു ഞാൻ കണ്ടില്ല. അവർ ഫാക്ടറികളിൽ പത്തും പന്ത്രണ്ടും പേർ ഓരോ സംഘമായി യന്ത്രസാമഗ്രികളുടെ ചുററുമിരുന്ന് ഉൽപാദന പ്രശ്നങ്ങളെപ്പററി ചർച്ചകൾ നടത്തുകയായിരുന്നു എന്നാണ് എന്നോടു പറഞ്ഞതു്. ഞാൻ ഇങ്ങനെ സംവാദങ്ങളിൽ പങ്കെടുത്ത പലരേയും കാണുകയുണ്ടായി. അവരിൽ പലരും കണ്ണുംമിഴിച്ച് അവിടെ നടന്നുകൊണ്ടിരുന്ന രാഷ്ട്രീയ അദ്ധ്യയനം ശ്രദ്ധിച്ചു മനസ്സിലാക്കുന്നുയെന്ന മട്ടിൽ അവിടെയിരിക്കുന്നതുകണ്ടു. എല്ലാ ഫാക്ടറികളിലും വേലസമയം തുടങ്ങുന്നതിനുമുമ്പും, വൈകുന്നേരം വേലകഴിഞ്ഞും ഓരോ മണിക്കൂർ ഇങ്ങനെയുള്ള ക്ലാസ്സുകൾ നടക്കുന്നുണ്ടത്രെ. ഈ ക്ലാസ്സുകളിൽ തൊഴിലാളികൾ വായിക്കാൻ പഠിക്കുന്നതിനോടുകൂടി തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തെപ്പററി അനുസ്മരിപ്പിക്കപ്പെടുന്നു. ജോലി സാമർത്ഥ്യമുള്ള തൊഴിലാളികൾ യന്ത്രങ്ങളും മററും നടത്തുന്നതെങ്ങനെയാണെന്നു കാണിച്ചുകൊടുക്കുന്നതും ഈ ക്ലാസ്സുകളിലാണ്. ഈ പാഠ്യപദ്ധതിയുടെ പ്രയോജനം മനസ്സിലാക്കാൻ കഴിയുമെങ്കിലും വേലയോടുകൂടി സുദീർഘ

സമയം ഫാക്ടറികളിൽ ചെലവിടുവാൻ നിർബന്ധിക്കുന്നതു് ഫലം കുറയ്ക്കുന്ന ഒരു നടപടിയാണെന്നു് പറയണം.

"ചൈനാ റി കൺസ്ട്രക്ട്സ്" ("ചൈനായുടെ പുനഃനിർമ്മാണം") എന്നപ്രസിദ്ധീകരണത്തിൽ ഇപ്രകാരം പറയുന്നു:—

ചൈനായിലെ തൊഴിലാളിക്കു ജീവിതത്തിന്നു് ഒരു അഭിവാഞ്ഛ തോന്നുകയാണിപ്പോൾ. അവൻെറ രാജ്യത്തിൻെറ അധികാരി അവൻ തന്നെയാണെന്നു് അവനറിയാം. ഫാക്ടറിയിൽ അതിൻെറ പ്രായോഗികാനുഭവം അവനു ലഭിക്കുന്നു. ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള ഓരോ കാൽവയ്പ്പും, അവൻെറ സമ്പാദ്യത്തിനും സാമാന്യക്ഷേമത്തിനുമുള്ള ചുവടുകളാണെന്നു് അവനറിയാം. എതിർപ്പുംകൂടാതെയുള്ള മൂകമായ ശിക്ഷണ വിധേയത്വത്തിനു പകരം തൻേറടവും കാര്യശേഷിയുമാണു് അവൻ പ്രദർശിപ്പിക്കുന്നതു്.

എന്നാൽ ഈ തൻേറടം കൂടെക്കൂടെ നടന്നുകൊണ്ടിരുന്ന രാഷ്ട്രീയ പ്രചരണ പരിപാടികളാണു് നൽകിക്കൊണ്ടിരുന്നതു്. കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കിടയിൽ മൂന്നു് വൻപ്രചരണ സംരംഭങ്ങൾ നടന്നു. ഇവയിൽ തൊഴിലാളിവർഗ്ഗം നേതൃത്വം കൊടുക്കുവാനുള്ള ആഹ്വാനങ്ങളും പരിശീലനങ്ങളും നൽകിയതു് വർഗ്ഗസമരബോധം ഉജ്ജ്വലിപ്പിച്ചുകൊണ്ടാണു്. ആദ്യത്തെ സംരംഭത്തിൽ കുമിന്താങ്ങിനെ അനുകൂലിച്ച പിന്തിരിപ്പന്മാരെ കണ്ടുപിടിച്ചു പിഴതുകളയാനാണു് ശ്രമിച്ചതു്. പിന്നെ കൊറിയൻ സഹായകപ്രസ്ഥാനവും അമേരിക്കൻ പ്രതിരോധസംരംഭവുമാണു് പ്രക്ഷോഭണമുദ്രാവാക്യമായിരുന്നതു്. മൂന്നാമത്തേതു് സാൻ ഫാൻവുഫാൻ പ്രസ്ഥാനമായിരുന്നു. ഈ പ്രചാരണ സംരംഭങ്ങളുടെ സാമ്പത്തികവും, ധനപരവുമായ ഉദ്ദേശത്തോടുകൂടി തൊഴിലാളികളെ തട്ടിയുണർത്തുവാനും, രാജ്യത്തെ മുഖ്യവർഗ്ഗമെന്ന നിലയിൽ സ്റ്റേററിൻെറ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്നുയെന്നുള്ള ബോധം സൃഷ്ടിക്കുവാനും സഹായകമായിരുന്നു.

തൊഴിലാളിപ്രസ്ഥാനം ഉല്പാദനവർദ്ധനവിനു് ഒരു മാർഗ്ഗമായി ഉപയോഗിച്ചിരുന്നതു് "മാതൃകാജോലിക്കാ"രെ തെരഞ്ഞെടുത്തു നിയോഗിക്കുന്ന ഏർപ്പാടിൽക്കൂടെയാണു്. ഓരോ പ്ളാൻറിലും, നിർമ്മാണപ്രവർത്തനങ്ങളിലും ഇങ്ങനെയുള്ള "മോഡൽ വർക്കേഴ്"സിനെ തെരഞ്ഞെടുത്തു് അവർക്കു കൂടുതൽ കൂലിയും മററു പല സൗജന്യങ്ങളും അനുവദിക്കുക പതിവാണു്. സന്ദർശകർ ഒരു ഫാക്ടറിയിൽ വന്നാൽ ഈ മോഡൽ വർക്കേഴ്സ് സ്വീകരണസംഘത്തിൽ നിശ്ചയമായും കാണും. അവർക്കു് കിട്ടിയ മെഡലുകളും മററു ബഹുമതികളും അവർ അഭിമാനപൂർവ്വം ധരിച്ചിരിക്കും. പുതിയ "കണ്ടുപിടുത്തങ്ങളും" വർദ്ധിത ഉല്പാദന

ങ്ങൾ സംബന്ധിച്ച അനവധി അവകാശവാദങ്ങളും അവരെ പ്പററി വിവരിച്ചു കേൾപ്പിക്കാറുണ്ട്. അവരെപ്പററി വലിയ പ്രസിദ്ധീകരണപ്രചാരണങ്ങളും നടത്തുക പതിവാണ്. മെയ് ദിനാഘോഷങ്ങളിലും മററു പ്രത്യേക സന്ദർഭങ്ങളിലെ ഘോഷ യാത്രാപരിപാടികളിലും അവർ കൂടെ മാർച്ച് ചെയ്തുപോകാൻ പീക്കിംഗിലേക്ക് അവരെ അയയ്ക്കും. എൻെറ യന്ത്രശാലാസന്ദർ ശന വേളകളിലെല്ലാം ഞാൻ അവരെ കാണുമായിരുന്നു. അവ രുടെ ഒടിഞ്ഞുമടങ്ങിയ നീല സൂട്ടുകളും ധരിച്ചു്, അവരുടെ പദ വികളെപ്പററി വികൃതമായ ഒരു ഭാവവും പൂണ്ട് ഒരു ചെറിയ പുഞ്ചിരിയുമായി അവരങ്ങനെ അചഞ്ചലമായി നിലകൊള്ളും.

ഒരു "മോഡൽ" ജോലിക്കാരനാകാൻ എന്തെല്ലാം യോഗ്യത കളാണ് വേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. അവരുടെ പേരിൽ നടത്തപ്പെടുന്ന അവകാശവാദങ്ങളുടെ യഥാർത്ഥലക്ഷണങ്ങൾ ഒന്നും ഞാൻ കണ്ടിട്ടില്ല. "കണ്ടുപിടുത്തം" എന്നപദം നിർലോഭ മായി ഉപയോഗിച്ചു കാണുകയും, വളരെ വിരസമായ വിധത്തിൽ നേട്ടങ്ങളുടെ നീണ്ടപട്ടിക ആവർത്തിക്കപ്പെടുകയും ചെയ്യുന്നതു്, സാങ്കേതിക സാമർത്ഥ്യം വിദഗ്ദ്ധനോട്ടത്തിൽ സാവധാനത്തിൽ സ്വായത്തമാക്കാവുന്ന ഒരു ഗുണമാണെന്നുള്ള സാധാരണ ധാര ണയെ വെല്ലുവിളിക്കയാണ്. മുതലാളികൾക്കുവേണ്ടിയല്ല അവർ ജോലിചെയ്യുന്നതെന്നും പ്രത്യുത അവക്കുവേണ്ടിത്തന്നെയും,രാജ്യം ഒട്ടാകെയുമുള്ള നന്മയ്ക്കുവേണ്ടിയാണ് ബുദ്ധിമുട്ടുന്നതെന്നുമുള്ള അറിവു്, പുതിയ കഴിവുകളുടെ ഒരു പ്രളയംതന്നെ സൃഷ്ടിച്ചിരി ക്കുമോ? പ്രതിഭാവിലാസമുള്ള ആളുകൾ എല്ലാടത്തും മുളച്ചുവന്നി രിക്കാം. ആ നിഗമനത്തോടനുയോജ്യമായ ഒരു റിപ്പോർട്ടാണ് "ചൈനാ റികൺസ്ട്രക്ട്സ്" എന്ന പ്രസിദ്ധീകരണത്തിലെ താഴെ പ്പറയുന്ന പ്രസ്താവന.

ററിയൻസ്റ്റിൻ ഓട്ടോ മൊബൈൽ അസംബ്ലി പ്ലാൻറു് അതിൻെറ ഒന്നാമത്തെ കാർ നിർമ്മിക്കുവാൻ തീരുമാനം ചെയ്ത പ്പോൾ, കാറിൻെറ ഭാഗങ്ങൾ ഒരുമിച്ചു കൊണ്ടുവരുന്നതിനുമുമ്പ് അതിനാവശ്യമുള്ള പല ഉപകരണങ്ങളുടെ അഭാവം തൊഴിലാ ളികൾ മനസ്സിലാക്കി. ജോലിക്കാർ ഇതിനെപ്പററി ചർച്ചകൾ നടത്തിയതിൻെറ ഫലമായി പഴയ യന്ത്രസാമഗ്രികളിൽനിന്നും സ്പെയർ പാർട്ടുകളിൽനിന്നും വേണ്ടതെല്ലാം അവക്കു നിർമ്മി ക്കുവാൻ കഴിഞ്ഞു.

ഈ "കണ്ടുപിടുത്തത്തിൽ"നിന്നുത്ഭവിച്ച കാർ ടിയെൻസ്റ്റി നിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്നതു ഞാൻ കണ്ടു.

തുണിനെയ്ത്തു വ്യവസായത്തിലും ഇങ്ങനെയുള്ള "കണ്ടു പിടുത്തങ്ങളുടെ" നേരിട്ടുള്ള ഫലങ്ങൾ എനിക്കു് കാണുവാൻ സാധിച്ചു. വസ്ത്രനിർമ്മാണത്തിൽ വലിയ ഒരു കുറവു് രാജ്യത്തിനു

നേരിട്ടു. അതു പരിഹരിക്കുവാൻ ഒരു ദേശീയ ധീരാത്മാവിനെ സൃഷ്ടിക്കേണ്ടതായിവന്നു. അയാൾ കണ്ടുപിടിച്ച പുതിയ മാർഗ്ഗങ്ങളിൽക്കൂടെ ഭാവിയിൽ വസ്ത്രസമൃദ്ധിതന്നെ വാഗ്ദാനം ചെയ്യപ്പെട്ടു. അങ്ങിനെയാണു് ഹൊ ചിയെൻ—സീയുവിൻെറ കഥ ഉത്ഭവിച്ചതു്. തുണിനെയ്ത്തു് വ്യവസായത്തിൽ അന്യാദൃശ്യ നേട്ടങ്ങൾക്കു് യഥാർഹമായ ബഹുമതികൾ നേടിക്കഴിഞ്ഞു് ഇപ്പോഴും ജീവിച്ചിരിക്കുന്ന ഒരു സ്ത്രീയെപ്പററിയാണു് ആ കഥ. 1952 ഏപ്രിൽ 11—ാംതീയതിയിലെ പീപ്പിൾസ് ചൈനാ എന്ന പത്രം ഇങ്ങനെ റിപ്പോർട്ടുചെയ്യുന്നു.

"ചൈനായിലെവിടെയും സുപ്രസിദ്ധയായിത്തീർന്നിരിക്കുന്ന പതിനേഴവയസ്സുകാരി ഹോ ചിയൻ സിയുവിൻെറ ജന്മദേശം കൂടെയാണു് ഷാൻതുംഗ്. സിംഗ്ടാവൊ മോഡൽ ടെക്സ്റ്റൈൽ തൊഴിലാളിയായ ഈ വനിതയ്ക്കു്, നൂൽനൂൽക്കുന്നതിൽ സ്പിൻഡിലുകളിൽ നഷ്ടപ്പെടുന്ന പഞ്ഞിയുടെ തോതു് 1.5 ശതമാനത്തിൽ നിന്നു് 25 ശതമാനമായി കുറയ്ക്കുവാൻ സാധിച്ചു. അവളുടെ പുതിയ മാതൃക രാജ്യത്തെ തുണിവ്യവസായ ശാലകളിൽ എല്ലാം നടപ്പാക്കി.രാജ്യവ്യാപകമായി നടപ്പാക്കിക്കഴിയുമ്പോൾ 44,460 ബെയിൽനൂലോ 4.6 കോടിവാര തുണിയൊ, യന്ത്രസാമഗ്രികളിലൊ സാധനങ്ങളിലൊ ഒരൊററ പെനി പോലും കൂടുതൽ ചെലവാക്കാതെ പ്രതിവർഷം നിർമ്മിക്കുവാൻ കഴിയും. ഇപ്പോഴത്തെ ശരാശരിയുള്ള ഉപഭോഗനിരക്കനുസരിച്ച 40 ലക്ഷം ആളുകൾക്കു് ആവശ്യമുള്ള തുണികൂടെയാണു് ഇങ്ങനെ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്നതു്.

ഈ സ്ത്രീയുടെ ജീവചരിത്രം സംബന്ധിച്ചു് 1952 മെയ്_ജൂൺ ലക്കം "ചൈനാ റികൺസ്ട്രക്ട്സ്" താഴെപ്പറയുന്ന വിവരങ്ങൾ നൽകുന്നു.

"ഹോമിയെൻ—സിയുവിൻെറ നേട്ടങ്ങൾ പ്രസിദ്ധമായതിനോട്ടുകൂടി അനവധി, ബഹുമതികൾ അവൾക്കു നല്കപ്പെട്ടു. ചൈനീസ് ജനതയുടെ പൊളിററിക്കൽ കൺസൾട്ടേററീവ് കമ്മിററിയുടെ നവംബർ സമ്മേളനത്തിൽ തൊഴിലാളി പ്രതിനിധിയായി അവൾ നിയോഗിക്കപ്പെടുകയും വിവിധ രംഗങ്ങളിലെ മുഖ്യ ദേശീയ നേതാക്കന്മാരുമായി ചർച്ചകളിൽ സംബന്ധിക്കയും ചെയ്തു. പുതിയ ജനകീയയുവജനസംഘത്തിലെ "മോഡൽ മെമ്പർ" ആയും അവൾ തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ അവളുടെ ഏററവും വലിയ സംതൃപ്തി അവളുടെ പുതിയ സമ്പ്രദായം വ്യവസായവ്യാപകമായ തോതിൽ അംഗീകരിക്കപ്പെട്ടുവെന്നുള്ളതും, അങ്ങനെ യാഥാസ്ഥിതികത്വത്തിൻെറ മേൽ മുഖരിതമായ ഒരു വിജയം നേടാൻ കഴിഞ്ഞുവെന്നുള്ളതുമാണു്.

ദേശീയപ്രസിദ്ധിയാജ്ജിച്ച ഇവരുടെ പുതിയ കണ്ടുപിട്ടത്തം ഹെങ്കിയുവാൻ ടെക്സ്റ്റൈൽ മിൽസിൽ വരുത്തിയ പരിവത്തനങ്ങൾ എനിക്കു നേരിട്ടുകാണുവാൻ സാധിച്ചു. പിയെൻഷി-ചിംഗ് മാത്രമാണ് ഉല്പാദനത്തെപ്പററിയുള്ള യഥാർത്ഥ സ്ഥിതിവിവരക്കണക്കുകൾ നല്കിയതു്. ദേശീയ വിമോചനത്തിനുമുമ്പ് ഹെങ്കിയുവാൻ മിൽസ് 1000 ജോലിക്കാരെ നിയമിച്ചിരുന്നു. ഇന്നു് 1800 ജോലിക്കാർ 10 മണിക്കൂർ സമയത്തേക്കുള്ള രണ്ടു ഷിഫ്ററുകളായി ജോലി ചെയ്യുന്നുണ്ടു്. വിമോചനത്തിനുമുമ്പ് ഒരു സ്പിൻഡിലിനു 0.64 റാത്തൽ എന്നു കണക്കിൽ പ്രതിദിനം ഒരു ലൂമിൽ 47.16 വാര തുണി നെയ്തിരുന്നു. ഇപ്പോൾ ഒരു സ്പിൻഡിലിനു് 0.97 റാത്തൽ നൂലും, 24 മണിക്കൂർ ദിനത്തിൽ ഒരു ലൂമിൽ 83 വരെ തുണിയും നെയ്തെടുക്കുന്നു. ഈ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നതു് ചൈനായിലെ ഒരു ജോലിക്കാരൻ ഏററവും നന്നായി വേലചെയ്താൽ ഒരു ഇൻഡ്യൻ ടെക്സ്റ്റൈൽ ജോലിക്കാരനു സമമൊ, അതിൽ കുറവോ മാത്രം കാര്യക്ഷമത പ്രദർശിപ്പിക്കുന്നുയെന്നാണു്.

തൊഴിലാളികൾക്കു ഭരണനേതൃത്വം ഉള്ള ഒരു സംസ്ഥാനത്തു് അവനുവേണ്ടിയും, രാജ്യത്തിനുവേണ്ടിയും ജോലിചെയ്യുന്നു എന്നുള്ളതുകൊണ്ടു് പല വ്യവസായങ്ങളിൽ നിലവിലിരിക്കുന്ന കൂലിവ്യവസ്ഥകളെപ്പററി അറിയുവാൻ എനിക്കു ജിജ്ഞാസ ഉണ്ടായിരുന്നു. മാനേജ്മെൻറുമായി വിലപേശൽ നടത്തി കൂലിവ്യവസ്ഥകൾ നിർണ്ണയിക്കുന്നതു് ട്രേഡ്യൂണിയനുകളുടെ ഒരു കത്തവ്യമേയല്ല. മിനിമം കൂലിവ്യവസ്ഥ സ്റ്റേററുതന്നെ തീരുമാനിച്ചിട്ടുണ്ടു്. പ്രായപൂത്തി വന്ന രണ്ടുപേർക്കുള്ള ജീവിതച്ചെലവു കണക്കാക്കി പീസ്വക്കടിസ്ഥാനത്തിൽ ചെയ്യുന്ന ജോലിയുടെ മാനദണ്ഡമനുസരിച്ചാണു് കൂലിവ്യവസ്ഥ ചെയ്തിരിക്കുന്നതു്. ജീവിതച്ചെലവിൽ എന്തെല്ലാമുൾപ്പെട്ടുന്നുയെന്നു വ്യക്തമായി അറിയുവാൻ യാതൊരു മാഗ്ഗവുമുണ്ടായിരുന്നില്ല. മുക്ഡനിൽ കൂലി നൽകപ്പെട്ടിരുന്നതു് പോയിൻറുകളുടെ അടിസ്ഥാനത്തിലാണു്. അരിപ്പൊടി, എണ്ണ, വസ്ത്രം, ഉപ്പ്, കൽക്കരി മുതലായ ആവശ്യങ്ങൾക്കു് പ്രത്യേകം പോയിൻറുകൾ നിശ്ചയിക്കും, ഒരു പോയിൻറിനു് 1900 യുവാൻ അല്ലെങ്കിൽ 8 സെൻറു് (100 സെൻറു്= ഒരു ഡോളർ=നാലേമുക്കാൽ ഇൻഡ്യൻ രൂപാ ആണു് വില മതിപ്പ്.)ഹുവാനദീതടപദ്ധതിയിൽ ഒരു തൊഴിലാളിക്കു് 4 കട്ടികൾ അല്ലെങ്കിൽ 4റാത്തൽ അരിയും, സൗജന്യമായ താമസസൗകര്യവുമാണു് കൂലി. എന്നാൽ ഈ കൂലിയിൽ 3 1/2 കട്ടികൾ ഭക്ഷണത്തിനു കർഷകത്തൊഴിലാളിക്കു വേണ്ടിയിരുന്നു. ബാക്കി 1/2 കട്ടി അരി, മററാവശ്യങ്ങൾക്കു കൈമാററം ചെയ്യുവാനുള്ള തുക മാത്രമായിരുന്നുവെന്നാണു് ഞാൻ മനസ്സിലാക്കിയതു്. മഞ്ചൂറി

യായിൽ ഞാൻ സന്ദർശിച്ച ഫാക്ടറികളിൽ തൊഴിലാളിക്കു പ്രതിമാസം 8.50 ഡോളർ മുതൽ 25.60 ഡോളർവരെ കൂലിയുള്ളതായി കണ്ടു. മോഡൽ വർക്കർ ഇപ്പോൾ ടെക്നിഷ്യൻസ് (സാങ്കേതികസാമർത്ഥ്യമുള്ള ജോലിക്കാർ) എന്ന വകുപ്പിലാണറിയപ്പെടുന്നതു്. അവർക്കു് പ്രതിമാസം 41 ഡോളറാണു് കൂലി. ടിയെൻസ്റ്റിൻ ടെക്സ്റ്റൈൽ മില്ലുകളിൽ ചാമ ധാന്യമായിട്ടാണു് കൂലി നൽകപ്പെട്ടിരുന്നതു്. ഒരു തൊഴിലാളിക്കു 28 ഡോളറിന്റെ ചാമ പ്രതിമാസം കിട്ടും. ഈ കൂലി നിരക്കു് ഇൻഡ്യൻ തുണിവ്യവസായശാലകളിൽ ലഭിക്കുന്നതിനോടു സമമാണു്.

മുക്ഡനിലുള്ള ഘനവ്യവസായശാലകളിൽ കൂലിനിരക്കു വളരെ താണതാണു്. എന്നാൽ ഷാംഗ്ഹെയിൽവച്ചു സ്റ്റേറ്റ് വ്യവസായശാലകൾ ഏറ്റെടുത്തപ്പോൾ തൊഴിലാളിയൂണിയൻ കുറഞ്ഞ കൂലിക്കു വേല എടുത്തുകൊള്ളാമെന്നു് സമ്മതിച്ചുവെന്നും, അങ്ങനെ ഗവർമ്മെൻറിന്റെവ്യയന്യൂനീകരണപദ്ധതിയ്ക്കുതൊഴിലാളികളുടെ സംഭാവനയായി അതു പരിഗണിക്കപ്പെട്ടുവെന്നും പറഞ്ഞുകേൾക്കുകയുണ്ടായി. ഇപ്പോൾ നിലവിലിരിക്കുന്ന ചൈനായിലെ കൂലിനിരക്കു കണക്കിലും, പ്രയോജനത്തിലും മുമ്പിലത്തേതിനേക്കാൾ മെച്ചമാണെന്നുള്ളതു് ഒരു പരമാർത്ഥമാണു്. കൂടാതെ 1951-ലെ തൊഴിലാളി ഇൻഷ്വറൻസ് നിയമം വാർദ്ധക്യം, രോഗം മുതലായ അവശതകളിൽ തൊഴിലാളികൾക്കു സംരക്ഷണ നൽകുന്നുമുണ്ടു്.

നിയമമനുസരിച്ചു, രോഗംപ്രമാണിച്ചുള്ള അവധിക്കാലത്തു് തൊഴിലാളികളുടെ മെഡിക്കൽബിൽ മാനേജ്മെൻറുതന്നെ വഹിക്കുകയും അവധിക്കാലത്തു് ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയും വേണം. ജോലി സംബന്ധിച്ചുണ്ടാകുന്ന പരുക്കുകൾക്കു മൂന്നു് മാസം പൂർണ്ണശമ്പളത്തോടുകൂടിയും അല്ലാതുള്ള പരുക്കുകൾക്കു പകുതി ശമ്പളത്തോടു കൂടിയും അവധി നൽകണം. പിന്നീടുള്ള മൂന്നു മുതൽ ആറു മാസം വരെ ഇൻഷ്വറൻസ് ഫണ്ടിൽ നിന്നു് ജോലിക്കാർക്കു് മൂന്നിലൊന്നു മുതൽ പകുതിവരെ ശമ്പളം ലഭിക്കും. ഈ കാലാവധിയും കഴിഞ്ഞാൽ അംഗഹീനർക്കും മററുമുള്ള അവശതാപെൻഷ്യൻ വാങ്ങാം. ഉദ്യോഗത്തിൽനിന്നു് വിരമിക്കുമ്പോൾ ഉള്ള പെൻഷൻ പുരുഷന്മാർക്കു് അറുപതു വയസ്സും, സ്ത്രീകൾക്കു് അൻപത്തഞ്ചു വയസ്സും തികയുമ്പോൾ മുതൽ നൽകപ്പെടും. ഈ പെൻഷനുള്ള അവകാശത്തിനു് ഇരുപത്തഞ്ചു കൊല്ലത്തെ സേവനവും, തൊഴിലാളി ജോലിയിൽനിന്നു വിരമിക്കുന്ന ഫാക്ടറിയിൽ തന്നെ പത്തു കൊല്ലത്തെ സേവനവും നടത്തിയിരിക്കണമെന്നുള്ള വ്യവസ്ഥയുണ്ടു്. പ്രസവകാലത്തു് സ്ത്രീകൾക്കു് അൻപത്താറു ദിവസത്തെ പൂർണ്ണശമ്പളത്തോടുകൂടിയുള്ള അവധി നൽകും. മററു മാതൃസൗജന്യങ്ങൾ ഇൻഷ്വറൻസ് ഫണ്ടിൽ

നിന്നും ലഭിക്കുന്നതാണ്. പ്രസവകാലഇൻഷ്വറൻസിനുള്ള മുഴുവൻ ചെലവും ഗവർമ്മെൻറാണ് വഹിക്കുന്നതു്. തൊഴിലാളിയോ, തൊഴിലുടമയോ യാതൊരു സംഖ്യയും അതിന്നു നൽകേണ്ടതില്ല. ഒരു നിശ്ചിത വലുപ്പത്തിലുള്ള ഫാക്ടറികൾക്കാണ് ഈ നിയമം പ്രാബല്യത്തിൽ വരുത്തിയിരിക്കുന്നതു്. എങ്കിലും ചെറിയ ഫാക്ടറികളും ഈ നിയമശാസനങ്ങൾ അനുകരിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്.

യൂണിയനുകൾ മാനേജ്മെൻറുമായി സഹകരിച്ചു തൊഴിലാളികൾക്കു വിശ്രമസങ്കേതങ്ങളും, ആരോഗ്യകേന്ദ്രങ്ങളും (സാനട്ടോറിയം) നഴ്സറികളും നിർമ്മിച്ചിട്ടുണ്ട്. ഫാക്ടറികളിൽ ചെലവു കുറഞ്ഞ രീതിയിൽ നടത്തപ്പെടുന്ന ഭക്ഷണശാലകൾ, അവിടെ ജോലിചെയ്യുന്നവർക്ക് പററിയ ഭക്ഷണം നൽകുന്നു. ഒരു ജോലിക്കാരൻ അവധിയെടുക്കുക എന്ന പതിവേ ഇല്ല. അനാരോഗ്യം മൂലമല്ലാതെ യാതൊരു കാരണവശാലും ഫാക്ടറിയിൽ വന്നു ജോലി ചെയ്യാതിരിക്കാനും പാടില്ല. ഒരു ജോലിയിൽ നിന്നു പിരിച്ചുവിടുക എന്നൊരേർപ്പാടുമില്ല. ചില വിദേശക്കമ്പിനികളിൽ ജോലിക്കാരെ കുറച്ചതിൻെറ വൈഷമ്യങ്ങളെപ്പററി ഞാൻ ആരായുകയുണ്ടായി. പിരിച്ചുവിടീൽ നിരോധിച്ചിരിക്കുന്നതു കൊണ്ടു് തൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മ വർദ്ധിക്കുന്ന പ്രശ്നം ഗുരുതരമായി നേരിടുന്നില്ല. ഫാക്ടറിത്തൊഴിലാളികൾ കൃഷിഭൂമിയിലേക്കു തിരിച്ചുപോകാൻ അനുവദിക്കപ്പെടുന്നതല്ല. കർഷകജനത ഇപ്പോൾതന്നെ അപൂർണ്ണമായ തൊഴിൽ സൌകര്യത്തിൽ വിഷമിക്കുന്നുവെന്നതാണ് അതിനു കാരണം.

ഇങ്ങനെയൊരു തൊഴിൽനയം ഇവിടെ സാദ്ധ്യമാകുന്നതു് ഉൽപാദനച്ചെലവു് കമ്മ്യൂണിസ്റ്റ് സാമ്പത്തിക നയത്തിൽ ഒരു പരിഗണനയേ അല്ലാത്തതുകൊണ്ടാണ്. ഞാൻ സന്ദർശിച്ച ഒരു ഫാക്ടറിയിലും ഉൽപ്പാദനച്ചെലവുകളെപ്പററി ഒരു അറിവു ലഭിക്കുവാൻ സാദ്ധ്യമായിരുന്നില്ല. അങ്ങനെയുള്ള കണക്കുകൾ അവിടെ സൂക്ഷിക്കപ്പെടുന്നില്ലായിരിക്കാം. വ്യവസായനിർമ്മിതങ്ങളായ സാധനങ്ങൾ എല്ലാംതന്നെ ചൈനായിൽ മതിയാകുംവണ്ണം ലഭ്യമല്ല. അതുകൊണ്ടു് വ്യവസായസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതു് ഉപഭോഗത്തിൻെറയും, സാമ്പത്തികസ്ഥിരതയുടെയും ക്രമീകരണത്തിൻെറ ആവശ്യകതയെ മുൻനിറുത്തിയാണ്. കൂലിനിരക്കു നിശ്ചയിക്കുന്നതു് "രാജ്യത്തിൻെറ പൊതു ഉൽപ്പാദനപരിതസ്ഥിതിയെപ്പററി ഗവർമ്മെൻറു നൽകുന്ന നിർദ്ദേശങ്ങളനുസരിച്ചാണ്" എന്നു് മുക്ഡനിലുള്ള ഒരു ഫാക്ടറിയുടെ മാനേജർ എന്നോടു പറഞ്ഞു. അതായതു് ഉപഭോഗത്തിന്നു് അനുവദിക്കുന്ന പരിധിയനുസരിച്ചു വേലയും കൂലിയും

പുനർനിർണ്ണയം ചെയ്തുകൊണ്ടിരിക്കുമെന്നാണിതിൻെറയർത്ഥം. മുതലാളിത്തസാമ്പത്തികവ്യവസ്ഥിതിയിൽഉള്ളതുപോലെ ഏതെങ്കിലും വ്യവസായത്തിൻെറ പ്രത്യേക പരിതസ്ഥിതിയെ മാത്രം ആശ്രയിച്ചു കൂലിനിരക്ക് സ്ഥിതി ചെയ്യുകയല്ല.

ഞാൻ സന്ദർശിച്ച എല്ലാ ഫാക്ടറികളിലും ഒരു പുതിയ ഉടമബോധം തൊഴിലാളികളെ ഭരിക്കുന്നതായി കണ്ടു തൊഴിലാളിവർഗ്ഗവും, കർഷകരും, ഇടത്തരക്കാരും, ദേശീയ മുതലാളിമാരും ഉൾപ്പെട്ട ഒരു ജനതയിൽ ഏററവും പ്രാമാണ്യമുള്ള വിഭാഗം തങ്ങളാണെന്നു തൊഴിലാളികൾക്ക് ബോദ്ധ്യമുണ്ടായിരുന്നു. രാഷ്ട്രീയമൊ സാമ്പത്തികമൊ, ആയ ഏതു പ്രവത്തനങ്ങളിലും തൊഴിലാളിയെ മുൻപന്തിയിൽ കൊണ്ടുവരുകയും, ചൈനീസ്ജനതയെ സോഷ്യലിസത്തിലേയ്ക്കു നയിക്കുവാനുള്ള അവൻെറ കത്തവ്യങ്ങളെപ്പററി അനുസ്മരിപ്പിക്കയും ചെയ്യും. 1952—ലെ വൃഹാൻ ശുദ്ധീകരണപ്രസ്ഥാനത്തിൽ വ്യാപാരസംഘങ്ങളെ ചോദ്യം ചെയ്ത്, ശിക്ഷാപീഡനങ്ങൾ നടത്തിയതിൽ ഈ പ്രാമാണികബോധം എങ്ങനെ പ്രകടമായി എന്ന് വിശദീകരിക്കുന്ന ഒരു സംഭവകഥ പറയാം. ചൈനാ ടൂത്ത്ബ്രഷ്കമ്പിനിയിലെ സുംഗ്—ഷെൻ എന്ന ദേഹത്തെ കമ്പിനിയിലെ തൊഴിലാളികളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് പതിനേഴ വയസ്സു മാത്രം പ്രായമുള്ള ഒരു അപ്രൻറിസു വിചാരണ നടത്തിയ വിവരം ചൈനീസ് പത്രങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു.

ചോദ്യം:—ഒരു അപ്രൻറിസ് എന്താണ് ചെയ്യുന്നതു്?

ഉത്തരം:—ഏതെങ്കിലും ഒരു വേല പഠിക്കുന്നു.

ചോദ്യം:—അതിന് അയാളെ തല്ലണമെന്നുണ്ടൊ?

ഉത്തരം: - അതെൻെറ അപരാധമാണ്.

ചോദ്യം:—എന്താണ് അതിനു ചെയ്യേണ്ടതു്?

ഉത്തരം:—തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിനു ഞാൻ സ്വയം വിധേയനാകുകയും തൊഴിലാളികളുടെ മുമ്പിൽ ഞാൻ തലകുനിക്കുകയും ചെയ്യുക.

ചോദ്യം:—നിങ്ങളുടെ കുററസമ്മതം എന്തുകൊണ്ടാണ് ഗവർമെൻറിന് സമർപ്പിച്ചതും,ഗവർമ്മെൻറതു ഞങ്ങളുടെപേക്കു അയച്ചുതന്നതും?

ഉത്തരം;—നിങ്ങൾ രാജ്യത്തെ നേതൃവർഗ്ഗം ആയതുകൊണ്ടാണ്.

ചോദ്യം:—ശരി, അപ്പോൾ നിങ്ങൾ ഏതുതരം വ്യക്തിയാണ്?

ഉത്തരം:—ഞാൻ ഒരു അധമനായ വ്യാപാരിയാണ്.

ചോദ്യം:—നീ ഒരു ക്രിമിനൽ കുററവാളിയാണോ?

ഉത്തരം:—അതെ.

അങ്ങനെ ജനങ്ങളുടെ വികാരത്തെ ക്ഷോഭിപ്പിച്ചു സമർത്ഥമായ പ്രചരണതന്ത്രങ്ങളിൽ കൂടെ സൗഭാഗ്യമായ സഹസ്രാബ്ദ വാഴ്ച വാഗ്ദാനം ചെയ്യുകയാണ്. ഈ വാഗ്ദാനങ്ങൾ യഥാർത്ഥങ്ങളാണെന്നു് ഒരു ഉടമബോധത്തിൽകൂടെ നൽകുകയും ഈ ആഗ്രഹസാദ്ധ്യത്തിനു് തടസ്സക്കാരായിനിൽക്കുന്നവരെന്നു വിചാരിക്കപ്പെടുന്നവരുടെ നേർക്ക് ഉഗ്രമായ രോഷം ഉജ്ജ്വലിപ്പിക്കുകയുമാണ് പരിപാടി. "മോഡൽ" തൊഴിലാളികളുടെ സഹകരണത്തോടുകൂടി ഈ പ്രത്യാശ ഓരോ തൊഴിലാളിയിലും ഉദ്ദീപിപ്പിക്കുകയാണ്. ഒരു യാദൃശ്ചിക സന്ദർശകനായ എനിക്കുപോലും ചൈനീസ് തൊഴിലാളിയിൽ ഈ വികാരപാരവശ്യം ദൃശ്യമായിരുന്നു. ചൈനീസ്തൊഴിലാളിയുടെ കഠിനാദ്ധ്വാനം ചെയ്യുവാനും, വളരെ ഘനമുള്ള ചുമടു ചുമക്കുവാനുമുള്ള കഴിവു പ്രസിദ്ധമാണ്. ഇന്നതവൻ ചെയ്യുന്നതു് പ്രത്യാശയോടുകൂടിയാണ്. ഇന്നു് ഒരു അനാസ്ഥാമനോഭാവം അവനില്ല. അവൻ ചെയ്യുന്ന ജോലി പഠിക്കുവാൻ അവനാഗ്രഹമുണ്ടു്. വായിക്കുവാനും എഴുതുവാനും അവൻ ശ്രമിച്ചുപഠിക്കുന്നു. കേവലം ഉൽസാഹം കൊണ്ടുമാത്രം പഠിക്കുവാനോ, യന്ത്രങ്ങൾ നടത്തുവാനോ ഒരു പുതിയ യന്ത്രം അവനു നേടുവാനോ അവനു് കഴിയുന്നില്ല. ഇന്നു് ചൈനാ അംഗീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളിൽകൂടെ തൻെറ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുന്നതല്ലെന്നു് അവൻ അറിയുന്നില്ല.

# 5

# വിദേശസഹായം

ചൈനായിലെ ഇപ്പോഴത്തെ വ്യാവസായിക പ്രയത്നങ്ങളുടെ ഒരു കണക്കു നിശ്ചയിക്കുമ്പോൾ നിലവിലിരിക്കുന്നവിദേശ വ്യവസായസ്ഥാപനങ്ങളുടെയും, അവയുടെ ഭാവിവികസനത്തിനു വേണ്ടിയുള്ള മുതൽ നിക്ഷേപസാദ്ധ്യതകളുടെയും, തദ്ദേശീയരായ സാങ്കേതിക സാമർത്ഥ്യമുള്ളവരുടെ ലഭ്യതയെയും പരിഗണിക്കേണ്ടിയിരിക്കുന്നു. രാജ്യം വ്യവസായവൽക്കരിക്കുവാനും, ചൈനായുടെ നിസ്സീമങ്ങളായ വിഭവസമൃദ്ധിയെ പരിപോഷിപ്പിക്കുവാനും മുമ്പു യാതൊരു ശ്രമവും തന്നെ നടന്നിരുന്നില്ലെന്നു് അംഗീകൃതമായ ഒരു വസ്തുതയാണു്. കടൽതീരങ്ങളിലുള്ള ഏതാനും വ്യവസായകേന്ദ്രങ്ങളൊഴിച്ചാൽ ചൈനായുടെ വിസ്തൃതമായ ഉൾപ്രദേശങ്ങൾ ഗ്രാമ്യത്തട്ടുകളായി ഇന്നും തുടരുന്നു. അവിടെ അസംസ്കൃതസാധനങ്ങൾ വിദേശ കയററുമതിക്കു് ഉൽപ്പാദിപ്പിക്കപ്പെട്ടുന്നു. അവർക്കു് അത്യാവശ്യമുള്ള വ്യവസായസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതു് ഈ അസംസ്കൃതസാധനങ്ങളുടെ കയററുമതിയെ ആശ്രയിച്ചാണു് നിൽക്കുന്നതും.

അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവന്ന ചുരുക്കം ചില വ്യവസായശാലകൾ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നതു്, വസ്ത്രം,സോപ്പു്, സിഗററു്, മൈനിംഗ് എന്നിവയുടെ പൊതുസൌകര്യങ്ങളായ ട്രാൻസ്പോർട്ടു്, ജലവിതരണം, വിദ്യുച്ഛക്തി മുതലായവയിലുമാണു്. ഈ വ്യവസായസംരംഭങ്ങളിൽ പലതും വിദേശികളുടെ വകയായിരുന്നു. വിപുലമായ വിപണിയും അനിയന്ത്രിതമായ ചൂഷണസൌകര്യങ്ങളുമാണു് അവരെ ഇങ്ങോട്ടാകർഷിച്ചതു്. കുന്നുകൂടിയ അമിതലാഭങ്ങൾ രാജ്യത്തിനു് വെളിയിലേക്കാണു് പൊയ്ക്കൊണ്ടിരിക്കുന്നതു്. ചൈനീസ് ജനതയ്ക്കു് വിലയുടെ തീരുമാനങ്ങളിലൊന്നും ഒരു പങ്കുമില്ല. കൂലിനിരക്കോ, അവരുടെ രാജ്യത്തെ ചൂഷണം ചെയ്യുന്നതിനെ തടയുന്ന സാമ്പത്തിക നയമൊ ഒന്നും ജനങ്ങൾക്കു് ഒരു അഭിപ്രായവും പറയാൻ കാര്യമുള്ള വിഷയങ്ങളായിരുന്നില്ല. വിദേശതാല്പര്യങ്ങൾക്കു് മനുഷ്യജീവികളെ വളരെ വിലകുറച്ചു കിട്ടുമായിരുന്നു. വിദേശ നിക്ഷേപകർ ഏതാനും വർഷങ്ങൾകൊണ്ടു് അവരുടെ മുതൽ

മുടക്കു രണ്ടും മൂന്നും ഇരട്ടിയായി വർദ്ധിപ്പിച്ചുകൊണ്ടിരുന്നുവെന്നു ചൈനാക്കാർ പറയാറുണ്ട്.

അങ്ങനെയുള്ള പരിതസ്ഥിതിയിൽ വിവേകമുള്ള ഒരു ഗവൺമെൻറ് ഏററവും പ്രഥമമായി ശ്രദ്ധിക്കേണ്ട കാര്യം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുകയാണ്. രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെയും, അഖണ്ഡനിലയേയും പരിപാലിക്കുന്നതിനെക്കാൾ പരമമായ പരിഗണന ഒരു ഗവർമ്മെൻറിനുണ്ടാകാനില്ല. എന്നാൽ മററെവിടെയുമെന്നപോലെ ചൈനായിലും കമ്മ്യൂണിസ്റ്റുകാരുടെ ശ്രദ്ധ ജനങ്ങളുടെ അഭിവൃദ്ധിയെക്കാൾ വളരെ കൂടുതൽ അധികാരവും ഭരണാധിപത്യവും നേടുന്നതിലാണ്. വളരെ പ്രശാന്തരും സൗമ്യരുമായ ജനതയുടെ നേരെ വളരെ നിന്ദാപരമായ പെരുമാററങ്ങൾ വർഷിച്ചുകൊണ്ടിരുന്നു. വിദേശികളുടെ നേരെ തോന്നിയിരുന്ന സങ്കടം രൂക്ഷമായ ജനകീയ രോഷമായി ആളിക്കത്തിക്കുന്നതിനു് യാതൊരു പ്രയാസവുമുണ്ടായിരുന്ന കാര്യമല്ല. അങ്ങനെയുള്ള പ്രകോപനം തുറന്നുവിട്ട ശക്തിപ്രവാഹം, സൃഷ്ടിപരമായ പ്രയത്നങ്ങൾക്കാവശ്യമായിരുന്ന സാമർത്ഥ്യവും, ജ്ഞാനവും മുതൽമുടക്കും നേടുന്നതിനു് സഹായിച്ചിരുന്നെങ്കിൽ അതു് പ്രയോജനപ്രദമാകുമായിരുന്നു. നിർഭാഗ്യവശാൽ അങ്ങനെയുള്ള ഒരു പ്രതീക്ഷക്കു വകനൽകുന്ന യാതൊന്നും ഞാൻ ചൈനായിൽ കണ്ടില്ല

വ്യവസായവൽകരണത്തിനുള്ള ശ്രമം മുഴുവൻ, വൻ തോതിലുള്ള യന്ത്രസജ്ജീകരണങ്ങളൊ സാങ്കേതിക സാമർത്ഥ്യമൊ ആവശ്യമില്ലാത്ത വല്ലതും പുതുക്കിപ്പണിയുവാൻ ഉണ്ടെങ്കിൽ അവയിൽ മാത്രം പ്രവർത്തിക്കുകയായിരുന്നു. ചൈനായിലെ തൊഴിലാളികളും എഞ്ചിനീയർമാരും മുഖേന ആവശ്യമായ സാമർത്ഥ്യം സംഭരിക്കുവാൻ രാജ്യത്തിനു കഴിയുമായിരുന്നെങ്കിൽ വല്ല ആശയും തോന്നുമായിരുന്നു, ഈ വശത്തും ചൈനായിക്കു പല അവശതകളാണുള്ളതു്.

ചൈനായുടെ സാമ്പത്തികാഭിവൃദ്ധി ആരംഭംമുതൽ ശരിയായ ഗതാഗതസൌകര്യത്തിൻെറ അഭാവം മൂലം വിഘ്നപ്പെട്ടു കിടന്നു. റെയിൽറോഡ് തീരപ്രദേശത്തുകൂടെ വടക്കുനിന്നു തെക്കോട്ടു നീണ്ടുകിടക്കുന്നു. ഉൾപ്രദേശങ്ങൾ തീരവുമായി വേർപെട്ടു കിടക്കുകയാണ്. പൂർവ്വപശ്ചിമ ഗതാഗതം നദികളെ മാത്രം ആശ്രയിച്ചു നിൽക്കുന്നു. പന്തീരായിരം മൈലാണ് റെയിൽറോഡിൻെറ നീളം. ബ്രിട്ടൻ, ജപ്പാൻ, ഫ്രാൻസ്, ചൈനാ എന്നീ രാജ്യങ്ങൾ ചേർന്നാണ് മുമ്പ് ഈ റെയിൽവെ സർവീസ് നടത്തിയിരുന്നതു്. ഇന്നു് ചൈനായിലെ റെയിൽവേകൾ വളരെ കാര്യക്ഷമമായി നടത്തപ്പെടുന്നുണ്ടെന്നുള്ളതു് വാസ്തവമാണ്. സുസംഘടിതമായ ഒരു സമ്പ്രദായമനുസരിച്ചു ത്രൂസർവീ

സ്ഥകൾ വളരെ നന്നായി ഇപ്പോൾ നടത്തുന്നുണ്ട്. അതു പോലെതന്നെ, വിദേശക്കമ്പിനികളിൽനിന്ന് പിടിച്ചെടുക്കപ്പെട്ട ജലവിതരണം, വിദ്യുച്ഛക്തി വിതരണം ഷാംഗ്ഹൈ പോലെയുള്ള നഗരങ്ങളിൽ പ്രതീക്ഷകൾക്കെതിരായി വളരെ പ്രാപ്യമായി നടത്തപ്പെട്ടുന്നുണ്ട്. പല കേന്ദ്രങ്ങളിലും, പുതിയ ഭരണത്തിൽ അവ അലങ്കോലപ്പെട്ടുപോകുമെന്ന് ആശങ്കകൾ പുറപ്പെടുവിച്ചു കേട്ടിരുന്നതാണ്. എന്നാൽ വ്യവസായ പ്ളാൻറുകൾ, സാമഗ്രികളുടെ ദാരിദ്ര്യവും, സാങ്കേതിക വിജ്ഞാനരാഹിത്യവും, മാനേജുമെൻറിലുള്ള അപ്രാപ്തിയും പ്രകടിപ്പിക്കുന്നുണ്ട്. പരിശീലനം കഴിഞ്ഞ ആളുകളുടെ കുറവ് ആണതിനു കാരണം. അടുത്ത ഭാവിയിലെങ്ങും സർവകലാശാലകൾക്കോ, സാങ്കേതിക സ്ഥാപനങ്ങൾക്കോ ഈ ന്യൂനത പരിഹരിക്കുവാൻ കഴിവില്ലാതെയുമാണിരിക്കുന്നതു്,

ചൈനായിലെ എല്ലാ പ്രസിദ്ധ സർവകലാശാലകളും ഞാൻ സന്ദർശിക്കുകയുണ്ടായി. അവ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവശതകൾ ഞാൻ നേരിട്ടു കണ്ടു. പ്രായോഗിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ അവിടെ ഇല്ലെന്നു തന്നെ പറയാം. ഇംഗ്ലീഷു ഭാഷയിലുള്ള പാഠ്യപുസ്തകങ്ങൾ പെട്ടെന്ന് നിർമ്മാർജ്ജനം ചെയ്തതിൻെറ ഫലമായി, അദ്ധ്യയനപരമായി ചീനഭാഷയിൽ പോലുമുള്ള പുസ്തകങ്ങൾ വിദ്യാലയങ്ങളിൽ ലഭ്യമല്ലാതായി. രാജ്യത്തിൻെറ അത്യാവശ്യം കൊണ്ടു് വിദ്യാർത്ഥികൾ അദ്ധ്യയനം പൂർത്തിയാക്കിയാലുടനെ തൊഴിലുകളിലേക്കു നിയമിക്കപ്പെടുകയായി. അടിയന്തിര പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിലൊ, ചില വ്യവസായങ്ങൾക്കു സ്പെയർപാർട്ടുകൾ നിർമ്മിക്കുന്നതിലൊ, സർവകലാശാലകൾ ദത്തശ്രദ്ധരായിരിക്കും. സാമാന്യമായ സാങ്കേതിക പരിശീലനം നൽകുവാനുള്ള കഴിവു് സർവ്വകലാശാലകൾക്കില്ല. ഇപ്പോൾ അത്യാവശ്യമായിരിക്കുന്ന തൊഴിൽ തുറകളിൽ ഒഴിച്ചു വിദ്യാർത്ഥികൾക്കു പരിശീലനം നൽകാനുള്ള സൌകര്യവും സർവകലാശാലകളിൽ ഇല്ല.

പലപ്പോഴും റിപ്പോർട്ടു് ചെയ്യപ്പെട്ടു കേൾക്കാറുള്ള ഒരു വസ്തുതയാണു് റഷ്യയിൽനിന്നും ഗണ്യമായ സാങ്കേതിക സഹായങ്ങളും യുദ്ധംമൂലം അധഃപ്പതിച്ച സാമ്പത്തിക സ്ഥിതി പുനരുദ്ധരിക്കുവാൻ അനേകായിരം റഷ്യൻ സാങ്കേതിക വിദഗ്ദ്ധന്മാരും ചൈനായിക്കു ലഭിച്ചിട്ടുണ്ടെന്നു്. റഷ്യാക്കാരായി ഇവിടെയുള്ളവരുടെ സംഖ്യ അറിയുവാൻ വിഷമമാണു്. എന്നാൽ ചൈനായുടെ ആവശ്യത്തിനു മതിയാകുന്ന തോതിൽ അവർ ഇവിടെ ഇല്ലെന്നാണു് ഇവിടെ കാണുന്ന എല്ലാ ലക്ഷ്യങ്ങളിൽനിന്നും അനുമാനിക്കേണ്ടതു്. മുക്ഡനിലും, പീക്കിംഗിലും. ററിയെൻസിനിലും ഞാൻ താമസിച്ച ഹോട്ടലുകളിൽ ഞാൻ ചില റഷ്യാക്കാരെ കണ്ടു.

അവർ എന്നും രാവിലെ ഹോട്ടലിൽനിന്നു പോകും. അവരുടെ ഭക്ഷണം അവർ കഴിച്ചതു് മററു ഭക്ഷണമുറികളിലാണു്. മററാരോടും ഇടപെടാതെ അവർ തമ്മിൽ മാത്രം അവർ സമ്പർക്കം പാലിക്കുന്നതായി കണ്ടു. അവക്കുവേണ്ടി പ്രത്യേകം നിയോഗിക്കപ്പെട്ടിരുന്ന കാറുകളിൽ അവർ യാത്രചെയ്തിരുന്നു. നഗരത്തിൽ കൂടി ഓടിച്ചുകൊണ്ടു പോകുമ്പോൾ കറുത്ത തുണികൾ കൊണ്ടുള്ള കർട്ടൻ കാറിന്റെ ജനാലകളിൽ തൂക്കിയിട്ടിരുന്നു. ഇവർ ചൈനീസു്ഗവർമ്മെൻറിന്റെ സാങ്കേതിക ഉപദേഷ്ടാക്കന്മാരായിരുന്നുവെന്നും, സൈനിക ചിട്ടയിൽ സംഘടിതമായിരുന്ന ഒരു എഞ്ചിനീയറിംഗ് സംഘമായി പ്രത്യേക വ്യവസായ സംരംഭങ്ങളുടെ മേൽനോട്ടം അവർ വഹിച്ചിരുന്നുവെന്നുമാണു് എനിക്കു അറിയുവാൻ കഴിഞ്ഞതു്. എന്റെ രണ്ടു സന്ദർശനങ്ങളിലും ചൈനയിൽ ഞാൻ പോയ ഒരു വ്യവസായശാലയിലും അവരെ ആരെയും കണ്ടില്ല. എന്നാൽ ഹ്വവായി നദീതടപദ്ധതിയുടെ സജ്ജീകരണക്കമ്മിററിയുടെ പാംഗ്പൂവിലുള്ള കേന്ദ്ര ആപ്പീസിൽ ഞാൻ ഒരു പടം കണ്ടു. അതിൽ ജലസംരക്ഷണവിദഗ്ദ്ധനായ ബുക്കോഫ്, ഈ പദ്ധതിയുടെ ചാർജ്ജ് വഹിക്കുന്ന ചൈനീസ് ഉദ്യോഗസ്ഥന്മാരുമായി ചർച്ചകൾ നടത്തുന്നതായി ചിത്രീകരിച്ചിരുന്നു.

ഞാൻ സന്ദർശിച്ച ഫാക്ടറികളെല്ലാം ചൈനാക്കാരുടെ മാനേജ് മെൻറിൽ പ്രതിദിനമുള്ള സാങ്കേതികപരിശോധനയോ സഹായമോ കൂടാതെ നടത്തപ്പെട്ടുന്നതായി കണ്ടു. ചൈനാക്കാർക്കു തന്നെ പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നം നേരിട്ടപ്പോഴെ റഷ്യൻ വിദഗ്ദ്ധന്മാർ അവിടെ എത്തുകയുള്ളു. അതിനു മുമ്പ് അവരുടെ സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള അഭ്യർത്ഥന റഷ്യൻ ബ്യൂറോയിൽ കിട്ടിയ ശേഷമേ അവർ ഫാക്ടറികൾ സന്ദർശിക്കു.

പഴയ ചൈനായിക്കു് സാങ്കേതികസഹായത്തിനു് മററു മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ഇപ്പോഴത്തെ ഗവർമെൻറിനും ആവശ്യമുണ്ടെങ്കിൽ അതു ലഭ്യമാണു്. ജപ്പാനും, ബ്രിട്ടനും, യുണൈറഡു് സ്റ്റേററ്സും ചൈനീസ് വ്യവസായങ്ങളിൽ വമ്പിച്ച തുകകൾ മുടക്കിയിരുന്നു. ജപ്പാന്റെ പരാജയത്തിനു ശേഷം ജപ്പാൻകാരുടെ വകയായുണ്ടായിരുന്ന വ്യവസായങ്ങളെല്ലാം ചൈനാ കൈവശപ്പെടുത്തി. അമേരിക്കയിലെ ചൈനീസ് ആസ്തികളെല്ലാം മരവിപ്പിച്ചതിനു പ്രതികാരമായി അമേരിക്കയുടെ നിക്ഷേപങ്ങൾ എല്ലാം കർശനമായ നിയന്ത്രണത്തിൽ സൂക്ഷിക്കുകയാണു്. ബ്രിട്ടീഷ് വ്യവസായങ്ങൾ ഇപ്പോഴും തുടരുന്നു. 1930-ലെ കണക്കനുസരിച്ചു ചൈനായിലെ ബ്രിട്ടീഷ് വാണിജ്യവ്യവസായങ്ങളിലെ നിക്ഷേപങ്ങൾ 20 കോടി പവൻ

വരും. യുദ്ധത്തിനു മുമ്പ് ഈ നിക്ഷേപസംഖ്യ ഗണ്യമായ തോതിൽ വർദ്ധിപ്പിച്ചിരുന്നു. ഇന്നത്തെ കണക്കനുസരിച്ച് ബ്രിട്ടീഷ് നിക്ഷേപങ്ങൾ ഏകദേശം 35 കോടി പവൻ വരും.

ഈ ബ്രിട്ടീഷ് കമ്പനികൾ ചൈനായുമായി വ്യാപാരം നടത്തുവാൻ തയ്യാറായിരുന്നു. അവക്ക് അതിന് ആകാംക്ഷയുമുണ്ടായിരുന്നു. ആ കമ്പനികളെ ഭരിച്ചിരുന്നവർ പഴയ ചൈനായിൽ നല്ല പരിചയമുള്ളവരും ഇരുപതിലധികം കൊല്ലങ്ങൾ അവിടെ താമസിച്ച് രാജ്യത്തെ സ്ഥിതിഗതികൾ നല്ലവണ്ണം അറിഞ്ഞവരും ആയിരുന്നു. അവരിൽ പലരും രാജ്യത്തെ ജനങ്ങളെപ്പററി പുച്ഛമുള്ളവരായിരുന്നിരിക്കാം. വെള്ളക്കാരൻെറ ഉത്തരവാദിത്വമാണ് വർണ്ണവർഗ്ഗക്കാരെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു വരേണ്ടതെന്നുള്ള മനോഭാവം പുലർന്നവരായിരിക്കാം. എങ്കിലും ലാഭമുണ്ടാക്കാൻ സൗകര്യം ലഭിക്കുന്നതിനു് ഉററുനോക്കിക്കൊണ്ടിരിക്കുന്ന ബിസ്സിനസ്സുകാരാണവർ. ബ്രിട്ടൻ ചൈനായോടു് സൗഹാർദ്ദനയം സ്വീകരിക്കുന്നതിനു് പ്രേരണ ചെലുത്തുവാൻ അവക്ക് വേണ്ട സ്വാധീനശക്തിയുമുണ്ടായിരുന്നു.

അതുകൊണ്ടു് ചൈനാക്കാർ എന്നെങ്കിലും അവരുമായി വ്യാപാരബന്ധം പുനസ്ഥാപിക്കുന്നതിൻെറ ആവശ്യം മനസ്സിലാക്കുമെന്നുള്ള പ്രതീക്ഷയിൽ ബ്രിട്ടീഷുകാർ രാജ്യത്തു് നിന്നു് പിന്മാറാതെ കഴിച്ചുകൂട്ടി. ഉപഭോക്താക്കൾക്കാവശ്യമായ പല സാധനങ്ങളും, യന്ത്രസാമഗ്രികളും സാങ്കേതികസഹായവും, മുതൽമുടക്കും ചൈനായിക്കു് ആവശ്യമാണെന്നു് സകാരണം അവർ മനസ്സിലാക്കി. അവരുടെ നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർബന്ധിക്കപ്പെടാതെ ന്യായമായ ലാഭമുണ്ടാക്കാൻ അവരെ അനുവദിക്കുമെങ്കിൽ ഇവയെല്ലാം നൽകുവാൻ അവർ സന്നദ്ധരായിരുന്നു. അങ്ങനെ അവർ പ്രത്യാശയോടുകൂടി കാത്തിരുന്നു.

ഒരു പക്ഷെ, ഇംഗ്ലീഷുകാരുടെ ആശ നീതികരിക്കത്തക്കതായിരുന്നിരിക്കാം. ചൈനായെപ്പററി എന്തെങ്കിലും അറിയാവുന്നവക്ക് ആ രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങളെപ്പററി മനസ്സിലാക്കാതിരിക്കാൻ സാദ്ധ്യമല്ല. അവ മനസ്സിലാക്കിക്കൊണ്ടു് പുതിയ ഗവർമെൻറു് സാമൂഹ്യവ്യവസ്ഥിതിയിൽ മുതലാളിമാക്കും ഒരു സ്ഥാനം നൽകി. മാവോ സെ–തുംഗ് ഇപ്രകാരം എഴുതിയിട്ടുണ്ടു്. "വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ നിസ്സീമമായ മുതൽ മുടക്കു് ആവശ്യമാണു്. എവിടെ നിന്നാണതു് വരുന്നതു്! രണ്ടു മാർഗ്ഗങ്ങളിൽ കൂടെ മാത്രമേ അതു ലഭിക്കുവാൻ കഴിയൂ. ചൈനീസ്സ് ജനത തന്നെ നേരിട്ടു സംഭരിക്കുന്ന മുതലും, വിദേശനിക്ഷേപങ്ങൾ വഴിയായുള്ള കടവുമാ

ണതു്. ചൈനായിലെ നിയമശാസനങ്ങൾ അവർ അനുസരിക്കുകയും, നമ്മുടെ സാമ്പത്തികസ്ഥിതിക്കു് അവ പ്രയോജനകരമായിരിക്കുകയും ചെയ്താൽ വിദേശനിക്ഷേപങ്ങളെ നാം സ്വാഗതം ചെയ്യും.'' ഈ ആശയം തന്നെ ''ജനങ്ങളുടെ ജനാധിപത്യസ്വേച്ഛാധിപത്യം'' എന്ന പുസ്തകത്തിൽ അദ്ദേഹം ആവർത്തിച്ചുപറയുന്നുണ്ടു്. ''നമുക്കു് ബിസ്സിനസ് ഇടപാടുകൾ നടത്തുവാൻ ആവശ്യമുണ്ടു്. നാം മററാരെയും എതിക്കുന്നില്ല.'' 1951—ൽ എൻെറ ഒരു ചോദ്യത്തിനു് ചൌ എൻ–ലായി ഇങ്ങനെ മറുപടി പറയുകയുണ്ടായി. ''ഞങ്ങളുടെ സുഹൃത്‌രാജ്യങ്ങളിൽ നിന്നു് ഏതു സഹായം ലഭിച്ചാലും ഞങ്ങൾ അതിനെ വളരെയധികം സ്വാഗതം ചെയ്യും.''

അതുകൊണ്ടു്, ബിസ്സിനസ് നടത്താമെന്നുള്ള പ്രതീക്ഷയിൽ ബ്രിട്ടീഷ് വ്യവസായികൾ ചൈനായിൽ തുടർന്നു് താമസിച്ചു. ചൈനായിക്കു വേഗം മറക്കുവാൻ കഴിയാത്ത ഓർമ്മ ശക്തിയുണ്ടു്. വെള്ളക്കാരൻെറ ഔദ്ധത്യസ്‌മരണ ഇന്നും ചൈനാക്കാരൻെറ മനസ്സിൽ നിന്നു് മാഞ്ഞിട്ടില്ല. ഉന്നതബോധത്തിൽ നിന്നു് ജനിക്കുന്ന അഹങ്കാരഫലമായി ഒരു വ്യക്തിയുടെ അനുഭവത്തിൽ വന്നു ചേരുന്ന മാനഹാനി അവൻ വേഗം വിസ്‌മരിച്ചുയെന്നു വരുന്നതല്ല. എന്നാൽ ഇങ്ങനെയുള്ള നിസ്സാര ഇച്ഛാഭംഗങ്ങൾ സ്വന്തം ശക്തിയെപ്പററി ബോധമുള്ള ഒരു ജനത അവഗണനീയമായിക്കരുതി മുന്നേറുകതന്നെ ചെയ്യും. ചൈനീസ് ജനതയുടെ ജീവിതനിലവാരത്തിൻെറ ശീഘ്‌രമായ ഉയർച്ചയ്ക്കു് ആവശ്യമായ സങ്കേതികസഹായം ആരിൽ നിന്നു് വരുന്നുവോ അതു് സ്വീകരിക്കുവാൻ രാജ്യതാല്പര്യം നിർബന്ധിക്കുന്നു. കമ്മ്യൂണിസ്റ്റു രാജ്യങ്ങൾക്കു നൽകുവാൻ കഴിയുന്നതിനെക്കാൾ എത്രയോ വലിയ തോതിൽ വ്യാവസായപുരോഗതി സമാജ്ജിച്ചു കഴിഞ്ഞ പശ്ചിമ യൂറോപ്പിനും, അമേരിക്കയ്ക്കും നൽകുവാൻ കഴിയും. ഗവർമെൻറിൻെറ നയങ്ങളെ ഏതെങ്കിലും രൂപത്തിൽ ബാധിക്കാതിരിക്കത്തക്ക വിധത്തിൽ പല നടപടികളും ക്രമീകരിച്ചു് ഈ സഹായം തേടാവുന്നതാണു്. ഏതായാലും ഗവർമെൻറിൻെറ നയത്തിലുള്ള ഇടപെടലുകളെ ഭയന്നു് ഈദൃശ സഹായം നിഷേധിക്കുന്നതു് ഗവർമെൻറിൻെറ ബലഹീനതയെ സ്വയം സമ്മതിക്കുകയും, സ്വന്തകഴിവിലുള്ള വിശ്വാസക്കുറവിനെ പ്രകടിപ്പിക്കുകയുമാണു്.

ബ്രിട്ടനെപ്പററി ഒരു തീരുമാനം ചെയ്യാൻ ചൈനായിക്കു കഴിവില്ലാതെയാണിരിക്കുന്നതു്. പശ്ചിമചൈനായിലുള്ള സംഭരണശാലകളിലേയ്ക്കു സ്വതന്ത്രമായ പ്രവേശനാനുവാദം ബ്രിട്ടനു് നൽകിയിരിക്കുകയാണു്. എങ്കിലും ബ്രിട്ടൻെറ പൂർവചരിത്രം നിർഭാഗ്യകരങ്ങളായ ചില സ്‌മരണകളെ ചൈനാക്കാരുടെ

മനസ്സിൽ അവശേഷിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് വിദേശികൾക്കു്
പ്രത്യാശ നൽകുന്ന പല പ്രസ്താവനകളും അധികാരികൾ
ചെയ്യാറുണ്ടെങ്കിലും, യഥാത്ഥത്തിൽ വിവേചനാപരമായ ഒരു
നയം വിദേശികളെ സാവധാനത്തിൽ ചൈനായിൽ നിന്നു്
പുറം തള്ളിക്കൊണ്ടാണിരിക്കുന്നതു്. ബ്രിട്ടീഷ് വ്യവസായികളെ
ചൈനായിൽ നിന്നു് പിൻവലിക്കാൻ അനുവാദം ചോദിച്ചു
കൊണ്ടു് ബ്രിട്ടൻ കത്തു നൽകിയതിന്റെ തലേദിവസം
പീപ്പിൾസ് ബാങ്കിന്റെ ഗവർണ്ണർ നാൻ ഹാൻ-ചെൻ രാജ്യ
ത്തുള്ള വിദേശതാല്പര്യങ്ങളുടെ സ്ഥാനത്തെപ്പററിയുള്ള എന്റെ
ഒരു ചോദ്യത്തിനു് ഇങ്ങനെ ഉത്തരം നൽകി. "ഇപ്പോൾ ഇവിടെ
പ്രവത്തനം നടത്തിക്കൊണ്ടിരിക്കുന്ന വിദേശവ്യവസായികളും,
വ്യാപാരികളും ഇവിടെ തുടരാവുന്നതാണു്. പരസ്പരമുള്ള
പ്രയോജനങ്ങളെയും സമത്വത്തെയും അടിസ്ഥാനപ്പെടുത്തി
പുതിയ നിക്ഷേപങ്ങൾ ഞങ്ങൾ സ്വാഗതം ചെയ്യും. ഇവിടത്തെ
നിയമങ്ങൾക്കു് വിധേയമായി അവർ പ്രവത്തിക്കണമെന്നേ
യുള്ളു". ഇതേ മറുപടി തന്നെയാണു് ബ്രിട്ടീഷ് കത്തിനു് വിദേശ
കാര്യാലയത്തിലെ ഉപമന്ത്രി നൽകിയതു്. ഈ പ്രസ്താവന
കൾക്കു് പരമാത്ഥത്തിൽ വലിയ അത്ഥമൊന്നുമില്ല. ചൈനാ
യിലെ വിദേശതാൽപ്പര്യങ്ങൾ എത്രമാത്രം ഇവിടത്തെ നിയമ
ങ്ങൾക്കു് വിധേയമായി വർത്തിച്ചാലും ക്രമമായും സുനിശ്ചിത
മായും പുറം തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണു്

ഈ ഉദ്ദേശസാദ്ധ്യത്തിനു് സ്വീകരിച്ചുകൊണ്ടിരിക്കുന്ന
മാർഗ്ഗങ്ങൾക്കു് ഒരു ക്രൂരവിനോദത്തിന്റെ വേഷപ്രകടനങ്ങ
ളെല്ലാമുണ്ടു്. തുടർച്ചയായി നടത്തുന്ന ഒരു ചിത്രവധത്തിന്റെ
കഠിനവേദന നോക്കിനിന്നു് ആഹ്ളാദിക്കുന്നതു പോലെയാണതു്.
വസ്തുവകകളെപ്പററിയുള്ള ബോധവും, അമിതലാഭേച്ഛയും, ഒരു
കാലത്തു മർദ്ദനം നടത്തിയിരുന്നവരെ മർദ്ദിതർ തയാറാക്കിയ
കെണിയിലേയ്ക്കു ചാടിച്ചു. ഒരു കാലത്തു് ചൈനായുടെ രക്തം
ഊററി എടുത്ത വിദേശികൾക്കു് ഇന്നവരുടെ വസ്തുവകകൾ ഉപേ
ക്ഷിച്ചുപോകാൻ കഴിവില്ലാതെ കുഴയുന്നു. പൂർവ്വകാലങ്ങളിലെ
അപരാധങ്ങൾക്കു് അവർ പരിഹാരം ചെയ്യുകയാണെന്നു ചൈ
നയും കരുതുന്നു.

ഇന്നു ബ്രിട്ടീഷുകാരുൾപ്പടെ പല വിദേശികൾക്കും വസ്തുവ
കകളും ഉപേക്ഷിച്ചു രാജ്യം വിടണമെന്നു് ആഗ്രഹമുണ്ടു്. നിർ
ഭാഗ്യവശാൽ അതിനവക്കു് സാദ്ധ്യമല്ല. ലോകപ്രസിദ്ധമായ
കാതേഹോട്ടലിന്റെ ഉടമസ്ഥർക്കു് നേരിട്ട അനുഭവത്തെപ്പററി
എനിക്കറിയാം. അവരുടെ കെട്ടിടങ്ങളുമെല്ലാമുപേക്ഷിച്ചു ചൈ
നാക്കാക്കു് വിട്ടുകൊടുത്തിട്ടു് ചൈനാ വിട്ടുപോകാൻ അവർ
ആഗ്രഹിച്ചു. എന്നാൽ അവരുടെ ബാദ്ധ്യതകളും അവസാനി

പ്പിച്ചു കണക്കുകളും ശരിപ്പെടുത്തി സ്ഥലം വിടാനുള്ള പെർമിററ് കിട്ടുന്നതിനു് അവരുടെ മാനേജർ രണ്ടു കൊല്ലങ്ങൾ പണിപ്പെടേണ്ടിവന്നു. രാജ്യാന്തര പ്രസിദ്ധിയുള്ള ഒരു പുകയിലക്കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ കമ്പനി ചൈനാക്കാർക്കു് വിട്ടുകൊടുക്കുവാൻ തന്നെ ഒരു കൊല്ലം എടുത്തു. പോകാനുള്ള പെർമിററു് കിട്ടാതെ അദ്ദേഹം ഇപ്പോഴും അവിടെ താമസിക്കുന്നു. അതെ സമയം ബാദ്ധ്യതകളും വർദ്ധിച്ചുകൊണ്ടിരിക്കയാണു്. നികുതികൾ കൊടുത്തുകൊണ്ടിരിക്കേണ്ടതിനു് പുറമെ പിരിച്ചുവിടാൻ കഴിയാത്ത തൊഴിലാളികൾക്കു ശമ്പളവും തുടർന്നുകൊണ്ടിരിക്കണം. അതെസമയം, ഈ ബാദ്ധ്യതകൾ കൊടുക്കുന്നതിനുള്ള ഭാരം മാനേജർക്കു തന്നെയായി തുടരുന്നു. കൂടാതെ ഇപ്പോഴൊ മുമ്പോ സ്റ്റാഫിൽപെട്ട ഉദ്യോഗസ്ഥന്മാർ കാണിച്ചിട്ടുള്ള നിയമലംഘന പ്രവൃത്തികളുടെ എല്ലാം ഉത്തരവാദിത്വം മാനേജർ വഹിക്കണം. അദ്ദേഹത്തിൻെറ വ്യക്തിസ്വാതന്ത്ര്യത്തിൻെറയും സുരക്ഷിതത്വത്തിൻെറയും നേരെ ഇതൊരു നിരന്തര ഭീഷണിയായി വർത്തിക്കുന്നു.

എൻെറ ഷാംഗ്ഹെ സന്ദർശനത്തിൽ ഞാൻ പല വിദേശവ്യവസായപ്രമുഖരെയും കുബേരവ്യാപാരികളെയും കണ്ടു. അവർ ചൈനായിൽ വളരെക്കാലം പഴകിയവരായിരുന്നു. വിപ്ലവത്തിനുശേഷം അവർക്കു് ഷാംഗ്ഹെ നഗരത്തിനു് വെളിയിൽ പോകാൻ കഴിയാതെ ഇന്നും അവർ അവിടെ തുടരുകയാണു്. നവീന ചൈനായെപ്പററി അവർ വളരെ അജ്ഞരായിരുന്നു. കൊളോണിയൽ രാജ്യങ്ങളിലെ ജനങ്ങൾ വളരെ പിന്നോക്കമായിരുന്നുവെന്നു, തങ്ങളെക്കാൾ താഴ്ന്നവരായിരുന്നുവെന്നുള്ള അവരുടെ ബോദ്ധ്യം ഇപ്പോഴും അവർ വച്ചുപുലർത്തുന്നുണ്ടാവാം. എങ്കിലും മററുള്ളവരിൽനിന്നു് ഇത്രയും വേർപെട്ടു് ഏകാന്തമായി കഴിഞ്ഞ അവർക്കു് എന്നെ കണ്ടപ്പോൾ ശുദ്ധവായു ശ്വസിക്കാൻ കഴിഞ്ഞതുപോലെ ഒരാനന്ദവും, ഉന്മേഷവും തോന്നിയതായി കണ്ടു. ഇൻഡ്യൻ എംബസ്സിയുടെ സഹായങ്ങളെ അവർക്കു് പല കാര്യങ്ങളിലും ആശ്രയിക്കേണ്ടതായിരുന്നുവെന്നു് എനിക്കറിയാമായിരുന്നു. അതുകൊണ്ടായിരുന്നില്ല അവർ എന്നെ ഇത്ര അധികം സന്തോഷത്തോടുകൂടി സ്വാഗതം ചെയ്തതു്. ഞാൻ ഒരു പത്രപ്രവർത്തകനായിരുന്നതുകൊണ്ടു് അവർ പറയുന്നതു് കേൾക്കുവാൻ ഞാൻ സന്നദ്ധനായിരുന്നു. കല്പിതകഥകളല്ലാതെ യാഥാർത്ഥ്യങ്ങളെപ്പററി സംസാരിക്കുവാനും എനിക്കു സന്നദ്ധതയുണ്ടായിരുന്നതുകൊണ്ടാണു് അവർക്കു് ഉത്സാഹം തോന്നിയതു്.

അവരുടെ ആപ്പീസുകളിൽ മററാരുടെയും സാന്നിദ്ധ്യം കൂടാതെ ഞാൻ തനിച്ചുചെന്നു. ഒരു വ്യവസായി, ഞാൻ ഇങ്ങനെ

യൊരു രഹസ്യസംഭാഷണത്തിനു ധൈര്യപ്പെട്ടതിൻെറ സാഹ സികത്വത്തെപ്പററി വിസ്മയം പ്രദർശിപ്പിച്ചു. എന്നെ പ്രത്യേകം അനുഗമിച്ചു സൗകര്യങ്ങൾ ചെയ്തു തരുവാൻ നിയുക്തമായിരുന്ന ചൈനാക്കാർക്ക് ഇങ്ങനെയുള്ള എൻെറ പോക്കുകൾ ഇഷ്ടപ്പെട്ടിരുന്നില്ലെന്നും എനിക്കറിയാമായിരുന്നു. ഞാൻ ഒരു സന്ദർശനം കഴിഞ്ഞു തിരിച്ചു ചെന്നാലുടനെ ഞാൻ എവിടെയായിരുന്നുവെന്നവക്കറിയണം. എങ്കിലും അനേകം വിദേശബിസ്സിനസ്സുകാരെ സന്ദർശിച്ചു ഞാൻ സംഭാഷണം നടത്തിക്കൊണ്ടിരുന്നു, അവസാനം ഇൻഡ്യൻ എംബസ്സയിൽ നിന്നുതന്നെ എൻെറ വ്യക്തിപരമായ സുരക്ഷിതത്വത്തെപ്പററി ആശങ്കകൾ പ്രദർശിപ്പിക്കുവാനും മുന്നറിവു നൽകുവാനും ഇടയായി.

ഷാംഗ്ഹെയിലുള്ള ഒരു ബിസ്സിനസ് സ്ഥാപനം ഞാൻ സന്ദർശിച്ചപ്പോൾ പ്രൈവററു ബിസ്സിനസ് നടത്തുന്ന ഒരു മുതലാളിയുടെ പ്രത്യേകിച്ച് മുതലാളിയുടെ, വിധിയെന്തായിരിക്കുമെന്നു് ചിത്രീകരിച്ചിരിക്കുന്ന ഒരു വലിയ പടം കണ്ടു. മാനേജരുടെ ആപ്പീസിൻെറ വാതിലിലാണു് അതു് വരച്ചുവച്ചിരിക്കുന്നതു്. തടിയനായ ഒരു മൂഷകൻ അഴിമതികളിലും, ലാഭാലോചനകളിലും മുഴുകിയിരിക്കുമ്പോൾ വിജയശ്രീലാളിതനായ തൊഴിലാളി അയാളെ ബയണററുകൊണ്ടു് കുത്തിക്കീറിക്കൊണ്ടിരിക്കുന്നതാണു് ചിത്രം. തൻെറ മുറിയിൽ പ്രവേശിക്കുന്ന ഓരോ സന്ദർഭത്തിലും ഈ ചിത്രം കണ്ടിട്ടുവേണം മാനേജർ അകത്തുകടക്കാൻ. നിന്ദയും, അപമാനവും നഗ്നമായി പ്രകടിപ്പിക്കുന്ന ചിത്രം മാററുവാൻ അയാൾ അശക്തനുമായിരുന്നു.

ഞാൻ ഷാംഗ്ഹെയിലെ വിദേശബിസ്സിനസ് സ്ഥാപനങ്ങൾ സന്ദർശിച്ചപ്പോൾ പരസ്പരമുള്ള പ്രയോജനമൊ ചൈനായിലെ പുതിയ നിയമങ്ങൾക്കു വിധേയമായി പ്രവർത്തിക്കുവാനുള്ള സന്നദ്ധതയൊ ഒന്നുമല്ല അവരുടെ പ്രവർത്തനങ്ങൾ അവിടെ തുടരുന്നതിനു് ആസ്പദമായി വർത്തിച്ചതെന്നു് എനിക്കു ബോദ്ധ്യമായി. അവരുടെ ഒരുറാത്തൽ മാംസം തിരിച്ചെട്ടുക്കുവാനും, പിന്നീട്ടു് അവശേഷിക്കുന്ന ശവശരീരങ്ങൾ ദൂരത്തെറിയാനും ചൈനീസ് ജനത ദൃഢനിശ്ചയം ചെയ്തിരിക്കയാണു്. ഇവരുടെ ഉദ്ദേശം എങ്ങിനെയാണു് സാധിതപ്രായമായിത്തീർത്തുകൊണ്ടിരിക്കുന്നതെന്നുള്ളതു് രസകരമായ ഒരു കഥയാണു്. ഈ കുരുക്കിൽ അകപ്പെട്ടിരിക്കുന്ന ആളുകളെ അതിൽനിന്നു വിടുത്തി മാററുവാനുള്ള മാർഗ്ഗം ഒന്നുംതന്നെ കാണപ്പെട്ടുന്നില്ല.

ബ്രിട്ടൻ നൽകിയ കത്തിൽക്കൂടെ ഇപ്പോഴും ചൈനായിൽ അധിവസിക്കുന്ന എണ്ണൂറിൽ പരം ഇംഗ്ലീഷുകാക്കു് അവരുടെ ബിസ്സിനസ് തുടർന്നുപോകാമെന്നുള്ള ആശയൊ, അവരുടെ നിക്ഷേപത്തുകകൾ പിൻവലിക്കാതിരിക്കാമെന്നുള്ള പ്രതീക്ഷയൊ

ഇല്ലെന്നുള്ള ബോദ്ധ്യമാണു് അറിയിച്ചിരിക്കുന്നതു്. ലോകരാഷ്ട്രരംഗത്തു തുടരുന്ന സംഘർഷാവസ്ഥ, കൊറിയൻ യുദ്ധം, ചൈനീസ് ഗവർമെൻറിൻെറ നയം എന്നിവയെല്ലാം, ചൈനാ വിട്ടുപോകുന്നതിനുള്ള അവസരമായെന്നു് ഇംഗ്ലീഷുകാരെ ബോദ്ധ്യപ്പെടുന്നു. ഈ ബിസ്സിനസ്സുകാരിൽ പലരും അവരുടെ വൈഷമ്യങ്ങൾ വിവരിച്ചു. വിവേചനാപരമായ നികുതി വ്യവസ്ഥ, ചെലവുകുറയ്ക്കുവാനുള്ള ശ്രമങ്ങളുടെ അസാദ്ധ്യനില, സ്വകാര്യഉടമകളിൽനിന്നു സ്റ്റേറ്റുടമയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന വ്യാപാരവ്യവസ്ഥിതി, അയവില്ലാത്ത വില നിയന്ത്രണനയം എന്നിവയെല്ലാം അവർക്കു് വൈഷമ്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരുടെ നേർക്കു് കൂടെക്കൂടെ പുറപ്പെടുവിക്കുന്ന ഡിമാൻഡുകൾ അനുസരിച്ചു പ്രവർത്തിക്കുവാൻ വേണ്ട ഫണ്ടും അവർക്കില്ല. അവരുടെ ബാദ്ധ്യതകൾ എല്ലാം വ്യക്തിപരമാക്കിയിരിക്കയാണു്. അവരുടെ സ്റ്റോക്കുകൾ ഈടു വച്ചു ബാങ്കിൽനിന്നു കടമെടുക്കാനും സാദ്ധ്യമല്ല. അറസ്റ്റും ചെയ്തു ജയിലിലടയ്ക്കുന്നതെപ്പോഴാണെന്നുള്ള നിരന്തരഭീഷണിയുടെ നിഴലിലാണവർ ജീവിക്കുന്നതു്. സ്വന്തനാട്ടിൽ ഒരു പവനിൽ 19 ഷില്ലിംഗ് ആദായനികുതി കൊടുക്കുന്ന ഇംഗ്ലീഷുകാർ 30 ശതമാനം മാത്രം നികുതി വസൂലാക്കുന്ന ചൈനായിൽ പരാതിപ്പെടുന്നതു കണ്ടപ്പോൾ ഞാൻ ആശ്ചര്യഭരിതനായി. "പക്ഷേ ലാഭമുണ്ടെങ്കിലും, ഇല്ലെങ്കിലും ഈ നികുതി ഞങ്ങൾകൊടുക്കണം. സാധാരണയായി ഞങ്ങൾക്കു് ഒരു ലാഭവും ലഭിക്കാത്ത നിലയാണുള്ളതു്" എന്നു് ഒരു ബിസ്സിനസ്സുകാരൻ എന്നോടു പറഞ്ഞു,

ആസ്തികളും സ്റ്റോക്കും ഇപ്പോഴത്തെ നിലവച്ചു തിട്ടപ്പെടുത്താൻ വിദേശക്കമ്പിനികളെ അനുവദിച്ചിരുന്നില്ല. 1949 ഓഗസ്റ്റ് 31-ലെ കണക്കു ബുക്കുകൾ അനുസരിച്ചുള്ള തേയ്മാന (ഡിപ്രീസിയേഷൻ)ക്കുറവാണു് അതുകൊണ്ടു് കണക്കിലെടുത്തുകൊണ്ടിരുന്നതു്. ആ തീയതി കഴിഞ്ഞു് ഹോംഗ്കോംഗ്ഡോളർ നിരക്കു 9.7 ഇരട്ടി വർദ്ധിച്ചിട്ടുണ്ടു്. അങ്ങനെ വിദേശക്കമ്പിനികൾക്കു വളരെയധികം ലാഭമുണ്ടെന്നുള്ള ഒരു കണക്കു സങ്കൽപ്പിച്ചു കൊണ്ടാണു് അങ്ങേയററത്തെ നികുതി ചുമത്തുന്നതു്. പിയാനൊ ഇറക്കുമതി ചെയ്യുന്ന ഒരു കമ്പിനി ഒരു കൊല്ലം മുഴുവനും ഒററ പിയാനൊ പോലും വിൽക്കാതിരുന്നിട്ടും ആദായനികുതി കൊടുക്കാനുള്ള ആജ്ഞ ലഭിച്ചു. നേരെ മറിച്ചു ചൈനാക്കാരുടെ ബിസ്സിനിസ്സു് ആസ്തികൾ പുതിയ എക്സ്ചേഞ്ചു നിരക്കനുസരിച്ചു തിട്ടപ്പെടുത്തുവാൻ അനുവദിക്കപ്പെട്ടിരുന്നു. നികുതികൾ ഉടനടി വസൂലാക്കപ്പെട്ടിരുന്നു. വീഴ്ച വരുത്തുന്ന ഓരോ ദിവസത്തിനും ഒരു ശതമാനം പിഴ നിശ്ചയിച്ചു. അതും നികുതിയോടുകൂടെ വാങ്ങിച്ചിരുന്നു.

പല ഫാക്ടറികൾക്കും അസാംസ്കൃതസാധനങ്ങളുടെ അസുലഭതകൊണ്ട് ആണ്ടിൽ എല്ലാ മാസങ്ങളും പ്രവർത്തനം നടത്തുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ആണ്ടു മുഴുവനും തൊഴിലാളികൾക്കു കൂലി കൊടുത്തുകൊണ്ടിരിക്കുവാൻ അവ നിർബന്ധിക്കപ്പെട്ടിരുന്നു. തത്വത്തിൽ ട്രേഡ്യൂണിയനുമായി ആലോചിച്ചു മൂന്നു മാസത്തെ ശമ്പളം കൊടുത്ത് തൊഴിലാളികളെ പിരിച്ചുവിടാമെന്നാണ് വയ്പ്. പക്ഷെ പ്രായോഗത്തിൽ ട്രേഡ് യൂണിയനുകളുടെ സമ്മതം ആ കാര്യത്തിൽ ലഭിക്കുവാൻ സാദ്ധ്യമായിരുന്നില്ല. ഇനിയും അങ്ങനെ ഒരു സമ്മതം ലഭിച്ചാൽ തന്നെ, സേവനകാലത്തെ ആണ്ടുകൾ കണക്കാക്കി ഓരോ ആണ്ടിനും ഒരു മാസത്തെ ശമ്പളവും, പിന്നെ മൂന്നു മാസത്തെ ശമ്പളവും കൂട്ടിയുള്ള ഒരു തുക ഒരുമിച്ചു കൊടുക്കേണ്ടിവരും. ഇതിൻെറ ഉദ്ദേശം ഓരോ കമ്പിനിയും ലിക്വിഡേറു ചെയ്യുന്നതുവരെ, തൊഴിലാളികൾക്ക് ശമ്പളം കൊടുത്തുകൊണ്ടിരിക്കണമെന്നുള്ളതാണ്. ഈ നയത്തിൻെറ പരിണതഫലമോ, വ്യാവസായിക രംഗത്തും കാർഷികരംഗത്തും അനുദിനം വർദ്ധിച്ചുകൊണ്ടിരുന്ന തൊഴിലില്ലായ്മ ആയിരുന്നു. ആത്യന്തികമായി സകല സ്വകാര്യ വ്യവസായസംരംഭങ്ങളും പ്രവർത്തനരംഗത്തുനിന്നു പിന്മാറുകയെന്നുള്ളതാണ്ഫലം ഒരു ലാഭവുമുണ്ടാക്കാൻ സാധിക്കാതെവരുന്നിടത്ത് അങ്ങനെയല്ലാതെസംഭവിക്കയില്ല. ലാഭത്തിൻെറ പരിഗണനയെക്കാൾകഠിനമായമററു്അവശതകൾ സ്വകാര്യ കമ്പിനികൾ നേരിടേണ്ടതുണ്ട്. അസംസ്കൃത സാധനങ്ങൾക്കുള്ള വില, നികുതികൾ, ന്യൂനീകരിക്കുവാൻ പാടില്ലാത്ത ശമ്പളത്തുക ഇവയെല്ലാം ഉടനടി കൊടുത്തുകൊണ്ടിരിക്കണം. അതേ സമയം ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന സാധനങ്ങൾ വിററഴിയാതെ സ്റ്റോക്കിൽ കുന്നുകൂടുന്നതും കമ്പിനിയുടെ ജംഗമം ആസ്തിയായി വർദ്ധിക്കുകയുമാണ്. ഇങ്ങനെയുള്ള ബാദ്ധ്യതകൾ ടെക്സ്റ്റൈൽ മില്ലുകൾ പോലെയുള്ള വ്യവസായങ്ങൾക്കു സമയമനുവദിക്കുകയോ ബാങ്കിൽനിന്നു് അഡ്വാൻസുകൾ ലഭിക്കുകയോ ചെയ്തിരുന്നെങ്കിൽ കൊടുത്തു തീർക്കാൻ സാധിക്കുമായിരുന്നു. എന്നാൽ അഡ്വാൻസുകൾക്കുള്ള അഭ്യർത്ഥനകൾ എല്ലാം പീപ്പിൾസ് ബാങ്ക് നിരാകരിക്കുകയാണ് ചെയ്തിട്ടുള്ളതു. അതുകൊണ്ട് വിദേശകമ്പനികൾ സ്വന്തനാട്ടിൽനിന്നു വീണ്ടും പണം കൊണ്ടുവന്നു മുടക്കുവാൻ നിർബന്ധിതരായി. അങ്ങനെ മുടക്കിയില്ലെങ്കിൽ കമ്പിനിഭാരവാഹികൾക്കു കാരാഗൃഹവാസമാണ് നേരിടേണ്ടിവന്നതു്. ഒരു ബിസ്സിനസ് സ്ഥാപനത്തിൻെറ അധിപനു് വ്യക്തിപരമായ ബാധ്യതകൾ ആരോപിക്കുകയാണ് ചൈനീസ് നിയമത്തിൻെറ പോക്കു്.

പഴയ ചൈനായിൽ ജാർഡീൻ മതേസൺ ആൻഡു് കമ്പി

നി ഒരു ബിസ്സിനസ് സാമ്രാജ്യം തന്നെയായിരുന്നു. അവരുടെ പ്രവർത്തനങ്ങൾ കപ്പൽ കയററുമതി ഇറക്കുമതി, തുറമുഖത്തെ സാമാന കയററുമതി ഇറക്കുമതി. ടെക്സ്റ്റൈൽ, എഞ്ചിനീയറിംഗ്, മദ്യംവാററ് മുതലായവയായിരുന്നു. മദ്യംവാററു ഗവർമെൻറുമായുള്ള ഒരു കോൺട്രാക്ററ് വ്യവസ്ഥയിലാണ് നടത്തപ്പെട്ടിരുന്നതു്. വ്യവസ്ഥയനുസരിച്ച് ഉൽപ്പാദനം മുഴവൻ ഗവർമെൻറു വാങ്ങണം. 1952—ലെ വ്യയന്യൂനീകരണപ്രസ്ഥാനമനുസരിച്ച്, ഗവർമെൻറു, ബീയറിൻെറ ഉപയോഗം കുറയ്ക്കുകയും, വാങ്ങുന്ന മദ്യത്തിൻെറ അളവു സാരമായി ലഘൂകരിക്കുകയും ചെയ്തു. ഇതിൻെറ ഫലം മാർച്ചുമാസത്തിൽ മുപ്പതിനായിരം വീപ്പ ബീയർ ചെലവാകാതെ കെട്ടിക്കിടക്കുകയായിരുന്നു, അതിൽ മുടക്കിയ ഗണ്യമായ തുകയും വസൂലാക്കാൻ നിവൃത്തിയില്ലാതെ കെട്ടിക്കിടന്നു. കമ്പിനിയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന മിസ്റ്റർ ഗോർഡൻ, കമ്പിനിയുടെ ബാദ്ധ്യതകൾ കൊടുത്തു തീർക്കാനും, തൊഴിലാളികൾക്കു ശമ്പളം കൊടുക്കാനും നിവൃത്തിയില്ലാതെ വിഷമിച്ചു. അനേക ലക്ഷം പവൻ മുതൽ മുടക്കുള്ള ആ കമ്പനിയുടെ ആസ്തികൾ ഈടുവച്ച് കുറെ പണം കടം നൽകുവാൻ മി. ഗോർഡൻ ചെയ്ത അഭ്യർത്ഥന നിഷേധിക്കപ്പെട്ടു. ഒന്നുകിൽ ലണ്ടനിൽ നിന്നു പണം വരുത്തുകയോ അല്ലെങ്കിൽ, മാനേജിംഗ് ഡയറക്ടർ ജയിലിൽ പോകുകയോ അല്ലാതെ ഗത്യന്തരമില്ലായിരുന്നു. ഗോർഡൻ പണം വരുത്തുവാൻ വിസമ്മതിച്ചു. ലണ്ടനിൽനിന്നു വരുത്തുന്ന അഡ്വാൻസ് പണം തിരിച്ചടയ്ക്കുവാനുള്ള കഴിവ് ഗോർഡനുണ്ടാകുമ്പോൾ പുറത്തേക്കു പണം അയയ്ക്കുവാൻ ഗവർമെൻറു വിസമ്മതിക്കുമെന്നുള്ളതായിരുന്നു ഗോർഡൻെറ ആലോചന.

അങ്ങനെ ചൈനീസ് ഗവർമെൻറിനു് ഒരു വിഷമപ്രശ്നം നേരിട്ടു. ഗോർഡനെ അറസ്റ്റും ചെയ്യുന്നതായാൽ, വിദേശ ബിസ്സിനസ് സ്ഥാപനങ്ങളുടെ വാണിജ്യപരവും വ്യാവസായികവുമായ സഹകരണം നേടാനുള്ള സാദ്ധ്യതകൾ എന്നന്നേക്കുമായി നഷ്ടപ്പെടുന്ന ദുരവസ്ഥയാണ് അവരെ നേരിട്ടതു്. അറസ്റ്റും ചെയ്തില്ലെങ്കിൽ അവരുടെ നിയമത്തെ അനാദരിക്കണം. ഇരുപതു ദിവസങ്ങൾ തുടർച്ചയായി ഗോർഡനുമായി അവർ സംവാദം നടത്തിനോക്കി "ജാർഡീൻ കമ്പിനിപോലെയുള്ള ഒരു മഹാസ്ഥാപനത്തിനു പണമില്ലെന്നു് എങ്ങനെ പറയും മി. ഗോർഡൻ!" എന്നവർ ചോദിക്കുകയാണ്. "രണ്ടായിരത്തിൽപ്പരം പവൻെറ നിസ്സാരകാര്യമാണ്. നിങ്ങളെ ഞങ്ങൾ കാരാഗൃഹത്തിലാക്കുന്നതു് നിശ്ചയമായും നിങ്ങൾക്കിഷ്ടപ്പെടുകയില്ല. "പ്രേരണയും, സമ്മർദ്ദനവും മാറിമാറി അനേക ദിവസങ്ങൾ പ്രയോഗിച്ചുനോക്കി. അവസാനം ഗോർഡനെ അറസ്റ്റും ചെയ്യുകതന്നെ

ചെയ്തു. ക്ഷമാമൂർത്തികളായ ബ്രിട്ടീഷുകാർക്ക് ഇതവസാനത്തെ പ്രകോപനമായിരുന്നു. ചൈനാ വിട്ടുപോകുവാൻ അവർ തീരുമാനിച്ചു. 35 കോടിയിൽപ്പരം പവൻെറ നിക്ഷേപങ്ങൾ ആസകലം അവർ ഉപേക്ഷിച്ചു.

സാഹസികമായ ഈ വിനോദനാടകത്തിനു് ഇടയാക്കിയതു് കഴിഞ്ഞ രണ്ടുകൊല്ലം തുടർച്ചയായി പഴയ നിക്ഷേപങ്ങളെ രക്ഷിക്കുവാൻ പുതിയ മുതൽമുടക്കു് അവർ ചെയ്തുകൊണ്ടിരുന്നതുകൊണ്ടാണു്. അറുപതു ലക്ഷം പവനാണു് 1951-ൽ തന്നെ ഷാംഗ്ഹെയിലുള്ള ബ്രിട്ടീഷ് കമ്പനികൾ പുതിയ നിക്ഷേപങ്ങളായി കൊണ്ടുവന്നതെന്നു കണക്കാക്കിയിരിക്കുന്നതു്. 1952—ൽ ഈ ഇനത്തിലുള്ള വരവു് പ്രതിമാസം ഇരുപത്തയ്യായിരം പവനായി കുറഞ്ഞു. ഉല്പാദനവും സാധനങ്ങൾ വിററഴിക്കാനുള്ള സൗകര്യവും കുറഞ്ഞതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതു്. ഗോർഡൻെറ അറസ്റ്റു് വിദേശസ്ഥാപനങ്ങളോടുള്ള ചൈനീസ് ഗവർമെൻറിൻെറ നയത്തിൻ്റ് വ്യക്തമായ തെളിവാണു്. അവയെ ഞെക്കിപ്പിഴിഞ്ഞു നശിപ്പിക്കയും, അതേ സമയം അവയുടെ ആസ്തികൾ യാതൊരു പ്രതിഫലവും നൽകാതെ ചൈനായുടെ ആവശ്യത്തിനുവേണ്ടി കൈവശപ്പെടുത്തുകയുമാണു് ആ നയം.

ഇപ്പോൾ അവിടെ തുടന്നുതാമസിച്ചിരുന്ന ബ്രിട്ടീഷ്കാരുടെ ക്ഷമ അൽഭുതകരമാണെന്നേ പറയേണ്ടു. സുഭഗമായി വസ്ത്രധാരണം ചെയ്തു് അവരുടെ ആപ്പീസുകളിൽ അവർ ദിനന്തോറും പൊയ്ക്കൊണ്ടിരിക്കുന്നു. വാരാന്ത്യഗോൾഫ്കളിവിനോദം അവർ ഇന്നും മുടക്കാറില്ല. ക്ഷമാപൂർവ്വം അവർ കാത്തിരിക്കുന്നു. അവരിൽത്തന്നെ അവക്കുള്ള വിശ്വാസം സീമാതീതമാണു്. മുമ്പുണ്ടായിരുന്നതിൽ എത്രയോ അധികം ചൈനായിക്കു് ബ്രിട്ടീഷ് കാരുടെ സേവനം ആവശ്യമുണ്ടെന്നു് അവക്കറിയാം. മാറിയ പരിതസ്ഥിതിയുമായി പൊരുത്തപ്പെട്ടു ജീവിക്കുവാൻ അവർ സന്നദ്ധരാണു്.

ഞാൻ ഹോംഗ് കോംഗിൽവച്ചു ജോൺകെസ്വിക്കിനെ കണ്ടു. ദീർഘകായനും സുമുഖനുമായ ഈ ഇംഗ്ലീഷ്കാരനു് ഒരു യുവ കളിമട്ടുണ്ടെങ്കിലും, ചൈനീസ് സാമ്പത്തിക വ്യവസ്ഥിതിയെപ്പററി അവഗാഢമായ ജ്ഞാനമുണ്ടായിരുന്നു. അനേക നാളുകൾ ചൈനായുമായി ബിസ്സിനസ്സ് ബന്ധത്തിൽ ഏർപ്പെടുവാൻ ബ്രിട്ടനു സാധിക്കുമെന്നു് വിശ്വസിച്ചുകൊണ്ടു് അദ്ദേഹം കഴിച്ചുകൂട്ടി. അദ്ദേഹത്തെ ഒരു "കമ്മ്യൂണിസ്റ്റു്" എന്നാണു് സ്നേഹിതന്മാർ കളിയായി വിളിച്ചിരുന്നതു്. ടിയെൻസ്റ്റിനിൽനിന്നു് അദ്ദേഹത്തിൻെറ സങ്കൽപ്പാതീതമായ രക്ഷപെടൽ ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ സാവധാനമായ പ്രവർത്തനഗതിയുടെ ഉദാ

ഹരണമാണ്. പ്രത്യേകിച്ചു ഭരണ പരിചയമില്ലാത്ത ഒരു പുതിയ ഗവർമെൻററിനു് അതു് അനിവാര്യവുമാണ്. ഇംഗ്ലണ്ടിലേക്കു തിരിച്ചുപോകാൻ ഉൽക്കണ്ഠാഭരിതനായി ടിയെൻസ്റ്റിനിൽ കെസ്‌വിക് താമസിച്ചിരുന്നു. വളരെ ദീർഘമായ താമസം കഴിഞ്ഞു് ചൈനാവിട്ടുപോകാനുള്ള പെർമിററ് അവസാനം കെസ്‌വിക്കിനു് ലഭിച്ചു. അപ്പോൾ ആഭ്യന്തരവകുപ്പിലുള്ള ആക്കോ, കെസ്‌വിക് വിട്ടുപോയാൽ ബ്രിട്ടീഷ്കാർ കൂടുതൽ പണം കൊണ്ടുവന്നു് ചൈനായിൽ ചാടിക്കാൻ നിർബന്ധം ചെലുത്തുന്ന മറെറാരു ആൾ പണയപണ്ടം ഇല്ലാതായിത്തീരുമെന്നൊരു വിചാരമുണ്ടായി. കെസ്‌വിക് ഒരു ബ്രിട്ടീഷ്കപ്പലിൽ കയറിക്കഴിഞ്ഞു. അപ്പോൾ ഒരു പോലീസ് ഓഫീസർവന്നു് കെസ്‌വിക് തിരിയെ കരയ്ക്കിറങ്ങി സ്വന്തം ബംഗ്ലാവിലേക്കു പോകാൻ ആവശ്യപ്പെട്ടു ഈ അഭ്യർത്ഥനയ്ക്കു യാതൊരു കാരണവും വിശദീകരിച്ചതുമില്ല.

കെസ്‌വിക് ഈ അപേക്ഷ നിരാകരിക്കുന്നപക്ഷം ബലം പ്രയോഗിച്ചുതന്നെ അവിടെനിന്നു കൊണ്ടുപോരുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടു് തിരിച്ചു താമസസ്ഥലത്തേയ്ക്കു് അദ്ദേഹം പോന്നു. പോലീസ് സ്റ്റേഷനിൽനിന്നുള്ള സമൺസ് കാത്തു് അദ്ദേഹം താമസം തുടർന്നു. രണ്ടോ മൂന്നോ ദിവസങ്ങൾ കഴിഞ്ഞു തൻെറ ചൈനീസ് വേലക്കാരനെ വിട്ടു പോലീസ് സ്റ്റേഷനിൽനിന്നു് കെസ്‌വിക്കിൻെറ കയ്യിൽനിന്നു വാങ്ങിച്ചിരുന്ന പെർമിററ് തിരിച്ചുതരുവാൻ ആവശ്യപ്പെട്ടു. നിയമപരമായി ആ പെർമിററ് അദ്ദേഹത്തിൻെറ കയ്യിൽ ഇരിക്കേണ്ടതാണെന്നു് കെസ്‌വിക് അറിയിച്ചു. പെർമിററു് റദ്ദ് ചെയ്യുവാൻ നിർദ്ദേശമൊന്നുമില്ലാതിരുന്നതുകൊണ്ടു് സ്റ്റേഷനിൽനിന്നു് അതു് തിരിയെക്കൊടുത്തു. രണ്ടു് ആഴ്ചകൾകൂടെ പോലീസ് സ്റ്റേഷനിൽനിന്നു് എന്തെങ്കിലും വിവരം കാത്തു് അദ്ദേഹം താമസിച്ചു.

ടിയെൻസ്റ്റിനിൽനിന്നു ഹോങ്കോംഗിലേക്കു പോകുന്ന മറെറാരു ബ്രിട്ടീഷ്കപ്പൽ തുറമുഖം വിടുവാൻ സമയമടുത്തു. ഒരു മണിക്കൂർ മുമ്പു് അദ്ദേഹം ആ കപ്പലിൽ യാത്രചെയ്യാൻ പോകുന്നുയെന്നും, രണ്ടു് ആഴ്ചയിലധികം സ്റ്റേഷനിൽനിന്നു് ആവശ്യപ്പെടുന്ന എന്തെങ്കിലും വിവരങ്ങൾ നൽകുവാൻ കാത്തിരുന്ന എന്നും അറിയിക്കുന്ന ഒരു കുറിപ്പു കൊടുത്തയച്ചു. "ഇനിയും എനിക്കു താമസിക്കുവാൻ നിവൃത്തിയില്ല. എനിക്കു് ഒരു എക്സിററ് പെർമിററ് ഉള്ളതുകൊണ്ടു ഞാൻ പോകുകയാണ്" എന്നദ്ദേഹം എഴുതി. എന്താണ് ചെയ്യേണ്ടതെന്നറിയാതെ പോലീസ് കുഴഞ്ഞു. പീക്കിംഗുമായി സമ്പർക്കത്തിലേർപ്പെടാൻ ഈ സമയം കൊണ്ടു് സാധിച്ചുമില്ല. തക്കസമയത്തു് തക്കവണ്ണം പ്രവർത്തി

ക്കാനുള്ള കഴിവുകൊണ്ടു മാത്രമാണ് കെസ്‌വിക്കിന് ചൈനാ യിൽനിന്നു രക്ഷപ്പെടാൻ സാധിച്ചതു്.

സോവിയററു് റഷ്യയെ വ്യവസായവൽക്കരിക്കാൻ ഉൽക്ക ണ്ഠയുണ്ടായിരുന്ന അധികാരികൾ, ബ്രിട്ടനോടും അമേരിക്കയോടും ബിസ്സിനസ്സ് നടത്താൻ തയാറായിരുന്നു. ഒന്നാംലോകമഹായുദ്ധ ത്തിനുശേഷം ബോൾഷെവിക്കുകാർക്കു് എതിരായി വെള്ള റഷ്യാ ക്കാരെ അനുകൂലിച്ചവരാണ് ഈ രണ്ടു രാജ്യക്കാരും. ചൈനാ യിക്കു് എന്തുകൊണ്ടു് അങ്ങനെ ചെയ്തുകൂടാ. ഇത്ര കയ്പായ സ്മരണകൾ എന്താണ് ചൈനായിക്കുള്ളതു്? അല്ലെങ്കിൽ ചൈനീസ്‌ജനതയുടെ ഭാവിയുടെ ശാസനാധിപത്യം വഹിക്കു കയും, അഭിവൃദ്ധി പ്രാപിക്കുന്ന ഒരു നവീനചൈനായെ തടഞ്ഞു നിർത്തുകയും ചെയ്യുന്ന ഇതരശക്തികൾ പ്രവർത്തിക്കുന്നുണ്ടോ?

# 6

# വ്യവസായപുരോഗതി

"നവീനചൈനയെ കെട്ടിപ്പടുത്തുകൊണ്ടു വരുന്നതിൽ വ്യവസായവൽക്കരണമാണു" ഞങ്ങളുടെ ലക്ഷ്യമെന്നുള്ളതു് നിർവിവാദമാണ്. ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ ഞങ്ങളുടെ എല്ലാ കഴിവുകളും ഉപയോഗിക്കുകയാണു" സാമ്പത്തികകാര്യങ്ങൾക്കുള്ള കമ്മിററിയുടെ അദ്ധ്യക്ഷൻ മിസ്റ്റർ ചെർയുൻ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി.

"ചൈനായുടെ സാമ്പത്തികവ്യവസ്ഥിതി ഒരു ക്രമീകൃത പരിപാടിയനുസരിച്ചു പുരോഗമിപ്പിക്കുന്നതിനു മുമ്പ് ചൈനായുടെ ധനനില പുനരുദ്ധരിക്കുന്നതിനുതന്നെ മൂന്നോ അഞ്ചോ കൊല്ലങ്ങൾ എടുത്തേക്കാം. ഈ കാലയളവിൽ പ്രധാനനും മർമ്മസ്ഥാനങ്ങളുടെ അഭിവൃദ്ധിയിൽ ഞങ്ങളുടെ ശക്തി കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. വ്യവസായവൽക്കരണത്തിനുള്ള പ്രധാന ആധാരങ്ങളായ മുതൽമുടക്കു്, ആഭ്യന്തരവിപണി, സാങ്കേതികജ്ഞാനം എന്നിവയുടെ പുരോഗതിയാണ് അതിനുള്ള കളമൊരുക്കൽ" ചൌ എൻ-ലയിയുടെ പ്രസ്താവനയാണിതു്. 1950-ൽ പീപ്പിൾസ് പൊളിററിക്കൽ കൺസൽട്ടേററീവു കൗൺസിലിൻെറ നാഷനൽകമ്മിററിയിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളിലെ പ്രസ്താവനകളാണിവ. ഞാൻ ചൈനായിലെ വ്യവസായശാലകൾ 1951-ലും 1952-ലും സന്ദർശിച്ചതുകൊണ്ടു് ഈ വ്യാവസായികപ്രയത്നങ്ങൾ എന്തെല്ലാമാണെന്നും, ഇതു സംബന്ധിച്ചുള്ള പ്രതീക്ഷകളും വാഗ്ദാനങ്ങളും എത്രമാത്രം സാധിതപ്രായമെന്നും നേരിട്ടുകാണുവാൻ എനിക്കു കഴിഞ്ഞു. ചൈനായിലെ ജനലക്ഷങ്ങളുടെ ദാരിദ്ര്യത്തിനു നിവാരണം വരുത്തണമെങ്കിൽ വ്യവസായവൽക്കരണമല്ലാതെ മാർഗ്ഗമില്ല. എന്നാൽ അവൾക്കു് അഭിമുഖീകരിക്കേണ്ടിവരുന്ന വൈഷമ്യങ്ങൾ അനവധിയാണ്. എല്ലാ അവികസിതരാജ്യങ്ങൾക്കും പൊതുവായി നേരിടേണ്ടിവരുന്ന വൈഷമ്യങ്ങളാണവ. ചൈനാ സ്വന്തമായി സൃഷ്ടിച്ചതോ, ലോകസംഘർഷാവസ്ഥ അവളുടെമേൽ കെട്ടിവയ്ക്കുന്നതോ ആയ വൈഷമ്യങ്ങളും ഇല്ലാതില്ല.

ഈ വൈഷമ്യങ്ങളിൽ പലതും തരണംചെയ്തു കഴിഞ്ഞതായി ചൈന അവകാശപ്പെടുന്നുണ്ടു്. വ്യവസായിക ഉല്പാദന

ങ്ങളിൽ സാങ്കേതികവിജ്ഞാനത്തിലും ഗണ്യമായ തോതിൽ പുരോഗമിച്ചുകഴിഞ്ഞതായും ചൈന അഭിമാനിക്കുന്നു. ഇൻഡ്യയിലെ ഒരു വ്യാവസായികപ്രദർശനത്തിൽ ചൈനായിൽ നിർമ്മിച്ച പല പണി ആയുധങ്ങളും ഉൽപ്പാദനനവിഭവങ്ങളും ചൈനീസ് സ്റ്റോളിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്നതു പല സന്ദർശകരെയും ആകർഷിച്ചു. ചൈനായിലെ പത്രങ്ങളും മാസികകളും ചൈനീസ് തൊഴിലാളികൾ കണ്ടുപിടിച്ചു നിർമ്മിച്ചുകൊണ്ടിരിക്കുന്ന പല പുതിയ വ്യവസായസാധനങ്ങളെപ്പററിയും വിവരിച്ചുകാണാറുണ്ട്. ചൈനീസ് നേതാക്കന്മാർ വ്യവസായോല്പാദനത്തിൽ നേടിക്കഴിഞ്ഞ പല കണക്കുകൾ വിവരിക്കുന്ന ലഘുലേഖകൾ ചൈനീസ്ജനതയെ ബോദ്ധ്യപ്പെടുത്താനും, അഭിവൃദ്ധിയുടെ യുഗം വന്നുകഴിഞ്ഞുവെന്നു് ഉറപ്പുനൽകാനും വിതരണം ചെയ്യാറുണ്ട്. നിർഭാഗ്യവശാൽ ഈ കണക്കുകൾ എല്ലാം കാർഷികോല്പന്നങ്ങളുടെ കാര്യത്തിലെന്നപോലെ 1949-ലേയും 1950-ലേയും നിലയിൽനിന്നുള്ള വർദ്ധിതശതമാനം മാത്രം കാണിക്കുന്നതുകൊണ്ട് യഥാർത്ഥസ്ഥിതിവിവരങ്ങൾ ലഭ്യമാകാൻ സാധിക്കുകയില്ല.

ചൈനാ, മുമ്പു് ലോകരാഷ്ട്രങ്ങൾ സാമാനങ്ങൾ കണക്കില്ലാതെ കൊണ്ടുവന്നു ചാടിക്കുന്ന സ്ഥലമായിരുന്നു. നാണയപ്പെരുപ്പകാലത്തു് ഇങ്ങനെ സംഭരിച്ച പലവിധ സാമാനങ്ങൾക്കു് ഇപ്പോൾ വലിയ വിലാണു്. അതുള്ളവർ പൂഴ്ത്തിവയ്ക്കുന്നതുകൊണ്ടു് കമ്പോളങ്ങളിൽ അസുലഭത സൃഷ്ടിക്കുകയും അങ്ങനെ വില കുതിച്ചുകയറുകയും ചെയ്യുന്നു. ഇങ്ങനെ കിടക്കുന്ന സ്റ്റോക്കുകളാണു് ജനങ്ങളുടെ ആവശ്യം ഇന്നും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. മററു് ഇറക്കുമതി മാർഗ്ഗങ്ങൾ എല്ലാം തടഞ്ഞിരിക്കയാണു്. അഞ്ചും പത്തും കൊല്ലങ്ങൾക്കുമുമ്പു് നിർമ്മിക്കപ്പെട്ട സാധനങ്ങൾ മാത്രമേ വൻനഗരങ്ങളിലെ ഷോപ്പുകളിൽ കാണാൻ കഴിയു. സിഗററും, സോപ്പും, വസ്ത്രങ്ങളും നിർമ്മിക്കുന്ന തദ്ദേശവ്യവസായികൾ അനവധിയുണ്ടു്. എന്നാൽ അവയുടെ വില അമിതമായി വർദ്ധിച്ചിരിക്കുന്നതു്, ആളുകൾ ഗണ്യമായ തോതിൽ അവ വാങ്ങാതിരിക്കാൻ ഒരു നിയന്ത്രണനടപടി കൂടെയാണു്. പല മരുന്നുകളും, ഇംഗ്ലീഷ് ഔഷധങ്ങളും പഴയ സ്റ്റോക്കിൽപ്പെട്ടതും നിരുപയോഗമായിത്തീർന്നതുമാണു്.

ചൈനീസ് സാമ്പത്തികനിലയുടെ സ്ഥിരത ജനങ്ങളുടെ അത്യാവശ്യസാധനങ്ങൾ നിർമ്മിച്ചുകൊടുക്കാനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു. പരിഷ്കരിച്ച കൃഷിസമ്പ്രദായങ്ങളും ഉല്പാദനത്തിൻെറ കൂടുതൽ അംശം കർഷകനു കൈവശം വയ്ക്കാനുള്ള സൗകര്യങ്ങളും വ്യവസായനിർമ്മിതങ്ങളായ സാധനങ്ങൾ വാങ്ങാനും അവയ്ക്കു് ആവശ്യം സൃഷ്ടിക്കാനും ഉപകരിച്ചു

ആഭ്യന്തരമായ നിർമ്മാണങ്ങൾ ആരംഭിക്കുകയോ, ഇറക്കുമതി ചെയ്യുകയോ അല്ലാതെ ഈ ആവശ്യം നിറവേററാൻ കഴിയുന്നതല്ല. മുമ്പ് ഞാൻ ഉദ്ധരിച്ച മിസ്റ്റർ ചെൻയുണിന്റെ 1950-ലെ റിപ്പോർട്ടിൽ ചൈനീസ് വ്യവസായസാദ്ധ്യതയെപ്പററി ഇങ്ങനെ വിവരിച്ചിരിക്കുന്നു. "ഞങ്ങൾക്കുള്ള ചുരുക്കം ആധുനിക വ്യവസായശാലകൾ ഞങ്ങളുടെ ദേശീയസമ്പത്തിന്റെ പത്തു ശതമാനം മാത്രമേ കുറിക്കുന്നുള്ളു. ഉള്ളവ തന്നെ വളരെ ക്ഷീണിച്ച് അടി ഇളകിയ രൂപത്തിൽ സ്ഥിതിചെയ്യുന്നു."

ഇൻഡ്യാപോലെ ചൈനയും ഒരു അവികസിതരാജ്യമാണ്. ഇപ്പോഴുള്ള കുറെ ആധുനികവ്യവസായങ്ങളിൽ ഭൂരിപക്ഷവും ഷാംഹായ്, ടിയെൻസ്റ്റിൻ, കാൻറൺ, മഞ്ചൂറിയ എന്നിവിടങ്ങളിൽ താമസമുറപ്പിച്ച വിദേശികളുടെ വകയാണ്. പുതിയ ഗവർമ്മെൻറ് അവരെ രാജ്യത്തുനിന്നു തുരത്തിയതിനാൽ ഉള്ള ഉല്പാദനം തുടരാൻ തന്നെയുള്ള സാങ്കേതികജ്ഞാനവും ഭരണപരിചയവും ഇല്ലാതെ ചൈനാ വിഷമിക്കുകയാണ്.

മഞ്ചൂറിയ ചൈനയുമായി പുനഃസംയോജിപ്പിക്കപ്പെട്ടതു് ചൈനീസ് വ്യവസായത്തിനു് സുപ്രധാനമായ ഒരു നേട്ടമാണെന്നുള്ള കാര്യം പലപ്പോഴും വിസ്മരിക്കപ്പെട്ടുപോകാറുണ്ട്. ജപ്പാൻ മഞ്ചൂറിയായിൽ സൈനികാധിവാസം ചെയ്തകാലത്തു് ജപ്പാന്റെ നിക്ഷേപങ്ങൾ അവിടെ മൂന്നിരട്ടിയായി വർദ്ധിച്ചു. ഈ നിക്ഷേപങ്ങൾ വിവിധതരത്തിലുള്ള സാമ്പത്തികപ്രവർത്തനങ്ങളെ സ്പർശിക്കുകയും, അവിടത്തെ പ്രകൃതിവിഭവങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. കൽക്കരി, ഇരുമ്പ്, ഉരുക്ക്, ചെമ്പ്, നാകം, സ്വർണ്ണം, എണ്ണ എന്നീ സാധനങ്ങൾ എല്ലാം വ്യവസായാഭിവൃദ്ധിക്ക് ഗണ്യമായതോതിൽ അവിടെ സഹായകമായി ഭവിച്ചു. കൊറിയൻ അതിർത്തിയിലുള്ള യാലുനദിയിൽ ഈ വ്യവസായങ്ങൾക്ക് ആവശ്യമായ ജലവൈദ്യുതപദ്ധതിക്കും സൗകര്യമായിരുന്നു. ആൻഷാനിലും മുക്ഡനിലുമുള്ള പണിയായുധനിർമ്മാണം വളരെ വികസിച്ചു. വസ്ത്രനിർമ്മാണവും വിദ്യുച്ഛക്തിക്കുള്ള സാമഗ്രികൾ സംബന്ധിച്ച ചെറുകിടവ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുവാൻ കഴിഞ്ഞു. ചൈനായുടെ വ്യാവസായിക ഭാവിക്ക് മഞ്ചൂറിയായുടെ സാമ്പത്തികസൌകര്യങ്ങൾ മർമ്മപ്രധാനമായിത്തീർന്നിരിക്കുകയാണ്. 1930 കഴിഞ്ഞുള്ള വർഷങ്ങളിൽ ഈ പ്രാധാന്യം ചൂണ്ടിക്കാണിച്ചതിനു ജപ്പാൻകാർ ടിയെൻസ്റ്റിൻ നഗരത്തിലെ നാൻകായി സർവ്വകലാശാല ബോംബിട്ടു നശിപ്പിക്കുകയുണ്ടായി.

അതുകൊണ്ടു് മഞ്ചൂറിയ സന്ദർശിക്കുന്നതിനു് എനിക്കു ലഭിച്ച സൌകര്യം ഞാൻ സഹർഷം സ്വാഗതം ചെയ്തു. മഹായുദ്ധാനന്തരം, ഈ പ്രദേശം റഷ്യൻസൈന്യങ്ങൾ കൈവശപ്പെ

ട്ടത്തി താറുമാറപ്പിച്ചതിനെപ്പററിയും, അവിടത്തെ വ്യവസായ ശാലകളിൽനിന്നു യന്ത്രസാമഗ്രികൾ മുഴുവനും മാററിയതിനെക്കുറിച്ചും, സുദീർഘമായ വിവരണങ്ങൾ ഇൻഡ്യൻ വാർത്താവിതരണ ഏജൻസികൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. പീക്കിംഗിൽ വച്ച് ഇങ്ങനെ കൊള്ള നടിത്തുത് റഷ്യാക്കാരല്ലെന്നും, കമിന്താങ്ങ് പിന്തിരിപ്പന്മാരായിരുന്നുവെന്നും ഞാൻ കേട്ടിരുന്നു. "കുറച്ചു യന്ത്രങ്ങൾ റഷ്യക്കാർ കൊണ്ടുപോയെങ്കിലും അവയെല്ലാം അവർ തിരിച്ചുതന്നു" എന്നാണ് ഉന്നതസ്ഥാനത്തിരിക്കുന്ന ഒരു ദേഹം എന്നെ അറിയിച്ചത്. വേറൊരു ദേഹം എന്നോടു പറഞ്ഞതു് റഷ്യാക്കാർ കൊണ്ടുപോയ യന്ത്രസാമഗ്രികളിൽ "മിക്കവാറും" എല്ലാം തിരിച്ചുതന്നുവെന്നാണ്. ഓരോ പുതിയ പുതിയ ചോദ്യങ്ങൾക്കും കമ്മ്യൂണിസ്റ്റുകാരുടെ പടിപടിയായുള്ള സത്യസമ്മതങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. യാഥാർത്ഥ വിവരങ്ങൾ ചികഞ്ഞറിയാനുള്ള മാർഗ്ഗം വളരെ ദീർഘവും, ശ്രമകരവുമായിരുന്നു. ചൈനായിക്ക് ഇപ്പോൾ ഉള്ള ചുരുക്കം ചില സാങ്കേതിക വിദഗ്ദ്ധന്മാരിൽനിന്ന് എനിക്കറിയുവാൻ കഴിഞ്ഞതു റഷ്യാക്കാർ ചൈനായിലുണ്ടായിരുന്ന അനവധി വ്യവസായയന്ത്ര സജ്ജീകരണങ്ങൾ എടുത്തുകൊണ്ടുപോയിയെന്നും, യഥാർത്ഥത്തിൽ ഒന്നും അവർ തിരിച്ചുകൊടുത്തിട്ടില്ലെന്നുമാണ്. കമിന്താങ്ങ് ഭടന്മാർ വല്ല വിനാശകപ്രവർത്തനങ്ങളും ചെയ്തെങ്കിൽ സഹതാപാർഹമായ ആ നിലയിൽ കിടക്കുന്ന യന്ത്രശാലകളുടെ ശോചനീയത വർദ്ധിപ്പിക്കുവാൻ അവരും സഹായകമായി പ്രവർത്തിച്ചുവെന്നതുമാത്രമാണ്.

ചൈനായിൽക്കൂടെയുള്ള റെയിൽവേയാത്ര രാജ്യത്തെപ്പററി കൂടുതൽ പഠിക്കുവാൻ സൌകര്യം നൽകി. പീക്കിംഗ് നഗരം, മാവോസേതുംഗും, ചൌ എൻ—ലായിയും, ഇരുപതു മററു പാർട്ടിയധികാരികളും ചേർന്നുള്ള അധികാരകേന്ദ്രമായിരുന്നു. ആധുനികഭരണസൌകര്യങ്ങൾ ഒന്നും ഇല്ലാത്ത ഒരു രാജ്യമാണ് ചൈന. പാരമ്പര്യത്തിന്റെ ഒരു ഐക്യ ബന്ധം മാത്രമാണ് രാജ്യത്തെ ഏകീഭവിപ്പിച്ചു് നിറുത്തിയിരുന്നതു്. നേരെമറിച്ചു് ഒരു സ്വേച്ഛാധിപത്യത്തിനു് വിപുലവും, ഏകീകൃതവും സർവ്വസ്പർശിയുമായ ഒരു ഭരണരീതിയാണ് ആവശ്യമായിരിക്കുന്നതു്. പീക്കിംഗിന്റെ അധികാരശക്തി, സ്വല്പകാലംകൊണ്ടു് അതിനു് ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞ ഭരണയന്ത്രത്തെ ആശ്രയിച്ചാണ് നിന്നിരുന്നതു്.

ചൈനായുടെ ഉത്തരപൂർവ്വപ്രദേശത്തെ വ്യവസായകേന്ദ്രത്തിലേയ്ക്കുള്ള ഞങ്ങളുടെ സന്ദർശനം ആരംഭിച്ചതു് മുക്‌ഡനിൽ വച്ചു നടന്ന കാർഷികവ്യാവസായ പ്രദർശനത്തോടുകൂടിയാണ്. വടക്കുകിഴക്കൻ പ്രദേശങ്ങളിലെ ഉല്പാദനങ്ങൾ മാത്രമേ അവിടെ

പ്രദർശിപ്പിച്ചിരുന്നുള്ളു. വ്യവസായ സാമഗ്രികളും, ഉപഭോക്ത സാധനങ്ങളുമായി വിവിധതരത്തിലുള്ള സാധനങ്ങൾ അവിടെ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. എല്ലാത്തരം ഉരുക്കു സാധനങ്ങൾ, യാന്ത്രിക പണിയായുധങ്ങൾ, കടച്ചിൽചക്രം, ടർബൈൻ, ജനറേററർ, മോട്ടർ, കേബിൾ, കെമിക്കൽ സാധനങ്ങൾ, കൃത്രിമപെട്രോൾ, കണ്ണാടിസാധനങ്ങൾ പാത്രങ്ങൾ, വസ്ത്രനിർമ്മാണം എന്നിവയെല്ലാം അവിടെ കാണാമായിരുന്നു. പലതിന്റെയും നിർമ്മാണ രീതികൾ കാണിക്കുന്ന ചെറിയ മോഡലുകളും പ്രദർശിപ്പിക്കപ്പെട്ടിരുന്നു. സാങ്കേതികമായി ഈ പ്രദർശനം പൂർണ്ണതയിൽതന്നെ എത്തിയിരുന്നുവെന്നു പറയാം. സന്ദർശകന് വ്യവസായ താല്പര്യം ജനിപ്പിക്കത്തക്കവിധത്തിൽ ഓരോ പ്രദർശനവും സൂക്ഷ്മം ശ്രദ്ധിച്ചു തയ്യാറാക്കിയിരുന്നു. എല്ലാ സ്കൂളിലും നിന്നിരുന്ന ആൺകുട്ടികളും പെൺകുട്ടികളും പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ കാണാപ്പാഠം ചൊല്ലുന്നതുപോലെ പറഞ്ഞുതന്നു. എന്നാൽ അവർ പറയുന്നത് അവർതന്നെ മനസ്സിലാക്കിയ ലക്ഷണം കണ്ടില്ല. സമീപപ്രദേശങ്ങളിൽനിന്നു ബസ്സുകൾ നിറയെ ആളുകളെ കയററിക്കൊണ്ടുവന്ന് പ്രദർശനം കാണിക്കുമായിരുന്നു. അവരെല്ലാം വളരെ മതിപ്പോടുകൂടിയാണ് തിരിച്ചുപോയതു്. ഏഷ്യൻ സന്ദർശകരായി അവിടെ എത്തിയവക്കും പ്രദർശനത്തെപ്പററി വളരെ മതിപ്പു തോന്നി. ഒരു ആധുനിക വ്യവസായശാലയുടെ ഉള്ളിൽ അവരാരും തന്നെ മുമ്പു കയറിയിരുന്നില്ല. ചെറിയ യന്ത്രപ്രവർത്തനങ്ങൾക്കുപോലും എത്രമാത്രം പരിശീലനം കഴിഞ്ഞ തൊഴിൽക്കാരും സാങ്കേതിക വൈദഗ്ദ്ധ്യവും വേണ്ടിയിരുന്നുവെന്നു് അവക്ക് ഒരു ഗ്രാഹ്യവുമുണ്ടായിരുന്നില്ല. അവക്ക് അറിയാമായിരുന്നെങ്കിൽ അവിടെ പ്രദർശിപ്പിക്കപ്പെട്ടിരുന്ന അത്ഭുത വസ്തുക്കളൊന്നും ചൈനായിൽ നിർമ്മിക്കാൻ സാദ്ധ്യമായിരുന്നില്ലെന്നു് അവക്ക് മനസ്സിലാക്കാമായിരുന്നു. എല്ലാ കമ്മ്യൂണിസ്റ്റുപ്രചരണമാർഗ്ഗങ്ങളുംപോലെ ഈ പ്രദർശനവും വിശദാംശങ്ങളിൽ സംപൂർണ്ണമായിരുന്നു. പ്രവർത്തനക്ഷമതയിൽ അന്യാദൃശ്യവൈഭവും. മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങൾ അപ്പടി വിശ്വസിക്കുന്ന മാനുഷിക ബലഹീനതയെപ്പററിയുള്ള ജ്ഞാനവും ഈ പ്രദർശനം സംഘടിപ്പിച്ചതിൽ ദൃശ്യമായിരുന്നു.

ഞങ്ങളുടെ സന്ദർശനപരിപാടിയിൽ ഈയവും ചെമ്പും ഉരുക്കുന്ന ഒരു ഫാക്ടറിയും, ഖനനയന്ത്രങ്ങളും മോട്ടോർ വാഹനങ്ങളുടെ ചക്രങ്ങളും നിർമ്മിക്കുന്ന ഒരു വ്യവസായശാലയും ഉൾപ്പെട്ടിരുന്നു. ഈ ഫാക്ടറികൾ ഭരിച്ചിരുന്നതു പാർട്ടിയംഗങ്ങളായിരുന്നു. യെനാന്റെ കാലംമുതൽ പാർട്ടിയോട് വിശ്വസ്തരായിരുന്നുയെന്നതിനുള്ള അവരുടെ പഴയ ലോയൽററി കാർഡു

കൾ അധികാരസ്ഥാനങ്ങളിലേക്കുള്ള അവരുടെ അവകാശങ്ങൾക്ക് മതിയായ ആധാരങ്ങളായിരുന്നു. സ്റ്റാഫിൽപ്പെട്ടവരാരും, വിദഗ്ദ്ധന്മാരൊ,സാങ്കേതിക ജ്ഞാനമുള്ളവരൊ, ആയിരുന്നില്ല. അവരുടെ പ്രശ്നങ്ങൾക്കെല്ലാം മാർഗ്ഗദർശകമായി അവർ സ്വീകരിച്ചതു് മുക്ഡനിലുണ്ടായിരുന്ന വിവിധ ബ്യൂറോകളെയാണു്. ഈ ബ്യൂറോകളെല്ലാം നയിച്ചിരുന്നതു് റഷ്യൻ വിദഗ്ദ്ധന്മാരമാണു്. ഏതെങ്കിലും പ്രശ്നം അവരോടു് അറിയിക്കുമ്പോൾ റഷ്യൻ വിദഗ്ദ്ധന്മാർ ഫാക്ടറികൾ സന്ദർശിച്ചു് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, വിധങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്യും. ഒരു തൊഴിലാളിയെ "മോഡൽ തൊഴിലാളി"യായി ഉയർത്തുമ്പോൾ അയാൾ സ്വാഭാവികമായി ഒരു സാങ്കേതികവിദഗ്ദ്ധൻ ആയിക്കൂടെ പരിഗണിക്കപ്പെടുന്നതു് ഒരു രസകരമായ വസ്തുതയാണു്. ഈ ടെക്നീഷ്യന്മാർ റഷ്യൻ വിദഗ്ദ്ധന്മാർ ഫാക്ടറി സന്ദർശിക്കുമ്പോൾ സന്നിഹിതരായിരിക്കും. അവർക്കു് കൂടുതൽ ശമ്പളവും, പദവികളും മററുമുള്ളതുകൊണ്ടു് അവരുടെ നില മററു തൊഴിലാളികൾക്കും പ്രോത്സാഹജനകമായി വർത്തിക്കുന്നു. ജപ്പാൻസൈനികാധിവാസം അവിടെ നിലവിലിരുന്ന കാലത്തു് ഈ ഫാക്ടറികളിലെ ജോലിസാമാർത്ഥ്യമുള്ളവരെല്ലാം ജപ്പാൻകാരായിരുന്നു എന്നു് അവർ സമ്മതിച്ചു. എന്നാൽ ഇപ്പോൾ അങ്ങനെ പ്രത്യേകവൈദഗ്ദ്ധ്യമൊ, സാമർത്ഥ്യമൊ, ഉള്ളവരെ അത്ര അത്യാവശ്യമില്ലെന്നാണു് വയപ്പു്. ചില സുരക്ഷിതത്വനടപടികളും, ആരോഗ്യസംരക്ഷണപദ്ധതികളും പരിശീലനം ലഭിച്ച തൊഴിലാളികളുടെ അത്യാവശ്യകത കുറച്ചു എന്നാണു് അവകാശപ്പെടുന്നതു്.

ഫാക്ടറികളിലെ പല ജോലികളും കായികാദ്ധ്വാനംകൊണ്ടാണു് നിർവ്വഹിക്കപ്പെട്ടിരുന്നതെന്നു പ്രത്യക്ഷമായിരുന്നു. മൈനിംഗ്യന്ത്രങ്ങൾ നിർമ്മിച്ച ഫാക്ടറിയിലെ മിക്കവശങ്ങളും അതിൻെറ വിസ്തൃതമായ വർക്ക്ഷോപ്പുകളും ഒഴിഞ്ഞ ചിരട്ടകൾ പോലെ ശൂന്യമായിരുന്നു. ഒരു വലിയ വർക്ക്ഷോപ്പു് മുറിയിൽ ഒരു ഒടിഞ്ഞ ക്രെയിൻ മാത്രമാണുണ്ടായിരുന്നതു്. മറെറാന്നിൽ കുറേപ്പേർ കൂടിയിരുന്നു്ഒരു ചതുരത്തിലുള്ള ഇരിമ്പുകമ്പി നൂമാററിക് ചുററികകൊണ്ടു് തല്ലി ശരിപ്പെടുത്തുന്ന ജോലി പഠിക്കുകയായിരുന്നു. മറെറാരു മുറിയിൽ വണ്ടിചക്രങ്ങൾ കൈകൊണ്ടു വാർത്തെടുക്കുകയായിരുന്നു. ഒരു വർക്ക്ഷോപ്പിൽ മാത്രമാണു് കടച്ചിൽ യന്ത്രവും, കട്ടിംഗ് യന്ത്രവും യന്ത്രചിന്തേരുമുണ്ടായിരുന്നതു്. ഒരുകാലത്തു് ഉല്പാദനം്നടന്നുകൊണ്ടിരുന്ന ഈ ഫാക്ടറി ഇങ്ങനെ ക്ഷീണിച്ചരീതിയിൽ തുടരുന്നതു്, തൊഴിലാളികൾക്കു ജോലി നൽകാനും ക്രമേണ അവരെ ഫാക്ടറി നടപടികളിൽ പരിശീലി

പ്പിച്ചു് ആവശ്യമായ യന്ത്രസാമഗ്രികൾ വന്നുചേരുമ്പോൾ അവരെ പ്രയോജനപ്പെടുത്തുവാനും വേണ്ടിയാണെന്നു തോന്നുന്നു. കമ്മ്യൂണിസ്റ്റും സാമ്പത്തികവ്യവസ്ഥിതിയിൽ നിർമ്മാണച്ചെലവു് ഒരു പരിഗണനയേയല്ല. പ്രചരണങ്ങൾക്കു് എത്രമാത്രം പ്രയോജനപ്പെടുമെന്നുള്ളതാണു് ചെലവിന്റെ മാനദണ്ഡം. പ്രദർശനഹാളിൽ വച്ചു ഞാൻ മനസ്സിലാക്കിയതു് ചൈനാ മൈനിംഗ് യന്ത്രങ്ങൾ നിർമ്മിക്കുന്നുണ്ടെന്നാണു്. അതു നിർമ്മിക്കുമെന്നു പറയപ്പെട്ട വ്യവസായശാലയാണു് ഞാൻ സന്ദർശിച്ചതു്. എന്നാൽ ഒരു ഖനനയന്ത്രവും അതിന്റെ പൂർണ്ണനിലയിൽ ഒരിടത്തും കണ്ടില്ല. യന്ത്രങ്ങൾ കൂട്ടിയിണക്കുന്ന ജോലി നടക്കുന്ന ഒരു യൂണിററു് കാണിച്ചുതരുവാൻ ഞാൻ ആവശ്യപ്പെട്ടു. അതിനു് എനിക്കു ലഭിച്ച മറുപടി ഒരു യന്ത്രം തീരാത്ത താമസമേയുള്ളു അതു് ഉടനെ ഫാക്ടറിയിൽനിന്നയച്ചുകഴിയുമെന്നാണു്. അത്രയ്ക്കു് അടിയന്തിരമായ ആവശ്യത്തിലാണു് രാജ്യം കഴിയുന്നതെന്നു് എന്നെ അറിയിച്ചു. ഈയവും ചെമ്പും ഉരുക്കുന്ന ശാല കുറെക്കൂടെ ഭേദമായിരുന്നു. അവിടെയും ഭൂരിഭാഗം ജോലി കൈപ്പണിയായിട്ടാണു് നടന്നതു്; പ്ളാനിംഗോ വിദഗ്ധസേവനമൊ അവിടെയെങ്ങും കണ്ടില്ല.

ചൈനാ വളരെ വിഷമകരമായ പരിതസ്ഥിതികളിൽകൂടെയാണു് അവരുടെ നിർമ്മാണപദ്ധതികൾ നടത്തുന്നതെന്നു് കാണിക്കാനല്ലെങ്കിൽ എന്തിനാണു് ഈ സന്ദർശനങ്ങൾക്കു് ഞങ്ങളെ കൊണ്ടുപോയതെന്നു മനസ്സിലാക്കാൻ വിഷമമുണ്ടു്. വിപരീത ശക്തികളെ നേരിടാനുള്ള നിശ്ചയദാർഢ്യത്തെപ്പററിയും സഹകരണത്തെയും പററി യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു സമീപനം നടത്തിയിരുന്നെങ്കിൽ ഈ വൈഷമ്യങ്ങൾ നിഷ്പ്രയാസം പരിഹരിക്കാൻ കഴിയുമായിരുന്നു എന്നാണു് ഞാൻ വിചാരിച്ചതു്. അഥവാ ചൈനായുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്താൻ റഷ്യൻ സഹായത്തെ ആശ്രയിക്കുകയല്ലാതെ ഗത്യന്തരമില്ലെന്നുള്ള ഒരു പരിതസ്ഥിതിയായിരിക്കാം അവക്കു നേരിടേണ്ടിവന്നതു്. ഏതായാലും ചൈനായുടെ നിസ്സഹായസ്ഥിതി റഷ്യയുടെ സ്വന്തപ്രയോജനത്തിനുവേണ്ടി ചൂഷണം ചെയ്യുവാൻ റഷ്യ മടിച്ചില്ലെന്നുള്ളതു് നിസ്സംശയമാണു്.

എട്ടുമാസം കഴിഞ്ഞു് മുക്ഡൻ ഞാൻ വീണ്ടും സന്ദർശിച്ചപ്പോൾ യന്ത്രസാമഗ്രികളിലും, കാര്യക്ഷമതയിലും അല്പമൊരു പുരോഗതിയെങ്കിലും വന്നുകാണുമെന്നു ഞാൻ പ്രതീക്ഷിച്ചു. റഷ്യയ്ക്കും പൂർവ്വ യൂറോപ്യൻരാജ്യങ്ങൾക്കും അത്യാവശ്യമുള്ള ഖനനസാധനങ്ങൾ നൽകി സഹായിക്കുവാൻ പ്രാപ്തിയുണ്ടായിരുന്നു. കൂടാതെ റഷ്യയും ചൈനായും ഒപ്പുവച്ച ഒരു ഉടമ്പടിയനുസരിച്ചു

ആറുകോടി ഡോളർ പ്രതിവർഷം അഞ്ചു കൊല്ലത്തേക്ക് ഒരു
ശതമാനം പലിശയ്ക്കു റഷ്യ കടം നൽകാമെന്ന് വ്യവസ്ഥയുണ്ടായി
രുന്നു. ആ കടം "യു. എസ്. എസ്. ആറിൽനിന്നു് യന്ത്രസാമ
ഗ്രികൾ വാങ്ങുവാൻ" ഉപയോഗിക്കണമെന്നാണു് വ്യവസ്ഥ.
അങ്ങനെ നൽകുന്ന യന്ത്രസാമഗ്രികളിൽ "എലക്ട്രിക്കൽ പവ്വർ
സ്റ്റേഷനാവശ്യമുള്ള യന്ത്രങ്ങൾ, ലോഹനിർമ്മാണ പ്ളാൻറുകൾ
എഞ്ചിനീയറിംഗ് പ്ളാൻറുകൾ, കൽക്കരി ഇരിമ്പുഖനികൾ
ക്കുള്ള യന്ത്രങ്ങൾ, ട്രാൻസ്പോർട്ട് സാമഗ്രികൾ, റെയിൽപാള
ങ്ങൾ, ചൈനായുടെ സാമ്പത്തികാഭിവൃദ്ധിക്കാവശ്യമായ മററു
സാധനങ്ങൾ" എന്നിവയെല്ലാം ഉൾപ്പെട്ടുന്നു. ഈ ഉടമ്പടിക്കു
വല്ല പ്രാധാന്യവുമുണ്ടായിരുന്നെങ്കിൽ താറുമാറായിക്കിടന്ന
ചൈനീസ് വ്യവസായങ്ങൾ സമുദ്ധരിക്കാനുള്ള അത്യാവശ്യ
സാധനങ്ങൾ എല്ലാം ലഭിക്കുമായിരുന്നു. എന്നാൽ വിപുലമായ
തോതിലുള്ള യാതൊരു സഹായവും പ്രതീക്ഷിക്കുവാൻ എനിക്കു
കഴിയുമായിരുന്നില്ല. കാരണം, പീക്കിംഗിൽവച്ചു വിശ്വസനീയ
മായ ഒരു കേന്ദ്രത്തിൽ നിന്നെനിക്കറിയുവാൻ കഴിഞ്ഞതു്
ചൈനയ്ക്കു് യന്ത്രസാമഗ്രികൾ ലഭിക്കുവാൻ സാദ്ധ്യമായിരുന്നില്ല
എന്നാണു്. വല്ലതും ലഭിച്ചിരുന്നെങ്കിൽ തന്നെ ദീർഘകാലാവധി
യിൽ പൂർവ്വയൂറോപ്യൻ രാജ്യങ്ങൾ നൽകിയ യന്ത്രസാമഗ്രികൾ
മാത്രമായിരുന്നു.

അതുകൊണ്ടു് മുക്ഡനിലെ ദ്വിതീയ സന്ദർശനത്തിൽ ഒരു
പണിയായുധനിർമ്മാണശാലയും, മോട്ടോർവാഹന നിർമ്മാണ
ഫാക്ടറിയും ഉൾപ്പെട്ടുത്തിയതു് എന്നിൽ പ്രത്യേക താല്പര്യം ജനി
പ്പിച്ചു. എന്നാൽ കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ തന്നെ വ്യവ
സായപ്രദർശനം കാണുകയായിരുന്ന ആദ്യദിവസത്തെ പരി
പാടി. മോട്ടോർവാഹനനിർമ്മാണഫാക്ടറിയുടെ കാര്യം വിസ്മരി
ക്കപ്പെട്ടുകയും ചെയ്തു. മഞ്ചൂറിയൻ വ്യവസായകേന്ദ്രങ്ങൾ കാണ
ണമെന്നു് ഞങ്ങൾ നിർബന്ധിച്ചപ്പോൾ മോട്ടോർവാഹന
നിർമ്മാണശാലയ്ക്കു പകരം ഒരു കൽക്കരിഖനി കാണുവാനാണു്
സൗകര്യപ്പെട്ടുത്തിയിരിക്കുന്നതെന്നു ഞങ്ങളെ അറിയിച്ചു. വാഹ
നനിർമ്മാണശാലയിൽ വാഹനങ്ങൾ നിർമ്മിക്കുന്നില്ലെന്നും,
വണ്ടികളുടെ റിപ്പയർ പണികളും, വണ്ടിചക്രങ്ങളുടെ നിർമ്മാ
ണവും മാത്രമേ അവിടെ നടക്കുന്നുള്ളുവെന്നും ഞങ്ങൾക്കു അറിയി
ക്കയുണ്ടായി കഴിഞ്ഞപ്രാവശ്യം കണ്ട വാഹനനിർമ്മാണശാല
ഞാൻ നല്ലവണ്ണം ഓർത്തു. അവിടേയ്ക്കു് ഞങ്ങളെ കൊണ്ടുപോ
കാതിരിക്കാൻ ചൈനാക്കാർക്കുണ്ടായ ഉൽക്കണ്ഠ എനിക്കു മനസ്സി
ലാക്കാമായിരുന്നു.

ഒന്നിലധികം കാരണങ്ങളാൽ കൽക്കരിഖനിയും, ഷെയിൽ
എണ്ണ ശുദ്ധീകരണശാലയും സന്ദർശിക്കുവാൻ കഴിഞ്ഞതു് രസ

പ്രദമായി തോന്നി ചൈനാ-ജപ്പാൻ യുദ്ധത്തിനുമുമ്പ് ചൈനാ ജപ്പാനിലേയ്ക്കു കൽക്കരി കയററുമതി ചെയ്തിരുന്നു. ഇന്നാകട്ടെ അങ്ങനെ യാതൊരു കയററുമതിയും നടക്കുന്നില്ല. വില സ്ഥിരീകരണപദ്ധതികളിലെല്ലാം കൽക്കരിക്ക് അതിപ്രധാനമായ സ്ഥാനമുള്ളതു്. ചൈനായുടെ നഷ്ടപ്പെട്ടുപോയ കൽക്കരി ഉല്പാദനം പുനരുദ്ധരിച്ച് യുദ്ധകാലത്തിനുമുമ്പുള്ള നിലയിൽ എത്താമെങ്കിൽ, കയററുമതിക്ക് അതു് സഹായകമാകുമെന്നു മാത്രമല്ല അവരുടെ വ്യവസായങ്ങൾക്കാവശ്യമായ ഇന്ധനമുഴുവൻ ലഭിക്കുവാൻ കഴിയും. "ചൈനാ മന്തിലി റിവ്യൂ" എന്ന മാസികയുടെ ജൂൺലക്കത്തിൽ ടാററുംഗ്ഖനിയിലെ 1957—ലുള്ള ഉൽപ്പാദനം 1950—ലേക്കാൾ 284 ശതമാനം അധികമാണെന്നും പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഞാൻ വായിച്ചു. ഈ വലിയ അത്ഥമുള്ള ഒരു കണക്കല്ലെന്നു് എനിക്കറിയാമായിരുന്നു. ടാററുംഗിൽ ഏതാനും കഴുതകളുടെ പുറത്തു കുറെ കൽക്കരി ചാക്കുകൾ കയററിക്കൊണ്ടുപോകുന്നതു ഞാൻ കണ്ടിട്ടുള്ള കാഴ്ചയാണു്. ഫുഷണിലുള്ള കൽക്കരി ഖനി കാണുവാനുള്ള ഒരു സന്ദർഭമെന്ന നിലയിൽ ഈ ദ്വിതീയസന്ദർശനം ഞാൻ സ്വാഗതം ചെയ്തു.

മുക്ഡണിൽ നിന്നു ഫുഷണിലേക്കുള്ള റോഡ് നിമ്നോന്നതമായ ഒരു പ്രദേശത്തുകൂടെയാണ് കടന്നുപോയതു്. അങ്ങുമിങ്ങും കഴിഞ്ഞ കാലത്തെ ജപ്പാൻ വ്യവസായശാലകളുടെ ചിമ്മിനികൾ പുകവമിക്കുന്നതു കാണാമായിരുന്നു. മുക്ഡണെപ്പോലെ തന്നെ ഫുഷണും ആധുനികപാശ്ചാത്യരീതിയിലുള്ള ഒരു ജപ്പാൻ നഗരമായിരുന്നു. അതിൻെറ വിസ്തൃതമായ തെരുവുകൾ കൽക്കരിപ്പൊടി വീണു് ചാരനിറം പൂണ്ടിരുന്നു. എന്നാൽ ആളുകൾ താമസിച്ചിരുന്ന റസിഡൻഷ്യൽ ഭാഗങ്ങൾ പരിഷ്കൃതമായി കണ്ടു. എല്ലാ നഗരസൗകര്യങ്ങളുമുള്ള ഫുഷണിൽ കുതിരപ്പന്തയം നടത്തുന്ന ഒരു റെയിസ് കോഴ്സുപോലും ഉണ്ടായിരുന്നു. സുപ്രസിദ്ധമായ ലിംഗ് ഫുംഗ് ഖനിയിലേക്കാണ് ഞങ്ങളെ ആനയിച്ചതു്. വിളക്കുകൊണ്ടുള്ളവായ് മൂടികൾ ധരിച്ചു ഞങ്ങൾ ഒരു ഖനിക്കുഴിയുടെ വക്കത്തു് ചെന്നു നിന്നു. അങ്ങിനെയിരിക്കുമ്പോൾ അടിയിൽ നിന്നു കൊണ്ടുവരപ്പെട്ട കൽക്കരി ട്രക്കുകൾ മുകളിൽ വന്നു. ഈ കൽക്കരിക്കുഴികൾ എങ്ങനെ പ്രവത്തനം നടത്തുന്നുവെന്നു കാണുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. "വിമോചനത്തിനു"മുമ്പുള്ളതിൻെറ നാലിരട്ടിയായി ഉൽപ്പാദനം വർദ്ധിച്ചിരായി അവകാശപ്പെട്ടിരുന്നതു്. ശരിയാണോ എന്നു പരീക്ഷിക്കുവാനും സാദ്ധ്യമല്ലായിരുന്നു. അവർ പറഞ്ഞുതന്ന കണക്കുകൾ സ്വീകരിക്കയല്ലാതെ ഗത്യന്തരമില്ല. പതിനായിരം കൂലിക്കാർ അവിടെ ജോലി ചെയ്യുന്നുണ്ടെന്നും,

വർക്കർ സൗജന്യവ്യവസ്ഥകളും നൽകിയാണ് പവരെ താമസിപ്പിച്ചിരിക്കുന്നതെന്നും ഞങ്ങളോടു പറഞ്ഞു. മിക്ക സന്ദർശകരും ആവശ്യത്തിനു മതിയാംവണ്ണം ഖനി പ്രവർത്തനം കണ്ടു മുക്ഡണിലേയ്ക്കു മടങ്ങി.

തിരിച്ചുപോകാതെ അവിടെ താമസിച്ച ഞങ്ങൾ ആ ദിവസം കുറെ വൈകിയപ്പോൾ ഒരു തുറന്ന കൽക്കരിക്കുഴി കാണുവാൻ പോയി. ആകർഷണീയമായ ഒരു കാഴ്ചയായിരുന്നു അതു്. 7000 വാര നീളവും 300 മുതൽ 1200 വാര വീതിയും 170 വാര താഴ്ചയുമുള്ള ഒരു മഹാപിളർപ്പായിരുന്നു ആ കുഴി. ഇവിടത്തെ മാർദ്ദവമായ കൽക്കരി അട്ടികൾക്കു 80 മുതൽ 90 മീററർ വരെ താഴ്ചയുള്ളതായിരുന്നു. കൽക്കരിക്കു മുകളിൽ ഷെയിൽ സ്ഥിതിചെയ്തിരുന്നു. ആ പ്ളർപ്പിനു സമീപമായി ഷെയിൽ ശുദ്ധീകരിച്ചു് എണ്ണ എടുക്കുന്ന പ്ളാൻറു സ്ഥാപിച്ചിരുന്നു. പ്രതിരോധവകുപ്പിനു് അത്യാവശ്യമായ ഒരുൽപ്പാദനമായിരുന്നു അതു്. ഉത്തരപൂർവദേശത്തു് ഞാൻ സന്ദർശിച്ച പ്ളാൻറുകളിൽ നിന്നു് വിഭിന്നമായിരുന്നു ഇവിടത്തെ സ്ഥിതി. ഈ ശുദ്ധീകരണശാല അതിൻെറ പൂർണ്ണമായ കഴിവിൽ ഉല്പാദനം നടത്തി. ഈ പ്ളാൻറിൻെറ 90 ശതമാനവും പുതിയ ചൈനീസ് ഗവർമെൻറു മാററി ശരിപ്പെടുത്തിയെന്നാണു് പറഞ്ഞതു്. യുദ്ധകാലത്തിനു മുമ്പുള്ള ഉൽപ്പാദനത്തോതിൽ അതു് എത്തിക്കഴിഞ്ഞു.

ഞങ്ങളുടെ സന്ദർശനപട്ടികയിൽ ഒരു പണിയായുധനിർമ്മാണശാല കൂടെ ഉൾപ്പെട്ടിരുന്നു. കടച്ചിൽ യന്ത്രങ്ങളും, കട്ടിംഗ് യന്ത്രങ്ങളും നിർമ്മിക്കുന്ന ഒരു വ്യവസായശാലയാണതു്. വലിയ സാങ്കേതികസാമർത്ഥ്യങ്ങളൊന്നും ആവശ്യമില്ലാത്ത ലഘുവായ സാധനങ്ങളാണു് അവിടെ നിർമ്മിക്കുന്നതു്. പ്രഥമമായി ഇവിടെ വച്ചു് റഷ്യയിൽ നിന്നു ഇറക്കുമതി ചെയ്ത ചില യന്ത്രങ്ങൾ കാണുവാനിടയായി. ഈ ഓരോ യന്ത്രങ്ങളുടെയും പേരുകൾ ചൈനീസ് ഭാഷയിൽ കൊത്തിയിരുന്നതു് രസകരമായി തോന്നി. ഒരു പ്രിസിഷൻ യന്ത്രത്തിനു മാത്രമേ റഷ്യൻ ഭാഷയിൽ പേരുകളുണ്ടായുള്ളു. ഇതാണു് ഞങ്ങൾ പ്രദർശനത്തിൽവച്ചു കണ്ട ചൈനീസ് നിർമ്മിത യന്ത്രങ്ങളുടെ രഹസ്യമെന്നു് ഈ സാധനങ്ങൾ വെളിപ്പെടുത്തി. ചൈനീസ് പേരുകൊത്തിയിരുന്ന ഒരു പ്രിസിഷൻയന്ത്രം എവിടെയാണു് നിർമ്മിക്കുന്നതെന്നു ചോദിച്ചപ്പോൾആൽഷാൻമെഷീൻടൂൾസ്കമ്പനിയിലാണെന്നു മറുപടി പറഞ്ഞു. നിർഭാഗ്യവശാൽ ആ വ്യവസായശാല ഞങ്ങളുടെസന്ദർശന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ഈ ഉദാഹരണത്തിൽ നിന്നും മററു പല തെളിവുകളിൽനിന്നും അനുമാനിക്കേ

ണ്ടതു ചൈനായിൽ ഒരു പ്രിസിഷൻയന്ത്രംപോലും നിർമ്മിക്കപ്പെട്ടുന്നില്ലെന്നാണു്.

ടെക്സ്റ്റൈൽ വ്യവസായത്തിൻെറ കാര്യം ഇതിൽനിന്നൊക്കെ വ്യത്യസ്തമാണു്. ആ വ്യവസായം കാര്യക്ഷമമായി നടത്തുവാനുള്ള സാമത്ഥ്യവും ഭരണപാടവവും ചൈനാക്കാക്കുണ്ടെന്നു് ഷാംഗ്ഹായിലെ ബ്രിട്ടീഷ് വ്യവസായികൾതന്നെ എന്നോടു പറഞ്ഞതാണു്. ടെക്സ്റ്റൈൽ മില്ലുകൾ പലതും ചൈനായിലെ ഗ്രേററ് പോളിനുള്ളിലാണു് സ്ഥിതിചെയ്യുന്നതു്. ഭൂരിപക്ഷവും ഷാംഗ്ഹായിനഗരത്തിൽ തന്നെയാണു്. പല ചെറിയ വ്യവസായങ്ങളുടെ കാര്യത്തിലെന്നപോലെ വസ്ത്രനിർമ്മാണശാലകൾ സ്വകാര്യമുതലാളികളുടെ ഉടമയിൽ സ്ഥിതിചെയ്യുന്നു. ബ്രിട്ടീഷ് താല്പര്യമുള്ള വ്യവസായശാലകളുമുണ്ടു്. ഇവയെല്ലാം ചൈനാ കോട്ടൺയാൺ ആൻഡ് ക്ളോത്ത കമ്പനിയെന്ന ഗവർമെൻറു സംഘടനയുടെ കീഴിലാണു് പ്രവൎത്തനം നടത്തുന്നതു്. ഈ നിയന്ത്രണമനുസരിച്ചു ഗവർമെൻറു നൽകുന്ന പഞ്ഞി വാങ്ങി, വസ്ത്രംനെയ്തു ഗവർമെൻറിനെ ഏൽപ്പിക്കണം. ആ സേവനത്തിനു നിശ്ചിതതോതിൽ ഒരു കൂലി നൽകും. ഉല്പാദനം ഒരു സ്റ്റാൻഡാർഡ് തോതിലും, തരത്തിലും നടക്കുന്നതുകൊണ്ടു ലാഭത്തിനോ, കൂടുതൽ വൈശിഷ്ട്യം വരുത്താനുള്ള ഉത്സാഹത്തിനൊ വസ്ത്രനിർമ്മാണത്തിൽ സ്ഥാനമില്ല. ടിയെൻസ്റ്റാനിൽ ഒരു പ്രൈവററ് വ്യവസായി നടത്തുന്ന മില്ലും, ഷാംഗ്ഹായിൽ ഗവർമെൻറു നടത്തുന്ന ഒരു മില്ലും ഞാൻ സന്ദർശിക്കയുണ്ടായി.

വസ്ത്രക്കാര്യത്തിലും ഞെരുക്കം അനുഭവിക്കുന്ന ചൈനായിലെ ജനലക്ഷങ്ങൾക്കു ഭക്ഷണം കഴിഞ്ഞാൽ ഏററവും അത്യാവശ്യസാധനം തുണിയാണു്. സാമ്പത്തികമായ സുസ്ഥിരതയ്ക്കുതന്നെ വസ്ത്രം മതിയായ തോതിൽ ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ദേശീയകറൻസിയിൽ പൊതുജന വിശ്വാസം പരിപാലിക്കുവാൻ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള "പാരിററി ഡിപ്പോസിററു് യൂണിററി"ൽ വസ്ത്രനിർമ്മാണം ഒരു പ്രധാനഘടകമാണു്. അതുകൊണ്ടു് തുണിനെയ്ത്തു വ്യവസായം ചൈനായുടെ പുനരുദ്ധാരണപദ്ധതികളിൽ അതിപ്രധാനമായ സ്ഥാനം വഹിക്കുന്നു. വസ്ത്രനിർമ്മാണത്തിൽ സ്വയം പര്യാപ്തത ചൈനാ നേടിക്കഴിഞ്ഞുവെന്നും ചൈനീസ് കർഷകൻ മുമ്പത്തേക്കാൾ കൂടുതൽ തുണി ഇപ്പോൾ വാങ്ങുന്നുയെന്നും അവകാശപ്പെടുന്നുണ്ടു്. ജനസാമാന്യത്തിൻെറ അഭിവൃദ്ധിയിൽ ഭക്ഷണവും വസ്ത്രവും പ്രധാനലക്ഷണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പീക്കിംഗ്നഗരത്തിലെ മേയർ പെംഗ്ചെൻ അവകാശപ്പെട്ടതു് 1949—ൽ 10.8 അടി തുണി

മാത്രം വാങ്ങിയിരുന്ന കർഷകൻ 1951—ൽ * 24 അടി വാങ്ങിക്കുന്നുയെന്നും ഭൂനിയമപരിഷ്ക്കാരംമൂലം അവനുണ്ടായ വർദ്ധിച്ച ക്രയശക്തിയുടെ ഫലമാണതെന്നുമാണ്.

ഉത്തരപൂർവ്വചൈനായിലുള്ള കാവൊകാംഗ് എന്ന ഗ്രാമത്തിലെ ഒരു കർഷകൻ അഭിമാനപൂർവ്വം സന്ദർശകരോടു പറഞ്ഞു, "വിമോചന"ത്തിനു മുമ്പു കീറി തുന്നിയ ഒരു പഴയ സൂട്ട് മാത്രമാണ് അയാൾക്കുണ്ടായിരുന്നതെന്ന്. ഇന്ന് അയാൾക്ക് അഞ്ചു പുതിയ സൂട്ടുകളുണ്ട്. സാമ്പത്തികവും, മാനസികവുമായ ഒരു സംതൃപ്തി ചൈനായിൽ, തിങ്ങിപ്പാർക്കുന്ന ജനങ്ങളുടെയിടയിൽ പ്രത്യക്ഷപ്പെടുന്നതിൻെറ ലക്ഷണമാണിതു്.

എന്നാൽ ചൈനായിൽ ആവശ്യത്തിനുമതിയായ തോതിൽ പഞ്ഞിയും, വസ്ത്രവും മുമ്പില്ലായിരുന്നു. ജപ്പാനിൽനിന്നു വമ്പിച്ചതോതിൽ തുണി ഇറക്കുമതി ചെയ്യുകയായിരുന്നു ചൈന, ചൈനീസ് തുണിനെയ്ത്തു വ്യവസായത്തിനു് ഇൻഡ്യ പഞ്ഞി കയററുമതി ചെയ്യുമായിരുന്നു. ചൈനായിക്കു 50 ലക്ഷം സ്പിൻഡിലുകളിൽ കൂടുതൽ ഇല്ല. ആവശ്യത്തിനു് പഞ്ഞി ലഭിക്കാതിരുന്നിട്ട് 1957—ൽ ആറു ആഴ്ചത്തേയ്ക്കു മില്ലുകൾ പൂട്ടിയിടേണ്ടിവന്നു. എല്ലാ സ്പിൻഡിലുകളും, ആണ്ടിൽ എല്ലാ ദിവസവും ജോലി ചെയ്താൽ തന്നെ 200 കോടി വാര തുണിയിൽ കൂടുതൽ അവിടെ നെയ്യുവാൻ സാദ്ധ്യമല്ല. ഇറക്കുമതി നിരോധനം മൂലം അവിടെ തുണി ഇറക്കുമതി ചെയ്യുന്നുമില്ല. ആ സ്ഥിതിക്ക് എത്രതന്നെ കാര്യക്ഷമത ചൈനീസു തൊഴിലാളികൾ നേടിയതായി അവകാശപ്പെട്ടാലും, ജനങ്ങളുടെ എല്ലാം അത്യാവശ്യത്തിനുപോലും മതിയായതോതിൽ അവിടെ ഉല്പാദനം സാധിക്കുകയില്ലെന്ന് വ്യക്തമാണ്. ചൈനായിൽ തുണി ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗം ചൈനയിലെ മില്ലുകളിൽ തന്നെയുള്ള ഉല്പാദനം ആയതുകൊണ്ടു് വസ്ത്രനിർമ്മാണം ഒരേ സ്റ്റാൻഡാർഡിൽ മാത്രം നടക്കുവാനും, വിലവർദ്ധിക്കുവാനും, തുണിക്ഷാമം സൃഷ്ടിക്കുവാനും കാരണമായി. ഒരു വാര സാധാരണ തുണിക്കു നാല്പത്തിരണ്ടു സെൻറു അവിടെ വിലയാണ്.

ഞങ്ങളുടെ സുഖസൗകര്യങ്ങൾ നോക്കാൻ ഏർപ്പെടുത്തപ്പെട്ടിരുന്ന യുവഉദ്യോഗസ്ഥന്മാർ ഒരേ നീല സൂട്ട് നനയ്ക്കാതെയും ഇസ്തിരിക്കിടാതെയും ദിവസവും ധരിച്ചുകൊണ്ടു നടന്നിരുന്നതു് ഞാൻ കണ്ടു. ഒരാണ്ടിൽ ഒരു കോട്ടൺസൂട്ടുമാത്രമാണ് അവക്ക് നൽകപ്പെട്ടിരുന്നതു്. പിന്നെ എങ്ങനെയാണ് ചൈനാ അവ

---

* ഔദ്യോഗികമായ കണക്കു് ഒരാൾ ശരാശരി പതിനാറു വാരതുണി വാങ്ങുന്നുവെന്നാണു്

ളുടെ വസ്ത്രാവശ്യങ്ങൾ മുഴവൻ നിറവേററിയിരുന്നുവെന്നു പറയുന്നതു്?

ടിയെൻസ്റ്റിനിലുള്ള ഹെൻഗിയുവാൻ ടെക്സ്റ്റൈൽമില്ലിൻെറ മാനേജിംഗ് ഡയറക്ടർ ഒരു മാതൃകാവ്യവസായസംരംഭത്തിൻെറ മാതൃകാസ്വകാര്യഉടമയാണു്. 1951-ഒക്ടോബർ മാസത്തിൽ അദ്ദേഹം എന്നെ സ്വീകരിച്ചപ്പോൾ മററുള്ളവരെക്കാൾ വളരെ മുൻകൂട്ടി ഏതുനയമാണു് ബുദ്ധിപൂർവ്വമെന്നു് കാണുവാൻ കഴിഞ്ഞ പുരോഗമനാശയമുള്ള മുതലാളിയെന്ന ഉന്നതപദവി കരസ്ഥമാക്കിയിരുന്നു. ഒരു കഷണ്ടിത്തലയനായിരുന്നെങ്കിലും ആരെയും ആകർഷിക്കുന്ന ഒരു മുഖഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. കണ്ണടവച്ചിരുന്ന ആ മുഖത്തു് ചീനപ്രഭുക്കൾക്കു സാധാരണ കാണുന്ന കൃശമായ മേൽമീശ കളിയാടി. മററു ദേശീയ മുതലാളിമാരിൽനിന്നു വിഭിന്നമായി, അദ്ദേഹം ഒരു നീലസൺ-യാററ്- സെൻയൂണിഫോറം ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ സൂട്ട് അലക്കിവൃത്തിയായിരുന്നതു കൂടാതെ നല്ല തയ്യൽക്കാരൻ തയിച്ചതാണെന്നു് ഒരു വ്യത്യാസവുമുണ്ട്. അദ്ദേഹത്തിൻെറ മൃദുലകരങ്ങൾ പ്രദർശിപ്പിച്ച നിശ്ചയ ദാർഢ്യവും പ്രശാന്തമായ പെരുമാററവും അദ്ദേഹത്തിൻെറ തൊഴിലാളിവർഗ്ഗത്തിൽപെട്ട യജമാനന്മാരുമായി കഴിഞ്ഞുകൂടാൻ അദ്ദേഹത്തിനറിയാമെന്നു് വ്യക്തമാക്കിയിരുന്നു. അദ്ദേഹത്തിൻെറ പ്രവർത്തനഗതിയെപ്പററി ഞങ്ങളെ വിവരിച്ചു മനസ്സിലാക്കിക്കൊണ്ടിരുന്നതിനിടയിൽ ഞങ്ങൾക്കു ചൈനായിൽവച്ചു കുടിക്കുവാൻ ലഭിച്ചതിൽ ഏററവും നല്ല ചായയും ഞങ്ങൾക്കു പകർന്നുതന്നു. 1950-ൽ അദ്ദേഹത്തിനു ആവശ്യമുള്ള പഞ്ഞി ലഭിക്കാതെവന്നപ്പോൾ ഒരു സ്വകാര്യവ്യവസായി എന്ന നിലയിൽ അതു കിട്ടുവാൻ ചെയ്ത പ്രയത്നത്തെപ്പററി അദ്ദേഹം പറഞ്ഞു. ഗവർമെൻറിൻെറ സി. സി. വൈ. സി. സി. യെ (ചൈന കോട്ടൺയാൺ ആൻഡ് ക്ളോത്തു്കമ്പിനി) അദ്ദേഹം സമീപിച്ചു. അദ്ദേഹം നിർമ്മിക്കുന്ന തുണി മുഴവനും ഗവർമ്മെൻറിനു നൽകാമെന്നും, ആവശ്യമുള്ള പഞ്ഞിയും നിർമ്മാണച്ചെലവും മാത്രം ഗവർമ്മെൻറു് നൽകിയാൽ മതിയെന്നുമുള്ള ഒരുടമ്പടിയിൽ ഒപ്പുവയ്ക്കാൻ അദ്ദേഹം തയാറാണെന്നും അറിയിച്ചു. ഗവർമ്മെൻറു് ഈ വ്യവസ്ഥ അംഗീകരിച്ചു. തുണിവിലയുടെ 17 ശതമാനം വരുന്നയാൺ നികുതിയുടെയും തുണിനികുതിയുടെയും ബാദ്ധ്യത ഗവർമ്മെൻറു് ഏറെറടുത്തു. ഈ പദ്ധതി മിസ്റ്റർ ഷി. ചിംഗിനു സാർത്ഥപ്തികരമായ ഒന്നായി ഭവിച്ചു. കമ്പിനി 7 1/2 ശതമാനം ഡിവിഡൻഡു് ഓഹരിയുടമസ്ഥർക്കു വീതിച്ചു എന്നുതന്നെയല്ല 1000 കോടി യുവാൻ (448,000 ഡോളർ) വീതം ചെയ്യാത്ത ലാഭമായി മൂതൽ കൂട്ടുകയും ചെയ്തു. ഒരു മാതൃകാവ്യവസായി എന്ന

നിലയിൽ മിസ്റ്റർ ഷി.ചിംഗ് തൊഴിലാളികളുമായി വളരെ സൗഹാർദ്ദപരമായ ബന്ധം പാലിക്കയും ചെയ്തിരുന്നു.

സാധാരണ എല്ലാ സന്ദർശനങ്ങളിലുമെന്നപോലെ ഹെംഗിയുവാൻ മില്ലിൽ ചെന്നപ്പോഴും, ട്രേഡ്യൂണിയൻനേതാക്കന്മാരും "മോഡൽ" തൊഴിലാളികളും സന്നിഹിതരായിരുന്നു എന്നാൽ ഔദ്യോഗികപദപ്രയോഗങ്ങൾ ഉൾപ്പെട്ട റിപ്പോർട്ടുകൾ ഈ വ്യവസായം നടത്തുന്നതിനെപ്പററിയൊന്നും അവിടെ ഞങ്ങൾക്കു ലഭിച്ചില്ല. മിസ്റ്റർ ഷി ചിംഗ് ഒരു പ്രസംഗം പറയുന്നതിനേക്കാൾ ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുവാനാണിഷ്ടപ്പെട്ടതു്. അദ്ദേഹത്തിൻെറ ജോലിയെപ്പററി നല്ല പരിജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. വ്യവസായശാലയുടെ വിവിധഭാഗങ്ങളിലേക്കു ഞങ്ങളെ ആനയിച്ച അവസരത്തിൽ പ്രത്യേകവിശദീകരണങ്ങൾ ഞങ്ങൾ ആവശ്യപ്പെട്ടപ്പോഴെല്ലാം തൃപ്തികരമായ വിവരണങ്ങൾ അദ്ദേഹം നൽകിക്കൊണ്ടിരുന്നു. ഞങ്ങളുടെ മററു സന്ദർശനങ്ങളിൽനിന്നു ഭിന്നമായ ഒരു സന്ദർശനമായിരുന്നു ഇതു്. ഉല്പാദന കണക്കുകൾ ഞാൻ ചോദിച്ചപ്പോൾ ഒഴികഴിവു് പറയുന്ന രീതിയിലായിരുന്നില്ല അദ്ദേഹത്തിൻെറ മറുപടികൾ. തൻെറ തൊഴിലാളിയജമാനന്മാരെ സംതൃപ്തിപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞുയെന്നുള്ളതു് പ്രകടമായിരുന്നു.

ഞാൻ ടിയെൻസ്റ്റിനിൽ രണ്ടാംപ്രാവശ്യംവന്നപ്പോൾ ഗവർമ്മെൻറിനെയും വ്യവസായത്തെയും ശുദ്ധീകരിക്കുവാനുള്ള പഞ്ചമുഖപ്രവർത്തനം അതിൻെറ അന്ത്യഘട്ടത്തിലേക്കു നീങ്ങുകയായിരുന്നു. ഒരു പ്രാവശ്യംകൂടെ മിസ്റ്റർ ഷി—ചിംഗിനെ കാണുവാൻ ഞാൻ വളരെ ആഗ്രഹിച്ചു. എന്നാൽ ഹെംഗിയുവാൻ മിൽ സന്ദർശിക്കുവാനുള്ള എൻെറ അഭ്യർത്ഥനകൾ ആരും ശ്രദ്ധിച്ചതേയില്ല. ഒരുപക്ഷേ, ആ കൊട്ടങ്കാററിൽപ്പെട്ട് മാതൃകാവ്യവസായിയായിരുന്ന ചിംഗ് അപ്രത്യക്ഷനായിരിക്കാം.

ഈ ടിയെൻസ്റ്റിൻ ടെക്സ്റ്റൈൽ മില്ലിൽ അംഗീകരിച്ച ഉടമ്പടി വ്യവസ്ഥകൾ സാധാരണപതിവിൽ നിന്നൊക്കെ വ്യത്യസ്തമായിരുന്നു. ഷാംഗ്ഹായിലുള്ള മില്ലുകൾക്കു നൽകിയ നിർമ്മാണച്ചെലവു്, വ്യവസായികൾക്കു് വളരെ തുച്ഛമായ ഒരു ലാഭംമാത്രമേ നൽകിയിരുന്നുള്ളൂ. ബ്രിട്ടീഷ് വ്യവസായികൾ എന്നോടു പറഞ്ഞതു്, കമ്മോഡിററിനികുതിയും, വ്യാപാരനികുതിയും സ്റ്റാമ്പുനികുതിയും നീക്കിയാൽ, അവർക്കു് യാതൊരു മിച്ചവും എടുക്കുവാൻ പ്രയാസമായിരുന്നുയെന്നാണു്. അതേസമയം അവർ ഗവർമ്മെൻറിനു നൽകിയ തുണിവിററു്, വളരെ വിപുലതോതിലുള്ള ലാഭം സി. സി.വൈ. സി. സി. ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇപ്പോഴത്തെ വ്യവസ്ഥിതിയനുസരിച്ചു തുണി

വ്യവസായം മാത്രമാണ്, മററെല്ലാ വ്യവസായങ്ങളെയുമപേക്ഷിച്ച്, വിജയസാദ്ധ്യതയുള്ള ഏകസംരംഭം. ആണ്ടു മുഴവൻ ജോലിയും. കഷ്ടിച്ചു നടത്തിക്കൊണ്ടു പോകാനുള്ള വരുമാനവുമുള്ള ഏക വ്യവസായമാണിതു്.

നാങ്കിംഗിനു് സമീപമുള്ള ഒരു വളം നിർമ്മാണ വ്യവസായ ശാലയും ഞാൻ സന്ദർശിച്ചു. ഒരു സാങ്കേതികവിദഗ്ദ്ധനെന്ന നിലയിൽ അഖിലലോകപ്രസിദ്ധിയാർജ്ജിച്ച ഡോക്ടർ ഹോവെ ആയിരുന്നു അതിൻെറ ഭരണം നടത്തിയതു്. അദ്ദേഹം വളരെക്കാലംഅമേരിക്കയിൽ താമസിച്ചിരുന്നയാളാണ്. യുംഗ്—ലിംഗ് കെമിക്കൽസിൻെറ സാങ്കേതിക ഡയറക്ടരും ഗവർമെൻറിൻെറ ഉപദേശകനുമാണിന്നദ്ദേഹം. ഈ രാസദ്രവ്യ വ്യവസായം വളരെ വികസിപ്പിക്കുവാൻ പദ്ധതികൾ തയാറാക്കിയിട്ടുണ്ടു്. ഞാൻ നാങ്കിംഗ് സന്ദർശിച്ചപ്പോൾ വ്യവസായശാലയുടെ മാനേജർ പൂവ്വ് യൂറോപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങിക്കുവാൻ പോയിരിക്കയായിരുന്നു.

ഷാംഗ്ഹായിൽ ഞാൻ മററു പല വ്യവസായികളെയും സന്ദർശിക്കയുണ്ടായി. അവരിൽ പലരും വിദേശികളായിരുന്നു. ഞാൻ സന്ദർശിച്ച മിക്ക പ്ളാൻറുകളെ സംബന്ധിച്ചും എനിക്കു കിട്ടിയ അറിവു് മാസത്തിൽ മൂന്നാഴ്ചകളും അവ വെറുതെ കിടക്കേണ്ടിവന്നു എന്നാണ്. ഒന്നുകിൽ ആവശ്യത്തിനുള്ള അസംസ്കൃത സാധനം ലഭ്യമല്ല; അല്ലെങ്കിൽ സാധനം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓർഡറുകൾ സ്ഥിരീകരിക്കപ്പെട്ടിരുന്നില്ല. ചൈനാക്കാർ വലിയ പുകവലിക്കാരെന്നു് പ്രസിദ്ധി നേടിയിട്ടുള്ളവരാണെങ്കിലും ഇംപീരിയൽ ടുബാകോക്കമ്പിനിയുടെ ഗംഭീരമായ നിർമ്മാണശാല അതിൻെറ കഴിവിൽ മൂന്നിലൊരു ഭാഗമേ ജോലി ചെയ്തിരുന്നുള്ളു. ഇ. ഡബ്ളിയു. ഒ. വാററു വ്യവസായശാലയിൽ ബീയർ വീപ്പകൾ അനേകമായി കെട്ടിക്കിടന്നു. ചോറിൽനിന്നുള്ള വീഞ്ഞിനെക്കാൾ ചൈനാക്കാർ ഇഷ്ടപ്പെട്ടിരുന്നതു് ബീയറായിരുന്നു താനും.

ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടതു്, കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി വ്യവസായ പുനരുദ്ധാരണത്തിനു് ശ്രമിച്ചുകൊണ്ടിരിക്കുന്ന ചൈനാ, ആ കാര്യത്തിലുള്ള നേട്ടങ്ങളെക്കാൾ അധികം പ്രയത്നങ്ങൾ ചെയ്യുവാൻ കഴിഞ്ഞുവെന്നുമാത്രമാണ്. പറയത്തക്ക ഒരു വളർച്ചയ്ക്കു് മൂലധന സാധനങ്ങളുടെയും, അസംസ്കൃതസാധനങ്ങളുടെയും അഭാവം തടസ്സമായി നിന്നു. അവളുടെ ഏററവും അത്യാവശ്യസാധനങ്ങൾ കൈത്തറിവ്യവസായങ്ങൾമൂലം നിർമ്മിക്കുവാൻ അവൾ നിർബന്ധിതമായി. അതേ സമയം ഉഗ്രമായ വ്യയന്യൂനീകരണവും, ചില പഴയ സാധന

ങ്ങൾക്കു വളരെ വലിയ വിലകൊടുത്തും, പുതിയ നിർമ്മാണങ്ങൾക്കുള്ള ആവശ്യം നിർദ്ദാക്ഷിണ്യം തടഞ്ഞുകൊണ്ടിരുന്നു.

നാങ്കിംഗിലുള്ള ഒരു ഷോപ്പിൽ ഇറക്കുമതി ചെയ്ത ബ്രിട്ടീഷ്സൈക്കിളുകൾക്കു 225ഡോളർ വിലയും, ജപ്പാൻ സൈക്കിളുകൾ 98 മുതൽ 170 ഡോളർ വരെ വിലയ്ക്കും വിൽക്കുന്നതു് ഞാൻ കണ്ടു. വലിയ നഗരങ്ങളിൽ ട്രാംകാറുകളും ഒടിഞ്ഞു തകരാറായ പഴഞ്ചൻ റിക്ഷാകളും കഴിഞ്ഞാൽ ഗതാഗതത്തിനുള്ള ഏക മാർഗ്ഗം സൈക്കിളാണു്.

ചൈനായിൽ അവശേഷിച്ചിരിക്കുന്ന ചുരുക്കം യന്ത്രസാമഗ്രികളുടെ അങ്ങേയററം പ്രയോജനംവരുത്തി തൊഴിലാളികൾക്കു പരിശീലനം നൽകാനും, ജനങ്ങൾക്കു് യന്ത്രങ്ങളിൽ താല്പര്യം ജനിപ്പിക്കാനും കഴിവതു് ശ്രമിക്കുന്നുണ്ടു്. ഞാൻ ടിയെൻസ്റ്റിനിൽ സംഘടിപ്പിച്ചു കണ്ട മറെറാരു പ്രദർശനം ഇതു വ്യക്തമാക്കി. തങ്ങളുടെ രാജ്യം ഇതുവരെ നേടുവാൻ കഴിയാത്ത പലതും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു വെന്നുള്ള ഒരഭിമാനബോധം ജനങ്ങളിൽ വളർത്താൻ ഇതിനേക്കാൾ മെച്ചമായ ഒരു അഭ്യസനപദ്ധതി രൂപവൽക്കരിക്കാൻ വിഷമമാണു്; അവിടവിടെ പതിച്ചിരുന്ന ലഘുവായ ഭിത്തിനോട്ടീസുകൾവഴി സ്റ്റേററിൻെറ ഉദ്ദേശങ്ങൾ സാധിക്കാൻ ജനങ്ങളുടെ പ്രയത്നങ്ങളെ നയിക്കുവാൻ കഴിഞ്ഞു. കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യംഎന്നീ വിവിധ ശാഖകളിൽ നവീനചൈനായുടെ നേട്ടങ്ങളെയുംലക്ഷ്യങ്ങളെയും ചിത്രീകരിച്ചിരുന്നു. പ്രദർശനവസ്തുക്കളിൽഒന്നു ചൈനീസ്തൊഴിലാളികളുടെ കമ്മ്യൂണിസ്റ്റ്തീക്ഷ്ണത സാധിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന ഒരു മോട്ടോർകാർ ആയിരുന്നു. യന്ത്രസാമഗ്രികളോ, എങ്ങിനെയാണുണ്ടാക്കുന്നതെന്നുള്ള അറിവോ കൂടാതെ ഒരു തൊഴിലാളി സ്റ്റേററു് നേടുവാൻ കഴിയുന്ന ഒരു സാദ്ധ്യതയാണു് കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടുകണ്ടതു്. ആ കാറിനു്റോഡിൽക്കൂടെഓടിക്കുവാൻ കഴിയുമൊ എന്നതു മറെറാരു പ്രശ്നമാണു്. അതിൻെറ പുറം കുപ്പായത്തിനുള്ളിൽ ഒരു ഇൻേറണൽ കംബസ്റ്റിയൻ എഞ്ചിൻ ഉണ്ടായിരുന്നില്ല.

വർദ്ധനവിൻെറ ശതമാനക്കണക്കുകൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടു മാത്രമായില്ല. വല്ലപ്പോഴുമൊക്കെ ജനങ്ങൾക്കു, യഥാർത്ഥ വലിപ്പത്തിലുള്ള മോഡലുകൾ തന്നെ കാണുകയാണു വേണ്ടതു്. ആവശ്യമെങ്കിൽ പ്രവർത്തിക്കാൻ കഴിയുന്ന എഞ്ചിൻതന്നെ ഘടിപ്പിച്ച ഒരു പ്രദർശനമാണു് പ്രയോജനം. മുമ്പു് അവരുടെ ഭാവനയിൽ മാത്രം ഇരുന്നതു് പ്രത്യക്ഷമായികണ്ടു് അവർക്കു്

വിശ്വസിക്കാം. അങ്ങനെ പ്രചരണങ്ങൾ ബോദ്ധ്യപ്പെട്ടത്താൻ പര്യാപ്തമായി ഭവിക്കുന്നു. ഇതിൻെറ പ്രത്യക്ഷമായ അനുഭവഫലം എൻെറകൂടെ ഈ പ്രദർശനം സന്ദർശിച്ച സ്നേഹിതന്മാർ ഇൻഡ്യയിൽ തിരിച്ചെത്തി ചൈനായിൽ മോട്ടോർകാറും, കൃത്രിമ പെട്രോളും, മററു പലതും നിർമ്മിക്കുന്നുണ്ടെന്നു പറഞ്ഞതിൽ നിന്നറിയാം. സാധുവായ ഏഷ്യാക്കാരൻ എന്നെങ്കിലും ഒരു കാലത്തു് ഇവയെല്ലാം അവൻെറ കഴിവിൽ എത്തുമെന്നു് ഭാവന ചെയ്യുകയാണു്.

# 7

# നാണയപ്പെരുപ്പവും മുതലെടുപ്പും

യുദ്ധാനന്തരം ചൈനായുടെ സാമ്പത്തികനില പരിപൂർണ്ണമായി അധപ്പതിച്ചു. മഞ്ചൂറിയായിൽ നടന്നതുപോലെ ചൈനായിലെ പല വ്യവസായങ്ങളും തകരുകയും, യന്ത്രസാമഗ്രികൾ മാററപ്പെടുകയും ചെയ്തു. റെയിൽവെകൾ ഒരു നിശ്ചലാവസ്ഥയിൽ എത്തി. റെയിൽപാളങ്ങൾ, ലോഹങ്ങൾ ആദിയായ റോളിംഗ് സ്റ്റോക്കുകൾ ദരിദ്രാവസ്ഥയിൽ ആണു കിടന്നതു്. കൃഷി അസംഘടിതമായ രൂപത്തിൽ താറുമാറായി. വിസ്തൃതമായ പ്രദേശങ്ങൾ ക്ഷാമബാധിതമായി. കൃഷിചെയ്ത കർഷകർ ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവച്ചു. സാമ്പത്തികമായ അവ്യവസ്ഥിതി ജനങ്ങളുടെ ഞെരുക്കം വർദ്ധിപ്പിച്ചു. അവരുടെ കയ്യിലിരുന്ന പണത്തിന്റെ വില എത്രമാത്രമെന്നു് അവക്കറിയാനും കഴിഞ്ഞില്ല. മണിക്കൂറുകൾതോറും പണത്തിന്റെ വിനിമയവില മാറിക്കൊണ്ടിരുന്നതിനാൽ ഉള്ള പണം സാധനങ്ങളിൽ നിക്ഷേപിക്കുവാൻ ജനങ്ങൾ നിർബന്ധിതരായി. കറൻസിയിൽ ജനങ്ങൾക്കൊരു വിശ്വാസവുമില്ലാതായി. അതുകൊണ്ടു് വ്യാപാരം നിശ്ശേഷ്ടസ്ഥിതിയിലെത്തി. 1949-ൽ രാജ്യത്തെ കറൻസി ആകെ വ്യാപാരത്തിന്റെ നാൽപ്പതിലൊരംശമേ നിയന്ത്രിച്ചിരുന്നുള്ളു എന്നു കണക്കാക്കിയിരിക്കുന്നു. നാണ്യവിനിമയത്തിനു് സ്വർണ്ണവും വിദേശ കറൻസികളും മാത്രമായിരുന്നു അവലംബം. കമിന്താങ്ങ് കറൻസിനോട്ടുകൾ അച്ചടിച്ചു പ്രചരിപ്പിച്ചുകൊണ്ടിരുന്നതിനാൽ വിലയും പ്രചാരത്തിലിരുന്ന പണവുമായി ഒരു ബന്ധവും ഇല്ലാത്ത നിലവന്നു. പൊതുജനവിശ്വാസത്തെയൊ വിശ്വാസരാഹിത്യത്തെയൊ ആശ്രയിച്ചു കറൻസി ഒഴുകിനടന്നു. യുദ്ധത്തിനുമുമ്പുണ്ടായിരുന്ന കറൻസിയുടെ 176.8 ബില്ല്യിയൻ (നൂറുകോടി) ഇരട്ടികറൻസി 1949-ൽ പ്രചാരത്തിലിരുന്നുവെന്നും, വില സൂചിക 13, 884.2 ബില്ല്യിയൻ ഇരട്ടിയായിരുന്നുവെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിന്റെയത്ഥം യുദ്ധത്തിനുമുമ്പുണ്ടായിരുന്ന പതിനായിരം ചൈനീസുഡോളർ കൊണ്ടു് ഒരാൾക്കു് ഒരു തീപ്പെട്ടിക്കോൽവാങ്ങിക്കുവാൻ സാദ്ധ്യമായിരുന്നില്ലെന്നാണു്.

ഈ സംഭവവികാസം ഉൽപ്പാദനത്തെ വളരെയധികം ബാധിച്ചു. കൃഷി 30 ശതമാനത്തിലധികവും, വ്യവസായം 50 ശതമാനവും കുറഞ്ഞു. ഒരു ചെറിയ കാലാവധിക്കുള്ളിൽ ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിൽ വിശ്വാസവും ക്രമീകരണവും പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞതു് കമ്മ്യൂണിസ്റ്റ്ഭരണത്തിൻെറ നേട്ടമായിത്തന്നെ പറയണം. ഈ സാമ്പത്തിക സ്ഥിരതയിലേക്കുള്ള തിരിച്ചുവരവാണു്. ചെറിയ വ്യാപാരികളുടെയും ബിസ്സിനസ്സുകാരുടെയും, വ്യവസായികളുടെയും ഇടയിൽ കമ്മ്യൂണിസ്റ്റുഭരണത്തെപ്പററിയുള്ള മതിപ്പു വർദ്ധിക്കുവാൻ കാരണം. ഇപ്പോൾ വിലകൾ ഒരു ക്രമീകൃത വ്യവസ്ഥയിലായിട്ടുണ്ടു്. സാമ്പത്തികമായി സമീകൃതസ്ഥിതി എത്തിയിട്ടില്ലാത്തതിനാൽ നാണയപ്പെരുപ്പത്തിനുള്ള ഒരു പ്രവണത ഇപ്പോഴും കാണാമെങ്കിലും, ജനങ്ങൾക്കു് ഒരു ഭദ്രതാബോധവും വിശ്വാസവും വന്നുകഴിഞ്ഞിട്ടുണ്ടു്.

നാണയപ്പെരുപ്പം തടയാനുള്ള നടപടികൾ1950–ൽ മാർച്ചു് മുതൽ ജൂൺവരെയുള്ള മൂന്നു മാസങ്ങളിൽ നടത്തുകയുണ്ടായി. സാമ്പത്തികനീർച്ചാല്യകൾ തടഞ്ഞുകെട്ടിക്കിടന്നതെല്ലാം വെട്ടിമാററി യുദ്ധകാലപരിതസ്ഥിതിയിൽനിന്നു സമാധാനകാലത്തെ പുനരുദ്ധാരണശ്രമങ്ങൾ സാദ്ധ്യമാകത്തക്കവിധത്തിലുള്ള പരിതസ്ഥിതിയിലേക്കു മാററുവാൻവേണ്ട ശ്രമങ്ങൾ നടത്തി. ഇതു പെട്ടെന്നുള്ള ഫലം കാണിക്കുവാൻ ഒരു സ്വേച്ഛാധിപത്യസാമ്പത്തികനിലയ്ക്കു മാത്രമേ കഴിയുകയുള്ളായിരിക്കാം. എന്നാൽ ഈ പദ്ധതികൾ ഇത്ര വിജയപ്രദമായി നടപ്പാക്കിയവിധം കാണിക്കുന്നതു് പുതിയ ഭരണാധിപന്മാരുടെ ഭരണപ്രാപ്തിയാണു്. കറൻസിയുടെ പുനരുദ്ധാരണത്തിനു് മൂന്നു സംഗതികൾ ആവശ്യമായിരുന്നു. ഒന്നാമത്തേതു് ബഡ്ജററിലെ വരവും ചെലവും നിയന്ത്രണാധീനമാക്കി സമീകരിക്കുകയായിരുന്നു. രണ്ടാമത്തേതു് ജനങ്ങളുടെ കയ്യിലിരുന്ന പണത്തിനു് അതിൻെറ ശരിയായ കൈമാററവില ലഭിക്കുമെന്നു് അവരെ ബോദ്ധ്യപ്പെടുത്തേണ്ടിയിരുന്നു. ഈ ബോദ്ധ്യം നിലനിറുത്തണമെങ്കിൽ സാധനങ്ങളുടെ വില നിയന്ത്രണത്തിൽ വരുത്തുകയായിരുന്നു മൂന്നാമത്തെ നടപടി.

ആദ്യത്തെ ഉദ്ദേശം സാധിക്കാൻ സ്റ്റേററിൻെറ സാമ്പത്തികനില ക്രമപ്പെടുത്തി. എല്ലാ മുതലെടുപ്പും കേന്ദ്രീകരിച്ചു് ചെലവുകൾ ഗവർമെൻറിൻെറ നിയന്ത്രണത്തിൽ വരുത്തി. കർഷകരുടെ ഭൂനികുതി ധാന്യവും, പഞ്ഞിയുമായി നൽകാൻ വ്യവസ്ഥ ചെയ്തു. വ്യവസായങ്ങൾ ഉൽപ്പാദനം തുടരാൻ ആജ്ഞാപിച്ചു. ഉൽപ്പന്നങ്ങൾ ഗവർമെൻറു് ഏറെറടുത്തു. റെയിൽവെ സർവീസുകൾ ശരിപ്പെടുത്തി. "സൈന്യങ്ങൾ എവിടെപ്പോകുന്നുവോ അവിടെ തീവണ്ടിയും പോകണം" എന്നുള്ള നയത്തെ ആസ്പദമാക്കി

റെയിൽവേ പുനരുദ്ധരിച്ചു. ഈ പരിഷ്ക്കാരങ്ങൾ ഗവർമെൻറിൻെറ മുതലെടുപ്പുവർദ്ധനയാണ് വരുത്തിയതു്. നേരെ മറിച്ചു ചെലവുകൾ കർശനമായി വെട്ടിക്കുറച്ചു. ഗവർമെൻറുദ്യോഗസ്ഥന്മാരിൽ പലക്കം ശമ്പളമില്ല. അവരുടെ സന്ധാരണത്തിനുള്ള സാധനങ്ങളും, താമസിക്കാൻ കെട്ടിടവുംമാത്രം ലഭിക്കുന്ന വ്യവസ്ഥയിൽ പണിയെടുക്കണം. സൈനികച്ചെലവുകൾ വേർതിരിച്ചു കണക്കാക്കി. ഒരു സ്വയം പര്യാപ്തതാനയമാണു് സൈന്യച്ചെലവുകാര്യത്തിൽ സ്വീകരിച്ചതെന്നു് അവകാശപ്പെടുന്നു. പീപ്പിൾസ് ബാങ്കുചെയർമേൻ മി. നാൻ ഹാൻ ചെൻ പറഞ്ഞതു് ഈ നടപടികൾകൊണ്ടു്, 10 കോടി ഡോളറിൻെറ ഒരു കടപ്പത്രം പുറപ്പെടുവിച്ചതുകൊണ്ടു മാത്രം ആ ആണ്ടത്തെ രാജ്യാവശ്യങ്ങൾ എല്ലാം നിറവേററാൻ കഴിഞ്ഞുവെന്നാണു്. ബോണ്ടുകൾ ഒരു നിശ്ചിതവിലയ്ക്കു് സാധനങ്ങളായൊ, വെള്ളി ഡോളർ നൽകിയൊവാങ്ങാൻ വ്യവസ്ഥചെയ്തു.

രണ്ടാമത്തെ ഉദ്ദേശമായ നാണയവിനിമയസ്ഥിരത സാധിക്കാൻ ഒരു "പാരിററി ഡിപ്പോസിററ് യൂണിററ്" സ്ഥാപിക്കുകയായിരുന്നു ഗവർമ്മെൻറിൻെറ നടപടി. ഗവർമ്മെൻറു സംഘടനകളും പ്രസ്ഥാനങ്ങളും, സ്കൂളുകളും, സൈന്യവിഭാഗങ്ങളും മൂന്നു ദിവസത്തേക്കുള്ള ചെലവിനു് മാത്രം ആവശ്യമായ പണം സൂക്ഷിക്കുവാനെ ഈ പദ്ധതിപ്രകാരം അനുവദിച്ചിരുന്നുള്ളു. ജനങ്ങളുടെ കയ്യിൽ ഉള്ള അധിക ഫണ്ടുകൾ മുഴവൻ ബാങ്കുകളിൽ നിക്ഷേപിക്കാൻ ആവശ്യപ്പെട്ടു. ഇങ്ങനെ നിക്ഷേപിക്കുന്ന സംഖ്യ യൂണിററുകളായി കണക്കിൽ കൂട്ടി, അവയുടെ മാർക്കററ്വില എന്തായിരുന്നാലും അതു നൽകുന്നതാണെന്നു് ഗവർൻെറു് ഉറപ്പു നൽകി. പി. ഡി. യു. (പാരിററി ഡിപ്പാസിററു് യൂണിററ്) ഇങ്ങനെ വിലകണക്കാക്കുന്നതിൽ നെല്ലു, ഉണ്ണി, എണ്ണ, വീട്ടാവശ്യത്തിനുള്ള കൽക്കരി എന്നിവയെല്ലാം ഉൾപ്പെട്ടു. സ്വർണ്ണം കൈമാററം ചെയ്യുന്നതു് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. അവരവരുടെ കയ്യിലുള്ള സ്വർണ്ണം ബാങ്കുകളിൽ ഏല്പിച്ചു് അവിടെ കൊടുക്കുന്ന ഒരു ചെറിയ വില വാങ്ങിക്കൊള്ളണം. വിദേശ കറൻസികളും ഇതുപോലെ പിൻവലിക്കപ്പെട്ടു. അവയ്ക്കു നൽകിയ വിലയും, യഥാർത്ഥ വിലയുമായി യാതൊരു ബന്ധവുമില്ലാത്തതരത്തിൽ തുച്ഛമായിരുന്നു. ഈ രണ്ടു മാർഗ്ഗങ്ങളിൽ കൂടെ ഇറക്കുമതിക്കാവശ്യമുള്ള പണം മുഴവൻ ഗവർമ്മെൻറു ശേഖരിച്ചു. ചൈനായിലെ 800—ൽപരം സ്വകാര്യബാങ്കുകൾ, പീപ്പിൾസ് ബാങ്കിൻെറ ഭരണപരമായ അധികാരത്തിൻകീഴിൽ സംഘടിപ്പിച്ചു. കറൻസിയിലും വ്യാപാരത്തിലുമുള്ള ഊഹക്കച്ചവടങ്ങൾ നിയന്ത്രിക്കുകയായിരുന്നു ഈ നടപടിയുടെ ഉദ്ദേശം.

അവസാനത്തെ ഉദ്ദേശം സാധിക്കാൻ ഭക്ഷ്യധാന്യങ്ങൾ, തുണി, കൽക്കരി മുതലായവയുടെ വ്യാപാരം ഒരു കേന്ദ്ര നിയന്ത്രണാധികാരത്തിൽ വരുത്തി വിലകൾ നിയന്ത്രിച്ചു. ഗവർമ്മെൻറു തന്നെ സാധനങ്ങൾ സ്റ്റോക്കു ചെയ്തു ഗവർമ്മെൻറുഷോപ്പുകൾ വഴിയായി വില്പന നടത്തി. ഭക്ഷ്യധാന്യമായിരുന്ന ഏററവും ഗുരുതരമായ പ്രശ്നം. മററു സാധനങ്ങൾ പൂഴ്ത്തിവച്ചിരുന്നതു് വ്യാപാരവിശ്വാസം പുനഃസ്ഥാപിച്ചതോടുകൂടി പുറത്തു വരാൻ തുടങ്ങി. ഭൂനികുതിയായി ഗവർമ്മെൻറു വിപുലമായ തോതിൽ ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ചു. ഇങ്ങനെ വസൂലാക്കിയ ധാന്യം തന്നെ നാലരക്കോടി ആളുകളെ ഒരു കൊല്ലം തീററിപ്പോററാൻ പര്യാപ്തമായിരുന്നു. എന്നാൽ നഗരങ്ങളിലും ക്ഷാമബാധിത പ്രദേശങ്ങളിലുമായി ആറു കോടി ആളുകളുടെ ഭക്ഷണം ഗവർമ്മെൻറു കാണേണ്ടിയിരുന്നു. അതിനുവേണ്ടി തുറന്ന വിപണിയിൽനിന്നു് ഗവർമ്മെൻറു ധാന്യം വിലയ്ക്കുവാങ്ങി. പിന്നെയും പോരാതെവന്നതു് 1949—ലെയും, 1950—ലെയും ഭൂനികുതിയായി ആ ആണ്ടിൽ തന്നെ ഗവർമ്മെൻറു പിരിച്ചെടുത്തു. കയററുമതി ഇല്ലാതിരുന്നതുകൊണ്ടു് ആവശ്യത്തിനുള്ള കൽക്കരി ചൈനായിൽ ഉണ്ടായിരുന്നു. ഖനികളിൽനിന്നു കുഴിച്ചെടുത്ത കൽക്കരി മുഴുവൻ രാജ്യത്തെ ആവശ്യം മുഴുവൻ നിറവേററാൻ മതിയാകുമായിരുന്നുവെന്നാണു് ഗവർമ്മെൻറു അവകാശപ്പെട്ടതു്.

1951 ഒക്ടോബറിൽ പീക്കിംഗിൽ വന്നെത്തിയ സന്ദർശകരെ, നാണയപ്പെരുപ്പത്തിനെതിരായി ചൈന നടത്തിയ സമരത്തെപ്പററി വിശദമായി പറഞ്ഞു മനസ്സിലാക്കാൻ നിയോഗിക്കപ്പെട്ടതു് നാൻ ഹാൻ-ചെൻ ആയിരുന്നു. പീപ്പിൾസ് ബാങ്കിൻെറ മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ചൈനായുടെ സാമ്പത്തികവും നാണയസംബന്ധവുമായ നയങ്ങൾ അദ്ദേഹമാണു് നിയന്ത്രിച്ചിരുന്നതു്. കമിൻതാങ്ങു് ഭരണകാലത്തു് ബാങ്കു് ഓഫ് ചൈനായിലെ ഒരു ക്ലാർക്കായിരുന്നു അദ്ദേഹമെന്നു് എന്നോടു് ആരോ പറഞ്ഞു. ഇന്നദ്ദേഹം വിശ്വസ്തമായും പ്രശസ്തമായും വളരെ ദീർഘലക്ഷ്യം പിടിച്ച ഒരു സാമ്പത്തികനയം വിജയപ്രദമായി നടത്തിക്കൊണ്ടിരുന്നു. സീമാതീതമായ സാമ്പത്തിക വൈഷമ്യങ്ങൾക്കിടയിൽ എതാണ്ടൊരു സമീകൃതനില പാലിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. രാജ്യത്തു് ഒരു കറൻസിപ്രളയം തന്നെ സൃഷ്ടിച്ചശേഷം അതു് ആളുകളിൽനിന്നു് ഞെക്കിപ്പിഴിഞ്ഞെടുത്തു് വിലനിയന്ത്രണം സാധിക്കുകയും ചെയ്ത സംഭവത്തിനു പിന്നിൽ പ്രവർത്തിച്ച വിദഗ്ദ്ധ തലച്ചോറു് അദ്ദേഹത്തിൻേറതായിരുന്നു. മൂന്നു മണിക്കൂറുകൾ ഈ വിഷയത്തെപ്പററി അദ്ദേഹം സന്ദർശകരോടു സംസാരിച്ചുകൊണ്ടിരുന്നു. വിരസവും പലൎക്കും താല്പര്യമില്ലാത്തതുമായ ഒരു വിഷയമായിരുന്നെങ്കിലും,

വളരെ ലളിതസുഭഗമായി അദ്ദേഹം നൽകിയ വിശകലനവും, പ്രശാന്തമായ അദ്ദേഹത്തിൻെറ സംഭാഷണപ്രത്യേകതകളും അവരിൽ പലരെയും സമാകർഷിക്കതന്നെ ചെയ്തു. അദ്ദേഹം ഒരു കമ്യൂണിസ്റ്റ്പാർട്ടിയംഗമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഡോക്ടർ ഷാട്ടിനെപ്പോലെ ഭരണാധികാരികളോട്ട് അത്യന്തം വിശ്വസ്തമായി അദ്ദേഹം വത്തിക്കുകയും, ഒരു വിദഗ്ദ്ധനെന്ന നിലയിൽ അവരുടെ നയങ്ങൾ പ്രാവത്തികമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അദ്ദേഹത്തിൻെറ നയവിജയത്തെപ്പററി ഇങ്ങനെയാണ് അദ്ദേഹം വിശദീകരിച്ചതു്. "അമിതമായി സാധനങ്ങൾ ശേഖരിച്ചു വയ്ക്കുകയോ, സാധനങ്ങളുടെ ക്ഷാമം നേരിടുകയൊ ചെയ്യേണ്ട ആവശ്യം ഞങ്ങൾക്കില്ല. ഞങ്ങൾക്കു് ആവശ്യമില്ലാത്ത ഭക്ഷ്യസാധനങ്ങളും തുണിയും ഞങ്ങളുടെ രാജ്യത്തിൽ ചാടിക്കുന്നതിനെ തടയുകയും, ഇറക്കുമതി നിരോധിക്കയും ചെയ്തുകൊണ്ടു് കാർഷികവും വ്യാവസായികവുമായ ഉല്പാദനത്തിനു് പ്രേരണയും അവയ്ക്കു് ഞങ്ങളുടെ രാജ്യത്തിൽ തന്നെയുള്ള വിപണിവികസന സൗകര്യങ്ങളും ഞങ്ങൾ നൽകി. അങ്ങനെ വ്യാപാരം വർദ്ധിച്ചു. അതിനോടുകൂടി കറൻസിയും പ്രചരിച്ചു. നീക്കിബാക്കിയുള്ള ഒരു ബഡ്ജററ് രൂപവൽക്കരിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. ആവശ്യത്തിനു മതിയായ വിദേശനാണ്യസൗകര്യവും ഞങ്ങൾക്കുണ്ടു്. കഴിഞ്ഞ ഒരു കൊല്ലത്തിലധികമായി സാമ്പത്തിക സുസ്ഥിരതയും, വിലനിയന്ത്രണവും ഞങ്ങൾ നേടി. ദുർല്ലഭം ചില സന്ദർഭങ്ങളിൽ ചില സാധനങ്ങളുടെ കാര്യത്തിൽ പോരായ്മകൾ നേരിട്ടിരിക്കാം. എന്നാൽ അവ പെട്ടെന്നു പരിഹരിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്. ഞങ്ങളുടെ സാമ്പത്തികക്ഷേമത്തിനു് സഹായകവും, ജനങ്ങൾക്കു പ്രയോജനപ്രദവുമായ ഞങ്ങളുടെ വ്യവസായങ്ങൾ പുനസ്സംഘടിപ്പിച്ചു് അവയുടെ ഉല്പാദനപ്രാപ്തി പുനരുദ്ധരിച്ചു. ഹ്വവായി നദീപദ്ധതിപോലെയുള്ള വൻജലസേചനസംരംഭങ്ങളിൽ ഞങ്ങൾ പ്രവേശിച്ചു. നിരന്തരമായ ക്ഷാമബാധ നടമാടിക്കൊണ്ടിരുന്ന രണ്ടുകോടി ഏക്കർ പ്രദേശങ്ങൾ എഴുപതു ലക്ഷം ഏക്കറായി കുറയ്ക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞു. കാർഷികസാധനങ്ങളുടെയും വ്യവസായ സാധനങ്ങളുടെയും വിലകൾ തമ്മിലുള്ള അന്തരം ഇന്നും ഞങ്ങളെ നേരിടുന്ന പ്രശ്നമാണു്. എന്നാൽ പെട്ടെന്നു് അതു് പരിഹരിക്കാവുന്ന ഒരു കാര്യമല്ലെങ്കിലും ദ്രുതഗതിയിലുള്ള വ്യവസായ വികസനം കൊണ്ടു് ഞങ്ങൾ ആ ദുസ്ഥിതി പരിഹരിക്കുകതന്നെ ചെയ്യും."

1951-ലെ സന്ദർശകർക്കു ലഭിച്ച ഈ വിവരണം നിശ്ചയമായും അഭിനന്ദനാർഹമായ ഒന്നുതന്നെയായിരുന്നു.

അടിസ്ഥാനപരമായ ആവശ്യം ദേശീയ കറൻസിയിൽ ജനങ്ങളുടെ വിശ്വാസം വീണ്ടെടുക്കുകയും, വിദേശ കറൻസികളും സ്വർണ്ണവും നാണയ വിനിമയാവശ്യത്തിന് ഉപയോഗിക്കുന്നതിനെ നിരോധിക്കയുമായിരുന്നു. പാരിററി ഡിപ്പോസിററു യൂണിററ് നാലു മൗലിക പ്രധാനമായ സാധനങ്ങളെ കറൻസിയുമായി ബന്ധപ്പെടുത്തി. ഈ നാലു സാധനങ്ങളും സംപൂർണ്ണ നിയന്ത്രണനിയമത്തിൽ ആക്കുകയും ചെയ്തിരുന്നു. ഭൂനികുതി ധാന്യമായി സ്വീകരിക്കാനും, നെല്ലോ ചാമയോ കാപോളിയാംഗോ ആയി വേലക്കൂലി നൽകുവാനും ഗവർമെൻറു സന്നദ്ധമായതുകൊണ്ട്, കർഷകർക്കും, തൊഴിലാളികൾക്കും ഭദ്രമായ ഒരു ജീവിതത്തോതിനെപ്പററി വിശ്വാസം ജനിച്ചു. ആ ജീവിത നിലവാരം താണതായിരിക്കാം. ആ ജീവിതത്തോതിൽ നിന്നുള്ള ഏതെങ്കിലുമുയർച്ച വരുമാനത്തെയല്ല, ഉൽപ്പാദനത്തെയാണ് ആശ്രയിച്ചു നിന്നത്. മററുള്ള സാധനങ്ങളുടെ വില ഈ സാധനങ്ങളിലെ സുലഭതയെയും ജനങ്ങളുടെ കയ്യിൽ ഉണ്ടായ മിച്ചത്തെയും ആശ്രയിച്ചിരുന്നു.

രാഷ്ട്രീയകാര്യങ്ങളിലുള്ള സുസ്ഥിരതയും ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുന്നതിൽ ഒരു സുപ്രധാന ഘടകമായിരുന്നു. നാണയപ്പെരുപ്പത്തെ നിയന്ത്രിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടും അതു തുടർന്നു. എന്നാൽ ചൈനാ—സോവിയററ് സഖ്യത്തിന് ഒപ്പു വച്ചശേഷം മാവോ 1950 ഫെബ്രുവരിയിൽ മോസ്കോയിൽ നിന്ന് തിരിച്ചുവന്നത് കറൻസിയുടെ നിലയ്ക്കു പ്രത്യക്ഷമായ ഒരു അന്തരം വരുത്തി. പുതിയ ജനാധിപത്യം കുതിരപ്പുറത്തു് അന്നുമുതൽ ഉറച്ചിരിക്കയാണ്. അതിൻെറ ഭാവിയെ അപകടത്തിലാക്കണമെങ്കിൽ ഇനിയും ഒരു ലോകമഹായുദ്ധത്തിനു മാത്രമേ കഴിയൂ. കൂട്ടിവച്ചിരുന്ന വിദേശകറൻസിയും സ്വർണ്ണവും ജനങ്ങൾ കുറഞ്ഞ വിലയ്ക്കു് പീപ്പിൾസ്ബാങ്കിനു് വിൽക്കേണ്ടി വന്നു. അങ്ങനെ ഗവർമെൻറിൻെറ സാമ്പത്തിക നയം നടപ്പിലാക്കാൻ അധികാരികൾക്കു കഴിഞ്ഞു.

എന്നാൽ വിലക്കയററത്തിൽ ദർശിച്ച മന്ദത താൽക്കാലികമായിരുന്നു. മററു സ്വേച്ഛാധിപത്യരാജ്യങ്ങളെ പോലെതന്നെ ചൈനയും കറൻസി അച്ചടിച്ചു വിട്ടാണ് ജീവിക്കുന്നത്. ഒരു അവികസിത രാജ്യത്തിൻെറ പരിമിത കഴിവിനു് അപ്പുറമായ ബാദ്ധ്യതയാണ് അമ്പതു ലക്ഷത്തിൽ കവിഞ്ഞുള്ള ഒരു സൈന്യത്തെ പരിപാലിക്കുക എന്നത്, ഉള്ള വരവിനങ്ങൾ കൊണ്ട് ധനാഗമമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനുള്ള ദീർഘകാല പദ്ധതികളിൽ ഏർപ്പെടുന്നതും, ഒരു സ്വേച്ഛാധിപത്യത്തിനു വേണ്ടി

വരുന്ന വൻപിച്ച ഭരണച്ചെലവുകളും ബഡ്ജററിലെ * യഥാർത്ഥകണക്കുകൾ ലഭ്യമല്ലെങ്കിലും, വരവിനങ്ങൾ, ഗവർമെൻറിനു നേരിട്ട ഭാരിച്ച ചെലവുകൾ താങ്ങാൻ പര്യാപ്തമായിരുന്നില്ലെന്നുള്ളതു് അവിതർക്കിതമാണു്. കൂടുതൽ കറൻസി പ്രചരിപ്പിച്ചിരുന്നുവെന്നുള്ളതിനു മററു തെളിവുകൾ ഉണ്ടു്. 1950—51-ൽ ഒരു അഭൂതപൂർവമായ വിലക്കയററം നേരിട്ടുവെന്നുള്ളതു് നിശ്ചയമാണു്. കാർഷിക വിഭവങ്ങൾക്കു 13 ശതമാനവും, വ്യവസായോൽപ്പന്നങ്ങൾക്കു് 19 ശതമാനവും മാത്രം വില കൂടിയെന്നേ ഗവർമെൻറു പറയുന്നുള്ളു. എന്നാൽ യാഥാർത്ഥ വിലക്കയററം 40 ശതമാനമാണെന്നു് ഒരുയർന്ന ഉദ്യോഗസ്ഥനും, അല്ല 100 ശതമാനമായിരുന്നു എന്നു് സ്വകാര്യ വ്യവസായികളും പ്രസ്താവിക്കയുണ്ടായി.

---

* 1953 ഫെബ്രുവരിയിൽ പ്രഥമമായി പീക്കിംഗ് ഗവർമെൻറു് നാഷനൽ ബഡ്ജററിൻെറ കണക്കുകൾ പ്രസിദ്ധപ്പെടുത്തി. ധനകാര്യമന്ത്രി പോ-യി—പൊ പറഞ്ഞു ദേശീയവരുമാനം ഏകദേശം 8 ബില്ല്യിയൻ ഡോളർ (8,000,000,000) ആണ്ടിൽ ചെലവു കഴിഞ്ഞുള്ള മിച്ചം 1 ബില്ല്യിയൻ ഡോളറും ആയിരിക്കുമെന്നു്. യഥാർത്ഥത്തിൽ ഈ കണക്കുകൾക്കു് അമേരിക്കൻ ഡോളറുമായി ഒരു ബന്ധവുമില്ല. വിദേശനാണ്യ വിനിമയ നിരക്കു് ഗവർമെൻറു് യഥേഷ്ടം നിശ്ചയിക്കുകയാണു്. ആ നിരക്കിനു്, വില സൂചികയും, വ്യാപാര മിച്ചവുമായി ഒരു ബന്ധവുമില്ല. ഞാൻ ചോദിച്ച ഒരു ചോദ്യത്തിനു് നാൻഹാൻ—ചെൻ മറുപടി പറഞ്ഞതു്, 1937—ലെ വില സൂചികയുടെ ഇരുപത്തയ്യായിരം മടങ്ങു് വർദ്ധിച്ചിട്ടുണ്ടു് ഇപ്പോഴത്തെ സൂചിക എന്നാണു്. കുമിന്താങ്ങു് ഭരണകാലത്തെ ബഡ്ജററും ഇപ്പോഴത്തേതുമായി താരതമ്യം നടത്തുമ്പോൾ ഈ കാര്യം മാത്രം പരിഗണിച്ചാൽ പോരേ? വ്യവസായങ്ങളുടെ ഗണ്യമായ വിഭാഗം ദേശവൽക്കരിക്കപ്പെട്ടുവെന്നതും, ആഭ്യന്തര വ്യാപാരത്തിൽ ഭൂരിഭാഗവും വിദേശവ്യാപാരം മുഴവനും ഗവർമെൻറിൻെറ കുത്തകയാണെന്നുള്ളതും കൂടെ കണക്കിലെടുത്താൽ വ്യത്യാസം മനസ്സിലാകും. പോ-യി—പൊ സമ്മതിച്ച ബഡ്ജററിലെ 50 ശതമാനത്തിൽ കുറവാണു് നികുതിയിനത്തിലുള്ള വരവെന്നു്. ബാക്കി മുഴവൻ സ്റ്റേററുടമയിലുള്ള സംരംഭങ്ങളിൽ നിന്നും, ത്രിവിരുദ്ധം പഞ്ചവിരുദ്ധം മുതലായ പ്രസ്ഥാനങ്ങളിൽക്കൂടെ പിഴിഞ്ഞെടുത്തതിൽ നിന്നുമുള്ള വരവാണു്. 1953—ലെ വരവിൽ 16.51 ശതമാനം മുന്നാണ്ടത്തെ ബാക്കിയും മററിനങ്ങളുമാണെന്നു് ബഡ്ജററിൽ പറയുന്നു "മററിനങ്ങൾ" മിക്കവാറും ഡെഫ്സിററു് ഫിനാൻസിംഗാണെന്നു് അനുമാനിക്കാം.

എല്ലാ കൂലിയും, നിശ്ചിതശമ്പളവും നൽകുന്നതു് നെല്ലി ൻെറയും, ചാമയുടെയും അളവനുസരിച്ചാണു്. പണമായിരിക്കും നൽകുന്നതു്. ശമ്പളം കൊടുക്കുന്ന ദിവസത്തെ ഈ ധാന്യങ്ങളുടെ വിലനിരക്കനുസരിച്ചാണു് പണം കൊടുക്കുക. അതുകൊണ്ടു വിലക്കയററങ്ങൾ ഈ ധാന്യങ്ങളെയല്ല മററു ഉപഭോഗസാധനങ്ങളെ മാത്രമേ ബാധിക്കൂ. ഭക്ഷ്യധാന്യങ്ങളുടെ വിലക്കയററം, കറൻസിയുടെ വില കുറയുന്നുവെന്നുള്ള ലക്ഷണം മാത്രമാണു്. കാരണം ആവശ്യമനുസരിച്ചുള്ള സപ്ളൈയുടെ അനുപാതം നിയന്ത്രിക്കുവാൻ ശ്രമമില്ലെന്നുള്ളതാണു്. ഈ ആവശ്യങ്ങൾക്കു കഴിഞ്ഞുള്ള ക്രയശക്തിയും ഇല്ലെന്നു പറയാം.

"പീപ്പിൾസ് ചൈന" എന്ന പ്രസിദ്ധീകരണം ഈ വാസ്തവത്തിനുള്ള വിശദീകരണം നൽകാനുള്ള ശ്രമത്തിൽ വളവൊന്നും കൂടാതെ തുറന്നു് ചില കാര്യങ്ങൾ എഴുതിയിട്ടുണ്ടു്.

ചില സാധനങ്ങളുടെ വില അല്പം ഉയരാതെ നിർവാഹമില്ലെന്നുള്ള പരിതസ്ഥിതി ആവിർഭവിച്ചതു് ജനസാമാന്യത്തിൻെറ, പ്രത്യേകിച്ചു കർഷകജനതയുടെ ക്രയശക്തി ക്രമമായി വർദ്ധിച്ചുകൊണ്ടിരുന്നതിനോടു് തുല്യമായി അവർക്കു് ആവശ്യമുള്ള സാധനങ്ങളുടെ നിർമ്മാണം അത്രയും തന്നെ സാധിച്ചു കഴിയാത്തതുകൊണ്ടാണു്. സാമ്പത്തിക പുനരുദ്ധാരണയത്നങ്ങളിൽ ദർശിക്കാവുന്നഒരു അനിവാര്യ പ്രത്യേകതയാണതു്. കഴിഞ്ഞ കൊല്ലം ചില സാധനങ്ങളുടെ വിലയിൽ 138 ശതമാനം വർദ്ധനവു കണ്ടതു് ജനങ്ങളുടെ ക്രയശക്തി വർദ്ധിച്ചു എന്നുള്ളതിൻെറ ലക്ഷണമാണു്.

തൊഴിലാളികളുടെ കൂലിനിരക്കു വർദ്ധിച്ചതു് അവരുടെ ക്രയശക്തി വർദ്ധിക്കുന്നതിനു് കാണമായി എന്നു വാദിക്കാം. എന്നാൽ അതുപോലെയുള്ള വർദ്ധനവും ഉൽപ്പാദനത്തിലും അവകാശപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് വിലക്കയററം കൂടാതെ തന്നെ ആവശ്യത്തിനു മതിയായ സാധനങ്ങൾ ഉൽപ്പാദിക്കപ്പെട്ടിട്ടുണ്ടെന്നു് ധരിക്കാം. അതുകൊണ്ടു് ബഡ്ജററിൽ നേരിട്ട കാഷ് കറൻസിക്കുള്ള ആവശ്യമാണു് പണത്തിൻെറ വില കുറയുവാനിടയായതു്. ഡെഫിസിററ്ഫൈനാൻസിംഗിൽ സ്വാഭാവികമായി ദർശിക്കുന്ന ഒരു പ്രത്യേകതയാണിതു്.

ഞാൻ വിശ്വസിക്കുന്നതു് ദേശീയ ബഡ്ജററ് സമീകരിക്കുവാൻ ചൈനായ്ക്കു കഴിയുന്നില്ലെന്നാണു്. ഭാരിച്ച സൈനിക ച്ചെലവുകളും ദേശീയ വ്യവസായ പദ്ധതികൾക്കു വേണ്ടിവരുന്ന വമ്പിച്ച മുതൽമുടക്കും നോട്ടുകൾ അച്ചടിച്ചു വിടുന്ന ലഘുവായ ഒരു ഉപായംകൊണ്ടു് സാധിക്കുകയാണു്. ജനങ്ങളുടെ ജീവിതത്തിൽ കർശനമായ നിയന്ത്രണം പാലിക്കുന്നിടത്തോളം ആ നയം സാദ്ധ്യമാണു്. സാധനങ്ങളുടെ വിലയിലോ, മറേറതെങ്കിലും

ഘടകത്തെയോ ആസ്പദമാക്കിയല്ല കറൻസി നിയന്ത്രിക്കുന്നത്. സ്റ്റേററിൻെറ ശാസനപ്പത്രങ്ങൾ മാത്രമാണ് കറൻസിയുടെ അടിസ്ഥാനം.

വിലയുടെ സമീകരണം കൂടാതെ ജനങ്ങളുടെ കയ്യിലെ കറൻസി നിയന്ത്രിക്കുന്നതിന് സംഭാവനകൾ ഗവർമെൻറ് ആവശ്യപ്പെടാറുണ്ട്. ഈ സംഭാവനകൾ നിർബ്ബന്ധമൊന്നുമില്ലാതെ സ്വേച്ഛാനുസരണം നൽകുന്നതാണെന്നേ പേരേ ഉള്ളു. കഴിഞ്ഞ മൂന്നു കൊല്ലങ്ങൾക്കുള്ളിൽ മൂന്നു പ്രാവശ്യം ഇങ്ങനെയുള്ള സംഭാവന പ്രസ്ഥാനം ഗവർമെൻറു നടത്തി. ആദ്യത്തേതു് പത്തു കോടി ഡോളർ ബോണ്ടുകളായിരുന്നു. പിന്നീടു വന്നതു് കൊറിയാ സഹായക അമേരിക്കൻ പ്രതിരോധക ഫണ്ടാണ്. യുദ്ധവികാസനഫണ്ടിനോടു ചേർത്താണ് ഈ സംഭാവനാസംരംഭം നടത്തിയതു്. അവസാനത്തേതു് 1952 ആരംഭത്തിൽ പുറപ്പെടുവിച്ച സാൻഫാൻ പൃഥാൻ ഫണ്ടാണ്. ഈ സംരംഭങ്ങൾ മൂന്നിലും വിപുലമായ സംഖ്യകൾ ജനങ്ങളെ ഞെക്കി ഞെരുക്കി പിരിച്ചെടുത്തു. ഇങ്ങനെ ആ പണം പോയില്ലെങ്കിൽ വിപണികളിൽ അതു ചെന്നു് ചേരുമായിരുന്നു. പ്രായോഗികമായ പ്രയോജനം കൂടാതെ സാമ്പത്തികമായ ഒരാവശ്യം കൂടെയായിരുന്നു ഇതു്.

എൻെറ രണ്ടാം സന്ദർശനത്തിൽ ഞാൻ നാൻഫാൻചെന്നിനെ വീണ്ടും കണ്ടു. പതിവുപോലെ എൻെറ ചോദ്യങ്ങൾ അദ്ദേഹത്തിനു് മുമ്പുകൂട്ടി എഴുതി അയച്ചിരുന്നു. പല ദിവസങ്ങൾ കഴിഞ്ഞു് അദ്ദേഹത്തിൻെറ മറുപടികൾ കേൾക്കാൻ ഞാൻ വിളിക്കപ്പെട്ടു. അദ്ദേഹം ഇപ്രകാരം പറഞ്ഞു, "ഞങ്ങളുടെ വരുമാനങ്ങൾ പ്രധാനമായി താഴെപ്പറയുന്ന ഇനങ്ങളിലാണ്. 1) സാധനങ്ങളിന്മേലുള്ള നികുതി (കമ്മോഡിററി നികുതി), ബിസ്സിനസ് ടേണോവർ നികുതി, ആദായ നികുതി, വില്പനനികുതി. 2) സ്റ്റേററു് നടത്തുന്ന വ്യവസായങ്ങൾ. 3) ഭൂനികുതി. ഭൂനികുതിയല്ല വരുമാന ഇനത്തിൽ ഏററവും പ്രധാനമായതു്. ഞങ്ങളുടെ ബഡ്ജററു് ഞങ്ങൾ സമീകരിച്ചു് ഈയാണ്ടിൽ ഒരു മിച്ചം തന്നെ ഞങ്ങൾ പ്രതീക്ഷിക്കുന്നു. രാജ്യത്തുതന്നെ ഞങ്ങൾക്കു മതിയായ മിച്ചത്തുകകൾ ഉണ്ടു്. ഞങ്ങളുടെ ഡവലപ്മെൻറു പദ്ധതികൾക്കു ഞങ്ങളുടെ വരുമാനങ്ങളിൽ നിന്നാണു മുടക്കുന്നതു്. കേന്ദ്രഗവർമ്മെൻറു രാജ്യത്തെ സാമ്പത്തിക സ്ഥിതി കർശനമായി നിയന്ത്രിക്കുന്നു. മുൻകൂട്ടി ക്രമീകരിക്കുന്ന പദ്ധതികൾ അനുസരിച്ചു് റവന്യൂ വിഹിതം ഓരോ സംസ്ഥാനത്തിനും നൽകുന്നു. നാണയപ്പെരുപ്പം എന്നൊന്നു് ഇവിടെ ഇല്ല. തുറന്ന മാർക്കററിൽ വരുന്ന സപ്ലൈയും ആവശ്യവും അനുസരിച്ചു് വിലകൾ നിർണ്ണയിക്കപ്പെടും. ഗവർമ്മെൻറുതന്നെ സ്റ്റോക്കുചെയ്തിരിക്കുന്ന സാധ

നങ്ങൾ വിപണികളിൽകൊണ്ടുവന്നു വില ഒരു പരിധിക്കുള്ളിൽ നിറുത്തുവാൻ ശ്രമിക്കുമെന്നുള്ളതു് വാസ്തവമാണു്. ഉപഭോക്താവിൻെറയും ഉൽപാദകൻെറയും താല്പര്യങ്ങൾക്കു് ആവശ്യമാണു്. കാർഷികവും വ്യാവസായികവുമായ ഉൽപാദനത്തിലുള്ള അന്തരം വിലനിയന്ത്രണത്തിനുള്ള ആവശ്യം സൃഷ്ടിക്കുന്നില്ല. ചൈനായുടെ കറൻസി ഏതെങ്കിലും സാധനങ്ങളുടെ വിലയേയോ, പി. ഡി. യു. യിൽ ഉൾപ്പെട്ടതായിട്ടുള്ള സാധനങ്ങളുടെ പോലും വിലയേയോ ആശ്രയിച്ചല്ല നിൽക്കുന്നതു്. യഥാർത്ഥത്തിൽ ഞങ്ങളുടെ സ്റ്റോക്കിലുള്ള സാധനങ്ങൾ പ്രചാരത്തിലിരിക്കുന്ന കറൻസിയുടെ മൂന്നിരട്ടിയുണ്ടു്.

എൻെറ സന്ദർശനം ഒരു മണിക്കൂറിലധികം നീണ്ടുനിന്നു. ഞാൻ രേഖാമൂലം അയച്ച ചോദ്യങ്ങൾ മാത്രം ഞങ്ങളുടെ സംഭാഷണത്തിൽ പരാമർശിക്കുവാൻനിഷ്കർഷിച്ചിരുന്നു.നാൻ ഹാൻ-ഹെൻ ഇവിടെ ഒരു വിലക്കയററം നേരിട്ടുവെന്ന വസ്തുത നിഷേധിക്കുവാൻ ദൃഢനിശ്ചയം ചെയ്തിരുന്നു. അതുപോലെതന്നെ ഗവണ്മെൻറു് ആവശ്യം പോലെ കറൻസി അച്ചടിച്ചു പ്രചരിപ്പിച്ചുവെന്നോ, ജനങ്ങളുടെ കയ്യിലുണ്ടായിരുന്ന ക്രീണശക്തികൾ പിൻവലിക്കുന്നതിനു് നിർബന്ധപൂർവമായ സംഭാവനകൾ പിരിച്ചെടുത്തുവെന്നോ അദ്ദേഹം സമ്മതിച്ചില്ല. കഴിഞ്ഞകൊല്ലത്തിൽ കർശനമായ വിലനിയന്ത്രണമുണ്ടായിരുന്നെങ്കിലും ഇപ്പോൾ അതില്ലെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. എന്നാൽ എൻെറ സന്ദർശനവേളയിൽ അദ്ദേഹം ചെയ്ത പ്രസ്താവനകൾ നിശ്ചിതമായ ഒരു വില നയം ഗവർമെൻറിനുണ്ടെന്നും, ജനങ്ങളുടെ ആകെ ഉൽപാദനമായ ദേശീയ വരുമാനത്തിൻെറ മൂന്നിൽ രണ്ടുഭാഗവും ഗവർമെൻറിനു് പിടിച്ചെടുക്കുവാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തി. ഉയർന്ന വിലനിരക്കും; താണ നിലയിലുള്ള ജീവസന്ധാരണത്തിനുമാത്രം ജനങ്ങളുടെ കയ്യിൽ ക്രീണശക്തി അനുവദിക്കുന്ന രീതിയുംകൊണ്ടാണു് ഗവർമെൻറതു സാധിച്ചതു്. ജീവിതച്ചെലവുമായി കറൻസിക്കു വളരെ കുറഞ്ഞ ബന്ധമേ ഉണ്ടായിരുന്നുയെന്നുള്ളതും പ്രത്യക്ഷമായിരുന്നു. പണം സ്റ്റേററിൻെറ ബലമാണു്. സ്റ്റേററിൻെറ ഉദ്ദേശങ്ങൾ സാധിക്കത്തക്കവണ്ണം അതച്ചടിച്ചുവിട്ടു ആ പണത്തിനു് വളരെ താണ വിലയ ഉണ്ടായിരുന്നുള്ളു.

# 8

# ചൈനായുടെ സമ്പദ്‌വ്യവസ്ഥിതി

ചൈനായുടെ സാമ്പത്തിക വ്യവസ്ഥിതി അഞ്ചുഭാഗങ്ങളായി വിഭജിക്കാമെന്നും, അതിന്റെ പ്രകൃതി സോഷ്യലിസ്റ്റത്തിനനുയോജ്യമാണെന്നും, സ്റ്റേററിന്റെ നേതൃത്വമാണിതിനുള്ളതെന്നും പ്രധാനമന്ത്രി ചൗ എൻ-ലായി അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്റ്റേററിന്റെ കർത്തവ്യം അവയുടെ പ്രത്യേക പ്രവർത്തന രംഗങ്ങളിൽ, അസംസ്കൃത സാധനങ്ങളുടെ സുലഭത, മാർക്കററിംഗ്, തൊഴിലാളിനില, സാങ്കേതിക സാമഗ്രികൾ, പൊതുവായും സാമാന്യമായുമുള്ള ധനനില സംബന്ധിച്ചുള്ള നയങ്ങൾ എന്നിവ സംയോജിപ്പിക്കുകയും, ക്രമപ്പെടുത്തുകയും ചെയ്യുകയെന്നതാണ്.

അഞ്ചു വിഭാഗങ്ങൾ താഴെപ്പറയുന്നവയാണ്. വ്യക്തിപരമായ സാമ്പത്തികപ്രവർത്തനം ഇതിൽ കുടുംബ കൃഷിസ്ഥലങ്ങളും എല്ലാ കൈത്തറി വ്യവസായങ്ങളും ഉൾപ്പെടുന്നു. സ്വകാര്യ മുതലുടമ സംരംഭങ്ങൾ, സ്റ്റേററിന്റേയും, സ്വകാര്യ ഉടമകളുടേയും മുതൽ മുടക്കിയുള്ള സ്റ്റേററു് മുതലുടമ സംരംഭങ്ങൾ; സഹകരണാടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾ; ദേശവൽക്കരിക്കപ്പെട്ടപദ്ധതികൾ. അവസാനത്തെ ഭാഗത്തിൽ മുമ്പ് വിദേശികളുടെ ഉടമയിൽ സ്ഥിതിചെയ്തിരുന്ന സംരംഭങ്ങളും ഉൾപ്പെടുന്നു. ഉദാഹരണമായി ചൈനായിൽനിന്നു് ഓടിക്കപ്പെട്ട ജപ്പാൻകാരുടെ പലവ്യവസായങ്ങളും ഇപ്പോൾ ദേശവൽകരിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ ഏകദേശം 80 ശതമാനം ഘനവ്യവസായങ്ങളും, 30 ശതമാനം ചെറുവ്യവസായങ്ങളും ദേശവൽകരിക്കപ്പെട്ടുകഴിഞ്ഞിരിക്കയാണ്.

സ്വകാര്യ കാർഷിക സംരംഭങ്ങളുടെയും വ്യവസായങ്ങളുടെയും സഹവർത്തിത്വം, പഴയ ഫ്യൂഡൽ സമ്പ്രദായത്തിലുള്ള ചൈനാ കറ തീർന്ന സോഷ്യലിസത്തിലേക്കു പരിവർത്തനം ചെയ്യുന്നതിടയ്ക്കുള്ള ഒരിടക്കാല വ്യവസ്ഥയായി അംഗീകരിക്കപ്പെട്ടിരിക്കയാണ്. "നൃഡെമോക്രസി" യിൽ മാവൊ ഇങ്ങനെ എഴുതിയിരുന്നു. "പ്രഥമ ഘട്ടം പുതിയ ജനാധിപത്യമാണ്; രണ്ടാമത്തേതു് സോഷ്യലിസം. എന്നാൽ ഒന്നാമത്തെ ഘട്ടത്തിന്റെ കാലാവധി വളരെ നീണ്ടുനിന്നേക്കാം". നവീന ജനാധിപത്യ വിപ്ലവത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വഭാവത്തെ വിവരിച്ചുകൊണ്ടു് അദ്ദേഹം എഴുതിയതു് ഇങ്ങനെയാണ്.

സാമ്പത്തികമായി എല്ലാ മുതലാളി താല്പര്യങ്ങളെയും സാമ്രാജ്യദുർമ്മോഹങ്ങളുടേയും രാജ്യദ്രോഹികളുടെയും പിന്തിരിപ്പന്മാരുടെയും വിപുല സംരംഭങ്ങളെയും ദേശവൽകരിക്കുന്നതിനുദ്യമിക്കുന്നു. വലിയ എസ്റ്റേറ്റുകൾ വിഭജിച്ചു ചെറു കർഷകർക്കു വീതിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നു. അതേ സമയം ധനികരായ കർഷകരുടെ സമ്പദ്‌വ്യവസ്ഥിതി നിർമ്മാർജ്ജനം ചെയ്യാൻ ശ്രമിക്കാതെ ഇടത്തരക്കാരെയും, ചെറിയ സ്വകാര്യ വ്യവസായികളെയും സഹായിക്കും. ഒരുവിധത്തിൽ പുതിയ ജനാധിപത്യം മുതലാളിത്തത്തിനുള്ള മാർഗ്ഗം തെളിക്കുകയാണെങ്കിലും മറ്റൊരു വിധത്തിൽ സോഷ്യലിസത്തിനുവേണ്ടിയുള്ള ഒരു മുൻനടപ്പു സൃഷ്ടിക്കയാണതു് ചെയ്യുന്നതു്.

ഒരു സന്ദർശകനു് ചൈനാ ഒരു സമ്മിശ്ര സാമ്പത്തികവ്യവസ്ഥിതിയെയാണു് പ്രദർശിപ്പിച്ചു കാണിക്കുന്നതു്. വിസ്തൃതമായ ഭാഗങ്ങൾ ഇന്നും ആകർഷണീയമായ ലാഭം എടുക്കാൻ അനുവദിക്കപ്പെടുന്ന സ്വകാര്യ ഉടമകളുടെ അധീനതയിലാണു്. ഒരു സ്വകാര്യ മുതലാളിക്കു് 15 ശതമാനം ലാഭമെടുക്കാൻ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നാണു് പറയപ്പെടുന്നതു്. ജോയിൻറു സ്റ്റോക്കു കമ്പിനികൾക്കു് 8 ശതമാനംവരെ ആദായവീതം പ്രഖ്യാപിക്കുവാൻ അനുവാദമുണ്ടു്. ഇതുകൂടാതെ ലാഭത്തിൻെറ 10ശതമാനം കരുതൽ ധനമായി മുതൽ കൂട്ടാനും നിയമം അനുവദിക്കുന്നു. പിന്നെയുള്ളതിൻെറ 60ശതമാനം ഓഹരിയുടമസ്ഥർക്കു ബോണസ്സായി നൽകാം. അതിൻെറ 15ശതമാനം തൊഴിലാളിക്ഷേമത്തിനു വിനിയോഗിക്കണം. ഫെംഗിയുവാൻ ടെക്സ്റ്റൈൽ മില്ലിൻെറ ഉദാഹരണം ചൂണ്ടിക്കാണിക്കപ്പെട്ടു. വിമോചനത്തിനു മുമ്പു് പണമില്ലാതെ വലിയ നഷ്ടം നേരിട്ടുകൊണ്ടിരുന്ന ആ കമ്പിനി ഇപ്പോൾ ലാഭകരമായി നടത്തപ്പെടുന്ന ഒരു വ്യവസായമാണു്.

നേരെമറിച്ചു് ചൈനായിലുള്ള ബ്രിട്ടീഷ് വ്യവസായികൾ പറയുന്നതു്, വ്യവസായത്തിനു യാതൊരു ലാഭവും ലഭിക്കയില്ലെന്നാണു്. ടെക്സ്റ്റൈൽമില്ലുകൾ പോലും തുണികൾക്കു് നല്ല വില കിട്ടിയിട്ടും കഷ്ടിച്ചു നടന്നുപോകുന്നുവെന്നേയുള്ളുവെന്നാണു് അവർ പറയുന്നതു്. നെയ്ത്തുകൂലി മാത്രം മില്ലുകൾക്കനുവദിച്ച ശേഷം, തുണിയുടെ വിൽപ്പനലാഭം മുഴുവൻ ഗവർമ്മെൻറു് എടുക്കുന്നതുകൊണ്ടാണതു്. നേരിട്ടു് വിൽപ്പന നടത്തുവാൻ അനുവദിക്കപ്പെടുന്ന മില്ലുകളിൽനിന്നു വ്യാപാരികൾ തുച്ഛമായിട്ടേ വാങ്ങു. അങ്ങനെ സ്റ്റോക്കു വർദ്ധിച്ചു കെട്ടിക്കിടക്കും. സ്വകാര്യ വ്യാപാരിയുടെ വിപണിയേ നഷ്ടപ്പെട്ടിരിക്കുകയാണു്. വ്യാപാരം ഗവർമ്മെൻറിൻെറയോ സഹകരണസംഘങ്ങളുടെയോ കയ്യിൽ ചെന്നുചേർന്നിരിക്കുന്നു. ഞാൻ സന്ദർശിച്ച എല്ലാ നഗരങ്ങ

ളിലും ഗവർമ്മെൻറുവകയായുള്ള ഡിപ്പാർട്ടമെൻറൽ സ്റ്റോറുക ളിൽ ആളുകളുടെ തിരക്കുകണ്ടു. അതേ സമയം മററു ഷോപ്പുകൾ വിജനമായിക്കിടന്നു. ഷോപ്പുകളിലെ വിലകൾ കുറിപ്പെട്ടു ത്തിയിരുന്നു. എന്നാൽ അതേ സാധനംതന്നെ വാങ്ങുന്നവരുടെ വീട്ടുകളിൽ കുറഞ്ഞവിലയ്ക്കു് എത്തിച്ചുകൊടുക്കാൻ ഷോപ്പുടമസ്ഥ ന്മാർ സന്നദ്ധരായിരുന്നു.

ഹെർഗിയവാൻമിൽസ് അതിൻെറ കരുതൽധനത്തിൽ നിന്നു സിയാനിൽ ഒരു മിൽ തുറക്കുവാൻ നിശ്ചയിച്ചിരുന്നു. ഒരു കെട്ടിടം അതിനുവേണ്ടി പണിതു. ആവശ്യമായ യന്ത്രസാമ ഗ്രികളും വാങ്ങി. എന്നാൽ സിയാനിൽ മിൽ നടത്താൻ വേണ്ടിയ സാങ്കേതികജ്ഞാനമുള്ളവരെയൊ ജോലിക്കാരെയോ കിട്ടാൻ സാദ്ധ്യമായിരുന്നില്ല. കടൽത്തീരങ്ങളിലെ വ്യവസായ മേഖലയിൽനിന്നു ജോലിക്കാരെ കൊണ്ടുവന്നാൽ അവക്കു കൂടിയ നിരക്കിലുള്ള ശമ്പളം കൊടുക്കണം. അതുകൊണ്ടു് മിസ്റ്റർ ചി യെൻഷി—ചിംഗ് ഗവർമ്മെൻറിൻെറ എക്കണോമിക് ആൻഡ് ഫിനാൻസ്കമ്മീഷനെ കണ്ടു് അദ്ദേഹത്തിൻെറ വൈഷമ്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. കമ്മീഷൻ തീരുമാനി ച്ചതു് സിയാൻപ്ലാൻറു് ഏറെറടുക്കാനായിരുന്നു.

ഇതു് ഭൂപരിഷ്ക്കാരത്തിൻെറ നേരിട്ടുള്ള ഒരു ഫലമായി രുന്നു. ചെറിയ കർഷകൻ അവൻെറ ഭൂമിയുമുപേക്ഷിച്ചു് ഒരു കൂലിക്കാരനായി പോകാൻ ഇഷ്ടപ്പെട്ടില്ല. എന്നാൽ സമുദ്രതീര ങ്ങളിലെ സ്ഥിതി അതല്ലായിരുന്നു. അവിടെ ശരാശരി ഭൂഉടമ യുടെ വിസ്തീർണ്ണം 1.7 മൌ മാത്രമായിരുന്നു. അതുകൊണ്ടു് തൊഴിലില്ലായ്മയുടെ ഒരു നിരന്തരഭീതി അവിടെ തുടർന്നു.

ഈ സമയംകൊണ്ടു് ഗവർമ്മെൻറിൻെറ വ്യാപാരം വിക സിപ്പിച്ചുവന്നു. കയററുമതിയുടെയും ഇറക്കുമതിയുടെയും ഭൂരി ഭാഗവും ഗവർമ്മെൻറു നേരിട്ടുനടത്തി. മൊത്തവ്യാപാരത്തിൻെറ 40മുതൽ 100 ശതമാനംവരെ ഭക്ഷ്യധാന്യങ്ങളും, കൽക്കരിയും പഞ്ഞിയും, ഉപ്പും, പഞ്ചസാരയും, ഇരുമ്പും, ഉരുക്കും, തടിയുമായി രുന്നു. സിമൻറു ഗവർമ്മെൻറുവക ട്രേഡിംഗ്കമ്പിനികളുടെ കുത്തകയായിരുന്നു. റിട്ടെയിൽവ്യാപാരത്തിൻെറ 30 ശതമാനവും ഗവർമ്മെൻറിൻെറയോ സഹകരണസംഘങ്ങളുടെയോ കയ്യിലാ യിരുന്നു. മിക്ക വൻവ്യവസായശാലകളും അവരുടെ ഉൽപ്പന്ന ങ്ങൾ മുഴവൻ ഗവർമ്മെൻറിനു വിൽക്കുമെന്നുള്ള ദീർഘകാല കരാറിൽ പ്രവേശിച്ചിരുന്നു.

ചൈനീസ് സമ്പദ് വ്യവസ്ഥിതി സമ്മിശ്രമായ ഒന്നല്ല. സ്റ്റേറു ക്രമീകരിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു വ്യവ സ്ഥയാണതു്. സ്വകാര്യഉടമയിലുള്ള സംരംഭങ്ങളെ മർമ്മസ്ഥാ നങ്ങളിൽ നിയന്ത്രിച്ചു് സ്റ്റേററിൻെറ ഉദ്ദേശങ്ങൾക്കു കീഴ്പ്പെട്ട

ത്തുകയാണ് സ്റ്റേററു ചെയ്യുന്നതു്. ഉൽപ്പാദനവും, അസംസ്കൃത വിഭവങ്ങളും വിഭജിക്കുന്നതിലും, പണമായും ക്രെഡിററായുമുള്ള ഉടമയുടെ നിയന്ത്രണത്തിലും, വ്യവസായവ്യാപാരനികുതികളിലും, ലാഭവീതങ്ങളുടെ ക്രമീകരണത്തിലും കൂടെ സ്വകാര്യ സംരംഭങ്ങളെയെല്ലാം സ്റ്റേററുപ്രസ്ഥാനങ്ങളുടെ പോഷകഘടകങ്ങളായൊ, അവരുടെ കൺട്രാക്ടർമാരായൊ മാററിക്കഴിഞ്ഞു. മൊത്തമായി സാധനങ്ങൾ വാങ്ങുകയും, സ്റ്റേററു റിട്ടെയിൽ വ്യാപാരസ്ഥാപനങ്ങൾ വഴിയായി വിൽക്കുകയും ചെയ്യുന്നതു മൂലം ഗവർമ്മെൻറിനു് "വിലയുടെ നേതൃത്വം" ലഭിക്കയും, അങ്ങനെ യഥേഷ്ടം വില നിശ്ചയിക്കാനുള്ള സൗകര്യം കിട്ടുകയുമാണു ചെയ്യുന്നതു്.

അങ്ങനെ സ്വകാര്യവ്യാപാരമണ്ഡലം ചുരുങ്ങിക്കഴിഞ്ഞു. പൊതുവായ പരിപാടിയിലെ 31—ാംവകുപ്പ് ഈ സംഭവവികാസം ഇങ്ങനെതന്നെ വരണമെന്നു നിശ്ചയിക്കപ്പെട്ടിരുന്നതായി കാണിക്കുന്നു. "സാദ്ധ്യമാകുമ്പോഴും ആവശ്യമുള്ളപ്പോഴും സ്റ്റേററുമുതലാളിത്തത്തിലേക്കു നയിക്കുന്നവിധത്തിൽ സ്വകാര്യമുതൽമുടക്ക് പ്രോത്സാഹിപ്പിക്കണം. സ്റ്റേററുടമയിലുള്ള സംരംഭങ്ങൾക്കുവേണ്ടി മതുക്കിക്കൊണ്ടുവരുകയും സ്റ്റേററുടമയിലുള്ള വിഭവങ്ങളെ സൗജന്യങ്ങളെന്ന വിധത്തിൽ ചൂഷണം ചെയ്യുകയുംചെയ്യുന്ന മാർഗ്ഗങ്ങളിൽക്കൂടെ അതു സാധിക്കണം."

സ്വകാര്യബിസ്സിനസ്സുകാരുടെ നേക്കു നൽകിയ ഏററവും വലിയ പ്രഹരം സാൻഫാൻവുഫാൻ പ്രസ്ഥാനങ്ങൾ ആയിരുന്നു. കേവലം തുച്ഛമായിരുന്ന അവരുടെ മിച്ചങ്ങളുടെമേൽ ഭാരിച്ച പിഴകൾ കെട്ടിവയ്ക്കുകയായിരുന്നു ആ സംരംഭം. വേണ്ട ക്രെഡിററുസൗകര്യങ്ങൾ കൂടാതെയും, ബിസ്സിനസ്സു ഭാവി കാണാതെയും അവർ ചെറിയ വ്യാപാരങ്ങളിലേക്കു പ്രവേശിക്കുകയാണു്. ചൈനായിൽ അങ്ങോളമിങ്ങോളം കാണുന്ന പ്രൈവററു ബിസ്സിനസ്സിൻെറ വികസനം എന്നപേരിൽ ഗവർമ്മെൻറു പ്രസിദ്ധപ്പെടുത്തുന്ന കണക്കിൽനിന്നു് ഈ പരിവർത്തനം മനസ്സിലാക്കാം. ദേശീയബൂർഷ്വാകളെ മാവോ സെ-തുംഗ് വിളിക്കുന്നതു് അവശേഷിച്ചിരിക്കുന്ന പിന്തിരിപ്പൻവകുപ്പുകാരെന്നാണു്. സോഷ്യലിസം പ്രാപിക്കുന്നതിനുള്ള അവസരം വരുമ്പോൾ ഇവക്കു വേണ്ട അഭ്യസനവും പരിശീലനങ്ങളും ജനകീയ സൈന്യങ്ങളുടെയും, പോലീസിൻെറയും, കോടതികളുടെയും സഹായത്തോടുകൂടി നൽകി അവരെക്കൂടെ അതിൽ സംയോജിപ്പിക്കുമെന്നാണു് അദ്ദേഹം പ്രതീക്ഷിക്കുന്നതു്. കമ്യൂണിസത്തിൻെറ യുക്തിപൂർവ്വമായ നിഗമനങ്ങൾ "വിമോചനത്തിനു" ശേഷം രണ്ടുകൊല്ലങ്ങൾക്കകം ബൂർഷ്വാകളെ എല്ലാം നിശ്ശേഷമാക്കുന്ന ആവശ്യത്തിലേക്കു മാവോയെ നയിച്ചു. മാവോയുടെ

സാമ്പത്തികനയം പരിവത്തനദശയിലേക്ക മാറിയിരിക്കയാണു്.

ജനങ്ങളുടെ ജീവിതനിലവാരം ഉയത്താൻ ചൈനാ ഒരു പഞ്ചവൽസരപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഘനവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും, കൃഷി യന്ത്രവൽക്കരിക്കപ്പെടുകയും ചെയ്യുമെന്നാണ് പറയപ്പെടുന്നതു്. എന്നാൽ ഞാൻ കണ്ട ചുരുക്കം ചില കാര്യങ്ങളിൽനിന്നു് ഞാൻ അനുമാനിക്കുന്നതു് ഈ ലക്ഷ്യസാദ്ധ്യത്തിന്ന വേണ്ട സാങ്കേതികവിഭവങ്ങളോ ഗണ്യമായ വിദേശസഹായമില്ലാതെ അതിന്നു മുടക്കാൻ പണമോ ചൈനായിക്കില്ലെന്നുള്ളതാണ്. ജനങ്ങളുടെ ജീവിതത്തോതു് ഇപ്പോൾ ഭൂരിഭാഗവും കഷ്ടിച്ചു ജീവസന്ധാരണത്തിനുപോലും നിവൃത്തിയില്ലാത്ത നിലയിൽ നിന്നു് സാമാന്യനിലയെങ്കിലും പ്രാപിക്കുകയാണ് ചൈനായുടെ പ്രശ്നം. അതേസമയം ജനങ്ങൾക്ക തൊഴിലുണ്ടാക്കിക്കൊടുക്കുകയും, മുതൽമുടക്കും വ്യവസായങ്ങൾ നടത്താനുള്ള അറിവും, എല്ലാററിനുമുപരിയായി ഇനിയും ത്യാഗങ്ങൾ സഹിക്കാനുള്ള സന്നദ്ധത ജനങ്ങളിൽ സൃഷ്ടിക്കുകയും ചെയ്യേണ്ടതു് ചൈനയുടെ ആവശ്യമാണ്. ഒരു സ്വേച്ഛാധിപത്യത്തിന്നു ജനങ്ങളുടെമേൽ ദുർവ്വഹമായ ഭാരങ്ങൾ കെട്ടിവയ്ക്കാൻ കഴിവുണ്ടായിരിക്കാം. എങ്കിലും അവരുടെ നിത്യജീവിതത്തിൽ ഏതാണ്ടെല്ലാം ചില പ്രയോജനങ്ങൾ, ന്യായമായ ചില അഭിവൃദ്ധി, അവരുടെ ജീവിതനിലവാരത്തിൽ വരുത്താനുമുള്ള ഉറപ്പു് ആ സ്വേച്ഛാധിപത്യം നൽകിയേ തീരൂ. അതുകൊണ്ടു് അത്ഭുതകരമായ പല നേട്ടങ്ങളെയും പററിയുള്ള പ്രഖ്യാപനങ്ങൾ ജനങ്ങൾ കേട്ടുകൊണ്ടിരിക്കും. അതിൻെറ കൂടെ ആഭ്യന്തരമായ കഷ്ടപ്പാടുകളിൽനിന്നു ശ്രദ്ധ മാററുവാൻ ഒരു ശത്രുവിനെ സൃഷ്ടിക്കേണ്ടതും ഗവർമ്മെൻറിനു് ആവശ്യമായി. സ്വതന്ത്രമായ ഒരു ജനതയ്ക്കേ വത്തമാനകാലത്തെ ത്യാഗങ്ങൾ സ്വതന്ത്രമായി വഹിക്കുവാൻ കഴിയൂ. പൂർണ്ണസഹകരണത്തോടുകൂടി ഭാവി പടുത്തുയർത്തുവാൻ അവർക്കേ സാധിക്കൂ.

ഏഷ്യയിലെ അവികസിതരാജ്യങ്ങളിൽ സ്റ്റേററിനു് ജനങ്ങളെ, നല്ലനാളെയ്ക്കുവേണ്ടി ഇപ്പോൾ കൂടുതൽ ത്യാഗങ്ങൾ സഹിക്കുന്നതിനു് നിർബന്ധിക്കുവാൻ കഴിഞ്ഞിട്ടില്ല. അവരവരുടെ ജനങ്ങളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുവാൻ ഈ രാജ്യങ്ങളെല്ലാം തങ്ങളുടെ കഴിവനുസരിച്ചുള്ള വിഭവങ്ങൾ ശേഖരിക്കുകയും, സമാധാനത്തിലും സൗഹാർദ്ദത്തിലും പരസ്പരം സഹകരിച്ചു പ്രവത്തിക്കാൻ തയാറാകുകയും ചെയ്യാതെ, എന്തെങ്കിലും പുരോഗതിയോ സാമാന്യജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയോ സാദ്ധ്യമായി വരുന്നതല്ല. ഏഷ്യൻരാജ്യങ്ങൾക്കു് അടിയന്തര

മായ വിദേശസഹായം ആവശ്യമുണ്ട്. കയ്യിൽ മിച്ചമൊ ആവശ്യത്തിനുള്ള യന്ത്രസാമഗ്രികളൊ അവക്കില്ല.

കമ്യൂണിസ്റ്റുചൈനാ മറെറാരു മാർഗ്ഗത്തിൽ ചരിക്കുവാനാണ് തീരുമാനിച്ചതു്. തൽക്കാലം സ്വേച്ഛാധിപത്യത്തിന്ന്, വിപുലമായ ഭരണകൂടം നടത്തിക്കൊണ്ടുപോകാം. ബഹളമായ ഒരു സൈന്യത്തെ പോററാനും, തകർന്നുതരിപ്പണമായ സാമ്പത്തികസ്ഥിതി കുറെയെല്ലാം പരിഹരിക്കാനും ഡഫിസിററു് ഫൈനാൻസിംഗിൻെറ ഭാരങ്ങൾ കെട്ടിവച്ചുകൊണ്ടും ജനങ്ങളുടെ കഴിവിനപ്പുറമായ നികുതികൾ ഈടാക്കിയും അത്യാവശ്യമായ പണം ശേഖരിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ കുറഞ്ഞകൂലിക്കു കിട്ടുന്ന തൊഴിലാളിപ്പടയെക്കൊണ്ടു് ഹുവായിലെ മണ്ണുപണികൾ മാത്രം നടത്താനെ കഴിയൂ. ഭൂമിക്കുവേണ്ടിയുള്ള ജനങ്ങളുടെ തൃഷ്ണകുറയ്ക്കുവാനൊ സംഭ്രമത്തോടുകൂടി തങ്ങളുടെ കൊച്ചു കൃഷിസ്ഥലങ്ങൾ നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കുന്ന ഒരു കർഷകജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനോ തൊഴിലിനും, വ്യവസായാഭിവൃദ്ധിക്കും ആവശ്യമായ വകകൾ ഉണ്ടാക്കുവാനോ അവക്കു കഴിയുന്നതല്ല.

കർഷകജനതയുടെ വർദ്ധിച്ചുവരുന്ന സംശയങ്ങളെ നേരിടുവാൻ സമർത്ഥമായ പ്രചരണവിദ്യകളെല്ലാം ചൈന പ്രയോഗിക്കുന്നുണ്ടു്. അമേരിക്കയാണ് ചൈനായുടെ പുതിയശത്രു. പ്രശാന്തരും സൗമ്യരുമായ ഒരു ജനതയുടെ വെറുപ്പും വിരോധവും ഇളക്കിവിട്ടും ആളിക്കത്തിയും അവരുടെ ശ്രദ്ധയെ തിരിച്ചുവിടുകയാണ്. എന്നാൽ കൊറിയായിൽ നടക്കുന്ന യുദ്ധം ചൈനായെ ക്ഷീണിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. ജനങ്ങളുടെ ശ്രദ്ധമാററാൻ ഒരു പുതിയ പ്രസ്ഥാനം അഴിച്ചുവിടാനുള്ള സാദ്ധ്യത കാണുന്നുണ്ടു്. വ്യക്തിഗതത്തിനെതിരായും, സമാധാനവും സൗഭാഗ്യവും തേടുന്ന പിന്തിരിപ്പന്മാർക്കെതിരായും അവൻെറ സ്വന്തഭൂമി കൈവിടാൻ വിസമ്മതമുള്ള കർഷകനെതിരായും ഒരു പ്രചരണം തുടങ്ങിയേക്കാം. എന്നാൽ മാനുഷികമായ സഹനശക്തിക്കതിരുണ്ടു്. ചൈനീസ്ജനത അവരുടെ സ്വാതന്ത്ര്യം വീണ്ടെടുക്കാൻ എഴുനേൽക്കുമോ? അല്ലെങ്കിൽ അവരുടെ തകർന്നുപോയ പ്രത്യാശകൾ വിസ്മരിക്കുവാൻ ദക്ഷിണപൂർവേഷ്യൻരാജ്യങ്ങളിൽ ചില സാഹസികസംരംഭങ്ങളിലേക്കു, "ജനാധിപത്യസ്വേച്ഛാധിപത്യം" അവരെ നയിക്കുമോ? ഞാൻ വിശ്വസിക്കുന്നതു് ദക്ഷിണപൂർവേഷ്യൻരാജ്യങ്ങളിൽ അധിവസിക്കുന്ന ഒരുകോടി ചൈനാക്കാരെ സ്വന്തപക്ഷത്തേക്കു് ആത്യന്തികമായി ചേർക്കുവാൻ കമ്യൂണിസ്റ്റുചൈന ശ്രമിക്കാതിരിക്കയില്ലെന്നാണ്.

---

# ഭാഗം മൂന്ന്

## മഹത്തായ സമാധാനം

KOTTAYAM PUBLIC LIBRARY, KOTTAYAM-1

# 1

# മസ്തിഷ്ക്ക പ്രക്ഷാളനം

കമ്യൂണിസ്റ്റ് സിദ്ധാന്തത്തിലുള്ള അചഞ്ചലമായ വിശ്വാസത്തെയും ചോദ്യംചെയ്യാൻ ബദ്ധപ്പെടാത്ത ഒരു മനസ്സിനെയും ആണ് കമ്യൂണിസ്സം ആശ്രയിക്കുന്നതു്. തലച്ചോറിൻെറ കഴുകൽ അല്ലെങ്കിൽ മസ്തിഷ്ക്കപ്രക്ഷാളനം, അങ്ങനെ അവരുടെ ചിന്താനിയന്ത്രണനയത്തിൻെറ ഒരു സുപ്രധാനഭാഗമാണ്. എല്ലാ സംശയങ്ങളെയും, വിജ്ഞാനത്തിൻെറ എല്ലാ ഉറവിടങ്ങളെയും ഒരു വ്യക്തിയും സ്വതന്ത്രമായി ചിന്തിക്കുന്നതിനുള്ള അവകാശത്തെയും. ഹോമിച്ച് ഒരു മൂശയിൽ പിടിപ്പിച്ച് അവിടെ ആത്യന്തികവും സംപൂർണ്ണവുമായ സത്യം സ്ഥിതിചെയ്യുന്നവെന്നു് അവകാശപ്പെടുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു് വിദ്യാഭ്യാസത്തിൻെറ എല്ലാ വശങ്ങളും നിയന്ത്രിക്കുവാൻ കമ്യൂണിസ്റ്റുചൈനാ ശ്രമിക്കുമെന്നുള്ളതു് സ്വാഭാവികമായിത്തന്നെ പ്രതീക്ഷിക്കേണ്ട ഒരു വസ്തുതയാണ്. പൊതുപരിപാടി (കോമൺ പ്രോഗ്രാം) * അനുശാസിക്കുന്നതു് "വിപ്ളവകരവും ദേശീയവുമായ സൃഷ്ടിപരപ്രയത്നങ്ങളുടെ വിപുലമായ ആവശ്യങ്ങൾ നിറവേററുവാൻ സാർവത്രികമായ വിദ്യാഭ്യാസം ഉപകരിക്കപ്പെട്ടും" എന്നാണ്. വിദ്യാഭ്യാസം പുതിയ വിപ്ളവത്തിൻെറ ഉദ്ദേശങ്ങൾ സാധിക്കാനുള്ള ഒരു മാർഗ്ഗം മാത്രമാണ്.

ഈ സംരംഭം ഗംഭീരമായ ഒന്നുതന്നെയാണ്. ചൈനീസ് ജനതയുടെ പരമ്പരാസിദ്ധമായ സ്വഭാവപ്രത്യേകതകൾ പരിവർത്തനംചെയ്യേണ്ട ഭാരം അതിലുൾപ്പെട്ടിരിക്കുന്നു. അസഹിഷ്ണുതയും, ക്രൂരതയും പരിത്യജിക്കുന്ന ഒരു തത്വസംഹിതയാണ് നൂററാണ്ടുകളായി ചൈനാക്കാർ കെട്ടിപ്പടുത്തുകൊണ്ടു വന്നിരിക്കുന്നതു്. ജീവിതത്തിലെ വൈവിദ്ധ്യം അംഗീകരിച്ചുകൊണ്ടുള്ള ഒരു വ്യക്തിഗതതത്വമായിരുന്ന അവരുടേതു്. ചൈനീസ് പണ്ഡിതൻ, ഏകാഗ്രമായ അദ്ധ്യയനം നടത്തിക്കൊണ്ടിരിക്കുന്നതിൻെറ മൂർത്തിമത്ഭാവമാണ്. സൗമ്യമായ ജീവിതവും സമസ്തസൃഷ്ടങ്ങളെപ്പററിയുള്ള അഗാധജ്ഞാനവുമാണ് അയാളുടെ ലക്ഷണം. സിദ്ധാ

---

* അനുബന്ധം കാണുക

ന്തങ്ങൾ ഒന്നും അവിടെ രൂപമെടുത്തില്ല. ശതാബ്ദങ്ങളിൽ കൂടെ സുരക്ഷിതത്വവും യതിവര്യഭാവവും പ്രകാശിപ്പിച്ചിരുന്ന ശ്രീബുദ്ധപ്രതിമകളുടെ പ്രശാന്തമായ അലൗകികത്വം സൗമ്യവും മനുഷ്യോചിതവുമായ ഒരു പുഞ്ചിരിയിലേക്ക പരിവത്തനം ചെയ്തിട്ടുണ്ട്. പുതിയ ചൈനാ സിദ്ധാന്തപ്രധാനവും ക്രൂരവുമാണ്.

ഷാംഗ്ഹായിൽ മാഡം സൺയാററ്—സെൻ നടത്തിയിരുന്ന നഴ്സറിസ്കൂളിൽ ഈ ക്രൂരത എനിക്ക ദർശിക്കുവാൻ കഴിഞ്ഞു. മൂന്നുവയസ്സിനും ഏഴുവയസ്സിനും ഇടയ്ക്കുള്ള ഇരുനൂറിൽ പരം കുഞ്ഞുങ്ങൾ അവിടെ പഠിച്ചിരുന്നു. ഈ നഴ്സറിവിദ്യാലയം സന്ദർശിക്കുവാൻ ഇൻഡ്യൻസന്ദർശകസംഘത്തെ പ്രത്യേകം ക്ഷണിച്ചിരുന്നു. മാഡം സൺയാററ്–സെൻ ഇപ്പോൾ പൂർണ്ണശ്രദ്ധയും പ്രയത്നങ്ങളും സാമൂഹ്യസേവനത്തിൽ ചെലവിടുകയാണ്. അതിഥികളുടെ വിനോദത്തിനുവേണ്ടി കുട്ടികൾ ഒരു പ്രകടനംനടത്തി. ആ അഭിനയത്തിൽ കുഞ്ഞുങ്ങൾ ജനകീയ വിമോചനസൈന്യമായി മാർച്ചുചെയ്തു. അവരുടെ കളിത്തോക്കുകൾ മുകളിൽ പറന്നുനിൽക്കുന്ന "അമേരിക്കൻ"വിമാനങ്ങളുടെ നേരെ ചൂണ്ടി. അവർ വെറുക്കുവാനും കൊല്ലുവാനും പഠിച്ചു. ക്ലാസ്സുമുറികളിൽ അഞ്ചുതരം സ്നേഹത്തെപ്പററി അവർ പഠിച്ചു—പിതൃരാജ്യസ്നേഹം, ജനസമുദായസ്നേഹം, തൊഴിൽസ്നേഹം, ശാസ്ത്രങ്ങളോടുള്ള സ്നേഹം, പൊതുവസ്തുക്കളോടുള്ള സ്നേഹം. മാതാപിതാക്കന്മാരോടും കുടുംബത്തോടുമുള്ള സ്നേഹം ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.ഈ പിഞ്ചുപൈതങ്ങൾക്ക് ആ സ്നേഹം രുചിച്ചറിയുവാൻ സന്ദർഭം കിട്ടിയില്ല. അവരെ സന്ദർശിച്ച ഞങ്ങളെ അവർ കെട്ടിപ്പിടിക്കുകയും ഞങ്ങളുടെ ആശ്ലേഷവും ചുംബനങ്ങളും അവർ ആവശ്യപ്പെടുകയും ചെയ്തു. ചിലരെ പൊക്കിയെടുത്ത് ഓമനിച്ചപ്പോൾ അവരുടെ കണ്ണുകളിൽ കണ്ണുനീർ നിറയുന്നതു് കാണാമായിരുന്നു. ക്രൂരത എന്താണെന്നു,ഞാൻ അപ്പോൾ മനസ്സിലാക്കി.

ഞാൻ അതു്,വീണ്ടും വീണ്ടും പലയിടത്തുവച്ചും കണ്ടു. ഞങ്ങളുടെ ചുററും ഓടിക്കൂടിയില്ല. കുഞ്ഞുങ്ങളുടെയും, പുരുഷന്മാരുടെയും, സ്ത്രീകളുടെയും, മുഖത്തു് വാത്സല്യത്തിൻെറയും, മനുഷ്യത്വത്തിൻെറയും, സൗഹാർദ്ദത്തിൻെറയും നേക്കുള്ള ദാഹം കാണാമായിരുന്നു. സൗഹാർദ്ദം തുളുമ്പുന്ന മുഖങ്ങൾ കാണുവാൻ ചൈനായിൽ സാദ്ധ്യമല്ല. ചൈനായിൽ അനേകവർഷങ്ങൾ താമസിച്ചിരുന്നവർ ആവത്തിച്ചാവത്തിച്ചു പറയുന്ന ഒരു വസ്തുത കടുത്ത ദരിദ്രാവസ്ഥയിലും അവർ കാണിക്കുന്നതു് പുഞ്ചിരിതൂകുന്നമുഖമാണ്. എന്നാൽ ഇപ്പോൾ ഒരു പ്രത്യേകതരത്തിൽ ഭാവമെട്ടത്തതും രൂക്ഷവുമായ മുഖങ്ങളാണ് കാണുന്നതു്. പുതിയ ജനാ

ധിപത്യത്തിൽ ഉള്ള പിഞ്ചുകുഞ്ഞുങ്ങളുടെ കരച്ചിൻ കോപത്തിൻെറ അലറല്യകളായിട്ടാണ് ഒരു സ്നേഹിതൻ വിവരിച്ചതു്.

തൊട്ടിയിൽ പോലും കമ്യൂണിസം പഠിച്ചുകൊണ്ടിരുന്ന കുഞ്ഞുങ്ങളെയാണ് മാഡംസൺ പരിശീലിപ്പിച്ചു വന്നതു്. എനിക്കു ചൈനായിലെ വിവിധ പ്രായത്തിലുള്ളവക്കുള്ള വിദ്യാഭ്യാസസമ്പ്രദായങ്ങൾ കാണണമെന്നു് ആഗ്രഹമുണ്ടായിരുന്നു. ചൈനാ അവകാശപ്പെട്ടിന്നതു് ജനങ്ങൾക്കു സേവനം ചെയ്യാനുള്ള തൃഷ്ണ പരിശീലിപ്പിക്കുകയും, വർദ്ധിപ്പിക്കുകയും, ചെയ്യുന്ന ശാസ്ത്രീയമായ ഒരു പൊതുദേശീയ വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ടെന്നാണ്. അതുകൊണ്ടു് ഞാൻ മിഡിൽസ്ക്കൂളുകളും, സർവകലാശാലകളും, തൊഴിലാളിസ്ക്കൂളുകളും, കർഷകമിഡിൽസ്കൂളുകളും പീപ്പിൾസ് യൂണിവേഴ്സിററിയും സന്ദർശിച്ചു.

പീക്കിംഗിലെ എട്ടാം മിഡിൽസ്കൂളിൽ 900 വിദ്യാത്ഥികൾ ഉണ്ടായിരുന്നു. തൊഴിലാളികളുടെയും ചെറുകർഷകരുടെയും മക്കളുടെ കൂടെ ഉപപ്രധാനമന്ത്രി കുവൊമൊ–ജൊയുടെ മകനും അവിടെ പഠിക്കുന്നുണ്ടായിരുന്നു. പഴയ പാഠപ്പുസ്തകങ്ങളും, സിലബസ്സും, അദ്ധ്യയനരീതികളും എല്ലാം പാടെ മാററിക്കളഞ്ഞിരുന്നു. വിദ്യാലയങ്ങൾ "ജനങ്ങളുടെ താല്പര്യത്തെ" സംരക്ഷിക്കുവാനുദ്ദേശിക്കപ്പെട്ടതുകൊണ്ടു് സോവിയററു് റഷ്യയിലെ രീതിയാണ് അവിടെ നടപ്പാക്കിയിരുന്നതു്. എല്ലാ വിദ്യാർത്ഥികളും യുവസമാജത്തിൻെറയോ യൂത്തു്പയണിയേഴ്സിൻെറയോ അംഗങ്ങളായിരിക്കണം. രാഷ്ട്രീയപ്രവത്തനങ്ങളിൽ അവർ പങ്കെടുത്തു. ഒരു ക്ലാസ്സിൽ ചെന്നപ്പോൾ ഞങ്ങളുടെ സന്ദർശകസംഘത്തിൽ പെട്ട ഒരാൾ ഒരു ചോദ്യം ചോദിക്കുവാൻ നിശ്ചയിച്ചു. "സോവിയററു് റഷ്യ ചൈനായെ ആക്രമിച്ചാൽ നിങ്ങൾ എന്തുചെയ്യും" എന്നായിരുന്നു ആ ചോദ്യം. "അതൊരിക്കലും സംഭവിക്കുകയില്ല" എന്നായിരുന്നു കുട്ടിയുടെ മറുപടി. കൺഫ്യൂഷ്യസ് ആരായിരുന്നു എന്ന ചോദ്യത്തിനു് "അയാൾ ഒരു പഴഞ്ചൻ ഫ്യൂഡൽ തത്വചിന്തകനായിരുന്നു" എന്നു കുട്ടി മറുപടി പറഞ്ഞു.

സാധാരണ മിഡിൽസ്ക്കൂളുകളിൽ ആറുകൊല്ലത്തെ അദ്ധ്യയനമാണുള്ളതു്. തൊഴിലാളികൾക്കും കർഷകക്കും ഈ അദ്ധ്യയനകാലം മൂന്നുവർഷമായി കുറച്ചിട്ടുണ്ടു്. ചൈനായിൽ അങ്ങനെ നാല്പതു സ്ക്കൂളുകളുള്ളതിൽ വിപ്ളവത്തിൽ സഹായിച്ച പതിനയ്യായിരം തൊഴിലാളികളും കർഷകരും ഹാജർ പുസ്തകത്തിൽ പേരുചേർത്തു് പഠിത്തത്തിനു് ഹാജരാകുന്നുണ്ടു്. അവരുടെ വിദ്യാഭ്യാസം അവരെ പരിശീലിപ്പിച്ചതു് ഭാവി ഗ്രാമീണഉദ്യോഗസ്ഥന്മാരായും, പാർട്ടിയുടെ ശിക്ഷണം

നടപ്പാക്കേണ്ടവരായും തീരുന്നതിനാണ്. വായിക്കുവാനും എഴുതുവാനും പഠിക്കുന്നതിനു പുറമെ മാർക്സിസം, ഊർജ്ജതന്ത്രം, രസതന്ത്രം വിപ്ളവത്തിൻെറ ചരിത്രം എന്നി വിഷയങ്ങൾ കൂടെ അവരെ പഠിപ്പിച്ചിരുന്നു. അവർ ബോർഡിംഗിൽ താമസിക്കുകയും, അന്യോന്യം അവരുടെ ചിന്താഗതികൾ സൂക്ഷിക്കയും ചെയ്യേണ്ടിയിരുന്നു. ആയിരം വാക്കുകൾ എഴുതാൻ പഠിച്ചാൽ പ്രതിദിനം ഡയറിക്കുറിപ്പുകൾ എഴുതാനും, അവരുടെ വികാരങ്ങളെയും ചിന്തകളെയും രേഖപ്പെടുത്താനും ആവശ്യപ്പെട്ടിരുന്നു. ഗ്രൂപ്പായിട്ടുള്ള ചർച്ചകളിൽ ഈ ഡയറികൾ പരിശോധിക്കപ്പെട്ടു. തെററായ ആശയങ്ങൾ മാററിശ്ശുദ്ധീകരിക്കും. അങ്ങനെ ആ മസ്തിഷ്കപ്രക്ഷാളനപദ്ധതി ആരംഭിക്കും.

പീപ്പിൾസ് പൊളിററിക്കൽ കൺസൽട്ടേററീവ് കമ്മിററിയിൽ 1951 ഒക്ടോബർ 21—ാം തീയതി മാവൊ ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി. "ആശയങ്ങളുടെ പുനരാവിഷ്ക്കരണം, പ്രത്യേകിച്ചു വിവിധ തരത്തിലുള്ള ബുദ്ധിജീവികളുടെ ആശയപുനരാവിഷ്ക്കരണം, ജനാധിപത്യപരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സുപ്രധാനമായ ഉപാധിയാണ്". രാജ്യം മുഴുവൻ ഈ ഉദ്ദേശം സാധിച്ചതു് അഞ്ചുഘട്ടങ്ങളിലായിട്ടാണ്. ആദ്യത്തെ ഘട്ടം വിമർശനവും സ്വയം വിമർശനവുമാണ്. ഈ പ്രസ്ഥാനം ചൌ എൻ–ലായി അദ്ദേഹത്തെ തന്നെ വിമർശനം നടത്തിക്കൊണ്ടാണാരംഭിച്ചതു്. രണ്ടാമത്തെ ഘട്ടം സ്നേഹിതന്മാരെയും, ശത്രുക്കളെയും തമ്മിൽ വേർതിരിച്ചറിയുവാൻ പഠിക്കുകയും, പിന്തിരിപ്പൻ ആശയങ്ങളെ വ്യക്തമായ അതിർത്തിരേഖകൾമൂലം വേർതിരിച്ചു് അവയെ പാടെ ഉപേക്ഷിക്കുകയുമാണ്. ഈ ഘട്ടം ഉൽഘാടനം ചെയ്തതു് പീക്കിംഗിലെ മേയറായ പെംഗ്ചെൻ ആയിരുന്നു. അദ്ദേഹം ഭൂപരിഷ്ക്കാരത്തെയും, കമിന്താങ്ങിൻെറ ഏജൻറന്മാരെയും, അമേരിക്കൻ സാമ്രാജ്യദുർമ്മോഹത്തെയും പററി പ്രസംഗിച്ചു. മൂന്നാമത്തെയും നാലാമത്തെയും ഘട്ടങ്ങളിൽ കമ്യൂണിസത്തെയും, ചൈനായുടെ സാമ്പത്തികഘടനയെയും പററി മാവൊ സേ–തുംഗിൻെറ ചിന്തകൾ പ്രചരിപ്പിച്ചു പഠിപ്പിച്ചു. അവസാനമായി ഓരോ വ്യക്തിയേയും വരുത്തി അവരവരുടെ മനോബോദ്ധ്യങ്ങൾ പറയുവാനും, അങ്ങനെ കൂടുതൽ പരിശോധനകൾക്കു വിധേയമാകുവാനും നിർബന്ധിക്കപ്പെട്ടു.

ഈ പ്രക്രിയകൾ കൊണ്ടു് പ്രൊഫസ്സർമാരായും ഗ്രന്ഥകാരന്മാരായും മററുമുള്ള ബുദ്ധിജീവികൾ ചിന്താപരിവർത്തനത്തിനു് വിധേയരായി. ഓക്സ്ഫോർഡു സർവകലാശാലയിൽ വച്ചു പഠിച്ച എല്ലാ സാമ്പത്തിക ശാസ്ത്രതത്വങ്ങളും വിസ്മരിക്കുവാൻ ശ്രമിച്ച ഒരു പ്രൊഫസറെ ഞാൻ കണ്ടു. സിൻഹ്വ

സർവകലാശാലയിലെ സുപ്രശസ്ത ഫിലോസഫി പ്രൊഫസ്സർമാരായിരുന്ന ഡോക്ടർ ലിംഗ്ഗും ഡോക്ടർ ഫോംഗും പഴയ ചൈനീസ് തത്വശാസ്ത്രം കേവലം ഒരു ഫ്യൂഡൽ ആശയ സംഹിതയാണെന്നു പഠിച്ചുകഴിഞ്ഞു. അവർ മുമ്പെഴുതിയിട്ടുള്ള ഗ്രന്ഥങ്ങളെയെല്ലാം അവർ തുറന്നു് നിഷേധിച്ചു. കമ്യൂണിസ്റ്റു ഭൗതികവാദത്തിന്റെ തത്വസംഹിത അവർ പുതുതായി പഠിക്കുവാൻ ആരംഭിച്ചു.

ചൈനായിലെ ഉപപ്രധാനമന്ത്രിയും, കവിയും, പ്രസിദ്ധ പുരാണവസ്തുശാസ്ത്രജ്ഞനും ആയ കുവൊമൊ-ജൊ എന്റെ ഒരു ചോദ്യത്തിനുത്തരമായി ചൈനായിലെ ബുദ്ധിപരമായ സ്വാതന്ത്ര്യത്തെപ്പററി ഇപ്രകാരം പറഞ്ഞു. "ജനങ്ങളിൽ ഭൂരിപക്ഷമായ തൊഴിലാളികളുടെയും, കർഷകരുടെയും, ഭടന്മാരുടെയും ഉത്തമതാല്പര്യങ്ങൾക്കനുസൃതമായിഎഴുതുന്ന കാലത്തോളം ചൈനായിലെ ഒരു എഴുത്തുകാരനു് അഭിപ്രായം പ്രകടിപ്പിക്കുവാൻ സ്വാതന്ത്ര്യമുണ്ട്."

പീപ്പിൾസ് യൂണിവേഴ്സിററിയിലാണു് മസ്തിഷ്ക പ്രക്ഷാളനം പരമാവധി കാര്യക്ഷമതയോടുകൂടി നിർവഹിക്കപ്പെട്ടിരുന്നതു്. കമ്യൂണിസ്റ്റുപാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിററിയിലെ ഒരു അംഗമാണു് വു യു-ചാംഗ്. 1950 ലാണു് ഈ ജനകീയ സർവകലാശാല സമാരംഭിച്ചതു്. ആകെ 2800 വിദ്യാർത്ഥികളുണ്ടായിരുന്നവരിൽ രണ്ടായിരംവും, സംസ്ക്കാരനിലയിൽ താണവരും, ഒരു കൊല്ലത്തെ പരിശീലനം നൽകി സംസ്കാരികനിലവാരം ഉയർത്തുവാൻ അയയ്ക്കപ്പെട്ടിരുന്നവരുമാണു്. ചൈനായിലെ സംസ്ക്കാരമെന്നു പറഞ്ഞാൽ അതിൽ മാർക്സിസവും ഉൾപ്പെടുന്നു. ഈ ആദർശത്തോടു വേണ്ടവണ്ണമുള്ള ഭക്തിവൈരാഗ്യം അവരുടെ ചരിത്രപരമായ വീക്ഷണഗതിയിൽ പോരാതെ കണ്ടവരെയാണു് യൂണിവേഴ്സിററിയിൽ ആക്കിയിരിക്കുന്നതു്. ഇങ്ങനെയുള്ള രണ്ടായിരംപേരിൽ 71.7 ശതമാനം വിദ്യാർത്ഥികൾ മൂന്നുമുതൽ ഏഴു വർഷം വരെ ഗവർമ്മെൻറുദ്യോഗത്തിൽ പരിചയം സിദ്ധിച്ചവരാണു്. അതായതു് അവരിൽ അനേകരും കുമിന്താങ്ങ് ഭരണകാലത്തു് ഉദ്യോഗസ്ഥന്മാരായിരുന്നുവെന്നർത്ഥം. അവർ ഉദ്യോഗത്തിൽ തുടരുവാൻ അനുവദിക്കപ്പെട്ടവരോ അല്ലെങ്കിൽ യുദ്ധകാലത്തു വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞവരോ ആയിരുന്നു. ശിഷ്ടമുള്ളവരിൽ 22ശതമാനം ബുദ്ധിപരമായും മററും ഭേദപ്പെട്ടനിലയിൽ ഉള്ളവരും ബാക്കി തൊഴിലാളികളുമാണു്.

ഹ്രസ്വകാലപരിശീലനപരിപാടിയിൽ സിദ്ധാന്തപരമായി തീയറിപഠനവും, ഉൽപ്പാദനപരമായ ജോലിയും ഉൾപ്പെടുന്നു. സാമ്പത്തികശാസ്ത്രം, ഫൈനാൻസ്, ബാങ്കിംഗ്‌വ്യാപാരം, സഹ

കരണം, ഫാക്ടറിഭരണം, രാജ്യതന്ത്രനിർവഹണം എന്നിവ യെല്ലാം പഠിപ്പിക്കും. എന്നാൽ അദ്ധ്യയനസമയത്തിന്റെ 70ശത മാനവും, ഉൽപ്പാദനജോലിയിലുള്ള പരിശീലനമാണ് നൽകു ന്നതു്. പൂർണ്ണമായ അദ്ധ്യയനപദ്ധതിയിൽ ചേരുന്നവർക്ക ഇവ കൂടാതെ,സാമ്പത്തികസംവിധാനം(എക്കണോമിക്പ്ലാനിംഗ്) നിയമം, റഷ്യൻഭാഷ എന്നിവകൂടെ പഠിപ്പിക്കും. ടീച്ചിംഗ് റിസേർച്ച്ഗ്രൂപ്പുകൾ എന്നു വിളിക്കപ്പെടുന്ന ഒരു പ്രത്യേക വകുപ്പും സർവകലാശാലയിൽ ഉണ്ടു്. മുപ്പത്തിമൂന്നു ഗ്രൂപ്പുകൾ അങ്ങനെ പ്രവർത്തനം നടത്തിയിരുന്നു. അദ്ധ്യയനപരിപാടി കൾ ഫലപ്രദമായവിധത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നു പരി ശോധിക്കുകയാണീ ഗ്രൂപ്പുകളുടെ ജോലി. പഠിപ്പിക്കുന്ന രീതി കളും മാർക്സിസവും മാവോയിസവും അവർ പഠിക്കും. അദ്ധ്യാപകന്മാരുടെ പ്രവർത്തനങ്ങളെപ്പററിയും അവർ സൂക്ഷിച്ചു കൊണ്ടിരിക്കും. യഥാർത്ഥത്തിൽ ഈ ഗ്രൂപ്പുകൾ കമ്യൂണിസ്റ്റുസെല്ലു കളാണ്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ജീവിത ത്തിൽ അവർക്കു ഗണ്യമായ നിയന്ത്രണാധികാരമുണ്ടു്.

ഞങ്ങൾ സർവകലാശാല സന്ദർശിച്ചപ്പോൾ പതിവു പോലെ ഒരു വിദ്യാർത്ഥിയേയും അവിടെ എങ്ങും കാണാനില്ല, മാതൃകാവിദ്യാർത്ഥികളെന്ന നിലയിൽ തെരഞ്ഞെടുത്ത കുറെ വിദ്യാർത്ഥികളെ മാത്രം ഞങ്ങൾക്കു പരിചയപ്പെടുത്തി. പതി നേഴവയസ്സുകാരനായ ഒരു കർഷകവിദ്യാർത്ഥിയെ ഞങ്ങൾ കണ്ടു. ജനകീയവിമോചനസൈന്യത്തിൽ അയാൾ സേവനം നടത്തു കയും ജപ്പാൻകാരാൽ തടവുകാരനായി പിടിക്കപ്പെടുകയും ചെയ്തി ട്ടുണ്ടു്. മററാരു വിദ്യാർത്ഥി കൽക്കരിഖനിയിൽ ജോലിയെടു ക്കുന്ന ഒരാളുടെ പുത്രനാണ്. അയാളുൾപ്പെട്ട ട്രേഡ്യൂണിയ നിലെ എക്സിക്യൂട്ടീവ്കമ്മിററിയംഗമായിരുന്നു ആ വിദ്യാർത്ഥി. ഒരു "മോഡൽ"തൊഴിലാളിയായ ഇയാൾ ഇപ്പോൾ പീപ്പിൾസ് പൊളിററിക്കൽ കോൺസൽട്ടേററീവുകമ്മിററിയിലെ അംഗമായി കഴിഞ്ഞു.പിന്നീട്,വിദ്യാർത്ഥികൾചെയ്ത ജോലികളുടെ ഒരുപ്രദ ർശനംഞങ്ങളെ കാണിച്ചു.അതിൽ പ്രസിദ്ധമായിത്തീർന്നിരിക്കുന്ന ഡയറികളുമുണ്ടായിരുന്നു. തങ്ങളുടെ ഡയറികൾ ക്ലാസ്സുകളിൽ കൊ ണ്ടുവന്നു ചർച്ചചെയ്യപ്പെടുന്നതിൽ ഓരോ 'വിദ്യാർത്ഥിക്കും തോ ന്നാന ഭീതിയെപ്പററിനമുക്കുഭാവനചെയ്യാം.വിദ്യാർത്ഥികൾ വളരെ അടുത്തടുത്ത് കിടന്നുറങ്ങുകയും, പരസ്പരം നോട്ടപ്പുള്ളികളെപ്പോ ലെ നിരീക്ഷിക്കുകയും ചെയ്യുന്ന ഡോർമിററികളുംഞങ്ങൾ കണ്ടു.

ആവശ്യത്തിനു മതിയായ അദ്ധ്യാപകന്മാരും അദ്ധ്യയനസാ മഗ്രികളും പാഠപ്പുസ്തകങ്ങളും മററു സാധനങ്ങളും സർവകലാ ശാലയിൽ ഇല്ലെന്നു പ്രസിഡണ്ടു് മി. വു സമ്മതിക്കയുണ്ടായി. പഴയപാഠപ്പുസ്തകങ്ങൾ എല്ലാം ഉപേക്ഷിക്കപ്പെട്ടിരുന്നതിനാൽ

വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ കുറിച്ചെടുക്കുന്ന നോട്ടുകളെയാണ് വലംബിക്കേണ്ടിവരുന്നതു്. റഷ്യയിൽ പരിശീലനം കഴിഞ്ഞു വന്ന ഏതാനും പ്രൊഫസർമാരും അദ്ധ്യാപകന്മാരും അദ്ധ്യാപകക്കുവേണ്ടിയുള്ള കുറെ നോട്ടുകൾ തയാറാക്കിയിട്ടുണ്ടു്. അവ രാജ്യത്തുള്ള എല്ലാ സർവകലാശാലകളിലും പ്രചരിപ്പിച്ചിരുന്നു. ഒരു "ചിന്താപരിവർത്തന"ത്തിനു് ഈ പ്രൊഫസർമാരും അദ്ധ്യാപകന്മാരും വിധേയരായിക്കഴിഞ്ഞു. വിവിധരാജ്യങ്ങളിൽ പോയി പഠിച്ചു് അവർ ശേഖരിച്ച അറിവുകളെല്ലാം അവർ മറക്കുവാൻ ചെയ്യുന്ന പ്രയത്നം സന്താപദ്യോതകമായ ഒരു കാഴ്ചയായിരുന്നു. വിദ്യാഭ്യാസപരമായ ഡിഗ്രി'കൾക്കോ നേട്ടങ്ങൾക്കോ വലിയ സ്ഥാനമൊന്നുമില്ല. പാർട്ടി കാർഡുകൾ ഉള്ളവരാണു് എല്ലാം നിയന്ത്രിച്ചതു്. മുക്ഡനിലുള്ള ഒരു പ്രഖ്യാതമായ മെഡിക്കൽകോളജിന്റെ തലവൻ മുപ്പത്തിയഞ്ചുവയസ്സു പ്രായമുള്ള ഒരു "സഖാവു്" ആയിരുന്നു. മെഡിക്കൽവിദ്യാഭ്യാസം അദ്ദേഹം പൂർത്തിയാക്കിയിരുന്നില്ല. "വിമോചനസമര കാലത്തു് വിദേശസ്നേഹിതന്മാരുടെ കീഴിൽ" അയാൾക്കു മെഡിക്കൽ പരിശീലനം ലഭിച്ചിട്ടുണ്ടത്രെ.

പീക്കിംഗ് നഗരത്തിലെ ത്സിംഗ്ഹുവാ, ചെൻചിംഗ്, നാഷനൽ സർവകലാശാലകൾ ഞാൻ സന്ദർശിച്ചു. നാങ്കിംഗിലെ നാങ്കായി, ടിയെൻസ്റ്റിൻ, നാങ്കിംഗ് എന്നീ സർവകലാശാലകളും ഞാൻ പോയിക്കണ്ടു. ചൈനാ അവളുടെ യുവജനങ്ങളുടെ പരിശീലനകാര്യത്തിൽ സർവശ്രദ്ധയും കേന്ദ്രീകരിക്കുകയാണു്. വർദ്ധിച്ചുവരുന്ന ഭരണപരമായ ആവശ്യങ്ങൾക്കും, സാമ്പത്തിക പുരോഗതിക്കുള്ള ശാസ്ത്രീയവും സാങ്കേതികവുമായ സംരംഭങ്ങൾക്കും അവൾക്കു പരിശീലനം കഴിഞ്ഞ ആളുകളെ ആവശ്യമുണ്ടു്. മുമ്പു് ഈ സർവകലാശാലകൾ സ്വതന്ത്രവും പുരോഗമനപരവുമായ ചിന്താകേന്ദ്രങ്ങളായിരുന്നു. സാമ്രാജ്യദുഷ്പ്രഭുത്വത്തിനെതിരായുള്ള മെയ്ഫോർത് പ്രസ്ഥാനം ഉടലെടുത്തതു് ഈ സർവകലാശാലകളിലാണു്. ഇന്നാകട്ടെ യുവജനങ്ങളുടെ അന്തരാത്മാവു് പ്രഭാതംമുതൽ സൂര്യാസ്തമനം കഴിയുന്നതുവരെ, അമേരിക്കയോടു വിദ്വേഷവും, സ്വേച്ഛാധിപത്യപരമായ നവീന ചൈനായോടുള്ള ഭക്തിയും വിളംബരം ചെയ്തു് അടിക്കുന്ന ചെണ്ടയ്ക്കും കൈമണിക്കും താളംതുള്ളി മാർച്ചുചെയ്തു് പോകുകയാണു്.

സാൻഫാൻ വുഫാൻ, കൊറിയൻസഹായം, അമേരിക്കൻ പ്രതിരോധനം എന്നീ പ്രസ്ഥാനങ്ങളിലെല്ലാം വിദ്യാർത്ഥികളും അവരുടെ യുവനേതാക്കന്മാരും, പുതിയ ജനാധിപത്യത്തിന്റെ സിദ്ധാന്തങ്ങളും പ്രയോഗങ്ങളും മുറസ്സുപഠിച്ചു. നാലുമാസത്തേക്കു കോളജുകളും, സർവകലാശാലകളും പൂട്ടിയിട്ടു. വിദ്യാർത്ഥികളും പ്രൊഫസർമാരും സുദീർഘമായ ചർച്ചകളിലും, പരസ്യ

വിമർശനങ്ങളിലുംപങ്കെടുത്തു. ചിലപ്പോൾമററുള്ളവരുടെ കുററ്റ്റു കളും ന്യൂനതകളും ചൂണ്ടിക്കാണിക്കും. മററു സന്ദർഭങ്ങളിൽ അവരവർതന്നെ സ്വയം വിമർശനം നടത്തും. ഒരു സന്ദർഭത്തിൽ പിന്തിരിപ്പൻവിഷയങ്ങൾ ഉപന്യാസങ്ങൾക്കു തെരഞ്ഞെടുത്ത തിനു് ഒരു വിദേശപ്രൊഫസറിനെ വിദ്യാർത്ഥികൾ കുററപ്പെടുത്തു കയുണ്ടായി. ആ വിഷയങ്ങളെക്കാൾ അണുസന്തരത്തെപ്പററി ഉപന്യാസം എഴുതുവാനാണു് അവർ ആഗ്രഹിച്ചതെന്നുപറഞ്ഞു.

നാങ്കിംഗിലുള്ള ഒരു വനിതാകോളജിൽ മിസ്സ് വു പ്രൊഫ സറായിരുന്നു. അവർ സുന്ദരിയും, ബുദ്ധിശാലിനിയും വിദ്യാർത്ഥി കളുടെ ഇടയിൽ സുസമ്മതയായ ഒരു അദ്ധ്യാപികയുമായിരുന്നു. ഞങ്ങളുടെ സംഘത്തിപ്പെട്ട ഒരാൾക്കു് അവളുമായി പരിചയ പ്പെടുത്തിക്കൊണ്ടുള്ള ഒരു സുഹൃത്തിൻെറ കത്തുണ്ടായിരുന്നതു കൊണ്ടു് ഞങ്ങൾ നാങ്കിംഗിൽ വന്നപ്പോൾ അവളെ കാണാൻ ശ്രമിച്ചു. എന്നാൽ കോളജിൽനിന്നു വിട്ടുപോകുവാൻ അവൾ നിർബന്ധിതയായെന്നും, ഇപ്പോൾ ഷാംഗ്ഹായിൽ താമസമാ ണെന്നും വിവരം കിട്ടി. മസ്തിഷ്ക്കപ്രക്ഷാളനത്തിനു് അവൾ സ്വയം കീഴ്പ്പെടാൻ വിസമ്മതിച്ചതാണതിൻെറ രഹസ്യമെന്നു് വിചാരിക്കപ്പെടുന്നു. ഷാംഗ്ഹായിൽവച്ചു ഞങ്ങൾ അവളെ കാണാൻ ശ്രമിച്ചപ്പോൾ, സംഭീതയും ഇതികർത്തവ്യതാമൂഢയുമായ ഒരു സ്ത്രീയുടെ ശബ്ദമാണു് ഫോണിൽ ഞങ്ങൾ കേട്ടതു്. സംഭാഷണം പെട്ടെന്നവസാനിപ്പിച്ചു് അവൾ ഫോൺ താഴെ വച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞു് അവൾ ആത്മഹത്യ ചെയ്തതായ റിപ്പോർട്ടു ഞാൻ കേട്ടു.

ഇതേ അനുഭവംതന്നെ ഒരു പ്രസിദ്ധ ജന്തുശാസ്ത്രപ്രൊഫസ റിനും നേരിട്ടു. അയാളുടെ കുററം പല കോളജുകളിൽ അയാൾ പഠിപ്പിക്കുകയും അതിനു ശമ്പളം വാങ്ങുകയും ചെയ്തു എന്നുള്ള താണു്. 1952 ഏപ്രിൽ 19-ാം തീയതി ടിയെൻസ്റ്റിനിൽനിന്നു പുറപ്പെടുന്ന "യിപൊ" എന്ന പത്രം അയാൾ ഒരു തട്ടിപ്പുകാ രനും വഞ്ചകനുമാണെന്നു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തി. "നമ്മുടെ യുവജനങ്ങളുടെ വികസനത്തെ തടയുകയല്ലാതെ അയാൾക്കു് എന്തു ചെയ്യാൻ കഴിയും? നീതിബോധമുള്ള എല്ലാ ജനങ്ങളും, ജനങ്ങ ളുടെ സേവനത്തിനുവേണ്ടി ദൃഢനിശ്ചയം ചെയ്തവരും, ആശയ പരമായ പരിവർത്തനത്തിനു് വിധേയമാകുവാൻ ആത്മാർത്ഥമായി പ്രയത്നിക്കണം. പിന്തിരിപ്പൻ ബൂർഷ്വാ .ആശയങ്ങളെ അവർ പ്രതിരോധിക്കണം."

സ്കൂളുകളിലും കോളജുകളിലും ജീവിതം മാർക്സിസത്തിൽ ആരംഭിച്ചു മാവോയിസത്തിൽ അവസാനിക്കുന്നു. മുമ്പു "തെററായ സിദ്ധാന്തങ്ങളും തത്വജ്ഞാനവും" മാത്രമേ ഉണ്ടായിരുന്നുള്ളു. രാജ്യം മുഴുവൻ ഞാൻ കണ്ട എല്ലാ ഗവർമ്മെൻറാപ്പീസുകളിലും,

പ്രധാന സ്ഥാനങ്ങളിലും യുവജനങ്ങൾ നിയമിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസം പൂർത്തിയാകുന്ന താമസമേയുള്ളു അവർ സ്റ്റേററി ൻെറ സേവനത്തിൽ പ്രവേശിക്കയായി. ഒരു എഞ്ചിനീയറൊ, ഡോക്ടറൊ, പ്രൊഫസറൊ ആകണമെന്നുള്ള യുവാവിൻെറ അഭിലാഷം ഈ നിയമനങ്ങളിൽ പരിഗണിക്കപ്പെട്ടില്ല. വിദ്യാഭ്യാസം ചെയ്തു എന്നു പറയപ്പെടാവുന്ന എല്ലാവരുടെയും സേവനം 'സ്റ്റേററിനു' ആവശ്യമുണ്ട്. വിദ്യാഭ്യാസം എന്നു പറയുന്ന പദവി കുറച്ചുപേർക്ക മാത്രമേ ലഭിക്കാൻ സാദ്ധ്യമായിരുന്നുള്ളു. ചൈനായിലെ സർവ്വകലാശാലകളിൽ എല്ലാംകൂടെ 135,000 വിദ്യാർത്ഥികൾ ഉണ്ട്. അടുത്ത കൊല്ലം 150,000 വിദ്യാർത്ഥികൾക്കു പ്രവേശനം നൽകാൻ സൗകര്യപ്പെടുത്തും.

കമിന്താങ്ങ് ഭരണകാലത്തെപ്പോലെ തന്നെ സ്കൂളുകളിലും കോളജുകളിലും വിദ്യാഭ്യാസം സൗജന്യമായിരുന്നു. സർവ്വകലാശാലകളിൽ പഠിക്കുവാൻ പ്രത്യേകാവകാശം സിദ്ധിക്കുന്നവരെ രാജ്യത്തുള്ള വിവിധ കോളജുകളിലായി വിഭജിച്ചു പ്രവേശനം നൽകുന്ന ചുമതല ഒരു കേന്ദ്രസംയോജക അതോറിററി നിർവ്വഹിച്ചു. വിദ്യാഭ്യാസനിലവാരം വളരെ താഴ്ന്നതാണ്. ശാസ്ത്രീയവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിനു മറെറാരു പരിമിതി കൂടെനേരിട്ടിട്ടുണ്ട്. ദൈനന്തിനമുള്ള കാർഷികവും വ്യാവസായികവുമായ പ്രശ്നങ്ങൾ പരിഹരിക്കേണ്ട ആവശ്യം നേരിട്ടുകൊണ്ടിരിക്കയാണ്. ഗവേഷണതത്വപരമായ പഠനവും ശരിയായി നിർവ്വഹിക്കുവാനുള്ള നിഷ്ഠ വിരളമാണ്. സുപ്രസിദ്ധരായ ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധമുഴുവൻ ചൈനായിൽ തന്നെ ലഭ്യമായിരുന്ന അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ചു ഡി. ഡി. ററി. മുതലായ സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള പരീക്ഷണങ്ങളിൽ മുഴുകിയിരിക്കുന്നു. വിഖ്യാതരായ ഭാഷാപണ്ഡിതന്മാർ ശാസ്ത്രീയപദങ്ങൾ ചൈനീസ ഭാഷയിൽവിവർത്തനംചെയ്യുന്നതിൽദത്തശ്രദ്ധരായിരിക്കയുമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും സിങ്കിയാംഗിൽ ആററം ഗവേഷണങ്ങൾ നടന്നുവരുന്നതായും മററുമുള്ള അവകാശവാദങ്ങൾ ഞാൻ കേട്ടു. ഒരു ബ്രിട്ടീഷ് ആററംശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ ബ്രൂണൊ പോണ്ടിക്കോർവൊ, ഇററലിയിൽ വിശ്രമാർത്ഥം താമസിച്ചിരുന്ന സന്ദർഭത്തിൽ പശ്ചിമരാജ്യങ്ങൾ വിട്ടുപോന്നതായും ഇപ്പോൾ ചൈനായിൽ പ്രവർത്തിക്കുന്നതായും കിംവദന്തിയുണ്ടായിരുന്നു. കാൻറണിൽവച്ചു നടന്ന ദേശീയവിഭവ പ്രദർശനത്തിൽ ഒരു യൂറേനിയം പാറക്കഷണവും പ്രദർശിക്കപ്പെട്ടിരുന്നു. ഗവേഷണമെന്നും കണ്ടുപിടുത്തമെന്നും വിദ്യാഭ്യാസമെന്നും വിജ്ഞാനമെന്നും മററും പറയുന്നതിനു യാതൊരർത്ഥവുമില്ല. യഥാർത്ഥമായ വിദ്യാഭ്യാസം അവിടെ നടക്കുന്നില്ല. അവിടെ നടക്കുന്നതു് യുവജനങ്ങളിൽ കമ്യൂണിസം

കുത്തിവയ്ക്കുകയും, കമ്യൂണിസ്സത്തിൻെറ മഹത്വങ്ങൾ പ്രകീർത്തിച്ച് അവയ്ക്കു് യുവജനങ്ങളെ കീഴ്പ്പെടുത്തുകയുമാണു്.

ഞങ്ങളുടെ വനിതാ ദ്വിഭാഷികളിൽ ഒരുത്തി ന്യൂയോർക്കിലെ കൊളമ്പിയൻ സർവ്വകലാശാലയിൽ അദ്ധ്യയനം കഴിഞ്ഞ ആളാണു്. അനേക ദിവസങ്ങൾ കഴിഞ്ഞതാണു് ഈ മഹതി പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച ഒരാളാണെന്നു ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. ഇതു മനസ്സിലാക്കിയപ്പോൾ ഞങ്ങൾ ചോദിച്ചു "അമ്മേരിക്കയിലെ നിങ്ങളുടെ താമസം നിങ്ങൾക്കു എന്തുമാത്രം ഹിതകരമായിരുന്നു?" എന്നു്. "എൻെറ താമസത്തിലെ ഓരോ നിമിഷവും ഞാൻ വെറുപ്പോടുകൂടിയാണു സഹിച്ചതു്" അവൾ മറുപടി പറഞ്ഞു. അവളുടെ മാതാപിതാക്കൾ നാങ്കിംഗിൽ താമസിച്ചിരുന്നുവെന്നാണു് ഞങ്ങൾ മനസ്സിലാക്കിയതു്. ഒരു കൊല്ലം കഴിഞ്ഞിട്ടും അവൾ അവരെ പോയി കണ്ടില്ല. ഞങ്ങൾ നാങ്കിംഗിൽ വന്നപ്പോൾ, പോയി മാതാപിതാക്കന്മാരെ കാണുവാൻ മിസ്സസ്സ്" പണ്ഡിററ് അവളോടു് ആവശ്യപ്പെട്ടു. അവൾ തിരിച്ചുവരുന്നതുവരെ ഞങ്ങൾ താമസിച്ച ഹോട്ടലിൽനിന്നു പുറത്തു പോകുകയില്ലെന്നു മിസ്സിസ് പണ്ഡിററ് ഉറപ്പു നൽകിയിട്ടും അവൾ ആ സന്ദർശനത്തിനു സന്നദ്ധയായില്ല.

വിദേശകാര്യാലയത്തിലെയും വിദേശഭാഷാ ഇൻസ്റ്റിററ്യൂട്ടിലെയും അനവധി യുവാക്കന്മാരും യുവതികളും ഞങ്ങളുടെ ദ്വിഭാഷിസംഘത്തിൽ ഉൾപ്പെട്ടിരുന്നു. സൗഹാർദ്ദം തുളുമ്പുന്ന ഒരൊററമുഖമെങ്കിലും ഞാൻ അവരുടെ കൂട്ടത്തിൽ കണ്ടില്ല. യാതൊരു പുഞ്ചിരിയും അവരുടെ മുഖത്തു കാണാനില്ലായിരുന്നു. ഞങ്ങൾ ആറാഴ്ചയോളം ഒരുമിച്ചു നടന്നിരുന്നെങ്കിലും ഒരൊററയാൾ മാത്രമെ സൗഹാർദ്ദവികാരത്തിൻെറ ഏതാണ്ടൊരു ലാഞ്ഛന പ്രദർശിപ്പിച്ചുള്ളു. ഞങ്ങൾ ചൈനാ വിട്ടു പോന്ന ദിവസം ഞങ്ങളുടെ കൂടെത്തന്നെ അങ്ങുമിങ്ങും നടന്നശേഷം നിറഞ്ഞ കണ്ണുകളോടുകൂടെ ഞങ്ങളെ ആശ്ലേഷിച്ചു യാത്ര പറഞ്ഞതു് ആ ഒരൊററ വ്യക്തിയാണു്. ചൈനീസുദ്യോഗസ്ഥന്മാർ അയാളുടെ ആ സൗഹാർദ്ദപ്രകടനം കണ്ടിരിക്കയില്ലെന്നു ഞാൻ ആശിക്കുന്നു. കണ്ടെങ്കിൽ ഒരു മസ്തിഷ്ക്കപ്രക്ഷാളന പരിപാടിക്കു് വീണ്ടും അയാൾ വിധേയനാകേണ്ടിവരുമെന്നാണു് എൻെറ ഭയം.

ഞാനുൾപ്പെട്ട ചെറിയ സംഘത്തിൻെറ ദ്വിഭാഷി മിസ്റ്റർ ചാംഗ് ആയിരുന്നു. ഷാംഗ് ഹായ് സർവ്വകലാശാലയിലെ ഒരു ബിരുദധാരിയായിരുന്ന ചാംഗ് ഇംഗ്ലീഷും ഫ്രഞ്ചും സംസാരിച്ചു. വികാരഭേദങ്ങളൊ, രസികത്വമൊ ഇല്ലാത്ത അയാൾ എപ്പോഴും കടിച്ചുപിടിച്ചു നടന്നിരുന്നു. ഞങ്ങളുടെ സന്ദർശനത്തിൻെറ അവസാനദിവസം കാൻറൺ നഗരത്തിൽ വലിയ ചൂടു തോന്നി.

കൊതുകിന്റെ ശല്യവും വളരെയുണ്ടായിരുന്നു. പണ്ട് ബ്രിട്ടീഷു കാർക്ക സൗജന്യങ്ങളനുവദിച്ചിരുന്ന നഗരഭാഗത്തു സ്ഥിതിചെയ്ത ഒരു പഴയ ഹോട്ടലിലാണ് രാത്രി കഴിച്ചതു്, രാത്രി ആരും ഒട്ടും ഉറങ്ങിയില്ല. രാവിലെ പ്രഭാതഭക്ഷണത്തിനു് എല്ലാവരും ക്ഷീണിച്ചും അല്പം ശുണ്ഠി തോന്നിയുമാണ് വന്നിരുന്നതു്. ഏതു സമയവും വിനോദരസികത്വം പ്രകടിപ്പിക്കുന്ന ഒരാൾ മാത്രമെ ഞങ്ങളുടെ സംഘത്തിൽ ഈ പ്രകൃതിക്കു വ്യത്യസ്തമായിരുന്നുള്ളു. ഈ സുഹൃത്തു് ചാങ്ങിന്റെ നേരെ തിരിഞ്ഞു് ഇങ്ങിനെ പറഞ്ഞു. "ചാങ്ങ്! ഇന്നലെ രാത്രി ഒരുപോള കണ്ണു ഞാൻ അട ച്ചില്ല. കൊതുകുകൾ രാത്രി മുഴുവൻ എന്റെ, രക്തം വലിച്ചു കുടിച്ചുകൊണ്ടിരുന്നു. അവരെ ഞാൻ ജന്മികളെന്നാണ് വിളി ക്കാൻ പോകുന്നതു്." ചാങ്ങിന്റെ കോപത്തിനതിരില്ലായിരുന്നു. ചൈനായിൽ വൻഭൂഉടമകളൊന്നുമില്ലായിരുന്നല്ലോ. അയാൾ രൂക്ഷസ്വരത്തിൽ മറുപടി പറഞ്ഞു. "അല്ല, ജന്മികളെന്നല്ല, അമേരിക്കൻ സാമ്രാജ്യദുർമ്മോഹികളായ ആക്രമികൾ എന്നു വേണം അവരെ വിളിക്കേണ്ടതു്." ഞങ്ങൾ എല്ലാവരും ചിരിച്ചു. ചാംഗ് മാത്രം ഉജ്ജ്വലകോപാഗ്നിയിൽ മൂകത അവലംബിച്ചു.

രാജ്യസേവനത്തിനുവേണ്ടി ആത്മാർപ്പണം ചെയ്ത അനേകം യുവജനങ്ങളെ ഞാൻ കണ്ടു. അവരിൽ പലരും വിദേശങ്ങളിൽ അദ്ധ്യയനം കഴിഞ്ഞു തിരിച്ചെത്തി, വളരെ തുച്ഛ ശമ്പള ത്തിൽ കഠിനമായ ത്യാഗജീവിതം അവർ നയിക്കുകയാണ്. എല്ലാ മത വൈരാഗ്യവും നിസ്വാർത്ഥമായ ഭക്തിയെ ഉദ്ദീപിപ്പി ക്കാറുണ്ട്. ചൈനീസ് കമ്മ്യൂണിസവും അതിനു വ്യത്യസ്തമായി രുന്നില്ല.എന്നാൽ യുവജനങ്ങൾക്കു സഹജമായിക്കാണുന്ന എടുത്തു ചാട്ടങ്ങളൊ ആവേശമൊ ഒന്നും അവരിൽ കണ്ടില്ല. സ്നേഹ ത്തിന്റെ ആനന്ദമൊ നിരാശയുടെ ദുഃഖമൊ അവരിൽ കാണാ നില്ല. പ്രത്യാശയുടെ പ്രകടനങ്ങൾ ചാരവേല നടത്തുക, മററു ള്ളവക്കെതിരായി അറിവുകൾനൽകുക, കുററാരോപണം ചെയ്യുക രാജ്യത്തോടും ആദർശത്തോടുമുള്ള വിശ്വസ്തത കാണിക്കുക എന്നി വയിൽക്കൂടെയാണ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നതു്.

വിദ്യാഭ്യാസസംരംഭത്തിന്റെ ഒരു വശത്തിൽ ചൈനാ ശ്ര ദ്ധേയമായ പ്രയത്നം നടത്തിയിട്ടുണ്ട്. വയോജന വിദ്യാഭ്യാസം ഒരു വൻ പ്രശ്നമായിരുന്നു. അതിനു് പരിഹാര നടപടികൾ എടുത്തതിൽ പുരോഗതി കാണുവാനുണ്ട്. ചൈനീസ് ഭാഷ പരിഷ്കരിച്ചു ലളിതമാക്കി. എണ്ണൂറുമുതൽ ആയിരംവരെ വാക്കു കൾ വശമാക്കിയാൽ സാധാരണ വർത്തമാനപ്പത്രങ്ങൾ വായിക്കാ നും, തങ്ങൾ അധിവസിക്കുന്ന രാജ്യത്തെക്കുറിച്ചു അല്പമൊക്കെ പ ഠിക്കാനും അവക്കു കഴിയുന്നു. ജനകീയ വിമോചന സൈന്യ ത്തിൽപെട്ട ഭടന്മാരെല്ലാം അവരുടെ മാർച്ചിംഗിൽ എഴുതാനും

വായിക്കാനും പഠിച്ചു. നഗരങ്ങളിലും ഗ്രാമങ്ങളിലും വിദ്യാർത്ഥികളും, ഷോപ്പുടമസ്ഥരും, മാനേജർമാരും പ്രായമുള്ള ആളുകളെ പഠിപ്പിച്ചു. പ്രതിദിനം രണ്ടു മണിക്കൂറുകൾ ഇക്കാര്യത്തിനു് അവർ വിനിയോഗിച്ചു. പഠിച്ചവർ മററുള്ളവരുടെ അടുക്കൽ വലിയ അഭിമാനത്തോടുകൂടി അവരുടെ സാമർത്ഥ്യം പ്രകടിപ്പിച്ചു.

ജനങ്ങളുടെ വീക്ഷണവും മനോഗതിയും പരിവർത്തനം ചെയ്തുകൊണ്ടുവരുന്നതു് അത്ര ലഘുവായ ഒരു കാര്യമല്ല. അസഹിഷ്ണുതയും, സിദ്ധാന്തങ്ങളോടുള്ള മുറുകി പിടുത്തവും ചൈനായുടെ പാരമ്പര്യത്തിലെങ്ങും കാണാൻ കഴിയാത്ത സ്വഭാവമാണു്. അനേക പണ്ഡിതന്മാരും, പ്രൊഫസർമാരും പുതിയ മസ്തിഷ്കപ്രക്ഷാളനത്തെയും അതിനെ അനുയാത്രചെയ്യുന്ന ഭീകരതയെയും അംഗീകരിച്ചു കഴിഞ്ഞു. അവയെല്ലാം സഹിച്ചാലും ചൈനായെ ഒരു വിധത്തിൽ സേവിക്കാമെന്നുള്ളതു് മാത്രമാണു് അവരുടെ സമാധാനം. പട്ടാളച്ചിട്ടയും ശിക്ഷണവും അവർ അംഗീകരിച്ചു. ലോകത്തിലൊരിടത്തും മാതൃരാജ്യത്തോടു ഇത്രയധികം സ്നേഹമുള്ള ഒരു ജനതയെ കാണുവാൻ സാധ്യമല്ല.

രാജ്യത്തിൻെറ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന യുവജനങ്ങൾ ജീവിതത്തിനു് ഇവിടെ ഒരു ഏകാഗ്രമായ ഔത്സുക്യം പ്രദാനം ചെയ്യുന്നുണ്ടു്. കമ്മ്യൂണിസത്തിൻെറ തത്വങ്ങളും പ്രായോഗികവശങ്ങളും പഠിക്കുന്നതിൽ യുവലോകം ബദ്ധശ്രദ്ധരായിരിക്കുന്നു. യുവജനങ്ങൾ അവരുടേതായ ഉത്തരവാദിത്വങ്ങളിലേക്കു പ്രവേശിച്ചതുകൊണ്ടു് അതിലൊരു സൗഭാഗ്യവും നിശ്ചയദാർഢ്യവും അവർക്കുണ്ടു്. ഷാംഗ്ഹെയിലുള്ള ഒരു ഇംഗ്ലീഷു വൈദികൻ ഇങ്ങനെ പറയുന്നതുകേട്ടു. "എൻെറ ഇരുപത്തെട്ടു കൊല്ലത്തെ അനുഭവത്തിൽ ഇപ്പോൾ കാണുന്ന ഒരു വിജ്ഞാനതൃഷ്ണ മുമ്പൊരിക്കലും കണ്ടിട്ടില്ല. വിശ്രമവേളകളിൽ മുതിർന്ന വിദ്യാർത്ഥികൾ തൊഴിലാളികൾക്കു് ഭാഷാപരമായ ക്ലാസ്സുകൾ നടത്തുമ്പോൾ പ്രായംകുറഞ്ഞ വിദ്യാർത്ഥികൾ പ്രൈമറി ക്ലാസ്സുകൾ നടത്തുന്നു" ഇങ്ങനെയുള്ള അനേകായിരം യുവജനങ്ങൾ ഒരു വൃഹാൻ യോഗത്തിലേക്കോ, ഒരു ഞായറാഴ്ച വിനോദപര്യടനത്തിനോ മാർച്ചു് ചെയ്തു് പോകുന്നതു് ഞാൻ കണ്ടു. നിശ്ചയദാർഢ്യവും, ഉൽക്കർഷേച്ഛയും അവരിൽ ഞാൻ കാണുകയുണ്ടായി. മേലുദ്യോഗസ്ഥന്മാർക്കു സമർപ്പിക്കുവാനുള്ള ഡയറികൾ എഴുതുവാൻ മണിക്കൂറുകൾ ചെലവഴിക്കുന്നതു് ഞാൻ ദർശിച്ചു. എന്നാൽ സൗഭാഗ്യമെന്നതു് ഞാൻ അവിടെ എങ്ങും കണ്ടില്ല. ഭാവി തങ്ങളുടേതാണെന്നു് ചൈനീസ് യുവജനങ്ങൾക്കറിയാം. എന്നാൽ ആ ഭാവിയിൽ സ്ഥാനം വേണമെങ്കിൽ സ്വേച്ഛാധിപത്യപ്രവണമായ ഒരു സ്റ്റേററിൻെറ യാന്ത്രികപ്പാവകളായി പ്രവർത്തിക്കുന്നതുകൊണ്ടു് മാത്രമെ സാധിക്കൂ എന്നും അവർക്കറിയാം.

2

# തൊഴിലിൽ കൂടെ സംസ്കരണം

അനേകലക്ഷം ജനങ്ങളെ കൊന്നൊടുക്കിയതായി ചൈനീസ് കമ്മ്യൂണിസ്റ്റ് ഗവണ്മെൻറിൻെറ പേരിൽ ജനാധിപത്യ രാജ്യങ്ങളിലെ പത്രങ്ങൾ ഗൗരവമായ ആരോപണങ്ങൾ നടത്തിയിരുന്നു. ആഭ്യന്തരയുദ്ധം അനേകായിരം പേരുടെ ജീവഹാനി വരുത്തുവാൻ ഇടയാക്കിയിട്ടുണ്ട്. ചൈനീസ് പീപ്പിൾസ് പൊളിററിക്കൽ കൺസൽട്ടേററീവ് കോൺഫറൻസിൻെറ സജ്ജീകരണകമ്മററിയുടെ ഒരു മീററിംഗിൽവച്ചു മാവോസേ–തുംഗ് തന്നെ സമ്മതിച്ചിട്ടുണ്ട് 5,900,000 പിൻതിരിപ്പൻ കുമിന്താങ്ങ് ഭടന്മാരെ ജനകീയ വിമോചന സൈന്യം നിർമ്മാജ്ജനം ചെയ്തുവെന്ന്. ആ അവസരത്തിൽ തന്നെ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരുന്നു "കുമിന്താങ്ങ് സൈന്യത്തിൽ ഇപ്പോൾ മിച്ചമുള്ളത്, സർവീസിലും അല്ലാതെയും, പിന്നിൽ വർത്തിക്കുന്ന സൈനിക സംഘടനകളിലും സൈനികസ്കൂളുകളിലും എല്ലാം കൂടെ ആകെ കണക്കുകൂട്ടിയാൽ 15 ലക്ഷം ആളുകളിൽ കവിയുകയില്ല. ഇവരെക്കൂടെ നാമാവശേഷമാക്കുവാൻ അല്പസമയംകൂടെ വേണ്ടിവരും. എന്നാൽ വളരെയൊന്നും താമസിക്കേണ്ടി വരില്ല." ഇങ്ങനെ അവശേഷിച്ച 15 ലക്ഷം പിൻതിരിപ്പന്മാരെയും "ലിക്വിഡേററു" ചെയ്തു കഴിഞ്ഞുവെന്ന് പ്രധാനമന്ത്രി ചൗ എൻ–ലായി 1951 സെപ്ററംബറിൽ പ്രസ്താവിക്കയുണ്ടായി. ഈ വിധം പരസ്യമായ പ്രഖ്യാപനങ്ങൾ ഉണ്ടായതിൻെറ വെളിച്ചത്തിൽ കൂട്ടക്കൊലയെപ്പററിയുള്ള ആരോപണങ്ങൾ ഉണ്ടായതിൽ വിസ്മയിക്കാനൊന്നുമില്ല.

1951 ഒക്ടോബറിൽ ഒരു ജനകീയ വിസ്താരം നടക്കുന്നതായി ഞാൻ പീക്കിംഗ് നഗരത്തിൽ വച്ച് വായിച്ചു. 676 പിന്തിരിപ്പന്മാരാണ് ഈ വിസ്താരത്തിൽ അകപ്പെട്ടിരുന്നത്. ഇതേ കുററത്തിന് ടിഹ്ഹവാ എന്ന സ്ഥലത്ത് 234 ആളുകൾ ഈ സമയത്തു തന്നെ വിസ്തരിക്കപ്പെട്ടുന്നുണ്ടായിരുന്നു. ചൈനീസ് പത്രങ്ങളിൽ ഈ വിസ്താരങ്ങളെപ്പററി ചെറിയ കുറിപ്പുകൾ മാത്രമാണ് പ്രസിദ്ധപ്പെടുത്തിയിരുന്നത്. അതിനാൽ ഈ "നിർമ്മാജ്ജനപ്രസ്ഥാന"ത്തെപ്പററി കൂടുതൽ അറിയുവാൻ എനിക്കു ഉൽക്കണ്ഠയുണ്ടായിരുന്നു. ഇവയെപ്പററി ശരിയായ വിവരങ്ങൾ ഒന്നും ലഭ്യമായിരു

ന്നില്ല. അതുകൊണ്ടു് കിംവദന്തികളെയും, നഗരത്തിലെ സംഭാഷണങ്ങളെയും അരിച്ചു പെറുക്കി യഥാർത്ഥ വിവരങ്ങൾ ശേഖരിക്കുവാൻ ഞാൻ ശ്രമിക്കേണ്ടി വന്നു.

ചിയാങ്ങ് കൈഷക്ക് ചൈനീസ് വൻകരയിൽ വിട്ടിട്ടു പോയ ക്യൂമിന്താങ്ങ് സൈന്യഭടന്മാർ രാജ്യം മുഴുവൻ ചിന്നിച്ചിതറി താമസിച്ചിരുന്നു. അവരുടെ ആയുധസാമഗ്രികൾ അവർ ഒളിച്ചുവച്ചു. രഹസ്യക്കൂട്ടുകെട്ടുകൾക്കും സംഘടനകൾക്കും പ്രസിദ്ധമായ ഒരു നാടാണ് ചൈന. അങ്ങിനെയുള്ള രഹസ്യ സംഘടനകളിൽ ഈ ക്യൂമിന്താങ്ങ് ഭടന്മാർ ചേർന്നു. ഇവരോടു ദക്ഷിണ ചൈനായിലെ ജന്മിമാരും യോജിച്ചു പ്രവർത്തിച്ചു. ഭൂപരിഷ്ക്കാരംമൂലം അവരെല്ലാം നാമാവശേഷമാക്കപ്പെടുന്ന പരിതസ്ഥിതിയാണ് അവരെ നേരിട്ടിരുന്നതു്. ചൈനീസ് റിപ്പബ്ളിക്ക് ഭരണം സ്ഥാപിച്ചതോടുകൂടി ക്യൂമിന്താങ്ങ് ഭടന്മാരായി രാജ്യത്തുള്ളവരെല്ലാം പേരു് രജിസ്റ്റർ ചെയ്യണമെന്ന് ഗവണ്മെൻറു് പ്രഖ്യാപിച്ചു. അങ്ങനെ ചെയ്താൽ അവരോടു വളരെ ഉദാരമായി പെരുമാറുന്നതാണെന്നു് ഒരു വാഗ്ദാനവും ആ പ്രഖ്യാപനത്തിൽ ഉണ്ടായിരുന്നു. ഏററുപറയാൻ വിസമ്മതിച്ചവരെ മാത്രമാണ് ഗവർമ്മെൻറു് അന്വേഷിച്ചു പിടിച്ചതു്. ഭൂപരിഷ്കാരം പുരോഗമിച്ചതോടുകൂടി ജന്മിമാരും അവരുടെ രഹസ്യ സൈന്യങ്ങളും പലയിടത്തും എതിർപ്പു പ്രകടിപ്പിച്ചു. ഷാംഗ്ഹെയിൽ തന്നെ അയ്യായിരം പേരെ കണ്ടുപിടിച്ചു തൽക്ഷണം വെടിവച്ചു കൊന്നതായി എനിക്കു അറിയുവാൻ കഴിഞ്ഞു.

1949-ൽ ഗവർമെൻറിൻെറ നയം വിശദീകരിച്ചുകൊണ്ടു് മാവോ പ്രഖ്യാപിച്ചതു് ജനകീയ സൈന്യവും, പോലീസും കോടതികളും ശക്തിപ്പെടുത്തുകയാണ് ഉടനെയുള്ള കർത്തവ്യമെന്നാണ്. എന്തെന്നാൽ "സൈന്യവും പോലീസും കോടതികളും ചേർന്നുള്ള ഒരു ഭരണസംവിധാനം കൊണ്ടേ ഒരു വർഗ്ഗത്തിനു് മറെറാരു വർഗ്ഗത്തെ മർദ്ദിച്ചു കീഴ്പെടുത്താൻ സാധിക്കു." ജനകീയ ഗവർമെൻറു് മററു വർഗ്ഗങ്ങളോടു ഉദാര നയം അനുവർത്തിക്കുന്ന കാര്യം അദ്ദേഹം തുറന്നു നിഷേധിച്ചു. "പിന്തിരിപ്പന്മാരോടും എതിർവിപ്ളവക്കാരോടും ഞങ്ങൾക്കു സൗജന്യപൂർവമായ നയമൊന്നുമില്ല." എന്നദ്ദേഹം മേല്പുദ്ധരിച്ച പ്രഖ്യാപനത്തിൽ തന്നെ പറഞ്ഞു. "ജനങ്ങളുടെ നിരയിൽ നിന്നു മാറിനിൽക്കുന്നവരോടല്ല ഞങ്ങളുടെ ഉദാരനയം. ആ നയം ജനങ്ങളുടെ കാര്യത്തിൽ മാത്രമേ ബാധിക്കു."

"ജനങ്ങൾ" എന്ന പദംകൊണ്ടു് ചൈനീസ് ഗവർമെൻറു നിർവചിക്കുന്ന അർത്ഥത്തിൽ ഉൾപ്പെടാത്ത ഈ ഗ്രൂപ്പുകളോടു് വളരെ ദൃഢമായി പെരുമാറുവാനാണു് ഗവർമെൻറുദ്ദേശിച്ചിരുന്നതെന്നു് വ്യക്തമാണ്. അതിനു സ്വീകരിച്ച മാർഗ്ഗം ഒന്നു

കിൽ മരണം അല്ലെങ്കിൽ "തൊഴിലിൽക്കൂടെയുള്ള സംസ്ക്കരണം" അയിരുന്നു. മാവോ പറഞ്ഞു. "പിൻതിരിപ്പൻ വർഗ്ഗത്തിലോ ഗ്രൂപ്പുകളിലോ പെട്ടവർക്ക് ഞങ്ങൾ ഭൂമിയും ജോലിയും നൽകും. അവരുടെ കാലക്ഷേപത്തിനുള്ള പണം സമ്പാദിക്കാൻ അനുവദിക്കും. ഈ തൊഴിലിൽക്കൂടെ പുതിയ വ്യക്തികളായി സ്വയം സംസ്ക്കരിക്കപ്പെടുന്നതിനു അവർക്കു സൗകര്യം നൽകും. അവർ ജോലി ചെയ്യാൻ സന്നദ്ധരല്ലെങ്കിൽ ജനങ്ങളുടെ സ്റ്റേററു് അവരെ നിർബന്ധിച്ചു് ചെയ്യിക്കും"

അതുകൊണ്ടു് "ലിക്വിഡേഷൻ" എന്ന നടപടിയിൽ എപ്പോഴും മരണമാണു് അനുഭവമെന്നു് വിചാരിക്കേണ്ടതില്ല. ചൈനീസ് ഭാഷയിൽ ആ പദത്തിനുള്ള അർത്ഥം "പ്രയോജനരഹിതരാക്കുക" എന്നു മാത്രമാണു്. മുമ്പു് ഞാൻ സൂചിപ്പിച്ച കാൻറൺ വിസ്താരത്തിൽ 22പേർ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു. പതിനൊന്നു പേർക്കു് കൂടി വധശിക്ഷവിധിച്ചിരുന്നു. എന്നാൽ രണ്ടു കൊല്ലത്തേക്കു് ആ ശിക്ഷ മാററി വച്ചു. പതിനാറു പേർ മോചിപ്പിക്കപ്പെട്ടു. ബാക്കി 627 ആളുകളെ ജയിൽ ശിക്ഷയ്ക്കാണു് വിധിച്ചതു്. ജയിൽ ശിക്ഷ എന്നു പറയുന്നതു് തടങ്കൽ പാളയം ആകാം. ററിഹ്ലുവായിൽ 18 പേരെ വധശിക്ഷയ്ക്കും, 6ആളുകളെ രണ്ടു കൊല്ലം കഴിഞ്ഞുള്ള വധത്തിനും, 199 പേരെ വിവിധ ആണ്ടുകളിലേക്കു തടവു് ശിക്ഷയ്ക്കുമാണു് വിധിച്ചതു്. 11 പേർ മാത്രം വിമോചിതരായി.

ഈ വിസ്താരങ്ങളും അന്വേഷണങ്ങളും സംബന്ധിച്ച നടപടികളുടെ ചുമതല മുഴുവൻ പോലീസ് സെക്യൂറിററിഓഫീസിനായിരുന്നു. തെളിവുകൾ ശേഖരിക്കുക, കുററസമ്മതങ്ങൾ ക്ഷണിക്കുക, പൊതുജനങ്ങളിൽനിന്നു് കുററാരോപണങ്ങൾ ആവശ്യപ്പെടുക, അപരാധിയുടെ പേരിലുള്ള ചാർജ്ജ് ഷീററ് തയാറാക്കുക, എന്നിവയെല്ലാം ഈ ആപ്പീസിൻെറ ചുമതലയായിരുന്നു. ശിക്ഷയെന്തായിരിക്കണമെന്നു് ശുപാർശ ചെയ്യുന്ന ഉത്തരവാദിത്വം കൂടെ അവർ നിർവഹിച്ചിരുന്നു. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന കേസ്സുകൾ പരിശോധിച്ച വിധി കല്പിക്കുന്നതിനു ഒരു കമ്മിററിയുണ്ടു്. അവസാനം ഒരു പരസ്യവിചാരണനടത്തും. അപ്പോൾ സാക്ഷികൾ മുമ്പോട്ടു വന്നു് ആരോപണങ്ങൾ ഉന്നയിക്കും. വിസ്താരസമയത്തു് പ്രതി നിശബ്ദത പാലിക്കണമെന്നുള്ളതുകൊണ്ടു് സ്വയരക്ഷയ്ക്കുവേണ്ടി ഒരു വാദവും നടത്താൻ നിർവാഹമില്ല. അന്വേഷണഘട്ടത്തിൽ മാത്രമേ ഉന്നയിക്കപ്പെട്ട തെളിവുകൾ എതിർക്കുകയോ, നിഷേധിക്കയൊ ചെയ്യാൻ അവസരമുള്ളു. ഒരു അഭിഭാഷകനും പ്രതിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഹാജരാകുന്നില്ല. പരസ്യവിചാരണ തന്നെ മററുള്ളവരിൽ ഭീതിയും അനുസരണ ശീലവും സൃഷ്ടിക്കാനുള്ള

ഒരു തരം പ്രചരണോപാധിയാണ്. ജയിൽ ശിക്ഷകൾ കുററവാളികളെ തടങ്കൽ പാളയങ്ങളിലേക്കു നയിക്കും. ഈ പാളയങ്ങളെ അലങ്കാരഭാഷയിൽ "തൊഴിൽ പാളയങ്ങളിൽക്കൂടെയുള്ള സംസ്ക്കരണ"കേന്ദ്രങ്ങളായി ചിത്രീകരിക്കപ്പെട്ടുന്നു.

ഒക്ടോബർ മാസം അവസാന ആഴ്ചയിൽ ഒരു ദിവസം ഞാൻ നാങ്കിംഗിലായിരുന്നു. ഇങ്ങനെയുള്ള ഒരു തടങ്കൽപാളയത്തെപ്പററി ഒരു വിവരണം ഒരു സുപ്രസിദ്ധ ദിനപ്പത്രമായ "സിൻഹുവപാവോ" "എതിർ വിപ്ളവകാരികൾക്കുള്ള ചിങ്ങ്ഹാ കൃഷിത്തോട്ടം" എന്ന ശിർഷകത്തിൽ പ്രസിദ്ധപ്പെട്ടുത്തിയിരുന്നു. ആ ലേഖനം 'ദ്വിഭാഷിഎനിക്കു പരിഭാഷപ്പെട്ടുത്തിത്തന്നു.'വായിക്കാൻ കൗതുകം തോന്നുന്ന ലേഖനമായിരുന്നതു്.

ചിങ്ങ് ഹാ ഫാം ഒരു കൊല്ലം മുമ്പ് എതിർ വിപ്ളവകാരികളെ സംസ്ക്കരിച്ചെട്ടുക്കുവാൻ പബ്ളിക് സെക്യൂറിററി ബ്യൂറൊ ആരംഭിച്ചതാണ്. ഈ സമയംകൊണ്ടു് സാമ്പത്തികമായിത്തന്നെയല്ല, രാഷ്ട്രീയമായും ഈ കൃഷിസ്ഥലം ഒരു വിജയമായിക്കഴിഞ്ഞു. ഉൽപ്പാദനകരമായ പ്രയത്നങ്ങളിൽ ശ്രദ്ധിച്ചു പണിയെട്ടുത്തതുകൊണ്ടു് അനേകം കുററവാളികൾ അവരുടെ പിന്തിരിപ്പൻ ആശയങ്ങളിൽനിന്നു് വിമുക്തി നേടിയിരിക്കുന്നു. ഇവരിൽ അനേകരും തൊഴിൽ ചെയ്യാൻ വളരെ ഉത്സാഹം പ്രദർശിപ്പിക്കുന്നു. മുമ്പിലത്തെ ജീവിതത്തെപ്പററി പശ്ചാത്തപിച്ചുകൊണ്ടു് ഒരു പുതിയ ജീവിതത്തിലേക്കു അവർ പ്രവേശിക്കുകയാണ്. 1950—ലാണ് ചിങ്ങ് ഹാ ഫാം ആരംഭിച്ചതു്. അന്നു ജനവാസമില്ലാതെ വെറും തരിശാക്കിക്കിടന്ന ഒരു ഭൂമിയായിരുന്നു അതു്. ഇപ്പോഴാകട്ടെ എട്ടു പുതിയ ഗ്രാമങ്ങൾ അവിടെ നിർമ്മിച്ചിരിക്കുന്നു. 2500 മുറികൾ * അവിടെ പണിതീർന്നു. 1,500,000 ക്യൂബിക് അടിയുള്ള ഒരു കനാൽ വെട്ടിത്തീർത്തു. അതായതു്.20 ലൈ നീളം വരുമതിനു്. കൂടാതെ ഒരു പൗവ്വർ സ്റ്റേഷനും അവർ നിർമ്മിച്ചിട്ടുണ്ടു് അതുകൊണ്ടു് 50,000 മൗ ഭൂമിക്കുവേണ്ട വെള്ളം പമ്പു ചെയ്യാനും ആവശ്യത്തിനുള്ള വിദ്യുച്ഛക്തി ലഭിക്കുവാനും സാധിക്കുന്നു.

---

* ഇതിൻെറ അർത്ഥം പതിനായിരത്തിലധികം കുററവാളികൾ ആ പാളയത്തിൽ വസിച്ചിരുന്നുയെന്നാണ്. സാധാരണ ചൈനീസുതൊഴിലാളി വീട്ടുകളിൽ ഒരു മുറിയിൽ പതിന്നാലും പതിനാറും പേരെ പാർപ്പിക്കും. 10 അടി നീളവും 8 അടി വീതിയുമുള്ള ഒരു മുറിയിൽ 8 അടി നീളവും ആറടി വീതിയുമുള്ള ഒരു 'കാംഗ്' ഉണ്ടായിരിക്കും. അതിൽ നാലു പേക്കു ശയിക്കാം.

ഇപ്പോൾ അവക്ക് ടെലഫോണും, ആശുപത്രിയും, ഒരു എഞ്ചിനീയറിംഗ് സംഘവും, ഗതാഗതവകുപ്പും ലാബറ ററിയും, യന്ത്രസാമഗ്രികളുടെ ചുമതലവഹിക്കുന്ന സംഘവും ഇഷ്ടിക ചൂളയും, ധാന്യം പൊടിക്കുന്ന മില്ലും, വൈദ്യുതി സഞ്ചികൾ നിർമ്മിക്കുന്ന ഒരു ശാലയുമുണ്ട്.

ഈ ക്രിമിനൽ കുററക്കാർ ഫാമിൽ വന്ന അവസരത്തിൽ ഇവരിൽ പലരും ഒരു ജോലിയും ചെയ്യ ശീലമുള്ളവരല്ലായിരുന്നു. ഉൽപ്പാദനരീതികളൊന്നും അവക്ക വശമുണ്ടായിരുന്നില്ല.അവരിൽ ഭൂരിപക്ഷവും ജോലി ചെയ്യുന്നതിനേപ്പററി ഒരു വക ഭീതിയും വെറുപ്പും ഉള്ളവരായിരുന്നു. പരോക്ഷമായി പലരും ചില പണിമുടക്കു രീതികൾ തന്നെ അവലംബിച്ചു. ഉദാഹരണമായി മണ്ണു ചുമന്നുകൊണ്ടു പോകുമ്പോൾ അവർ മറിഞ്ഞുവീണു പോകുന്നതായി ഭാവിക്കും, വീണിടത്തു കിടന്ന് അല്പം വിശ്രമം അനുഭവിക്കും,അല്ലെങ്കിൽ കുളിമുറിയിൽ കയറി ദീർഘസമയം കഴിക്കും. എങ്ങിനെയെങ്കിലും ജോലി ചെയ്യാതിരിക്കാൻ മാഗ്ഗം തേടും. ചിലർ തുറന്നുതന്നെ, വേല ചെയ്യുന്നതിൽനിന്ന് പ്രതിഷേധിച്ചു മാറും. ചില യന്ത്രങ്ങൾ ആരുമറിയാതെ താറു മാറാക്കിയും, ചില തടങ്കൽപ്പുള്ളികളെ ഒളിച്ചോടുവാൻ സഹായിച്ചും അവർ പണിക്ക് വിഘ്നമുണ്ടാക്കും. എന്നാൽ നിഷ്ക്കർഷമായി ജോലികളിൽ പങ്കെടുത്തും, അവരുടെ ചിന്തകളെ മരുക്കിയെടുക്കുന്ന വദ്യാഭ്യാസപദ്ധതി മൂലവും ഈ ജയിൽവാസികളുടെ മനസ്സിനു വളരെ വ്യക്തമായ പരിവത്തനം സംഭവിച്ചു. അവരിൽ അനേകരും അവരുടെ കുററങ്ങൾ സ്വയം സമ്മതിക്കുകയും അവരുടെ ജീവിതഗതിക്കു മാററംവരുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ചിലരുടെ ശിക്ഷയുടെ കാലാവധി അവസാനിച്ചാൽ പോലും അവിടെനിന്നു വിട്ടുപോകാൻ അവക്ക് മനസ്സില്ല. ഫാമിൽ തുടർന്നു ജീവിച്ചു പണിയെടുക്കാൻ അവർ ആഗ്രഹിക്കുന്നു.

ഇങ്ങനെയൊരു പരിവർത്തനം ഈ ഫാമിൽ സാധിച്ചതെങ്ങനെയാണ്? രാഷ്ട്രീയമായ പരിവത്തനത്തോടനുബന്ധിച്ച് തൊഴിൽപരമായ സംസ്ക്കരണവും കൂടെ സാധിക്കണമെന്നുള്ള തത്വം അംഗീകരിച്ചു പ്രവത്തിച്ചതുകൊണ്ടാണ്. അവരുടെ മനസ്സു മാററികൊണ്ടുവരുന്നതു് അത്ര എളുപ്പമായ കാര്യമല്ലായിരുന്നു. അവരുടെ ചിന്താഭ്യസനത്തിനു എത്രമാത്രം ബുദ്ധിമുട്ടും, ജോലിയും സഹിക്കേണ്ടിവന്നു. "ജനങ്ങളുടെ ജനാധിപത്യസ്വേച്ഛാധിപത്യം"എന്നമാവോസേതുംഗിൻെറ സിദ്ധാന്തംഅവരുടെ അടുക്കൽപ്രഥമമായി വിശദീകരിക്കയും, തൊഴിലിൽ കൂടെയുള്ള സംസ്ക്കരണപദ്ധതി വിവരിച്ചു

കൊട്ടക്കുകയുംചെയ്തപ്പോൾ ആ ആശയത്തിനെതിരായവലിയ അതൃപ്തി അവർ പ്രകടിപ്പിച്ചു. വളരെപ്പേർ കരഞ്ഞു. മററുപലരും നിരാഹരവൃതം തുടങ്ങി. അധികംപേരും അവരുടെ അന്ത്യശാസനങ്ങൾഎഴുതി വച്ചു. കുറച്ചുപേർ ആത്മഹത്യയ്ക്കൊരുങ്ങി. ചിലർ അവിടെനിന്നൊളിച്ചോട്ടവാനുംശ്രമിച്ചു.

ഫാമിലെ ഉദ്യോസ്ഥന്മാർ ഈ കുററവാളികളോട്ട് അവക്ക് ഒരു പുതിയ ജീവിതം നയിക്കുവാനുള്ള പ്രത്യാശയുണ്ടെങ്കിൽ തൊഴിലിൽ കൂടെയുള്ള സംസ്ക്കരണമല്ലാതെ മററു മാർഗ്ഗമില്ലെന്ന് ഉപദേശിച്ചുകൊട്ടത്തു. സാമൂഹ്യജീവിതപുരോഗതിയെപ്പററിയും, ലോകവും അതിലുള്ള സകലതും വേലയെടുക്കുന്നവരാണ് പണിതീർത്തതെന്നുള്ളതിനെക്കുറിച്ചും ക്ലാസ്സുകൾ വച്ച് അവരെ പഠിപ്പിച്ചു. തൊഴിൽ ചെയ്യുകയെന്നതു് വെറുപ്പോട്ടം പരിഹാസത്തോട്ടം കൂടെ വീക്ഷിച്ചിരുന്ന ഈ കുററവാളികൾക്ക്ജോലി എട്ടക്കുന്നതിനോട്ടള്ള മനോഭാവം മാററാൻ അങ്ങനെ സാധിച്ചു. എന്നാൽ തൊഴിൽ ചെയ്യാൻ അവർ തയാറായതിനോട്ടകൂടെ, ഉടനെ അവരുടെ ചിന്താഗതിക്ക് പരിവർത്തനവും സ്ഥിരതയും ലഭിച്ചില്ല. ഇടയ്ക്കിടയ്ക്ക് പുറത്തുള്ള സംഭവവികാസങ്ങൾ അവരെ വ്യതിചലിപ്പിച്ചു, ഉദാഹരണമായി അമേരിക്കൻ സാമ്രാജ്യദുർമോഹികൾ കൊറിയായിൽ വന്നിറങ്ങുകയും, കൊറിയൻ ജനകീയ സൈന്യങ്ങൾ താൽക്കാലികമായി പിൻമാറേണ്ടിവരികയും ചെയ്തപ്പോൾ ഈ കുററവാളികളിൽ പലരും പരസ്പരം അമേരിക്കൻ വിജയസാദ്ധ്യതയെയും, ചിയാംഗ് കൈഷക്കിൻെറ തിരിച്ചുവരവിനെയും പററി പ്രത്യാശാപൂർവ്വം സംസാരിക്കാൻ തുടങ്ങി.

രാഷ്ട്രീയ വിദ്യാഭ്യാസംകൊണ്ടു് ചിന്താപരിവർത്തനംസാധിക്കുന്നതിനുള്ള വിവിധ പരിപാടികളെ വിവരിച്ച ശേഷം ആ ലേഖനം ഇങ്ങനെ തുടരുന്നു:—

ഇതെല്ലാമായാലും എതിർ വിപ്ളവകാരികളെ മരുക്കിയെടുക്കുന്നതു് അത്ര എളുപ്പമുള്ള കാര്യമല്ല. അവരിൽ ചിലർ ഇന്നും യാതൊരു മാററവുമില്ലാതെ തുടരുന്നുണ്ട്. ഫാമിലെ ഉല്പാദനവും ശിക്ഷണവും തകക്കാൻ അവർ കഴിയുന്നതും പ്രവർത്തിക്കയാണ്. അങ്ങനെയുള്ളവക്ക് ശിക്ഷയും പ്രതിഫലവും തമ്മിലുള്ള വ്യത്യാസം ശരിയായി മനസ്സിലാക്കികൊട്ടക്കണം. അവരെ സംബന്ധിച്ച് ശിക്ഷയുടെ വിധങ്ങളും വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗങ്ങളും പ്രയോഗിക്കാതെ തരമില്ല. നേരെ മറിച്ച് ആത്മാർത്ഥമായി പശ്ചാത്തപിക്കുകയും പുതിയ ജീവിതത്തിലേക്കുള്ള ആഗ്രഹം പ്രദർശിപ്പിക്കുകയും ചെയ്യുന്നവരുടെ ശിക്ഷാകാലാവധി കുറച്ചുകൊട്ടക്കുന്നു,

അങ്ങനെ 1950—മാർച്ച് മുതൽ ഇതുവരെ ഇങ്ങനെ പരിവർത്തനം പ്രാപിച്ച ഇരുനൂറുപേർ വിമോചിതരായിട്ടുണ്ട്. അവരിൽ നാല്പതുപേർ ശിക്ഷയുടെ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ വിട്ടയയ്ക്കപ്പെട്ടവരാണ്. പ്രത്യക്ഷമായ അഭിവൃദ്ധികാണിക്കുന്നവർക്ക് പാരിതോഷികങ്ങൾ, ഭൗതികമായും, ആദ്ധ്യാത്മികമായും നൽകി പ്രോത്സാഹിപ്പിക്കും. അവരുടെ ജോലികൾചെയ്യാതെ, തൊഴിലിൽ കൂടെ സ്വയം സംസ്ക്കരണം നിർവഹിക്കുന്നതിനെ എതിരിടുകയോ, അങ്ങനെയുള്ള പ്രസ്ഥാനങ്ങൾ തകിടം മറിക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ ഒളിച്ചോടിപ്പോകുകയോ ചെയ്യുന്നവരെ തക്കവിധത്തിൽ ശിക്ഷിക്കും. കെ. എം.ററി. യുടെ ഒരു രഹസ്യഏജൻറായിരുന്ന ററുഷി–ചിൻ എന്നയാൾ ആറു ക്രിമിനൽ പുള്ളികൾ ഒളിച്ചോടിപ്പോകാൻ സഹായിച്ചു. അയാളെയും ഈ ആറുപേരോടുകൂടി അറസ്റ്റുചെയ്തു ഫാമിൽ തിരിച്ചു കൊണ്ടുവരുകയും, എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ വെടിവെച്ചു കൊല്ലുകയും ചെയ്തു.

ഈ ലേഖനം ചൈനീസ് പത്രപ്രവർത്തനത്തിൻെറ ഒരു ഒന്നാന്തരം മാതൃകയാണ്. ഞാൻ ഈ ലേഖനം ഇത്രയും വിസ്തരിച്ച് ഉദ്ധരിച്ചതു് അതിൻെറ വരികൾക്കിടയിൽഎതിർപ്പിൻെറയും, നിർബന്ധിതതൊഴിൽ പ്രസ്ഥാനങ്ങളുടെയും ആത്മഹത്യയുടെയും യഥാർത്ഥ വാർത്തകൾ പ്രത്യക്ഷമായിക്കാണാവുന്നതുകൊണ്ടാണ്. പത്രങ്ങൾ വാർത്തകൾ പ്രസിദ്ധപ്പെടുത്തുന്നില്ല. സ്റ്റേററിൻെറ പ്രചരണഏജൻസികളായി പ്രവർത്തിക്കണമെന്നാണ് അവരിൽ നിന്നു് പ്രതീക്ഷിക്കപ്പെടുന്നതു്.

എന്നിരുന്നാലും ഈ ലേഖനം നൽകിയ വിവരങ്ങൾ അതേപടി സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനായിരുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതിനു് മുമ്പു് ഇങ്ങനെയുള്ള ഒരു കൃഷിസ്ഥലം കാണിച്ചു തരണമെന്നു് ഞാൻ എൻെറ ദ്വിഭാഷിയോടഭ്യർത്ഥിച്ചു. ഞങ്ങളുടെ സന്ദർശകസംഘത്തിലെ മററു രണ്ടുപേരും ഈഅഭ്യർത്ഥനയിൽഎന്നോടുയോജിച്ചു.എൻെറഅഭ്യർത്ഥനയ്ക്കു മൂകതയായിരുന്നു മറുപടി. ഞങ്ങൾ ഷാംഗ്ഹായിൽ നിന്നു് കാൻറണിലേക്കുപോകുന്നവഴിയാണെന്നു് തോന്നുന്നു,ഒരു റെയിൽ വെസ്റ്റേഷനടുത്തു് ഏകദേശം 200-ൽപരം ജയിൽ പുള്ളികൾ നിരന്നു നിൽക്കുന്നതു് ഞാൻ കണ്ടു. രണ്ടുപേരെ വീതം കയറു കൊണ്ടു് ബന്ധിച്ചിരുന്ന ഈ സംഘം എവിടേയ്ക്കോ മാററപ്പെടുവാൻ വണ്ടികാത്തുനിൽക്കുകയാണ്. ഞങ്ങളുടെ വണ്ടിവന്നു നിന്നതു്, ഈ സംഘം നിന്നിടത്തുനിന്നു അല്പദൂരം മാറിയായിരുന്നു. ഇവരാരാണെന്നറിയുവാൻ ഞാൻ ജിജ്ഞാസുവായിത്തീർന്നു. ഞങ്ങളുടെ സംഘത്തിൻെറ ചുമതല വഹിച്ച ഉദ്യോഗസ്ഥൻെറ

അടുക്കൽ പാഞ്ഞുചെന്നു് അവർ ആരാണെന്നു ഞാൻ ചോദിച്ചു. അദ്ദേഹം അങ്ങനെയൊരു സംഘത്തെ കണ്ടേയില്ലെന്നു മറുപടി നൽകി. ഞാൻ ആ ജയിൽ പുള്ളികളുടെ നിലയും വേഷവു മെല്ലാം വിവരിച്ചുകേൾപ്പിച്ചു. "ആയിരിക്കാം" എന്നു മാത്ര മാണു് ആ ഓഫീസർ നൽകിയ മറുപടി.

എതിർ വിപ്ളവത്തിൻെറ ആപൽ സാദ്ധ്യത, ഏതു നിമി ഷത്തിലും വരാവുന്നതുപോലെ നിലകൊള്ളുന്നുണ്ടെങ്കിലും ഇല്ലെ ങ്കിലും അതിനു് വലിയ പ്രസിദ്ധീകരണം നൽകപ്പെട്ടുന്നുണ്ടു്. എല്ലാ പ്രതികൂലഅഭിപ്രായഗതിക്കാരെയും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള അടവുമാത്രമായിരിക്കും ആ പ്രചരണം. പൊതുവായ പരിപാടി രാജ്യത്തെ അടിസ്ഥാനനിയമമായതു കൊണ്ടു് അതിനു എതിർക്കയോ, അംഗീകരണം നൽകാതിരി ക്കയൊ, വിമർശിക്കയോ ചെയ്യുന്നതു് രാജ്യദ്രോഹത്തിനു തുല്യ മാണു്. ഭീകരതയാണു് സ്വേച്ഛാധിപത്യത്തിൻെറ ഏററവും ഫല പ്രദമായ ആയുധം. അതിൻെറ ശക്തി മുഴുവൻ കമ്യൂണിസ്റ്റു് ചൈനായുടെ ആധിപത്യത്തിനു് തലകുനിച്ചുകൊടുക്കാൻ ജന ങ്ങളെ നിർബന്ധിക്കുന്നതിനു് പ്രയോഗിക്കുന്നുമുണ്ടു്. തടങ്കൽ പാളയങ്ങൾ, അർദ്ധരാത്രിയിൽ നടക്കുന്ന ജനങ്ങളുടെ അന്തർ ദ്ധാനം, അത്മഹത്യാ, പരസ്യവിസ്താരം, പരസ്യവധം എന്നിവ യെല്ലാം പ്രതിദിനജീവിതത്തിലെ സാധാരണ സംഭവങ്ങളായി ത്തീർന്നിരിക്കുന്നു.

ഞാൻ പീക്കിംഗിൽ ആയിരുന്നപ്പോൾ മറെറാരു വിചാര ണയെപ്പററി കേട്ടു. അതിൽ മൂന്നു് ഇററാലിക്കാരും, ഒരു ജർമ്മൻ കാരനും, ഒരു ഫ്റഞ്ചുകാരനും, ഒരു ജപ്പാൻ കാരനും, ഒരു ചൈനാക്കാരനും ഉൾപ്പെട്ടിരുന്നു. ടിയെൻ ആൻ മാൻ 1950 ഒക്ടോബർ ഒന്നാം തീയതി നശിപ്പിച്ചു് അതിനോടുകൂടെ റിപ്പ ബ്ളിക്കു് നേതാക്കന്മാരെ ഒന്നാകെ നിഷ്ക്കാസനം ചെയ്യുവാ നുള്ള ഒരു ഗൂഢാലോചനയിൽ പങ്കെടുത്തുവെന്നാണു് ഇവരുടെ പേരിലുള്ള ആരോപണം. ഫാസിസ്റ്റു് ആശയമുള്ള ജപ്പാൻ, ചൈന, അമേരിക്കൻ ഗവർമെൻറുകളുടെ ചാരന്മാരായി ഇവർ പ്രവൎത്തിച്ചുവത്രെ. ഇവരിലൊരാൾ ഒരു കത്തോലിക്ക ബിഷപ്പും പാപ്പൽ നൺഷിയൊ സംഘത്തിലെ അംഗവുമാണു്. ഇവരുടെ പേരിൽ തയാറാക്കിയ ചാർജ്ഷീററു് സങ്കല്പവൈചിത്രം തികഞ്ഞതാണു്. സാധാരണ സംഭവിക്കാറുള്ളതുപോലെ ഇവ രെല്ലാംകുററം സമ്മതിച്ചു ഏററുപറഞ്ഞതായി വിചാരിക്കപ്പെ ടുന്നു.

മേസ്ക്കോവിചാരണകൾപോലെതന്നെ ഈ ഏററുപറച്ചിൽ "സ്വന്തം ഘാതകൎക്കു സ്തുതിഗീതങ്ങൾ പാടുവാൻ നിർബന്ധിക്കുന്ന ക്രൂരതയുടെ സംസ്കാരവിശേഷത്തിൻെറ അന്ത്യപ്രകടനമാ

ണു"'. * ഈ 'ശുദ്ധാലോചന"ക്കാരെ 1950 സെപ്റ്ററംബർ 26-ാം തീയതി അറസ്റ്റ്ചെയ്തു. പതിനൊന്നു മാസങ്ങൾ സെക്യൂറിററി പോലീസ് അവരെ ദണ്ഡിപ്പിച്ചുകൊണ്ടിരുന്നു. പിന്നീട വരെ പ്രൊക്യൂറേററരുടെ ആപ്പീസിലേക്കയച്ചു. ഒരു സൈനിക കോടതി അവരെ വിസ്തരിച്ചു 1951 ഓഗസ്റ്റ് 17-ാം തീയതി വിധി കല്പിച്ചു. ഈ തീയതികൾക്ക് കൊറിയൻയുദ്ധത്തിൽ ചൈനായുടെ പ്രവേശനവുമായി അല്പം ബന്ധമുണ്ട്. 1950 സെപ്റ്ററംബറിലാണു കൊറിയൻപ്രശ്നത്തിൽ ഇടപെടാൻ ചൈനാ തീരുമാനിച്ചതു്. 1951 ഓഗസ്റ്റ് 23-ാം തീയതി കെയിസോംഗിൽ വച്ചു നടന്ന സംഭാഷണങ്ങൾ പരാജയപ്പെട്ടു. ഈ വിചാരണ സംബന്ധിച്ചുള്ള കുററാരോപണങ്ങളുടെയും വിധിയുടെയും ഓരോ പ്രതി എനിക്കു ലഭിച്ചു. ഈ കടലാസുകളിൽ നിന്നു് പ്രതികൾ കുററം ചെയ്തതായി മനസ്സിലാക്കാൻ വളരെ വിഷമമുണ്ട്. ഇവരുടെ കൈവശമുണ്ടായിരുന്നതായി കണ്ടുപിടിച്ചു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന രേഖകൾ ഒന്നും വിശ്വസനീയമായിത്തോന്നുന്നില്ല. ഒന്നാം പ്രതിയും യു എസ്. സൈനിക മേധാവിയുമായി ബന്ധമുണ്ടെന്നു് കാണിക്കുവാൻ ചൈനാക്കാർ പ്രസിദ്ധപ്പെടുത്തിയ ഒരെഴുത്തു ഞാൻ താഴെ ഉദ്ധരിക്കുന്നു.

പിക്കിംഗ്

29 നവംബർ 1949

പ്രിയ ടോണി,

താങ്കളും 'വൈ'യും സി പിയാൽ പെയി ഹൂതുംഗിലുള്ള എൻെറ ഭവനത്തിൽ ഡിസംബർ 2-ാം തീയതി 12: 45-നു് ലഞ്ചുകഴിക്കുവാൻ സദയം വന്നുചേരണമെന്നഭ്യർത്ഥിക്കുന്നു. അന്നു് ഇവിടെ വരാനുള്ള ക്ഷണം മിസ്റ്റർ ക്ലബ് സ്വീകരിച്ചു കഴിഞ്ഞു. ഞാൻ "വൈ"ക്കു് പ്രത്യേകം ക്ഷണക്കത്തു് എഴുതാതെ സമയവും ബദ്ധപ്പാടും ലാഭിക്കുന്നതിനു് ക്ഷമിക്കണമെന്നു് പറയണം.

നിങ്ങൾ എൻെറ പേക്കു് വെറും തുണ്ടുകടലാസിൽ ക്ലാസ്സിഫയഡ് സാധനങ്ങൾ അയയ്ക്കുന്നതിൽ എനിക്കു പരിഭ്രമം തോന്നുന്നു. ഇതിനു കുഴപ്പമൊന്നുമില്ലെന്നുതാങ്കൾ വിചാരിക്കുന്നുണ്ടോ? നിങ്ങളുടെ പരിചാരകനിൽനിന്നു് പിടിച്ചെടുക്കപ്പെടുന്ന ഒററ എഴുത്തു നമ്മെ രണ്ടു പേരെയും തീരാക്കുരുക്കിൽ വിഴിക്കാൻ മതിയാകുന്നതാണു്.

നിങ്ങൾ അയച്ച സാധനം വളരെ വിലയേറിയതായി

---

* ലെസ്‌ലി പോൾ എഴുതിയ "Age of Terror" എന്ന പുസ്തകത്തിൽനിന്നു്.

ഞാൻ കരുതുന്നു. അതു ലഭിച്ചതിൽ എനിക്കുളവാറ സന്തോഷമാണുള്ളതു്.

എന്നു വിശ്വസ്ത വിധേയൻ,
ഡെയിവ്യു്.

ഈ എഴുത്തു് എഴുതിയ ആളിൻെറ മതൃഭാഷ ഇംഗ്ലീഷായിരിക്കുകയില്ലെന്നാണു് എനിക്കു തോന്നിയതു്. ചൈനീസ്സുഭാഷയുടെ ഒരു പ്രതീതിയാണതിനുള്ളതു്. ഈ കേസുവിസ്താരവും വിധിയും ചൈനായിൽ അധിവസിച്ചിരുന്ന സർവവിദേശിയർക്കും ദുരവ്യാഖ്യാനമായ പ്രാധാന്യമുള്ളതായിരുന്നു. പ്രത്യേകിച്ച റോമൻകാതലിക്കു് പുരോഹിതന്മാക്കു അതങ്ങനെതന്നെയായിരുന്നു. മിഷനറിമാർ അനുഭവിച്ച ദണ്ഡനങ്ങളെപ്പററി അധികമൊന്നും വെളിക്കു കേട്ടിട്ടില്ല. പല മിഷൻ സംഘങ്ങൾക്കും ചില പ്രത്യേക സൗജന്യങ്ങളും അവകാശങ്ങളും അനുവദിക്കപ്പെട്ടിരുന്നു. ഒരു മിഷൻ അധികൃതരിൽനിന്നു ഒരു കുറിപ്പും കൊണ്ടുവന്നാൽ കോടതികളിൽ ഒരു കേസ് ജയിക്കുവാൻ ചൈനീസ് ക്രിസ്ത്യാനിക്കു വിഷമമുണ്ടായിരുന്നില്ല. മിഷൻസംഘങ്ങളിൽ റോമൻ കത്തോലിക്കപുരോഹിതന്മാരാണു് മററുള്ളവരെക്കാൾ അവഹേളിക്കപ്പെട്ടതു്. കാർഡിനൽ സ്പെൽമാൻ, ചിയാംഗ് കെയിഷക്കിൻെറ ഉപദേഷ്ടവായ യു. പിൻ, എന്ന ദേഹത്തെ സന്ദർശിച്ചതും, അതിൻെറ ഫലമായി മേരി ലീഗ് സംഘടിപ്പിക്കപ്പെട്ടതും എതിർ വിപ്ളവസംരംഭമായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു. കമ്യൂണിസം മതത്തിനു നേരെയുള്ള ഭീഷണിയായി കത്തോലിക്കരെ പഠിപ്പിച്ചിരുന്നുവെന്നും, അതുകൊണ്ടു് സർവശക്തിയുമുപയോഗിച്ച് അതിനെ എതിക്കണമെന്നു് അവരോടു ആവശ്യപ്പെട്ടിരുന്നുവെന്നുമാണു് പറയപ്പെട്ടുന്നതു്. കത്തോലിക്കാസഭ ഔദ്യോഗികമായി ഇങ്ങനെ ഒരു പ്രതിരോധപ്രവത്തനത്തിൽ ഏൎപ്പെട്ടിരുന്നില്ല. എങ്കിലും ആ സഭയുടെ ആനുകൂല്യവും പ്രേരണാശക്തിയും എതിർവിപ്ളവപ്രസ്ഥാനത്തിനുണ്ടെന്നു വിശ്വസിക്കപ്പെട്ടിരുന്നു. നിർഭാഗ്യകരമായ ഒരു സങ്കടാവസ്ഥയായിരുന്നു അതു്. അതുവരെ ചൈനീസ്കമ്യൂണിസ്റ്റുകാർ മതകാര്യങ്ങളിൽ ഇടപെടാതിരുന്ന നയം മാററി. പുരോഹിതമർദ്ദനത്തിനു ഒരു നീതീകരണമായി ഇതിനെ ചൂണ്ടിക്കാണിച്ചുപോന്നു.

പീക്കിംഗിലും, നാങ്കിംഗിലുംവച്ചു കന്യാസ്ത്രീകൾ നടത്തിയ അനാഥശാലകൾക്കെതിരായി ആരോപിക്കപ്പെട്ട പല ഖേദകരമായ സങ്കല്പകുററങ്ങളെയും പററി എനിക്കു കേൾക്കുവാനിടയായി. ഒരു കേസിൽ അനാഥശാലയിലെ പ്രായംചെന്ന കുട്ടികൾ കന്യാസ്ത്രീകൾക്കെതിരായി സാക്ഷിമൊഴി കൊടുത്തു. എന്നാൽ പ്രായം കുറഞ്ഞ കുട്ടികളെ പഠിപ്പിക്കാൻ കഴിയാഞ്ഞതുകൊണ്ടോ എന്തോ, സ്നേഹവും ആർദ്രതയും തികഞ്ഞ പെരുമാററമാണു്

കന്യാസ്ത്രീകളിൽനിന്നു ലഭിക്കുന്നതെന്നു് മൊഴികൊടുത്തു. അങ്ങനെയുള്ള അനവധി കഥകൾ ചൈനായിൽ എവിടെ ചെന്നാലും കേൾക്കാം. അവ എന്നെ അസ്വസ്ഥനാക്കി. മനപ്പൂർവ്വം യുദ്ധത്തിനു വേണ്ടിയുള്ള വിദ്വേഷം ആളി കത്തിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യത്താണു് ഞാൻ നിൽക്കുന്നതെന്നുള്ള ഒരു തോന്നൽ എനിക്കുണ്ടായി.

ഇന്നു എഴുപതു വിദേശികൾ ചൈനീസ് കാരാഗൃഹങ്ങളിൽ കിടന്നു കഷ്ടപ്പെടുന്നുണ്ടു്. അവരുടെ കുററമെന്താണെന്നവർക്കറിഞ്ഞുകൂടാ. നീതിപൂർവ്വമായ ഒരു വിസ്താരമൊ, അവരുടെ നിരപരാധിത്വം തെളിയിക്കാനുള്ള നിയമസൗകര്യമൊ അവർക്കു ലഭിക്കയില്ല. "പൊതുപരിപാടി"യിലെ 7—ാം വകുപ്പു് അനുശാസിക്കുന്നതു് ജനകീയ ജനാധിപത്യത്തെ അതായതു് കമ്യൂണിസ്സത്തെ എതിർക്കുന്ന എതിർ വിപ്ളവകാരികളെ എല്ലാം അമർച്ച ചെയ്യണമെന്നാണു്. എല്ലാ ആരോപണങ്ങളെയും പരിശോധന നടത്തി, 'അയഞ്ഞുകിടക്കുന്ന ചരടുകൾ മുറുക്കിക്കെട്ടണം.' ഷാംഗ് ഹായിൽ അങ്ങനെയുള്ള പരിശോധനയും, ക്രോസ്സ് വിസ്താരവും നടന്നതു് എനിക്കു നേരിട്ടറിയുവാൻ ഇടവന്നു. എലക്ട്രിക്കൽ വകുപ്പിലുള്ള ഒരു തൊഴിലാളി, എതിർവിപ്ളവകാരിയെന്ന കുററാരോപണത്തിനു് വിധേയനായി. അയാളോടു വിരോധമുള്ള ഏതാനും കൂട്ടുജോലിക്കാരാണു് സാക്ഷികളായി വിളിക്കപ്പെട്ടതു്. അയാൾക്കെതിരായുള്ള ആരോപണങ്ങളെ കൂട്ടിക്കെട്ടി ശരിപ്പെടുത്തിയ ഒററ ഒരു തെളിവു് അയാൾ "വോയിസ് ഓഫ് അമേരിക്ക" എന്ന അമേരിക്കൻ പ്രക്ഷേപണം കേട്ടു എന്നുള്ളതു മാത്രമാണു്.

ഇതു തന്നെയാണു് എതിർ വിപ്ളവകാരികളെന്നും ചാരന്മാരെന്നും അറിയപ്പെടുന്ന ഓരോരുത്തർക്കും ലഭിക്കുന്ന അനുഭവം. എന്നാൽ സാധാരണക്കാരൻെറ ഗതിയെന്താണു്? നിയമത്തിൻെറ വാഴ്ച അവൻെറ കാര്യത്തിൽ ബാധിക്കുന്നുണ്ടോ? ജനാധിപത്യത്തിൻെറ മൗലികപ്രമാണങ്ങളിൽ ഒന്നു് വ്യക്തിയുടെ അവകാശങ്ങൾ നിയമം പരിരക്ഷിക്കുമെന്നുള്ളതാണു്. ചൈനായിൽ വ്യക്തിക്കൊരവകാശവുമില്ല, ഒരു ഗ്രൂപ്പിൻെറ അല്ലെങ്കിൽ സംഘത്തിൻെറ ഒരംഗമെന്നുള്ളതു മാത്രമാണ വ്യക്തിയുടെ സ്ഥാനം. ഉടമ്പടിപ്രകാരമുള്ള അവൻെറ അവകാശങ്ങൾ സ്റ്റേററിനോടുള്ള അവൻെറ ബന്ധത്തെ ആസ്പദമാക്കിമാത്രമാണു്. "പൊതുപരിപാടി" അനുസരിച്ചു സംഘടിപ്പിച്ചിട്ടുള്ള സ്റ്റേറു് മാത്രമെ എന്തെങ്കിലും സ്ഥാനമൊ പരിഗണനയൊ അർഹിക്കുന്നുള്ളു. വ്യക്തിക്കു ആ സ്ഥാനമില്ല. ജൂഡീഷ്യറി അതുകൊണ്ടു് ഭരണാധികാരികളായ എക്സിക്യൂട്ടീവിൻെറ പരിചാരികമാത്രമാണു്. അതുകൊണ്ടു് സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റീസ്

ഗവണ്മെൻറിലെ ഒരംഗമാണ്. രാഷ്ട്രീയമായ പ്രത്യേക ഉദ്ദേശങ്ങൾക്കും ആലോചനകൾക്കും അദ്ദേഹം നിയോഗിക്കപ്പെടാറുമുണ്ട്. രാഷ്ട്രീയമാണ് നിയമത്തെ ഭരിക്കുന്നതു്; നീതിനിർവഹണമെയല്ല നിയമത്തിൻെറ ആധാരം.

കോടതികളിൽ ന്യായാധിപന്മാക്കു നിയമപരിജ്ഞാനം ആവശ്യമായിരുന്നില്ല. പീപ്പിൾസ് കോർട്ട് എന്നറിയപ്പെടുന്ന ജനകീയ കോടതികളിൽ ചിലതു് പീക്കിംഗിലും നാങ്കിംഗിലും,ഷാംഗ്ഹായിലും ഞാൻ സന്ദർശിച്ചു;വിസ്താരങ്ങൾ ശ്രദ്ധിച്ചു. നിയമത്തെ സംബന്ധിച്ചുള്ള സാധാരണ തത്വങ്ങളും ധാരണകളുമായി എന്തെങ്കിലും പരിചയം ന്യായാധിപന്മാക്കുള്ളതായി കണ്ടില്ല. രാഷ്ട്രീയമായ വിശ്വസ്തതയും ഭക്തിയുമുണ്ടെന്നു് സ്റ്റേററിനു വിശ്വാസം തോന്നിയവർ മാത്രമായിരുന്നു അവർ. ഔപചാരികമായ യാതൊരു നടപടികളും അവിടെ ആചരിക്കപ്പെട്ടില്ല. മുമ്പു നടന്നിട്ടുള്ള കേസ്സുകളും വിധികളും മാഗ്ഗദർശകമായി ഉദ്ധരിക്കപ്പെട്ടുന്നില്ല. നിയമപുസ്തകങ്ങളൊന്നും അവിടെ കാണാനെയില്ല. പ്രോസിക്യൂട്ടർമാരായോ, പ്രതി വക്കിലന്മാരായിട്ടോ അഭിഭാഷകർ വാദം നടത്താൻ സന്നിഹിതരായിട്ടില്ല. വിധികത്താക്കളായ ട്രിബ്യൂണൽ,അദ്ധ്യക്ഷനായ ഒരു മജിസ്റ്റേട്ടും, കുററവാളിക്കു അംഗത്വമുള്ള വർഗ്ഗ സംഘടനയുടെ പ്രതിനിധിയും, റിക്കാർട്ടുകൾ എഴുതിയെടുത്തു സൂക്ഷിക്കുന്ന ഒരു ക്ലാക്കും മാത്രം ഉൾപ്പെട്ടതാണ്. പഴയ നിയമങ്ങളെയെല്ലാം അസ്ഥിരപ്പെട്ടുത്തിയിരിക്കുന്നു. ഇപ്പോൾ വിവാഹ നിയമം, ട്രേഡ്യൂണിയൻ നിയമം, ഭൂപരിഷ്കാരനിയമം എന്നിവയും "പൊതുപരിപാടി" യുമാണു സ്റ്റേററിലെ അടിസ്ഥാനനിയമങ്ങൾ. കോടതികളിൽ സന്ദർശകരായി വന്നുകൂടിയിരിക്കുന്നവക്കും വിസ്താരങ്ങളിൽ പങ്കെടുക്കാൻ അനുവാദമുണ്ട്. അവരിൽ ആക്കെങ്കിലും സാക്ഷികളായി മുമ്പോട്ടുവന്നു് കഠിനമായ ആരോപണങ്ങൾ നടത്തുകയും, കൂടുതൽ നിർദ്ദയമായ ശിക്ഷനൽകണമെന്നു് ആവശ്യപ്പെട്ടുകയും ചെയ്യാം.

പീക്കിംഗിൽ ജനകീയ കോടതിയിൽ വിസ്തരിച്ച ഒരു വിവാഹ മോചനക്കേസു ഞാൻ കേട്ടു. മൂന്നു കുട്ടികളുടെ മാതാവായ ഒരു സ്ത്രീ ഭത്താവിൻെറ ക്രൂരമായ പെരുമാററങ്ങൾ മൂലം വിവാഹമോചനത്തിനാവശ്യപ്പെട്ടിരിക്കുകയാണ്. ഭത്താവു് ഈ കാര്യം ഒന്നുകൂടെ പുനരാലോചന ചെയ്യണമെന്നു് കോടതി അയാളോടഭ്യത്ഥിച്ചു. "നിങ്ങൾക്കു പഴയ 'ഫ്യൂഡൽ' ആശയങ്ങളേതെങ്കിലും മനസ്സിൽനിന്നു പോകാതെ കിടപ്പുണ്ടോ എന്നു് പരിശോധിക്കുക. നിങ്ങളുടെ ഭാര്യയെ സ്വയം വിദ്യാഭ്യാസം ചെയ്യാനും, അവളുടെ സാംസ്കാരികനില ഉയത്താനും നിങ്ങൾസഹായിക്കണം.

അല്ലാതെ അവളോടു ക്രൂരമായി പെരുമാറുകയല്ല വേണ്ടതു്. അതിരുകടന്ന ദേശാഹങ്കാരം നിങ്ങൾക്കുണ്ടെങ്കിൽ അതു് ദൂരത്തെറിയുക" ആ ദമ്പതികൾ കേസ്സു പിൻവലിച്ചു.

നാങ്കിംഗിൽ ഒരു കൊലക്കേസ്സു വിസ്താരമാണു ഞാൻ കേട്ടതു്, ഒരു അമ്മാവിയമ്മ മരുമകളെ ആത്മഹത്യ ചെയ്യാൻ ഇടയാക്കിയെന്നാണു് കേസു്. ശ്വശുരൻ ഭാര്യയുടെ ചൊൽപ്പടിക്കു നടക്കുവനായതുകൊണ്ടു് അവളുടെ ക്രൂരനടപടികൾ തടഞ്ഞിരുന്നില്ലെന്നുള്ളതു് അയാളുടെ പേരിലും കുററമായി. മരിച്ച സ്ത്രീയുടെ ഒരു ഭർത്തൃസഹോദരനും, രണ്ടു ഭർത്തൃസഹോദരികളും, ഈ സ്ത്രീയെ ഉപദ്രവിച്ചതായി കുററാരോപണമുണ്ടു്. ഈ കേസ് വളരെ പൊതുജനതാല്പര്യം ജനിപ്പിച്ച ഒന്നായിരുന്നതുകൊണ്ടു് പ്രതികളുടെ അയൽവാസികളായും മററും ധാരാളംപേർ വിസ്താരം കേൾക്കുവാൻ കോടതിയിൽ തടിച്ചുകൂടി. മജിസ്ട്രേട്ടു് പ്രതികളുടെ പേരിലുള്ള ആരോപണങ്ങളും തെളിവുകളും വായിച്ചു. അതു കഴിഞ്ഞു സന്ദർശകരിൽ പലരും മുമ്പോട്ടു വന്നു് പ്രതികൾക്കെതിരായി സാക്ഷിമൊഴി നൽകി. അയൽവാസികളായിരുന്നതുകൊണ്ടു് കേട്ടറിഞ്ഞ ചില സംഭവങ്ങൾ വിവരിക്കയായിരുന്നു അവരുടെ തെളിവു്. പ്രതികൾ ഇവരെ ക്രോസു വിസ്താരം നടത്തിയില്ല; കൊണ്ടുവരപ്പെട്ട തെളിവുകൾ നിഷേധിക്കുവാൻ മാത്രമെ പ്രതികളെ അനുവദിച്ചുള്ളു. അവസാനം, തൻെറ ഭാര്യ മരുമകളെ ദ്രോഹിച്ചതായി ശ്വശുരൻ ഏററുപറഞ്ഞു. ഈ അവസരത്തിൽ, ജനാധിപത്യ വനിതാ സംഘടനയുടെ ഒരു പ്രതിനിധി,സാമൂഹ്യ പരിഷ്ക്കാരം, സ്ത്രീകളുടെ പദവി, കുടുംബജീവിതം എന്നിവയെപ്പററി കോടതിയിൽ ഒരു പ്രഭാഷണം നടത്തി. ഇതു കഴിഞ്ഞു് പ്രതികളെയെല്ലാം ശിക്ഷിച്ചുകൊണ്ടു് മജിസ്ട്രേട്ടു വിധിപറഞ്ഞു. വൃദ്ധയായ അമ്മാവിയമ്മയ്ക്കു് 15 വർഷത്തെ ജയിൽശിക്ഷ ലഭിച്ചു. "പെൺകോന്ത"നായതിനു് ഭർത്താവിനു് രണ്ടു കൊല്ലത്തെ തടവും കിട്ടി.

ഷാംഗ്ഹായിലും മറെറാരു കൊലക്കേസ്സാണു് ഞാൻ കേട്ടതു്. ഇവിടെ "പെൺകടുവ" എന്നറിയപ്പെടുന്ന ഒരു സ്ത്രീ വേലക്കാരിയെ ഹിംസിച്ചതായിരുന്നു കേസ്. കുമിന്താങ്ങു് ഭരണകാലത്തു് ചാർജ്ജു ചെയ്ത ആ കേസിൽ പോലീസ് ഈ സ്ത്രീയെ വെറുതെ വിട്ടതായിരുന്നു. ഈ കേസ് ഇപ്പോൾ വീണ്ടും ചികഞ്ഞെടുക്കുകയും അയൽവാസികൾ പ്രതിക്കെതിരായി സാക്ഷിമൊഴി നൽകാൻ മുമ്പോട്ടു വരികയും ചെയ്തു. ചാർജ്ജ് ഷീററിൽ ഇവളുടെ മകൻ ജപ്പാൻകാർക്കു് രഹസ്യവിവരം നൽകുന്ന ഒരുത്തനാണെന്നും, കുമിന്താങ്ങിൻെറ ചാരനാണെന്നുമുള്ള വാചകങ്ങൾ ഉണ്ടു്. കേസുമായി യാതൊരു ബന്ധവുമുള്ള വിവരങ്ങളല്ലായിരുന്നു ഇവ. സ്ത്രീ ഒരു എതിർ വിപ്ലവകാരിയെന്നു വരുത്താൻ

ഇതുക്കൂടെ ചേർത്തതായിരിക്കും. ക്രോസ്സുവിസ്താരമൊന്നും ഉണ്ടായിരുന്നില്ല. തെളിവുകൾ പ്രതി നിഷേധിക്കമാത്രം ചെയ്തു.

ഈ വിസ്താരങ്ങൾ എന്നെ ധരിപ്പിച്ചതു് ചൈനായിൽ ജഡ്ജിയുടെയും പ്രോസിക്യൂഷൻെറയും ജോലികൾ ഒരാളിൽ സംയോജിപ്പിച്ചിരിക്കയാണത്രെ. ഏതെങ്കിലും ഒരു കുററവാളി അവൻെറ നിരപരാധിത്വം തെളിയിക്കുന്നതുവരെ അവൻ കുററക്കാരനാണെന്നുള്ള സങ്കല്പമാണു് ഇവിടത്തെ വിസ്താരങ്ങളുടെ വൈഷമ്യങ്ങൾ വളരെ വർദ്ധിപ്പിക്കുന്നതു്. നിയമത്തിൻെറ വാഴ്ച നടക്കാത്തതുകൊണ്ടു് തെളിവുകളെ ആസ്പദമാക്കിയുള്ള നീതി ലഭിക്കാൻ ഒരു വ്യക്തിക്കു സൗകര്യം ലഭിക്കുന്നില്ല.

## 3

# സാൻ ഫാൻ വ്യ ഫാൻ

ഞാൻ ചൈനായിൽ തിരിച്ചു വന്ന പ്രഥമ ദിവസം തന്നെ, ഉത്തര ചൈനായിൽനിന്നും രാജ്യം മുഴുവൻ വ്യാപിച്ചുവരുന്ന ഒരു പുതിയ പ്രസ്ഥാനത്തിന്റെ ഒഴുക്ക് കാൻറണിൽ വച്ചു ഞാൻ കണ്ടു. തെരുവുകളിൽ "നിയമം ലംഘിച്ചു വന്ന ബിസ്സിനസ്സ്" എന്നു പ്രഖ്യാപിക്കുന്ന ഔദ്യോഗിക മുദ്രവച്ചു പൂട്ടിയിരുന്ന ഈ പീടികകൾ ഈ ഒഴുക്കിന്റെ ശക്തി എന്നെ അറിയിച്ചു. പണ്ടത്തെ ബ്രിട്ടീഷ് സൗജന്യപ്രദേശത്തെ നഗരവുമായി വേർപെടുത്തിയ കനാലിന്റെ എതിരായി ഒരു ചെറിയ ഷോപ്പിന്റെ മുൻവശത്തു് മുദ്രാവാക്യങ്ങൾ വിളിച്ചുപറയുന്ന ഒരു ജനക്കൂട്ടത്തെ കാണാമായിരുന്നു. ഷോപ്പിനുള്ളിൽ തറയുടെമദ്ധ്യത്തിൽ ഷോപ്പ് ഉടമസ്ഥൻ കൈപിറകിൽ കെട്ടി തന്റെ ജോലിക്കാരുടെ മുമ്പിൽ മുട്ടുകുത്തി വണങ്ങി ദൃഷ്ടികൾ കീഴോട്ടു പതിച്ചു നിന്നിരുന്നു. 'അവിടെ എന്താണ് നടക്കുന്നതു്?' ഞാൻ ചോദിച്ചു "ഒരു യോഗം" എന്നായിരുന്നു ഒററവാക്കിലുള്ള മറുപടി. 'ഏതു തരം യോഗമാണ്?' ഞാൻ വീണ്ടും ചോദിച്ചു. അതിൽ കൂടുതൽ യാതൊരു വിവരവും എനിക്കു ലഭിച്ചില്ല.

അന്നു രാവിലെ തന്നെ, ഇതേ തരത്തിലുള്ള മറെറാരു രംഗം നദീതീരത്തുള്ള റോഡിൽവച്ചു ഒരു മരത്തണലിൽ നടക്കുന്നതും എനിക്കു കാണുവാനിടയായി. ഏതാനും യുവാക്കളും യുവതികളും കയ്കളിൽ നോട്ടുബുക്കുകളും പെൻസിലുകളുമായിരുന്ന് വളരെ ഗൗരവമായ ചർച്ചയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഞാൻ അവരുടെ അടുക്കൽ നിന്നു് അവരോടു സംസാരിച്ചു. നഗരത്തിന്റെ മറെറാരു ഭാഗത്തുള്ള ഒരു സ്കൂളിലെ വിദ്യാർത്ഥിനീവിദ്യാർത്ഥികളായിരുന്നു അവർ. ആൻറി ത്രി. (ത്രികാര്യവിരുദ്ധം) ആൻറിഫൈവ് (പഞ്ചകാര്യവിരുദ്ധം) സാൻഫാൻ വൂഫാൻ എന്നീ പ്രസ്ഥാനങ്ങളെപ്പററി അവർ പഠിക്കുകയായിരുന്നു എന്നവർ പറഞ്ഞു. അഴിമതി, ഉദ്യോഗസ്ഥദുഷ്പ്രഭുത്വം, പാഴ്ച്ചെലവു് എന്നീ മൂന്നു ദൂഷ്യങ്ങളെപ്പററി അവർ ചർച്ചകൾ നടത്തുകയായിരുന്നു. "നിങ്ങളുടെ സ്കൂളിലുള്ള പഠിത്വമുപേക്ഷിച്ചു് ഇവിടെ വന്നിരുന്നു പാഴ്ച്ചെലവിനെപ്പററിയുള്ള

പഠനം നടത്തുന്നതു പാഴ്‌വേലയല്ലേ?" എന്നു ഞാൻ ചോദിച്ചു. "സ്കൂൾ പൂട്ടിയിരിക്കയാണ്. കൂടാതെ ഇതു ഞങ്ങളുടെ സ്വദേശസ്നേഹം അനുശാസിക്കുന്ന കർത്തവ്യമാണ്" അതിലൊരാൾ മറുപടി പറഞ്ഞു. എൻെറ ചോദ്യംകൊണ്ടു് വിഷമിച്ച ദ്വിഭാഷി അവിടെനിന്നു മാറിപ്പോകാമെന്നു് അഭിപ്രായപ്പെട്ടു.

ഈ കാഴ്ച കാൻറണിൽ പലയിടത്തും അന്നു ഞാൻ കണ്ടു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഘോഷയാത്രകൾ ഷോപ്പുകളിലും ഫാക്ടറികളിലുമുള്ള തൊഴിലാളികളുടെ പട്ടണപ്രദക്ഷിണങ്ങൾ, ചെണ്ടയുടെ താളത്തിനൊത്തു കൊടികൾപറപ്പിച്ചുപോകുന്നതു ഞാൻ കണ്ടു. ചെണ്ടകൾ "യാംഗ്കൊ"താളമാണു് കൊട്ടിയതു്. കൊയ്ത്തുകാലത്തെ ചെണ്ടമേളമാണതു്. വിദൂരമായ ആഫ്റിക്കൻ മദ്ദളങ്ങളുടെ മാത്രകളും വികാരാവേശവുമാണു് അതിനുള്ളതു്. എവിടെയും ഈ മാർച്ചിംഗ് നടന്നുകൊണ്ടിരുന്ന ചിലരെല്ലാം അവരുടെ മേൽ ആരോപിക്കപ്പെട്ടുന്ന അഴിമതികളുടെയും,കൈക്കൂലിയുടെയുംപേരിൽ അനിവാര്യമായിവരുന്ന ദുർവഹമായ പ്രതികാരമർദ്ദനങ്ങൾ അനുഭവിക്കുന്നതിലും ഭേദം ആത്മഹത്യയാണെന്നു് മനസ്സിലാക്കി. ചൈനാക്കാർ പറഞ്ഞതു് ഇതു രാജ്യത്തിൻെറ ധാർമ്മികപുനരായുധീകരണമാണെന്നാണു്. ജനങ്ങളെ പിഴിഞ്ഞെടുത്തുകൊണ്ടിരുന്ന പഴയ പാരമ്പര്യങ്ങളുടെ നേരെ രാജ്യവും പാർട്ടിയും ധർമ്മസമരം നടത്തുകയാണത്രെ. പവിത്രീകരണം സാധിക്കുന്ന ഒരു കുമ്പസാരകർമ്മത്തിൻെറയും ശുദ്ധീകരണം നടത്തുന്ന രാഷ്ട്രീയ സ്വയം വിമർശനത്തിൻെറയും വൈരാഗ്യം ഈ പ്രസ്ഥാനത്തിൽ ദൃശ്യമായിരുന്നു.

1951 ആരംഭത്തിൽ കിയാംഗ്സിപ്രോവിൻസിലുള്ള ജൂചുവാനിൽ പാർട്ടിയംഗങ്ങളുടെ ചില പ്രവർത്തനങ്ങൾ അനഭിലഷണീയമായിത്തീർന്നതു് കണ്ടുപിടിക്കപ്പെട്ടു. പോലീസ്‌മേധാവിയും, പ്രചരണവകുപ്പിൻെറ ചാർജ്ജ് വഹിച്ചയാളും, മററു പല പാർട്ടിയംഗങ്ങളും അഴിമതിയും, കൈക്കൂലിയും മററു നാനാവിധങ്ങളും കാണിച്ചുവന്നതായി കണ്ടതിനാൽ അവർ പാർട്ടിയിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടു. ഏപ്രിൽമാസത്തിൽ റവന്യൂഡിപ്പാർട്ടുദ്യോഗസ്ഥന്മാരുടെയിടയിൽ നടന്ന ഒരു ഗൂഢാലോചന വെളിയിൽവന്നു. ചെറുകിടഉദ്യോഗസ്ഥന്മാരായ (കാൻപുസ്) മുപ്പത്തിയൊന്നുപേർ ചേർന്നു് 700കോടി യുവാൻ അപഹരിച്ചു. (പത്തുലക്ഷം യുവാൻ=16പവൻ=45ഡോളർ) ഇതിനെത്തുടർന്നു് പല അപഹരണങ്ങളും നടന്നു. ഗതാഗതവകുപ്പു മന്ത്രിയുടെ ആഫീസിലെ പതിനേഴ കാൻപുസ്‌മാർ ചേർന്നു 800കോടി യുവാനും പൂർവ്വചൈനായിൽ മറെറാരു ഉദ്യോഗസ്ഥസംഘം 2000കോടി യുവാനും അപഹരിച്ചു. അങ്ങനെ പാർട്ടി

യിൽ പല അഴിമതികളും നടക്കുന്നുവെന്നുള്ളതിനു് തെളിവുകൾ വർദ്ധിച്ചുകൊണ്ടിരുന്നു. പുതുതായി പാർട്ടിയിൽ ചേർന്ന അനേകായിരങ്ങൾ പാർട്ടിയുടെ ആദർശനിഷ്ഠകളുടെ ശക്തിക്കു കോട്ടം വരുത്തി. പെട്ടെന്നുള്ള അധികാരസ്ഥാപനം, പാർട്ടിനിരയിൽ അലംഭാവവും ശക്തിക്ഷയവും വരുത്തുവാൻ സഹായിച്ചുവെന്നാണു് വിചാരിക്കേണ്ടതു്. വിപ്ളവത്തിന്റെ ഉന്മേഷവർദ്ധന മത്സരത്തിൽക്കൂടെയാണു് ലഭിക്കുന്നതു്. സമരം അവസാനിച്ചപ്പോൾ ആ ഉന്മേഷം കുറഞ്ഞു. ജീവിതസുഖങ്ങളിലേക്കു കണ്ണു തിരിച്ചപ്പോൾ ഒളിഞ്ഞുകിടന്ന അഴിമതിയുടെ തല വെളിക്കു വന്നു. ചൈനീസ് സാമൂഹ്യജീവിതത്തിൽ അഴിമതി ഒരു മഹാവ്യാധിയായി അനേകകാലം നിലനിന്നതാണു്.

ലിയു ഷാവൊ—ചിയുടെ അഭിപ്രായത്തിൽ "ആധുനിക ചൈനായിലെ സാമൂഹ്യജീവിതനിരയിൽ കമ്യൂണിസ്റ്റ് പാർട്ടിയാണു് ഏററവും ഉജ്ജ്വലവും പുരോഗമനാത്മകവുമായ വിഭാഗത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതു്. ലോകത്തിലെ ഏററവും ബോധവാന്മാരായ പുരോഗമനവാദികളേയും വിവേകശാലികളെയുമാണു് കമ്യൂണിസ്റ്റുപാർട്ടിയിൽ ശേഖരിക്കുവാൻ കഴിഞ്ഞിട്ടുള്ളതു്" എന്നാൽ ഇങ്ങനെയുള്ള പാർട്ടി അത്രയും അഴിമതിരഹിതമാണെന്നോ അത്രയ്ക്കു് ധാർമ്മികനില പാലിക്കുന്നുവെന്നോ ഇപ്പോൾ കണക്കാക്കപ്പെടുന്നില്ല. അനവധി കിംവദന്തികളും, അവസംബന്ധിച്ചുള്ള അസ്വസ്ഥതകളും രാജ്യമാകെ വ്യാപിച്ചിരുന്നു. എന്തെങ്കിലും നിഷ്ക്കർഷയായ നടപടികൾ എടുക്കുകയല്ലാതെ ഗത്യന്തരമില്ലാതായി. എങ്ങനെ കാര്യങ്ങൾ തുടരണമെന്നു് ലിയു ചൂണ്ടിക്കാണിക്കുന്നു. "അന്ധകാരസംപൂർണ്ണവും പ്രതിലോമപരവുമായ സ്വാധീനശക്തികൾക്കെതിരായി മാത്രം നാം പടവെട്ടിയാൽ പോര. സാമൂഹ്യജീവിതത്തിലെ അന്ധകാരമയവും, പ്രതിലോമപരവുമായ വശങ്ങളെ പാർട്ടിയിൽ പ്രതിബിംബിപ്പിക്കുന്ന ചഞ്ചലഹൃദയക്കാർക്കും ചപലമനസ്ഥിതിക്കാർക്കുമെതിരായി നാം ഉൾപ്പാർട്ടിസമരം നടത്തേണ്ടിയിരിക്കുന്നു. ഈ സുദീർഘസമരത്തിൽ നാം സഖാക്കളെ പരിശീലിപ്പിക്കുകയും വിമർശിക്കുകയും മനോധൈര്യം നൽകി ഉറപ്പിക്കുകയും സംസ്ക്കരിച്ചെടുക്കുകയും വേണം. അവർക്കു തെററായ പല ആശയങ്ങൾ ഉണ്ടെങ്കിലും അവരുടെ തെററു തിരുത്തിക്കൊണ്ടുവരുന്നതു് അസാദ്ധ്യമായി കരുതേണ്ടതില്ല."

നിഷ്ഠുരനും പാർട്ടിയിലെ അഴിമതരഹിതനായ സുശിക്ഷിതനേതാവുമായ കാവൊ കാംഗ് വിപുലമായ ഒരു ശുദ്ധീകരണനടപടി എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ചൂണ്ടിക്കാണിച്ചു. അദ്ദേഹം കേന്ദ്ര ജനകീയ ഗവർമ്മെൻറിന്റെ

ഉപാദ്ധ്യക്ഷനും ഉത്തരപൂർവദേശത്തെ ജനകീയഗവർമ്മെൻറിൻെറ അദ്ധ്യക്ഷനുമായിരുന്നു. 1951 ഓഗസ്റ്റ് മാസത്തിൽ മഞ്ചൂറിയായിലെ പാർട്ടിനേതാക്കന്മാരെ അഭിസംബോധനചെയ്തു കൊണ്ടു് അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചു. "ഭൂനിയമപരിഷ്ക്കാരം കഴിഞ്ഞുള്ള ഗ്രാമങ്ങളിലെ സാമ്പത്തികഗതികളെപ്പററിയുള്ള തെററിദ്ധാരണകൾ, വലതുപക്ഷ വീക്ഷണങ്ങളുടെ ഫലമാണെന്നു മനസ്സിലാക്കാം. ഭൂപരിഷ്ക്കാരം കൊണ്ടു് ഗ്രാമങ്ങൾ അഭിവൃദ്ധിപ്പെട്ടുവരുന്നതിനാൽ ചില സഖാക്കൾ കരുതുന്നതു് സ്വാഭാവികമായി ഗ്രാമീണകർഷകൻ ശക്തിപ്രാപിക്കുമെന്നാണു്. വർഗ്ഗവിഭജനം അങ്ങനെ അവിതർക്കിതമായി വന്നുചേരുമെന്നും, അതുകൊണ്ടു് കാർഷികോൽപ്പാദനം സംഘടിപ്പിച്ചു് വർദ്ധിപ്പിക്കേണ്ട ആവശ്യമില്ലെന്നും ഈ സഖാക്കൾ കരുതുന്നു. പരസ്പരസഹായ പരിപാടിയും ആവശ്യമില്ലെന്നു തന്നെയല്ല കാർഷികസംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൂട്ടുകൃഷിയായി വികസിപ്പിക്കേണ്ട ആവശ്യം ഒട്ടുമില്ലെന്നുമാണു് അവരുടെ അഭിപ്രായം. ചില സഖാക്കൾ വിചാരിക്കുന്നതു് ഗ്രാമീണ കർഷകശക്തി എങ്ങനെ വികസിക്കുമെന്നു പരിമിതി കല്പിക്കുവാൻ സാദ്ധ്യമല്ലെന്നാണു് അവർ ഒരു കാര്യം വിസ്മരിക്കുന്നു. ഗ്രാമീണ പാർട്ടിയംഗങ്ങളുടെ ചുമതലയെന്താണു്? കർഷകരുടെ ഇടയിൽ പരസ്പരസഹായപദ്ധതികൾ നടപ്പിലാക്കുകയും സഹകരണസംഘങ്ങൾ ഏർപ്പെടുത്തുകയുമാണു്. അങ്ങനെ പടിപടിയായി അവരെ കൂട്ടുകൃഷി പ്രസ്ഥാനത്തിലേക്കു കൊണ്ടുവരണം. ഇതിനു പകരം പാർട്ടിയംഗങ്ങളുടെ വിചാരം ഗ്രാമങ്ങൾ അഭിവൃദ്ധിപ്പെട്ടു തുടങ്ങുമ്പോൾ, അവരുടെ ജോലി, തൊഴിലാളികളെ കൂലിക്കുവിളിച്ചു നിയമിക്കുകയും, അങ്ങനെ ധനികകർഷകരായിത്തീരുകയുമാണെന്നാണു്.

ഈ മനോഭാവം, ഏററവും വിശ്വസ്തരായ തൊഴിലാളിവർഗ്ഗമെന്ന നിലയിൽ കർഷകർ പുരോഗമിക്കുന്നതിനെ തടയുകയാണു്. ഇതിൻെറ പരിണതഫലം തൊഴിലാളിവർഗ്ഗത്തിനു് കർഷകരുടെമേലുള്ള നേതൃത്വം നഷ്ടപ്പെടുകയാണു്. അതു കാണിക്കുന്നതു് ശക്തിക്ഷയവും ഗ്രാമങ്ങളിൽ വളർന്നുവരുന്ന മുതലാളിത്വത്തിനോടുള്ള കീഴ്‌വഴക്കവും ആണു്."

1951 ഒക്ടോബറിൽ നടന്ന പീപ്പിൾസ് പൊളിററിക്കൽ കൺസൽറേററീവ് സമ്മേളനത്തിൻെറ തൃതീയ യോഗത്തിൽ മാവോസേ-തുംഗ് പ്രസംഗിച്ചതു് കാവോയെ അനുകരിച്ചുകൊണ്ടായിരുന്നു. വ്യയന്യൂനീകരണത്തിൻെറയും, ഉൽപാദനവർദ്ധനവിൻെറയും, ആശയപുനരുപവൽക്കരണത്തിൻെറയും ആവശ്യ

കത അദ്ദേഹവും ഊന്നിപ്പറഞ്ഞു. മുതലാളികളും, ദേശീയബൂർഷ്വാകളും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നുഴഞ്ഞു കയറി അതിനെ അഴിമതി സംപൂർണ്ണമാക്കാൻ ശ്രമിക്കുന്നതായി അദ്ദേഹം കുററപ്പെടുത്തി. "കൈക്കൂലി ഉള്ളടക്കം ചെയ്ത പഞ്ചസാര പൊതിഞ്ഞ വെടിയുണ്ടകളാണ്" 'അവർ അയയ്ക്കുന്നതെന്ന് അദ്ദേഹം അപലപിച്ചു. അദ്ദേഹം ഇങ്ങനെ തുടന്നു:"ദേശീയ കമ്മിററിയുടെ ദ്വിതീയ സമ്മേളനത്തിൽ സ്വയമായ അഭ്യസനത്തിനും ആശയ സംസ്കരണത്തിനുമുള്ള മാർഗ്ഗമായി വിമർശനവും സ്വയം വിമർശനവും ഞാൻ നിർദ്ദേശിച്ചു. ഈ നിർദ്ദേശം പടിപടിയായി പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. ആശയങ്ങളുടെ പരിവർത്തനം പ്രത്യേകിച്ചു വിവിധ തരത്തിലുള്ള ബുദ്ധിജീവികളുടെ ആശയ പുനരൂപവൽക്കരണം രാജ്യത്തെ വ്യവസായവൽക്കരണ സംരംഭത്തിൽ ജനാധിപത്യ പരിഷ്ക്കാരങ്ങൾ സാധിക്കുവാൻ ഏററവും പ്രധാനമായ ഒരു ഉപാധിയാണ്. അതുകൊണ്ട് ഈ സ്വയ വിദ്യാഭ്യാസ പദ്ധതിയിൽ കൂടുതൽ കൂടുതൽ അഭിവൃദ്ധിയുണ്ടാകുമെന്ന് നമുക്കു പ്രത്യാശിക്കാം."

അങ്ങനെ പാർട്ടിക്കുള്ളിൽ ആശയക്കുഴപ്പമുള്ളവരുടെ ശുദ്ധീകരണത്തിനുവേണ്ടിയും അഴിമതിക്കാരായ അംഗങ്ങളെ പറിച്ചുകളയുവാനുമുള്ള മഹാസംരംഭം ആരംഭിച്ചു. ഈ പ്രസ്ഥാനത്തെ സാൻ ഫാൻ അല്ലെങ്കിൽ ത്രി വിരുദ്ധ പ്രസ്ഥാനം എന്നാണ വിളിച്ചതു്. ശുദ്ധീകരണം ഗവർമ്മെൻറിൽ തന്നെ പ്രഥമതഃ ആരംഭിച്ചു. കമ്മ്യൂസ്റ്റ് തത്വത്തിൽ അന്തർലീനമായിരുന്ന ഒരു നടപടിയായിരുന്നു ഇതു്. എല്ലാ ഉയർന്ന ഉദ്യോഗസ്ഥന്മാരും സ്വയം വിമർശനത്തിനും ഏററുപറച്ചിലിനുമായി വിളിക്കപ്പെട്ടു. അവരുടെ കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരാണ് ആരോപണങ്ങളും അവയെ സാധൂകരിക്കുന്ന വിശദീകരണങ്ങളും നടത്തുന്നതു്. നാലു മാസം മുഴുവൻ ഭരണയന്ത്രം നിശ്ചലമായെന്നു പറയാം. ഹൃദയാന്തർഭാഗം വരെ പരിശോധന കഴിക്കുന്നതിനുള്ള സുദീർഘമായ വകുപ്പു തിരിച്ചുള്ള യോഗങ്ങൾ കാൻപുസ് നടത്തിക്കൊണ്ടിരുന്നു. കുററാരോപണങ്ങൾക്ക് വിധേയരായി നിന്നവർക്ക് മൗനമവലംബിക്കാനുള്ള സ്വാതന്ത്ര്യം പോലും നൽകപ്പെട്ടിരുന്നില്ല. അല്പതാം തികഞ്ഞ ചോദ്യശരവർഷങ്ങൾ നടത്തുക,അവസമ്മതിച്ചു ഏററുപറയുക എന്നിവ മുറയ്ക്കു നടന്നുകൊണ്ടിരുന്നു. നീതിന്യായ വകുപ്പിൻെറ അദ്ധ്യക്ഷയായ മന്ത്രിണി തനിക്കു പുഷ്പങ്ങളോടു വലിയ കൗതുകമുണ്ടെന്നും സ്റ്റേററു ചെലവിൽ പുഷ്പങ്ങൾ വാങ്ങിപ്പിച്ചു കോടതിയിൽ വയ്ക്കുമായിരുന്നു എന്നും ഏററു പറഞ്ഞു. മാവോയും ചൗ എൻലായും അവരുടെ കൗൺസിൽ മുമ്പാകെ ഹാജരായി അവർ മുമ്പുചെയ്ത തെററുകളെപ്പററി സ്വയം വിമർശിച്ചു. 1952 ജനു

വരി മാസമായപ്പോഴേക്ക് ഗവർമ്മെൻറിൻെറ 27 വകുപ്പുകളി ലായി 1670 ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാണെന്നു കണ്ടുപിടിച്ചു. അവരെല്ലാം സ്വന്തം കുററങ്ങൾ സ്വയം ഏററുപറയുന്നതിനു ആജ്ഞാപിക്കപ്പെട്ടു. ഏററുപറഞ്ഞ പലരും തെററു തിരുത്തലിനു അതീതരല്ലെന്നുള്ള വിധിയനുസരിച്ചു് ചില പിഴകളോ, ലഘുവായ ശിക്ഷകളോ നൽകി വിട്ടയയ്ക്കപ്പെടുകയാണു് ചെയ്തതു്. എന്നാൽ ഏററുപറച്ചിൽ നടത്താൻ വിസമ്മതിച്ചവർ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. വളരെ ഗുരുതരമായ കുററങ്ങൾ ചെയ്തവർക്കും വധശിക്ഷ നൽകി. അവരിൽ ചിലർക്കു വലിയ സംഖ്യകൾ പിഴ ഒടുക്കാൻ വിധിക്കപ്പെട്ടു. അതിൻെറ ഫലം അവർ നിത്യദാരിദ്ര്യത്തിൽ വീഴുകയായിരുന്നു.

ബാങ്ക് ഓഫ് ചൈനായിലെ ഉദ്യോഗസ്ഥന്മാർ സാമ്പത്തികമായ അറിവുകൾ വ്യാപാരികൾക്കു് നൽകിയതിനു് പ്രതിഫലമായി ഒരു കോടി യുവാൻ വാങ്ങിയതായി കണ്ടുപിടിക്കപ്പെട്ടു. ടിയെൻത്സിനിലെ ഏററവും ഉന്നത പാർട്ടിനേതാക്കന്മാരായിരുന്ന ലിൻചിംഗ്—ഷാ, ചാംഗ് സെ-ഷാൻ എന്നിവർക്കു വധശിക്ഷ നൽകി. ടിയെൻത്സിനിലെ പാർട്ടി ആഫീസിൽ സെക്രട്ടറിമാരായിരുന്ന ഇവർ അഭയാർത്ഥികൾക്കും, ഗുരമുഖ നിർമ്മാണത്തിനും വേണ്ടി വകകൊള്ളിച്ചിരുന്ന ഫണ്ടിൽ നിന്നു് 15300 കോടി യുവാൻ അപഹരിച്ചു. ഫെബ്രുവരി ഒന്നാം തീയതി നടത്തിയ ഒരു പരസ്യവിചാരണയിൽ ഏഴ് ഉന്നത ഉദ്യോഗസ്ഥന്മാരെയും പാർട്ടി നേതാക്കന്മാരെയുമാണു് വിസ്താരം നടത്തിയതു്. ഇങ്ങനെ വിസ്തരിക്കപ്പെട്ടവരിൽ പൊതുരക്ഷാവകുപ്പിൻെറ കേന്ദ്രഭരണആഫീസ് ഡയറക്ടറായ സംഗ്ടെ-കുവായ് റെയിൽവെ വകുപ്പിലെ ഹെൽത് ബ്യൂറോയുടെ ഡയറക്ടറായ മാവുയെൻ ഉരുക്കുവ്യവസായ ഡയറക്ടർ ല്യുടാ എന്നിവർ ഉൾപ്പെട്ടിരുന്നു. ഷാംഗ്ഹായിലെ ഒരു പ്രൈവററു് മുതലാളിയും ചൊഗ്തായി റബ്ബർ ഫാക്ടറിയുടെ ഡയറക്ടറുമായിരുന്ന ഒരു ദേഹവും ഈ പൊതുവിചാരണയിൽ പെട്ടിരുന്നു. അനേകലക്ഷം യുവാൻ വരുന്ന ഒരു സംഖ്യ ഗവർമെൻറിനെ വഞ്ചിച്ചെടുത്തു എന്നതായിരുന്നു അദ്ദേഹത്തിൻെറ പേരിലുള്ള കുററം.

ഈ പരസ്യവിചാരണയുടെ ഫിലിം എടുത്തിരുന്നതു് ഷാംഗ്ഹായിൽ പ്രദർശിക്കപ്പെട്ടതു് ഞാൻ കണ്ടു. ഇൻഡ്യൻ പ്രതിനിധിസംഘം ഈ പടം കാണണമെന്നാഗ്രഹം പ്രദർശിപ്പിച്ചതനുസരിച്ചു ഒരു പ്രത്യേക പ്രദർശനം ഞങ്ങളുടെ പേക്കു ഏർപ്പാടുചെയ്യുകയായിരുന്നു. കഴുവുമരത്തിനു് ഇരയാക്കാൻ കൊണ്ടുപോകുന്ന ഹതഭാഗ്യരെ കയററിയ പട്ടാളവണ്ടികൾ പാരീസിലെ തെരുവുകളിൽ കൂടെ പോകുമ്പോൾ പ്രേക്ഷകർ

ക്കുകി വിളിച്ച കാലത്തെ അനുസ്മരിപ്പിക്കുന്ന ഒരു ചിത്രമായിരുന്നു അത്. ന്യായാസനപീഠത്തിൽ ചൈനായിലെ ചീഫ് ജസ്റ്റിസ് ഉപവിഷ്ടനായിരുന്നു. അദ്ദേഹം ഒരു അന്താരാഷ്ട്രീയ നിയമപണ്ഡിതനാണ്. അദ്ദേഹത്തിന്റെ കൂടെ ധനകാര്യമന്ത്രി പൊയി—പൊയും ഇരുന്നിരുന്നു. ഉഗ്രമായ വ്യയനിയന്ത്രണ പരിശോധകവകുപ്പിന്റെ കേന്ദ്രസമിതിയദ്ധ്യക്ഷനായിരുന്നു അദ്ദേഹം. ചൈനായിൽ കമ്യൂണിസ്റ്റുകാർ നടത്തിയ ഒളിപ്പോരു് (ഗെറില) സമരം സംഘടിപ്പിച്ചതും അദ്ദേഹമായിരുന്നു. ഈ അധികാരപ്രമുഖന്മാരുടെ മുമ്പിൽ ജനസമൂഹത്തിനഭിമുഖമായി ആ ഏഴു് കുററവാളികൾ നിന്നു. അവരെ യഥാസ്ഥാനങ്ങളിലേക്കു് ആനയിച്ച സായുധഭടന്മാർ അവരുടെ പിന്നിൽ നിരന്നു നിന്നിരുന്നു. ജയിൽപുള്ളികൾ കൈകൾ പിറകിൽ പിടിച്ചു് അധോമുഖരായി നിലത്തേയ്ക്കു് ദൃഷ്ടിപതിച്ചാണു് നിന്നതു്. കുററവാളികളും രാജ്യദ്രോഹികളുമായി അവരെ മുദ്രയടിച്ചതിന്റെ അടയാളമായി ഒരുതരം കൊടിക്കൂറകൾ തോളുമുതൽ പാദംവരെ നീണ്ടുകിടന്നു. സ്ത്രീകളും പുരുഷന്മാരുമടങ്ങിയ ജനസംഘം അവരുടെ ആരോപണങ്ങൾ നടത്തുവാനുള്ള അവസരം കാത്തു് മൂകമായിരിപ്പുറപ്പിച്ചു.

ഈ ഏഴുപേരുടെ പ്രവൎത്തനഫലമായി രാജ്യത്തിനു നേരിട്ട നഷ്ടം നാലരകോടി ഡോളർ ആണെന്നു് ചാർജ് ഷീററു് വായിച്ചുകൊണ്ടു് പ്രഖ്യാപിച്ചു. "ഈ തുക കൊണ്ടു് ഒരു കോടി എൺപതുലക്ഷം കട്ടി ഭക്ഷ്യധാന്യം വാങ്ങിച്ചു് 280,000 ആളുകളെ ഒരു കൊല്ലത്തേയ്ക്കു് തീററിപ്പോററാമായിരുന്നു. അല്ലെങ്കിൽ 66 യുദ്ധവിമാനങ്ങൾ വാങ്ങി അമേരിക്കൻ സാമ്രാജ്യദുർമോഹത്തിനെതിരായുള്ള നമ്മുടെ പ്രതിരോധനടപടി ശക്തിപ്പെട്ടത്താമായിരുന്നു." ഈ വാക്കുകൾ കേട്ടപ്പോൾ സദസ്യർ ആ രാജ്യദ്രോഹികളുടെ രക്തം ചിന്തുവാൻ അട്ടഹസിച്ചു തുടർച്ചയായ പ്രകടനങ്ങൾ നടത്തി.

പൊ യി-പൊ ഇങ്ങനെ തുടർന്നു. "ഈ അഴിമതി കണ്ടുപിടിക്കാതെ ഈ തോതിൽ രാജ്യം മുഴുവൻ പ്രചരിച്ചുവെന്നുവരുകിൽ ഫലമെന്താകുമായിരുന്നു. 2000 മുതൽ 3000 പേൎക്കു് തൊഴിൽ നൽകാൻ സാധിക്കുന്ന പത്തു് ആധുനിക വ്യവസായശാലകൾക്കുള്ള പണം അപഹരിക്കപ്പെട്ടമായിരുന്നു. അങ്ങനെ വ്യവസായ പുരോഗമനശ്രമങ്ങളെല്ലാം അവർ പിന്തിരിപ്പിക്കുമായിരുന്നു." പിന്നീട്ടു് അദ്ദേഹം ജനങ്ങൾക്കെതിരായി ഓരോരുത്തരും നടത്തിയ കഠിനദ്രോഹത്തെ ഒന്നൊന്നായി വിവരിച്ചു. ഈ പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടം നേരിട്ടു് ഇവരുടെ മേൽ പ്രതികാരം നടത്താനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ള ആരവം ഇടയ്ക്കിടയ്ക്കു മുഴങ്ങിക്കൊണ്ടിരുന്നു

മുമ്പുകൂട്ടി തയാറാക്കിയിരുന്ന ഒരു പരിപാടിയനുസരിച്ചാണ് ഈ അട്ടഹാസങ്ങൾ നടന്നുകൊണ്ടിരുന്നതെന്ന് തോന്നുമായിരുന്നു. ആദ്യം ഒരു മൂലയിൽനിന്ന് ആരവം ആരംഭിക്കും. പിന്നെ അടുത്ത ഒരു ഭാഗം അതിനെ തുടർന്ന് ഒച്ചപ്പാട് ആരംഭിക്കും. ഇങ്ങനെ പടർന്നു പിടിച്ചു ജനക്കൂട്ടം മുഴുവനും കൂടെ ഒരുമിച്ചു ശബ്ദം മുഴക്കും. റേഡിയോ, ടെലിഫോൺ, സിനിമ മുതലായവയും കൂടെ ഈ ജനാരവത്തിൽ പങ്കെടുത്ത്, ആ രംഗത്തിലെ പ്രതികാരപ്രകടനത്തിന് ശക്തി നൽകിക്കൊണ്ടിരുന്നു. ടെലിഫോണിൽ കൂടെ സ്വഗൃഹങ്ങളിൽ നിന്നു ആളുകൾ വിളിച്ചുപറഞ്ഞതു് ഈ കുററക്കാർക്ക് വധശിക്ഷ നൽകണമെന്നായിരുന്നു.

കമ്യൂണിസ്റ്റുസിദ്ധാന്തമനുസരിച്ച് കോടതികൾ ബഹുജനങ്ങൾ ഒന്നിച്ചു വിധിയെഴുത്തു നടത്താനുള്ള ഉപകരണങ്ങളാണ്. "പൊതുജനാഭിപ്രായത്തെ സംഘടിപ്പിച്ചു ഏകീകൃതമാക്കിക്കൊണ്ടു വരുന്നതിൻെറ പരമകോടിയിൽ എത്തുകയാണ് വിധിയെഴുത്ത്. വിധി പ്രഖ്യാപിക്കുമ്പോൾ കുററവാളികളെ നേരെ ജനസഞ്ചയം രോഷം പൂണ്ടെഴുന്നേൽക്കണം." ഇങ്ങനെയുള്ള പരസ്യവിസ്താരത്തിൻെറ ഉദ്ദേശം നാട്ടിൽ ഭീകരത സൃഷ്ടിക്കയാണ്. ശത്രുവിൻെറ നേരെ ജനസാമാന്യത്തിൻെറ തീവ്രവികാരശക്തി ഇളക്കി വിടുകയാണ്. ചൊയി–പോ വീണ്ടും ആസനസ്ഥനായി കഴിഞ്ഞു. ജനക്കൂട്ടം അട്ടഹസിക്കുകയും രാജ്യദ്രോഹികളുടെ രക്തം അവർക്കു കിട്ടണമെന്നു ആർത്തുവിളിക്കുകയും ചെയ്തുകൊണ്ടിരുന്നു. ചീഞ്ഞ മുട്ടയും, തക്കാളിപ്പഴവും, കല്ലും തടവുകാരുടെ നേരെ അവർ എറിഞ്ഞു. തടവുകാരാകട്ടെ, ജനക്കൂട്ടത്തിൻെറ നേർക്കോ, ന്യായാധിപന്മാരുടെ നേർക്കോ നോക്കുവാൻ കഴിയാതെ തലകുനിച്ചു നിന്ന നിലയിൽ തന്നെ തുടർന്നു. കുററം ചെയ്തവരെ യാതൊരു വിസ്താരവും നടത്തിയില്ല. അവരുടെ പേരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്കു മറുപടി പറയാൻ അനുവദിക്കപ്പെട്ടുമില്ല. ചീഫ് ജസ്റ്റീസ് എഴുന്നേററു നിന്ന് രണ്ടു പേരെ വധശിക്ഷയ്ക്കും, നാലുപേരെ വിവിധ കാലങ്ങളിലേക്ക് തടവുശിക്ഷയ്ക്കും വിധി പ്രഖ്യാപിച്ചു. ഒരാളെ വെറുതെ വിട്ടു. ബന്ധനവിമുക്തനായ ആൾ ഉടൻതന്നെ ജനക്കൂട്ടത്തിൽ പോയിരുന്ന്, ശിക്ഷിച്ചവരുടെ നേർക്കു് നടത്തിക്കൊണ്ടിരുന്ന അവഹേളനപ്രകടനത്തിൽ പങ്കെടുത്തു.

അങ്ങനെ ആ ഭീകരത ആരംഭിച്ചു. പീക്കിംഗ് നഗരത്തിലെ മേയർ പെംഗ്മെൻ ഈ പ്രസ്ഥാനത്തിൻെറ ചുമതല വഹിക്കുവാൻ നിയോഗിക്കപ്പെട്ടു. അഴിമതി, ദുർവ്യയം, ഉദ്യോഗസ്ഥദുഷ്പ്രഭുത്വം എന്നിവയ്ക്കെതിരായിട്ടാണ് സാൻഫാൻ സംഘടിപ്പിക്കപ്പെട്ടതു്. ചുവപ്പുനാടകൾ അവസാനിപ്പിക്കാൻ

മാത്രമല്ല, ബൂർഷ്വാ മാതൃകയിലുള്ള ഉദ്യോഗസ്ഥ പെരുമാററവും, ജോലിചെയ്യുന്നതിലുള്ള വൈമുഖ്യവും, പ്രതാപജീവിതവും, ജനസാമാന്യത്തിൽനിന്നുവേർപെട്ടവരാണെന്നുള്ള ഔന്നത്യബോധവും എല്ലാം നിഷ്ക്കാസനം ചെയ്യാനുള്ള പ്രസ്ഥാനമായിരുന്നു ഇതു്. ഇതിനുള്ള മാർഗ്ഗങ്ങൾ, ഏററുപറച്ചിൽ, വിമർശനം, സ്വയം വിമർശനം, അവസാനം പരസ്യവിചാരണ, ആരോപണപ്രകടനം എന്നിവയായിരുന്നു.

പീക്കിംഗ് പരസ്യവിചാരണയെത്തുടർന്നു് നാങ്കിംഗ്, മുഹാൻ, ഷാംഗ്ഹായി മുതലായ സ്ഥലങ്ങളിലും ഇതേ രൂപത്തിലുള്ള വിസ്താരം നടന്നു. സങ്കല്പാതീതമായ കുററാരോപണങ്ങളും, മാതൃകാപരമായ ശിക്ഷകളുമാണു് നടന്നുകൊണ്ടിരുന്നതു്. കിയാംഗ്സി സംസ്ഥാനത്തിൽ ചിംഗ്സി കൗണ്ടിയിലുള്ള ഏഴു കാൻപുസ്മാരെ തരംതാഴ്ത്തി. "പിന്തിരിപ്പന്മാരും എതിർവിപ്ളവകാരികളുമായ ഭൂപ്രഭുക്കന്മാരുടെ" പുത്രിമാരെ വിവാഹംചെയ്തതാണു് അവരുടെ പേരിലുള്ള കുററം. 1951 ഒക്ടോബർ ഒന്നാംതീയതിയിലെ ദേശീയാഘോഷപ്രകടനങ്ങളിൽ സംബന്ധിച്ച വിദേശരാജ്യ പ്രതിനിധികളെ ആകർഷിക്കാൻ വിശേഷവസ്ത്രങ്ങൾ ധരിച്ചു എന്ന ദുർവ്യയക്കുററം ചുമത്തി ഒരുദ്യോഗസ്ഥനെ ശിക്ഷിച്ചു (ഇൻഡ്യൻ പ്രതിനിധിസംഘത്തിലെ ഒരംഗമെന്നനിലയിൽ ഞാൻ സന്നിഹിതനായിരുന്ന ഈ സന്ദർഭത്തിൽ വേഷാലങ്കാരം പ്രദർശിപ്പിച്ച ഒരുത്തനെയും ഞാൻ കണ്ടില്ല) ഒരുദ്യോഗസ്ഥന്റെ പേരിൽ അയാളുടെ ഡ്റൈവറാണു് കുററാരോപണം നടത്തിയതു്. ഒരു നൃത്തസമ്മേളനം കഴിഞ്ഞു അയാളുടെ കാറിൽ ഒരു സ്നേഹിതയെ കയററിക്കൊണ്ടുപോന്നു എന്നായിരുന്നു അയാളുടെ അപരാധം. ഷാംഗ്ഹായിൽ പതിനാറു പാർട്ടിയംഗങ്ങളെ ഔദ്യോഗികവീഴ്ചകൾക്കായി ജോലിയിൽനിന്നു പിരിച്ചയച്ചു. നീന്തൽക്കുളമുള്ള ഒരു വിശാലമന്ദിരം പാർട്ടി സെക്രട്ടറി താമസിക്കാൻ ഉപയോഗിച്ചതായി കുററപ്പെടുത്തപ്പെട്ടു. മററൊരു ഉദ്യോഗസ്ഥന്റെമേൽ 'സ്വകാര്യപൂന്തോട്ടം നിർമ്മിക്കുക, രഹസ്യമായി നടത്തപ്പെടുന്ന ഡാൻസിംഗ് പാർട്ടികളിൽ സംബന്ധിക്കുക, സ്ത്രീകളുമായി ഉല്ലസിക്കുക" തുടങ്ങിയ ദുർവൃത്തികൾ ആരോപിക്കപ്പെട്ടു. മററൊരാൾ അയാളുടെ ഓഫീസ്മുറിക്കു് വെളിയിലുള്ള നോട്ടീസ്ബോർഡിൽ തന്റെ ഒരു പേന നഷ്ടപ്പെട്ടതായി നോട്ടീസ് പതിച്ചുവെന്നും, ഓഫീസുമായി ഇടപാടുകൾ ഉണ്ടായിരുന്ന ബ്രോക്കർമാരുടെ പക്കൽനിന്നു് അഞ്ചു പാർക്കർ 51 പേനാകൾ കോഴവാങ്ങിയെന്നുമായിരുന്ന കുററാരോപണം.

ശൈശവാവസ്ഥയിൽമാത്രം ഇരുന്ന ചൈനീസ് ഭരണകൂടം നാലുമാസങ്ങളിൽ വേരുവരെ ഇളകിവശായി. ഈ സ്വയം

ശുദ്ധീകരണസംരംഭത്തിൽ പ്രവേശിച്ചിരുന്നപ്പോൾ കാൻപൂസിനു് ഒരു ജോലിയും നിർവഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഞാൻ വീണ്ടും ചൈനാ സന്ദർശിച്ചപ്പോൾ ഈ ധാർമ്മികപുനരായുധീകരണ പ്രസ്ഥാനത്തിൻെറ ഫലങ്ങൾ ദൃശ്യമായിരുന്നു. ഒരു ഉദ്യോഗസ്ഥനും ഏതെങ്കിലും തീരുമാനം ചെയ്യാൻ സന്നദ്ധനായിരുന്നില്ല. ഏതു കാര്യം വന്നാലും മേലുദ്യോഗസ്ഥൻെറയടുക്കൽ ആലോചിക്കണം. സകല അധികാരങ്ങളും കേന്ദ്രീകൃതമേഖലയിലേക്കു മാറി. പ്രകടമായ കാര്യക്ഷമതാരാഹിത്യം ഉടനീളം കാണാമായിരുന്നു. എല്ലാവിധ കാലവിളംബങ്ങളും ഔദ്യോഗികനിർവഹണത്തിൽ സാധാരണമായിത്തീർന്നിരുന്നു. ഇൻഡ്യൻ പ്രതിനിധിസംഘത്തിൻെറ യാത്രാപരിപാടികളിൽ തന്നെ എപ്പോഴും കുഴപ്പങ്ങളും താമസങ്ങളും നേരിട്ടു. എഴുത്തുമൂലം ഏതെങ്കിലുമൊരു കാര്യം ആവശ്യപ്പെട്ടാൽ പീക്കിംഗിൽനിന്നു മറുപടി വരുന്നതുവരെ യാതൊരു നടപടിയും എടുത്തിരുന്നില്ല. എൻെറ രണ്ടു സന്ദർശനങ്ങളിൽ കണ്ട വ്യത്യാസങ്ങൾ ശ്രദ്ധയിൽ പെടാതിരിക്കത്തക്കവണ്ണം അത്ര നിസ്സാരങ്ങളായിരുന്നില്ല.

എന്നാൽ പാർട്ടിയിലെ തെററുകൾ തിരുത്തുകയും, ഭരണനടപടികൾ ശരിപ്പെടുത്തുകയും മാത്രമായിരുന്നില്ല സാൻഫാൻ പ്രസ്ഥാനത്തിൻെറ ഉദ്ദേശം. അതിലും വിപുലമായ ലക്ഷ്യങ്ങൾ ആ സംരംഭത്തിൽ ഉൾക്കൊണ്ടിരുന്നു. കാൻപൂസിൻെറ മേലുള്ള വിദേശ സ്വാധീനങ്ങൾ നിലവിലിരുന്നതു് കൂടെക്കൂടെ വെളിക്കു കൊണ്ടുവന്നുകൊണ്ടിരുന്നു. ഇങ്ങനെയുള്ള സ്വാധീനങ്ങളെപ്പററി ശ്രദ്ധക്ഷണിക്കുകയും, മുന്നറിവു നൽകുകയുമായിരുന്നു ഫെബ്രുവരി ഒന്നാംതീയതിയിലെ വിസ്താരത്തിൽ ഒരു സ്വകാര്യ മുതലാളിയെ ഉൾപ്പെടുത്തിയതിൻെറ ഉദ്ദേശം. കമ്മ്യൂണിസ്റ്റ് സിദ്ധാന്തം ഊന്നിപ്പറഞ്ഞ ഒരു തത്വം പാർട്ടിക്കകമെയുള്ള മൽസരം പുറമെ നടക്കുന്ന വർഗ്ഗസമരത്തിൻെറ ഒരു പ്രതിച്ഛായയാണെന്നുള്ളതാണു്.

പാർട്ടിയുടെ ബുദ്ധിനേതാവും, തത്വപണ്ഡിതനുമായിരുന്ന കൃശഗാത്രനായ ലിയു ഷാവൊ-ചി ഈ ആപൽസാദ്ധ്യത 1941 മുതലെ മുൻകൂട്ടി കണ്ടിരുന്നതാണു്. മാവൊയിസവും സ്റ്റാലിനിസവും തമ്മിൽ ഏകീഭവിപ്പിക്കയും, രണ്ടും തമ്മിൽ വ്യത്യാസമില്ലെന്നു് സ്ഥാപിക്കയുമായിരുന്നു ലിയു ഷവോയുടെ മുഖ്യകർത്തവ്യം. 1941-ൽ അദ്ദേഹം ഇങ്ങനെ എഴുതിയിരുന്നു: "ഞങ്ങളുടെ പാർട്ടിയുടെ ജനനം മുതൽതന്നെ ഗുരുതരമായ മൽസരങ്ങളുടെ സാഹചര്യത്തിൽനിന്നു ഒഴിവായിരുന്ന ഒരു നിമിഷം പോലുമുണ്ടായിട്ടില്ല. പാർട്ടിയും തൊഴിലാളിവർഗ്ഗവും, തൊഴിലാളിവർഗ്ഗത്തിൽ പെടാത്ത വൻകിട ബൂർഷ്വാകൾ, ചെറുകിട

ബൂർഷ്വാകൾ, കർഷകർ, അവശേഷിച്ച ഫ്യൂഡൽ പ്രഭുക്കന്മാർ ആദിയായവരാൽ സംവരണം ചെയ്യപ്പെട്ടിരുന്നു. ഈ വർഗ്ഗങ്ങളെല്ലാം, തൊഴിലാളിവർഗ്ഗത്തിനെതിരായി മൽസരം നടത്തുമ്പോഴൊ, അവരുമായി സഹകരിക്കുമ്പോഴോ പാർട്ടിയിലെയും തൊഴിലാളിവർഗ്ഗത്തിലെയും അസ്ഥിരന്മാരായിരിക്കുന്നവരെ പാർട്ടിയുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും ഹൃദയാന്തർഭാഗത്തു നുഴഞ്ഞുകയറാനും, പാർട്ടിയെയും തൊഴിലാളിവർഗ്ഗത്തെയും ആദർശത്തിലും ജീവിതരീതിയിലും തത്വങ്ങളിലും പ്രവർത്തനത്തിലും സ്വാധീനപ്പെടുത്താനും വിനിയോഗിക്കുന്നു" അതുകൊണ്ട് ആഭ്യന്തരമായ പാർട്ടിമൽസരം പുറത്തുള്ള വർഗ്ഗമത്സരത്തിന്റെ പ്രതിച്ഛായ ആണെന്നുള്ള നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

1949 ജൂലൈ മാസത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയെ അഭിസംബോധന ചെയ്തുകൊണ്ട് മാവൊ ഇങ്ങനെ പ്രസ്താവിച്ചു. "ആരാണ് ജനങ്ങൾ എന്നു പറയുന്നത്? ചൈനായുടെ ഇപ്പോഴത്തെ കാലഘട്ടത്തിൽ അവർ തൊഴിലാളികളും, ചെറുകർഷകരും, ചെറുകിട ബൂർഷ്വാകളും, ദേശീയ ബൂർഷ്വാകളുമാണ്" ഈ വർഗ്ഗങ്ങളുടെയെല്ലാം ഐക്യം ജനാധിപത്യസേച്ഛാധിപത്യം സ്ഥാപിക്കുവാൻ അത്യന്താപേക്ഷിതമാണ്. "ഇങ്ങനെ കാര്യങ്ങൾ നടത്തിയില്ലെങ്കിൽ ഈ വിപ്ലവം അധഃപതിക്കും. ജനങ്ങൾ ദുരിതമനുഭവിക്കും. സ്റ്റേറ്റ് നശിക്കും." ഈ വർഗ്ഗങ്ങളുടെ ഐക്യമാണ് യൂറോപ്യന്മാർക്ക് സുപരിചിതമായ ജനകീയ മുന്നണി. ഇപ്പോൾ വിപ്ലവം വിജയിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക്, ഈ ഐക്യം കമ്മ്യൂണിസ്റ്റുകൾക്ക് വിഘ്നമായിത്തീർന്നിരിക്കുകയാണ്. ബൂർഷ്വാകളുടെ പണം അവരുടെ സാമ്പത്തികവൈഷമ്യങ്ങൾ പരിഹരിക്കാൻ കൂടിയേ തീരൂ. രാഷ്ട്രീയമായി ഒരു തൊഴിലാളിവിപ്ലവമാണ് അവർക്കു വേണ്ടിയിരുന്നത്. അവരുടെ സേച്ഛാധിപത്യം സ്ഥാപിക്കാനും, ശതാബ്ദങ്ങളായി ചൈനീസ് സാമൂഹ്യബോധത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിരുന്ന താവോയിസത്തിന്റെ വ്യക്തിപ്രാധാന്യസിദ്ധാന്തം തകർക്കാനും തൊഴിലാളിവിപ്ലവമായിരുന്നു ആവശ്യം.

വിപ്ലവത്തിനും, സുസ്ഥിരമായ ഒരു സ്റ്റേറ്റ് സ്ഥാപിക്കാനുള്ള പ്രയത്നത്തിനും ഇടയ്ക്കു് ഒരു കൃത്രിമ ഐക്യം ചൈനീസ് ജനതയ്ക്കു ലഭിച്ചു. കുമിന്താംഗ് ഭരണം അവസാനിപ്പിക്കാനുള്ള ഭഗീരഥ പ്രയത്നത്തിലാണ് ആ ഐക്യം അവർ നേടിയതു്. സാൻഫാൻ വുഫാൻ പ്രസ്ഥാനം 1949-ലെ ജനാധിപത്യവിപ്ലവത്തിന്റെ അന്ത്യവും കമ്മ്യൂണിസ്റ്റാധിപത്യത്തിന്റെ സ്ഥാപനവും കുറിക്കുന്നു. ബോൾഷെവിക്കുകാർ മെൻഷെവി

ക്സിനെ തുർത്തിയ സംഭവം ഇതിനു സമാന്തരമായി ചരിത്രത്തിൽ നിലകൊള്ളുന്നു.

ഈ മത്സരത്തിൽ സ്റ്റേററിൻെറ സർവ്വ സാമ്പത്തിക കഴിവുകളും നിർലോഭം വിനിയോഗിക്കപ്പെട്ടു. പത്രങ്ങൾ, റേഡിയോ, സിനിമ, പൊതുവിസ്താരങ്ങൾ, ഘോഷയാത്രകൾ, യോഗങ്ങൾ, മുദ്രാവാക്യങ്ങൾ ഇവയെല്ലാം ഈ സമരത്തിൽ പങ്കുവഹിച്ചു. ഷോപ്പുതൊഴിലാളികൾ, ഫാക്ടറി ജോലിക്കാർ, വീട്ടുകാരികൾ, പുത്രന്മാർ, പുത്രിമാർ, വീട്ടുവേലക്കാർ, വിദ്യാർത്ഥികൾ എന്നിവരെല്ലാം സ്വന്തം തൊഴിലുടമകൾക്കും, മാതാപിതാക്കൾക്കും, ഭർത്താക്കന്മാക്കും, പ്രൊഫസർമാക്കും എതിരായി സാക്ഷിമൊഴി നൽകാൻ വിളിക്കപ്പെട്ടു.

ഫെബ്രുവരി ഒന്നാം തീയതിയിലെ വിചാരണ ദേശീയ ബൂർഷ്വാകൾക്കു് എതിരായ ഒരു മുന്നറിയിപ്പായിരുന്നു. ഈ ഭീഷണിക്കെതിരായ ആദ്യത്തെ പ്രതികരണം സ്വയസംരക്ഷണത്തിനും ആക്രമണത്തിനും ഒരു ലീഗ് സംഘടിപ്പിക്കുവാനുള്ള ശ്രമമായിരുന്നു. എന്നാൽ ഷാംഗ്ഹായിലെയും, ടിയെൻതസിനിലെയും, വ്യാപാരികൾക്കു് ഇങ്ങനെ ഒരു പ്രതിരോധത്തിൻെറ ഫലമെന്തായിരിക്കുമെന്നുള്ളതു് അറിയാമായിരുന്നു. അതുകൊണ്ടു്, ഇതിനു പകരം അവരുടെ ഉൾഭീതിയുടെ പ്രതീകമായി വുഫാൻ (പഞ്ചപ്രതിരോധ) പ്രസ്ഥാനം ആരംഭിച്ചു. അവരിൽതന്നെ വിശ്വസിക്കാൻ കൊള്ളാത്തവരെ തിരിഞ്ഞു പിടിച്ചു പുറന്തള്ളുകയായിരുന്നു ഇതിൻെറ ഉദ്ദേശം. ചില അഴിമതിക്കാരെ തിരഞ്ഞു പിടിക്കുക മാത്രമായിരുന്നു കേവലം ഇതുകൊണ്ടു സാധിച്ചതു്.

വുഫാൻ അഞ്ചു പാപങ്ങൾക്കെതിരായുള്ള ഒരു സമരമായിരുന്നു. (1) കൈക്കൂലി (2) ഗവർമ്മെൻറു വക സ്വത്തുക്കളുടെ മോഷണം. (3) ഗവർമ്മെൻറിനെ ചതിക്കുക. (4) സാമ്പത്തികമായ അറിവുകൾ സമ്പാദിക്കയും അവ സ്വകാര്യലാഭത്തിനു് വിനിയോഗിക്കുകയും ചെയ്യുന്നക. (5) നികുതി കൊടുക്കുന്നതിൽ നിന്നു തെററിയൊഴിയുക. ഓരോ ഷോപ്പും, ബിസ്സിനസ്സു കമ്പനിയും, ഫാക്ടറിയും, ഏററു പറച്ചിൽ, വിമർശനം, സ്വയം വിമർശനം എന്നീ നടപടികളിൽ കൂടെ കടന്നു പോകേണ്ടിയിരുന്നു. ഓരോ തൊഴിൽക്കാർക്കും പ്രത്യേകം പ്രത്യേകം കമ്മിററികൾ സംഘടിപ്പിച്ചു്, അവരുടെ സഹപ്രവത്തകരെ പരിശോധന നടത്തുവാൻ ഏർപ്പെടുത്തി. ഷോപ്പുകളും ബിസ്സിനസ് ശാലകളും മേഖലകളായോ, ഡിസ്ട്രിക്ടുകളായോ വിഭജിച്ചു് ഓസ്റ്റിററി ഇൻസ്പെക്ഷൻ കമ്മിററി (ഉഗ്ര വ്യയന്യൂനീകരണപരിശോധനക്കമ്മിററി) കളുടെ കീഴിലാക്കി, കുററസമ്മതങ്ങൾ ഈ കമ്മിററികൾക്കു സമർപ്പിക്കുകയും, അതിനു ശേഷം ഷോപ്പുകളിലെ

യും ബിസ്സിനസ്സ് ശാലകളിലെയും ജോലിക്കാർ അവരുടെ തൊഴി
ലുടമകളെപ്പററി അറിയാവുന്ന വിവരങ്ങൾ അടിസ്ഥാനപ്പെ
ടുത്തി അവ പരിശോധിക്കാൻ ആവശ്യപ്പെട്ടുകയും ചെയ്യും. തൊ
ഴിലുടമകളെ പിന്നീട്ടു പീഡനപരമായ നീതിവിചാരണകൾക്കു
വിധേയമാക്കും. യഥാർത്ഥവും സാങ്കല്പികവുമായ സാക്ഷിമൊഴി
കൾ നൽകുവാൻ അവരുടെ പുത്രന്മാരും, ഭാര്യമാരും, വീട്ടുവേല
ക്കാരുമാണ് മുന്നോട്ടു വരുന്നതു്. തല കുനിച്ചു നിന്നു് ആ കുററാ
രോപണങ്ങൾ മൂകരായി അവർ കേൾക്കും.

ടിയെൻത്സിനിൽ ഒരു വിചിത്രവസ്തുഷോപ്പുടമസ്ഥന്റെ
കഥ ഞാൻ കേട്ടു. അയാളുടെ ഷോപ്പു് സുപ്രസിദ്ധിയാർജ്ജിച്ച
ഒന്നായിരുന്നു. വിപ്ളവത്തിനു മുമ്പു് ലോകത്തിലെ പ്രധാന
നഗരങ്ങളിലെല്ലാം, ഷോപ്പിന്റെ ശാഖകൾ സ്ഥാപിക്കപ്പെട്ടി
രുന്നു. ഈ ശാഖകൾ എല്ലാം അവരുടെ സ്വതന്ത്രമായ നില
യിൽ പിന്നീട്ടു് ബിസ്സിനസ്സ് നടത്തി വന്നതിനാൽ കേന്ദ്ര ഉടമ
സ്ഥനു് വലിയ നിയന്ത്രണമൊന്നും അവരുടെ മേൽ ഇല്ലായി
രുന്നു. എഴുപതിൽപ്പരം വയസ്സുണ്ടായിരുന്ന ഈ വൃദ്ധനോട്ടു്
ശാഖകളുടെ എല്ലാം കണക്കുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടു.
നികുതികൊടുക്കുന്നതിൽനിന്നു് ഒഴിഞ്ഞുമാറുവാൻ ശ്രമംനടത്തി
യതായി അയാളുടെ മേൽകുററം ആരോപിക്കപ്പെട്ടുകയും, നികുതി
യടയ്ക്കുവാൻ അയാളോടാവശ്യപ്പെട്ടുകയും ചെയ്തു ഈ നിർദ്ദേശം
അനുസരിക്കാനുള്ള കഴിവുകേടിനെപ്പററി വളരെ വിശ്വസനീയ
മായ കാരണങ്ങൾ അയാൾ ബോധിപ്പിച്ചു. എന്നാൽ അയാൾ
ബന്ധനത്തിലാക്കപ്പെട്ടു, ഒരു ദിവസം ഒരു കയറും കഴുത്തിൽ
അണിയിച്ചു്, കരങ്ങൾപിന്നിലാക്കിക്കെട്ടി നഗരവീഥികളിൽ
ക്കൂടെ അയാളെ നടത്തിക്കൊണ്ടുപോയി. താൻ ഒരു ക്രിമിനൽ
കുററവാളിയാണെന്നെഴുതിവച്ച ഒരു വിളംബരപ്പത്രവും അയാൾ
പിടിച്ചുകൊണ്ടു് നടക്കേണ്ടിവന്നു. ഇതുകഴിഞ്ഞു് ഒരു മാസ
ത്തേക്കു്അയാളെ പരോളിൽ ബന്ധനവിമുക്തനാക്കി. ഈ കാലാ
വധിക്കുള്ളിൽ വിദേശശാഖകളുടെ കണക്കുകൾ വരുത്തി സമർ
പ്പിക്കുകയോ അല്ലെങ്കിൽ മരണശിക്ഷയ്ക്കു തയാറാകുകയോ വേണ
മെന്നു്അയാൾക്കു് മുന്നറിവു നൽകി. നിസ്സഹായനായി അയാ
ളുടെ മരണക്കിടക്കയിൽ പത്രാൾകാലാവധിയുടെ അന്ത്യം കാത്തു്
അയാൾ കിടന്നു.

ഷാംഗ്ഹായിൽ ഒരു ചെറിയ ഷോപ്പുടമസ്ഥൻ ഒരു ജോ
യിൻറു സ്റ്റോക്കു് കമ്പനിയിൽ 85 ഡോളറിന്റെ ഓഹരികൾ
വാങ്ങിയിരുന്നു. ഈ ഓഹരിയുടമസ്ഥത തുടക്കത്തിലുള്ള ഭോഷ
ത്വത്തിന്റെ ദുരന്തഫലം അയാൾ സഹിക്കേണ്ടിവന്നു. ഈ കമ്പ
നിയുടെ മാനേജിംഗ് ഡയറക്ടർ സ്റ്റേററിനെ അനേകലക്ഷം ഡോ
ളർ വരുന്ന സംഖ്യയ്ക്കു് കബളിപ്പിച്ചുവെന്നു് കുററം ആരോപി

ക്കപ്പെട്ടിരുന്നു. കമ്പനി ദുർവ്വഹമായ പിഴശിക്ഷ നല്കേണ്ടി വന്നു. ഓഹരിക്കാർ ഈ കമ്പനിയുടെ ഗുണഭോക്താക്കളായിരുന്നതുകൊണ്ടു് അവരിൽ നിന്നു കൂടി ഈ തുക ഈടാക്കണമെന്നായിരുന്നു ഗവർമ്മെൻറു് നടപടി. ഈ ഷോപ്പുടമസ്ഥൻ 2800 ഡോളർ കമ്പനിയുടെ ബാദ്ധ്യതയുടെ പേർക്കു് കൊടുക്കുവാൻ ആവശ്യപ്പെട്ടു. ഇത്രയും വമ്പിച്ച തുക നൽകുവാൻ അയാൾക്കു് യാതൊരു പ്രാപ്തിയുമുണ്ടായിരുന്നില്ല. ഒരു ദിവസം താമസിച്ചു പോയാൽ അടക്കേണ്ട സംഖ്യ കൂടും. അതു കൊണ്ടു് ഗത്യന്തരമില്ലാതെ അയാൾക്കുള്ള സർവവും എത്രയും വേഗം വിററു പണമടക്കുവാൻ അയാൾ നിർബന്ധിതനായി.

ഷാംഗ്ഹായിലെ പിപ്പിൾസ് ബാങ്കു്കെട്ടിടത്തിനു് മുമ്പിൽ ഒരു മൈൽ നീളത്തിൽ ആളുകൾ ക്യൂ നിൽക്കുന്നതു് ഞാൻ കണ്ടു. അവരുടെ ദുർവഹമായ പിഴശിക്ഷ ഒടുക്കാൻ ഉള്ള പൊന്നും പണ്ടങ്ങൾ ബാങ്കിൽ വിൽക്കുവാൻ നിന്നവരാണവർ. ദിവസങ്ങൾ ഇങ്ങനെ കാത്തുനിന്നവർ മുറുമുറുക്കാൻ തുടങ്ങിയപ്പോൾ അവരുടെ ബാദ്ധ്യതകൾക്കു് പണയമായി അവരുടെ സ്വർണ്ണം മുഴുവൻ വാങ്ങി വയ്ക്കാൻ ഗവർമ്മെൻറു സമ്മതിച്ചു. സ്വർണ്ണം കൊടുത്ത തീയതി പിഴയൊടുക്കിയ തീയതിയായി വകവച്ചു കൊണ്ടു് ഓരോരുത്തരായി സൗകര്യപ്പെട്ടപ്പോൾ സ്വർണ്ണത്തിൻെറ വില തിട്ടപ്പെടുത്താൻ പിന്നീടു ചെന്നാൽ മതിയെന്നു് വ്യവസ്ഥ ചെയ്തു. അങ്ങനെ ബൂർഷ്വാകളുടെ മിച്ചമെല്ലാം ഗവർമ്മെൻറിൻെറ കൈവശമായി. അവരിൽ ഭൂരിഭാഗവും അവരുടെ തൊഴിൽ തുടർന്നു നടത്താൻ നിർവാഹമില്ലാതെ നിത്യദാരിദ്ര്യത്തിലേക്കു താണു.

ടിയെൻത്സിനിലും, ഷാംഗ്ഹായിലും, കാൻറണിലും അനേകം ബിസ്സിനസ്സുകാർ ആത്മഹത്യ ചെയ്തതായി ഞാൻ കേട്ടു. അവരുടെമേൽ നടത്തിയ പീഡനങ്ങൾ സഹിക്കുവാനോ, അവരുടെ പരിമിതമായ സാമ്പത്തികകഴിവിനപ്പുറമായ പിഴകൾ ഒടുക്കുവാനോ അവർക്കു് കഴിഞ്ഞില്ല. ജനല്വകളിൽ കൂടെ താഴേയ്ക്കു് ചാടിയോ, നദികളിൽ ചാടിയോ അവർ മരണംവരിച്ചു. ആംബുലൻസ് കാറിൻെറ സൈറൺ ഊതി കേൾക്കുന്നതു് ഒരു സാധാരണസംഭവമായിരുന്നു. ഇങ്ങനെയുള്ള അപമൃത്യുവിൽപ്പെട്ടവരുടെ ഭൗതികാവശിഷ്ടങ്ങൾ എടുത്തു മാററുവാനും, അതിനെപ്പററിയുള്ള ജനസംസാരം ഒതുക്കുവാനുമാണു് ഈ ആംബുലൻസ് കാറുകൾ ഏതുനേരത്തും പാഞ്ഞു പൊയ്ക്കൊണ്ടിരുന്നതു്. ഷാംഗ്ഹായിൽ ആത്മഹത്യ ചെയ്തവരുടെ സംഖ്യ 200 മുതൽ 2000 വരെയുണ്ടെന്നു കണക്കു കേട്ടിരുന്നു. നഗരത്തിൻെറ മററു ഭാഗങ്ങളിൽ എന്താണു് സംഭവിക്കുന്നതെന്നു് ആർക്കും അറിഞ്ഞുകൂടാത്തതുകൊണ്ടു് ശരിയായ കണക്കെടുക്കുക സാദ്ധ്യമായിരുന്നില്ല. കാൻറ

ണിൽ ഞാൻ കേട്ടതു് അവിടെ പ്രതിദിനം അഞ്ചും ആറും ആത്മഹത്യകൾ നടന്നുകൊണ്ടിരുന്നുവെന്നാണ്.

വുഹാനിൽ കൂടെ കടന്നുപോയപ്പോൾ കണ്ട ബിസ്സിനസ് സ്ഥാപനങ്ങളെ അഞ്ചു തരങ്ങളായി വിഭജിച്ചു സർട്ടിഫിക്കേററുകൾ നൽകപ്പെട്ടിരുന്നു. (1) നിയമവിധേയത്വമുള്ളവ (2) അടിസ്ഥാനപരമായി തന്നെ നിയമവിധേയത്വമുള്ളവ. (3) അർദ്ധനിയമവിധേയത്വമുള്ളവ. (4) നിയമലംഘനക്കാർ. (5) സംപൂർണ്ണമായ നിയമലംഘനക്കാർ. രണ്ടാമത്തെ തരത്തിൽപ്പെട്ട സ്ഥാപനങ്ങൾക്കു് അവരുടെ അമിതലാഭങ്ങൾ വച്ചുകൊണ്ടിരിക്കാൻ അനുവാദമുണ്ട്. അവരുടെ ലാഭം 20 ലക്ഷം യുവാനിൽ (90 ഡോളർ) കവിയരുതെന്നേയുള്ളു. മൂന്നാം വകുപ്പുകാരുടെ ലാഭം മുഴുവൻ സ്റ്റേററിലേക്കു തിരിച്ചടയ്ക്കണം. നാലാമത്തെ കൂട്ടർ ലാഭം മുഴുവൻ തിരിച്ചടയ്ക്കുകതന്നെയല്ല ഒരു പിഴ കൂടെ ഒടുക്കണം. അഞ്ചാംവിഭാഗത്തിൽപ്പെട്ടവക്കു തടവുശിക്ഷയും, ചിലക്കു മരണശിക്ഷതന്നെയും നൽകും. 1952 ഏപ്രിൽ 21—ാം തീയതി പ്രഖ്യാപിക്കപ്പെട്ട ഒരുത്തരവനുസരിച്ചു സംഖ്യകളുടെ തോതനുസരിച്ചു് ഒരു കൊല്ലംമുതൽ ജീവപര്യന്തംവരെയുള്ള ശിക്ഷകൾ കല്പിക്കപ്പെട്ടത്തിയിരുന്നു. കുററങ്ങളുടെ ഗൗരവം താഴെപ്പറയുന്ന കാര്യങ്ങളനുസരിച്ചു ലഘൂകരിക്കപ്പെട്ടു.

1) സ്വമേധയായുള്ള ഏററുപറച്ചിൽ 2) പ്രാരംഭത്തിൽ കണ്ടുപിടിക്കുന്നതിനെത്തുടർന്നു സംപൂർണ്ണമായ ഏററുപറച്ചിൽ 3) മററുള്ളവക്കെതിരായി നടത്തുന്ന അവഹേളനം 4) യുവത്വം.

ഈ പ്രസ്ഥാനത്തിൻെറ സാൻഫാൻ വശത്തു ശിക്ഷകൾ കുറെക്കൂടെ ഗുരുതരമായിരുന്നു. ഒരു കോടി യുവാനിൽ (450 ഡോളർ) കൂടുതൽ അപഹരണം നടത്തുന്നവക്കെല്ലാം കഠിനമായ തടവോ, മരണമോ, വസ്തുക്കളുടെ മുഴുവൻ കണ്ടുകെട്ടലോ ആണു് ശിക്ഷ.

ടിയെൻത്സിനിലെ രണ്ടാം വാർഡിലെ മുനിസിപ്പൽ ഓസ്റ്ററിററി അന്വേഷണകമ്മിററിയുടെ ഒരു റിപ്പോർട്ടു എൻെറ കൈവശമുണ്ട്. 4000 സ്ഥാപനങ്ങളുടെ അന്വേഷണം പൂർത്തിയാക്കിയതിൻെറ റിപ്പോർട്ടാണതു്. 1952 ഏപ്രിൽ 23—ലെ "ചൈനീസു് ഇംഗ്ലീഷ് ഇൻെറലിജൻസ്" എന്ന പ്രസിദ്ധീകരണത്തിൽ ഉദ്ധരിച്ചിരുന്നതാണതു്. അതിൻെറ ഒരു ഭാഗത്തു് ഇങ്ങനെ പറയുന്നു:—

വ്യാവസായികവാണിജ്യസ്ഥാപനങ്ങളുടെ തരംതിരിച്ചുള്ള പരിശോധന കമ്മിററി നടത്തിയതിൽ നാലായിരത്തിൽപരം സ്ഥാപനങ്ങൾ പരമമായ റിപ്പോർട്ടു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടു്. ലഭ്യമായ സ്ഥിതിവിവരങ്ങളുടെ

അടിസ്ഥാനത്തിൽ 460 നിയമവിധേയത്വമുള്ള സ്ഥാപനങ്ങളും, 2672 അടിസ്ഥാനപരമായി നിയമവിധേയത്വമുള്ളവയും, അർദ്ധനിയമവിധേയത്വമുള്ളതും നിയമംലംഘിച്ചതുമായ 84 സ്ഥാപനങ്ങളുണ്ടായിരുന്നു. ആകെ 3216 സ്ഥാപനങ്ങളാണുണ്ടായിരുന്നതു്. ബാക്കിയുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ സൂക്ഷ്മമായ കണക്കുകൂട്ടലും പരിശോധനയും നടന്നുകൊണ്ടിരിക്കുന്നു. മുകളിൽ ഉദ്ധരിച്ച മൂന്നു വിഭാഗങ്ങളുടെ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. പാസ്സാക്കിക്കഴിയാത്ത ദശക്കണക്കിനു സ്ഥാപനങ്ങൾ ഇനിയും അവശേഷിക്കുന്നു. സത്യസന്ധമായ തുറന്ന ഏററുപറച്ചിൽ ഇനിയുംനൽകുന്നതിനു് അവർ വിസമ്മതം പ്രകടിപ്പിച്ചാൽ അവർക്കുയഥാർഹമായശിക്ഷകൾ സ്വീകരിക്കേണ്ടിവരുന്നതാണു്."

ഞാൻ ഇവിടെ കണ്ടതു് ചൈനായിലെ ബിസ്സിനസ്സ് ശാലകളുടെയും വ്യാപാരസ്ഥാപനങ്ങളുടെയും നേരെ അലയടിച്ച ഭീമമായ തിരയുടെ ഒരു അംശം മാത്രമായിരുന്നുവെന്നു എനിക്കു നിശ്ചയമുണ്ടു്. ഇവരാണു് ചിയാംഗ്കൈഷെക്കിൻെറ ഭരണമവസാനിപ്പിക്കാൻ വലിയ സംഭാവനകൾ നൽകി വിപ്ളവം സാദ്ധ്യമാക്കിത്തീർത്തതു്. സാമാന്യജനങ്ങളെ സംഭരിച്ചു സജ്ജീകരിച്ചുകൊണ്ടു "ജനാധിപത്യം കർമ്മപദ്ധതിയിൽ" എന്ന പേരിൽ ഒരു പ്രസ്ഥാനം അഴിച്ചുവിടുകയാണു് ഇപ്പോൾ ചെയ്തിരിക്കുന്നതു്. വൃഹാൻ പ്രസ്ഥാനത്തിൻെറ മർമ്മം ഒരു വർഗ്ഗസമരമാണു്. അധികാരത്തിലിരിക്കുന്ന പാർട്ടി സ്വന്തം ജനങ്ങളുടെ നേരെ നടത്തുന്ന ഈ സമരം, രാജ്യം മുഴുവൻ ഏകവർഗ്ഗമാക്കി അതിൻെറ പ്രത്യേകതകൾ നശിപ്പിക്കുന്നതിനാണു്, ജനസാമാന്യത്തെ പ്രബുദ്ധമാക്കിയിരിക്കുന്നതു് അവരുടെ തീരുമാനമാണു നടപ്പിൽ വരുത്തിയിരിക്കുന്നതെന്നു അവരെക്കൂടെ ബോദ്ധ്യപ്പെടുത്താനാണു്. എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നു അവർക്കുതന്നെ രൂപമില്ല. എന്നാൽ വികാരങ്ങൾ ആളിക്കത്തുമ്പോൾ ജനക്കൂട്ടത്തിനു എന്തെങ്കിലും പ്രവർത്തിക്കുന്നതിൽ ഒരുല്ലാസം കൈവരുന്നു, രാജ്യത്തെ സ്പർശിക്കുന്ന ഗുരുതരമായ മാററങ്ങളിൽ അവർക്കും ഒരു പങ്കുണ്ടെന്നുള്ള ബോധവും ജനിപ്പിക്കുന്നു.

ഈദൃശമായ നടപടിയുടെയോ, സ്വയം വിമർശനത്തിൻെറയോ ഉടനടിയുള്ള ഫലം, തങ്ങളുടെ ജീവിതത്തിൽ ഒരു പുതിയജീവനും, വീക്ഷണഗതികൾക്കും വിശ്വാസങ്ങൾക്കും ഒരു നവോത്ഥാനവും സംഭവിക്കുകയാണെന്നു പല വ്യക്തികളും പ്രസ്താവിക്കയുണ്ടായി. പീക്കിംഗിലുള്ള ഒരു ഡെൻറിസ്ററു സ്വന്തം തൊഴിലിൽപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ നിന്നുകൊണ്ടു ഏററുപറച്ചിൽ നടത്തിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ വ്യക്തിപരമായ ജീവിതത്തിലും, തൊഴിൽജീവിതത്തിലും എന്തോ

ഭാരം നീങ്ങി സൗഭാഗ്യം വന്നുചേൎന്നതായി തോന്നിയെന്നു എന്നോടു പറഞ്ഞു. പൂൎവജീവിതത്തിലെ സകല ഭാരങ്ങളുംനീക്ക പ്പെട്ടതായി അയാൾക്കു തോന്നിയത്രെ. ലോകപ്രസിദ്ധനായിരുന്ന ഒരു ചൈനീസ് പ്രൊഫസർ ഏററുപറഞ്ഞതു് ഇതുവരെ അദ്ദേ ഹത്തിനുണ്ടായിരുന്ന അറിവുകളും പഠിച്ചുവച്ചിരുന്ന സിദ്ധാ ന്തങ്ങളും എല്ലാം തെററായിരുന്നു എന്നതാണു്. ഇങ്ങനെയുള്ള ശുദ്ധീകരണംകുററബോധത്തിൽനിന്നു താൽക്കാലികമായ ആശ്വാ സം നൽകിയേക്കാം. എന്നാൽ സ്ഥായിയായ പ്രയോജനം ഇതിൽനിന്നുണ്ടാകണമെങ്കിൽ, പരസ്യമായ ഏററുപറച്ചിൽ മൂലം മനസ്സിൽ അടിച്ചേല്പിക്കുന്ന സംഭീതി മാത്രംകൊണ്ടു വല്ലതും സാധിച്ചേക്കാം. ഈശ്വരൻെറയും മനസ്സാക്ഷിയുടെയും സ്ഥാനം "ജനസാമാന്യത്തിൻെറ താല്പര്യം" അപഹരിക്കയാണു്. മാനു ഷികമായ സമ്പൎക്കങ്ങളിലെല്ലാം കർശനമായ ശിക്ഷണം പാലി ക്കാൻ ഈ പുതിയ ശക്തി നിർബന്ധം ചെലുത്തുന്നു. ഫെബ്രു വരിമാസത്തിൽ റെയിൽവെമന്ത്രിയുടെ ആഫീസിലുള്ള അഞ്ചു അഴിമതിക്കാരുടെ കുററം വെളിയിൽ വന്നതു സ്വന്തം കുടുംബാം ഗങ്ങൾ നടത്തിയ അവഹേളനങ്ങൾ നിമിത്തമാണത്രെ. മനു ഷ്യമാഹാത്മ്യബോധം അന്തൎദ്ധാനം ചെയ്തിരിക്കയാണു്.

പാർട്ടിയിൽ ശുദ്ധീകരണം വരുത്താനും ഗവണ്മെൻറിൽ അഴിമതി നീക്കാനും സമാരംഭിക്കപ്പെട്ട ഒരു പ്രസ്ഥാനം ദേശീയ ബൂർഷ്വാകൾക്കെതിരായ ഒരു വൎഗ്ഗസമരമായി മാറി. ആ ഒരു വൎഗ്ഗം നിശ്ശേഷം നിഷ്ക്കാസനം ചെയ്യപ്പെട്ട നിലയായിരുന്നു അതിൻെറ ഫലം. ചൈനീസ് സാമ്പത്തികനിലയ്ക്കു എന്തു പ്രയോ ജനമാണു് ഇതു കൊണ്ടുവരാൻ പോകുന്നതെന്നു കണ്ടറിയണം. പാർട്ടിയിലും സാമൂഹ്യജീവിതത്തിലും ചില ശുദ്ധീകരണങ്ങൾ വരുത്തണമെന്നുള്ള പ്രഥമലക്ഷ്യങ്ങളിൽ കവിഞ്ഞ പരിണതഫ ലങ്ങളാണു് ഈ പ്രസ്ഥാനംകൊണ്ടുവന്നു ഭവിച്ചതെന്നു നേതാക്ക ന്മാർ മനസ്സിലാക്കിയിട്ടുണ്ടു്. അതുകൊണ്ടു് ഏപ്രിൽമാസത്തിൽ ഈ പ്രസ്ഥാനം അവസാനിപ്പിക്കുവാൻ ശ്രമങ്ങൾ നടന്നു. മെയ് ദിനാഘോഷവും, വിദേശസന്ദർശകരുടെ സാന്നിദ്ധ്യവും ഈ സംരംഭം നിറുത്തിവയ്ക്കുന്നതിനു ഒരു കാരണവുമായി.

ഈ "കരുണാരഹിതമായ സമരം" ചൈനീസ് വിപ്ലവത്തിൻെറ ഇന്നത്തെ ഘട്ടത്തിൽ നടത്തുവാൻ മററു കാരണങ്ങളും ഉണ്ടായിരുന്നിരിക്കാം. അടുത്ത ഭാവിയിൽത്തന്നെ ഒരു സന്ധി യില്ലാസമരം നേരിടേണ്ടിവരുമെന്നു കമ്മ്യൂണിസ്ററുകാൎക്കു ഉറച്ച വിശ്വാസമുള്ളതായി പറയപ്പെടുന്നു. അങ്ങിനെയെങ്കിൽ, സം പൂർണ്ണവും സുദൃഢവുമായ ദേശീയഐക്യം പാലിക്കേണ്ടതാ വശ്യമാണു്. രാജ്യഭക്തിയിൽ സംശയമുള്ളവരെ ബഹിഷ്ക്ക രിക്കേണ്ടതു ആവശ്യമാണെന്നു ചൈനാക്കു് തോന്നിയിരിക്കും.

ദേശീയബൂർഷ്വാകൾ "സ്വഭാവദാർഢ്യമില്ലാത്തവരും, ദീർഘദൃഷ്ടിയില്ലാത്തവരും, ധീരതയില്ലാത്തവരു"മാണെന്നു മാവോ പ്രസ്താവിക്കയുണ്ടായി.

സാൻഫ്രാൻസിസ്കോ പ്രസ്ഥാനത്തിനു രാജ്യാന്തരപരമായ പ്രാധാന്യമാണ് ചൌഎൻലായും, മററു ചൈനീസ് നേതാക്കന്മാരും നൽകുന്നതു്. ഇത്രയും പ്രധാന്യം അതിനെങ്ങിനെയാണു വരുന്നതെന്നുള്ള കാര്യം അത്ര വ്യക്തമായി മനസ്സിലാകുന്നില്ല. എന്നാൽ ഇപ്പോഴത്തെ പ്രസ്ഥാനം 1952 ഫെബ്രുവരി ഒന്നാംതീയതിയാണ് ആരംഭിച്ചതെന്നുള്ളതു ശ്രദ്ധേയമാണ്. ഫെബ്രുവരി 22-ാംനു അമ്മേരിക്ക രോഗാണുസമരം നടത്തുന്നുവെന്ന കുററാരോപണം ചൈനാ മുഴക്കി. ഇതു തമ്മിലുള്ള ബന്ധമൊന്നും പ്രത്യക്ഷമല്ലെങ്കിലും ഇരുമുനയുള്ള ഒരായുധമാണ് ആഭ്യന്തരമായ ദേശീയഐക്യം സാധിക്കുവാൻ ചൈനാ പ്രയോഗിക്കുന്നതെന്നു മനസ്സിലാക്കാം. ആഭ്യന്തരമായി ഐക്യം സാധിക്കുന്നതോടൊപ്പം വെളിയിൽ നിവസിക്കുന്നിടത്തെല്ലാം ചൈനായുടെ അനുകൂലികളെയും അഞ്ചാംപത്തിക്കാരെയും സമ്പാദിക്കുന്നതു ലോകം ഒരു മഹായുദ്ധത്തിൽ നിപതിക്കുന്നപക്ഷം ചൈനായുടെ ആവശ്യമാണ്,

# 4

# രോഗാണു സമരം

എന്റെ രണ്ടാം പീക്കിംഗ് നഗരസന്ദർശനത്തിന്റെ അവസാനത്തിൽ "യുദ്ധപ്രദർശനം" ഇൻഡ്യൻ പ്രതിനിധിസംഘത്തിന്റെ സന്ദർശനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കി. ഞാൻ ഈ പരിപാടിയെപ്പററി കാര്യമായി ഒന്നും ചിന്തിച്ചില്ല. ഈ പ്രദർശനം വളരെ ഉച്ചത്തിൽ പ്രഖ്യാപിക്കപ്പെട്ടിരുന്ന രോഗാണു സമര ആരോപണങ്ങൾ സംബന്ധിച്ചായിരുന്നുവെന്നു ഞാൻ ധരിച്ചില്ല. അതുകൊണ്ടു് ഇവിടെ വന്നെത്താൻ കഴിഞ്ഞതു് സ്വാഗതാർഹമായ ഒരു അപ്രതീക്ഷിതസംഭവമായിരുന്നു. ചൈനീസ് ഗവർമെൻറു് ഒരു ലോകപ്രശ്നം തന്നെയാക്കാൻ ഉദ്ദേശിച്ച ഒരു വിഷയത്തെ അഭിമുഖീകരിക്കാൻ സാധിച്ചതു് അപ്പോൾ മാത്രമാണു്. രോഗബീജങ്ങൾ പ്രചരിപ്പിച്ചുള്ള സമരരീതിയെപ്പററി ആരോപണങ്ങൾപത്രവാർത്തകളായി പ്രസിദ്ധപ്പെട്ടിരുന്നു. അവ യഥാർത്ഥങ്ങളാണെന്നു് സന്ദർശകരെ ബോദ്ധ്യപ്പെടുത്താൻ ഏർപ്പെടുത്തിയഒരു പ്രദർശനമായിരുന്നു അതു്.

പ്രദർശനം മൂന്നുഭാഗങ്ങളായിട്ടാണു് സംവിധാനം ചെയ്തിരുന്നതു്. ആദ്യത്തെ ഭാഗം രോഗബീജസമരത്തിൽ അമേരിക്ക കാര്യമായ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു എന്നു തെളിയിക്കുന്നതിനുള്ളതാണു്. അമേരിക്കൻ സൈനിക പ്രസിദ്ധീകരണങ്ങൾ, ശാസ്ത്രീയഗ്രന്ഥങ്ങൾ, മാസികകൾ മുതലായവ ഈ പ്രശ്നത്തെയും അതിന്റെ സാദ്ധ്യതകളെയും പററി ചർച്ച ചെയ്തിരുന്നുവെന്നു കാണിക്കുന്നതിനാണു് അവ ശേഖരിച്ചു പ്രദർശിപ്പിക്കപ്പെട്ടതു്. ജപ്പാൻ ജനറൽമാരായിരുന്ന ഷീറൊ ഇഷി, ജീറൊവാകനാട്സു, എന്നിവരെ കൊറിയായിൽ നിയോഗിച്ചുവെന്ന വാർത്തതന്നെ ഈ രോഗാണു സമരത്തിനു് മതിയായ തെളിവായി പ്രദർശിപ്പിക്കപ്പെട്ടിരുന്നു. ഈ ജനറൽമാർ രണ്ടുപേരും ഹാർബിനിലെ 731—ാം നമ്പർജപ്പാൻ വകുപ്പുമായി 1935— 36—ൽ ബന്ധപ്പെട്ടിരുന്നു. ജനറൽ റിഡ്ജ്വെ സാംക്രമികരോഗബീജങ്ങൾ വഹിച്ച കീടങ്ങളെ കൊറിയായിൽ ഇടുന്നതിനു മാർഗ്ഗങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നു് ജപ്പാൻ ജനറൽമാരുടെ നിയമനങ്ങൾ തെളിയിച്ചിരുന്നുവത്രെ.

രണ്ടാമത്തെ വിഭാഗത്തിൽ കംപാർട്ടമെൻറു ബോംബ്,പാരച്യൂട്ട്സ്,കാർഡ്ബോർഡ് പെട്ടികൾ,ഒരു പോർസ്ലെയിൻ ബോംബ് പൊട്ടിയതിൻെറ ചില കഷണങ്ങൾ ഉത്തരകൊറിയായിലും മഞ്ചൂറിയായിലും ഇട്ടതെന്ന് പറയപ്പെടുന്ന ചില ഷെല്ലുകൾ മുതലായവ ഉൾപ്പെടുന്നു. ഷെല്ലുകളിൽ രോഗബീജങ്ങൾ വഹിക്കുന്ന ഈച്ചകൾ, കൊതുക് മററു ചെറുജീവികൾ എല്ലാം ഉണ്ടായിരുന്നുവത്രെ. ബോംബുകൾ എറിഞ്ഞ സ്ഥലങ്ങളുടെ ഫോട്ടോകൾ ഭിത്തികളിൽ തൂക്കിയിട്ടിരുന്നു. ചില ഫോട്ടോകളിൽ വെള്ളമേലുടുപ്പുംധരിച്ച പരിശോധകക്കമ്മീഷനംഗങ്ങൾ സ്ഥലപരിശോധന നടത്തിക്കൊണ്ടിരുന്നതു് ചിത്രീകരിച്ചിരുന്നു. ഈ ഫോട്ടോകൾ വളരെ കൗതുകപ്രദമായി തോന്നി. ബോംബ് വീണ തീയതിയും, അന്വേഷണം നടത്തിയ തീയതിയും ഫോട്ടോകളിൽ കുറിച്ചിരുന്നു ഒരു പ്രത്യേക ഫോട്ടോ എൻെറ ശ്രദ്ധയെ ആകർഷിച്ചു. ഫുഷൺ റേസുകോഴ്സിൻെറ (കുതിരപ്പന്തയ ഓട്ടം നടത്തുന്നകളം) ഒരു ഫോട്ടോ ആയിരുന്നു അതു്. അവിടെ 1952 ഫെബ്രുവരിയിൽ ഒരു ബോംബിട്ടുവെന്നു് പ്രസ്താവിക്കപ്പെട്ടിരുന്നു. അന്വേഷണസംഘം സ്ഥലപരിശോധന നടത്തുവാനുള്ള എല്ലാ സാമഗ്രികളുമായി അവിടെ എത്തിയപ്പോൾ മാർച്ച് 24 ആയി.

പ്രദർശനഹോളിൻെറ ഒരു മൂലയിൽ ഒരു വയർറെക്കോർഡർ രണ്ടു് അമേരിക്കൻ വിമാനസൈന്യഭടന്മാരുടെ ഏററുപറച്ചിൽ ലൗഡ് സ്പീക്കറിൽ കൂടെ പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു. അവർ 1952 ജനുവരി മുതൽ യുദ്ധത്തടവുകാരായിരുന്നു. ആ വിമാനം അന്നു കൊറിയായിൽ വച്ച് വെടിവച്ചു വീഴ്ത്തപ്പെട്ടു. റിക്കാർഡ് ചെയ്ത അവരുടെ പ്രസ്താവനകളിൽ കെനത്ത് ഈനോക്കും, ജോൺകഥിന്നും അറിയിച്ചതു് ഉത്തരകൊറിയായിൽ ജനുവരി 4 മുതൽ 11 വരെ തുടർച്ചയായി അവർ ബോംബാക്രമണം നടത്തിക്കൊണ്ടിരുന്നുവെന്നാണ്. രോഗബീജങ്ങളുള്ള തുണിക്കഷണങ്ങൾഅടങ്ങിയ അനേകം ബോംബുകൾ വർഷിച്ചുവെന്നാണ് അവർ അവകാശപ്പെട്ടതു്. അവരുടെ പ്രസ്താവനകളിൽ രോഗാണു സമരം സംബന്ധിച്ചു ഈ തീയതികൾക്കുമുമ്പു അവൎക്കു ലഭിച്ച പരിശീലനങ്ങൾ, പ്രസംഗങ്ങൾ മുതലായവയെപ്പററി പ്രതിപാദിച്ചശേഷം അവർ ഇങ്ങനെ പ്രഖ്യാപിച്ചു "അമേരിക്കയിലെ ജനങ്ങൾ രോഗാണുസമരം നടത്തുന്നതിനു് സമ്മതിക്കുമെന്നു് ഞങ്ങൾ വിചാരിക്കുന്നില്ല. എന്നാൽ യഥാർത്ഥ സംഭവങ്ങൾ എന്താണെന്നു് അവർ അറിയുന്നില്ല". റെക്കാർഡിനു സമീപം വച്ചിരുന്ന ഒരു കണ്ണാടി പേടകത്തിൽ ഇവരുടെ രേഖാമൂലമായ പ്രസ്താവന അടക്കം ചെയ്തിരുന്നു. അവരുടെ സ്വന്തം കൈപ്പടയിൽ ആണു് അതു എഴുതിയിരുന്നതെന്നും പറഞ്ഞിട്ടുണ്ടു്. ഈ പ്രസ്താവനകൾ

അമേരിക്കൻ സൈന്യങ്ങൾ കൊറിയായിൽ വർത്തിക്കുന്നതെങ്ങനെയെന്ന് സംശയരഹിതമായ തെളിവുകൾ നൽകുന്നുയെന്ന് ചൈനാ അവകാശപ്പെട്ടു. മൂന്നാമത്തെ ഭാഗം പ്രദർശിപ്പിച്ചതു പലതരം ഭൂതക്കണ്ണാടികളാണ്.ഇവയുടെകൂടെവിവിധതരം രോഗബീജങ്ങൾ വളർത്തിയെടുക്കുന്ന രീതികളും കാണിച്ചിരുന്നു. തുമ്പി, മൂട്ട, ഈച്ച, കടന്നൽ, എട്ടുകാലി, വിട്ടിൽ, കൊതുകു മുതലായ ജീവികളിൽ നിന്നാണ് ഈ ബീജങ്ങൾ എടുത്തിട്ടുള്ളതു്. ഇവയിൽ പല ജന്തുക്കളും കൊറിയായിൽ മുമ്പു അറിയപ്പെട്ടിട്ടുപോലും ഇല്ല. ഭിത്തിയിൽ തൂക്കിയിരുന്ന ചിത്രങ്ങളിൽ പലതരം ബീജങ്ങളുടെ മാതൃകകളും ചിത്രീകരിച്ചിരുന്നു. യു. എസ്. വിമാനങ്ങൾ നടത്തിയ ആക്രമണത്തിൻെറ ഫലമായി ഈച്ചകൾ വരുത്തിയ പ്ളേഗ് മൂലം അന്തരിച്ച മൂന്നുപേരുടെ ഫോട്ടോകളും ഈ പടങ്ങളിൽ ഉൾപ്പെട്ടിരുന്നു. ഈ രോഗാണുക്കളുടെ ആക്രമണത്തെ സമർത്ഥമായിപ്രതിരോധിച്ചുകൊണ്ടിരിക്കുന്നതെങ്ങനെയാണെന്നു വിശദീകരിക്കുന്ന പ്രചരണ നോട്ടീസുകളാണ് പിന്നെ സന്ദർശകൻ കാണുന്നതു്.

അവസാനം ഒരു വലിയ പോസ്റ്റർ നോട്ടീസിൽ 1952 ജനുവരി 28 മുതൽ മാർച്ച് 31 വരെ കൊറിയായിലും ഉത്തര ചൈനായിലുമായി 804 രോഗാണു ബോംബാക്രമണം നടത്തിയതായി രേഖപ്പെടുത്തിയിരുന്നു. എല്ലാ ഫോട്ടോകളുടെ അടിയിലുള്ള വിവരങ്ങളും പോസ്റ്റർ നോട്ടീസുകളും ചൈനീസ് ഭാഷയിലും റഷ്യൻ ഭാഷയിലും ഇംഗ്ലീഷിലുമായി മൂന്നു ഭാഷകളിൽ നൽകിയിരുന്നു. പ്രദർശനത്തിൻെറ ഓരോ വിശദാംശങ്ങളിലും ഇൻഡ്യൻ പ്രതിനിധി സംഘത്തിൻെറ ശ്രദ്ധയെ ക്ഷണിക്കുകയും ഗൈഡുകൾ, ഫോട്ടോ വിവരണങ്ങളും, പോസ്റ്ററുകളും വായിച്ചു കേൾപ്പിക്കുകയും ചെയ്തു. മൂന്നിൽപരം നീണ്ട മണിക്കൂറുകൾ പ്രദർശനം മുഴുവൻ ചുററിനടന്നു കാണുവാൻ എടുത്തു. മിസ്സിസ്സ് പണ്ഡിററു് എല്ലാ വിവരണങ്ങളും കേട്ടു നടക്കുന്നതിൽ നിസ്സീമമായക്ഷമ പ്രദർശിപ്പിച്ചു. ഓരോ വിശദാംശവും,മിസ്സിസ്സ് പണ്ഡിററിൻെറ ശ്രദ്ധയിൽ പെടണമെന്നുള്ള കാര്യത്തിൽ ചൈനാക്കാരുടെ പ്രകടമായ ഉൽക്കണ്ഠ കാണാമായിരുന്നു. സന്ദർശനപരിപാടി അവസാനിച്ചപ്പോൾ പ്രതിനിധി സംഘാംഗങ്ങളെ അട്ടത്തുള്ള ഒരു മുറിയിലേക്കാനയിക്കുകയും; ചൈനാക്കാരുടെ പതിവനുസരിച്ചു ചായയും, പഴങ്ങളും, കേക്കും നൽകി ഉപചരിക്കുകയും ചെയ്തു. ചായ കഴിച്ചുകൊണ്ടിരുന്നപ്പോൾ ആരോഗ്യവകുപ്പു മന്ത്രിണി മാഡം ലി ടെ-ച്വവൻ പ്രദർശനത്തെപ്പററി സന്ദർശകരുടെ അഭിപ്രായങ്ങൾ സ്വാഗതം ചെയ്തു. മന്ത്രിണി ആയിരുന്നു മിസ്സിസ്സ് പണ്ഡിററിനെ പ്രദർശനവിവരങ്ങൾ വിശദീകരിച്ചുകൊടുത്തുകൊണ്ട് കൂടെ നടന്നിരുന്നതു്. വളരെ ശ്രമകരമായ

ഒരു മൃദുല കർത്തവ്യമായിരുന്നു അതു്. ഞങ്ങളുടെകൂടെ നടന്ന എല്ലാ ദ്വിഭാഷികളും അവരവരുടെ അതിഥികളുടെ അഭിപ്രായം സശ്രദ്ധം കേൾക്കണമെന്നു് നിർദ്ദേശം നൽകപ്പെട്ടു. എന്നാൽ മിസ്സിസ്സ് പണ്ഡിററു് സന്ദർഭോചിതമായി പെരുമാറി. എല്ലാവരുടെ പേക്കുംവേണ്ടി മിസ്സിസ്സ് പണ്ഡിററു് "എക്സിബിഷൻ കാണിച്ചുകൊടുത്തതിനു്" ആരോഗ്യ മന്ത്രിണിക്കു് കൃതജ്ഞത പ്രകാശിപ്പിച്ചു.

അന്നു് ഉച്ചതിരിഞ്ഞു വിദേശ പത്ര പ്രതിനിധികളുടെ സമ്പർക്ക(ലിയസോൺ) ആപ്പീസിൽ നിന്നു് എനിക്കൊരു ഫോൺ സന്ദേശം ലഭിച്ചു. ഞാൻ, യുദ്ധപ്രദർശനം പൊതുജനങ്ങൾക്കായി തുറക്കുന്നതിനുമുമ്പു് അന്നു വൈകുന്നേരം കാണണമെന്നു് നിർബന്ധപൂർവ്വം എന്നോടാവശ്യപ്പെട്ടു. അന്നുരാവിലെ ഏകദേശം നാലു മണിക്കൂറോളം ഞാൻ ആ പ്രദർശനം കണ്ടുകഴിഞ്ഞുവെന്നു അറിയിച്ചിട്ടും, നിഷേധപരമായ ഒരുത്തരം കേൾക്കുന്നതിനു ലിയസോൺ ആപ്പീസു സന്നദ്ധരായില്ല. ഞാൻ അവിടെ ചെല്ലേണ്ടതു് അത്യാവശ്യമാണെന്നും, അവിടെ ഒരു പ്രസ്സ്കോൺഫ്രൻസു നടക്കുമെന്നും എനിക്കാഗ്രഹമുണ്ടെങ്കിൽ ചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകുമെന്നും എന്നെ അറിയിച്ചു. ഇൻഡ്യൻ പ്രതിനിധി സംഘത്തിൻെറ പ്രതികരണമെന്താണെന്നറിയുവാൻ അവർക്കു ഉൽക്കണ്ഠയുണ്ടെന്നു് എനിക്കറിയാമായിരുന്നു. എന്നിൽകൂടെ സംഘത്തിൻെറ സാമാന്യമായ അഭിപ്രായമെന്താണെന്നറിയുവാൻ കഴിയുമെന്നു് അവർ പ്രതീക്ഷിച്ചു. അതുകൊണ്ടു് ഞാൻ പോകുന്ന കാര്യത്തിൽ അവർ ശഠിക്കുക തന്നെ ചെയ്തു. ഗത്യന്തരമില്ലാതെ ഞാൻ പോയി.

എന്തൊരു പ്രസ്കോൺഫറൻസായിരുന്നു അതു്? എൻെറ പ്രയോജനത്തിനു് വേണ്ടി മാത്രം ദ്രുതഗതിയിൽ വിളിച്ചുകൂട്ടിയ ഒരു സമ്മേളനമായിരുന്നു അതെന്നു് സംശമില്ല. എന്നിൽകൂടെ ഇൻഡ്യൻ പ്രതിനിധിസംഘത്തിൻെറ അഭിപ്രായം അവർക്കറിയുകയും വേണം. യുദ്ധരംഗ പരിശോധന നടത്തിയ കമ്മിഷൻ അംഗങ്ങൾ എല്ലാം അവിടെ സന്നിഹിതരായിരുന്നു. കമ്മീഷനിൽ പാതോളജിസ്റ്റ് എൻേറമോളജിസ്റ്റ് (കീടകശാസ്ത്രജ്ഞൻ) ഫിസിഷ്യൻ എന്നിവരെല്ലാം ഉൾപ്പെട്ടിരുന്നു. കമ്മിഷനദ്ധ്യക്ഷൻ ചൈനാ സമാധാന കമ്മററിയുടെ ഉപാദ്ധ്യക്ഷനായിരുന്ന ചൌ ഷു-തുംഗ് ആയിരുന്നു. ടാസ്സ്, പ്രവദ, വിറേറമിൻന്യൂസ് ഏജൻസീസ് എന്നിവയുടെ പ്രതിനിധികളും ഒരു ഡസനിലധികം ചൈനീസ് റിപ്പോർട്ടർമാരും, ഇൻഹർമേഷൻ വകുപ്പിൻെറയും വിദേശകാര്യാലയത്തിലെ ഗവേഷണ വകുപ്പിൻെറയും അദ്ധ്യക്ഷയായ മാഡം കുംഗ് പെങ്ങും അവിടെ സന്നിഹിതരായിരുന്നു

പത്രപ്രതിനിധികൾ ആഗതരായ ഉടനെ പ്രദർശനം കാണുവാൻ ആവശ്യപ്പെട്ടു. ഞാൻ കൂടെപോകുവാൻ അല്പം ശങ്കിച്ചു നിന്നു. എന്നാൽ ലിയാസോൺ ഓഫീസർ എൻെറ അടുക്കൽ പ്രത്യേകമായി വന്നു പ്രദർശനഹോളിലേക്കു വരുവാൻ നിർബന്ധിച്ചു. അകത്തു പത്രപ്രതിനിധികൾ നടന്നു പോകുന്നതിൻെറ സിനിമാ പടങ്ങൾ എടുക്കുവാനുള്ള ക്രസെൻ കാമറാകൾ, ആർക്ക് ലൈററുകൾ എല്ലാം ശരിപ്പെടുത്തിയിരുന്നു. ഇതര പത്രപ്രതിനിധികളുടെ കൂടെ എൻെറയും പടങ്ങൾ എടുക്കുന്നതിൽ വല്ല വിരോധവുമുണ്ടോ എന്നു എന്നോടു ചോദിച്ചു. നിഷേധരൂപത്തിൽ മറുപടി പറയുന്നതു് വിഷമകരമായിത്തോന്നി. ഞാൻ ഈ പ്രദർശനം കണ്ടുവെന്നുള്ള വസ്തുതയ്ക്കു് പ്രസിദ്ധീകരണം നൽകുന്നതിനെ ഞാൻ എന്തുകൊണ്ടു് എതിർക്കണം? എന്നാൽ എൻെറ പടം എടുക്കുന്നതിനു് എനിക്കു യാതൊരു വിരോധവുമില്ലെങ്കിലും പ്രദർശനം ഒരു പ്രാവശ്യം കൂടെ നടന്നു കാണുവാൻ എനിക്കു യാതൊരുദ്ദേശവുമില്ലെന്നു ഞാൻ ഓഫീസറോടു വ്യക്തമാക്കി.

മററുള്ളവരോടുകൂടെ എൻെറയും ഫിലിം എടുക്കുവാനുള്ള ശ്രമം ചൈനാക്കാർ ഉപേക്ഷിച്ചു. എൻെറ ഓർമ്മ പുതുക്കുവാൻ വേണ്ടി ചില പ്രത്യേക പ്രദർശനങ്ങൾ മാത്രം ഞാൻ അങ്ങുമിങ്ങും യഥേഷ്ടം നടന്നുകണ്ടു. വളരെ പ്രാധാന്യമർഹിക്കുന്ന പ്രദർശനവസ്തുക്കളാണു് ഈ ശേഖരത്തിൽ പെട്ടിരിക്കുന്നതെന്നു് എനിക്കറിയാമായിരുന്നു, സുദീർഘ തലമുറകളിലേക്കു നിലനിൽക്കുന്നവിധത്തിൽ പശ്ചിമ രാജ്യങ്ങളും പൂർവ രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെ സ്പർശിക്കുന്ന ഒരു പ്രദർശനമായിരുന്നു അതു്. ഹിറോഷിമ കയ്പായ പല സ്മരണകൾക്കും അനവധി ഏഷ്യാക്കാരുടെ മനസ്സിൽ മായാത്ത സ്ഥാനം നൽകിയിട്ടുണ്ടു്. അതുപോലെയുള്ള മറെറാരു ശ്രമം വേറൊരു ഏഷ്യൻ രാജ്യത്തിൽ നടത്തുന്നതിനു് എത്രയധികം നീതീകരണമുണ്ടായാലും, പാശ്ചാത്യക്ക് പൂർവദിക്കുകളിലെ ജനങ്ങളുടെ ജീവനെപ്പററി വളരെ നിസ്സാരമായ മതിപ്പേ ഉള്ളു എന്ന സംശയത്തിനു വളരെ ശക്തി വർദ്ധിക്കും. അവഗണനീയമായ ഒരു വിലയെ ഒരു ഏഷ്യാക്കാരൻെറ ജീവനു് പശ്ചിമ രാജ്യക്കാർ നൽകുന്നുള്ളു എന്ന ധാരണശക്തിപ്പെടും. രാവിലെയുള്ള എൻെറ സന്ദർശനം ഈ പ്രദർശനം ഒന്നും തെളിയിച്ചില്ലെന്നു് എന്നെ ബോദ്ധ്യപ്പെടുത്തി. രോഗബീജ സംബന്ധമായി കാണിച്ചിരുന്നതെല്ലാം ഏതെങ്കിലും ഒരു ലാബറട്ടറിയിൽ ഉൽപാദിപ്പിക്കാവുന്നതു മാത്രമായിരുന്നു. അന്വേഷണങ്ങൾ കേവലം ഉപരിപ്ലവമായിരുന്നു. മുൻവിധിയോടുകൂടിയ ഒരു പാർട്ടിയാണു് അതു് നടത്തിയതു്. ഈനോക്കും, കഥിന്നും വിമാനാക്രമങ്ങളെപ്പററിയും, അവയ്ക്കു

മുമ്പുള്ള ഒരുക്കങ്ങൾ, പരിശീലനങ്ങൾ, നിർദ്ദേശങ്ങൾ ആദിയായവ സംബന്ധിച്ചും നൽകിയ വിശദവിവരങ്ങൾ ചില സംശയങ്ങൾ ജനിപ്പിക്കുന്നുവെന്നതു് വാസ്തവമാണു്. എന്നാൽ ജനറൽ റിഡ്ജ്വെയും, യുണൈറഡ് സ്റ്റേററ്സും ഇതുപോലെയുള്ള ഒരു നടപടിയുടെ വിഡ്ഢിത്തം നല്ലതുപോലെ അറിയാവുന്നവരാണെന്നു് എനിക്കു നല്ലബോദ്ധ്യമുണ്ടായിരുന്നു. മനുഷ്യത്വപരമായ പരിഗണനകൾ മാററി വച്ചാൽ തന്നെ, തന്ത്രപരമായും ഇതു മടയത്തരമായിരുന്നു.

ഞാൻ അങ്ങനെ അവിടെയും ഇവിടെയും നടന്നപ്പോൾ മാഡം കുംഗ്പൊഗ്ഗ് എന്നെ സമീപിച്ചു. കമ്മ്യൂണിസ്റ്റ് നേതൃസംഘത്തിൽ കണ്ടുമുട്ടുന്ന ചില അഗാധവ്യക്തികളിൽ ഒരുത്തിയായിരുന്നു അവർ. വിദേശവകുപ്പിൻെറ ഇൻഫർമേഷൻ അദ്ധ്യക്ഷയായിരുന്ന അവർ ഇതിനകം കാര്യമാത്ര പ്രസക്തതയ്ക്കു പ്രസിദ്ധി സമ്പാദിച്ചിരുന്നു. സാധാരണ ചൈനാക്കാക്കുള്ളതിൽ കവിഞ്ഞ ഉയരം ഈ സ്ത്രീക്കുണ്ടു്. നല്ലതുപോലെ ചീകി മിനിക്കിവച്ചിരുന്ന അവരുടെ കറുത്തിരുണ്ട തലമുടി അവരുടെ മുഖത്തിനു ഒരു ഗൗരവം നൽകുന്ന വിധത്തിലാണു് കെട്ടി ഒതുക്കി വച്ചിരുന്നതു്. മഹായുദ്ധകാലത്തു് അവർ ഇൻഡ്യയിൽ വന്നിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. മററു പല രാജ്യങ്ങളും അവർ സന്ദർശിച്ചിട്ടുണ്ടു്. ഇംഗ്ലീഷു് വെള്ളംപോലെ സംസാരിക്കുവാൻ അവക്കു കഴിയും. അവക്കു് ആവശ്യമുള്ളിടത്തേ അതു ഉപയോഗിക്കു. മററു സന്ദർഭങ്ങളിൽ പതിവുള്ള ദ്വിഭാഷിക്കുടെയുണ്ടു്, ഞാൻ അവരെ അന്വേഷിക്കുന്നതിനു പകരം അവർ എന്നെ തേടി വന്നതിൽ എനിക്കു ആശ്ചര്യം തോന്നി. ഞാൻ ഒരു പരിശോധനയ്ക്കു വിധേയനാകാൻ പോകുകയാണെന്നു് എനിക്കപ്പോൾ തോന്നി. ഇതു് ഇംഗ്ലീഷ് ഭാഷകൊണ്ടേ സാധിക്കു. അതവർ ഉപയോഗിക്കാനും തീരുമാനിച്ചു. "എനിക്കു വളരെ ജോലിത്തിരക്കുണ്ടായിരുന്നതിനാൽ എനിക്കു നിങ്ങളെ കാണണമെന്നു വളരെ ആഗ്രഹമുണ്ടായിരുന്നെങ്കിലും സാധിച്ചില്ല. ഈ പ്രദർശനത്തെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണു്" എന്നു് അവർ ചോദിച്ചപ്പോൾ ഇത്ര ഋജുവായ ഒരു ചോദ്യത്തിനുഉത്തരം പറയാൻ ഞാൻ തയാറായിരുന്നില്ല. അതുകൊണ്ടു് ഞാൻ ഏഷ്യയിലെ നിഷ്പക്ഷ രാജ്യങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യകതയെപ്പററിയും, അവയുടെ സഹതാപം ചൈനായിക്കനുകൂലമായി സമ്പാദിക്കേണ്ടതിൻെറ പ്രാധാന്യതയെപ്പററിയും ഞാൻ സംസാരിച്ചു തുടങ്ങി. ഇതു രണ്ടു വിധത്തിൽ സാധിക്കാവുന്നതാണെന്നു ഞാൻ പറഞ്ഞു. ഉത്തരകൊറിയാക്കാരും ചൈനാക്കാരും രോഗാണു സമരം മൂലം പടർന്നു പിടിച്ച സാംക്രമിക രോഗത്തിൻെറ ഫലമായി സഹിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ദുരിത

ങ്ങൾ മററ ഏഷ്യൻ രാജ്യങ്ങളെ മനസ്സിലാക്കണം. അല്ലെങ്കിൽ സ്വതന്ത്രവും, നിഷ്പക്ഷവുമായ ഒരന്വേഷണക്കമ്മീഷൻെറ റിപ്പോർട്ട് അവരുടെ അറിവിനായി സമർപ്പിക്കണം. മൂന്നാമതൊരു മാർഗ്ഗമില്ല.

മാഡം കുംഗ് അവളുടെ ചോദ്യങ്ങളുമായി ഉത്തരക്ഷണത്തിൽ എന്നെ നേരിട്ടു. "ആത്മാർത്ഥമായ ഒരു അന്വേഷകന് ഈനോക്കിൻെറയും കപിന്നിൻെറയും പ്രസ്താവനകൾ മതിയായ തെളിവല്ലേ?"

ഞാൻ എൻെറ മുൻകരുതലുകളെല്ലാം ദൂരത്തെറിഞ്ഞുകൊണ്ട് മറുപടി പറഞ്ഞു. "അല്ല. ഒരു യുദ്ധത്തടവുകാരൻ നിർബന്ധിതമായ തങ്കൽ സാഹചര്യത്തിലാണ്. അയാളുടെ യാതൊരു പ്രസ്താവനയും സ്വതന്ത്രമായി നൽകുന്നവയാണെന്ന് അംഗീകരിക്കാവുന്നതല്ല."

"ഞങ്ങൾ യുദ്ധത്തടവുകാരോടു വളരെ ഉദാരമായിട്ടാണല്ലോ വർത്തിക്കുന്നതു്. ഈ നോക്കും, കപിന്നും അവരുടെ പ്രസ്താവനകൾ അവരുടെ സ്വന്തം അഭീഷ്ടമനുസരിച്ചു നൽകിയതാണ്. അനീതിപരമായ ഒരു യുദ്ധമാണ് അവർ നടത്തുന്നതെന്നു ബോദ്ധ്യത്തിലാണു് അവർ ആ പ്രസ്താവന ചെയ്തതു്"

"അങ്ങനെയായിരിക്കും മാഡം കുംഗ്!" ഞാൻ പറഞ്ഞു.

"എന്നാൽ ഇൻഡ്യയുടെ സ്വാതന്ത്ര്യസമരകാലത്തു് ഞാനും ഒരു രാഷ്ട്രീയത്തടവുകാരനായിരുന്നു. കാരാഗൃഹങ്ങൾ എന്താണെന്നെനിക്കറിയാം, പെരുമാററങ്ങൾ എത്രതന്നെ വിശേഷമായിരുന്നുകൊള്ളട്ടെ."

മാഡംകുംഗ് പെട്ടെന്ന് സംഭാഷണകൗതുകം മാററി രൂക്ഷഭാവം അവലംബിച്ചു. ഔപചാരികമായി മാത്രം അവർ പെരുമാറി. സായാഹ്നത്തിൽ നടക്കുന്ന പ്രസ്സ്സമ്മേളനത്തിൽ എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു അവർ ചോദിച്ചു. ഉണ്ടെങ്കിൽ ചോദ്യങ്ങൾ മുൻകൂട്ടി അറിയിച്ചിരിക്കണമെന്ന് അവർ നിർദ്ദേശം നൽകി. ഞാൻ എൻെറ ചോദ്യങ്ങളെപ്പററി അതുവരെ ഒന്നും ചിന്തിച്ചില്ല. ചൈനായിൽ ഞാൻ സംബന്ധിക്കുന്ന പ്രഥമ പ്രസ്സ് കോൺഫറൻസായിരുന്നതുകൊണ്ട് നടപടി ക്രമങ്ങളെപ്പററി എനിക്കു യാതൊരു ഗ്രാഹ്യവുമുണ്ടായിരുന്നില്ല. സമ്മേളനത്തിൽ വല്ല പ്രസ്താവനകളും ഉണ്ടാകുമെന്നും അവയെ ആസ്പദമാക്കി ചോദ്യം ചോദിക്കാൻ അവസരമുണ്ടാകുമെന്നുമാണ് ഞാൻ കരുതിയതു്. എന്നാൽ മാഡംകുംഗിൻെറ നിർദ്ദേശം എനിക്കറിയാനുള്ള വിവരം മുൻകൂട്ടി അവരെ അറിയിച്ചിരിക്കണമെന്നുള്ള വസ്തുത സുവ്യക്തമാക്കി. അല്ലെങ്കിൽ ഞാൻ ഈ സമ്മേളനത്തിനു വരാതിരിക്കയായിരുന്നു ഭേദം. ഞാൻ ഒരു പത്രപ്രതിനിധി മാത്രമായിരുന്നു

വെന്നും, എൻെറ ചോദ്യങ്ങൾ ഞാൻ വിശ്വസിച്ചിരുന്നതോ അല്ലാത്തതോ ആയ കാര്യങ്ങളുമായി ബന്ധമില്ലെന്നും ഞാൻ അറിയിച്ചു. എൻെറ രാജ്യത്തുള്ള വായനക്കാർക്ക് താല്പര്യമുള്ള വിവരങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുകയായിരുന്നു എൻെറ ജോലി. അതുകൊണ്ട് ഞാൻ ചോദിച്ചതു് "സംഭവസ്ഥലങ്ങളിൽ" അന്വേഷണം നടത്തിയെന്നു് കമ്മീഷൻ പറയുമ്പോൾ അവർ എന്താണു് ഉദ്ദേശിക്കുന്നതെന്നറിയിക്കണമെന്നായിരുന്നു. ആരോപിതമായിരിക്കുന്ന രോഗാണുസമരം ചൈനായിൽ വരുത്തിയ ഫലങ്ങൾ എന്തൊക്കെയാണു്? ഒരു സ്വതന്ത്രാധികാരമുള്ള സമിതി ഒരന്വേഷണം നടത്തുന്നതു് ചൈനായിക്കു് അംഗീകാര്യമായ ഒരു നിർദ്ദേശമാണോ?. എൻെറ രണ്ടാമത്തെ ചോദ്യത്തിനു് മറുപടി നൽകിയില്ലെങ്കിൽ, ഒരു സൈനികരഹസ്യം മനസ്സിലാക്കാനുള്ള ശ്രമമാണതെന്നുള്ള ധാരണയിൽ അങ്ങനെ നിഷേധിച്ചതാണെന്നു് മനസ്സിലാക്കാൻ എനിക്കു കഴിയുമെന്നും മാഡം കുംഗിനെ അറിയിച്ചു.

വളരെ ഗൗരവപൂർവം തല വണങ്ങിയ ശേഷം യഥേഷ്ടം അവിടെ നടക്കുവാൻ എന്നെ സ്വൈരമായി വിട്ടിട്ട് അവർ നടന്നുപോയി. പ്രദർശനസന്ദർശനം പ്രസ്സ് പ്രതിനിധികൾ തീർക്കുന്നതുവരെ അന്വേഷണക്കമ്മീഷൻ വിശ്രമിച്ചിരുന്ന മുറിയിലേക്കാണു് മാഡംകുംഗ് പോയതു്. രണ്ടു മണിക്കൂർ നേരം കഴിഞ്ഞു പ്രതിനിധികൾ സന്ദർശനം പൂർത്തിയാക്കി. അന്നു സായാഹ്നത്തിലെ പ്രധാന പരിപാടി ഉടനെ ആരംഭിച്ചു. എനിക്കു നന്നെ വിശന്നു. അന്നു് എനിക്കു് ഡിന്നർ കഴിക്കുവാൻ സൗകര്യം കിട്ടിയില്ല. എന്നാൽ ആസന്നമായിരിക്കുന്ന കൊട്ടങ്കാററിൽനിന്നു രക്ഷപെടാൻ എനിക്കു യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. ഒരു കഷണം കേക്കുംകരണ്ടു് അൽപ്പം ചായയും കുടിച്ചു് ഞാൻ മുറിയുടെ ഒരു മൂലയിൽ ഇരിപ്പുറച്ചു. ലൈയിസൺ ഓഫീസിലെ ഒരു ദ്വിഭാഷിയും എൻെറ അരികിൽ ഇരുന്നു. കോൺഫ്രൻസു നടത്തിയ മുറിയിലും ഫിലിം എടുക്കുന്ന ക്യാമറാകളും ലൈററു മെല്ലാം സ്ഥാനംപിടിച്ചു. അവിടത്തെ നടപടികൾ ഫിലിം ചെയ്യാനുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരുന്നു. അന്വേഷണ കമ്മീഷൻ പ്രസിഡൻറു ചൌഷുതുംഗിൻെറ അടുത്തുതന്നെ ഇരിക്കുവാനാണു് എന്നോടാവശ്യപ്പെട്ടതു്. മററുള്ളവരെല്ലാം അവരവരുടെ ഇഷ്ടംപോലെ ഇരിപ്പിടങ്ങൾ തെരഞ്ഞെടുത്തു.

ചൗ ഒരു പ്രസംഗം നടത്തി. യുണൈററഡ് സ്റ്റേററ്സിൻെറ പേരിലുള്ള ആരോപണങ്ങൾ നിഷേധിക്കുവാനുള്ള ശ്രമമുണ്ടെങ്കിലും, ഞങ്ങളുടെ മുമ്പാകെ സമർപ്പിക്കപ്പെട്ട തെളിവുകൾ ഏതൊരു നിരീക്ഷകനേയും ബോദ്ധ്യപ്പെടുത്താൻ മതിയായവയാണെന്നു് അദ്ദേഹം പറഞ്ഞു അതിനുശേഷം എനിക്കറിയാനുള്ള

എന്തെങ്കിലും വിവരങ്ങളെപ്പററി ചോദിക്കാമെന്നു് എന്നോട്ട് ആവശ്യപ്പെട്ടു. ചോദ്യങ്ങൾ മാത്രം അതേപടി ചോദിക്കുന്നതു കൊണ്ടു് തെററിദ്ധാരണകൾ ഉദിക്കാമെന്നു എനിക്കറിയാമായിരുന്നു. അതുകൊണ്ടു് എൻെറ ചോദ്യങ്ങൾ എന്തിനാണു് ചോദിക്കുന്നതെന്നു് ഞാൻ വിശദീകരിച്ചു. എൻെറ ജോലി എത്രയും കാര്യക്ഷമമായി നിർവഹിക്കണമെന്നുള്ളതായിരുന്നു എൻെറ ലക്ഷ്യമെന്നു ഞാൻ പറഞ്ഞു. അതിനാൽ എൻെറ ചോദ്യങ്ങൾ വ്യക്തിപരമായ എൻെറ അഭിപ്രായം പ്രതിഫലിപ്പിക്കുകയാണെന്നു ധരിക്കരുതെന്നു് ഞാൻ മുന്നറിവുനൽകി. അതിനുശേഷം ഞാൻ മാഡംകുംഗിനോടു ചോദിച്ച മൂന്നു ചോദ്യങ്ങൾ ഞാൻ ആവർത്തിച്ചു. രണ്ടാമത്തെ ചോദ്യത്തിനു ഉത്തരംനൽകുന്ന കാര്യത്തിൽ എനിക്കുനിർബന്ധമില്ലെന്നും ഞാൻ വ്യക്തമാക്കി.

എൻെറ ചോദ്യങ്ങൾക്കുശേഷം ടാസ് ഏജൻസി പ്രതിനിധി എഴുന്നേററു ഇങ്ങനെ ചോദിച്ചു. "സമരരംഗത്തു് പിടിക്കപ്പെട്ട കീടജീവികൾ ചൈനായിൽ കാണാത്തവയാണെങ്കിൽ അവർ എവിടെനിന്നു വന്നു?" വിയററുനാം പ്രതിനിധി അമേരിക്കൻസാമ്രാജ്യദുഷ്പ്രഭുത്വത്തോടു ചൈനീസ് ജനത നടത്തുന്ന സമരത്തിൽ തനിക്കുള്ള ഏകീഭാവം പ്രകടിപ്പിച്ചു. ചൈനീസ് റിപ്പോർട്ടർമാർ ഈ കീടങ്ങൾ കൃഷിയേയും മൃഗങ്ങളേയും, വൃക്ഷലതാദികളെയും ബാധിക്കയുണ്ടായോ എന്നു ചോദിച്ചു. എല്ലാ ചോദ്യങ്ങളും കുറിച്ചെടുത്തശേഷം സമ്മേളനം അൽപ്പനേരത്തേക്കു നിറുത്തിവച്ചു

അരമണിക്കൂർ കഴിഞ്ഞു കമ്മീഷൻ അംഗങ്ങൾ തിരിച്ചുവന്നു. ഓരോ അംഗവും ഓരോ വൻപ്രസംഗംനടത്തി. "സംഭവസ്ഥലത്തെ അന്വേഷണം" എന്താണർത്ഥമാക്കുന്നതെന്നു് ചോദിക്കുവാൻ ധൈര്യപ്പെട്ട എൻെറ നേരെ അതിരുവിട്ടരോഷപ്രകടനങ്ങളായിരുന്നു എല്ലാ പ്രസംഗങ്ങളും. കമ്മീഷൻെറ വിശ്വസനീയത, എക്സിബിഷനിൽ പ്രദർശിപ്പിച്ച വസ്തുതകൾ, തെളിവുകളുടെ അപൂർണ്ണത എന്നിവയെല്ലാം ഞാൻ ചോദ്യംചെയ്യുന്ന അനുമാനത്തിലാണു് ഈ അവഹേളനങ്ങൾ നടന്നതു്. ഇതുപോലെയൊരു സംഭവം കമ്യൂണിസ്റ്റുചൈനായിൽ ഒരിക്കലും നടന്നുകാണുകയില്ലായിരിക്കാം. "ഞാൻ വിശ്വസിക്കുന്നു" എന്നുള്ള വിരസമായ ആവർത്തനങ്ങൾ കേൾക്കാനെ അവിടെ പ്രതീക്ഷിക്കേണ്ടതുള്ളു. പ്രക്ഷുബ്ധമായ ആ രംഗത്തിൽറഷ്യൻഭാഷയിൽ ആ പ്രസംഗങ്ങൾ ഭാഷാന്തരംചെയ്യാൻ ആരും ഓർത്തില്ല. ഞാൻ മാത്രമായിരുന്നു വിമർശനവിഷയം. അതുകൊണ്ടു് എല്ലാ പ്രസംഗങ്ങളും ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി,

കമ്മീഷൻെറ ഉപാദ്ധ്യക്ഷനായ മിസ്റ്റർ ലായുഷാവൊ-ചി, ആരോഗ്യമന്ത്രിയും റെഡ്ക്രോസ് സംഘാദ്ധ്യക്ഷനുമായ ഡോക്ടർ

ലിയു, എൻറമോളജിസ്റ്റ്, ശീതോഷ്ണമേഖലാരോഗവിദഗ്ദ്ധനായ ഡോക്ടർ ജുംഗ്, പതോളജിപ്രൊഫസർ ഡോക്ടർ പെൻചി—യു, മുതലായ പലരും എൻെറ നേരെ പ്രസംഗംനടത്തി. ബോംബാക്രമണം നടന്ന സ്ഥലങ്ങളിൽ അവർതന്നെ എത്തിനേരിട്ട് അന്വേഷണം നടത്തിയെന്നും അവിടെയുള്ള ആളുകളെ കണ്ടു് സംസാരിക്കയും യഥാർത്ഥതെളിവുകൾ ശേഖരിക്കുകയും ചെയ്യുവെന്നും കോപാവേശം പൂണ്ടു് അവർ ഓരോരുത്തരും ആവർത്തിച്ചു.

"അന്വേഷണം നടത്തിക്കൊണ്ടിരുന്ന കമ്മീഷൻെറമേൽ രോഗബീജങ്ങൾ വർഷിച്ചുവെന്നുള്ളതിനു തെളിവു വേണമെങ്കിൽ ഏപ്രിൽ 2—ാം നടന്ന ഒരു യഥാർത്ഥസംഭവം ഞങ്ങൾക്കു പറയാനുണ്ടു്. പ്രൊഫസർ വെയിഷീയും "ഡെയിലിവർക്കർ" പത്രത്തിൻെറ ബ്രിട്ടീഷ് പ്രതിനിധിയുംകൂടെ സമരക്കളത്തിൽ നടന്നുപോകുമ്പോൾ അവരുടെമേൽ രോഗബീജങ്ങൾ വർഷിച്ചു. "ഡെയിലിവർക്കർ"പ്രതിനിധിയുടെ പേരു കേട്ടപ്പോൾ എൻെറ മുഖത്തു് ഒരു പുഞ്ചിരി നിഴലിച്ചു. അന്വേഷണങ്ങൾ എങ്ങിനെയാണു് നടത്തിയതെന്നുള്ളതല്ലായിരുന്നു എൻെറ ചോദ്യം. എങ്കിലും മേല്ക്കുപ്പായങ്ങളും റബ്ബർചെരിപ്പും ധരിച്ചു ബോംബാക്രമണം നടന്നു ഒരുമാസം കഴിഞ്ഞു സ്ഥലത്തുചെന്നു് രോഗബീജങ്ങൾ തേടിനടന്നതിൻെറ പല ഫോട്ടോകൾ അവർ എന്നെ കാണിച്ചു.

രോഗാണുസമരം ഉത്തരചൈനായിലും ഉത്തരകൊറിയായിലും എന്തെല്ലാം അനർത്ഥങ്ങളാണു് വരുത്തിയതെന്നു പറയുവാൻ കമ്മീഷൻ തയാറില്ലെന്നു് രോഷപൂർവം അംഗങ്ങൾ പ്രസ്താവിച്ചു. "അതാണു അമേരിക്കക്കു അറിയേണ്ടിയിരിക്കുന്നതു്" ജനുവരിമുതൽ ജൂൺവരെ, അമേരിക്കർ ഈ ആക്രമണം നടത്തിക്കൊണ്ടിരുന്നുയെന്നു് അവർ ഉറപ്പിച്ചുപറഞ്ഞു. ഒരു വസ്തുതയെപ്പററി എനിക്കു യാതൊരു സംശയവുമില്ല. തെററിദ്ധരിക്കപ്പെട്ട ചില ഉത്തരവുകൾ അനുസരിച്ചു യു. എസ്. സൈനികനേതാക്കന്മാർ വല്ല പരീക്ഷണങ്ങൾ നടത്തിയിരുന്നാൽതന്നെയും, ചൈനാക്കാർ പറയുന്നതുപോലെ തുടർച്ചയായി അവർ നടത്തിയിരിക്കുമെന്നു എനിക്കു ഒരിക്കലും വിശ്വാസം തോന്നുന്നില്ല. ഏഷ്യയിലെപ്പോലെതന്നെ അമേരിക്കയിലെയും പൊതുജനാഭിപ്രായം പ്രബുദ്ധമായിത്തീർന്നമായിരുന്ന ഒരു സംഗതിയായിരുന്നു അതു്. ജനാധിപത്യത്തിനു അങ്ങനെയൊരു വസ്തുതയെ നേരിടാൻ സാദ്ധ്യമായിത്തീരുന്നതല്ല. ഇത്രയും അതിശയോക്തിപരവും സാങ്കല്പികവുമായവിധത്തിൽ ചൈനാ ആരോപണം നടത്തിയില്ലായിരുന്നെങ്കിൽ ഏഷ്യൻജനത അവ വിശ്വസിക്കാൻ കുറച്ചുകൂടെ സാദ്ധ്യതയുണ്ടായിരുന്നു. ആരോപണങ്ങ

ങ്ങളുടെ അതിശയോക്തിപരമായ സ്വഭാവമാണു് കേവലം പ്രചരണതന്ത്രമാണെന്നു് അവ പരിഗണിക്കപ്പെട്ടവാൻ കാരണമായിത്തീർന്നതു്.

എൻെറ മുഖ്യചോദ്യം ഒരു സ്വതന്ത്ര അന്വേഷണത്തിനു് ചൈനാ സമ്മതിക്കുമോ എന്നുള്ളതായിരുന്നു. അന്വേഷണക്കമ്മീഷൻ അവകാശപ്പെട്ടതു് ചൈനീസ് സമാധാനക്കമ്മിററി അങ്ങനെയൊരു സ്വതന്ത്രക്കമ്മീഷൻെറ ആവശ്യകതയെപ്പററി അഭിപ്രായപ്പെട്ടു കഴിഞ്ഞുവെന്നാണു്. രാജ്യാന്തരജ്ഞനാധിപത്യ അഭിഭാഷകർ അങ്ങനെയൊരു കമ്മീഷനെ നിയോഗിച്ചു കഴിഞ്ഞുവെന്നും, സമാധാനക്കമ്മിററി രാജ്യാന്തരശാസ്ത്രജ്ഞന്മാർ അടങ്ങിയ മറെറാരു കമ്മീഷനെക്കൂടെ ഉടനെ നിയോഗിക്കുന്നതാണെന്നും അവർ പറഞ്ഞു. ഉപാദ്ധ്യക്ഷൻ പ്രസ്താവിച്ചതു് സംശയരഹിതമായ നിഷ്പക്ഷതയുള്ള ഒരു കമ്മീഷൻെറ അന്വേഷണം ചൈനീസ്ജനത സ്വാഗതംചെയ്യുമെന്നാണു്. "ഈ കമ്മീഷൻ എങ്ങിനെ സംഘടിപ്പിച്ചാലും അതു നിഷ്പക്ഷവും നീതിപൂർവകവും മുൻവിധി രഹിതവുമായി പ്രവത്തിക്കണം. എല്ലാ വസ്തുതകളെയും പര്യാലോചിക്കയും വേണം." രാജ്യാന്തരറെഡ്ക്രോസ്സംഘത്തിൻെറ നിഷ്പക്ഷനിലയെപ്പററി ചൈനീസുജനതയ്ക്കുള്ള തെററിദ്ധാരണകളെപ്പററിയാണു് എൻെറ ചോദ്യം പ്രത്യേകമായി സ്പർശിച്ചതു്. എങ്കിലും സമാധാനക്കമ്മിററിപോലെയുള്ള ഇതരസംഘടനകളെപ്പററിയും, ലോകത്തിലെവിടെയുമുള്ള നിഷ്പക്ഷജനതകൾക്കു് സംശയം തോന്നാമെന്നുള്ള വസ്തുതയും ഞാൻ ചൂണ്ടിക്കാണിക്കാതിരുന്നില്ല.

പാതിരാത്രിവരെ സമ്മേളനം തുടന്നു. എനിക്കു വിശപ്പും ക്ഷീണവും വർദ്ധിച്ചു. യാതൊരു പ്രയോജനവും ഈ സമ്മേളനം വരുത്തിയതായി തോന്നിയില്ല. വല്ലതുമുണ്ടെങ്കിൽ കൂടിയിരുന്ന പത്രപ്രതിനിധികളുടെ മുമ്പിൽ കമ്മീഷനംഗങ്ങളുടെ പാർട്ടിഭക്തി പ്രകടിപ്പിക്കുവാൻ കഴിഞ്ഞു എന്നു മാത്രമാണു്. താമസസ്ഥലത്തേക്കു ഒരു കാറിൽ അയയ്ക്കാൻ ദയകാണിച്ച ചെയിസൺഓഫീസറോടു ഞാൻ അതീവകൃതജ്ഞനായിരുന്നു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു, സമാധാനകൗൺസിൽ ചെയർമാനും ചൈനായിലെ ഉപ പ്രധാനമന്ത്രിയുമായ മിസ്റ്റർ കുവൊമോ—ജൊ എന്നെ സ്വീകരിച്ചു സംഭാഷണം നടത്തുവാൻ ഒരുക്കമാണെന്നു് എന്നെ അറിയിച്ചു. എനിക്കു നിശ്ചയിച്ചിരുന്ന സന്ദർശനതീയതിക്കു രണ്ടാഴ്ചകൾക്കു് മുമ്പു്എൻെറ ചോദ്യങ്ങൾ ഞാൻ അറിയിച്ചിരുന്നു. പ്രസ്സ്സമ്മേളനത്തിൽ ഞാൻ ചോദിച്ച ചോദ്യങ്ങളാന്നു് ഈ സന്ദർശനം അനുവദിക്കുവാൻ ഇടയാക്കിയതെന്നു എനിക്കു സംശയവുമുണ്ടായിരുന്നു.

ചൈനീസ് സമാധാനകൗൺസിൽ ഒരു സ്വതന്ത്രഅന്വേഷണകമ്മീഷനെ രോഗാണുസമരം സംബന്ധിച്ച് നിയോഗിക്കുവാൻ സമ്മതിക്കുമൊ എന്നായിരുന്നു എൻെറ ചോദ്യം. സ്വതന്ത്രക്കമ്മീഷൻ ഒരു നിഷ്പക്ഷക്കമ്മീഷൻ ആയിരിക്കണമെന്നുള്ള കാൎയ്യവും ഞാൻ അഭിപ്രായപ്പെട്ടിരുന്നു. അംഗങ്ങളുടെ നിഷ്പക്ഷത നിർണ്ണയിക്കുവാൻ ബുദ്ധിമുട്ടായതുകൊണ്ട്, രണ്ടു പക്ഷക്കാൎക്കും സ്വീകാൎയ്യമായ നാമങ്ങൾ നിർദ്ദേശിക്കുകമാത്രമെ കരണീയമായിട്ടുള്ളു എന്നും ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു.

കുവൊ മൊ-ജൊ എന്നെ സ്വീകരിച്ചതു് അദ്ദേഹത്തിൻെറ സ്വകാൎയ്യവസതിയിലായിരുന്നു. സ്വീകരണമുറിയിൽ ചുവന്ന ഡാലിയാ പുഷ്പങ്ങളുടെ ഒരു വലിയ പെയിൻറിംഗ് തൂക്കിയിട്ടിരുന്നു. ചിപെയി—ഷി വരച്ചതായിരുന്നു അതു്. കുവൊ മൊ-ജൊയുടെ കലാവാസനയുടെയും സംസ്ക്കാരത്തിൻെറയും പ്രതീകമായിരുന്നു അതു്. അദ്ദേഹം ഒരു കവിയെന്നനിലയിൽ മാത്രമല്ല പ്രസിദ്ധനായിരുന്നതു്. ചൈനായിലെ പുരാണവസ്തുശാസ്ത്രജ്ഞന്മാരിൽ ഒരു നേതൃസ്ഥാനവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ സംസ്കാരം തുളുമ്പുന്ന പ്രസംഗവും വാചാലതയും സുപ്രസിദ്ധമായിരുന്നു. ഇൻഡ്യ-ചൈനാ സൗഹാർദ്ദസംഘടനയുടെ ഉൽഘാടനയോഗത്തിൽ അദ്ദേഹം പ്രസംഗിക്കുന്നതു ഞാൻ കേട്ടു. എനിക്കു ഒന്നും മനസ്സിലായില്ല. എന്നാൽ അദ്ദേഹത്തിൻെറ സുന്ദരമായ സ്ഫുടതയും, മൃദുലമായ ശബ്ദവും മൎയ്യാദപൂൎവ്വമായ പെരുമാററവും എന്നെ വളരെ വശീകരിച്ചു.

ഞാൻ അഭിപ്രായപ്പെട്ട നിഷ്പക്ഷ കമ്മീഷനെപ്പററി അദ്ദേഹം സംസാരിച്ചു. "ഒരു വ്യക്തിയൊ ഒരു ശാസ്ത്രജ്ഞനൊ ഒരു അഭിഭാഷകനൊ ഒരു കേസ്സ് കണ്ടശേഷം അയാൾ കണ്ടതു് അതേപടി പറയുവാൻ തയാറാണെങ്കിൽ ഞങ്ങളുടെ ദൃഷ്ടിയിൽ അയാൾ ഒരു നിഷ്പക്ഷവ്യക്തിയാണു്. കറുപ്പു് കറുപ്പാണെന്നു അറിയുകയും, അതു അതുപോലെ പറയുവാൻ മുൻവിധികൾ ഇല്ലാതിരിക്കയും ചെയ്യുന്ന ശാസ്ത്രജ്ഞന്മാർ ഈ ആരോപണങ്ങളെപ്പററി അന്വേഷണം നടത്തുന്നതു ഞങ്ങൾ സ്വാഗതം ചെയ്യും. ഇന്നു് വളരെയാളുകൾ കറുപ്പു കണ്ടിട്ടു് ചാരനിറമാണെന്നു പറയും. ഞങ്ങൾ വിശ്വസിക്കുന്നതു്, യാഥാൎത്ഥ്യം ഒരു കണ്ണാടിപോലെ പ്രതിബിംബിപ്പിക്കുന്ന മനസ്സുള്ള ശാസ്ത്രജ്ഞന്മാരും, സഞ്ചാരികളും, അഭിഭാഷകരുമുണ്ടെന്നാണു്. അങ്ങനെയുള്ളവർ കമ്മീഷൻ സംഘടിപ്പിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. അവർ ഒരു വശവും ചേരാത്തവർ ആയിരിക്കുകയില്ല. അവർ നീതിയുടെ വശത്തേക്കു നിൽക്കും. കുറെപ്പേർ ഒരാളെ നിഷ്പക്ഷകൻ എന്നു വിളിച്ചതുകൊണ്ടു് അയാൾ അങ്ങനെ ആകണമെന്നില്ല. ലോകാഭിപ്രായത്തിൻെറ വിധിയിൽ അയാൾ അങ്ങനെ

ആയിരിക്കണം. ലോകാഭിപ്രായം നിർണ്ണയിക്കുന്നതു് ഭൂലോകത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ അഭിപ്രായം നോക്കിയാണു്.''

ഞാൻ ഇടയ്ക്കുകയറി പറഞ്ഞു ലോകാഭിപ്രായം അറിയുവാൻ മാർഗ്ഗമൊന്നുമില്ലെന്നു്. നിഷ്പക്ഷക്കമ്മീഷനെ നിയമിക്കണമെങ്കിൽ ഇരുകൂട്ടർക്കും സ്വീകാര്യമായ ആളുകളെ നിർദ്ദേശിക്കുകയെ മാർഗ്ഗമുള്ളു.

കുവൊ-മൊ-ജൊ എന്റെ നിർദ്ദേശം അവഗണിച്ചു. ''രണ്ടു രാജ്യക്കാർക്കും സ്വീകാര്യമായ ഒരു കമ്മീഷനെ കണ്ടുപിടിക്കുവാൻ അസ്സാദ്ധ്യമാണു്. ഞങ്ങൾക്കു സ്വീകാര്യമെന്നു തോന്നുന്ന ഒരു ശാസ്ത്രജ്ഞസംഘത്തെ അമ്മേരിക്ക ഒരിക്കലും അനുകൂലിക്കയില്ല. ആ ഗ്രൂപ്പു് നിഷ്പക്ഷമായും സത്യസന്ധമായും പറഞ്ഞാൽ പ്രസിഡണ്ടു് അവരുടെ റിപ്പോർട്ടു് സ്വീകരിക്കയില്ല.''

ഞാൻ പിന്നെയും ഇടയ്ക്കു കയറി പറഞ്ഞു. ''ഏഷ്യൻ രാജ്യങ്ങൾ നിർദ്ദേശിക്കുന്ന ഏഷ്യൻദേശക്കാർ മാത്രം ഉൾക്കൊള്ളുന്ന ഒരു കമ്മീഷനെ ചൈനാ അംഗീകരിക്കുമൊ?''

''ലോകസമാധാനകൗൺസിൽ ശാസ്ത്രജ്ഞന്മാരുടെ ഒരു കമ്മീഷനെ നിയോഗിക്കുന്നുണ്ടു്. ആ കമ്മീഷന്റെ ജോലിയിൽ ഇൻഡ്യ പങ്കെടുക്കുന്നതു് ഞങ്ങൾ സ്വാഗതം ചെയ്യുന്നു.'' കു–വൊ മൊ ജൊ പറഞ്ഞു.

അങ്ങനെ ''കറത്തതു്'' എന്നു വിളിക്കപ്പെട്ടതു് കറത്തതായി സ്ഥിതി ചെയ്യുകയൊ, അങ്ങനെ തന്നെ കാണുകയൊ ചെയ്യണം. ചൈനാ ഒരുകാലത്തു് കറത്തതിനും വെളുത്തതിനും വിവിധനിറവ്യത്യാസങ്ങൾ ഒരുകാലത്തു കണ്ടിരുന്നു. ഇന്നു് വിദ്വേഷത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ ചൈന കച്ചകെട്ടിയിരിക്കയാണു്. ഞാൻ അപ്പോൾ വിചാരിച്ചില്ല മുക്ഡൻ ഞങ്ങൾ സന്ദർശിക്കുമ്പോൾ ഒരു രോഗാണുസമരരംഗം കാണുവാൻ ഇടയാകുമെന്നു്. ഫൂഷൺ കൽക്കരിഖനികൾ സന്ദർശിക്കുവാൻ ഞങ്ങൾ പോയ സന്ദർഭത്തിൽ അന്വേഷണക്കമ്മീഷനംഗങ്ങളുടെയെല്ലാം അവഹേളനത്തിനു് എന്നെ പാത്രമാക്കിയ ആ റെഡ്കോഴ്സ് ഒരു നോക്കു കാണുവാൻ എനിക്കു കഴിഞ്ഞു. ഞാൻ അതു കണ്ട ഉടനെ അറിഞ്ഞു, ആ റെഡ്കോഴ്സ് ഉപയോഗിക്കാതെ കളകൾ കയറി മൂടിയിരിക്കയാണു്. അവിടവിടെ കൂടിക്കിടന്ന മലിനസാധനങ്ങളുടെ കൂനകൾക്കിടയ്ക്കു ചില പശുക്കൾ മേയുന്നുണ്ടായിരുന്നു. സംഭവസ്ഥലാന്വേഷണം നടത്താൻ നിയുക്തമായ ഒരു കമ്മീഷൻ സന്ദർശിക്കത്തക്കവിധം രോഗാണുബോംബാക്രമണത്തിന്റെ യാതൊരു ലക്ഷണവും അവിടെ കണ്ടില്ല. അവിടെനിന്നു ചില കോൺക്രീററ്തൂണുകൾ അവിടെത്തന്നെ നിന്നതു് ദ്വിഭാഷിയെ ഞാൻ ചൂണ്ടിക്കാണിച്ചു. ഈ റേഡ്കോഴ്സ് ഞാൻ തിരിച്ചറിഞ്ഞതു് എന്നെ പല

വൈഷമ്യങ്ങളിൽ ചാടിച്ചു, അന്നു വൈകുന്നേരം മുക്ഡനിൽ നിന്നു് ടിയെൻതു്സനിലേക്കു പോകുമ്പോൾ ഞങ്ങളുടെ ഹെൽതു് സർട്ടിഫിക്കേററുകൾ പരിശോധിക്കണമെന്നു് അധികാരികൾക്കു പെട്ടെന്നു തോന്നി. ഞങ്ങളുടെ പെട്ടികൾ ട്രെയിനിൽവച്ചു തുറന്നു് അവ അവരെ ഏല്പിക്കേണ്ടിവന്നു. അർദ്ധരാത്രിയിൽ എന്നെ ഉണർത്തി എനിക്കു് പ്ളേഗിനുള്ള കുത്തിവയ്പിൻെറ സർട്ടിഫിക്കേററില്ലെന്നും, അതുകൊണ്ടു്, ചൈനായിലെ മഹാഭിത്തിയിലുള്ള ഷാംഗ്ഹായ് കവാൻ എന്ന സ്ഥലത്തു് അധികാരികൾ എന്നെ തടഞ്ഞുനിറുത്തുമെന്നും എന്നെ അറിയിച്ചു. മഞ്ചൂറിയായിൽ നിന്നു് ചൈനായിൽ പ്രവേശിക്കണമെങ്കിൽ ഈ സർട്ടിഫിക്കേററു കൂടിയേ തീരൂ.

ഞാൻ രാത്രി മുഴുവൻ ഉറങ്ങാതെ കിടന്നു. ഞാൻ എൻെറ പാദങ്ങൾ കുഴപ്പത്തിൽ കൊണ്ടു് ചാടിച്ചുവെന്ന ചിന്ത എന്നെ അലട്ടി. എനിക്കു നൽകിയിരുന്ന ഉഗ്രനായ ദ്വിഭാഷിയുടെ സുസൂക്ഷ്മനിരീക്ഷണങ്ങൾ ഉണ്ടായിട്ടും ഞാൻ അതിർത്തികടന്നു. പിന്നെ ഒരു ക്വാറൻെറൻ ആപ്പീസിൽ താമസിക്കേണ്ടിവന്നു. സ്റ്റേഷനിൽ വച്ചു് എന്നെ പ്ളേഗിനുള്ള വാക്സൈൻ കുത്തിവയ്ക്കാൻ ഇടയുണ്ടെന്നും പിന്നീടു യാത്ര തുടരാൻ കഴിഞ്ഞേക്കുമെന്നും വെളുപ്പിനു് മൂന്നു മണിക്കു് അറിവു കിട്ടി. രണ്ടു മണിക്കൂർ നേരം വീണ്ടും നിദ്രാരഹിതനായി ഷാംഗ്ഹായ് കവാനിൽ ഞാൻ കഴിച്ചു. അപ്പോൾ രണ്ടു ഡോക്ടർമാർ വെള്ളമേലുടുപ്പു് ധരിച്ചു സിറിഞ്ചുമായി എനിക്കുവേണ്ടി കാത്തുനിന്നതു കണ്ടു. അവർ വായ്മൂടിവരെയുള്ള വേഷവിധാനങ്ങൾ ധരിച്ചാണു നിന്നതു്. ഉറയില്ലാത്ത കൈകൊണ്ടു് ഒരാൾ സൂചി തപ്പിത്തിരിഞ്ഞു. സിറിഞ്ചു് ശരിപ്പെടുത്താൻ അയാൾക്കു് അല്പ സമയം വേണ്ടിവന്നു. പിന്നെ വലിയ നടപടികളൊന്നും കൂടാതെ സൂചി എൻെറ കയ്യിൽ കുത്തിക്കയററി. അയാൾ പമ്പു് തള്ളി, എന്നാൽ ഒരൊററത്തുള്ളി മരുന്നും ഉള്ളിൽ കടന്നില്ലെന്നു എനിക്കു നിശ്ചയമായിരുന്നു. "രോഗാണുസമര"ത്തിലെ ഒരു ഓപ്പറേഷൻ നടന്നു കഴിഞ്ഞു. അങ്ങനെ ഞാൻ ഉറങ്ങാൻ കിടന്നു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു് ഞാൻ ചൈനാ വിട്ടുപോകുന്നതിനു് തലേദിവസം ചൈനാക്കാരുമായി നടന്നുകൊണ്ടിരുന്ന ഒരു സംഭാഷണത്തിൽ എന്തിനാണു് ഉപയോഗശൂന്യമായ

ഒരു സിറിഞ്ചിൽ ഗ്ലൂക്കോസ് നിറച്ച് ഇങ്ങനെയൊരു കുത്തി വയ്പു പ്രഹസനം നടത്തിയതെന്നു് ആരോ ആരായുന്നതു കേട്ടു. ചൈനാക്കാരൻ ഇങ്ങനെ മറുപടി പറഞ്ഞു. "കുത്തിവച്ചാൽ പത്തു ദിവസം കഴിഞ്ഞേ ആ വാക്സിൻെറ ഫലം ഉള്ളുവെന്നു ഞങ്ങൾക്കറിയാം. അതുകൊണ്ടു് ഏതെങ്കിലും രോഗത്തിൻെറ ലക്ഷണങ്ങൾ ഞങ്ങൾക്കു ശരിയായി സൂക്ഷിച്ചു മനസ്സിലാക്കണമെങ്കിൽ ഹതീസിംഗിനെ ഷാൻഹായി കപ്പനിൽ വിട്ടേച്ചുപോരുന്നതിനേക്കാൾ ഞങ്ങളുടെ കൂടെ കൊണ്ടുപോരികയായിരുന്നു സൗകര്യമെന്നു തോന്നി. കൂടാതെയും, അതു ഗ്ലൂക്കോസ് ആയിരുന്നില്ല."

# 5

# സ്വേച്ഛാധിപത്യം

ഞാൻ പീക്കിംഗ്നഗരം വിട്ടുപോന്നതു് വളരെ ഖേദത്തോടുകൂടിയാണ്. മനോഹരമായി വികസിച്ചു നില്ക്കുന്ന പിയോണിസുമങ്ങളുടെ സൌരഭ്യം സെൻട്രൽപാർക്കിൽ എവിടെയും തുളുമ്പിനിന്നു. എന്നാൽ ഇനിയും ഒന്നും നിർവഹിക്കുവാനുണ്ടായിരുന്നില്ല. പീക്കിംഗ്നഗരത്തിനു് ദുർഗ്രഹമായ ഒരു മുഖമാണുണ്ടായിരുന്നതു്. അധികാരസ്ഥാനത്തിരിക്കുന്നവർ തുടർച്ചയായി "വിമോചിതമായ" കാതെനഗരത്തിന്റെ മാഹാത്മ്യത്തെപ്പററി വർണ്ണിക്കുമായിരുന്നു. അവർ പറഞ്ഞതിന്റെ യാഥാർത്ഥ്യം ഞങ്ങൾതന്നെ രാജ്യത്തിലെവിടെയും നോക്കി മനസ്സിലാക്കുവാൻ ഞങ്ങളോടു അവർ ആവശ്യപ്പെട്ടു. അതുകൊണ്ടു് മൂന്നു വാഗ്ഗണുകളിലായി, ഞങ്ങൾ പീക്കിംഗ് വിട്ടുപോന്നു. ഒരു റെസ്റ്റോറൻറുകാർ (വണ്ടിയിലെ ഭക്ഷണശാല) ഞങ്ങളുടെ ആവശ്യത്തിനായി മാത്രം ഞങ്ങളെ അനുഗമിച്ചിരുന്നു.

ചൈനായുടെ കടൽതീരപ്രദേശങ്ങളിൽ സ്ഥിതിചെയ്തിരുന്ന ആറു വൻനഗരങ്ങൾ സന്ദർശിച്ചതുകൊണ്ടു് ഇതുവരെ ഞങ്ങൾ മനസ്സിലാക്കിയിരുന്നതിൽ വളരെ കൂടുതൽ ഞങ്ങൾക്കൊന്നും ഗ്രഹിക്കുവാൻ കഴിയുമായിരുന്നില്ല. ഞങ്ങൾക്കു സാധാരണ ജനങ്ങളെ കാണുവാനൊ അവരുമായി സംസാരിക്കുവാനൊ സാധിച്ചില്ല. മുദ്രവച്ചു ബന്തവസ് ചെയ്തിരുന്ന ഒരു വണ്ടിയിലാണ് ഞങ്ങൾ സഞ്ചരിച്ചതു്. വിരസപ്രദമായ ആവർത്തനങ്ങൾ കേട്ടുകൊണ്ടിരുന്നു മണിക്കൂറുകൾ തള്ളിവിടാൻ തുടരെത്തുടരെ ബീയർ കുടിക്കുകയായിരുന്നു ഒരു ജോലി. ഞങ്ങൾ സഞ്ചരിച്ച ചെറിയ കംപാർട്ടുമെൻറിന്റെ ജനലുകളിൽകൂടെ അക്ഷീണനായി അവന്റെ ചെറുവയലിൽ ബുദ്ധിമുട്ടുന്ന കർഷകനെ കാണാമായിരുന്നു. അവന്റെ കൊച്ചുമകൻ കൂടെ നടക്കും. അല്ലെങ്കിൽ ഒരു സ്ത്രീ തോളിൽ കയററിയ മുളവടിയിൽ തൂങ്ങിക്കിടന്ന ഭാരവുമായി അവനെ അനുഗമിക്കും. അവരുടെ ലളിതമായ വസ്ത്രത്തിന്റെ നീലനിറം കൂടെക്കൂടെ കണ്ടുകൊണ്ടിരിക്കാം. കോടാനുകോടി ജനങ്ങളെ തീററിപ്പോററിയ ഈ പുരാതന ഭൂമിയുടെ ചുള്ളികൾ വീണ മുഖം ഞങ്ങളുടെ

മുമ്പിൽ നീണ്ടുകിടന്നു. വല്ലപ്പോഴും സംഭവിക്കുന്ന പ്രകൃതിക്ഷോഭത്തിൻെറ നിഷ്ഠൂരപ്രവർത്തനഫലമായി ഒററയടിക്ക് ഈ ജനലക്ഷങ്ങളെ തുത്തുമാററുന്ന ഘട്ടങ്ങളും ഞങ്ങളുടെ മനോദൃഷ്ടിക്കു ഗോചരമായി.

ഒരുദിവസം സന്ധ്യയോടടുത്തപ്പോൾ ഞങ്ങളുടെ ട്രെയിൻ ഒരു റോഡ്ക്രോസിംഗിൻെറ സ്ഥാനത്തു നിറുത്തി. അസ്തമനസൂര്യൻ ശീഘ്രഗതിയിൽ താണുകൊണ്ടിരുന്നു. ചക്രവാളത്തിനു നേരെ ഒരു നിര ആളുകൾ നടന്നുപോകുന്നതിൻെറ ഛായ വീക്ഷിക്കാമായിരുന്നു. പെട്ടെന്ന് കതിരവൻെറ ചെങ്കതിരുകൾ എങ്ങും പ്രകാശിച്ച് പകലിൻെറ അസ്തമനപ്രഭ വീശി. ഒരു കർഷകകുടുംബം ഞങ്ങൾക്കു അധികം ദൂരെയല്ലാതെ നിൽക്കുന്നതു തെളിഞ്ഞുകണ്ടു. ഭൂമീദേവിയുടെ പുറം അതിൽക്കൂടെ കടന്നുപോയ ഭാരവണ്ടികളുടെ ചക്രത്തിൻെറ താണപാടുകൾ പ്രദർശിപ്പിച്ചു. റോഡിൻെറ ഒരുവശം ആ കർഷകകുടുംബം നിന്നിരുന്നു. അവരുടെ നീലക്കുപ്പായങ്ങൾ ആകാശത്തിൻെറ തങ്കവർണ്ണത്തിനും ഭൂമിയുടെ തവിട്ടുനിറത്തിനും അന്തരം ചാർത്തി. കലപ്പയിൽ ബന്ധിച്ചിരുന്ന ഒരു കഴുത അടുത്തുനിൽക്കുന്നുണ്ട്. മനുഷ്യൻ അവൻെറ വിഷമകരമായ പരീക്ഷണങ്ങളിൽ കൂടെയെല്ലാം, ഭൂമിയെ സ്നേഹിച്ച് ആശ്ലേഷിച്ചു നിന്നതിൻെറ കാരണം അപ്പോൾ എനിക്കറിയാൻ കഴിഞ്ഞു.

പീക്കിംഗിൽനിന്നു താത്തുംഗിലേക്കാണു് ഞങ്ങൾ പോയതു്. ഇൻഡ്യയും ചൈനായുമായി പുരാതനകാലംമുതൽ നിലനിന്ന സാംസ്കാരികബന്ധത്തെ അനുസ്മരിപ്പിക്കുന്ന ഒരു കേന്ദ്രമായിരുന്നു താത്തുംഗ്. അഞ്ചാംനൂററാണ്ടിൽ കെക്കീയ എന്നുപേരായ ഒരു ഇൻഡ്യൻസന്യാസി ഇവിടെവന്നു. അന്നു ഇവിടെ രാജാധിപത്യം സ്ഥാപിച്ചിരുന്ന ഒരു മംഗോൾ ദേശാധിപനായ ബെയിവെയിയുടെ കൊട്ടാരത്തിലേക്കാണു കെക്കീയ വന്നതു്. സംസ്കാരത്തിൻെറയും രാഷ്ട്രീയശക്തിയുടെയും പ്രബലകേന്ദ്രമായി താത്തുംഗ് ആയിരം കൊല്ലക്കാലത്തേക്കു നിലനിന്നു. പീക്കിംഗുമായി ഒരു മത്സരത്തിൽ കഴിഞ്ഞ നഗരമായിരുന്നു അതു്. കെക്കീയായും ശിഷ്യന്മാരും നഗരത്തിനു് ഏതാനും മൈൽ അകലെ പ്രസിദ്ധമായ യംഗ്കാംഗ് ഗുഹകളുടെ പണികൾ ആരംഭിച്ചു. ഏകദേശം അമ്പതുകൊല്ലങ്ങൾ കൊണ്ടാണു് ആ ഗുഹകൾ വെട്ടിത്തീർത്തതു്. അവയിൽ കാണുന്ന ഭീമാകാരമായ ബുദ്ധപ്രതിമകൾ അദ്ദേഹത്തിൻെറ മാതൃഭൂമിയുടെ ചിത്രകലാപാരമ്പര്യത്തിൽപ്പെട്ട ഗുപ്താമാതൃകയിൽ തന്നെ കൊത്തിയെടുത്തിരിക്കയാണു്.

ഇൻഡ്യാക്കാർ അഫ്ഗാനിസ്ഥാനിലും മദ്ധ്യഏഷ്യയിലും സഞ്ചരിച്ചു. പേർഷ്യൻഗ്രീക്കുകലകളുടെ പ്രേരണകൾ ഇൻഡ്യ

യിൽ കൊണ്ടുവന്നിട്ടുണ്ട്. ഇന്നു ബുദ്ധഗുഹകളുടെ സുദീർഘമായ ഒരു ചങ്ങല മദ്ധ്യഇൻഡ്യയിലെ അജന്ത മുതൽ അഫ്ഗാനിസ്ഥാനിലെ ബാമിയാനിൽക്കൂടെ സിങ്കിയാംഗ്, ടൺ-ഹ്വാംഗ് വഴി യംഗ്കാംഗ്വരെ നീണ്ടുകിടക്കുന്നുണ്ട്. ബുദ്ധമതം യാത്ര ചെയ്ത മാർഗ്ഗമാണ് ഈ ചങ്ങല അടയാളപ്പെടുത്തുന്നത്.

നഗരത്തിൽനിന്നു പത്തുമൈൽ ആകലെയാണ് ഗുഹകൾ സ്ഥിതിചെയ്യുന്നതു്. ശാന്തമായി ഒഴുകുന്ന ഒരു നദിയുടെ കരയിൽ വലിയ ഉയരമില്ലാത്ത ഷാൻസികുന്നുകളുടെ ഇടയ്ക്കു അവ നിലകൊള്ളുന്നു. അമ്പതടി ഉയരമുള്ള ബുദ്ധപ്രതിമകളുടെ ശാന്തിവിതറുന്ന കണ്ണുകൾ പ്രശാന്തമായ താഴ്വരകൾ നോക്കി നിൽക്കുന്നതു് ഞാൻ കണ്ടു. പ്രശാന്തസുന്ദരമായിരുന്ന ഈ ദിവസത്തിൽ വെള്ള ലിലാക് പുഷ്പങ്ങൾ സൗരഭ്യം വിതറിക്കൊണ്ടിരുന്നതിനിടയിൽ ഈ പ്രതിമകൾ വിജ്ഞാനപ്രഭാപൂരം വീശിക്കൊണ്ടിരിക്കുന്നതായി തോന്നി. മൈത്രിയബുദ്ധൻെറ ഒരു പ്രതിമയും ഇവിടെ സിംഹസിംഹാസനത്തിൽ വാഴുന്നുണ്ട്. മൈത്രിയബുദ്ധൻ ഭാവിയിൽ വരാനിരുന്ന മിശിഹായാണ്. എന്നാൽ അദ്ദേഹം വിഭാവനം ചെയ്തിരുന്ന ഭാവി വിദ്വേഷം, ഭീതി, ഔദ്ധത്യം, ഭ്രാന്തുപിടിച്ച അസഹിഷ്ണുത എന്നിവയുടെ മൂർത്തീകരണത്തിലാണ് കലാശിച്ചിരിക്കുന്നതു്. രണ്ടായിരം കൊല്ലങ്ങൾ ഇൻഡ്യയും ചൈനായും പരസ്പരസൗഹാർദ്ദത്തിലും സമാധാനത്തിലും വസിച്ചു. ജീവിതത്തിൻെറ കല അവർ അഭ്യസിച്ചു. ഇവയെല്ലാം സാധാരണക്കാരൻെറ പേരും പറഞ്ഞു തുത്തെറിയണമെന്നുണ്ടോ? ജീവിതം ഒരു കാരാഗൃഹമായി മാറണമെന്നുണ്ടോ? ഏതാനുംപേരുടെ സ്വാർത്ഥപരമായ അത്യാർത്തിയിൽ അധികാരം മുഴുവൻ അവർക്കു കയ്യടക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിനു മനുഷ്യജീവിതം ഹോമിച്ചിരിക്കയാണ്. നമ്മുടെ തലമുറയിലെ ഒരു ദുരന്തനാടകമാണ് സഹിഷ്ണുതയുടെയും, സഹാനുഭൂതിയുടെയും കേളീരംഗമായിരുന്ന ചൈനാ നിർദ്ദയമായ അസഹിഷ്ണുതയുടെ ഇരയായിത്തീർന്നിരിക്കുന്നതു്. എന്നാൽ നമ്മെ അനേകം നല്ലകാര്യങ്ങൾ പഠിപ്പിച്ച ചൈനായെ ഞാൻ സ്വപ്നലോകത്തിൽ ദർശിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ എല്ലാം വിഭിന്നമായിരുന്നു.

പഴയ പ്രതിമകൾ എല്ലാം ദൂരത്തെറിഞ്ഞു. അനവധി പ്രതിമകൾജപ്പാൻ സൈന്യങ്ങൾ എടുത്തുകൊണ്ടുപോയിട്ടുണ്ട്. അവയുടെ സ്ഥാനം ചൈനായിലെ പുതിയ "രക്ഷകനക്ഷത്രം" അപഹരിച്ചിരിക്കുകയാണ്. താത്തുംഗ് പണ്ടൊരു കൽക്കരിനഗരമായിരുന്നു. അനേകായിരം ടൺ കൽക്കരി അവിടത്തെ ഖനികൾ ഉല്പാദിപ്പിച്ചിരുന്നു. ഇന്നാകട്ടെ റോഡുകളിൽക്കൂടെ ഏതാനും കഴുതകൾ കുറെ കൽക്കരിച്ചാക്കുകൾ വഹിച്ചുകൊണ്ടു് പോകുന്നതേ കാണു

ക്കയുള്ളു. ഞങ്ങൾക്കു അന്നു വൈകുന്നേരം നൽകിയ മുനിസിപ്പൽ ഡിന്നർസൽക്കാരത്തിൽ നവീനചൈനായുടെ പൗരുഷസ്വരം മുഴങ്ങുന്നതു ഞാൻ കേട്ടു. "നിർവാണ"ത്തിൽനിന്നു അമേരിക്കൻ വിരുദ്ധമുറവിളികളിലേക്കുള്ള വ്യതിയാനം എന്തൊരന്തരമാണ്. ചൈനായിലെ സാധാരണക്കാരൻ ഈ പുതിയ സുവിശേഷം അംഗീകരിച്ചുവെന്ന് വിശ്വസിക്കാൻ എനിക്കു വളരെ പ്രയാസമുണ്ട്.

താത്തുംഗിൽനിന്ന് ഗ്രേറ്റുവോളി (മഹാഭിത്തി) ലേക്കുള്ള യാത്ര ചരിത്രത്തിൽ ഘൂറകോട്ടുള്ള സഞ്ചാരമായിരുന്നു. ആക്രമണത്തിൽ നിന്നുള്ള രക്ഷയ്ക്കുവേണ്ടി നിർമ്മിച്ച ഈ ലോകമഹാത്ഭുതം പണിതീർക്കുവാൻ അനേകായിരം ആളുകൾ ജീവൻ പണയംവച്ചിട്ടുണ്ട്. എന്നാൽ അതിഭീമമായ ഭിത്തി പ്രയോജനരഹിതമായിരുന്നു. അനേകം അക്രമികൾ ഈ ഭിത്തി കടന്നുവന്നു അവരുടെ ആധിപത്യം സ്ഥാപിച്ചു. ഇന്നാകട്ടെ അക്രമി അകത്തു തന്നെയാണ്. ജനസ്വാതന്ത്ര്യം അപകടത്തിലായിരിക്കുന്നു. മഞ്ചൂറിയായുടെ വിസ്തൃത ഭൂതലം നോക്കിക്കൊണ്ടുനിന്ന ഒരു കാവൽക്കാരനെ അവിടെ കണ്ടുള്ളു അവൻ നവീനചൈനായുടെ ഒരു പ്രതീകമായിരുന്നു. ഭിത്തിക്കുള്ളിൽ ഒളിച്ചിരുന്ന ചൈനായല്ല ഏഷ്യയും മറ്റു ലോകത്തെയും ഏകീഭവിപ്പിക്കുവാൻ പുറത്തേക്കു മാർച്ചുചെയ്യുന്ന ചൈനായെ അവർ പ്രതിനിധാനം ചെയ്യുന്നു. ആക്രമകാരിയായിത്തീർന്നിരിക്കുന്ന ഇന്നത്തെ ചൈനാ സാമ്രാജ്യദുഷ്പ്രഭുത്വത്തിൻെറ അടിമത്വത്തിൽ അനേകവർഷങ്ങൾ കഴിച്ച ശേഷം ആ അടിമച്ചങ്ങല ബഹിഷ്കരിച്ച് മററുള്ളവരെ ബന്ധിക്കുവാൻ അതു ഉപയോഗിക്കുകയാണ്.

അന്യരാജ്യങ്ങളിൽ നിന്ന് അവിടെ എത്തിയ സന്ദർശകരുമായി കൂടിച്ചേർന്നു ഞങ്ങൾ ആ ഭിത്തിയുടെ മുകളിൽ കയറിയിരുന്നു. എത്രമാത്രം അനാവശ്യമായിരുന്ന ഒരു പാഴ്ചെലവായിരുന്നു ഈ ഭിത്തിക്കുവേണ്ടിയുള്ള മനുഷ്യപ്രയത്നമെന്ന് ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അവരവരുടെ രാജ്യങ്ങളിലെ പാട്ടുകൾ ഞങ്ങൾ പാടി. സ്വാതന്ത്ര്യത്തിൻെറയും, സമാധാനത്തിൻെറയും വിമോചനത്തിൻെറയും ഗാനങ്ങൾ ആണ് ഞങ്ങൾ പാടിയതു്. സ്വാതന്ത്ര്യം മനുഷ്യഹൃദയത്തിൽ കുടികൊണ്ടില്ലെങ്കിൽ, ജനങ്ങൾ സ്വാതന്ത്ര്യത്തിൽ വസിക്കയില്ലെന്നുള്ളതിൻെറ സ്മാരകസ്തംഭമായിരുന്നു ഈ മഹാഭിത്തി. ആ സ്വാതന്ത്ര്യം രക്ഷിയ്ക്കാൻ ഉള്ളതു മുഴവൻ ത്യജിക്കാൻ അവർ തയാറായിരിക്കും. വൻകിടസൈന്യങ്ങൾക്കു അതു് സംരക്ഷിക്കുവാൻ സാദ്ധ്യമല്ല. അവരതു് നശിപ്പിക്കയെയുള്ളു. ഈ ഭിത്തിയുടെ ജീർണ്ണാവശിഷ്ട

ങ്ങൾ ശതാബ്ദങ്ങളുടെ ഭാരത്തിൽ ഞെരിഞ്ഞുതകർന്നു കിട ക്കുകയാണു്.

മുക്ഡനിലേക്കുള്ള യാത്ര അവിടെയുള്ള പുതിയ ബ്ളോക്കു് കെട്ടിടങ്ങളുടെ സമീപത്തു് കൂടെയായിരുന്നു. ഈ കെട്ടിടങ്ങൾ ഈ ഭൂമിയുടെ അവകാശം സംബന്ധിച്ചു എപ്പോഴും നടന്നുകൊണ്ടിരുന്ന യുദ്ധങ്ങളുടെ ഒരു അനുസ്മരണ യായിരുന്നു. ജപ്പാൻകാരും, റഷ്യയും, കുമിന്താങ്ങും വിഭവസമൃദ്ധ മായ ഈ ഭൂവിഭാഗം ചൂഷണം ചെയ്യാൻ പ്രയത്നിച്ചിട്ടുണ്ടു്. ചൈനായുടെ സാമ്പത്തികസുഭദ്രതയ്ക്കു ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു രാജ്യമാണിതു്. മഞ്ചുവംശം തെക്കോട്ടു് പോയി പീക്കിം ഗിൽ അനേകശതാബ്ദങ്ങൾ ഭരിച്ചിട്ടുള്ളതാണു്. ഇന്നു ദക്ഷിണ ദിക്കുകൾ മുക്ഡനിൽ എത്തി ചൈനായുടെ സമ്പത്തു് വർദ്ധി പ്പിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ മഞ്ചൂറിയാ മുഴുവൻ റഷ്യൻ സ്വാധീനശക്തിയുടെ അനവധി ഉദാഹരണങ്ങൾ കാണാം. ഹോട്ട ലുകൾ, തെരുവുകൾ, അനവധി ഷോപ്പുകൾ എന്നിവയെല്ലാം റഷ്യൻ ഭാഷയിൽ പേരു് എഴുതിയ പലകകളാണു് മുമ്പിൽ വച്ചിരിക്കുന്നതു്. എവിടെയും, സ്റ്റാലിൻെറയും മാവോസേതുംഗി ൻെറയും ചിത്രങ്ങൾ ഒരുമിച്ചാണു് പ്രദർശിപ്പിക്കപ്പെട്ടതു്. അതു കാണിച്ചതു് റഷ്യൻ സഹായം കൂടാതെ മുമ്പോട്ടു് പോകാൻ ചൈനായ്ക്കു് സാദ്ധ്യമല്ലെന്നുമാത്രമാണു്.

മുക്ഡൻ ഒരു ജാപ്പനീസ് നഗരമാണു്. ഉയരം കൂടിയകെട്ടി ടങ്ങളും വിസ്തൃതമായ തെരുവുകളുമാണവിടെയുള്ളതു്. കരി ങ്കൽ ചില്ലുകൾ ഉറപ്പിച്ച റോഡുകളിൽ കോവർ കഴുതകളെ കെട്ടിയ ഭാരവണ്ടികൾ അത്യാവശ്യസാധനങ്ങൾ കയററി ഇറ ക്കിക്കൊണ്ടിരുന്നു. ചില സമയങ്ങളിൽ ഒരു ട്രക്ക് ഫാക്ടറി യിൽ വേലയെടുക്കാൻ പോകുന്ന തൊഴിലാളികളെയും കയററി ക്കൊണ്ടുപോകുന്നതുകാണാം. അതിഥികൾക്കു് ഏററവും ആധുനി കമാതൃകയിലുള്ള അമേരിക്കൻ കാറുകൾ ഉണ്ടു്. ഇവ കടൽവഴി വ്യാജമായി കടത്തിക്കൊണ്ടുവന്ന കാറുകളാണു്.

പിന്നീടു് ടിയെൻത്സിൻ പട്ടണത്തിലാണു് പോയതു്. അതൊരു പാശ്ചാത്യനഗരമാണു്. ബ്രിട്ടീഷ്കാരും ഫ്റഞ്ചു കാരും മററുപലരും ഇതരഭാഗങ്ങളിൽ നിന്നും ഈ നഗരത്തെ വേർതിരിച്ചുനിറുത്തിയിരിക്കയാണു്. ഇന്നതിനു് ഒരു ചൈനീസ് ഭാവം വന്നിട്ടുണ്ടു്. അവിടത്തെ ജനങ്ങളിൽ സന്തോഷം വെടിഞ്ഞ ഒരു മൂകതയാണു് കണ്ടതു്. നഗരത്തിലെ ഭംഗിയുള്ള ഷോപ്പു കളിൽ നിന്നും വാങ്ങാനാരും എത്തുന്നില്ല. ഇനിയും അവശേഷി ക്കുന്ന വിദേശികൾ ചായകുടിക്കാനും, ഫ്റഞ്ചു അട തിന്നാനും മുനിസിപ്പൽ കാഫേയിൽ വന്നുകൂട്ടും. പുറത്തേക്കു പോകാൻ

അനുമതിനൽകുന്ന എക്സിററു് പെർമിററു് ലഭിക്കുന്ന ദിനവും കാത്തു അവർ കഴിഞ്ഞു കൂട്ടുന്നു.

ആധുനികരീതിയിൽ വിസ്താരമുള്ള റോഡുകളും കൊട്ടാരങ്ങളുമുണ്ടെങ്കിലും നാങ്കിംഗ് ഒരു പൂർവികനഗരമാണു്. ചിയാങ്ങ് അവിടെ വളരെക്കാലം താമസിച്ചിട്ടുണ്ടു്. എങ്കിലും അത്യാർത്തിയും, കാര്യക്ഷമതാരാഹിത്യവും ജനങ്ങളുടെ പ്രയോജനത്തിനുവേണ്ടി അധികാരം വിനിയോഗിക്കാനുള്ള കഴിവുകേടും കൊണ്ടു് തകർന്നുകൊണ്ടിരിക്കുന്ന സാമൂഹ്യപരിതസ്ഥിതിയിൽ അദ്ദേഹത്തിൻെറ പരാജയത്തിൻെറ അടയാളങ്ങൾ കാണാൻ അദ്ദേഹം വിസമ്മതിച്ചു. നാങ്കിംഗിൽ ചിയാങ്ങ് താമസിച്ചിരുന്ന കൊട്ടാരവും അതിൻെറ അനവധി അങ്കണങ്ങളും, ഉദ്യാനങ്ങളും, ചുവന്ന അഴികളാൽ അലംകൃതമായ ഇടനാഴികളും എല്ലാം വിജനമായിക്കിടന്നു. ഇനിയുമവിടെ അധിവാസമുണ്ടാകയില്ലെന്നുള്ള ഒരു ശൂന്യതയുടെ അനുസ്മരണയായിരിക്കാം അതങ്ങനെ സ്ഥിതിചെയ്യുന്നതു്. 1911—ൽ സൺയാററു് സെന്നിൻെറ വിപ്ളവലക്ഷ്യം ചൈനായെ ഫ്യൂഡൽ പ്രഭുക്കന്മാരിൽനിന്നും, പാശ്ചാത്യസാമ്രാജ്യദുഷ്പ്രഭുത്വത്തിൽ നിന്നും സംരക്ഷിക്കുകയായിരുന്നു. എന്നാൽ കുമിന്താങ്ങ് ദേശീയനേതാക്കന്മാർക്ക് ആ ലക്ഷ്യം പ്രാപിക്കുവാൻ കഴിഞ്ഞില്ല. അതിനു കാരണം "അവർ ഒരിക്കലും ഗ്രാമീണഅധികാരികളെ ഉന്മൂലനം ചെയ്തില്ലെന്നു തന്നെയല്ല അവരുമായി ഒത്തുതീർപ്പിൽ കഴിയുകയും ചെയ്തു. ഒരിക്കലും പാശ്ചാത്യസാമ്രാജ്യപ്രമത്തതയെ ഉടച്ചില്ല. അതിനെ ആശ്രയിക്കയാണവർ ചെയ്തതു്." അതുകൊണ്ടു് ചിയാങ്ങ് രാജ്യത്തുനിന്നു ബഹിഷ്കൃതനായി. അദ്ദേഹം ഇനിയും ഒരിക്കലും തിരിച്ചുവരികയില്ല. സൺയാററു്–സെൻ സ്മാരകത്തിൻെറ ഗോളാകാരമായ ഗോപുരത്തിനു മുകളിൽ അദ്ദേഹത്തിൻെറ പാർട്ടിയുടെ പതാക പറക്കുന്നില്ല. അതിൻെറ സ്ഥാനം ചെങ്കൊടി അപഹരിച്ചു. ഒരു പുതിയ അധികാരവംശം ഉടലെടുത്തിരിക്കയാണു്. രക്തസാക്ഷികളുടെ കുന്നിലെ രക്തം പുരണ്ട കല്ലുകളുമായി ഈ അധികാരിവർഗ്ഗം സംസർഗ്ഗം പുലർത്തുകയാണു്. നാങ്കിംഗിലെ സുന്ദരമായ പാർക്കുകൾ വിജനമായിരിക്കുന്നു. തെരുവുകൾ ഒരു സന്താപത്തിൻെറ ഛായയാണു് പ്രതിബിംബിപ്പിക്കുന്നതു്. നാങ്കിംഗ് മൃതമായി കിടിക്കുന്നു.

സ്മാരകം ആകർഷണീയമാംവിധം ഭംഗിയുള്ളതാണു്. ചുററുമുള്ള താഴ്വരകളുടെ പ്രകൃതിസൗന്ദര്യത്തെ ഭരിച്ചുകൊണ്ടാണു് അതുയർന്നു നിൽക്കുന്നതു്. ലളിതമായ ശില്പകലയും കുന്നിൻെറ അടിവാരം മുതൽ കെട്ടിയുയർത്തിരിക്കുന്ന വിസ്തൃതമായ കല്പടകളും, പടിവാതിലിൻെറ മേൽപ്പുരയുടെ നീല ഓട്ടുകളും ചുററുമുള്ള ഉദ്യാനങ്ങളിലെ സദാഹരിതവീഥികളും

ഒരു ജനതയുടെ വീരാരാധനയുടെ ലക്ഷ്യമായി നില കൊള്ളുന്നു. അവരുടെ ഭക്തിപൂജക്കു പാത്രമായ മഹാരഥന്മാർ അവയുടെ ഉപജ്ഞാതാവിന്റെ നിര്യാണത്തോടുകൂടി അന്തരിച്ചു. പുറകെ വന്ന സ്വേച്ഛാധിപത്യത്തിനു് ഒരു ഇതിഹാസം സംഭാവന ചെയ്യുവെന്ന ഒരു പ്രയോജനം മാത്രമാണു് അവയ്ക്കുള്ളതു്. 1951 ഒക്ടോബറിൽ സൺയാററു്സെന്നിന്റെ ശവകുടീരം ഞങ്ങൾ സന്ദർശിച്ചപ്പോൾ ഒരു ഇൻഡ്യൻ സന്ദർശകൻ അഗാധമായ വികാരാവേശം പ്രദർശിപ്പിച്ചു. അദ്ദേഹം തെററിദ്ധരിച്ചതു് ചൈനായിലെ "ജനകീയജനാധിപത്യം" ഡോക്ടർ സൺയാററു്-സെന്നിന്റെ ആദർശങ്ങളിൽ വിശ്വസിക്കുന്നുവെന്നാണു്. അദ്ദേഹം നാങ്കിംഗ് നൽകപ്പെട്ട പല സ്വീകരണ സൽക്കാരങ്ങളിൽ സൺയാററു്–സെന്നിന്റെ മാഹാത്മ്യങ്ങളെ പ്രകീർത്തിച്ചുകൊണ്ടു് പ്രസംഗങ്ങൾ ആവർത്തിച്ചു. എന്നാൽ ആ പ്രശംസകൾ കമ്യൂണിസ്റ്റുകാർക്കു് വഹിക്കാവുന്നതിൽ കൂടുതലായിരുന്നു. അദ്ദേഹത്തെപ്പററി ഇനിയും പരാമർശിക്കരുതെന്നു് ഈ സന്ദർശകനോടു് അധികാരികൾ ആവശ്യപ്പെട്ടു. "ഞങ്ങൾ വളരെ ആദരവോടുകൂടെയാണു് സൺയാററു്-സെന്നിനെ സ്മരിക്കുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ നാമം അത്ര വളരെ ബഹുമതിയോടുകൂടി പരസ്യമായി പരാമർശിക്കപ്പെടുന്നതിനു് ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല" എന്നാണു് സന്ദർശകനോടു പറഞ്ഞതു്.

ഷാംഗ്ഹായ് നഗരം, സാവധാനമായി ദണ്ഡനങ്ങൾ നൽകി വേദനാപൂർണ്ണമായ ഒരു മരണത്തിലേക്കു നയിക്കപ്പെടുന്ന ഒരു പ്രതീതിയാണു് ഞങ്ങളിൽ ജനിപ്പിച്ചതു്. പണ്ടു് ആ നഗരം ഒരു സാമ്രാജ്യം തന്നെയായിരുന്നു. രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നു് വേർപെട്ടു അതു നിന്നിരുന്നു. വിദേശകോടീശ്വരന്മാരും പുറപ്പെട്ടുപോന്ന കൊള്ളത്തലവന്മാരും അവിടുത്തെ ഐശ്വര്യപ്രഭയിൽ ഇടകലർന്നു് സമ്മേളിച്ചു. അതിന്റെ അതിർത്തികളിൽ സാമ്രാജ്യദുർമോഹത്തിന്റെ അത്യാർത്തിയുടെ ലക്ഷ്യമായ വൻ സൗധങ്ങൾ നിൽക്കുന്നുണ്ടു്. അവയെല്ലാം പഴയ കാലത്തെ "കൂലി"കളുടെ ചൂഷണസ്മരകമായി മാത്രം ഇപ്പോൾ കാണാം. നാങ്കിംഗ് റോഡിലുള്ള ഫ്റഞ്ചു സൗജന്യ മേഖലയിൽ പരിഷ്കൃതഷോപ്പുകൾ അവയുടെ മങ്ങിയ പ്രഭയിൽ ഇപ്പോഴും നിൽക്കുന്നുണ്ടു്. അവശേഷിക്കുന്ന ഏതാനും വിദേശ്യരുടെ പേക്കുമാത്രമാണു് ആ ഷോപ്പുകൾ തുടരുന്നതു്. വ്യാപാരമേ കാണാനില്ല. ഒരു കാലത്തു എപ്പോഴും ആൾത്തിരക്കുണ്ടായിരുന്ന തുറമുഖജട്ടികളും ബാങ്കിംഗ് സ്ഥാപനങ്ങളും, പിരിച്ചു വിടാൻ സാദ്ധ്യമല്ലാത്ത കുറെ ആളുകൾക്കു് മാത്രം ശരണം നൽകുന്നു. നിയന്ത്രണാതീതമായ അവിടുത്തെ

ഗതാഗതം ശതക്കണക്കിനുള്ള റിക്ഷോവണ്ടികൾ മൂലം മന്ദഗതിയിലായിരിക്കുന്നു.

ഭാവിയില്ലാത്ത ഒരു നഗരമാണ് ഷാംഗ്ഹായ്. അവിടെയുണ്ടായിരുന്ന പല വ്യവസായങ്ങളും ഉൾപ്രദേശങ്ങളിലേക്കു മാററപ്പെട്ടിരിക്കയാണെന്നു പറയപ്പെടുന്നു. അങ്ങനെ കോടിക്കണക്കിനുള്ള അവിടത്തെ നഗരവാസികൾക്കു വ്യാപാരവും നിഷേധിക്കപ്പെട്ടിരിക്കുന്നു. സാധാരണ കാണാറുള്ള നീല കോട്ടൺയൂണിഫോറത്തിനു പകരം വിദേശവസ്ത്രങ്ങൾ ധരിച്ച പുരുഷന്മാരും, സ്ത്രീകളും ആയിരക്കണക്കിനു ചൊവ്വാഴ്ചത്തെ പ്രഭാതം കാത്തുകഴിയുന്നുണ്ട്. ഒരു പക്ഷെ അന്നത്തെ പ്രഭാതപത്രത്തിൽ അവർക്കു ചൈനാ വിടാനുള്ള എക്സിററു പെർമിററ് ലഭിക്കുന്ന സൗഭഗവാന്മാരുടെ പ്രസിദ്ധപ്പെടുത്തിയേക്കാമെന്നുള്ള പ്രതീക്ഷയാണ് അവരെ ഭരിക്കുന്നതു്. പീക്കിംഗിലെ പരുപരുത്ത ചാരവർണ്ണവസ്ത്രങ്ങൾ കണ്ട ശേഷം ഭംഗിയായ പട്ടുവസ്ത്രങ്ങൾ ധരിച്ച ചൈനീസ് സ്ത്രീകളെ കാണുന്നതു് സന്തോഷപ്രദമായി തോന്നി. ചുരുചുരുപ്പു തോന്നിക്കുന്ന തലക്കെട്ടുകളും, പെയിൻറു ചെയ്ത ചെഞ്ചുണ്ടുകളും, അവരുടെ ദന്തവർണ്ണ മുഖകമലങ്ങൾക്കു പ്രശോഭ നൽകി. എന്നാൽ അവരുടെ കണ്ണുകളിൽ സംഭീതി ഒളിച്ചു കിടക്കുന്നതു കാണാം. ജീവിക്കാനുള്ള അവകാശത്തിനു് അവർ ദാഹം കൊള്ളുകയാണ്. ഇത്രവളരെ ഭീതി ബാധിച്ച മുഖങ്ങൾ ഞാൻ ഒന്നിച്ചു കണ്ടിട്ടില്ല.

ഷാംഗ്ഹായ് ഒരു വൻകാരാഗൃഹമായിരുന്നു. അവിടെ താമസ്സിക്കുന്നതു് എനിക്കു ദുസ്സഹമായി തോന്നി. കമ്മ്യൂണിസ്റ്റുകൾ ചെറുകർഷകരായിരുന്നു. വൻ നഗരങ്ങളിൽ അവരുടെ പരാജയം ഒഴിവാക്കാനുള്ള ഉൽക്കണ്ഠയിൽ അവർ അങ്ങേ അററത്തെ നിർദ്ദയപരിപാടികൾ സ്വീകരിച്ചു. ഈ നഗരങ്ങൾ എതിർവിപ്ളവകാരികൾക്കു അഭയം നൽകുമെന്നു അവർ ഭയപ്പെട്ടു. അവരുടെ സുദീർഘമായ പരിചയാനുഭവങ്ങളും അധികാരപാരമ്പര്യവും കൊണ്ടു് കർഷക കമ്മ്യൂണിസ്റ്റു ഭടന്മാരെ അഴിമതിക്കാരാക്കിത്തീർക്കുമെന്നായിരുന്നു ഭയം. സാൽഫാൻ പ്രസ്ഥാനം ഉദ്യോഗസ്ഥദുഷ്പ്രഭുത്വമുള്ളതും കേന്ദ്രീകൃതവുമായ ഒരു ഭരണകൂടത്തിൽ നിന്നൊഴിവാക്കാൻ സാദ്ധ്യമല്ലെന്നു തെളിയിച്ചു. അതുകൊണ്ടു് ഈ നഗരങ്ങൾ തന്നെ നശിപ്പിക്കുവാനാണവർ നിശ്ചയിച്ചതു്. പുതിയ ജനാധിപത്യത്തിലുണ്ടെന്നു പ്രഖ്യാപിതമായ വിശ്വാസം, കമ്മ്യൂണിസ്റ്റത്തിൻെറ യുക്തിമുറകൾ കൊണ്ടു് തന്നെ മാററിവയ്ക്കേണ്ടിവന്നു. കൂടുതൽക്കൂടുതൽ യുവാക്കന്മാർക്കു് പുതിയ സിദ്ധാന്തങ്ങൾ കുത്തിവച്ചും, പ്രായം ചെന്നവർക്കു് മസ്തിഷ്കപ്രക്ഷാളനം നൽകിയും, ചാരവൃത്തി, ഏററു പറച്ചിൽ, ലിക്വിഡേഷൻ എന്നിവ നടത്തിയുമാണ് മാവോ ലക്ഷ്യം സാധിച്ചതു്.

ചൈനായുടെ വൻനഗരങ്ങളിൽ കൂടെയുള്ള പ്രയാണം, ഇഷ്ടികഭിത്തികളുടെയും നിരാധിത തെരുവുകളുടെയും ഇടയിൽ കൂടെയുള്ള സഞ്ചാരമായിരുന്നു. കണ്ണാടിവാതിലുകൾക്കുള്ളിൽ മനുഷ്യമുഖങ്ങൾ ഞങ്ങൾ കണ്ടു. അവക്കു എന്താണു് സംഭവിച്ചുകൊണ്ടിരുന്നതെന്നു് ഞങ്ങൾ അറിഞ്ഞില്ല. അവരുടെ പത്രങ്ങളോ, മാസികകളോ, അവരുടെ ജീവിതത്തെ പററിയോ, സന്തോഷങ്ങളേയോ സന്താപങ്ങളേയോ പററിയോഒന്നും പ്രസിദ്ധപ്പെട്ടത്തിയില്ല. പീക്കിംഗിൽ നിന്നാജ്ഞാപിക്കുന്നതു മാത്രം അവർ ഏററു പായും. ഷാംഗ്ഹായിലെ "ഇംഗ്ലീഷ്ഡെയിലി", പീക്കിംഗിലെ "പീപ്പിൾസ് ഡെയിലി" പത്രത്തിൻെറ മുഖപ്രസംഗങ്ങൾ ദിവസവും ഉദ്ധരിച്ചുകൊണ്ടിരുന്നു. ജനങ്ങൾ ഒരു അപരിചിതനോടു സംസാരിക്കയോ അവനെ സമീപിക്കുകയോ ചെയ്യുന്നതായി കണ്ടില്ല. അനവധി പൊതുസ്വീകരണങ്ങളും ഡിന്നർ സൽക്കാരങ്ങളും നൽകപ്പെട്ടെങ്കിലും, അവിടെയെങ്ങും മനുഷ്യോചിതമായ സ്നേഹാതിരേകമോ, സൗഹാർദ്ദബന്ധമോ കാണുവാൻ പ്രയാസമായിരുന്നു. പീക്കിംഗ് മുതൽ കാൻറൺവരെ ഒരേ തരം സ്വാഗത പ്രസംഗങ്ങളും, സമാധാനം, ഏഷ്യൻഐക്യം, അമേരിക്കൻ സാമ്രാജ്യദുഷ്പ്രവൃത്തി, രണ്ടായിരം കൊല്ലത്തെ സംസ്ക്കാരികസമ്പർക്കങ്ങൾ എന്നിവയെപ്പററിയുള്ള പ്രഭാഷണങ്ങളും തന്നെയാണു് കേട്ടുകൊണ്ടിരുന്നതു്. കുറെക്കഴിഞ്ഞപ്പോൾ ഈ പ്രസംഗങ്ങൾ ഭാഷാന്തരം ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. എന്തെന്നാൽ അതിലെ ഓരോ വാക്കും ഞങ്ങൾക്കറിയാമായിരുന്നു.

അടിസ്ഥാനപരമായി ഗ്രാമങ്ങളിലും, ഇതരപ്രദേശങ്ങളിലും ഇതിൽനിന്നു വ്യത്യാസമൊന്നുമുണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റുവിപ്ളവം ഗ്രാമപ്രദേശങ്ങളിലാണു് സമാരംഭിച്ചതു്. ഭൂപരിഷ്ക്കാരം കൊണ്ടു്, ഗ്രാമീണക്കു് പുതിയ പ്രത്യാശയും വരുത്തുകയുണ്ടായി. എങ്കിലും, സുഭദ്രമായ ഒരു ഗ്രാമീണസാമ്പത്തികവ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ കഴിഞ്ഞിട്ടില്ല. കർഷകക്കു് ഒരു അധികാരമനോഭാവം വളത്താൻ സാധിച്ചിട്ടുണ്ടു്. കർഷകസംഘങ്ങളിൽ കൂടെ ആ അധികാരം പ്രായോഗികമാക്കുന്നുമുണ്ടു്. സ്ത്രീകളിൽ ഒരുവിമോചിതബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞു. ഒരു പുതിയ ചൈതന്യം ഗ്രാമങ്ങളിൽ കാണുന്നുമുണ്ടു്. എന്നാൽ ഇനിയും നിർബാധമായി തങ്ങളെ വിട്ടേക്കണമെന്നും, സമ്പാദിച്ചു സ്വത്തുകാരാകുന്നതിനുള്ള സൗകര്യം ലഭിക്കണമെന്നുമാണു് കർഷകരുടെ ഇപ്പോഴത്തെ അഭിലാഷം. പക്ഷേ കമ്മ്യൂണിസ്റ്റുകാർ അങ്ങിനെ അവരെ വിട്ടേക്കുകയില്ല. പ്രചരണം, സിദ്ധാന്തവൽക്കരണം, വിപണിനിയന്ത്രണം എന്നിവകൊണ്ടു് ഒരു പട്ടാളച്ചിട്ട കർഷകക്കു് നൽകുകയാണു്. മഞ്ചൂരി

യായിലെ കാവോ കാംഗ്ഗ്രാമം, ഈ കൂട്ടകൃഷി മനോഭാവത്തിനു് പ്രകടമായ എതിരു പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്.

ഞങ്ങൾ കൂബോവു്ഗ്രാമത്തിൽ പോയി. കൺഫ്യൂഷ്യസിൻെറ ശവകുടീരം ഞങ്ങൾ സന്ദർശിച്ചു. ഈ കൊച്ചു ഗ്രാമത്തിലെ "പൊതുക്ഷേമ" പദ്ധതിക്കു്, തലമുറകളായി അവിടെ അടിഞ്ഞു കിടന്ന പൊടിപടലം നീക്കാൻ സാധിച്ചതായിതോന്നിയില്ല. വയലുകളിൽ ധാന്യം വിളഞ്ഞു കിടന്നു. എന്നാൽ ഗ്രാമത്തിൽ ദാരിദ്ര്യവും പൊടിയും നടമാടി. ഇടിഞ്ഞു പൊളിഞ്ഞ കുടിലുകൾ റോഡിൻെറ വശങ്ങളിൽ നിരന്നു സ്ഥിതി ചെയ്തു. കർഷകർ വയലുകളിൽ നടന്നു പോകുന്നതു് ദുർവഹമായ ഭാരങ്ങൾകൊണ്ടു് വളഞ്ഞുകുനിഞ്ഞാണു്. നിശ്ചയമായും പ്രദർശനാർഹമായ ഒരു ഗ്രാമമായിരുന്നില്ല അതു്.

മാവോയും, ഈ ഗ്രാമത്തിലും കൺഫ്യൂഷ്യസിൻെറ ക്ഷേത്രത്തിലും വന്നിട്ടുണ്ടു്. പീക്കിംഗ് സർവകലാശാലാ ലൈബ്രറിയിൽ വിശപ്പുകൊണ്ടു വലഞ്ഞു കഴിച്ചുകൂട്ടിയ പല വർഷങ്ങൾക്കു ശേഷം നടത്തിയ സഞ്ചാരത്തിനിടയിലാണു് അദ്ദേഹം ഇവിടെ വന്നതു്. ഇവിടെയാണു് രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു് കൺഫ്യൂഷ്യസ് ജീവിച്ചതും അദ്ദേഹത്തിൻെറ "അനാലെക്റ്റ്സ" പഠിപ്പിച്ചതും. തൻെറ ഉപദേശത്തിൻെറ മായാത്ത മുദ്രകൾ ജനങ്ങളുടെ ജീവിതരീതിയിൽ അദ്ദേഹം പതിച്ചിട്ടുണ്ടു്. പിതൃഭക്തി, പൂർവ്വികന്മാരെയുള്ള ആരാധന, കൺഫ്യൂഷ്യൻപുണ്യകർമ്മങ്ങൾ, വിജ്ഞാനത്തെയും വൃദ്ധന്മാരെയുമുള്ള ആദരവു്, മര്യാദകളെ സംബന്ധിച്ച ആചാരവിധികൾ എന്നിവയെല്ലാമടങ്ങിയ ചട്ടങ്ങൾ ജനങ്ങളുടെ ജീവിതത്തിൻെറ ഭാഗമായിത്തീർന്നു. സാമൂഹ്യജീവിതത്തിലെ ചില നിയമസംഹിതകളെല്ലാം അവർ അംഗീകരിച്ചിട്ടുണ്ടു്. എന്നാൽ അവ ലംഘിക്കപ്പെടാത്ത കാലത്തോളം വ്യക്തിപരമായ അവരുടെ രഹസ്യജീവിതത്തിൽ ആരും ഇടപെട്ടുകൂടെന്നൊരു ദേശീയസ്വഭാവമാണു് അവർ നിലനിറുത്തിയിരുന്നതു്. ഒൻപതാം ശതാബ്ദത്തിൽ ഒരു സ്വതന്ത്രവ്യക്തിക്കുമാത്രം എഴുതാൻ കഴിയുന്ന വരികളാണു് പോ ചു—ഐ എഴുതിയതു്:

കഴിഞ്ഞ കൊല്ലം ഞാൻ രോഗിയായി കിടന്നപ്പോൾ
ഞാൻ പ്രതിജ്ഞ ചെയ്തു
ഞാൻ ജീവിക്കുന്ന കാലത്തോളം
ഒരു തുള്ളിപോലും ഞാൻ തൊടുകയില്ലെന്നു—
എന്നാൽ കഴിഞ്ഞ കൊല്ലം ആർക്കറിയാം

ഈയാണ്ടത്തെ വസന്തകാലം എന്തെല്ലാം കൊണ്ടുവരു-
മെന്നു്,

ഇപ്പോൾ ഞാനിതാ
വൃദ്ധനായ ലിയുവിൻെറ ഗൃഹത്തിൽനിന്നുവരികയാണു്
മൂക്കററം കുടിച്ചുകൊണ്ടു്.

പഴയ ഇടപ്രഭുക്കളുടെകാലം നിർമ്മാർജ്ജനം ചെയ്തുകഴിഞ്ഞു. ജനങ്ങളുടെ പേരിൽ ഭരിക്കുന്ന ഒരു സ്വേച്ഛാധിപതി ആ സ്ഥാനം ഏറെറടുത്തിരിക്കയാണു്. നവീനചൈന ജനാധിപത്യത്തെപ്പററിയാണു് സംസാരിക്കുന്നതു്. എന്നാൽ കമ്മ്യൂണിസത്തിൽ വ്യക്തികൾക്കു ഒട്ടും സ്വാതന്ത്ര്യമില്ല. കമ്മ്യൂണിസത്തിൻെറ അഭിപ്രായം വ്യക്തി പ്രധാനമായ ജീവിതം അഴിമതി, അധികാരതൃഷ്ണ, കൈക്കൂലി എന്നിവയിലേക്കു നയിക്കുമെന്നാണു്. "പൊതുപരിപടി"യിൽ വിവരിച്ചിരിക്കുന്ന സ്വാതന്ത്ര്യങ്ങൾ സ്വേച്ഛാധിപതിക്കുമാത്രമുള്ളതാണു്—പ്രസംഗസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, പ്രസിദ്ധീകരണം, സംഘം ചേരുക, സംഘടന, എഴുത്തുകുത്തു്, വ്യക്തി, കുടിയേററം, മതവിശ്വാസം, പരസ്യ പ്രകടനസ്വാതന്ത്ര്യം ഇവയെല്ലാം "പൊതു പരിപാടിയിൽ സുരക്ഷിതമാക്കുന്നമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ സ്വാതന്ത്ര്യമെന്നതിനു പകരം "പൊതുനന്മ"യാണിപ്പോഴത്തെ ലക്ഷ്യം. വ്യക്തിപരമായ അവകാശങ്ങളുടെ സ്ഥാനത്തു് "പൊതുജനങ്ങളോ"ടുള്ള ബാദ്ധ്യതയെപ്പററിയാണു് പറയുക. ജനങ്ങൾ കമ്യൂണിസ്റ്റുകാരാൽ ആജ്ഞാപിക്കപ്പെടുകയാണു്. വ്യക്തിക്കു സ്വാതന്ത്ര്യമൊന്നുമില്ല. കാരണം നിയമത്തിൻെറ വാഴ്ച അവിടെ ഇല്ല.

പ്രസംഗസ്വാതന്ത്ര്യമൊ,സംഘടനാസ്വാതന്ത്ര്യമൊ എങ്ങനെയാണു് സാദ്ധ്യമാകുക? എല്ലാ പ്രസിദ്ധീകരണങ്ങളെയും പത്രങ്ങളെയും"ജനകീയഗവർമ്മെൻറിൻെറ നിയമങ്ങളെ ലംഘിക്കരുതെന്നും, പുതിയ ജനാധിപത്യഭരണത്തിനു ദോഷകരമായ പ്രചരണങ്ങൾ യാതൊന്നും നടത്തിക്കൂടെന്നും" അനുശാസിച്ചിരിക്കയാണു്. "പൊതുപരിപാടിക്കും" കമ്മ്യൂണിസ്റ്റുപാർട്ടി നേതൃത്വത്തിനും എതിർപ്പു പ്രകടിപ്പിക്കുന്നതു് രാജ്യദ്രോഹമാണു്. ഗവർമ്മെൻറല്ലാതെ വാർത്തകൾക്കു യാതൊരു മാർഗ്ഗവുമില്ല. ഔദ്യോഗികാഭിപ്രായങ്ങളല്ലാതെ ചൈനീസ്പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താറില്ല. വിദേശവാർത്തകൾ ഗവർമ്മെൻറു് അനുമതി നൽകുന്നതുവരെ പ്രസിദ്ധപ്പെടുത്തിക്കൂട. 1951 ഒക്ടോബറിൽ സ്റ്റാലിൻെറ പ്രസ്താവനപോലും അനേകദിവസങ്ങൾ പ്രസിദ്ധപ്പെടുത്താതെ തടഞ്ഞുവച്ചിരുന്നു. പക്കിസ്ഥാൻ പ്രധാനമന്ത്രി ലിയാക്കത്താലിയുടെ വധം നടന്നപ്പോൾ ഞാൻ നാങ്കിംഗിലായിരുന്നു. അതിനെപ്പററി യാതൊരു വാർത്തയും ചൈനീസ് പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയില്ല. ഇൻഡ്യൻ എംബെസ്സിയിലുള്ള ഉദ്യോഗസ്ഥന്മാരിൽനി

ന്നാണ് ഞങ്ങൾ ആ വാൎത്ത കേട്ടതു്. ഇൻഡ്യൻറേഡിയോ പ്രക്ഷേപണങ്ങൾ കേൾക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടു. വിദേശറേഡിയോ പ്രക്ഷേപണങ്ങൾ ഒന്നും കേൾക്കുവാൻ സാദ്ധ്യമല്ലെന്നായിരുന്നു മറുപടി.

സാഹിത്യം രാഷ്ട്രീയത്തിനു് താഴെയാണ്. അതുപോലെ തന്നെയാണ് കലയും, സിനിമയും, നാടകവും. എല്ലാം വിപ്ളവത്തിൻെറ വിജയത്തിനുവേണ്ടി പ്രവൎത്തിക്കണം. വിദേശപത്രങ്ങൾ ചൈനായിൽ വരാൻ അനുവദിച്ചാൽ പൊതുജനങ്ങളുടെ കണ്ണിൽനിന്നു ഒന്നും മറച്ചുവയ്ക്കാൻ സാദ്ധ്യമല്ല. ഇന്നു എന്തെങ്കിലും ആരെയെങ്കിലും കാണുവാൻ സാദ്ധ്യമല്ല. മാവോയെപ്പോലും ഇപ്പോൾ കാണുവാൻ കഴിയുന്നതല്ല. സാമാന്യജനങ്ങളുമായുള്ള സമ്പൎക്കംകൊണ്ടാണ് മാവോയുടെ സ്വാധീനശക്തി സംഭരിച്ചതു്. ഇന്നാകട്ടെ "മോചനതാരം" എന്നുള്ള പുരാവൃത്തത്തിൻെറ മറവിൽ അദ്ദേഹം ഒളിച്ചിരിക്കുകയാണ്. ഞാൻ സന്ദൎശിച്ചിട്ടുള്ള അനേകരാജ്യങ്ങളിൽ ഭാഷയുടെ വൈഷമ്യം നേരിട്ടിട്ടുണ്ടു്. എന്നാൽ ഇത്രയധികം ഏകാന്തത തോന്നിയ മറെറാരു രാജ്യവും എൻെറ അനുഭവത്തിൽ വന്നിട്ടില്ല.

സഞ്ചാരസ്വാതന്ത്ര്യമൊ, താമസസ്വാതന്ത്ര്യമൊ ഇവിടെ ഇല്ല. പോലീസിൻെറ പെർമിററു കൂടാതെ ഒരു ഡിസ്ത്രിക്ടിൽ നിന്നു് മറെറാരു ഡിസ്ത്രിക്ടിലേക്കു പോകുവാൻ ജനങ്ങൾക്കനുവാദമില്ല. പെർമിറെറന്നു പറഞ്ഞാൽ അന്തമില്ലാത്ത കാലവിളംബവും, വിശദീകരണങ്ങളും, പരിശോധനകളുമാണ്. ചൈനാ വിട്ടുപോകണമെങ്കിലും ഇതുതന്നെയാണ് ഗതി. എക്സിററ് പെർമിററുകൾക്കു മാസങ്ങൾ താമസിക്കേണ്ടിവരും. അതു കിട്ടുന്ന ഭാഗ്യവാന്മാർ ചൈനായിലെ നിശാക്ലബ്ബുകളിൽ വലിയ അനുമോദനസമാഘോഷങ്ങൾ നടത്തും. "അവൻ ഒരു ഉല്ലാസവാനായ നല്ലവൻ" എന്ന ഇംഗ്ലീഷുപാട്ടുകൾ പാടി സന്തോഷിക്കും. താമസസ്ഥലത്തുനിന്നു് ഒരു ദിവസത്തിൽ കൂടുതൽ മാറിത്താമസിക്കാൻ അനുവാദമില്ല. മാറുന്നതു് അന്നുതന്നെ പോലീസിൽ റിപ്പോർട്ടു ചെയ്യുകയും വേണം.

ജനകീയ പോലീസിനെ സംഘടിപ്പിക്കുന്നതാണ് വിപ്ലവത്തിൻെറ ഒരു പ്രധാന ജോലിയായി മാവോ കരുതിയതു്. ഭീകരതയുടെ ഉപകരണം, ആളുകളെ യോജിപ്പിച്ചുനിറുത്താൻ ആവശ്യമായിരുന്നു. ഡിസ്ത്രിക്ടും തെരുവുംകമ്മിററികളിൽ കൂടെ നടത്തുന്ന വിദ്യാഭ്യാസവും, പ്രചാരണങ്ങളും കൊണ്ടു് ചിന്താനിയന്ത്രണം, സ്വയം വിമർശനം, മസ്തിഷ്കപ്രക്ഷാളനം എന്നിവ സാധിക്കുന്നു. ഭൎത്താക്കന്മാൎക്കെതിരായി ഭാൎയ്യമാർ മൊഴി കൊടുക്കണം. മാതാപിതാക്കന്മാൎക്കെതിരായുള്ള വിവരങ്ങൾ അറിയിച്ചുകൊടുക്കാൻ കുട്ടികൾ നിർബന്ധിക്കപ്പെട്ടു. അഞ്ചുപേർ അംഗങ്ങ

ളായുള്ള സംഘങ്ങളെ സംഘടിപ്പിച്ചിരിക്കയാണ്. അവർ പര്സ്പരം സൂക്ഷ്മനിരീക്ഷണം ചെയ്തുകൊള്ളണം. രാജ്യത്തെ ഓരോ പൗരൻെറയും രാജ്യഭക്തി നിതാന്തപരിശോധനയ്ക്കു വിധേയമായിക്കൊണ്ടിരിക്കും.

സ്വേച്ഛാധിപത്യത്തിൻെറ സ്വാഭാവികയുക്തി പരിണാമം മൂലം കൂടെക്കൂടെ ലിക്വിഡേഷൻ സംരംഭങ്ങൾ നടത്താൻ കമ്യൂണിസ്റ്റുകൾ നിർബന്ധിതരാണ്. തടങ്കൽ പാളയങ്ങളും, ആത്മഹത്യകളുമാണ് ജനങ്ങളിൽ സംഭീതി വർദ്ധിപ്പിക്കാനും അങ്ങനെ അവരെ കീഴ്പ്പെടുത്താനും സ്വേച്ഛാധിപത്യം പ്രയോഗിക്കുന്ന മാർഗ്ഗങ്ങൾ. ചൈനായുടെ പല സുഹൃത്തുക്കളും ഈ അവസ്ഥാ വിശേഷത്തെ അവഗണിക്കുന്നതായിക്കാണുന്നു. വിപ്ലവത്തിൽ വന്നുകൂടുന്ന അനിവാര്യമായ ഒരു ത്യാഗമായിട്ടാണ് ഇതിനെ അവർ കരുതുക. ചൈനായിലെ ജനലക്ഷങ്ങൾക്കു സ്വാതന്ത്ര്യമെങ്കിലും ലബ്ധമായല്ലോയെന്നും, സ്ത്രീകൾക്കു അടിമത്വത്തിൽനിന്നുള്ള വിമോചനം സിദ്ധിച്ചല്ലോയെന്നുമാണ് അവർ ചൂണ്ടിക്കാണിക്കുന്നതു്. താൽക്കാലികമായി കർഷകൻെറ ചോററുപാത്രം കുറച്ചുകൂടെ നിറഞ്ഞിട്ടുണ്ടെന്നുള്ളതു് വാസ്തവമാണ്. സ്ത്രീകൾക്കു് ശബ്ദമുണ്ടെന്നു് തെളിഞ്ഞിട്ടുണ്ടു്. അവരെ ഒരു പുതിയ അഭിമാനബോധം ഭരിക്കുന്നുമുണ്ടു്. എന്നാൽ ഈ വക പരിവത്തനങ്ങൾ മാത്രം ജനങ്ങളെ എത്രനാൾ സംതൃപ്തിപ്പെടുത്തുമെന്നു കണ്ടറിയണം. ജീവിതം സ്വേച്ഛാധിപത്യത്തിനു കീഴ്പെട്ട ഒരു നിരന്തര അടിമത്വമാണെന്നു ബോധപ്പെട്ടുമ്പോൾ താൽക്കാലികപ്രയോജനങ്ങൾ നിഷ്പ്രഭമാകും.

കമ്യൂണിസ്റ്റുകാർ ചൈനായെ സംബോധന ചെയ്യുന്നതു് ഒരു "നവീന ജനാധിപത്യ"മെന്നാണ്. തൊഴിലാളികൾ, കർഷകർ, ചെറുബൂർഷ്വാകൾ, ദേശീയബൂർഷ്വാകൾ എന്നീ നാലു "സ്നേഹിതവർഗ്ഗങ്ങൾ" കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ എല്ലാ ജനാധിപത്യസ്വാതന്ത്ര്യങ്ങളും അനുഭവിക്കുന്നുണ്ടെന്നാണ് പറയുന്നതു്. "പുതിയ ജനാധിപത്യം" എന്ന ഗ്രന്ഥത്തിൽ, വളരെ വർഷങ്ങൾക്കുമുമ്പു് മാവോ ഇങ്ങനെ എഴുതി. "തൊഴിലാളിവർഗ്ഗത്തിൻെറ സ്വേച്ഛാധിപത്യമുള്ള സോഷ്യലിസ്റ്റ് സ്റ്റേററിൽ നിന്നു് തത്വത്തിൽ വിഭിന്നമാണ് ജനാധിപത്യ വർഗ്ഗങ്ങൾ ചേർന്നുള്ള ഒരു ഐക്യത്തിൻെറ ജനാധിപത്യം. ചൈനായുടെ പുതിയ ജനാധിപത്യ ഭരണകാലത്തെങ്ങും, ഒരു വർഗ്ഗത്തിൻെറ മാത്രം സ്വേച്ഛാധിപത്യമുള്ള ഗവണ്മെൻേറാ, ഒരു പാർട്ടിയുടെമാത്രം കുത്തകാവകാശമുള്ള ഭരണരീതിയോ സ്വീകരിക്കാൻ സാദ്ധ്യമല്ല. സാധിക്കയും വേണ്ട"

ഈ മനോഭാവത്തിൻെറ തെളിവിനായിട്ടാണെന്നു പറയപ്പെടുന്നു ഇന്നത്തെ ചൈനീസ് ഗവർമ്മെൻറു, ക്ലമിന്താങ്ങ് ഭര

ണത്തെ എതിരിട്ടപാർട്ടികളുടെ സംയുക്തഭരണമാക്കിയിരിക്കുന്നതു്. ഈ പാർട്ടികളുടെ എല്ലാം അംഗത്വം കമ്മ്യൂണിസ്റ്റ് പാർട്ടിക്കൂടെ അംഗീകരിക്കേണ്ടതാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടുന്നുണ്ടു്.

ഞാൻ പീക്കിംഗിലുണ്ടായിരുന്ന സമയത്താണു് കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ചേരണമെന്നാവശ്യപ്പെട്ടുകൊണ്ടു് യുവാക്കൾ എഴുതിയ ഏതാനും ലേഖനപരമ്പരകൾ ചൈനീസ് പത്രങ്ങളിൽ പ്രസിദ്ധപ്പെട്ടത്തിക്കണ്ടതു്. അവർ മററുപാർട്ടികളുടെ അംഗത്വം സ്വീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടുവത്രെ. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അംഗത്വം 50 ലക്ഷം മാത്രമാണു്. തൊഴിലാളിവർഗ്ഗത്തിൽതന്നെ 20 ലക്ഷം ആളുകളെ ചൈനായിൽ ആകെയുള്ളു. പാർട്ടിയിൽ അധിക പ്രാതിനിധ്യം ചെറുകർഷകർക്കാണു്. ഒരു സ്വയരക്ഷണ നടപടി മാത്രമാണു് ഈ യുവാക്കളെ അന്യപാർട്ടികളിലേക്കു പറഞ്ഞയച്ചതു്. ഒരുപാർട്ടിയംഗം എന്നോടു ഇങ്ങനെ പറയുകയുണ്ടായി. "ഞങ്ങൾ ഈ യുവാക്കളെ അന്യപാർട്ടികളിൽ പറഞ്ഞയയ്ക്കുന്നതു് ആ പാർട്ടികൾ ശരിയായി സംഘടിപ്പിക്കുന്നതിനു് സഹായിക്കാനാണു്."

മാവോ എപ്പോഴും ആവർത്തിച്ചാവർത്തിച്ചു എഴുതിയിട്ടുണ്ടു്. "ഞങ്ങളുടെ പ്രാരംഭ തത്വം തന്നെ ചൈനീസ് ജനതയെ ആത്മാർത്ഥതയോടെയും ഉള്ളഴിഞ്ഞും സേവിക്കയും അവരുമായി ഒരിക്കലും വേർപെടാതിരിക്കയുമാണു്. എന്നാൽ കമ്മ്യൂണിസ്റ്റുകാർ ജനകീയ അഭിലാഷം എന്താണെന്നു് വിശകലനം ചെയ്യുവാനോ, അതു സ്വയം വെളിപ്പെടുത്തുന്നതെങ്ങനെയാണെന്നു് മനസ്സിലാക്കുവാനോ ഒരിക്കലും ശ്രമിച്ചിട്ടില്ല. ജനകീയ ഇച്ഛാശക്തി ഇപ്പോൾ പ്രകടിപ്പിക്കുന്നതു് ഹിററ്ലറിൻെറ തത്വത്തിലും ചൈനായിലെ പുതിയ ഇതിഹാസത്തിലുമാണു്. പൊതുപരിപാടി, പാർട്ടി സംയോജനം, പുതിയ ജനാധിപത്യം എന്നിവയെല്ലാം അടിസ്ഥാനപരമായി ഉറപ്പിച്ചിരിക്കുന്നതു് കമ്യൂണിസ്റ്റ് പാർട്ടിയിലും അതിൻെറ തലവനിലുമാണു്. മററുള്ളവർഗ്ഗങ്ങളെല്ലാം, സാമാന്യ ജനതയുടെ ഇച്ഛാശക്തിക്കു കീഴ്പ്പെടണം. ഗ്രൂപ്പുകളുടെസംയോജനം അംഗീകരിക്കേണ്ടതു് പാർട്ടിയിൽ കൂടെ പ്രകടിപ്പിക്കുന്ന ഇച്ഛാശക്തിയാണു്.

"ചൈനാ ലോകത്തെ ഇളക്കുന്നു" എന്ന ഗ്രന്ഥത്തിൽ ജാക്ക് ബെൽഡൻ ഇങ്ങനെ എഴുതിയിട്ടുണ്ടു്—"മാവോ പറയുന്ന സിദ്ധാന്തം സാമാന്യജനങ്ങളിൽ നിന്നു പഠിച്ചിട്ടു അവരെ പഠിപ്പിക്കണമെന്നാണു്. ഇതു് ലയോളായുടെ സിദ്ധാന്തത്തിൻെറ ഒരു വികൃതരൂപമാണു്. ലയോളായുടെ സിദ്ധാന്തമിതാണു്. 'അന്യൻെറ ഗതിയെ അനുകരിച്ചു നിങ്ങളുടെ സ്വന്ത ലക്ഷ്യത്തിലെത്തിച്ചേരണം'. അങ്ങനെ മുമ്പു് കമ്മ്യൂണിസ്റ്റുകാർ മിതവാദികളെ പ്രശംസിച്ചിരുന്നു; വിദ്യാർത്ഥികളെ കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു;

പ്രസംഗ സ്വാതന്ത്ര്യത്തിനു് ഒച്ചപ്പാട്ടുണ്ടാക്കി വാദിച്ചു; ദുർഭരണം അവസാനിപ്പിക്കുവാൻ അട്ടഹസിച്ചു.'' ഇന്നും അതിനുവേണ്ടി യൊക്കെ അവർ ശബ്ദമുണ്ടാക്കും. എന്നാൽ അവരുടെ ലക്ഷ്യ ത്തിൽ എത്തിച്ചേർന്നതുകൊണ്ടു് സ്വാതന്ത്ര്യം ''ജനങ്ങൾക്കു'' മാത്ര മാണു്. പിന്തിരിപ്പന്മാൎക്കല്ല. ഒരു പിന്തിരിപ്പൻ എന്നു പറയു ന്നതിൻെറ അത്ഥം കമ്മ്യൂണിസ്റ്റ് പാർട്ടിയെ എതിൎക്കുന്നവൻ എന്നാണു്.

> ഓ! അങ്ങാണു് പ്രശോഭിതമായ ചിഹ്നവും, വിജയ പതാകയും.
> ആരാധനീയനായ മാവോ ചിരം ജീവിക്കട്ടെ.
> അങ്ങയുടെ തലമുറയിൽ ജീവിക്കുകയും അങ്ങയുടെ മാതൃക പഠിക്കുകയും ചെയ്യുന്നതു ഞങ്ങളുടെ ഭാഗ്യമാ ണു്. ഞങ്ങൾ അങ്ങയെ പിന്തുടന്നു് പുതിയ ഒരു ലോകത്തിലേക്കു പ്രവേശിക്കും.

ആരംഭത്തിൽ വിപ്ളവത്തിൻെറ വികാരാവേശം, സ്റ്റേററി ൻെറ സ്ഥാപന ലക്ഷ്യത്തിനു് ശക്തി പ്രദാനം ചെയ്തു. അതു കൊണ്ടു് സ്ഥാപനശ്രമത്തിൽ വിവിധ പാർട്ടികളും രാഷ്ട്രീയ അഭിപ്രായക്കാരും, പല സ്ഥാനങ്ങളിലിരിക്കുന്നവരും സഹകരിച്ചു പ്രവൎത്തിച്ചു. ഈ വികാരാവേശം ശരിയായി പ്രയോജനപ്പെടു ത്താൻ കമ്മ്യൂണിസ്റ്റുകാൎക്കു കഴിഞ്ഞതുകൊണ്ടു്, ചിയാങ്ങിൻെറ ശക്തിയെ നശിപ്പിപ്പാൻ അവൎക്കു സാധിച്ചു. ഇന്നു് ആ ആവേ ശം അസ്തമിച്ചു. അവരുടെ അധികാരത്തിനതുകൊണ്ടു് പുതിയ പരിമിതികൾ നേരിടുകയാണു്.

ജനങ്ങളും പാർട്ടിയും തമ്മിൽ വിടവു് വർദ്ധിച്ചു വരിക യാണു് ചെയ്യുന്നതു്. ഇതുവരെ കമ്മ്യൂണിസ്റ്റുകാർ ആശ്രയിച്ചി രുന്നതു് ഗ്രാമങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും അവൎക്കുണ്ടായിരുന്ന അനുഭവനേട്ടങ്ങളെയാണു്. ഇന്നു് മാവോ ജീവിക്കുന്നതു് അദ്ദേ ഹത്തിൻെറ രഹസ്യക്ഷേത്രത്തിലാണു്, ലിയു ഷാവൊ-ചി മാവോ സിദ്ധാന്തം അല്പാല്പമായി രൂപവൽക്കരിച്ചു പ്രചരിപ്പി ച്ചുകൊണ്ടിരിക്കുന്നു. ലെനിൻ—സ്റ്റാലിൻ സിദ്ധാന്തത്തിൻെറ ഒരു സ്വഭാവിക പരിണാമമായി മാവോയിസത്തെ വിശദീകരിക്കാ നുള്ള ശ്രമത്തിൽ ചൈനായുടെ പ്രശ്നങ്ങളെ സിദ്ധാന്തപരമാ യി അഭിമുഖീകരിക്കുന്ന ഒരു ഗതിയിലേക്കു വഴുതി വീഴുകയാണു്. രാഷ്ട്രീയവും സാമ്പത്തികവുമായ ബന്ധങ്ങളും, പൂർവകാലത്തെ വിദ്വേഷങ്ങളും സാമ്പത്തികമായി ചൈനാ ഒററതിരിക്കപ്പെടുന്ന ഒരു പതനത്തിലേക്കാണു നയിക്കുന്നതു്.

സംയുക്ത ഗവർമ്മെൻെറന്നു് പറയുന്നതു് യഥാൎത്ഥത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഗവർമ്മെൻറാണു്. മററുള്ള പാർട്ടി കൾ ഗവർമ്മെൻറിൽ തുടരുന്നു എന്നു പറയുന്നതു് ചരിത്രപര

മായ അതിൻെറ മുൻബന്ധംകൊണ്ട മാത്രമാണ്. ഇവയെല്ലാം അപ്രത്യക്ഷമാകുന്നതു് ആഭ്യന്തര സ്ഥിതിഗതികളെക്കാൾ രാജ്യാന്തരപരമായ സംഭവ വികാസങ്ങളെയാണാശ്രയിച്ചിരിക്കുന്നതു്. മാവോ പറഞ്ഞിട്ടുണ്ട് "നമ്മുടെ കൂടെയുള്ളവർ നമ്മുടെ കൂടെ തുടരും" എന്നു്. മാഡംസൺ തന്നെ അവർ കമ്മ്യൂണിസ്റ്റുകാരോട്ടചേർന്നു് ഭരമേററിരിക്കുന്ന ചുമതലകളിൽ ഒരു തടവുകാരിയായി കഴിയുകയാണു്. ആ മഹതി അവരുടെകൂടെ തുടരുന്നതു് അവർ സൺയാററ്-സെന്നിൻെറ ഭാര്യയായതുകൊണ്ട മാത്രമാണു്.

ആകെയുള്ള ആറു ഭരണപരമായ മേഖലകളിൽ നാലിലും സൈനിക ഭരണമാണു് ഇന്നു നടക്കുന്നതു്. ഈ മേഖലകളിൽ ഭരണാധിപത്യം വഹിക്കുന്ന ജനറൽമാർ ചുവപ്പുപടയിലെ പഴയ അംഗങ്ങളാണു്. മുമ്പിലത്തേപ്പോലെ ജനകീയ വിമോചന സൈന്യം സമാനഭാവത്തിലായിരുന്നില്ലെങ്കിലും മത്സരത്തിൽ അവക്കു പ്രത്യേക പരിഗണനകൾ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു കൊല്ലങ്ങൾക്കകം സൈന്യം മുഴുവൻ പുതിയ വിശ്വാസങ്ങൾകൊണ്ട് സിദ്ധാന്തവൽക്കരിക്കപ്പെട്ടു കഴിഞ്ഞു. കൊറിയൻ യുദ്ധം സൈന്യങ്ങളെ ആധുനിക സമ്പ്രദായത്തിലാക്കാൻ സഹായിച്ചു.

കമ്മ്യൂണിസ്റ്റുപാർട്ടിയും സൈന്യവും തമ്മിൽ മത്സരമുണ്ടാകുന്ന സാദ്ധ്യതയെപ്പററി ചിലർ പ്രവചിക്കുന്നുണ്ട്. ഈ അഭിപ്രായത്തിനു ഉപോൽബലകമായി അവർ ആശ്രയിക്കുന്നതു് ചൈനായുടെ പാരമ്പര്യ ചരിത്രമാണു്. ഇടപ്രഭുക്കന്മാർ തമ്മിലുള്ള മത്സരവും, സംസ്ഥാനിക മോഹങ്ങളും രാജ്യത്തിൻെറ വിഭജനത്തിനിടയാക്കിട്ടുണ്ട്. എന്നാൽ പഴയ ചുവപ്പുപട സംപൂർണ്ണമായി ചൂ ടെ യോട്ട് ഭക്തിയുള്ളവരാണു്. ചൂ ടെ മാവോയോട്ട് വളരെ സൗഹാർദ്ദവേഴ്ചയിലുമാണു്. സൈനിക ജനറൽമാരെ അവക്കെന്തെങ്കിലും സ്വാധീനമുള്ള പ്രദേശങ്ങളിൽ നിയമിക്കാതിരിക്കാൻ മാവോയും പ്രത്യേകം കരുതി പ്രവത്തിക്കുന്നുമുണ്ട്.

പുതിയ ജനാധിപത്യം പേരിൽ മാത്രമാണു് ജനാധിപത്യമായിരിക്കുന്നതു്. അവിടത്തെ സംയുക്ത ഗവണ്മെൻെറന്നു് പറയുന്നതു് വെറുമൊരുമഖ്യമാത്രമാണു്.നയരൂപവൽക്കരണത്തിൽ ചൈനീസ് ജനതക്കു യാതൊരു പങ്കുമില്ല. ജനസാമാന്യത്തെ ഒരു വക മത്തു പിടിപ്പിക്കുന്നുണ്ട്. നേതാവിൻെറ ആഹ്വാനങ്ങൾ എടുത്തു പാടുന്നതിലും രൂപവൽക്കരിക്കപ്പെടുന്ന നയങ്ങൾ നടപ്പിൽ വരുത്തുന്നതിൽ പങ്കെടുക്കുന്നതിലും ഒരാവേശം അവക്കു നൽകുന്നു. എന്നാൽ വ്യക്തികൾഅവികസിതനായിക്കഴിയുന്നു.അവൻ ഏതോ ഒരു മാതൃകയായി വത്തിക്കുന്നു; മുദ്രാവാക്യം മുഴക്കാനുള്ള ഒരുപകരണംമാത്രമാണു്. ചൈനാ ഒരു സ്വേച്ഛാധിപത്യരാജ്യ

മായിതീർന്നിരിക്കുന്നു. കമ്മ്യൂണിസ്റ്റുകളാണ് അതിലെ ഭൗതികവും ആദ്ധ്യാത്മികവുമായ അധിപന്മാർ. അവർ പഴയ ദേവന്മാരെ മട്ടപ്പിച്ചുകളഞ്ഞു. ഈ ജീവിതത്തിൽ വച്ചു തന്നെ മനുഷ്യരുടെ പ്രത്യാശകൾ സഫലമാകുവാൻ സാദ്ധ്യമാണെന്നു കാണിച്ചാണ് ദേവന്മാരെ തോല്പിച്ചതു്.

ഈ പുതിയ ഏകച്ഛത്രാധിപത്യം ജനങ്ങളുടെ പ്രതിദിന ജീവിതത്തെബന്ധനമോചനത്തിന് വിലകൊടുക്കാൻ ബാദ്ധ്യതപ്പെടുത്തിവച്ചിരിക്കുകയാണ് ചൈനായിൽ സമാധാനമുണ്ട്. രാജ്യത്തിനകത്തു നിയമസമാധാനമുണ്ട്. കോടിക്കണക്കിനുള്ള ജനങ്ങൾക്കു ഇതൊരു യഥാർത്ഥസമാധാനം തന്നെയാണ്. ഈ സമാധാനംകൊണ്ട് അവരുടെ ഭൂമിയിൽ കൃഷിചെയ്യാനും അവരുടെ ദിഷ്ടതിയുടെ ആഹാരം കഴിക്കാനും സാധിക്കുന്നു. എന്നാൽ ജനസാന്ദ്രതയുടെ മർദ്ദനം പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ ഭൂപരിഷ്കാരത്തിൻെറ ഫലങ്ങൾ കേവലം മായയായിരുന്നുവെന്നു മനസ്സിലായിത്തുടങ്ങും. കമ്യൂണിസ്റ്റുകാരുടെ വിദേശനയം രാജ്യത്തെ ഒരു പുതിയ സാമ്രാജ്യദൃഷ്‌പ്രഭുത്വത്തിലമർത്തിവച്ചിരിക്കുകയാണ്. മനുഷ്യരുടെ ജീവിതം തന്നെയല്ല, മനുഷ്യരുടെ മനസ്സും നിയന്ത്രിക്കുകയാണവരുടെ പ്രയത്നം. ആ സംരംഭത്തിൽ ഒരു പുതിയ അടിമത്തമാണ് ജനലക്ഷങ്ങളുടെ മേൽ വന്നുഭവിക്കുന്നതു്. ഇതിൻെറ അനിവാര്യമായ ഫലമെന്തായിരിക്കും. ഈ പുതിയ ജനാധിപത്യം അതിൻെറ പരിണാമയുക്തികൊണ്ടു തന്നെ അതിൻെറ അധഃപതനത്തിൻെറ വിത്തുകൾ വിതയ്ക്കുയാണ്.

മാവോ ഒരിക്കൽ ഒരു കവിത രചിച്ചതിൽ ചൈനായുടെ ചരിത്രം മുഴുവൻ അദ്ദേഹം സംക്ഷേപിച്ചിട്ടുണ്ട്.

> ഈ ഉത്തരഭൂവിഭാഗത്തിൽ, ഈ കൊടുങ്കാററിൽ,
> ആയിരം ഏക്കർ ഹിമാവൃതമായിക്കിടക്കുന്നു. പതിനായിരം ഏക്കറുകൾ മഞ്ഞുമഴയിൽ ആണ്ടുകിടക്കുന്നു.
> മഹാഭിത്തിയുടെ ഇരുവശവും നിരീക്ഷിക്കുക വിസ്തൃതമായ ഒരു ശൂന്യതമാത്രം അവശേഷിക്കുന്നു.

ഭാവി സംബന്ധിച്ചു ചൈനാ യാതൊരു പ്രത്യാശയ്ക്കും വക നൽകുന്നില്ല. മാവോ അദ്ദേഹത്തിൻെറ വിജയത്തിൻെറ ദീർഘദർശിയായിരുന്നു. അദ്ദേഹത്തിൻെറ പരാജയത്തിൻെറ അന്തകനും അദ്ദേഹംതന്നെ ആയിരിക്കുമോ?

## അനുബന്ധം

# പൊതുപരിപാടി

1949 ഒക്ടോബർ 1-ാം തീയതി പിക്കിംഗ് നഗരത്തിലെ ടിയെൻ ആൻമാൻ സ്ക്വയറിൽവച്ചു മാവോസേ-തുംഗ് ചൈനായിലെ ജനകീയ റിപ്പബ്ളിക്ക് സ്ഥാപിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്തു. "ഞങ്ങൾ നാല്പത്തിയേഴര കോടി ചൈനീസ് ജനങ്ങൾ,സ്വധീരം എഴുന്നേററുനിന്നു. ഞങ്ങളുടെ ദേശത്തിൻെറ ഭാവി അതിശോഭനമായ ഒന്നുതന്നെയാണു്" അന്നു സ്ഥാപിതമായ ഗവർമ്മെൻറു "പൊതുപരിപാടിയനുസരിച്ചുള്ള ജനകീയ ജനാധിപത്യസേച്ഛാധിപത്യം ചൈനാമഹാരാജ്യത്തിൻെറ അതിർത്തികളിലെല്ലാം നടപ്പാക്കും" എന്നദ്ദേഹം പറഞ്ഞു.

പൊതുപരിപാടി (കോമൺപ്രോഗ്രാം) എന്നു പറയുന്ന ആധാരം ഏകദേശം അറുപതു വകുപ്പുകൾ ചേർന്നതാണു്. ഇവ കൂടാതെ ചൈനീസ് പീപ്പിൾസ് പൊളിററിക്കൽ കൺസൾട്ടേററീവ് കോൺഫറൻസ്, കേന്ദ്രജനകീയ ഗവർമ്മെൻറ് എന്നിവയുടെ നിയമാവലികളും ഈ പ്രമാണത്തിൽ ചേർത്തിട്ടുണ്ട്. 1949 സെപ്ററംബർ 21 മുതൽ 30 വരെ പിക്കിംഗിൽ വച്ചു നടന്ന പീപ്പിൾസ് പൊളിററിക്കൽ കൺസൾട്ടേററീവ് കോൺഫറൻസിൻെറ പ്രഥമസമ്മേളനത്തിൽ വച്ചാണു് ഈ പരിപാടി പാസ്സാക്കിയതു്. വിവിധതൊഴിലാളി സംഘടനകളുടെയും കർഷകസംഘടനകളുടെയും 662 പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. തതത്തിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ പ്രാതിനിദ്ധ്യം, ചൈനായിലുള്ള മററു പത്തു രാഷ്ട്രീയപാർട്ടികൾക്കുള്ള പ്രാതിനിദ്ധ്യസംഖ്യയോളം മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ജനകീയ വിമോചന സൈന്യം, കമ്യൂണിസ്റ്റുവിമോചനമേഖലകൾ, ജനാധിപത്യ സംഘടനകളായി വിളിക്കപ്പെടുന്ന വിദ്യാർത്ഥിസംഘടനകൾ, വനിതാസംഘടനകൾ, യുവജനസംഘടനകൾ, വിവിധതൊഴിൽ സംഘടനകൾ എന്നിവയ്ക്കെല്ലാം തൊഴിലാളികളുടെയും കർഷകരുടെയും സംഘടനകൾക്കുപുറമെ പ്രാതിനിദ്ധ്യം നൽകിയിരുന്നു. ഈ ഗ്രൂപ്പുകളുടെയെല്ലാം പ്രാതിനിദ്ധ്യംകൊണ്ടു് കമ്യൂണിസ്റ്റു പാർട്ടിക്കു മൂന്നിൽ രണ്ടു ഭാഗത്തിൽ കൂടുതൽ ഭൂരിപക്ഷപ്രാതി

നിദ്ധ്യം ലഭിച്ചിരുന്നു. തത്വത്തിൽ അവക്കു് മൂന്നിലൊന്നേയുള്ളു വെന്നാണു് പറയുന്നതു്.

ചൈനീസ്പീപ്പിൾസ് പൊളിററിക്കൽ കൺസൾട്ടേററീവു കോൺഫറൻസു് (സി. പി. പി. സി. സി.) ആണു് രാജ്യത്തിൻെറ കേന്ദ്രനിയമസഭയായി പരിഗണിക്കപ്പെട്ടുന്നതു്. രാജ്യത്തെ നിയമങ്ങൾക്കു ഭേദഗതി വരുത്താനോ പൊതുപരിപാടിയിലുള്ള വ്യവസ്ഥകൾ മാററാനോ, അഖില ചൈനീസു് ജനകീയ കോൺഗ്രസ്സു തെരഞ്ഞെടുക്കപ്പെട്ടുന്നതുവരെ നാഷനൽ കമ്മിററിയംഗങ്ങളെ തെരഞ്ഞെടുക്കാനോ ഉള്ള അവകാശം സി. പി. പി. സി. സി. ക്കാണു്. മൂന്നു കൊല്ലത്തിലൊരിക്കൽ ഈ കോൺഫറൻസ് സമ്മേളിക്കും അതുവരെ അതിനേക്കാൾ ചെറിയ ഒരു കമ്മിററി അതിനു് നിയോഗിക്കപ്പെട്ട ചുമതലകൾ നിർവഹിക്കും. അതാണു നാഷനൽ കമ്മിററി.

നാഷനൽ കമ്മിററിയിൽ 198 അംഗങ്ങൾ ഉണ്ടു്. സി. പി. പി. സി. സി. യിൽ നിന്നാണു് അതു തെരഞ്ഞെടുക്കപ്പെട്ടുന്നതു്. നാഷനൽകമ്മിററി ആറു മാസത്തിലൊരിക്കൽ സമ്മേളിക്കും. സ്റ്റാൻഡിംഗ്കമ്മിററിയുടെ ആഭിമുഖ്യത്തിലാണു് അതു വിളിച്ചു കൂട്ടുന്നതു്. സി. പി. പി. സി. സി സമ്മേളനങ്ങളുടെ ഇടക്കു്നാഷനൽകമ്മിററി ചെയ്യുന്ന തീരുമാനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതു് സ്റ്റാൻഡിംഗ്കമ്മിററിയാണു്. സി. പി. പി. സി. സി. ക്കു ഒരു കേന്ദ്ര ജനകീയ ഗവർമ്മെൻറും ഒരു ഭരണകൗൺസിലുമുണ്ടു്. ഭരണകൗൺസിലിൽ ചെയർമാൻ, ആറു വൈസ് ചെയർമാന്മാർ, 56 കൗൺസിൽ മെമ്പർമാർ എന്നിവർ ഉൾപ്പെട്ടും. ഈ കൗൺസിലിൻെറ കീഴിൽ അഞ്ചു കമ്മിററികളും 21 മന്ത്രിമാരുടെ വകുപ്പുകളും, മൂന്നു കമ്മീഷനും, നാലു അഡ്മിനിസ്ട്രേഷനും, പീപ്പിൾസ്ബാങ്കു് ഓഫ് ചൈനായും പ്രവത്തിക്കുന്നു.

ഗവർമ്മെൻറിൻെറ ചെയർമാൻ മാവോസെ-തുംഗ് ആണു്. ആറു് വൈസ് ചെയാർമാന്മാർ അദ്ദേഹത്തിൻെറ കീഴിൽ ഭരിക്കുന്നു. അവരിൽ ചുടെ, ലിയുഷാവൊ—ചി, മാഡംസെൻ, കാവോകാംഗ് എന്നിവർ ഉൾപ്പെട്ടുന്നു. ഇനിയും മററു രണ്ടുപേരു കൂടെയുണ്ടു്. അഡ്മിനിസ്ട്രേററീവ് കൗൺസിലിൽപ്രധാനമന്ത്രി ചൗ എൻ—ലായിയുടെ കീഴിൽ നാലു ഉപപ്രധാനന്ത്രിമാരും 16 കൗൺസിൽ അംഗങ്ങളും ഉണ്ടു് വിദേശകാര്യവകുപ്പും പ്രധാനമന്ത്രി ചൗ എൻ—ലായിയുടെ ചുമതലയിലാണു്.

അഡ്മിനിസ്ട്രേററീവ് കൗൺസിലിൻെറ കീഴിലുള്ള അഞ്ചു കമ്മിററികളാണു് വിവിധമന്ത്രിവകുപ്പുകളുടെ പ്രവത്തനം സംയോജിപ്പിക്കുന്നതു്. ഉദാഹരണമായി സാമ്പത്തിക കാര്യകൗൺസിലാണു്, ഖജനാവു്, വ്യാപാരം, വ്യവസായം, കൃഷി, ഗതാഗതം എന്നീ വകുപ്പുകൾ സംയോജിപ്പിക്കുന്നതു്.

സി. പി. പി. സി. സി ഒരു സൈനികകൗൺസിലിനെയും ഒരു സുപ്രീം കോടതിയെയും, ഒരു പ്രോക്യൂറേറ്റർ ജനറലിനെയും തെരഞ്ഞെടുക്കുന്നു. സൈനികകൗൺസിലിൻെറ അദ്ധ്യക്ഷൻ മാവോ തന്നെയാണു്. മററു അംഗങ്ങൾ ചു—ടേ ഉൾപ്പെടെയുള്ള ആറു വൈസ് ചെയർമാൻമാരും മററു രണ്ടു ജനറൽമാരും, ചൌ എൻ—ലായി, ലിയു ഷാവൊ—ചി, കാവോ കാംഗ് എന്നിവരുമാണു്.

ഭരണപരമായി രാജ്യം ആറു മേഖലകളായി തിരിച്ചിരിക്കുന്നു. അവയിൽ നാലെണ്ണവും സൈനികവും, ഭരണപരവുമായ കമ്മിററിയാണു് ഭരിക്കുന്നതു്. ഉത്തരപൂർവസംസ്ഥാനവും ഉത്തരസംസ്ഥാനവും മാത്രമാണു് ഒരു ജനകീയഗവർമെൻറിൻെറ കീഴിൽ വർത്തിക്കുന്നതു്.

പൊതു പരിപാടിയുടെ മുഖവുരയിൽ പറയുന്നതു് ജനാധിപത്യസേച്ഛാധിപത്യം എന്നാൽ ജനങ്ങളുടെ ജനാധിപത്യമുന്നണിയുടെ അധികാരം ആണെന്നാണു്. തൊഴിലാളികൾ, കർഷകർ, ചെറുബൂർഷ്വാകൾ, ദേശീയബൂർഷ്വാകൾ എന്നിവ ഉൾപെട്ടതാണു് ഈ ജനാധിപത്യമുന്നണി. ഇവരാണു് മുന്നണിയിലെ "നാലു സുഹൃത്തുക്കൾ." പരിപാടി ഗവർമെൻറിനോടാവശ്യപ്പെടുന്നതു് സകല കുത്തകാവകാശങ്ങളും അവസാനിപ്പിക്കണമെന്നും, ഉദ്യോഗസ്ഥദുഷ്പ്രഭുത്വഭരണത്തിലെ സകല മുതലുകളും കണ്ടുകെട്ടണമെന്നും, ഭൂപരിഷ്ക്കാരം നടപ്പിൽ വരുത്തണമെന്നുമാണു്. മറെറാരു ലക്ഷ്യമായി പൊതുപരിപാടിയിൽ പറയുന്നതു് ഒരു കർഷകപ്രധാനമായ രാജ്യം എന്ന നിലയിൽ നിന്നു് വ്യവസായപ്രധാനമായ രാജ്യമായി രൂപാന്തരപ്പെടുത്തണമെന്നാണു്.

ആറാംവകുപ്പും പറയുന്നതു് ചൈനായിലെ ജനങ്ങൾക്കു ചിന്താസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, ആദിയായവ ഉണ്ടായിരിക്കുമെന്നാണു്.

എട്ടാം വകുപ്പു ചില ബാദ്ധ്യതകൾ എല്ലാ പൗരന്മാരുടെയും മേൽ കെട്ടിവയ്ക്കുന്നു. മാതൃരാജ്യം സംരക്ഷിക്കുക, നിയമങ്ങൾ അനുസരിക്കുക, ശിക്ഷണം പാലിക്കുക, പൊതുവസ്തുക്കൾ സൂക്ഷിക്കുക, പൊതുവായും സൈനികമായും സേവനം സംഭാവന ചെയ്യുക, നികുതി കൊടുക്കുക എന്നിവയാണു് ആ ബാദ്ധ്യതകൾ.

പതിനൊന്നാം വകുപ്പ് വിദേശനയത്തെപ്പററിയാണു് പറയുന്നതു്. "സമാധാനകാംക്ഷികളും, സ്വാതന്ത്ര്യകാംക്ഷികളുമായ എല്ലാ രാജ്യങ്ങളോടും പ്രഥമമായി യു. എസ്. എസ്. ആറിനോടും ഐക്യപ്പെടുകയാണു്" ചൈനായുടെ നയം.

മററു വകുപ്പുകൾ സ്റ്റേററിൻെറ അധികാരം വിവിധസംഘടനകളിൽകൂടെ പ്രയോഗിക്കുന്നതിനെപ്പററിയാണു്. സാമ്പത്തി

കനയവും നിർണ്ണയിച്ചിട്ടുണ്ട്. കമിന്താങ്ങിന്റെ സകല നിയമങ്ങളും ബഹിഷ്ക്കരിച്ചിരിക്കുന്നു.

26—ാംവകുപ്പു പ്രഖ്യാപിക്കുന്നതു് ഇപ്രകാരമാണ് "ജനകീയ റിപ്പബ്ളിക്കിന്റെ അടിസ്ഥാനതത്വം, പൊതുവും സ്വകാര്യവുമായ താല്പര്യങ്ങളും, തൊഴിലാളികൾക്കും, മുതലാളികൾക്കുമുള്ള പ്രയോജനങ്ങളും കണക്കിലെടുത്തു് രൂപവൽക്കരിക്കപ്പെടുന്ന നയങ്ങളിൽ കൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്നതാണ്" സാമ്പത്തികവ്യവസ്ഥിതിയുടെ വിവിധ മേഖലകളെ സംയോജിപ്പിക്കുവാനും, വ്യവസായശാലകളിലെ അഡ്മിനിസ്ട്രേററീവ് കമ്മിററികൾ സംഘടിപ്പിക്കുവാനും അങ്ങനെ വ്യവസായവൽക്കരണത്തിന്റെയും,സോഷ്യലിസത്തിന്റെയും അടിസ്ഥാനക്കല്ലുകൾ പാകുവാനും സ്റ്റേററിനോടു് കോമൺപ്രോഗ്രാം ആവശ്യപ്പെടുന്നു. പൊതുപരിപാടി ചൈനായുടെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന ഇതര ദേശീയക്കും അവരുടെ ഭാഷകളും സംസ്ക്കാരങ്ങളും പുലർത്തുവാൻ സംരക്ഷണ നൽകുമെന്നും. പ്രാദേശികമായ ഭരണസ്വാതന്ത്ര്യത്തിനവകാശമുണ്ടായിരിക്കണമെന്നും ഉറപ്പു നൽകുന്നുണ്ട്.

അവസാനത്തെ വകുപ്പു വിദേശികൾക്കു നൽകുന്ന സംരക്ഷണയെപ്പററിയാണ്. "ജനകീയതാൽപ്പര്യങ്ങൾക്കുവേണ്ടിയും, സമാധാനത്തിനും ജനാധിപത്യത്തിനും വേണ്ടിയും വാദിച്ചതിനു അവരുടെ സ്വന്തരാജ്യങ്ങളിൽ മർദ്ദനം അനുഭവിക്കേണ്ടിവരുന്ന വിദേശികൾ ചൈനായിൽ അഭയം തേടിയാൽ അവക്കു സംരക്ഷണം" വാഗ്ദാനം ചെയ്യുന്ന വകുപ്പാണിതു്.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. 951 Acc. No. 72752

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 10 NOV 2009 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

951

72752

ഹത്തീസിംഗ് രാജാ

മഹത്തായ സമാധാനം

KOTTAYAM PUBLIC LIBRARY

Call No. 951 Acc. No. 72752

Author ഹത്തീസിംഗ് രാജാ

Title മഹത്തായ സമാധാനം

Indic Digital Archive Foundation

gpura.org